

# ഗദ്യം-
# കഥാസാഹിത്യം


MASTER OF ARTS MALAYALAM LANGUAGE AND LITERATURE


## Self Learning Material

M21ML03DC




വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# ഗദ്യം-കഥാസാഹിത്യം

Course Code: M21ML03DC

Semester-I

## Master of Arts
## Malayalam Language and Literature
## Self Learning Material

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY


**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# Documentation

Course Code: M21ML03DC
ഗദ്യംകഥാസാഹിത്യം
Semester-I

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

YouTube

ISBN 978-81-961194-6-1
9 788196 119461

## Academic Committee

Dr. A. M. Sreedharan
Dr. Shaji Jacob
Dr. C. J. George
Dr. R.V.M. Divakaran
Dr. T. Anithakumari
Dr. Ajith G. Krishna
Prof. Sunil P. Ilayidom
Dr. R.B. Sreekala
Dr. Santhoshkumar T.K.
Dr. P.M. Girish
Prof. ThomasThamarasseri

## Development of the content

Dr. Jaya. R.S., Anjali P. Unnikrishnan, Dr. Smitha Daniel, Dr. Abdusammed K.T., Dr. Muraleedharan K.V., Aswani A.P.

## Review

Content: Dr. Mini Prasad
Format: Dr. I.G. Shibi
Linguistic: R.S. Jaya

## Edit

Dr. Mini Prasad

## Scrutiny

Dr. Vincent B. Netto, Dr. Muraleedharan K.V., Deepam S., Dr. Abdusammed K.T., Aswani A.P.

## Co-ordination

Dr. I.G. Shibi and Team SLM

## Design Control

Azeem Babu T.A.

## Production

November 2023 - Revised Edition

## Copyright

© Sreenarayanaguru Open University 2023

# Message from Vice Chancellor

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner's progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.



Regards,

Dr. P.M. Mubarak Pasha 01.11.2023

# Contents


**BLOCK-01 മലയാളനോവൽ ആധുനികഘട്ടം (1850-1950) 01**

Unit 1 ഇന്ദുലേഖ 02
Unit 2 രണ്ടിടങ്ങഴി 20
Unit 3 ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ! 32
Unit 4 ഉമ്മാച്ചു 43

**BLOCK-02 മലയാള നോവൽ ആധുനികതാവാദഘട്ടം 58**

Unit 1 പാടാത്ത പൈങ്കിളി 59
Unit 2 ആരോഹണം 73
Unit 3 ഖസാക്കിന്റെ ഇതിഹാസം 86
Unit 4 മരുഭൂമികൾ ഉണ്ടാകുന്നത് 101

**BLOCK-03 മലയാളനോവൽ ആധുനികാനന്തരഘട്ടം 112**

Unit 1 ചാവുതുള്ളൽ 113
Unit 2 സുഗന്ധി എന്ന ആണ്ടാൾ ദേവനായകി 127
Unit 3 ആരാച്ചാർ 146
Unit 4 ബുധിനി 164

**BLOCK-04 മലയാള ചെറുകഥ കലയും ചരിത്രവും 185**

Unit 1 ദ്വാരക 186
പൂവമ്പഴം 192
Unit 2 ചന്ദനമരങ്ങൾ 199
പള്ളിവാളും കാൽച്ചിലമ്പും 205
Unit 3 അഞ്ചരവയസ്സുള്ള കുട്ടി 211
മലമുകളിലെ അബ്ദുള്ള 217
Unit 4 പ്രേതഭാഷണം 223
മാവോയിസ്റ്റ് 229

# മലയാളനോവൽ ആധുനികഘട്ടം (1850-1950)

## BLOCK-01

### Block Content


യൂണിറ്റ് 1 ഇന്ദുലേഖ - ചന്തുമേനോൻ

യൂണിറ്റ് 2 രണ്ടിടങ്ങഴി - തകഴി ശിവശങ്കരപ്പിള്ള

യൂണിറ്റ് 3 ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്! - ബഷീർ

യൂണിറ്റ് 4 ഉമ്മാച്ചു - ഉറൂബ്

**Unit 1**

# ഇന്ദുലേഖ

**ചന്തുമേനോൻ**

## Learning Outcomes

- നോവൽ എന്ന സാഹിത്യരൂപത്തെ പരിചയപ്പെടുന്നു
- മലയാളനോവലിന്റെ ചരിത്രത്തിൽ 'ഇന്ദുലേഖ'യുടെ സ്ഥാനം മനസ്സിലാക്കുന്നു
- മലയാളനോവൽസാഹിത്യ ചരിത്രത്തെക്കുറിച്ചുള്ള ധാരണ രൂപപ്പെടുന്നു
- പ്രസ്തുത കാലഘട്ടത്തിലെ സാമൂഹ്യ സാഹചര്യത്തെക്കുറിച്ചുള്ള ചില ധാരണകൾ ലഭിക്കുന്നു
- ഒ. ചന്തുമേനോൻ എന്ന എഴുത്തുകാരനെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു

## Background

പുതിയത് എന്ന് അർത്ഥം വരുന്ന 'നോവസ്' എന്ന ലത്തീൻപദവും 'നോവല്ല' (പുതിയ വസ്തുക്കൾ) എന്ന ഇറ്റാലിയൻപദവും ചേർന്നുണ്ടായതാണ് നോവൽ എന്ന പദം. ലോകത്ത് ആദ്യമായി എഴുതപ്പെട്ട നോവൽ എ. ഡി. 50 നും 150 നും ഇടയിൽ ജപ്പാൻ ഭാഷയിൽ ലേഡി മുറസാക്കി ഷിക്കിബു എന്ന പ്രഭി രചിച്ച 'ഗഞ്ചിയുടെ കഥ' ആണെന്ന് കരുതുന്നു. മധ്യകാലത്ത് രൂപംകൊണ്ട 'റൊമാൻസും' 'നോവല്ലേയും' നവോത്ഥാനകാലത്ത് രൂപപ്പെട്ട പിക്കാറസ് രചനകളും നോവലിൻെറ ആവിർഭാവത്തിന് കാരണമായി.

നിശ്ചിതമായ ഒരളവുവരെ നീളമുള്ള ഒരു ഗദ്യകഥ എന്നാണ് ഇ. എം. ഫോസ്റ്റർ നോവലിനെ നിർവചിക്കുന്നത്. സങ്കീർണത കൂടിയതോ കുറഞ്ഞതോ ആയ ഒരു ഇതിവൃത്തവും ഗണ്യമായ ദൈർഘ്യവും ഉള്ള കല്പിത ഗദ്യകഥയാണ് നോവൽ എന്ന് 'ഓക്സ്ഫോർഡ് നിഘണ്ടു' നോവലിനെ നിർവചിക്കുന്നു. മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭവ്യവുമായ ഒരു ഇതിവൃത്തത്തെ ആഖ്യാനം ചെയ്ത് കാവ്യാനുഭൂതി ഉണ്ടാക്കുന്ന ഒരു ഗദ്യഗ്രന്ഥമാകുന്നു നോവൽ എന്ന് എം. പി. പോൾ 'നോവൽസാഹിത്യ'ത്തിൽ നിർവചിക്കുന്നു. പ്രമേയം, കഥാപാത്രങ്ങൾ, സംഭാഷണം, ക്രിയാകാലങ്ങൾ, സ്ഥലകാലങ്ങൾ, പ്രതിപാദന ശൈലി, ജീവിതദർശനം എന്നിവ നോവലിൻെറ പ്രധാന ഘടകങ്ങളാണ്.

സാധാരണ ജനങ്ങളുടെ പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോവുകയും സമകാലിക ജീവിതത്തിൻെറ വിശദാംശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു എന്നത് നോവലിൻെറ പ്രത്യേകതയായിരുന്നു. തങ്ങളുടെ ജീവിതം ആവിഷ്കൃതമായിരിക്കുന്നു എന്നതിനാൽ സാധാരണക്കാരെ വളരെ പെട്ടെന്നുതന്നെ നോവൽ ആകർഷിച്ചു.

ജീവിതത്തിൻെറ പ്രശ്നങ്ങളും സങ്കീർണതകളും ആവിഷ്കരിക്കാനുള്ള ശക്തി മറ്റേതൊരു സാഹിത്യരൂപത്തേക്കാളും കൂടുതൽ നോവലുകൾക്കുണ്ട്. സാഹിത്യരൂപങ്ങളിൽ നോവലുകൾക്കാണ് ഏറ്റവും കൂടുതൽ സഹൃദയാകർഷണം ലഭിച്ചിട്ടുള്ളത്. നോവലുകൾ എക്കാലത്തും സാമൂഹ്യപരിവർത്തനത്തിനുള്ള ഉപാധിയായി നിലനിന്നിട്ടുണ്ട്. പരിഷ്കാരത്തിൻെറയും പുരോഗമനത്തിൻെറയും പ്രാഥമികപ്രേരണ പല നോവലുകളിലും പ്രകടമാണ്. നിലനിൽക്കുന്ന വ്യവസ്ഥയുടെ ജീർണ്ണതകളെ ചോദ്യംചെയ്യാനും യാഥാസ്ഥിതിക നിയമാവ

ലികളെ തച്ചുതകർക്കാനും പല സന്ദർഭങ്ങളിലും നോവലുകൾ നിമിത്തമായി തീർന്നിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷയുടെയും സാഹിത്യത്തിൻെറയും സ്വാധീനഫലമായിട്ടാണ് ഇന്ത്യൻസാഹിത്യത്തിൽ നോവൽശാഖ ജന്മമെടുത്തത്. ബംഗാളിയിൽ ബങ്കിം ചന്ദ്ര ചാറ്റർജി, ശരത്ചന്ദ്ര ചാറ്റർജി തുടങ്ങിയവർ നോവൽരചനകളിൽ ഏർപ്പെട്ടു. അധികം താമസിയാതെതന്നെ മലയാളത്തിലും നോവൽ എന്ന സാഹിത്യരൂപം ആവിർഭവിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൻെറ അവസാനത്തോടെ മലയാളത്തിലുണ്ടായ ഗദ്യഭാഷാവികാസവും പത്രമാസികകളുടെ ആവിർഭാവവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ വ്യാപനവും നോവൽ എന്ന സാഹിത്യരൂപത്തിൻെറ വികാസത്തിനും പ്രചാരത്തിനും പശ്ചാത്തലമായി.

1847 മുതൽ 1887 വരെയുള്ള കാലഘട്ടത്തിൽ ഒട്ടേറെ കഥാഖ്യാനകൃതികൾ മലയാളത്തിൽ ഉണ്ടായി. നോവൽ എന്ന സാഹിത്യരൂപത്തിൻെറ ലക്ഷണങ്ങൾ പൂർണ്ണമായി പ്രകടിപ്പിക്കുന്നവ അല്ലെങ്കിലും അവ നോവൽസാഹിത്യത്തിൻെറ പ്രാഗ്‌രൂപങ്ങളായി പരിഗണിക്കപ്പെടാവുന്നവയാണ്.

ആർച്ച് ഡീക്കൻകോശി എഴുതിയ പരദേശി മോക്ഷയാത്ര (1847), കല്ലൂർ ഉമ്മൻ ഫിലിപ്പോസ് എഴുതിയ ആൾമാറാട്ടം (1860), മിസിസ്സ് കോളിൻസിൻെറ ഘാതകവധം (1872), കോശിയുടെ പുല്ലേലി കുഞ്ചു (1882), അപ്പു നെടുങ്ങാടിയുടെ കുന്ദലത (1887) എന്നിവ മലയാളനോവലിൻെറ ആദ്യരൂപങ്ങളായി ഭവിച്ചവയാണ്.

പ്രാരംഭദശയിൽതന്നെ അതുല്യ പ്രതിഭാശാലികളായ ചന്തുമേനോൻെറയും സി വി രാമൻപിള്ളയുടെയും കൃതികൾ ഉണ്ടായി എന്നത് മലയാള നോവൽസാഹിത്യചരിത്രത്തിൻെറ ഒരു പ്രത്യേകതയാണ്. എക്കാലത്തും ജനശ്രദ്ധ പിടിച്ചുപറ്റുന്ന കൃതികളുടെ രചയിതാക്കളായ സി. വി. രാമൻപിള്ളയും ചന്തുമേനോനും തീർത്ത ഉറച്ച അസ്ഥിവാരത്തിനുമുകളിലാണ് മലയാള നോവൽസാഹിത്യം വികസിച്ചത്. ഒരു സാമൂഹികനോവൽ എന്നനിലയിൽ ഇന്ദുലേഖയ്ക്കുള്ള സ്ഥാനവും ചരിത്രനോവൽ എന്ന നിലയിൽ മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജാബഹദൂർ എന്നിവയ്ക്കുള്ള സ്ഥാനവും മറികടക്കാൻ പിൽക്കാലനോവലിസ്റ്റുകൾക്ക് സാധിച്ചില്ല എന്നത് ശ്രദ്ധേയമാണ്.

മാർത്താണ്ഡവർമ്മ (1891), ധർമ്മരാജ (1913), രാമരാജാബഹദൂർ (1921) എന്നിവയും സാമൂഹിക നോവലായ പ്രേമാമൃതവുമാണ് (1917) സി. വി. രാമൻപിള്ളയുടെ നോവലുകൾ. തിരുവിതാംകൂർ രാഷ്ട്രീയചരിത്രത്തിലെ ഉപജാപങ്ങളും അധികാരത്തിനുവേണ്ടിയുള്ള മത്സരവും ആഭ്യന്തരകലാപങ്ങളുമാണ് ആ നോവലുകളിലെ പ്രമേയം. അസാധാരണമായ രചനാവൈഭവവും അഗാധമായ ദാർശനികബോധവും സി. വിയുടെ രചനകളുടെ സവിശേഷതകളാണ്.

1930 തൊട്ട് മലയാളസാഹിത്യത്തിൽ ഗണ്യമായ പരിവർത്തനം സംഭവിക്കാൻ തുടങ്ങി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ വ്യാപനത്തോടെ പുതുതലമുറക്ക് ലോകസാഹിത്യങ്ങളുമായി പരിചയപ്പെടാൻ സാധിച്ചു. ദേശീയ സ്വാതന്ത്ര്യസമരത്തിൻെറയും പുരോഗമനപ്രസ്ഥാനങ്ങളുടെയും വികാസവും ശാസ്ത്രസാങ്കേതികരംഗത്ത് ഉണ്ടായ വളർച്ചയും എഴുത്തുകാരുടെ ലോകാവബോധത്തെയും ജീവിതദർശനത്തെയും കാര്യമായി സ്വാധീനിച്ചു.

വിശ്വസാഹിത്യം, ശാസ്ത്രം, തത്വചിന്ത, സാഹിത്യദർശനം തുടങ്ങിയവയെക്കുറിച്ചെഴുതിയ കേസരി ബാലകൃഷ്ണപിള്ളയുടെ പ്രബന്ധങ്ങൾ എഴുത്തുകാരെ പുതിയൊരു ആശയലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. വിവിധ യൂറോപ്യൻ സാഹിത്യശാഖകളെയും ബത്സാക്ക്, ചെഖോവ്, മോപ്പസാങ് തുടങ്ങി നിരവധി പ്രതിഭാശാലികളുടെ സാഹിത്യസൃഷ്ടികളെയും അദ്ദേഹം മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു. നിരവധി പാശ്ചാത്യകൃതികളുടെ വി

വർത്തനങ്ങളും ആ കാലയളവിൽ ഉണ്ടായി.

അഖിലേന്ത്യാ പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ രൂപം കൊണ്ട പുരോഗമനസാഹിത്യ സംഘടനയുടെ പ്രവർത്തനവും എഴുത്തുകാരുടെ ജീവിത സമീപനത്തിൽ മാറ്റം വരുത്തി. സാഹിത്യകാരന്മാർ സമൂഹപുരോഗതി ലക്ഷ്യംവച്ചാണ് രചന നടത്തേണ്ടത് എന്ന ചിന്ത ശക്തമായി. ഫ്യൂഡൽ മൂല്യബോധത്തിൽ നിന്നും ആവിഷ്കാരരീതികളിൽനിന്നും സാഹിത്യത്തെ മോചിപ്പിച്ച് അതിനെ ജനകീയമാക്കാനും സാമൂഹ്യരാഷ്ട്രീയപോരാട്ടങ്ങളുമായി കോർത്തിണക്കാനും പുരോഗമനസാഹിത്യപ്രസ്ഥാനം മുൻകൈയെടുത്തു. സാമൂഹിക പരിവർത്തനത്തിന് കലയും സാഹിത്യവും ഫലപ്രദമായ ഉപാധിയാക്കി മാറ്റാൻ സാധിക്കും എന്ന ബോധം ശക്തമായി.

പുരോഗമനസാഹിത്യ സംഘടനയുടെ സ്ഥാപക അധ്യക്ഷനായ എം. പി. പോളിന്റെ പുരോഗമനാത്മകവും സാഹിത്യസിദ്ധാന്തപരവുമായ ദർശനങ്ങൾ സാഹിത്യത്തെ മറ്റൊരു ധാരയിലേക്ക് നയിച്ചു. അദ്ദേഹത്തിന്റെ നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം എന്നീ കൃതികൾ നോവൽകഥാരൂപങ്ങളെ കൂടുതൽ ഗൗരവത്തോടുകൂടി സമീപിക്കാൻ യുവ എഴുത്തുകാർക്ക് പ്രേരണയായി.

എഴുത്തുകാർ സാമൂഹികയാഥാർത്ഥ്യത്തെ ആവിഷ്കരിക്കാനും റിയലിസത്തോട് ആഭിമുഖ്യം പുലർത്തുവാനും ആരംഭിച്ചു. 1940 കളിൽ പി. കേശവദേവ്, തകഴി, പൊൻകുന്നം വർക്കി തുടങ്ങിയവർ റിയലിസ്റ്റിക് രചനകളിൽ വ്യാപൃതരായി. കേശവദേവിന്റെ ഓടയിൽനിന്ന്, ബഷീറിന്റെ ബാല്യകാലസഖി, തകഴിയുടെ രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ തുടങ്ങിയവ മലയാളത്തിലെ യഥാതഥ നോവൽപ്രസ്ഥാനത്തിന്റെ ശക്തമായ അടിത്തറയായി. സമൂഹത്തിന്റെ കീഴ്ത്തട്ടിൽ ഉള്ള നിസ്വരായ മനുഷ്യരുടെ ദുരിതപൂർണമായ ജീവിതത്തിന്റെ പച്ചയായ ആവിഷ്ക്കാരമാണ് ഇവർ നടത്തിയത്. തോട്ടികളും റിക്ഷാത്തൊഴിലാളികളും ചുമട്ടുകാരും ദളിതരും ആ നോവലുകളിൽ നായകരായി.

# Keywords

ലക്ഷണമൊത്ത ആദ്യ മലയാളനോവൽ-ഇന്ദുലേഖ-മലയാളനോവൽ രണ്ടാംഘട്ടം-നവോത്ഥാനകാലഘട്ടം-റിയലിസ്റ്റിക് നോവൽ-രണ്ടിടങ്ങഴി-ൻറുപ്പാപ്പക്കൊരാനേണ്ടാർന്നു-മുസ്ലിം സാമുദായികപരിഷ്കരണം-ഉമ്മാച്ചു-സങ്കീർണമായ സ്ത്രീപുരുഷബന്ധം

# Discussion

## 1.1.1 ഇതിവൃത്തസംഗ്രഹം

▶ മാധവനും ഇന്ദുലേഖയും

ധനികനും യാഥാസ്ഥിതികനുമായ പഞ്ചുമേനോൻ കാരണവരായിട്ടുള്ള കുടുംബത്തിലെ കഥയാണ് ഇന്ദുലേഖയിൽ വിവരിക്കുന്നത്. പഞ്ചുമേനോന്റെ മകൾ ലക്ഷ്മിക്കുട്ടിക്ക് രാമവർമ്മ രാജാവുമായുള്ള സംബന്ധത്തിൽ ജനിച്ച പുത്രിയാണ് ഇന്ദുലേഖ. പഞ്ചുമേനോന്റെ സഹോദരിയുടെ മകളുടെ മകനാണ് മാധവൻ. ഇന്ദുലേഖയും മാധവനും പ്രണയത്തിലാണ്. അവരുടെ വിവാഹം കുടുംബാംഗങ്ങൾ ഉറപ്പിച്ചിരിക്കുകയുമാണ്.

ആ അവസരത്തിൽ മാധവൻ കുടുംബത്തിലെ മറ്റൊരു ചെറുപ്പക്കാരനായ ശിന്നനെ പഠനത്തിനായി മദിരാശിയിലേക്ക് കൊണ്ടുപോകുവാൻ തീരുമാനിക്കുന്നു. കാരണവരായ പഞ്ചുമേനോന് ശിന്നനെയും കുടുംബക്കാരെയും ഇഷ്ടമല്ലായിരുന്നു. അക്കാരണത്താൽ ശിന്നന് വിദ്യാഭ്യാസം നൽകുവാൻ പഞ്ചുമേനോൻ വിസമ്മതിക്കുന്നു. എതിർപ്പ് പരിഗണിക്കാതെ മാധവൻ ശിന്നനെ മദിരാശിയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. മാധവന്റെ തീരുമാനത്തിൽ കുപിതനായ പഞ്ചുമേനോൻ, ധിക്കാരിയായ മാധവന് ഇന്ദുലേഖയെ വിവാഹം ചെയ്തു കൊടുക്കില്ല എന്ന് ശപഥം ചെയ്യുന്നു.

> ▶ പഞ്ചുമേനോൻ ശപഥം ചെയ്യുന്നു.

ഇന്ദുലേഖയുടെ അമ്മ ലക്ഷ്മിക്കുട്ടിയുടെ ഇപ്പോഴത്തെ ഭർത്താവായ കറുത്തേടത്ത് നമ്പൂതിരിയുടെ ഉപദേശപ്രകാരം പഞ്ചുമേനോൻ മൂർക്കില്ലത്ത് സൂരിനമ്പൂതിരി എന്ന വിടനായ പ്രഭുവുമായി ഇന്ദുലേഖയുടെ സംബന്ധം ഉറപ്പിക്കുന്നു. ബുദ്ധിമതിയായ ഇന്ദുലേഖ, നമ്പൂതിരിയുടെ വിഡ്ഢിത്തത്തെ പരിഹസിക്കുകയും അയാളെ ഒഴിവാക്കുകയും ചെയ്യുന്നു. നമ്പൂതിരിപ്പാട്, കുടുംബത്തിലെ മറ്റൊരു പെൺകുട്ടിയായ കല്യാണിയെ സംബന്ധം ചെയ്ത് പിറ്റേന്ന് രാവിലെ സ്ഥലംവിടുന്നു. ഇതിനിടയിൽ ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് സംബന്ധം ചെയ്തു എന്ന വാർത്ത പരക്കുന്നു.

> ▶ സൂരിനമ്പൂതിരിയുമായി ഇന്ദുലേഖയുടെ സംബന്ധം

ആ സമയം മദിരാശിയിൽ നിന്നും മടങ്ങിയെത്തിയ മാധവൻ ഈ വാർത്ത സത്യമെന്ന് ധരിച്ച് ദുഃഖിതനും നിരാശനുമായി ദേശാന്തരത്തിന് പുറപ്പെടുന്നു, ഉത്തരേന്ത്യയിലെ വിവിധഭാഗങ്ങളിൽ അലഞ്ഞുതിരിഞ്ഞു. അതിനിടയിൽ പല അനുഭവങ്ങളും നേരിടേണ്ടിവന്നു. മാധവനെ അന്വേഷിച്ച് അച്ഛനും അമ്മാവനും വടക്കേ ഇന്ത്യയിലെത്തുകയും അവർ മാധവനെ കണ്ടെത്തുകയും സത്യാവസ്ഥ തിരിച്ചറിഞ്ഞ് മാധവൻ മടങ്ങിവരികയും ചെയ്തു. മാധവന്റെ തിരോധാനത്തെ തുടർന്ന് ദുഃഖിതയായിതീർന്ന ഇന്ദുലേഖ അവശയായി മാറി. ഇന്ദുലേഖയുടെ അവസ്ഥ പഞ്ചുമേനോനെ പശ്ചാത്താപവിവശനാക്കുകയും അദ്ദേഹം പ്രായശ്ചിത്തം ചെയ്ത് തന്റെ ശപഥത്തിൽ നിന്ന് പിൻവാങ്ങുകയും മാധവനും ഇന്ദുലേഖയും തമ്മിലുള്ള വിവാഹം നടത്തിക്കൊടുക്കുകയും ചെയ്തു. ഇന്ദുലേഖയും മാധവനും മദിരാശിയിൽ കുടുംബജീവിതം നയിച്ചു.

> ▶ മാധവനെ കണ്ടെത്തുന്നു.

## 1.1.2 കഥാപാത്രപഠനം

### മാധവൻ

നോവലിലെ നായകകഥാപാത്രമാണ് മാധവൻ. പഞ്ചുമേനോന്റെ കൊച്ചനന്തരവനും ഇന്ദുലേഖയുടെ ഭാവിവരനുമായ മാധവൻ, ഇംഗ്ലീഷ്പഠനത്താൽ പുരോഗമനാശയങ്ങൾ സ്വായത്തമാക്കിയ പരിഷ്കരണവാദിയാണ്. ഇംഗ്ലീഷിൽ അതിനൈപുണ്യമുള്ള വ്യക്തിയാണ് മാധവൻ. ഇംഗ്ലീഷുകാരുടെ വ്യായാമവിനോദങ്ങളിൽ അയാൾ പ്രഗത്ഭനായിരുന്നു. നായാട്ടിലും തോക്കുകൾ ഉപയോഗിക്കുന്നതിലും വിദഗ്ധനായിരുന്നു. പഠനം പൂർത്തിയാക്കിയ മാധവൻ മദിരാശിയിൽ ജോലി സമ്പാദിക്കുന്നു. വിദ്യാസമ്പന്നനും പുരോഗമനവാദിയും ന്യായത്തിനുവേണ്ടി കാരണവരോടുപോലും മറുത്ത് പറയാൻ ധൈര്യമു

ളളവനും ആണെങ്കിലും ഇന്ദുലേഖയുമായുള്ള പ്രണയകാര്യത്തിൽ മാധവൻ ദുർബലനാണ്. ഇന്ദുലേഖക്ക് തന്നോട് പ്രണയം ഉണ്ടോയെന്ന് ഉറപ്പുവരുത്താൻ മാധവന് ആകുന്നില്ല. ഇന്ദുലേഖയുടെ സൂചനകളിൽ നിന്നും പൂർണമായും പ്രണയഭാവം മനസ്സിലാക്കാൻ സാധിക്കാതെ മാധവൻ മനോവിഷമത്തിൽ ആകുന്നുണ്ട്.

▶ ഇന്ദുലേഖയ്ക്കുള്ള ധൈര്യം മാധവനിൽ പ്രകടമല്ല.

ഏറെക്കുറെ പാരമ്പര്യബോധത്തിൽ അധിഷ്ഠിതമായിരുന്നു മാധവന്റെ സ്ത്രീസങ്കല്പം. മലയാളത്തിലെ പെണ്ണുങ്ങൾ പുരുഷന്മാരെ വലപ്പിക്കുന്നു, അവർ ഭർത്താക്കന്മാരെ യഥേഷ്ടം സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു തുടങ്ങിയ ആരോപണങ്ങൾ മാധവൻ ഉന്നയിക്കുന്നു. ഇന്ദുലേഖ അഭിമാനബോധത്തോടെ മാധവന്റെ വാദഗതികളെ എതിർക്കുന്നു. അവൾ അന്തർജനങ്ങളുടെ പാരതന്ത്ര്യത്തെ പരാമർശിക്കുകയും യൂറോപ്യൻസ്ത്രീകളെ മാതൃകകളായി ഉദാഹരിക്കുകയും ചെയ്യുന്നു. മദിരാശിയിൽ നിന്നും ഇന്ദുലേഖയെ വിവാഹം കഴിക്കാനായി അവധിക്ക് എത്തുന്ന അവസരത്തിലാണ് സൂരിനമ്പൂതിരിപ്പാടിന്റെ ബാന്ധവകഥ മാർഗ്ഗമധ്യേ മാധവൻ കേൾക്കുന്നത്. ശങ്കരശാസ്ത്രി കാര്യം ഉറപ്പിച്ചു പറയുന്നതോടെ മാനസികമായി ആകെത്തളർന്ന മാധവൻ മടങ്ങിപ്പോവുകയും മേലുദ്യോഗസ്ഥനിൽ നിന്നും നീണ്ട അവധി വാങ്ങി വടക്കേ ഇന്ത്യയിലേക്ക് യാത്രയാവുകയും ചെയ്യുന്നു. മനോവേദനയിൽ നിന്ന് മോചനം നേടാനുള്ള ഏറ്റവും നല്ല ഉപാധി എന്ന നിലയിലാണ് മാധവൻ ദേശാന്തരത്തിന് പോകുന്നത്.

▶ മാധവൻ ദേശാന്തരത്തിന് പോകുന്നു

ദേശാന്തരം മാധവന്റെ വ്യക്തിത്വത്തിൽ വളരെയേറെ വികാസം സൃഷ്ടിച്ചു. വൻനഗരങ്ങളും, അവിടത്തെ മനുഷ്യരും, അവരുടെ ജീവിത രീതികളും നേരിട്ട് കാണുവാനും അനുഭവിക്കാനും സാധിച്ചത് മാധവന്റെ വീക്ഷണത്തെ കൂടുതൽ വിശാലമാക്കി. വസ്തുനിഷ്ഠതയോടെ യുക്തിസഹമായി കാര്യങ്ങൾ മനസ്സിലാക്കാൻ ആ അനുഭവജ്ഞാനം അയാളെ സഹായിച്ചു. നഗരയാത്രയിൽ മാധവന് വിഭിന്നതരക്കാരായ വ്യക്തികളുമായി പരിചയപ്പെടുവാനും അന്നുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധികളെ നേരിടുവാനും ഇടവരികയുണ്ടായി. അവയിലൂടെ സാമൂഹിക ജീവിതത്തിന്റെ വിഭിന്നമുഖങ്ങൾ അടുത്തറിയാൻ സാധിച്ചു. വൻനഗരങ്ങളിലെ പുരോഗതിയും പരിഷ്കാരവും സംസ്കാരവും നേരിട്ട് അനുഭവിച്ചപ്പോൾ നവ്യമായ ഒരു സ്വാതന്ത്ര്യബോധം മാധവന് ഉണ്ടാകുന്നു.

▶ ദേശാന്തരം മാധവന്റെ വീക്ഷണത്തെ കൂടുതൽ വിശാലമാക്കി.

ഇന്ദുലേഖ ഗോപ്യമാക്കിവെച്ചിരുന്ന പ്രണയതീവ്രത പരസ്യമാക്കപ്പെടാൻ മാധവന്റെ പുറപ്പാട് കാരണമായി. പരസ്പരം പൂർണമായി മനസ്സിലാക്കുവാനും ഹൃദയൈക്യത്തോടെ ബന്ധം ദൃഢപ്പെടുത്താനും ഈ വിരഹാവസ്ഥ സഹായകമായി. നോവലിന്റെ ആദ്യ പകുതിയിൽ നിന്നും വ്യത്യസ്തമായി രണ്ടാംപകുതിയിൽ മാധവനാണ് നോവലിസ്റ്റ് പ്രാധാന്യം നല്കിയിരിക്കുന്നത്. മാധവന്റെ ബഹുമുഖവ്യക്തിത്വങ്ങളെ വിശദമായി അവതരിപ്പിക്കാൻ രണ്ടാം പകുതിയിൽ നോവലിസ്റ്റ് ശ്രദ്ധിക്കുന്നു. അയാളുടെ ബൗദ്ധികതയും ആശയലോകവും സാമൂഹിക നിലപാടുകളും പതിനെട്ടാം അധ്യായത്തിലെ തുറന്ന ചർച്ചയിൽ വ്യക്തമാകുന്നു.

▶ വിരാഹാവസ്ഥയിൽ പ്രണയം കൂടുതൽ വ്യക്തമാകുന്നു

## ഇന്ദുലേഖ

പഞ്ചുമേനോൻെറ മകൾ ലക്ഷ്മിക്കുട്ടിയുടെ മകളാണ് ഇന്ദുലേഖ. അവളുടെ അച്ഛൻ കിളിമാനൂർ രാജാവാണ്. ഇന്ദുലേഖയ്ക്ക് രണ്ടര വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. തുടർന്ന് 16 വയസ്സുവരെ അവളെ വളർത്തിയത് അമ്മാവനായ കൊച്ചുകൃഷ്ണമേനോൻ ആണ്. അദ്ദേഹം അവൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകി. ഇന്ദുലേഖ ഇംഗ്ലീഷ് നന്നായി പഠിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്കൃതത്തിൽ നാടക അലങ്കാരങ്ങൾ വരെ പഠിച്ചു. ശാസ്ത്രീയസംഗീതത്തോടൊപ്പം പിയാനോ, ഫിഡിൽ തുടങ്ങിയവയും വായിക്കാൻ അറിയാം. യൂറോപ്പിൽ സ്ത്രീകൾ അഭ്യസിക്കുന്ന തുന്നൽ, ചിത്രരചന മുതലായവയിലും പരിചയം ഉണ്ട്. ബിലാത്തിയിൽ ഒരു ഇംഗ്ലീഷ് സ്ത്രീയെ അഭ്യസിപ്പിക്കുന്ന വിധമുള്ള പഠിപ്പും അറിവുകളും സമ്പ്രദായങ്ങളും ഇന്ദുലേഖയ്ക്ക് ഉണ്ടാക്കിവെക്കണമെന്ന് അവളുടെ അമ്മാവൻ ആഗ്രഹിക്കുകയും കഴിയുന്നത്ര സാധിക്കുകയും ചെയ്തിരുന്നു. അമ്മാവൻെറ മരണശേഷം മുത്തച്ഛനായ പഞ്ചുമേനോൻെറ സംരക്ഷണയിലായ അവൾ തറവാട്ടിൽ എല്ലാവരുടെയും പ്രത്യേക സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായിരുന്നു. ഇന്ദുലേഖയ്ക്ക് സ്വന്തമായി ഒരു മാളിക തന്നെ അനുവദിച്ച് കൊടുത്തിട്ടുണ്ട്. അവളുടേത്മാത്രമായ ഉപയോഗത്തിനായി സാമഗ്രികളും ലഭിച്ചിരുന്നു.

- സുന്ദരിയും വിദ്യാസമ്പന്നയും കലാസാഹിത്യാദികളിൽ പ്രാഗത്ഭ്യയും ആണ് ഇന്ദുലേഖ

ഇന്ദുലേഖ സ്ഥിരചിത്തയും കരുത്തുറ്റവളുമാണ്. തന്നെക്കുറിച്ചും ചുറ്റുംനടക്കുന്ന സംഭവങ്ങളെക്കുറിച്ചും തികഞ്ഞ ബോധ്യമുണ്ട്. അവൾ യുക്തിഭദ്രമായും കൃത്യതയോടെയും ആശയവ്യക്തതയോടെയുമാണ് സംസാരിക്കുന്നത്. പഞ്ചുമേനോൻ, കറുത്തേടം സൂരിനമ്പൂരിപ്പാട് എന്നിവരോടുള്ള സംഭാഷണം ഉദാഹരണമാണ്. നാട്ടുനടപ്പ് അനുസരിച്ച് സംബന്ധക്കാര്യം ഇന്ദുലേഖയോട് ആലോചിക്കേണ്ട കാര്യമില്ല എന്ന് പറഞ്ഞുകൊണ്ടാണെങ്കിലും കറുത്തേടവും പഞ്ചുമേനോനുംകൂടി അവളുടെ സമ്മതം ചോദിക്കുന്നുണ്ട്. ഇന്ദുലേഖയുടെ അഭിപ്രായത്തെ സംബന്ധിച്ച് അവർക്ക് ഉത്കണ്ഠയും ഉണ്ടായിരുന്നു. അവളുടെ സമ്മതമില്ലാതെ സംബന്ധം ഉറപ്പിക്കുവാൻ സാധിക്കുകയില്ല എന്ന ബോധ്യവും കാരണവർക്കുണ്ടായിരുന്നു.

- ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ദുലേഖക്ക് ആത്മവിശ്വാസം നേടിക്കൊടുത്തു

താൻ മാധവനെ മാത്രമേ വിവാഹം കഴിക്കൂ എന്ന് അവൾ ഉറപ്പിച്ചിട്ടുണ്ട്. യാതൊന്നിനും തന്നെ അതിൽനിന്ന് വ്യതിചലിപ്പിക്കാൻ ആവില്ല. പഞ്ചുമേനോൻ തന്നിൽ അതിയായ വാത്സല്യമുള്ള ആളാണെന്നും താൻ കേണുപറഞ്ഞാൽ അദ്ദേഹം ശപഥത്തിൽനിന്ന് പിന്മാറുമെന്നും ഇന്ദുലേഖയ്ക്ക് ഉറപ്പുണ്ടായിരുന്നു. സൂരിനമ്പൂതിരിപ്പാടിൻെറ വരവും കാട്ടിക്കൂട്ടലുകളും ഒന്നും അവൾ ഗൗരവത്തിൽ എടുക്കുന്നതേ ഇല്ല. അയാളെ ഒഴിവാക്കാൻ തക്ക ആർജ്ജവവും മനോബലവും അവൾക്കുണ്ട്. സൂരിനമ്പൂതിരിപ്പാടിനോട് താൻ ഒരിക്കലും അയാളുടെ ഭാര്യ ആയിരിക്കില്ല എന്ന് ഇന്ദുലേഖ തുറന്നു തന്നെ പറയുന്നുണ്ട്. ഇന്ദുലേഖയെ പൂർണമായും മനസ്സിലാക്കുവാൻ മാധവന് സാധിച്ചില്ല. സംബന്ധവാർത്ത അറിഞ്ഞ് മാധവൻ ദേശാന്തരം പോകുമ്പോൾ ഇന്ദുലേഖ ഏറ്റവും കൂടുതൽ പരിതപിക്കുന്നത് തൻെറ സ്വഭാവഗുണത്തെ പൂർണമായും മനസ്സിലാക്കാൻ മാധവന്

- വിവാഹകാര്യത്തിൽ ഇന്ദുലേഖ സ്ഥിരചിത്തതയോടെ നില കൊണ്ടു

കഴിഞ്ഞില്ലല്ലോ എന്നുകൂടി ഓർത്തിട്ടാണ്.

## പഞ്ചുമേനോൻ

മരുമക്കത്തത്തറവാടുകളിലെ പ്രമാണിമാരായ കാരണവന്മാരുടെ എല്ലാ സവിശേഷതകളും ഉള്ള ഒരു കഥാപാത്രമാണ് പഞ്ചുമേനോൻ. തറവാട്ടുകാരണവർ കർക്കശക്കാരൻ ആയിരിക്കണം എന്ന ധാരണ യാണ് അക്കാലത്ത് പൊതുവേ ഉണ്ടായിരുന്നത്. പഞ്ചുമേനോനും അപ്രകാരം തന്നെ പെരുമാറി. 70 വയസ്സിന് അപ്പുറം എത്തിയ അദ്ദേ ഹം മുൻകോപിയും ആണ്. വാർദ്ധക്യത്താലും അനാരോഗ്യത്താലും ഉള്ള ചില ക്ലേശങ്ങളാലും മാറിയകാലത്ത് പഴയതുപോലെ അംഗീ കാര ബഹുമാനങ്ങൾ തറവാട്ടംഗങ്ങളിൽ നിന്ന് ലഭ്യമാകുന്നില്ല എന്ന ചിന്തയാലും അദ്ദേഹത്തിന്റെ കോപം വർദ്ധിച്ചു വന്നു. പൂർവിക രായ യാഥാസ്ഥിതിക കാരണവന്മാരുടെ മാതൃക പിന്തുടരാനാണ് പഞ്ചുമേനോൻ ശ്രമിച്ചിരുന്നത്. തന്റെ കാരണവന്മാർ നടത്തിപ്പോന്ന തറവാട്ടുഭരണരീതിയും ശിക്ഷാക്രമങ്ങളും അദ്ദേഹം ബഹുമാനാദര വുകളോടെയാണ് സ്മരിക്കുന്നത്.

- ▶ പഞ്ചുമേനോൻ യാഥാസ്ഥിതിക കാരണവന്മാരുടെ മാതൃക

പഞ്ചുമേനോൻ ഭാര്യയെയും മക്കളെയും ചെറുമകളെയും തറവാ ട്ടിൽ താമസിപ്പിക്കുകയും അവർക്ക് സ്വത്തുനൽകുകയും അവർക്ക് വേണ്ട വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നു. അതേസമയം തന്റെ മുത്തശ്ശിയുടെ സഹോദരിയുടെ ചെറുമകളായ കുമ്മിണിയമ്മയോടും മക്കളോടും പഞ്ചമേനോൻ ക്രൂരമായി പെരുമാറുന്നു. അവരുടെ അവ കാശങ്ങൾ അംഗീകരിക്കുന്നില്ല, മക്കളെ പഠിപ്പിക്കുന്നുമില്ല. മാത്രമല്ല പഠിപ്പിക്കാൻ മുതിർന്നതിന്റെ പേരിൽ പാട്ടത്തിന് ഏൽപ്പിച്ച ഭൂമി തി രികെ ആവശ്യപ്പെടുകയും ദാസന്മാർക്കും മറ്റും ഭക്ഷണം നൽകുന്ന തുപോലെ ചോറുമാത്രം നൽകിയാൽ മതിയെന്ന് കല്പിക്കുകയും ചെയ്യുന്നു.

- ▶ കാരണവന്മാർ അനന്തരവരോട് പക്ഷപാതപരമായി പെരുമാറുന്നു.

തന്റെ ചെറുമകളായ ഇന്ദുലേഖയോടും അനന്തരവനായ മാധവനോടും അതിയായ വാത്സല്യം അദ്ദേഹത്തിനുണ്ട്. ഇദ്ദേഹത്തിന്റെ ശകാരത്തിന് പാത്രമാകാത്തത് ഇന്ദുലേഖ മാത്രമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് വിയോജിപ്പ് ഉണ്ടെങ്കിലും അദ്ദേഹം മാധവനും ഇന്ദുലേഖയും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയതിന് തടസ്സം നിന്നില്ല. അതേസമയം ഇംഗ്ലീഷ് വി ദ്യാഭ്യാസം അവരിൽ ആശാസ്യമല്ലാത്ത പല സ്വഭാവങ്ങളും വളർത്തി എന്ന് ആരോപിക്കുകയും ചെയ്യുന്നുണ്ട്. ഇന്ദുലേഖയോട് അദ്ദേഹത്തിന് വാത്സല്യത്തോടൊപ്പം ഭയവും ഉണ്ട്. മാധവൻ ശിന്നനെ മദിരാശിയി ലേക്ക് കൂട്ടിക്കൊണ്ടുപോയതിൽ ക്ഷോഭിച്ചു. മാധവന് ഇന്ദുലേഖയെ നൽകില്ല എന്ന് പഞ്ചുമേനോൻ ശപഥംചെയ്യുന്നുവെങ്കിലും തൊട്ടടുത്ത നിമിഷം തന്നെ അദ്ദേഹം അതിൽ ഖേദിക്കുന്നുമുണ്ട്. ഇന്ദുലേഖയെയും മാധവനെയും പിന്തിരിപ്പിക്കാൻ തനിക്ക് സാധിക്കുമോ എന്ന ആശങ്ക യും അവരുടെ മനോവേദനയ്ക്ക് തന്റെ നിലപാട് കാരണമാകുമോ എന്നതുമാണ് പഞ്ചുമേനോന്റെ അസ്വസ്ഥതയ്ക്ക് നിദാനം.

- ▶ ഇന്ദുലേഖയോടും മാധവനോടും പഞ്ചുമേനോന് വാത്സല്യം ഉണ്ട്

അതേസമയം തറവാട്ടധികാരിയായ കാരണവരുടെ നിലയിൽ നിന്നും വ്യതിചലിക്കാൻ അദ്ദേഹം തയ്യാറാകുന്നില്ല. അതിനാലാ ണ് കറുത്തേടവുമായി ചേർന്ന് സൂരിനമ്പൂതിരിപ്പാടിന്റെ സംബന്ധ

ആലോചന മുന്നോട്ട് കൊണ്ടുപോകുന്നത്. എന്നാൽ സൂരിയുടെ വങ്കത്തരവും പൊങ്ങച്ചവും കാണുന്ന പഞ്ചുമേനോൻ അയാൾ ഇന്ദുലേഖയ്ക്ക് അനുയോജ്യനല്ല എന്ന് തിരിച്ചറിയുന്നു. താൻ മാധവന് ഇന്ദുലേഖയെ നൽകില്ലെന്നുമാത്രമേ ശപഥം ചെയ്തിട്ടുള്ളൂ, സൂരിനമ്പൂതിരിക്ക് വിവാഹം ചെയ്തുകൊടുക്കും എന്ന് പറഞ്ഞിട്ടില്ല എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

▶ അയാൾ ഇന്ദുലേഖയ്ക്ക് അനുയോജ്യനല്ല

ബ്രാഹ്മണരോടുള്ള ബഹുമാനത്താലും സമ്പത്തിനോടുള്ള ആകർഷണത്താലും സൂരിനമ്പൂതിരിപ്പാടുമായുള്ള ബന്ധം നടന്നു കാണാൻ ആഗ്രഹിക്കുകയും അതേസമയം ഇന്ദുലേഖയുടെ ഇഷ്ടത്തിന് വിപരീതം നിൽക്കാൻ മനസ്സില്ലാതെ  വരുകയും ചെയ്യുന്ന അവസ്ഥയിലായി പഞ്ചുമേനോൻ.  കല്യാണിക്കുട്ടിയുമായുള്ള സംബന്ധം സൂരിനമ്പൂതിരിപ്പാട് ആവശ്യപ്പെടുമ്പോൾ അത് പഞ്ചുമേനോന് ആശ്വാസമാണ് നൽകുന്നത്. ബ്രാഹ്മണനെ നിന്ദിച്ചു എന്ന അപരാധം വരുന്നില്ല, സമ്പത്തും പ്രതാപവുമുള്ള സൂരിനമ്പൂതിരിപ്പാടുമായി ഒരു ബന്ധം തറവാടിന് വന്നുചേരുന്നു, ഇന്ദുലേഖയെ ദുഃഖിപ്പിക്കേണ്ടി വരുന്നില്ല എന്നീ കാരണങ്ങളാൽ സൂരിനമ്പൂതിരിപ്പാടിന്റെ കല്യാണിക്കുട്ടീബാന്ധവം ഏറ്റവും നല്ല ഒരു പ്രശ്നപരിഹാരമായി തന്നെ പഞ്ചുമേനോൻ സ്വീകരിക്കുന്നു. അതേസമയം സൂരിനമ്പൂതിരിയുമായുള്ള ബന്ധത്താൽ കുമ്മിണിയമ്മയുടെ കുടുംബത്തിന് ഒരു അഭിവൃദ്ധി ഉണ്ടാകുന്നതിൽ അല്പം അസ്വാരസ്യവും ഉണ്ടാകുന്നു. വാശിക്കാരനും മുൻകോപിയുമാണെങ്കിലും സ്നേഹസമ്പന്നനും ശുദ്ധഹൃദയനും കൂടിയാണ് പഞ്ചുമേനോൻ. ഒടുവിൽ അദ്ദേഹം തന്റെ ശപഥം പ്രായശ്ചിത്തം ചെയ്ത് പിൻവലിച്ച് ഇന്ദുലേഖയുടെ വിവാഹം മാധവനുമായി നടത്തുന്നു. പാരമ്പര്യത്തിന്റെയും യാഥാസ്ഥിതികത്വത്തിന്റെയും സ്വാധീനമാണ് അദ്ദേഹത്തിൽ മുന്നിട്ട് നിൽക്കുന്നത്. ആയതിനാൽ തന്നെ തറവാട്ടുകാരൻ, കാരണവർ എന്ന സ്ഥാനവും പരമ്പരാഗത മാമൂലുകളും പിന്തുടരുവാൻ അദ്ദേഹം  ബദ്ധശ്രദ്ധനാകുന്നു.

▶ സൂരിനമ്പൂതിരിപ്പാടിന്റെ കല്യാണിക്കുട്ടീബാന്ധവം

## സൂരിനമ്പൂതിരിപ്പാട്

ജന്മിത്തദുഷ്പ്രഭുത്വത്തിന്റെയും നായർ-ബ്രാഹ്മണ സംബന്ധത്തിലെ ലൈംഗിക അരാജകത്വത്തിന്റെയും ദൃഷ്ടാന്തമാണ് സൂരിനമ്പൂതിരിപ്പാട്. അനിയന്ത്രിതമായ ലൈംഗികവാസനയുടെ മൂർത്തരൂപമായ അയാൾ യഥേഷ്ടം ശൂദ്രസ്ത്രീകളുമായി ബന്ധം പുലർത്തി കാലം കഴിക്കുകയാണ്. ധനവാന്മാരായ പുരുഷന്മാർക്ക് സ്ത്രീകളിൽ അതിയായ ചാപല്യമുണ്ടായാൽ പിന്നെ അവരുടെ വേറെയുള്ള സ്വഭാവത്തെപ്പറ്റി അധികം പറയേണ്ടതില്ലല്ലോ എന്നാണ് നോവലിസ്റ്റ് ഇയാളെപ്പറ്റി പറയുന്നത്. എനിക്ക് സ്ത്രീകളെ വളരെ ഭ്രമമാണ്. പുരുഷന് സ്ത്രീസുഖത്തിന് മീതെ ഒരു സുഖം എന്താണുള്ളത് എന്നാണ് സൂരിനമ്പൂതിരിപ്പാടിന്റെ ചോദ്യം.

▶ വിടനും വിഡ്ഢിയും പൊങ്ങച്ചക്കാരനുമാണ് സൂരിനമ്പൂതിരിപ്പാട്

ഇന്ദുലേഖയുമായി സംബന്ധം അഭ്യർത്ഥിച്ചുകൊണ്ട് കത്ത് ലഭിക്കുന്നതോടെ സൂരിനമ്പൂതിരിപ്പാട് കാമപരവശനാകുന്നു. മനവക ഗൗരവമുള്ള കാര്യങ്ങൾ ഉണ്ടായിട്ടും ഇന്ദുലേഖയുടെ സൗന്ദര്യത്തെക്കുറിച്ച് ചെറുശ്ശേരി നമ്പൂതിരിയുമായി വർണ്ണനനടത്തി സമയം

കഴിക്കുകയായി. ഉടൻതന്നെ സംബന്ധത്തിനായി പുറപ്പെടാനുള്ള ആവേശംപ്രകടിപ്പിച്ച നമ്പൂതിരിയെ പിന്തിരിപ്പിച്ച് യാത്ര ദീർഘിപ്പിക്കുവാൻവേണ്ടി ചെറുശ്ശേരിനമ്പൂതിരി പല പൊടിക്കൈകളും പ്രയോഗിക്കുന്നു. സ്ത്രീയോട് എന്നതുപോലെ കഥകളിയിലും മുഴുത്തഭ്രമമാണ് സൂരിനമ്പൂതിരിക്ക്. അന്ന് രാത്രിയിലെ കഥകളിയുടെ കാര്യം ഓർമിപ്പിച്ച് ചെറുശ്ശേരി യാത്ര പിറ്റേന്നത്തേക്കാക്കുന്നു. രാത്രിയാകുമ്പോൾ സൂരിനമ്പൂതിരി അഭിപ്രായം മാറ്റി ഉടൻതന്നെ സംബന്ധത്തിനു പുറപ്പെടുവാനായി തിടുക്കംകാട്ടി. തനിക്ക് രാത്രി സഞ്ചരിക്കാൻ മടിയായതിനാൽ യാത്ര പകലത്തേക്ക് മാറ്റാൻ വേണ്ടി ചെറുശ്ശേരി നമ്പൂതിരിപ്പാട് വീണ്ടുമൊരു തന്ത്രം പ്രയോഗിച്ചു. ക്ഷൗരം ചെയ്ത് സുന്ദരൻ ആകണമെന്നും, രാത്രി ക്ഷൗരം പാടില്ല അതുകൊണ്ട് യാത്ര നാളത്തേക്ക് മാറ്റാം എന്നും ഉപദേശിച്ചു. അതിൽ വിശ്വസിച്ച് കാലത്ത് ക്ഷൗരവും കുളിയും കഴിഞ്ഞ് പുറപ്പെടുകയായി.

> ▶ ഇന്ദുലേഖയുമായി സംബന്ധംകൂടാൻ സൂരിനമ്പൂതിരി പുറപ്പെട്ടു

അഴകിയരാവണവേഷം കെട്ടിയുള്ള സൂരിയുടെ സംബന്ധപ്പുറപ്പാട് വിശദമായിതന്നെ നോവലിൽ വിവരിച്ചിട്ടുണ്ട്. പരിവാരസമേതം പൂമുള്ളി തറവാടിന്റെ മുറ്റത്തെത്തുന്ന സൂരിനമ്പൂതിരിപ്പാട്, പല്ലക്കിൽനിന്ന് ഒരു സ്വർണ്ണ വിഗ്രഹം പോലെ പുറത്തുചാടി എന്നാണ് പറയുന്നത്. അദ്ദേഹം നിന്നതിന്റെ സമീപം ഒരുകോൽ വൃത്തത്തിൽ വെയിൽ സ്വർണപ്രഭയായി മഞ്ഞളിച്ചു എന്നും നോവലിസ്റ്റ് തുടരുന്നു. തന്റെ വേഷംകണ്ട് എല്ലാവരും ഭ്രമിച്ചുപോയി എന്നു നിശ്ചയിച്ച് നമ്പൂതിരിപ്പാട് വെറുതെ ആ വെയിലത്തുതന്നെ അരനിമിഷം നിൽക്കുകയും ചെയ്തു. ധനവാനും സുന്ദരനും പ്രമാണിയുമായ തന്നെ ഇന്ദുലേഖ സ്വീകരിക്കും എന്നതിൽ സൂരിനമ്പൂതിരിപ്പാടിന് യാതൊരു ശങ്കയും ഉണ്ടായിരുന്നില്ല.

> ▶ പ്രൗഢിയും പ്രാമാണികത്വവും പ്രകടിപ്പിക്കുവാൻ സൂരിനമ്പൂതിരി ശ്രമിച്ചു

എന്നാൽ ഇന്ദുലേഖയുടെ യുക്തിഭദ്രവും ബുദ്ധിപൂർവ്വവുമായ പെരുമാറ്റം സൂരിയെ അമ്പരപ്പിക്കുന്നു. അവളുടെ തന്റേടത്തിനും വ്യക്തിപ്രഭാവത്തിനും മുന്നിൽ അയാൾ നിഷ്പ്രഭനാകുന്നു. താൻ ഒരിക്കലും സൂരിനമ്പൂതിരിപ്പാടിന്റെ ഭാര്യ ആയിരിക്കില്ല എന്ന് ഇന്ദുലേഖ വ്യക്തമാക്കി. ഗോമാംസം ഭക്ഷിക്കുന്നവരുടെ ഭാഷ പഠിച്ച അഹങ്കാരിയായ ഒരുവളെ തനിക്ക് വേണ്ട എന്ന് സൂരിനമ്പൂതിരിപ്പാടും ഇന്ദുലേഖയുടെ നിരാസത്തെ നേരിട്ടു. ഇംഗ്ലീഷ് പഠിച്ച സ്ത്രീകൾക്ക് ശൃംഗാരം കുറവായിരിക്കും എന്നൊരു ന്യൂനതയും കണ്ടെത്തി.

> ▶ സൂരിനമ്പൂതിരിപ്പാടിന്റെ ഭാര്യയാകില്ലെന്ന് ഇന്ദുലേഖ വ്യക്തമാക്കി

സൂരിനമ്പൂതിരിപ്പാടിന് ഇന്ദുലേഖയെ ബാന്ധവം ചെയ്യാൻ സാധിക്കാത്തതിൽ വലിയ നൈരാശ്യമൊന്നും അധികനേരം ഉണ്ടായതുമില്ല. ഒരു സ്ത്രീയോടും സ്ഥായിയായ ബന്ധം എന്നത് സൂരിയുടെ പതിവല്ല. ഇന്ദുലേഖയുമായുള്ള സംബന്ധത്തിരക്കിനിടയിൽത്തന്നെ അയാൾ തനിക്ക് ബോധിച്ചത് ഇന്ദുലേഖയുടെ അമ്മ ലക്ഷ്മിക്കുട്ടിയെയാണെന്ന് പറയുവാനും ലക്ഷ്മിക്കുട്ടിയുമായി സല്ലപിക്കാൻ പഴുതുണ്ടോ എന്ന് അന്വേഷിക്കാനും മെനക്കെടുന്നുണ്ട്. തുടർന്ന് ദാസി അമ്മുവിനോടും അയാൾ താത്പര്യം പ്രകടിപ്പിക്കുകയാണ്.

> ▶ വിടനായ സൂരിനമ്പൂതിരി ശൃംഗാരസല്ലാപത്തിനു മുതിർന്നു

ഇപ്രകാരമൊക്കെ ആണെങ്കിലും കൊട്ടിഘോഷിച്ചു ഇന്ദുലേഖാ സംബന്ധത്തിനെത്തിയ ശേഷം അവളെക്കൂടാതെ മടങ്ങുന്ന

ത് ആക്ഷേപമാണെന്ന് മനസ്സിലാക്കുന്ന സൂരി, പഞ്ചുമേനോനോട് തനിക്ക് കല്യാണിക്കുട്ടിയുമായി സംബന്ധം ഏർപ്പെടുത്തിത്തരണമെന്നും എന്നാൽ ഇന്ദുലേഖയെയല്ല താൻ സംബന്ധം ചെയ്തത് എന്ന വിവരം പരസ്യമാകാതെ ശ്രദ്ധിക്കണമെന്നും ആവശ്യപ്പെടുകയാണ്. പഞ്ചുമേനോൻ അക്കാര്യം സമ്മതിക്കുകയും ചെയ്തു. സൂരിനമ്പൂതിരി, ഇന്ദുലേഖയെയാണ് സംബന്ധം ചെയ്തത് എന്ന് ഗോവിന്ദൻ പ്രചരിപ്പിക്കുന്നു. ആ വ്യാജവാർത്തയാണ് മാധവനെ ദുഃഖിതനായി ദേശാന്തരത്തിന് പ്രേരിപ്പിക്കുന്നത്.

▶ സൂരിനമ്പൂതിരി കല്യാണിക്കുട്ടിയെ സംബന്ധം ചെയ്തു

## ഉപകഥാപാത്രങ്ങൾ

ചന്തുമേനോന്റെ പാത്രസൃഷ്ടിവൈഭവം ശ്രദ്ധേയമാണ്. നിരവധി കഥാപാത്രങ്ങൾ നോവലിൽ ഉണ്ട്. അവർക്കെല്ലാപേർക്കും സ്വയംപൂർണമായ വ്യക്തിത്വവും സ്വാഭാവികതയും ഉണ്ട്. പാരമ്പര്യപക്ഷവാദികൾ, പുരോഗമനവാദികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നവരും മനുഷ്യസ്വഭാവത്തിന്റെ, വിഭിന്ന വശങ്ങൾ പേറുന്നവരും ആയിട്ട് അവരെ ഗണിക്കാം. ഗോവിന്ദൻകുട്ടിമേനോൻ, കുട്ടികൃഷ്ണമേനോൻ, ഗോവിന്ദപ്പണിക്കർ തുടങ്ങിയവർ പുരോഗമനവാദികളാണ്. അവർ പരിഷ്കൃതവും സംസ്കാരസമ്പന്നവുമായ ആശയപരിസരത്താണ് നിലകൊള്ളുന്നത്. സ്ത്രീകളിൽ ഇന്ദുലേഖയും ലക്ഷ്മിക്കുട്ടിയമ്മയും ഉയർന്ന ബോധനിലവാരം പുലർത്തുന്നു. കുഞ്ഞുകുട്ടിയമ്മ, കുമ്മിണിയമ്മ തുടങ്ങിയവർ പാരമ്പര്യത്തിന്റെ ഇരകളാണ്. ശങ്കരശാസ്ത്രി നന്മയുടെയും ശുദ്ധതയുടെയും മുഖം വെളിപ്പെടുത്തുന്നു. ഇന്ദുലേഖാ മാധവന്മാരുടെ പ്രണയത്തിൽ വരുന്ന സംഘർഷങ്ങൾ ശങ്കരശാസ്ത്രിയെ സംഘർഷത്തിലാക്കുന്നു. മാധവന്റെ ദേശാന്തരത്തിന് ശങ്കരശാസ്ത്രി നിമിത്തമായി തീരുകയാണ്. അപ്രകാരം പ്രണയകഥയിൽ സുപ്രധാന പങ്ക് ശങ്കരശാസ്ത്രീക്ക് വന്നുചേരുന്നു.

▶ ഉപകഥാപാത്രങ്ങൾക്കെല്ലാം വ്യക്തിത്വവും സ്വാഭാവികതയും ഉണ്ട്.

## 1.1.3 ഇതരവിഷയങ്ങൾ

**സംബന്ധം**- നമ്പൂതിരിക്ക് നിരവധി നായർ സ്ത്രീകളുമായി സംബന്ധമാകാം എന്നായിരുന്നു അന്നത്തെ വ്യവസ്ഥ. നായർ പ്രമാണിമാർ ബ്രാഹ്മണ മേധാവിത്വത്തെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് ബ്രാഹ്മണബന്ധത്തെ ബഹുമതിയായി കണ്ടുപോന്നു. സംബന്ധം ഏർപ്പാട് ധനലാഭം കൂടി ലക്ഷ്യം വെച്ചുകൊണ്ടാണ് നടന്നിരുന്നത്. സമ്പന്നരായ നമ്പൂതിരിമാരിൽ നിന്നും സാമർത്ഥ്യത്തോടെ കുടുംബത്തിലേക്ക് ധനം കൊണ്ടുവരികയാണ് സ്ത്രീകൾ ചെയ്യേണ്ടത് എന്ന രീതിയിൽ പഞ്ചുമേനോന്റെ ഭാര്യ കുഞ്ഞുകുട്ടിയമ്മ സംസാരിക്കുന്നുണ്ട്. സമ്പത്താണ് ഏറ്റവും മുഖ്യം. തന്നെ വിവാഹം ചെയ്യാൻ സുന്ദരന്മാർ പലരും വന്നിരുന്നുവെങ്കിലും ധനവാനും പ്രമാണിയുമായ പഞ്ചുമേനോനുമായാണ് രക്ഷിതാക്കൾ തന്റെ വിവാഹം നടത്തിയതെന്നും ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് ഭാഗ്യമില്ലാത്തതുകൊണ്ട് സമ്പന്നനായ ഭർത്താവ് നേരത്തെതന്നെ മരണപ്പെട്ടു എന്നും അതിസമ്പന്നനായ സൂരിനമ്പൂതിരിപ്പാടുമായി സംബന്ധം ഉണ്ടാകുന്നത് ഇന്ദുലേഖയ്ക്ക് മഹാഭാഗ്യമാണ് എന്നും കുഞ്ഞുകുട്ടിയമ്മ പറയുന്നു. കല്യാണിക്കുട്ടിയെ സൂരിനമ്പൂതിരിപ്പാട് സംബന്ധം കഴിച്ചാൽ അതിന്റെ മേന്മ തറവാടിന് വരുമല്ലോ എന്ന് കുമ്മിണിയമ്മ ആഹ്ലാ

▶ നമ്പൂതിരിനായർ സംബന്ധം

ദിക്കുന്നുണ്ട്.

**മരുമക്കത്തായസമ്പ്രദായത്തിൻെറ പരിമിതികൾ** - അക്കാലത്ത് നിലവിലിരുന്ന മരുമക്കത്തായ സമ്പ്രദായത്തിൽ വ്യക്തികൾക്ക് അഭിപ്രായസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. കാരണവരുടെ ഇച്ഛയ്ക്ക് അനുസരിച്ച് ജീവിക്കുക എന്നതായിരുന്നു ഉത്തമമാതൃക. അന്ധമായ അനുസരണയെ ഗുരുത്വമായാണ് അന്ന് കണ്ടിരുന്നത്. ഗുരു കാരണവന്മാരെ കണ്ണുമടച്ച് അനുസരിക്കുക എന്നതാണ് അന്നത്തെ പ്രമാണം. കാരണവരുടെ സ്വേച്ഛാധികാരം നിലനിൽക്കുന്ന കുടുംബ വ്യവസ്ഥയിൽ കാരണവരെ വാക്കോ വിചാരമോ കൊണ്ട് നിഷേധിക്കുന്നതുപോലും ഗുരുത്വക്കേടായാണ് കണ്ടിരുന്നത്.

- കാരണവരുടെ സ്വേച്ഛാധികാരം

കാരണവരായ പഞ്ചുമേനോൻെറ അഭിപ്രായത്തെ മറികടന്ന് ശീനുപട്ടരുടെ ഇളയമകൻ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കും എന്ന മാധവൻെറ ദൃഢനിശ്ചയത്തെ സാഹസവും ഗുരുത്വക്കേടും ആയാണ് പഴമക്കാർ കണ്ടത്. എന്നാൽ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കും എന്നത് എങ്ങനെയാണ് സാഹസവും ഗുരുത്വക്കേടും ആകുന്നത് എന്നാണ് മാധവൻ ചോദിക്കുന്നത് കാര്യം പറയുമ്പോൾ ഞാൻ അന്യായമായി ആരെയും ഭയപ്പെട്ട് പറയാതെ ഇരിക്കില്ല എന്ന നിലപാടാണ് മാധവനുണ്ടായിരുന്നത്.

- അന്ധമായ അനുസരണ, അന്യായവും ഭീരുത്വവും

കുടുംബസ്വത്ത് പൂർവികർ സമ്പാദിച്ചതാണ്. അതിന് കാരണവരായ പഞ്ചുമേനോനെപ്പോലെ ശീനുപട്ടരുടെ മക്കളും അവകാശികളാണ്. അതുകൊണ്ട് അവരെയും ഇംഗ്ലീഷ് പഠിപ്പിക്കാൻ പഞ്ചുമേനോൻ ബാധ്യസ്ഥനാണ്. പക്ഷേ പഞ്ചുമേനോൻ കൂട്ടുകുടുംബത്തിൽ തുല്യ അവകാശമുള്ള കുമ്മിണിയമ്മയുടെ മക്കളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നില്ല. ഇന്ദുലേഖയെ പോലെ കല്യാണിക്കുട്ടിയെ പരിഗണിക്കുന്നില്ല. ശിന്നനെ ഒരു മൂരിക്കുട്ടനെപ്പോലെ വളർത്താൻ അനുവദിക്കില്ലെന്ന് മാധവൻ പ്രഖ്യാപിക്കുമ്പോൾ അത് പഞ്ചുമേനോൻ പ്രതിനിധീകരിക്കുന്ന വ്യവസ്ഥിതിയെ ആകെ ചോദ്യം ചെയ്യുക കൂടിയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിയ സ്വാശ്രയബോധവും സ്വാതന്ത്ര്യശീലവും ആണ് മാധവനെ ഇപ്രകാരം പ്രതികരിക്കാൻ ശക്തനാക്കുന്നത്.

- അധികാരത്തോടുള്ള വെല്ലുവിളി

**ബ്രാഹ്മണ്യത** - ബ്രാഹ്മണ്യത്തോട് ചന്തുമേനോൻ ബഹുമാനം പുലർത്തുന്നുണ്ട്. കഥാപാത്രങ്ങളിലും കഥാസന്ദർഭങ്ങളിലും ഇത് പ്രകടമാണ്. സൂരിനമ്പൂതിരിപ്പാടിനെപോലെ വിഢ്ഢിയും വിടനും പൊങ്ങച്ചക്കാരനുമായ ഒരു ദുഷ്പ്രഭുവിനെ അവതരിപ്പിക്കുന്നുവെങ്കിലും തനിക്ക് നമ്പൂതിരിമാരോട് യാതൊരുവിധത്തിലുള്ള വിദ്വേഷവും ഇല്ലെന്നു മാത്രമല്ല ഏറെ ബഹുമാനമാണ് ഉള്ളത് എന്നും ഒരു ആമുഖം സൂരിനമ്പൂതിരിയുടെ പാത്രാവതരണത്തിന് മുന്നോടിയായി അദ്ദേഹം നൽകുന്നുണ്ട്.

- ബ്രാഹ്മണ്യത്തോട് ചന്തുമേനോൻ ബഹുമാനം പുലർത്തുന്നു.

ശീനുപട്ടർ, കറുത്തേടത്ത് കേശവൻ നമ്പൂതിരി, അമ്പലവാസികളായ മറ്റു നമ്പൂതിരിമാർ എന്നിവരിലൂടെ ബ്രാഹ്മണരുടെ വിഭിന്ന അവസ്ഥകൾ അദ്ദേഹം കാട്ടിത്തരുന്നു. ജാതിമേധാവിത്വവും സമ്പന്നതയും കൂടിച്ചേരുമ്പോഴാണ് അധികാരം ഉണ്ടാകുന്നത്. താൻ ബ്രാഹ്മണനാണ് എന്ന് ശീനുപട്ടർ അഭിമാനിക്കുന്നുണ്ടെങ്കിലും ആ ബ്രാഹ്മണ്യത്തിന് പഞ്ചുമേനോൻ വില കൊടുക്കുന്നില്ല. ശീനുപട്ടർ

ക്ക് യാതൊരുവിധ അധികാര അവകാശങ്ങളും ഇല്ലെന്നു മാത്രമല്ല അയാളുടെ മേൽ പഞ്ചുനേനോൻ അധികാരം സ്ഥാപിക്കുന്നുമുണ്ട്. ലക്ഷ്മിക്കുട്ടിയമ്മയുടെ സംബന്ധക്കാരനും ശുദ്ധഗതിക്കാരനുമായ കറുത്തേടത്ത് കേശവൻ നമ്പൂതിരി ആകട്ടെ സമ്പന്നനായ സൂരിന മ്പൂതിരിപ്പാടിൻെറ മുന്നിൽ നിസ്സഹായനാവുകയാണ്. തൻെറ സാന്നിധ്യത്തിൽതന്നെ സൂരിനമ്പൂതിരിപ്പാട് ലക്ഷ്മിക്കുട്ടിയമ്മയുമായി ശൃംഗാരസംഭാഷണത്തിനു മുതിരുകയും അവളുമായി സംബന്ധം തുടങ്ങുവാൻ മാർഗ്ഗമന്വേഷിക്കുകയും ചെയ്യുമ്പോൾ നിസ്സഹായനായി നോക്കിനിക്കാൻ മാത്രമേ അയാൾക്ക് സാധിക്കുന്നുള്ളൂ. എന്നാൽ ലക്ഷ്മിക്കുട്ടിക്ക് ആ സന്ദർഭം യഥാവിധി നേരിടാൻ ഉള്ള തൻേറടം ഉണ്ടായിരുന്നു. അക്കാര്യം മനസ്സിലാക്കുവാൻ പോലും കറുത്തേടത്തിന് സാധിച്ചില്ല.

▶ ബ്രാഹ്മണരുടെ വിഭിന്ന അവസ്ഥകൾ നോവൽ കാട്ടിത്തരുന്നു.

സൂരിനമ്പൂതിരിപ്പാടിൻെറ സഹചാരിയായി നിൽക്കുമ്പോൾ അദ്ദേഹത്തെ പ്രീതിപ്പെടുത്താൻ തക്കവിധത്തിൽ ചെറുശ്ശേരിനമ്പൂതിരി നില കൊള്ളാറുണ്ടെങ്കിലും സന്ദർഭാനുസരണം സ്വാഭിപ്രായം പ്രകടമാക്കാറുണ്ട്. നിരവധി സ്ത്രീകളോടുള്ള സൂരിനമ്പൂതിരിപ്പാടിൻെറ ലൈംഗിക അഭിനിവേശം മൃഗീയമായ ഒരു വാസനയാണെന്നും അതിനെ സംസ്കരിച്ച് അനുകൂലയായ ഒരു സ്ത്രീയിൽ മാത്രം ഒതുക്കി നിർത്തുന്നതാണ് സംസ്കാര ലക്ഷണം എന്നും സൂരിനമ്പൂതിരിപ്പാടിനെ ബോധ്യപ്പെടുത്തുവാൻ ചെറുശ്ശേരി ശ്രമിക്കുന്നു. ഒരു സ്ത്രീക്ക് ഒരു പുരുഷൻ, ഒരു പുരുഷന് ഒരു സ്ത്രീ ഇതാണ് ചെറുശ്ശേരിക്ക് സ്ത്രീ - പുരുഷ ബന്ധത്തെ സംബന്ധിച്ചുള്ള നിലപാട്.

▶ നർമ്മബോധമുള്ള ഒരു ബുദ്ധിമാനാണ് ചെറുശ്ശേരിനമ്പൂതിരി

**അസംഭവ്യത** - മാധവൻെറ പ്രവാസജീവിതചിത്രണം അസംഭവ്യത തോന്നിപ്പിക്കുന്ന തരത്തിലുള്ളതാണ്. മാധവൻെറ വസ്തുക്കൾ മോഷ്ടിക്കപ്പെടുന്നതും പാർക്കിൽ വച്ച് നരിയെ വെടിവെയ്ക്കുന്നതും അതിസമ്പന്നരായ പ്രമാണിമാരുടെ ആതിഥ്യം അനായാസേന ലഭ്യമാകുന്നതും ഒടുവിൽ ബോംബെയിൽ വച്ച് അന്വേഷിച്ച് എത്തുന്നവരുമായുള്ള സമാഗമം ക്ഷിപ്രസാധ്യമാകുന്നതും അസ്വാഭാവികത ജനിപ്പിക്കുന്നുണ്ട്.

▶ ചില രംഗങ്ങൾ അസംഭവ്യത തോന്നിപ്പിക്കുന്നു

**പ്രബോധനപരത** - ഇന്ദുലേഖ-മാധവൻമാരുടെ പ്രണയവും വിവാഹവും വിവരിക്കുന്നതിനോടൊപ്പം തന്നെ പ്രബോധനത്തിനും നോവലിസ്റ്റ് ഇടം കണ്ടെത്തുന്നുണ്ട്. പല അധ്യായങ്ങളും വിവിധ തരങ്ങളായ ആശയങ്ങളുടെ തുറന്ന ചർച്ചയാകുന്നു. ഈ ചർച്ചകൾ പലപ്പോഴും നോവലിൻെറ ശില്പഭദ്രതയെ തകർത്തിട്ടുള്ളതായി വിമർശനം ഉണ്ടായിട്ടുണ്ട്. ലക്ഷ്മിക്കുട്ടിയും കറുത്തേടവും അവരുടെ ഉറക്കറയിൽ വച്ച് നൂൽക്കമ്പനിയെക്കുറിച്ചും ആവിയന്ത്രങ്ങളെക്കുറിച്ചും സുദീർഘമായി ചർച്ച നടത്തുന്നു. സൂരിനമ്പൂതിരിപ്പാടും ചെറുശ്ശേരിനമ്പൂതിരിയും തമ്മിൽ സ്ത്രീപുരുഷബന്ധത്തെയും ലൈംഗികതയെയും കുറിച്ച് ചർച്ചചെയ്യുന്നു. ഇന്ദുലേഖയും മാധവനും തമ്മിൽ സംബന്ധംഏർപ്പാടിനെയും മലയാളസ്ത്രീകളുടെ പാതിവ്രത്യത്തെയും കുറിച്ച് ചർച്ചചെയ്യുന്നുണ്ട്.

▶ പ്രബോധനത്തിന് നോവലിസ്റ്റ് ഇടം കണ്ടെത്തുന്നുണ്ട്

വാർത്താവിനിമയോപാധികളുടെയും ഗതാഗതസമ്പ്രദായങ്ങളുടെയും വികാസം, അച്ചടിയുടെ വ്യാപനം, ജാതിപരമായ ഉച്ചനീചത്വ

ങ്ങളിൽ വന്ന മാറ്റങ്ങൾ, ഭൂനിയമപരിഷ്കാരങ്ങൾ തുടങ്ങിയവ നോവലിൽ സൂചിതമാകുന്നുണ്ട്. മാധവൻ ജയിച്ച വിവരത്തിന് ടെലഗ്രാം കിട്ടുന്നതും ഇന്ത്യാരാജ്യമെങ്ങും തീവണ്ടിയുണ്ടെന്ന് ഗോവിന്ദൻകുട്ടി പ്രസ്താവിക്കുന്നതും ഉദാഹരണമാണ്. മാധവനും ഇന്ദുലേഖയും അച്ചടിഗ്രന്ഥങ്ങളാണ് വായിച്ചിരുന്നത്. നല്ല ടൈപ്പ് ഉപയോഗിച്ച് അച്ചടിക്കാത്ത ഗ്രന്ഥങ്ങളെക്കുറിച്ച് ഇന്ദുലേഖ പരാതിപ്പെടുന്നുണ്ട്. ഗോപാലനോട് ഏൽപ്പിച്ച ഭൂമി തിരികെ നൽകാൻ ആവശ്യപ്പെടുമ്പോൾ താൻ അത് ഒരുകൊല്ലത്തേക്ക് വേറെ ആളെ ഏൽപ്പിച്ചിരിക്കുന്നു എന്നാണ് പറയുന്നത്. ഇത് ഭൂമിയുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചു വന്ന നിയമപരിഷ്കാരങ്ങളുടെ സൂചനയാണ്. കേസിൽ തന്നെ സാക്ഷിയാക്കുക എന്ന ധിക്കാരം പ്രവർത്തിച്ചതിൻെറ പേരിൽ ഉള്ളാട്ടിൽ പഞ്ചുവിന് ക്ഷേത്രവും കുളവും മറ്റും വിലക്കാൻ സൂരിനമ്പൂതിരിപ്പാട് ആജ്ഞാപിക്കുമ്പോൾ അതൊന്നും ഇനിമേൽ എളുപ്പമല്ല എന്ന് കാര്യസ്ഥൻ ഓർമ്മപ്പെടുത്തുന്നു.

▶ ആ കാലയളവിലെ ഭൗതികവും സാമൂഹികവുമായ പരിണാമങ്ങൾ

**18-ാം അദ്ധ്യായം അഥവാ 'ഒരു സംഭാഷണം'-** 'ഒരു സംഭാഷണം' എന്ന പേരിൽ 'ഇന്ദുലേഖ' യിൽ കടന്നു വരുന്ന ഈ അദ്ധ്യായത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് രൂപപ്പെട്ടുവന്നിട്ടുള്ളത്. ഈ നോവലിന്റെ വായനയ്ക്ക് യോജിക്കാത്ത ഒന്ന് എന്ന നിലയിലാണ് ആദ്യകാല നിരൂപകർ പ്രസ്തുത അദ്ധ്യായത്തെ കണ്ടിരുന്നത് 18-ാം അധ്യായം അതിന്റെ പിൽക്കാല വായനകളിൽ പുതിയ അർത്ഥങ്ങളെ സൃഷ്ടിക്കുകയുണ്ടായി. പ്രത്യേകിച്ച് ആധുനികതയുമായുള്ള സംവാദം എന്ന നിലയിലുള്ള വായനകൾ. സഞ്ജയൻ ഈ അദ്ധ്യായത്തെക്കുറിച്ച് അഭിപ്രായപ്പെട്ടത് 'സർക്കസ്സ് കമ്പനി മാനേജരുടെ നന്ദി പ്രസംഗം എന്നാണ്'. അതായത് പ്രദർശനം കഴിഞ്ഞതിനു ശേഷം സർക്കസ്സ് കമ്പനിയുടെ മാനേജർ എല്ലാവർക്കുമായി നടത്തുന്ന നന്ദിപ്രകടനം എന്ന നിലയിലാണ്, ആ നന്ദി പ്രസംഗം കേൾക്കാൻ ആരും നിൽക്കാറില്ല. അതുപോലെ ചന്തുമേനോന്റെ നന്ദി പ്രസംഗം എന്ന നിലയിലാണ് 18-ാം അധ്യായം നോവലിൽ നിലകൊള്ളുന്നത്. മറ്റൊരു പ്രശസ്തനായ നിരൂപകൻ അഭിപ്രായപ്പെട്ടത് 'കഥാപ്രവാഹത്തെ തടയുന്ന ശിലാഖണ്ഡം' എന്നാണ്. ഇങ്ങനെ ആദ്യകാല നിരൂപകരിൽ നിന്നും ധാരാളം വിയോജിപ്പുകൾ ഏറ്റു വാങ്ങിയ ഒന്നായിരുന്നു 18-ാം അധ്യായം.

▶ ആധുനികതയുമായുള്ള സംവാദം എന്ന നിലയിലുള്ള വായന

സമകാല വായനകൾ ഈ നോവലിലെ ആധുനികതയോടുള്ള സംവാദം എന്ന നിലയിലാണ് 18-ാം അധ്യായത്തെ നോക്കികാണുന്നത്. ആധുനിക വിദ്യഭ്യാസം, നിരീശ്വരവാദം, ഇന്ത്യൻ നാഷണൽ കോൺഗ്രസ് തുടങ്ങയിവയെപ്പറ്റി മാധവൻ, ഗോവിന്ദപ്പണിക്കർ, ഗോവിന്ദകുട്ടിമേനോൻ എന്നിവർ നടത്തുന്ന ചർച്ചയാണ് ഈ അദ്ധ്യായത്തിന്റെ കാതൽ. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നവർ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് ബോധമുള്ളവർ ആകുകയും, അവർ ജാതിക്കോയ്മയെയും സാമ്പത്തിക ആധിപത്യത്തെയും ചോദ്യം ചെയ്യുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു എന്ന പാരമ്പര്യവാദികളുടെ ആകുലതയും ഈ ഭാഗത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. നവോത്ഥാന ആശയങ്ങളുടെ കടന്നുവരവ് പരമ്പരാഗത 'മൂല്യ' സങ്കല്പങ്ങളിലും സാമൂഹിക ഘടനയിലും സൃഷ്ടിച്ച വ്യതിയാനങ്ങളെ വിവിധവ

> ▶ ആധുനിക വിദ്യഭ്യാസം, നീരീശ്വരവാദം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്

ശങ്ങളിൽ നിന്ന് വിശകലനം ചെയ്യുവാൻ ചന്തുമേനോൻ ശ്രമിക്കുന്നുണ്ട്. പൂർണ്ണമായും മരുമക്കത്തായ സമ്പ്രദായവും കൂട്ടുകുടുംബ വ്യവസ്ഥയും ബ്രാഹ്മണ ആധിപത്യവും ബ്രിട്ടീഷ് ഭരണവും ഇല്ലാതാകണം എന്ന ഉറച്ച നിലപാട് ചന്തുമേനോൻ സ്വീകരിക്കുന്നില്ലെങ്കിലും കാലാനുസൃതമായി മാറ്റങ്ങൾ കുടുംബസംവിധാനത്തിലും സാമൂഹികക്രമത്തിലും വരണമെന്ന നിലപാട് അദ്ദേഹത്തിന് ഉണ്ട്.

## 1.1.4 ഇതിവൃത്തവിശകലനം

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായി പരിഗണിക്കുന്നത് ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ'യെ (1889) ആണ്. ഒറ്റ നോവൽ കൊണ്ടുതന്നെ മലയാളസാഹിത്യചരിത്രത്തിൽ സമുന്നത സ്ഥാനം ആർജ്ജിച്ച സാഹിത്യകാരനാണ് ചന്തുമേനോൻ. രണ്ടാമത്തെ നോവലായ 'ശാരദ'യുടെ ഒന്നാംഭാഗം മാത്രമേ ചന്തുമേനോന് എഴുതാൻ സാധിച്ചുള്ളൂ. ശാരദ പൂർത്തിയാക്കുന്നതിനു മുന്നേ അദ്ദേഹം അകാലചരമം പ്രാപിച്ചു. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത സുഹൃത്തുക്കളും ബന്ധുക്കളും ചന്തുമേനോൻ വായിച്ചിരുന്ന ആംഗലേയ നോവലുകളുടെ മാതൃകയിൽ ഒരു നോവൽ രചിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇംഗ്ലീഷ് വായിച്ച് തർജ്ജമ പറഞ്ഞുകൊടുക്കുക എന്നതിനേക്കാൾ എളുപ്പം ഇംഗ്ലീഷ് ബുക്ക് മാതൃകയിൽ ഒരു മലയാളം ബുക്ക് എഴുതുക എന്നതാണ് നല്ലതെന്ന് ചന്തുമേനോന് തോന്നി. അപ്രകാരം അദ്ദേഹം രചിച്ച കൃതിയാണ് ഇന്ദുലേഖ.

> ▶ മലയാളത്തിലെ ആദ്യലക്ഷണമൊത്ത നോവൽ

ഇംഗ്ലീഷ് നോവൽബുക്ക് മാതിരി എഴുതിയ ഒരു കഥ എന്നാണ് ചന്തുമേനോൻ ഇന്ദുലേഖയെ വിശേഷിപ്പിച്ചത്. ഇന്ദുലേഖയുടെ രചനയ്ക്ക് വിക്ടോറിയൻ നോവലുകൾ ആയിരുന്നു മാതൃക എന്നും ഡിസ്റേലിയുടെ ഹെൻട്രിറ്റ ടെമ്പിളിന്റെ സ്വാധീനം ഈ നോവലിൽ ഉണ്ടെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സാധാരണക്കാരെ ആകർഷിക്കാൻ പോകുന്ന രസകരമായ കഥയും നർമ്മത്തിനും പ്രബോധനത്തിനുമുള്ള സാധ്യതയും ക്രിയാപദ്ധതിയുടെ സുഭദ്രമായ പരിസമാപ്തിയും വിക്ടോറിയൻ നോവൽ സങ്കല്പത്തെ അനുസ്മരിപ്പിക്കുന്നതാണ്.

> ▶ വിക്ടോറിയൻ നോവലുകൾ ആയിരുന്നു മാതൃക

നോവലിസ്റ്റ് സർവ്വവ്യാപിയായ സർവ്വജ്ഞന്റെ നിലപാടിൽ നിന്നുകൊണ്ട് കഥപറയുന്ന രീതിയാണ് ഇന്ദുലേഖയ്ക്ക് ഉള്ളത്. കഥാപാത്രങ്ങളെ ബാഹ്യവർണ്ണനകളോടെ അവതരിപ്പിക്കുകയും അവരുടെ സ്വഭാവം വിവരിക്കുകയും ചെയ്യുന്നു. വായനക്കാരെ നേരിട്ട് സംബോധന ചെയ്ത് കഥാഗതിയെക്കുറിച്ചും കഥാപാത്രങ്ങളെക്കുറിച്ചും നോവലിസ്റ്റ് സംസാരിക്കുന്ന സന്ദർഭങ്ങളും ഉണ്ട്. മാധവൻ, ഇന്ദുലേഖ എന്നിവരുടെ പ്രണയകഥയെ പശ്ചാത്തലമാക്കികൊണ്ട് 19-ാം നൂറ്റാണ്ടിന്റെ അവസാന കാലയളവിൽ കേരളത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ അവസ്ഥകളെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും സ്ത്രീ വിദ്യാഭ്യാസത്തെയും പാശ്ചാത്യ പുരോഗമനാശയങ്ങളെയും നവോത്ഥാനപ്രവണതകളെയും ചന്തുമേനോൻ അനുകൂലിച്ചിരുന്നു. അദ്ദേഹത്തിന്റെ അത്തരം നിലപാടുകൾ പാത്രസൃഷ്ടിയിൽ പ്രകടമാണ്.

> ▶ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും സ്ത്രീ വിദ്യാഭ്യാസത്തെയും പരാമർശിക്കുന്നു

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ നായർ, നമ്പൂതിരി

▶ ആധുനിക കുടുംബ വ്യവസ്ഥയെയും മനുഷ്യബന്ധങ്ങളെയും പ്രകാശിപ്പിക്കുന്നു

സമുദായങ്ങളിൽ നിലവിലിരുന്ന മരുമക്കത്തായം, കൂട്ടുകുടുംബം, സംബന്ധം ഏർപ്പാട് തുടങ്ങിയവ നോവലിൽ കടന്നുവരുന്നു. നിലനിന്നുപോന്ന കുടുംബവ്യവസ്ഥയെയും മനുഷ്യബന്ധങ്ങളെയും പരിഷ്കരിക്കാനുള്ള ആഗ്രഹത്തോടുകൂടിയാണ് ചന്തുമേനോൻ ഇന്ദുലേഖ രചിച്ചിരിക്കുന്നത്.

## Summarised Overview

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായി പരിഗണിക്കപ്പെടുന്ന കൃതിയാണ് ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ'(1889). ഇന്ദുലേഖയുടെ രചനയ്ക്ക് വിക്ടോറിയൻ നോവലുകൾ ആയിരുന്നു മാതൃക എന്നും ഡിസ്റേലിയുടെ ഹെൻട്രിറ്റ ടെമ്പിളിന്റെ സ്വാധീനം ഈ നോവലിൽ ഉണ്ടെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാധവൻ, ഇന്ദുലേഖ എന്നിവരുടെ പ്രണയകഥയെ പശ്ചാത്തലമാക്കിക്കൊണ്ട് 19-ാം നൂറ്റാണ്ടിന്റെ അവസാന കാലയളവിലെ കേരളത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ അവസ്ഥകളെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. വിവരണാത്മകവും അതേസമയം ലളിതവുമായ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രഥമപുരുഷനിലുള്ള വിവരണമാണ് പിന്തുടർന്നിട്ടുള്ളത്. ഫലിതവും ആക്ഷേപഹാസ്യവും വിദഗ്ധമായി സന്നിവേശിപ്പിച്ചിട്ടുണ്ട്. നോവലിലെ കഥാപാത്രങ്ങൾക്കെല്ലാവർക്കും സ്വയംപൂർണമായ വ്യക്തിത്വവും സ്വാഭാവികതയും ഉണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ നായർ, നമ്പൂതിരി സമുദായങ്ങളിൽ നിലവിലിരുന്ന മരുമക്കത്തായം, കൂട്ടുകുടുംബം, സംബന്ധം ഏർപ്പാട് തുടങ്ങിയവ നോവലിൽ കടന്നുവരുന്നു. നിലനിന്നുപോന്ന കുടുംബവ്യവസ്ഥയെയും മനുഷ്യബന്ധങ്ങളെയും പരിഷ്കരിക്കാനുള്ള ആഗ്രഹത്തോടുകൂടിയാണ് ചന്തുമേനോൻ 'ഇന്ദുലേഖ' രചിച്ചിരിക്കുന്നത്. മരുമക്കത്തായം വിട്ട് മക്കത്തായത്തിലേക്ക് മാറുവാനുള്ള വ്യഗ്രത, ആധുനികവിദ്യാഭ്യാസം നേടി സാമൂഹികമായും സാമ്പത്തികമായും ശക്തമാകാനുള്ള അഭിലാഷം, ജാതീയമായ വേർതിരിവുകളെയും ഉച്ചനീചത്വങ്ങളെയും വിലക്കുകളെയും ലംഘിക്കാനുള്ള പ്രേരണ, ദേശത്തിന്റെ പരിമിതികൾ കടന്ന് വിശാലമായ ലോകം സ്വപ്നം കാണാനുള്ള വെമ്പൽ തുടങ്ങിയവ നോവലിൽ പ്രകടമാണ്. ഇംഗ്ലീഷ്‌വിദ്യാഭ്യാസം കൊണ്ടുള്ള ഗുണങ്ങൾ, വിദ്യാഭ്യാസം ഇല്ലാതിരുന്നാൽ വരുന്ന ദോഷങ്ങൾ, സംബന്ധത്തിന്റെയും മരുമക്കത്തായത്തിന്റെയും ന്യൂനതകൾ, സ്ത്രീ ശാക്തീകരണത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക്, സ്ത്രീകളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനം, ഏകഭാര്യസമ്പ്രദായത്തിന്റെ ആവശ്യകത, കുടുംബജീവിതത്തിന്റെ ഭദ്രത, ഉദ്യോഗത്തിൽ കൂടിയുള്ള സാമ്പത്തികസ്വാതന്ത്ര്യം, സാംസ്കാരികവികാസം, വ്യവസായവികസനത്തിന്റെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ നോവൽ ചർച്ച ചെയ്യുന്നു. വാർത്താവിനിമയോപാധികളുടെയും ഗതാഗത സമ്പ്രദായങ്ങളുടെയും വികാസം, അച്ചടിയുടെ വ്യാപനം, ജാതിപരമായ ഉച്ചനീചത്വങ്ങളിൽ വന്ന മാറ്റങ്ങൾ, ഭൂനിയമപരിഷ്കാരങ്ങൾ തുടങ്ങിയവ നോവലിൽ സൂചിതമാകുന്നുണ്ട്.

പാത്രസൃഷ്ടി, പ്രമേയം, ഇതിവൃത്തം എന്നിവയിൽ എല്ലാം വൈദഗ്ദ്ധ്യം പ്രകടമാക്കിക്കൊണ്ട് ചന്തുമേനോൻ ഇന്ദുലേഖയിലൂടെ നോവൽ എന്ന നൂതനമായ ഒരു സാഹിത്യരൂപത്തെ കറയറ്റവിധം അവതരിപ്പിക്കുകയും മലയാളനോവൽസാഹിത്യ പ്രസ്ഥാനത്തിന് ശക്തമായ അടിത്തറയിടുകയും ചെയ്തു.

## Assignments

1. ഇന്ദുലേഖ മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവൽ എന്ന് പറയുന്നതിന്റെ യുക്തി, വിമർശനദൃഷ്ട്യാ പരിശോധിക്കുക.
2. ഇന്ദുലേഖയുടെ പതിനെട്ടാം അധ്യായത്തിന്റെ പ്രസക്തി പരിശോധിക്കുക.
3. രണ്ടുതലമുറകളുടെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷമാണ് ഇന്ദുലേഖയിൽ ദൃശ്യമാകുന്നത്. വിശദീകരിക്കുക.
4. കഥാപാത്രനിർമ്മിതിയിൽ ചന്തുമേനോൻ പുലർത്തിയ സൂക്ഷ്മതയ്ക്ക് തെളിവാണ് സൂരിനമ്പൂതിരിപ്പാട്. സമർത്ഥിക്കുക.
5. 'അക്കാലത്തെ കേരളസമൂഹത്തിന്റെ സാമ്പത്തിക-സാംസ്കാരിക വശങ്ങൾ ഇന്ദുലേഖയിൽ തെളിഞ്ഞ് കാണാം'. വിശദമാക്കുക.
6. സാമൂഹിക നവോത്ഥാനത്തെ സംബന്ധിച്ചുള്ള എന്തൊക്കെ ആശയങ്ങളാണ് ഇന്ദുലേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിശദമാക്കുക.
7. ചന്തുമേനോൻെറ പാത്രസൃഷ്ടിവൈഭവം. വിശദമാക്കുക.

## Suggested Readings


1. രാജഗോപാലൻ, ഇ. പി., ഇന്ദുലേഖ - വായനയുടെ ദിശകൾ, സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ബാലകൃഷ്ണൻ, പി. കെ., ചന്തുമേനോൻ ഒരുപഠനം, ഡി. സി. ബുക്സ്, കോട്ടയം.
3. ഒ. ചന്തുമേനോൻ, ഇന്ദുലേഖ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## References


1. ജോർജ്, ഇരുമ്പയം, ആദ്യകാലമലയാളനോവൽ, സാഹിത്യ പ്രവർത്തകസഹകരണ സംഘം, കോട്ടയം.
2. തരകൻ, കെ. എം., മലയാള നോവൽസാഹിത്യചരിത്രം, കോട്ടയംസാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
3. തരകൻ. കെ. എം., ആധുനികനോവൽദർശനം, കോട്ടയം ,സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
4. അച്യുതൻ, എം., നോവൽപ്രശ്നങ്ങളും പഠനങ്ങളും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

5. അപ്പൻ, കെ. പി., കലഹവും വിശ്വാസവും, കോട്ടയം ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം.
6. അശോകൻ, കെ., നോവൽ മലയാളത്തിൽ, കോട്ടയം, നാഷണൽ ബുക്ക്സ, കോട്ടയം.
7. ജോർജ് ഇരുമ്പയം, മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.
8. ജോർജ് ഓണക്കൂർ, നായകസങ്കല്പം മലയാളനോവലിൽ, പ്രഭാത് ബുക്സ്, തിരുവനന്തപുരം.
9. ബാലകൃഷ്ണൻ, പി. കെ., നോവൽ സിദ്ധിയും സാധനവും എസ്. പി. സി. എസ്, കോട്ടയം.
10. രാജശേഖരൻ, പി. കെ., അന്ധനായദൈവം, ഡി. സി. ബുക്സ്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 2

# രണ്ടിടങ്ങഴി

## തകഴി ശിവശങ്കരപ്പിള്ള

## Learning Outcomes

- റിയലിസ്റ്റിക് പ്രസ്ഥാനത്തിൻെറ സവിശേഷതകൾ മനസ്സിലാക്കുക
- സോഷ്യലിസ്റ്റ് ആശയങ്ങളോടുള്ള ആകർഷണത്തെയും സാഹിത്യത്തിൽ അവയുടെ ആവിഷ്കരണ ശ്രമങ്ങളെയും കുറിച്ചുള്ള സാമാന്യധാരണ
- തകഴി ശിവശങ്കരപ്പിള്ളയെക്കുറിച്ചുള്ള ധാരണ നേടുക
- 'രണ്ടിടങ്ങഴി' എന്ന നോവലിനെ സവിശേഷമായി മനസ്സിലാക്കുക
- അക്കാലത്തെ കുട്ടനാട്ടിലെ കർഷക ജീവിതത്തിന്റെ സംഘർഷങ്ങൾ യാഥാർത്യബോധത്തിൽ തിരിച്ചറിയുക

## Background

മലയാളസാഹിത്യത്തിലെ റിയലിസ്റ്റിക് പ്രസ്ഥാനത്തിൻെറ ശ്രേഷ്ഠനായ ഉപജ്ഞാതാവായി പരിഗണിക്കപ്പെടുന്ന എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള. കുട്ടനാടിൻെറ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന തകഴി ശിവശങ്കരപ്പിള്ള കേരളത്തിലെ മോപ്പസാങ്ങ് എന്നും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. 1984 ലെ ജ്ഞാനപീഠം പുരസ്കാരം അദ്ദേഹത്തിന് ലഭിച്ചു. 'ത്യാഗത്തിൻെറ പ്രതിഫലം' ആദ്യ നോവലാണ്. കയർ, ചെമ്മീൻ, ഏണിപ്പടികൾ, തോട്ടിയുടെ മകൻ, അനുഭവങ്ങൾ പാളിച്ചകൾ, തുടങ്ങി നിരവധി നോവലുകളും അനേകം ചെറുകഥകളും രചിച്ചിട്ടുണ്ട്.

സോഷ്യലിസ്റ്റ് ആശയങ്ങളോടുള്ള ആകർഷണവും തൊഴിലാളി കർഷക സംഘടനാ പ്രവർത്തനങ്ങളുമായുള്ള ബന്ധവും തകഴിയുടെ ആശയലോകത്തെ രൂപപ്പെടുത്തിയ ഘടകങ്ങളാണ്. പുരോഗമനസാഹിത്യപ്രസ്ഥാനത്തിൻെറ ആവിർഭാവത്തിനു മുമ്പ് തന്നെ തകഴിയും കേശവദേവും ബഷീറും സമൂഹത്തിലെ അടിത്തട്ടിലുള്ളവരുടെ ദുരിതപൂർണ്ണമായ ജീവിതയാഥാർത്ഥ്യങ്ങളെ യഥാതഥമായി ആവിഷ്കരിച്ചു. അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ വർഗ്ഗ പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയവയായിരുന്നു. യാതനാപൂർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങൾ അതേ രൂപത്തിൽ ആവിഷ്കരിക്കുവാനും അതേസമയം മനോവികാരങ്ങളുടെ സൂക്ഷ്മാപഗ്രഥനം നടത്തുവാനും തകഴിക്ക് സാധിച്ചു. തകഴിയുടെ പ്രതിഭയെ രൂപപ്പെടുത്തി എടുക്കുന്നതിൽ കേസരി ബാലകൃഷ്ണപിള്ളയുടെ പങ്ക് വളരെ വലുതായിരുന്നു. കേസരി ബാലകൃഷ്ണപിള്ളയുമായുള്ള ബന്ധം യൂറോപ്യൻ സാഹിത്യവുമായി വിപുലമായ സമ്പർക്കം നേടാൻ സഹായിച്ചു. ബൽസാക്, മോപ്പസങ്ങ്, ഫ്ലബേർ തുടങ്ങിയ ഫ്രഞ്ച് എഴുത്തുകാരിലേക്ക് തകഴിയുടെ ശ്രദ്ധ തിരിച്ചുവിട്ടത് കേസരിയാണ്.

സമകാലരാഷ്ട്രീയസ്ഥിതിവിശേഷത്തോട് നേരിട്ട് പ്രതികരിക്കുന്നവയാണ് 1940 കളിൽ തകഴി രചിച്ച രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, തലയോട് എന്നീ നോവലുകൾ. തോട്ടികളുടെയും തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും ഉയർത്തെഴുന്നേൽപ്പിൻെറ രാഷ്ട്രീയ കഥാഖ്യാനങ്ങളാണ് ഈ നോവലുകൾ. രാഷ്ട്രീയത്തിൻെറയും കലയുടെയും സമന്വയം ഇവയിൽ കാണാം. പ്രത്യയശാസ്ത്രത്തെ ആവിഷ്കരിക്കുവാൻ ശ്രമിക്കുകയും അതിനെ സംവേദനക്ഷമതയോടെ അവതരിപ്പിക്കുകയും ചെയ്തു.

## Key Themes

ജന്മി കുടിയാൻ ബന്ധത്തിന്റെ സ്ഥാനത്ത് മുതലാളി തൊഴിലാളി ബന്ധം നിലവിൽ വരുന്നതും, കുട്ടനാടൻ കാർഷിക ജീവിതത്തിൽ അത് ഉളവാക്കിയ സംഘർഷവും.

## Discussion

### 1.2.1 ഇതിവൃത്തസംഗ്രഹം

കുട്ടനാട്ടിലെ കാർഷികരംഗത്ത് 1940കളിൽ വികസിച്ച സംഘർഷാത്മകമായ സാഹചര്യങ്ങളാണ് 'രണ്ടിടങ്ങഴി'യുടെ പശ്ചാത്തലം. കൃഷി ഒരു വ്യവസായമായി മാറിയതോടെ ജന്മി സ്വാർത്ഥനും ക്രൂരനും ആയി മാറുന്നു. കുടിയാൻ നിരന്തരമായ പീഢാനുഭവങ്ങളിലൂടെ കടന്നു പോകേണ്ടിവരുന്നു. അവർ അനുഭവിച്ച അവഗണനയും നേരിട്ട ചൂഷണവും അവരിൽ രാഷ്ട്രീയ അവബോധവും വർഗ്ഗബോധവും വികസിക്കാനുള്ള പ്രേരണയായി. ഈ വികാസത്തിന്റെ സൂക്ഷ്മമായ ചിത്രണം നോവലിലുണ്ട്. ഫ്യൂഡൽമൂല്യങ്ങൾ തകരുന്നതും കൃഷി ഒരു വ്യവസായമായി മാറുന്നതും ജന്മി കുടിയാൻ ബന്ധത്തിന്റെ സ്ഥാനത്ത് മുതലാളി തൊഴിലാളി ബന്ധം നിലവിൽ വരുന്നതും ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തി പ്രാപിക്കുന്നതും നോവലിൽ പ്രതിപാദിക്കുന്നു. ഈ ഒരു സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം കുട്ടനാടൻ കാർഷിക ജീവിതത്തിൽ ഉളവാക്കിയ സംഘർഷം ചാത്തൻ, കോരൻ, ചിരുത എന്നിവരുടെ ജീവിതകഥയിലൂടെ വിവരിക്കുന്നു.

▶ വിരുദ്ധങ്ങളായ രണ്ട് പ്രത്യയശാസ്ത്രങ്ങളുടെ സംഘട്ടനം

ചിരുതയുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിച്ചു കൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. സുന്ദരിയും ആരോഗ്യവതിയും അധ്വാനശീലയുമായ ചിരുതയ്ക്ക് നാട്ടുനടപ്പില്ലാത്ത വിധം പെൺപണം അവളുടെ പിതാവ് ആവശ്യപ്പെടുന്നു. പല വിവാഹാലോചനകളും പെൺപണത്തിന്റെ പേരിൽ നടക്കാതെ വരുന്നു. ചിരുതയിൽ ആകൃഷ്ടനായ കോരൻ ചിരുതയുടെ പിതാവ് ആവശ്യപ്പെട്ട വർധിച്ച പെൺപണം നൽകി അവളെ വിവാഹം ചെയ്യുന്നു. പെൺപണം കണ്ടെത്തുന്നതിന്റെ ഭാഗമായി അവൻ പുഷ്പവേലിൽ ഔസേപ്പ് എന്ന ജന്മിയുടെ ഓണപ്പണിക്കാരനായി മാറുന്നു. വിവാഹവുമായി ബന്ധപ്പെട്ട് കോരന് കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും അനിഷ്ടം നേരിടേണ്ടിവരുന്നു. വിവാഹദിനം ഉണ്ടായ ചില തർക്കങ്ങളെ തുടർന്ന് ബന്ധുക്കൾ അവനെ കയ്യൊഴിയുകയും അവൻ സുഹൃത്ത് കുഞ്ഞപ്പിയുടെ വീട്ടിൽ താമസിക്കുകയും ചെയ്യുന്നു.

▶ പെൺപണം നൽകി കോരൻ ചിരുതയെ വിവാഹം ചെയ്യുന്നു.

തുടർന്നുള്ള അധ്യായങ്ങളിൽ കോരനും ചിരുതയും തമ്മിലുള്ള ദാമ്പത്യത്തിന്റെ വിശദാംശങ്ങൾ കാല്പനിക ശോഭയോടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. അതിനു സമാന്തരമായി കോരനുൾപ്പെടെയുള്ള കർഷകർ അഭിമുഖീകരിക്കുന്ന വിവിധതരത്തിലുള്ള പ്രശ്നങ്ങളും ചൂഷണങ്ങളും അനാവരണം ചെയ്യുന്നു. പുഷ്പവേലിൽ ഔസേപ്പിനു വേണ്ടി രാപകൽ ആത്മാർത്ഥമായി അധ്വാനിക്കുന്നു

വെങ്കിലും അവരുടെ ദാരിദ്ര്യം നീങ്ങുന്നില്ല. കൂലിയായി കർഷകർക്ക് തുച്ഛമായ തുക നൽകിയിട്ട് നെല്ല് മുതലാളിമാർ കരിഞ്ചന്തയ്ക്ക് വില്ക്കുകയായിരുന്നു. കൂലിയായി ലഭിക്കുന്ന തുകയ്ക്ക് നെല്ല് വാങ്ങി വിശപ്പടക്കാൻ കർഷകർക്ക് സാധിക്കുമായിരുന്നില്ല. ആ സാഹചര്യത്തിൽ കോരൻ കൂടുതൽ കൂലിയായി നെല്ല് ആവശ്യപ്പെടുന്നു. പുരോഗമന ആശയങ്ങളുടെ പ്രചാരണം ആ കാലയളവിൽ കുട്ടനാട്ടിലും സംഭവിച്ചു. പ്രത്യയശാസ്ത്രത്തിന്റെ സൈദ്ധാന്തികവശങ്ങൾ ഒന്നും ഉൾക്കൊണ്ടില്ലെങ്കിലും സഹജാവബോധത്തോടെ തങ്ങളുടെ അവകാശത്തെക്കുറിച്ചുള്ള ബോധം ക്രമേണ കർഷകരിൽ വികസിച്ചു. കുട്ടനാട്ടിൽ കർഷകത്തൊഴിലാളിസംഘടന വികാസം പ്രാപിക്കുകയും കോരൻ അതിന്റെ നായകസ്ഥാനത്ത് എത്തുകയും ചെയ്തു.

- കോരനിൽ രാഷ്ട്രീയ അവബോധവും വർഗ്ഗ ബോധവും വളർന്നു

തൊഴിലാളികൾ കൂടുതൽ അവകാശബോധമുള്ളവരായി. അവർ പ്രതികരിക്കാനും പ്രതിഷേധിക്കാനും തുടങ്ങി. സർക്കാർ ഭൂവുടമകളുടെ പക്ഷത്തായിരുന്നു. കർഷക പ്രതിഷേധങ്ങളെ അമർച്ച ചെയ്യുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സാഹചര്യത്തിൽ കോരൻ ഒളിവിൽ പോയി. ഗർഭവതിയായ ചിരുത കുടിലിൽ ഒറ്റയ്ക്കായി. വല്ലപ്പോഴും രാത്രികാലങ്ങളിൽ ഒളിച്ച് കുടിലിൽ എത്തുവാനേ കോരന് പറ്റുമായിരുന്നുള്ളൂ. ഒരുദിനം കുടിലിലെത്തുന്ന കോരൻ, ജന്മിപുത്രൻ ചിരുതയെ ആക്രമിക്കാൻ മുതിരുന്നതിന് സാക്ഷിയാവുകയും അവൻ അയാളെ കൊലപ്പെടുത്തുകയും ചെയ്തു. തടവിലായ കോരൻ ചിരുതയെ ചാത്തന്റെ കൈകളിൽ ഏൽപ്പിച്ചു. കോരൻ ജയിൽവിമുക്തനായി തിരിച്ചെത്തുന്നതുവരെ ചിരുതയും ചാത്തനും സഹോദരീസഹോദരന്മാരായി ജീവിച്ചു. മടങ്ങിയെത്തിയ കോരനുമായി ചിരുത ജീവിതം തുടർന്നു.

- അവകാശബോധമുള്ള തൊഴിലാളികൾ

## 1.2.2. കഥാപാത്രപഠനം

### കോരൻ

വിപ്ലവപ്രവർത്തനത്തിനായി ഇറങ്ങിപ്പുറപ്പെടുന്ന കർമ്മധീരനായ കഥാപാത്രമാണ് കോരൻ. സാധാരണക്കാരനായ ഏതൊരു കർഷകയുവാവിനെയും പോലെയായിരുന്നു പ്രാരംഭത്തിൽ കോരൻ, ചിരുതയായിരുന്നു അവന്റെ പ്രാണവായു. അവളുടെ സന്തോഷം മാത്രമായിരുന്നു അവന്റെ ജീവിതലക്ഷ്യം. സ്വന്തമായി ഒരു കൂരയിൽ അവളുമൊത്ത് ജീവിതം നയിക്കുക, നല്ല വസ്ത്രങ്ങൾ ധരിച്ച് ആലപ്പുഴയിൽ പോയി ഒരു സിനിമ കാണുക, അവൾക്ക് പട്ടിണിവരാതെ നോക്കുക തുടങ്ങിയവയിൽ ഒതുങ്ങിനിന്നു അവന്റെ ലക്ഷ്യം.

- ചിരുതയുമൊത്തൊരു സന്തുഷ്ടദാമ്പത്യം എന്ന ലക്ഷ്യം

കൃഷിക്കാരനെന്ന നിലയിലുള്ള കർത്തവ്യങ്ങളെക്കുറിച്ച് കൃത്യമായ ധാരണയും അവ നിർവഹിക്കുന്നതിൽ നിഷ്ഠയും വീഴ്ച പറ്റിയാൽ ഖേദവും ഓരോ അടിയാനും ഉണ്ടായിരുന്നു. അതിനനുസൃതമായ ഒരു മനോഭാവം തന്നെയാണ് കോരനിലും പ്രാരംഭത്തിൽ കണ്ടിരുന്നത്. തമ്പുരാക്കന്മാരെ അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും അവർക്ക് ഏറ്റവും നല്ല വിള നൽകാനായി ആത്മാർത്ഥമായി അധ്വാനിക്കുകയും ചെയ്യുന്നവരാണ് കുട്ടനാടൻ കർഷകർ. തമ്പുരാന് വേണ്ടി കഷ്ടപ്പെടുക എന്നത് തങ്ങളുടെ ജന്മോദ്ദേശ്യമായി അവർ കണ്ടു. പുഷ്പവേലിൽ ഔസേപ്പിന്റെ പണിക്കാ

> ▶ കഠിനാധ്വാനിയായ കർഷകത്തൊഴിലാളി

രുടെ അനാസ്ഥയെക്കുറിച്ചുള്ള പരാമർശംകേട്ട് കോരന് അപമാനം തോന്നുന്ന ഒരു സന്ദർഭമുണ്ട്. അതിൽ പ്രകോപിതനായ അവൻ വളരെ ആവേശത്തോടുകൂടിയാണ് പിറ്റേദിവസം മുതൽ കൂടുതൽ വിളവിനുവേണ്ടി കഠിനാധ്വാനത്തിനായി ഇറങ്ങുന്നത്.

എന്നാൽ താൻ ആത്മാർത്ഥമായി അധ്വാനിച്ചുണ്ടാക്കിയ വിളയിൽ നിന്ന് ഒരു ചെറുകറ്റക്കുള്ള അവകാശംപോലും തനിക്കനുവദിക്കപ്പെട്ടിട്ടില്ല എന്ന് ബോധ്യപ്പെട്ടതോടെയാണ് അവൻ പ്രതികരിക്കാൻ തുടങ്ങുന്നത്. പിന്നീടങ്ങോട്ട് അവൻ എല്ലാകാര്യങ്ങളെയും തികഞ്ഞ വർഗ്ഗബോധത്തോടെ സമീപിക്കാൻ ആരംഭിച്ചു. പുഷ്പവേലിൽ ഔസേപ്പിൽ നിന്നും തെല്ലൊരവകാശബോധത്തോടെയാണ് അവൻ പണം കടംവാങ്ങുന്നത്. തന്നെപ്പോലുള്ളവരുടെ അധ്വാനഫലമാണ് ഔസേപ്പിൻെറ ധനം എന്ന് അവൻ പറയുന്നു. വർഗ്ഗബോധമുള്ള തൊഴിലാളിയും വിപ്ലവനേതാവുമായി കോരൻ മാറുന്നു. ചിരുതയെ സ്വന്തമാക്കുന്ന കാര്യത്തിൽ ഒരു പ്രതിയോഗിയായി കണ്ടിരുന്ന ചാത്തനെ ചിരുതയുടെ സംരക്ഷണം ഏല്പിക്കാൻ തക്കവിധം കോരൻ പരിണമിക്കുന്നു.

> ▶ വർഗ്ഗബോധമുള്ള തൊഴിലാളിയും വിപ്ലവനേതാവുമായി കോരൻ മാറുന്നു.

കോരൻ ചിരുതയെ സ്വന്തമാക്കിയെങ്കിലും പിന്നീട് അവൻ മറ്റു ലക്ഷ്യങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവക്കുമ്പോൾ – അത് വിശാലവും ഉത്കൃഷ്ടവുമായ ലക്ഷ്യമാണെങ്കിൽ പോലും – സ്ത്രീപുരുഷബന്ധാടിസ്ഥാനത്തിൽ നോക്കുമ്പോൾ ചിരുതയോട് അവൻ നീതി കാട്ടിയില്ല എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. അതുകുടാതെ അവൻ ചിരുതയുടെ സ്നേഹസ്ഥിരതയെ തിരിച്ചറിയുന്നുമില്ല. അതുകൊണ്ടാണ് അവൻ അവളോട് ചാത്തൻെറ ഭാര്യ ആയിരിക്കുവാൻ ആവശ്യപ്പെടുന്നത്. തൻെറ ജീവിതത്തിൽ കോരൻ മാത്രമേയുള്ളൂ എന്ന ചിരുതയുടെ ഉറപ്പിനെ കാണുവാനുള്ള കണ്ണ് കോരന് ഉണ്ടായിരുന്നില്ല അല്ലെങ്കിൽ അയാൾ അത് കണ്ടില്ലെന്ന് നടിച്ചു. നോവലിൻെറ അവസാനം ചാത്തനോട് നിനക്ക് എത്ര മക്കളുണ്ട് എന്ന് ചോദിക്കാൻ കോരൻ മുതിർന്നത് അവന് ചിരുതയുടെ ചാരിത്രനിഷ്ഠയെ തിരിച്ചറിയാൻ സാധിക്കാതെ പോയതുകൊണ്ടാണ്.

> ▶ കോരൻ ചിരുതയുടെ സ്നേഹസ്ഥിരതയെ പരിഗണിക്കാൻ ശ്രമിച്ചില്ല

ചിരുതയെ പൂർണമായും മനസ്സിലാക്കുവാനോ അവളുടെ പ്രശ്നങ്ങളെ തിരിച്ചറിയുവാനോ കോരന് സാധിക്കുന്നില്ല. കർഷകത്തൊഴിലാളി നേരിടുന്ന ചൂഷണത്തെ തിരിച്ചറിയുന്ന അവൻ കൺമുമ്പിൽ ചോരയും നീരുമുള്ള പറയികൾ ചെറുബാല്യക്കാരായ ജന്മിപുത്രന്മാരുടെ ലൈംഗിക ചൂഷണത്തിന് നിരന്തരം വിധേയമായിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം കാണാതെ പോകുന്നു. സ്വന്തം പെണ്ണിൻെറ ചാരിത്രശുദ്ധി എന്നത് പറയനെ സംബന്ധിച്ച് സർവപ്രാധാന്യമുള്ളതാണെന്നും അതിലേക്കുള്ള കടന്നുകയറ്റത്തെ അങ്ങേയറ്റം വീര്യത്തോടെ അവൻ നേരിടുമെന്നും അത് കൊലയിലായിരിക്കും ചെന്നെത്തുക എന്നും സ്ത്രീകൾ ഭയപ്പെട്ടതിനാൽ അവർ ചൂഷണത്തെ മറച്ചുവെച്ചു എന്നുമാണ് നോവലിസ്റ്റ് പറയുന്നത്. എങ്കിലും ഇത്തരം കാര്യങ്ങൾ കോരനെപ്പോലുള്ളവർ തിരിച്ചറിഞ്ഞില്ല എന്നത് അസ്വാഭാവികത ഉളവാക്കുന്നു.

> ▶ കർഷകത്തൊഴിലാളി നേരിടുന്ന ചൂഷണത്തെ തിരിച്ചറിയുന്ന കോരൻ.

## ചാത്തൻ

നോവലിലെ ഇതര കഥാപാത്രങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന വ്യക്തിത്വമാണ് ചാത്തന് ഉള്ളത്. മറ്റു കഥാപാത്രങ്ങളുടെ ക്രിയകളും മനോവ്യാപാരങ്ങളും കുട്ടനാടൻ കാർഷിക പശ്ചാത്തലവുമായും സമകാലിക സാമൂഹികസംഘർഷങ്ങളുമായും കെട്ടുപിണഞ്ഞു കിടക്കുന്നു. എന്നാൽ വൈയക്തികമായ സ്വകാര്യാനുഭവങ്ങളുമായി ബന്ധപ്പെട്ട മാനസിക സംഘർഷാവസ്ഥകളാണ് ചാത്തനിൽ മുഖ്യമായുള്ളത്. ഒരു പെണ്ണിനെ സ്വന്തമാക്കാൻ ആഗ്രഹിക്കുകയും അവളെ മറ്റൊരാൾ വിവാഹം ചെയ്തതിനുശേഷവും അവളോടുള്ള സ്നേഹത്തിന് കുറവൊന്നും വരാതെ അവളുടെ സന്തോഷത്തിനു വേണ്ടി ജീവിതം മാറ്റിവെക്കുകയും ചെയ്ത പരുഷനാണ് ചാത്തൻ.

▶ ചാത്തനിൽ വൈകാരികതയും ആദർശപരതയുമാണ് കാണുന്നത്.

ചാത്തനും കോരനെപ്പോലെ ചിരുതയെ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ കോരനേക്കാൾ മുന്നേ പെൺപണം കണ്ടെത്താൻ സാധിക്കാത്തതിനാൽ അവന് ചിരുതയെ നഷ്ടപ്പെടുകയാണ് ഉണ്ടായത്. ചിരുതയെ സ്വന്തമാക്കാൻ കഴിയാതെ പോയതിൽ ഖേദം ഉണ്ടായെങ്കിലും ചാത്തന് കോരനോടോ ചിരുതയോടോ വിദ്വേഷം തോന്നിയില്ല. മാത്രമല്ല, വിവാഹാനന്തരം കോരൻെറ ബന്ധുക്കൾ എല്ലാം പിണങ്ങി മാറിയപ്പോൾ ചാത്തൻ അവനെ ആശ്വസിപ്പിക്കുന്നു. പിന്നീടങ്ങോട്ട് കോരൻെറയും ചിരുതയുടെയും ദാമ്പത്യത്തെ അംഗീകരിച്ചുകൊണ്ട് അവൻ അവരുമായി ആശാസ്യമായ അകലം പാലിച്ച് സൗഹൃദം നിലനിറുത്തി. അതേസമയം തൻെറ ജീവിതത്തിൽ ചിരുത അല്ലാതെ വേറൊരു സ്ത്രീ ഇല്ല എന്ന് ചാത്തൻ ഉറപ്പിക്കുന്നുമുണ്ട്

▶ നഷ്ടപ്രണയത്തിൽ ദുഃഖിതൻ

പിന്നീട് കോരൻ തന്നെ ചിരുതയെ ചാത്തൻെറ കൈപിടിച്ച് ഏൽപ്പിക്കുന്നത് മുതലാണ് അവൻ വീണ്ടും ചിരുതയുടെ ജീവിതവുമായി ബന്ധപ്പെടുന്നത്. ചാക്കോയുടെ കടന്നാക്രമണത്തെ തുടർന്ന് ബോധരഹിതയായ ചിരുതയെ ചാത്തൻ ആത്മാർത്ഥതയോടെ പരിചരിക്കുന്നു. സുഖം പ്രാപിക്കുന്ന ചിരുതയെ കാണുമ്പോൾ അവൻ ഉത്സാഹഭരിതനാകുന്നു. ആ സന്ദർഭത്തിൽ ഇത്ര നന്നായി കോരൻ തന്നെ പരിചരിക്കുകയോ തൻെറ സുഖപ്രാപ്തിയിൽ ഉത്സാഹം കൊള്ളുകയോ ചെയ്യുമായിരുന്നോ എന്ന് ചിരുത സംശയിക്കുന്നുമുണ്ട്.

▶ പ്രണയസാഫല്യത്തിന് അനുകൂലമായ സാഹചര്യം

ചിരുതയെ കോരൻ ചാത്തൻെറ കൈപിടിച്ചേല്പിച്ചെങ്കിലും തന്നെ പെങ്ങൾ എന്ന് വിചാരിച്ചാൽ മതി എന്ന് ചിരുത ചാത്തനോട് ആവശ്യപ്പെടുന്നു. തൻെറ ജീവിതത്തിൽ കോരനല്ലാതെ ഇനിയൊരു പുരുഷന് സ്ഥാനമില്ല എന്ന നിലപാട് അവൾ വ്യക്തമാക്കി. ചിരുത നൽകിയ സഹോദരസ്ഥാനം അംഗീകരിച്ചുകൊണ്ട് അവൻ നീണ്ടകാലം പുറം വരാന്തയിൽ കാറ്റും തൂവാനവും ഏറ്റ് അവൾക്ക് കാവൽ കിടന്നു. അവൾ അനുവദിച്ചതിനപ്പുറം അവൻ ഒരു അടിപൊലും മുന്നോട്ടു കടന്നില്ല. എങ്കിലും അവൻെറ അന്തരംഗം അവളുടെ ഒരു അനുകൂല വാക്കിന് ആഗ്രഹിച്ചിരുന്നു. ചിരുതയുടെ നിലപാടിനെ സ്നേഹ ശൂന്യതയായോ സ്വാർത്ഥതയോ കാണാതെ സാമൂഹ്യ മര്യാദകൾ പാലിക്കുകയാണ് എന്ന് ചാത്തൻ ന്യായീകരിച്ചു.

▶ തന്നെ പെങ്ങളായി മാത്രം കരുതിയാൽ മതിയെന്ന് ചിരുത

തൊഴിലാളികൾ ജീവൻമരണ സമരത്തിൽ ഏർപ്പെട്ടസമയത്ത്

അവർക്കൊപ്പം പുറപ്പെടാതെ അവൻ ചിരുതയ്ക്ക് കാവലിരുന്നു. ചിരുതയുടെ പ്രസവസന്ദർഭത്തിൽ അവൻ മാത്രമാണ് തുണയായുണ്ടായിരുന്നത്. അവൾ പ്രസവിച്ചപ്പോൾ കുഞ്ഞിനെ ചാത്തൻ ഏറ്റുവാങ്ങി. ആ കുഞ്ഞിനെ അവൻ വളർത്തി. ജയിൽ വിമുക്തനായെത്തിയ കോരന്റെ മുന്നിൽ ഞങ്ങൾ ആണ്ങളയും പെങ്ങളും ആയിരുന്നു എന്നവൻ പൗരുഷത്തിന്റെയും സന്മാർഗത്തിന്റെയും തന്റേടത്തോടെ വെളിപ്പെടുത്തി. സ്നേഹം എന്നാൽ ത്യാഗമാണെന്നും സ്നേഹിക്കുന്നവരുടെ സന്തോഷം സംരക്ഷിക്കുകയാണ് യഥാർത്ഥ സ്നേഹം എന്നുമാണ് ചാത്തൻ തന്റെ ജീവിതംകൊണ്ട് തെളിയിച്ചത്. വ്യത്യസ്തമായ രീതിയിലുള്ള ഒരു വിപ്ലവ പ്രവർത്തനമാണ് ചാത്തൻ നിർവഹിച്ചത് എന്ന് പറയാം. സംഘടനാ പ്രവർത്തനത്തിനിടയിൽ തടവിലാക്കപ്പെട്ട നേതാവിന്റെ കുടുംബത്തെ സംരക്ഷിക്കുകയും പുതിയൊരു തലമുറയെ വിപ്ലവ പ്രസ്ഥാനത്തിനായി വളർത്തിയെടുക്കുകയുമാണ് ചിരുതയെയും വെളുത്തയെയും സംരക്ഷിച്ചുകൊണ്ട് ചാത്തൻ നിർവഹിക്കുന്നത്.

> ▶ സ്നേഹമെന്നാൽ ത്യാഗമാണെന്ന് ചാത്തൻ തെളിയിക്കുന്നു.

## ചിരുത

ആരോഗ്യവതിയും സുന്ദരിയും അധ്വാനശീലയും ഊർജ്ജസലയുമായ കഥാപാത്രമാണ് ചിരുത. എട്ടിൽ തറയിൽ കാളിപ്പറയന്റെ മകൾ. പറിച്ചു നടാൻ ആണെങ്കിലും പുഞ്ചപ്പാടത്ത് ഏത് ജോലിക്കാണെങ്കിലും അതുപോലെ വീട്ടുജോലിക്കാണെങ്കിലും അതിസമർത്ഥയാണ് അവൾ. അവളെ ഒരുവന് കിട്ടിയാൽ ആ കുടുംബം പട്ടിണിയില്ലാതെ കഴിയും. ഇപ്രകാരമാണ് ആരംഭത്തിൽ നോവലിസ്റ്റ് ചിരുതയെ അവതരിപ്പിക്കുന്നത്. തന്നെ മോഹിച്ചെത്തിയ കോരനോട് അവൾക്ക് യൗവനസഹജമായ താല്പര്യം തോന്നുന്നുവെങ്കിലും അവൾ നാട്ടുനടപ്പനുസരിച്ച് മാതാപിതാക്കളുടെ ഇച്ഛാനുസരണം പ്രവർത്തിക്കുകയാണ്. അച്ഛൻ ഏറെ പണം ആവശ്യപ്പെട്ട് അവളുടെ വിവാഹം നീട്ടിക്കൊണ്ടു പോകുന്നത് സംബന്ധിച്ച് അച്ഛനമ്മമാർ തമ്മിൽ തർക്കങ്ങളിൽ ഏർപ്പെടുന്നത് അവളെ വിഷമിപ്പിക്കുന്നുണ്ടായിരുന്നു. തന്റെ പിതാവ് ആവശ്യപ്പെട്ട വലിയ സംഖ്യ പെൺപണം നല്കി തന്നെ സ്വന്തമാക്കിയ കോരന്റെ സ്നേഹത്തെയും ആത്മാർത്ഥതയെയും അവൾ തിരിച്ചറിയുകയും അംഗീകരിക്കുകയും അതിനനുസരിച്ച് വിശ്വസ്തതയും ആത്മാർത്ഥതയും അവനോട് പുലർത്താൻ ശ്രദ്ധിക്കുകയും ചെയ്തു. വളരെ പ്രണയത്തോടുകൂടി തന്നെയാണ് ഇരുവരും ജീവിച്ചു പോരുന്നത്.

> ▶ ചിരുത പാലിക്കേണ്ട എല്ലാ കർത്തവ്യങ്ങളും നിർവഹിച്ചു പോന്നു

ചിരുത സാമൂഹികോത്തരവാദിത്വവും വർഗ്ഗബോധവും പ്രകടിപ്പിക്കുന്ന സന്ദർഭവും ഉണ്ട്. ഞങ്ങൾ പെണ്ണുങ്ങളും യോഗമുണ്ടാക്കും, ഞങ്ങൾക്കും കാര്യമുണ്ട്, ജയിലിൽ പോകും എന്ന് അവൾ പറയുന്നുണ്ട്. ദാമ്പത്യം ഒരു മാർഗ്ഗതടസ്സമാണെന്ന് കോരൻ വെളിപ്പെടുത്തുമ്പോൾ താൻ ഒന്നിനും തടസ്സമായിരിക്കത്തില്ല, എവിടെപ്പോയാലും ഒരു ചൊമടായിരിക്കില്ല എന്ന് അവൾ വ്യക്തമാക്കുന്നു. തൊഴിലാളികൾ ആകമാനം ജീവൻ മരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന സന്ദർഭത്തിൽ അതിൽ പങ്കെടുക്കാതെ കുടിലിൽ ഇരിക്കുന്ന ചാത്തനോട് അവൾക്ക് വിയോജിപ്പ് തോന്നുന്നുമുണ്ട്.

> ▶ സാമൂഹികോത്തരവാദിത്വവും വർഗ്ഗബോധവും പ്രകടിപ്പിക്കുന്നുണ്ട്.

തന്റെ പാതിവ്രത്യം കാക്കുന്നതിൽ ചിരുത പ്രകടിപ്പിക്കുന്ന

നിഷ്ഠ നോവലിലെ പ്രധാന ഘടകമാകുകയാണ്. അക്കാലത്ത് ഭൂവുടമകളായ പുരുഷന്മാർ യുവതികളായ അടിയാത്തികളെ ശാരീരിക ചൂഷണത്തിന് വിധേയമാക്കുക പതിവായിരുന്നു. ഒന്ന് പ്രസവിച്ചു കഴിഞ്ഞാൽ തമ്പ്രാക്കന്മാരുടെ ഉപദ്രവം ഉണ്ടാകില്ല എന്ന് മറ്റു സ്ത്രീകളിൽ നിന്ന് മനസ്സിലാക്കുന്ന അവൾ എനിക്കൊന്ന് പെറണം എന്ന് കോരനോട് ആവശ്യപ്പെടുന്നുണ്ട്. ഇത് അക്കാലത്തെ അടിയാള സ്ത്രീകളുടെ നിരാലംബതയെയും നിസ്സഹായതയും വെളിപ്പെടുത്തുന്ന ഒരു രംഗമാണ്. ചിരുതക്ക് ഈ അന്യായത്തിന് അറുതിവരുത്തണമെന്ന അതിയായ ആഗ്രഹമുണ്ട്. ചോരയും നീരും ഉള്ള പറയിക്കിടാത്തിക്കും ജീവിക്കണം എന്നവൾ പറയുന്നത് ഇക്കാര്യം മനസ്സിൽ വെച്ചാണ്. ചിരുതയുടെ അസാമാന്യമായ മനക്കരുത്തും സദാചാര ബോധവും പാതിവ്രത്യവും പ്രകടമാകുന്നത് കോരന്റെ ജയിൽവാസ സമയത്ത് ചാത്തന്റെ സംരക്ഷണയിൽ കഴിയുന്ന നാളുകളിൽ ആണ്. ചാത്തൻ പ്രണയാഭിലാഷത്തിന്റെ യാതൊരു സൂചനയും നൽകുന്നില്ല. എങ്കിൽപോലും മനുഷ്യസഹജമായ വാസനകൾ അവനിൽ ഉണ്ടായിരുന്നു. ചിരുതയിലും പ്രലോഭനപരമായ സാഹചര്യങ്ങളിലൂടെ നീണ്ടനാൾ കടന്നുപോയിട്ടും അവർ അതിരുകടക്കുകയുണ്ടായില്ല. ചാത്തന്റെ വികാരങ്ങളെ കുറിച്ച് അവൾക്ക് ബോധം ഉണ്ടാകുന്നു. എങ്കിലും ഒരു സന്ദർഭത്തിലും ദുർബലയാകുന്നില്ല. അക്കാലത്തെ സാമൂഹിക അവസ്ഥയിൽ വിവിധതരം ചൂഷണങ്ങളേയും യാതനകളേയും അഭിമുഖീകരിക്കേണ്ടി വരുന്ന കുട്ടനാടൻ കർഷകസ്ത്രീയുടെ പ്രാതിനിധ്യസ്വഭാവത്തോടൊപ്പം തന്നെ സവിശേഷമായ വ്യക്തിത്വവും ചിരുതയ്ക്ക് ഉണ്ട്. കുട്ടനാടൻ പറയികളുടെ ശീലഗുണത്തിന്റെ പാരമ്പര്യം ചിരുത പിന്തുടരുന്നു.

> ▶ കരുത്തും വ്യക്തിത്വവും ഉള്ള ഒരു കഥാപാത്രമാണ് ചിരുത

## 1.2.2 ഇതിവൃത്തവിശകലനം

'രണ്ടിടങ്ങഴി' എന്ന നോവലിനെ കൃത്യമായി വർഗ്ഗരാഷ്ട്രീയത്തിന്റെ മികച്ച സാഹിത്യ ആവിഷ്ക്കാരം എന്ന നിലയിലാണ് ഉൾപ്പെടുത്താവുന്നത്. തൊഴിലാളി വർഗ്ഗത്തെ ചൂഷണം ചെയ്യുന്ന പുതിയ ഒരു സമൂഹം രൂപപ്പെടുന്നുണ്ടെന്നും മുതലാളിത്തത്തിന്റെ സ്വഭാവമാണ് അത് പ്രകടിപ്പിക്കുന്നതെന്നും ഈ നോവൽ പറഞ്ഞു വയ്ക്കുന്നു. പഴയ ജന്മികുടിയാൻ വ്യവസ്ഥയുടെ സ്ഥാനത്ത് തൊഴിലാളി മുതലാളി എന്നീ ദ്വന്ദ്വങ്ങളാണ് ഉയർന്നു വരാൻ പോകുന്നത് എന്നാണ് നോവൽ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. മുതലാളിത്തത്തിന്റെ ചൂഷണ സ്വാഭാവത്തിനെതിരെ തൊഴിലാളിവർഗ്ഗം നടത്തുന്ന പ്രതിരോധങ്ങളും അത് സൃഷ്ടിക്കുന്ന വർഗ്ഗസമരത്തിന്റെ സ്വഭാവവും ഈ നോവലിൽ സൂക്ഷ്മമായി അടങ്ങിയിരിക്കുന്നു മാത്രമല്ല കുട്ടനാട്ടിലെ കർഷക തൊഴിലാളികളുടെ ജീവിതത്തെയും സംസ്കാരത്തെയും വൈകാരികമായി തന്നെ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

> ▶ തൊഴിലാളി വർഗ്ഗത്തെ ചൂഷണം ചെയ്യുന്ന പുതിയ ഒരു സമൂഹം രൂപപ്പെടുന്നു

കോരൻ, ചാത്തൻ, ചിരുത എന്നീ കേന്ദ്ര കഥാപാത്രങ്ങളിലൂടെയാണ് രണ്ടിടങ്ങഴിയുടെ കഥ വികസിക്കുന്നത്. എട്ടിൽ തറയിൽ കാളിപ്പറയന്റെ മകൾ ചിരുതയുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിച്ചുകൊണ്ടാണ് 'രണ്ടിടങ്ങഴി' എന്ന നോവൽ ആരംഭിക്കുന്നത്. സുന്ദരിയും നല്ല ആരോഗ്യവും ഉള്ള ചിരുതയ്ക്ക് പെൺപണം

നൽകുന്ന ആളെയേ വിവാഹം കഴിച്ചുകൊടുക്കു എന്ന് പിതാവ് തീരുമാനിക്കുന്നു. ചിരുതയോട് ഇഷ്ടമുണ്ടായിരുന്ന കോരൻ പെൺപണം നൽകാൻ തയ്യാറായിരുന്നു. വർദ്ധിച്ച രീതിയിലുള്ള ഈ പെൺപണം കണ്ടെത്തുന്നതിനായി കോരൻ പുഷ്പവേലിൽ ഔസേപ്പ് എന്ന ജന്മിയുടെ ഓണപ്പണിക്കാരനായിതീരുന്നു. 180 ദിവസത്തെ ജോലിയാണ് ഒരു വർഷം എടുക്കേണ്ടിയിരുന്നത്. ഒരു ദിവസത്തെ കൂലിയാണ് രണ്ടിങ്ങഴി നെല്ല്. വിശേഷ ദിവസങ്ങളിലോ ആഘോഷങ്ങൾക്കോ പ്രത്യകിച്ച് ഒന്നും നൽകില്ല. ഇങ്ങനെ പല വ്യവസ്ഥകളിലാണ് ഔസേപ്പ് മുതലാളി കോരന് ജോലി നൽകുന്നത്. കോരൻ ഈ വ്യവസ്ഥകളെല്ലാം അംഗീകരിക്കുകയും വിവാഹത്തിനാവശ്യമായ തുക മുതലാളിയിൽനിന്നും കടമായി വാങ്ങുകയും ചെയ്തു.

▶ ഒരു ദിവസത്തെ കൂലിയാണ് രണ്ടിങ്ങഴി നെല്ല്

കോരനും ചിരുതയും തമ്മിലുള്ള വിവാഹം നടക്കുകയും അവൻ പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. വീട്ടുകാർക്ക് വിവാഹത്തോടുള്ള എതിർപ്പും മറ്റും മൂലം വീട് വിട്ടിറങ്ങേണ്ടി വന്ന കോരൻ ഔസേപ്പ് മുതലാളിയുടെ തന്നെ പണിക്കാരനായ കുഞ്ഞാപ്പിയുടെ വീട്ടിലേക്ക് താമസം മാറ്റുന്നു. ഇതിനിടയിൽ സ്വന്തമായി വീട് വയ്ക്കുന്നതിനും കോരൻ ശ്രമിക്കുന്നുണ്ട്. എന്നാൽ പണിത്തിരക്കുകൾ കാരണം അത് നീണ്ടു പോവുകയാണ് ഉണ്ടായത്. കോരൻ എന്ന കർഷക തൊഴിലാളിയുടെ തൊഴിലാളി വർഗ്ഗബോധം ഉണരുന്ന രണ്ടോ മൂന്നോ സംഭവങ്ങൾ കൂടി നോവൽ അടയാളപ്പെടുത്തുന്നുണ്ട്. ചേന്നൻ എന്ന കർഷകന്റെ വീട് ഔസേപ്പു മുതലാളി അടിച്ചു പൊളിച്ചതാണ് ആദ്യത്തേത്. മറ്റൊന്ന് കർഷകരെ കണക്കിൽ കൃത്രിമം കാണിച്ച് ഔസേപ്പു മുതലാളി പറ്റിക്കുന്നത് കോരൻ ചോദ്യം ചെയ്യുന്നു. നെല്ലിന് നല്ല വില ലഭിക്കാൻ തുടങ്ങിയതോടെ, കൂലിയായി പണം നൽകാൻ തുടങ്ങി. ഇതോടെ അരി പൈസ കൊടുത്ത് വാങ്ങിക്കേണ്ട അവസ്ഥയിലേക്ക് തൊഴിലാളികൾ മാറുന്നു. ഇതു വലിയ രീതിയിലുള്ള അസ്വസ്ഥത കർഷകരുടെ ഇടയിൽ ഉണ്ടാക്കുന്നുണ്ട്. മുതലാളിമാരുടെ ഇത്തരം അനീതികൾക്കെതിരെ പോരാടാൻ തീരുമാനിച്ച് കോരൻ കർഷക തൊഴിലാളികളെ സംഘടിപ്പിച്ചു.

▶ തൊഴിലാളി വർഗ്ഗബോധം ഉണരുന്നു

ഇതോടെ ജന്മിമാരും കർഷകരും തമ്മിലുള്ള സംഘർഷം പുതിയ പാതയിലേക്കുകടന്നു തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സംഘർഷം വർഗ്ഗസമരത്തിന്റെ സ്വഭാവം കൈവരിക്കുന്നു. സർക്കാർ പിന്തുണയോടെ ജന്മികൾ കർഷകരെ വേട്ടയാടാൻ ആരംഭിക്കുകയും പലരേയും ജയിലിടുകയും ചെയ്തു. പലർക്കും ഒളിവിൽ പോകേണ്ടി വന്നു. കോരനും ഒളിവിലിരുന്ന് സംഘടനാപ്രവർത്തനം തുടർന്നു. കോരന്റെ കുടിലിൽ ഒറ്റയ്ക്കുള്ള താമസ്സം നടത്തിവന്ന ഗർഭിണിയായ ചിരുതയെ പുഷ്പവേലിയിൽ ചാക്കോ മുതലാളി പീഡിപ്പിക്കാൻശ്രമിച്ചു. ഇതറിഞ്ഞ കോരൻ ചാക്കോ മുതലാളിയെ കൊലപ്പെടുത്തി.

▶ ജന്മികൾ കർഷകരെ വേട്ടയാടാൻ ആരംഭിച്ചു

തുടർന്ന് ജയിൽ വാസത്തിനുവിധിക്കപ്പെട്ട കോരൻ ജയിലിലായതോടെ ചിരുതയുടെ സംരക്ഷണം ചാത്തൻ ഏറ്റെടുത്തു. ചാത്തനും ചിരുതയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ കോരൻ വിവാഹം

> ▶ ചാത്തൻ ചിരുതയെ തന്റെ സഹോദരിയായി മാത്രം കണ്ടു

കഴിച്ചതോടെ ചാത്തൻ ആ ആഗ്രഹമെല്ലാം മാറ്റിവെച്ചു. ചിരുതയുടെ സംരക്ഷണമേറ്റെടുത്തതിനു ശേഷം ചിരുത പറയുന്നത് തന്നെ സഹോദരിയായി മാത്രം കാണണമെന്നാണ്. ചാത്തൻ ചിരുതയെ തന്റെ സഹോദരിയായി മാത്രം കണ്ടു.

ജന്മിമാർക്കെതിരെ തൊഴിലാളികളുടെ സമരം ശക്തമാവുകയും സർക്കാർ, യൂണിയൻ പ്രവർത്തനങ്ങളും സമരങ്ങളും പ്രകടനങ്ങളും നിരോധിക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് കുട്ടനാട്ടിലെ പടച്ചാലിൽ പ്രകടനം നടത്താൻ യൂണിയൻ തീരുമാനിച്ചു. ഈ പ്രകടനത്തിൽ പങ്കെടുക്കാൻ ചാത്തനു കഴിഞ്ഞില്ല. പ്രകടനത്തിനു നേരെയുണ്ടായ പോലീസ് വെടിവെപ്പിൽ നിരവധി ആളുകൾ വെടിയേറ്റു വീണു. ഇതേ സമയത്താണ് ചിരുത ഒരാൺകുഞ്ഞിനു ജന്മം നല്കുന്നത്. വെളുത്ത എന്ന പേരായിരുന്നു ചിരുത അവന് നൽകിയത്. കോരന്റെ അച്ഛന്റെ പേരും അതായിരുന്നു. വെളുത്തയ്ക്ക് അഞ്ചുവയസ്സായതോടെയാണ് ചാത്തൻ പിന്നീട് യൂണിയൻ പ്രവർത്തനത്തിൽ സജീവമാകുന്നത്. ഇതിനിടയിൽ ജയിൽ മോചിതനായ കോരനെ വളരെ യാദൃശ്ചികമായി ചാത്തൻ കണ്ടുമുട്ടുന്നു. ഒരുപാട് നാളുകൾക്ക് ശേഷമുള്ള ആ കാഴ്ചയിലാണ് കോരന് ചില സത്യങ്ങൾ വെളിവാകുന്നത്. ചാത്തനും ചിരുതയും സഹോദരങ്ങളെ പോലെയാണ് കഴിഞ്ഞത് എന്നും, തന്റെ മകനാണ് ഇതെന്നുമുള്ള കാര്യങ്ങൾ കോരൻ മനസ്സിലാക്കുന്നു. ഇതിനുശേഷം തൊഴിലാളികളുടെ മുദ്രാവാക്യത്തിന്റെ അകമ്പടിയോടെ കോരനും ചിരുതയും വീണ്ടും ഒന്നിക്കുകയും ചെയ്യുന്നു. അഞ്ചു വയസ്സായ വെളുത്ത ഈ സന്തോഷത്തിൽ ഉച്ചത്തിൽ പറയുന്നത് 'കൃഷിഭൂമി കർഷകർക്ക്' എന്നാണ്. വർഗ്ഗബോധമുള്ള പുതിയ തലമുറയെ അവതരിപ്പിച്ചു കൊണ്ടാണ് 'രണ്ടിടങ്ങഴി' എന്ന നോവൽ അവസാനിക്കുന്നത്. അവസാന ഭാഗങ്ങളിൽ അവിശ്വസനീയത തോന്നുമെങ്കിലും, തൊഴിലാളി വർഗ്ഗത്തിന്റെ അവകാശസമരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ 'രണ്ടിടങ്ങഴി' വലിയ വിജയം കൈവരിച്ചിട്ടുണ്ട്.

> ▶ വർഗ്ഗബോധമുള്ള പുതിയ തലമുറ

## Summarised Overview

മലയാളസാഹിത്യത്തിലെ റിയലിസ്റ്റിക് പ്രസ്ഥാനത്തിൻെറ ശ്രേഷ്ഠനായ ഉപജ്ഞാതാവായി പരിഗണിക്കപ്പെടുന്ന എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള. കുട്ടനാടിൻെറ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന തകഴി ശിവശങ്കരപ്പിള്ള കേരളത്തിലെ മോപ്പസാങ് എന്നും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. സോഷ്യലിസ്റ്റ് ആശയങ്ങളോടുള്ള ആകർഷണവും തൊഴിലാളി കർഷക സംഘടനാപ്രവർത്തനങ്ങളുമായുള്ള ബന്ധവും തകഴിയുടെ ആശയലോകത്തെ രൂപപ്പെടുത്തിയ ഘടകങ്ങളാണ്. സമൂഹത്തിലെ അടിത്തട്ടിലുള്ളവരുടെ ദുരിതപൂർണ്ണമായ ജീവിതയാഥാർത്ഥ്യങ്ങളെ തകഴി യഥാതഥമായി ആവിഷ്കരിച്ചു. അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ വർഗ്ഗപ്രാതിനിധ്യസ്വഭാവത്തോടുകൂടിയവയായിരുന്നു. സമകാല രാഷ്ട്രീയസ്ഥിതി വിശേഷത്തോട് നേരിട്ട് പ്രതികരിക്കുന്നവയാണ് 1940 കളിൽ തകഴി രചിച്ച രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, തലയോട് എന്നീ നോവലുകൾ.

കൃഷി ഒരു വ്യവസായമായി മാറിയതോടെ ജന്മി സ്വാർത്ഥനും ക്രൂരനും ആയി മാറിയതും, അടിയാൻ നിരന്തരമായ പീഡാനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവന്നതും, കർഷകത്തൊഴിലാളികൾ അനുഭവിച്ച അവഗണനയും, നേരിട്ട ചൂഷണവും, അവരിൽ രാഷ്ട്രീയാവബോധവും വർഗ്ഗബോധവും വികസിക്കാനുള്ള പ്രേരണയായതും നോവലിൽ വിവരിക്കുന്നു. ഫ്യൂഡൽമൂല്യങ്ങൾ തകരുന്നതും കൃഷി ഒരു വ്യവസായമായി മാറുന്നതും ജന്മി അടിയാൻ ബന്ധത്തിന്റെ സ്ഥാനത്ത് മുതലാളി തൊഴിലാളി ബന്ധം നിലവിൽ വരുന്നതും ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തി പ്രാപിക്കുന്നതും നോവലിൽ പ്രതിപാദിക്കുന്നു. ഈ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം, കുട്ടനാടൻ കാർഷിക ജീവിതത്തിൽ ഉളവാക്കിയ സംഘർഷം, ചാത്തൻ, കോരൻ, ചിരുത എന്നിവരുടെ ജീവിതകഥയിലൂടെ വിവരിക്കുന്നു. ചരിത്രപ്രാധാന്യമുള്ള ഒരു കാലയളവിലെ സാമൂഹിക സംഘർഷങ്ങളെയും രാഷ്ട്രീയപ്രക്രിയകളെയും അതിന്റെ എല്ലാ വിശദാംശങ്ങളോടും കൂടി കയ്യടക്കത്തോടെ തകഴി അവതരിപ്പിച്ചിട്ടുണ്ട്.

## Assignments

1. 'രണ്ടിടങ്ങഴി'യുടെ പശ്ചാത്തലം വിശദമാക്കുക.
2. അധകൃതന്റെ ചോരയുടെയും വിയർപ്പിന്റെയും ചൂടുംചൂരും പ്രസരിക്കുന്ന ജീവിതഗാഥയും അവന്റെ ഉയർത്തെഴുന്നേല്പിന്റെ പ്രാരംഭചരിത്രവുമാണ് രണ്ടിടങ്ങഴി. വിശദീകരിക്കുക.
3. കരുത്തും വ്യക്തിത്വവും ഉള്ള ഒരു കഥാപാത്രമാണ് ചിരുത, സ്ഥാപിക്കുക.
4. വർഗ്ഗബോധമുള്ള തൊഴിലാളിയും വിപ്ലവനേതാവുമായി കോരൻ മാറുന്നത് വിശദീകരിക്കുക.
5. ഫ്യൂഡൽമൂല്യങ്ങൾ തകരുന്നതും കൃഷി ഒരു വ്യവസായമായി മാറുന്നതും ഉണ്ടാക്കുന്ന സംഘർഷങ്ങളാണ് തകഴി ആവിഷ്കരിക്കുന്നത്. രണ്ടിടങ്ങഴിയെ മുൻനിർത്തി വിശകലനം ചെയ്യുക.
6. നവോത്ഥാനകാല നോവലുകളുടെ സവിശേഷതകൾ വിശദീകരിക്കുക.
7. രണ്ടിടങ്ങഴിയിൽ ആവിഷ്കൃതമായിരിക്കുന്ന കുട്ടനാടൻ കർഷകജീവിതം അടയാളപ്പെടുത്തുക

## Suggested Readings


1. വേണുഗോപാലൻ, പി., തകഴിവഴി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. അച്യുതൻ, എം., നോവൽ പ്രശ്നങ്ങളും പഠനങ്ങളും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
3. അപ്പൻ, കെ. പി., കലഹവും വിശ്വാസവും, ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം.

## References


1. അശോകൻ, കെ., നോവൽ മലയാളത്തിൽ, നാഷണൽ ബുക്സ്, കോട്ടയം.
2. ജോർജ് ഇരുമ്പയം, മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
3. ജോർജ് ഓണക്കൂർ, നായകസങ്കല്പം മലയാളനോവലിൽ, പ്രഭാത് ബുക്സ്, തിരുവനന്തപുരം.
4. തരകൻ, കെ. എം., മലയാളനോവൽ സാഹിത്യ ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
5. തരകൻ, കെ. എം., ആധുനിക നോവൽ ദർശനം, കറന്റ് ബുക്സ്, തൃശ്ശൂർ.
6. ബാലകൃഷ്ണൻ, പി. കെ., നോവൽ സിദ്ധിയും സാധനയും, എസ്. പി. സി. എസ്., കോട്ടയം.
7. രാജശേഖരൻ, പി. കെ., അന്ധനായ ദൈവം, ഡി. സി. ബുക്സ്, കോട്ടയം.
8. രാജശേഖരൻ, പി. കെ., ഏകാന്തനഗരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 3

## ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് !

ബഷീർ

## Learning Outcomes

- വൈക്കം മുഹമ്മദ് ബഷീറിന്റെ സാഹിത്യലോകത്തെ സാമാന്യമായി പരിചയപ്പെടുന്നു
- ലളിതമായ ഭാഷയിൽ ഗഹനമായ ആശയങ്ങൾ അവതരിപ്പിക്കാനുള്ള ബഷീറിന്റെ രചനാ വൈഭവത്തെ തിരിച്ചറിയുന്നു
- മുസ്ലീം സമൂഹത്തെ കേന്ദ്രമാക്കി മലയാളത്തിൽ ഉണ്ടായ സാഹിത്യരചനകളിൽ ബഷീർകൃതികൾക്കുള്ള പ്രാധാന്യം തിരിച്ചറിയുന്നു
- ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്! എന്ന നോവലിന്റെ സവിശേഷതകൾ പരിചയപ്പെടുന്നു
- യാഥാസ്ഥിതിക നിലപാടുകൾ തിരുത്താൻ സാഹിത്യത്തിലൂടെ നടന്ന ശ്രമങ്ങൾ മനസ്സിലാക്കുന്നു

## Background

മലയാള സാഹിത്യത്തിൽ അതുല്യമായ ഒരു സ്ഥാനമാണ് ബഷീറിനുള്ളത്. തനതായ ഭാഷാ ശൈലിയും അനന്യമായ ജീവിതവീക്ഷണവും ബഷീറിൻെറ കൃതികളെ മഹത്തരമാക്കുന്നു. സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവരുടെ ജീവിതയാതനകളെ അദ്ദേഹം തനതായ ശൈലിയിൽ അവതരിപ്പിച്ചു. 'ബാല്യകാലസഖി', 'ശബ്ദങ്ങൾ', 'മതിലുകൾ,' 'പാത്തുമ്മയുടെ ആട്','ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്നിവയാണ് പ്രധാന നോവലുകൾ. ദാരിദ്ര്യം, വിശപ്പ് തുടങ്ങിയ അടിസ്ഥാന മനുഷ്യാവസ്ഥകളെ തീഷ്ണമായും യഥാതഥമായും അവതരിപ്പിക്കാൻ ബഷീർ ശ്രമിച്ചു.

പ്രപഞ്ചത്തിലെ ചരാചരങ്ങളെ സമഭാവനയോടെ കാണുന്ന മനോഭാവമാണ് ബഷീറിനുള്ള ത്. അഗാധമായ കാരുണ്യത്തിൻെറയും മനുഷ്യസ്നേഹത്തിൻെറയും പ്രഭ അദ്ദേഹത്തിൻെറ കഥാപാത്രങ്ങളിലും പ്രകടമാണ്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും കഥാപാത്രങ്ങളാ യി കടന്നു വരാറുണ്ട്. സ്വന്തമായ വാക്കുകളും ശൈലികളും ഉപയോഗിച്ചുകൊണ്ട് ഒരു ബഷീ റിയൻ ശൈലി തന്നെ അദ്ദേഹം സൃഷ്ടിച്ചു. വായ്മൊഴി വഴക്കങ്ങളും വക്രോക്തി പ്രയോഗ ങ്ങളും നിരർത്ഥക ശബ്ദങ്ങളുടെ വിന്യാസവും കൊണ്ട് ഹാസ്യരസം ജനിപ്പിക്കുക എന്നത് ബഷീറിൻെറ പ്രത്യേകതയാണ്. നാട്ടുഭാഷയുടെ കൃത്രിമത്വമില്ലായ്മയെ അദ്ദേഹം നന്നായി തൻെറ കൃതികളിൽ ഉപയോഗിച്ചു. ബഷീറിൻെറ കൃതികൾ വായനക്കാരെ വിഭിന്നങ്ങളായ അനുഭവ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പൊള്ളുന്ന ജീവിത യാഥാർത്ഥ്യങ്ങളെ നർമ്മത്തിൻെറ മേമ്പൊടി ചേർത്ത് അവതരിപ്പിക്കുകയാണ് ബഷീർ ചെയ്യുന്നത്. കഠിനദുഃഖ ങ്ങളെയും ജീവിതയാതനകളെയും പുഞ്ചിരിയോടെയാണ് അദ്ദേഹം അവതരിപ്പിച്ചത്. സ്വാത ന്ത്ര്യസമര പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ജയിൽവാസം അനുഭവിക്കുകയും പോലീസ് മർദ്ദനത്തിന് ഇരയാവുകയും ചെയ്തിട്ടുണ്ട്. നിര വധി ദേശങ്ങളിൽ സഞ്ചാരം നടത്തി, ജീവിതത്തിൻെറ വൈരുദ്ധ്യ വൈവിധ്യങ്ങളെ അനുഭവി ച്ചറിഞ്ഞു. കഠിനമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ ബഷീറിൻെറ അനുഭവസമ്പത്തി ൻെറ കരുത്ത് അദ്ദേഹത്തിൻെറ കൃതികളിൽ കാണാം.

## Keywords

മുസ്ലിം സമൂഹം-യാഥാസ്ഥിതിക നിലപാടുകളെ തിരുത്തുവാനുള്ള ആഹ്വാനം-സ്ത്രീവിദ്യാഭ്യാസം-പരിവർത്തനം-പാരിസ്ഥിതികാവബോധം

## Discussion

### 1.3.1 ഇതിവൃത്തസംഗ്രഹം

ബഷീറിന്റെ വിഖ്യാതമായ ഈ നോവൽ മുസ്ലീം സമൂഹത്തിന്റെ ജീവിതപരിസരങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. കുഞ്ഞുപാത്തുമ്മയുടെ ഉമ്മയായ താച്ചുമ്മയുടെ പറച്ചിലിലാണ് ആന കടന്ന് വരുന്നത്. മകളായ കുഞ്ഞുപാത്തുമ്മ ഇതിൽ അഹങ്കരിക്കുകയും ചെയ്യുന്നുണ്ട്. കുഞ്ഞുതാച്ചുമ്മ ഒരു ജോലിയും ചെയ്തിരുന്നില്ല. സ്വർണ്ണാഭരണവിഭൂഷിതയായി തളിർവെറ്റിലയും തിന്ന് കാണാൻ കഴിയുന്നുവരോടെല്ലാം തന്റെയും കുടുംബത്തിന്റെയും മഹാത്മ്യം വിവരിച്ചു കൊണ്ടിരുന്നു. ആദ്യ അധ്യായമായ 'ഇദാണു പാക്യമർഗ്', എന്ന ഭാഗത്ത് ഇത് വ്യക്തമായി കാണാം. 'ന്റ പൊന്ന് കുഞ്ഞുപാത്തുമ്മാ നീ ആനമക്കാരിന്റെ പുന്നാര മോള്ട പുന്നാര മോള്ട പുന്നാരമോളാ! നിന്റുപ്പുപ്പാക്കേ ഒരാനേണ്ടാർന്ന്! ബല്യ ഒര് കൊമ്പനാന!', ഇങ്ങനെ താച്ചുമ്മയിലൂടെ ആനയെക്കുറിച്ച് കേൾക്കുന്ന കുഞ്ഞുപാത്തുമ്മയുടെ ഉള്ളിൽ ആനയും വളർന്നുകൊണ്ടിരുന്നു. ഈ അധ്യായത്തിന്റെ പേര് സൂചിപ്പിക്കുന്നത് കുഞ്ഞുപാത്തുമ്മയുടെ കവിളിലെ മറുകിനെയാണ്. അവൾ അതിനെപ്പറ്റി വ്യാകുലപ്പെടുമ്പോൾ ഉമ്മ പറയുന്നത് അത് ഭാഗ്യമറുകാണ് എന്നാണ്. തികഞ്ഞ മതവിശ്വാസിയായിട്ടാണ് ഉമ്മ കുഞ്ഞുപാത്തുമ്മയെ വളർത്തുന്നത്. ഒരിക്കൽ പള്ളിക്കൂടം മിസ്ട്രസ്സുമാർ ധരിക്കുന്ന രീതിയിലുള്ള വസ്ത്രം വേണം എന്ന് പറഞ്ഞപ്പോൾ ഉമ്മ പറയുന്നത്, നമ്മൾ അത് ഉടുക്കരുത് എന്നാണ്. ഇസ്ലാമിന്റെ വിധിയനുസരിച്ച് അത് നിഷിദ്ധമാണ്. അതിനാൽ അത് വേണ്ടാ എന്ന് വിലക്കുന്നു. ഇങ്ങനെ കഥാപാത്രങ്ങളുടെ സൂക്ഷ്മമായ അവതരണം ഈ നോവലിൽ ഉടനീളം കാണാം

- മതവിശ്വാസിയായിട്ടാണ് ഉമ്മ കുഞ്ഞുപാത്തുമ്മയെ വളർത്തുന്നത്.

നിസ്സാർ അഹമ്മദും ആയിഷയും അവരുടെ പിതാവും മുസ്ലിം സമുദായത്തിലെ പരിവർത്തനത്തിൻെറ വക്താക്കളാണ്. അവർ കുഞ്ഞുപാത്തുമ്മയെയും കുടുംബത്തെയും പാരമ്പര്യത്തിൻെറ കെട്ടുപാടുകളിൽ നിന്ന് പുറത്തുകൊണ്ടുവന്നു. കുഞ്ഞുപാത്തുമ്മയ്ക്ക് 14 വയസ്സാകുമ്പോൾ മുതൽ വിവാഹാലോചനകൾ പലതും വന്നു. കുടുംബത്തിൻെറ പ്രൗഢിക്കൊത്ത വരൻ വരാത്തതിനാൽ വിവാഹം നടന്നില്ല. അവൾക്ക് 21 വയസ്സ് ആകുമ്പോഴേക്കും കുടുംബസ്വത്ത് സംബന്ധിച്ച കേസിൽ പരാജയപ്പെട്ട് അവളുടെ പിതാവിൻെറ സമ്പത്തുകൾ എല്ലാം നഷ്ടമാകുന്നു. തുടർന്ന് ഒരു ചെറിയ വീട്ടിൽ ദരിദ്രചുറ്റുപാടിൽ അവൾക്ക് കഴിയേണ്ടി വരുന്നു. അച്ഛൻ മീൻ വില്പന ഉൾപ്പെടെയുള്ള ചെറുതൊഴിലുകൾ എടുത്ത് കുടുംബം പോറ്റുന്ന സാഹചര്യമായി.

- പിതാവിൻെറ സമ്പത്തെല്ലാം കുടുംബകേസിൽ നഷ്ടമായി

അയൽവക്കത്ത് താമസത്തിനു വന്ന നിസാർ അഹമ്മദും കുടും

ബവും പുരോഗമനപരമായ ആശയങ്ങളെ പിന്തുടരുന്നവരായിരുന്നു. പാത്തുമ്മയുടെ നിഷ്കളങ്കമായ സ്നേഹവും കരുണയും നിസാർ അഹമ്മദിനെയും കുടുംബാംഗങ്ങളെയും ആകർഷിച്ചു. കുഞ്ഞു പാത്തുമ്മയ്ക്കും നിസാർ അഹമ്മദിനോട് പ്രണയഭാവം ഉടലെടുത്തു. കുഞ്ഞുപാത്തുമ്മയുടെ രക്ഷിതാക്കൾ അവളെ മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുക്കുവാൻ തീരുമാനിക്കുമ്പോൾ കുഞ്ഞു പാത്തുമ്മ മാനസികമായി തകർന്ന് രോഗത്തിന് അടിപ്പെടുന്നു. അന്ധവിശ്വാസികളും അപരിഷ്കൃതരുമായ അവളുടെ മാതാപിതാക്കൾ മന്ത്രവാദത്തിലൂടെ രോഗശാന്തി വരുത്തുവാനാണ് ശ്രമിച്ചത്. മന്ത്രവാദിയുടെ മർദ്ദനത്തിൽ നിന്ന് അവളെ നിസാർ അഹമ്മദിന്റെ വീട്ടുകാർ വന്നു രക്ഷപ്പെടുത്തി. നിസാർ അഹമ്മദ് അവളെ വിവാഹം ചെയ്യുന്നു. വിവാഹദിനത്തിൽ അവൾ സാരിയുടുത്ത് പൂ ചൂടി മനോഹരിയായി. അവളെ കാണാനായി എത്തിയ തെരുവിലെ കുസൃതി പിള്ളേർ കുഞ്ഞുതാച്ചുമ്മയുമായുള്ള തർക്കത്തിനൊടുവിൽ ആനമക്കാർക്ക് ഉണ്ടായിരുന്നത് ഒരു കുഴിയാനയാണ് എന്ന് വിളിച്ചു പറഞ്ഞു. താച്ചുമ്മയും ഒടുവിൽ തന്റെ അച്ഛനുണ്ടായിരുന്നത് ഒരു കുഴിയാനയായിരുന്നു എന്ന് പറയുന്നിടത്ത് നോവൽ അവസാനിക്കുന്നു.

- ▶ നിസാർ അഹമ്മദ് കുഞ്ഞുപാത്തുമ്മയെ വിവാഹം ചെയ്യുന്നു.

## 1.3.2 കഥാപാത്രപഠനം

## കുഞ്ഞുതാച്ചുമ്മ

കുഞ്ഞുപാത്തുമ്മയുടെ മാതാവ് കുഞ്ഞുതാച്ചുമ്മ യാഥാസ്ഥിതിക മുസ്ലിം ആശയങ്ങളുടെ പ്രതിനിധിയാണ്. കുടുംബമഹിമയിലും സമ്പത്തിലും പാരമ്പര്യത്തിലും അതിയായി അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തിരുന്നു താച്ചുമ്മ. സർവ്വാഭരണവിഭൂഷിതയായി മെതിയടിപ്പുറത്തേറി പിതാവിന്റെ ആനയുടെ മഹത്വവും പറഞ്ഞ് വീടിനകത്ത് ഉലാത്തുകയും അയൽക്കാരികളെ ചുറ്റും ഇരുത്തി പ്രതാപം പറയുകയും വെറ്റില മുറുക്കുകയുമാണ് താച്ചുമ്മയുടെ മുഖ്യജോലി. കുഞ്ഞുപാത്തുമ്മയുടെ ഭാഗ്യവും സൗന്ദര്യവും അവളുടെ കവിളിലെ കറുത്ത മറുകും ഉപ്പാപ്പന്റെ കൊമ്പനാനയും ആയിരുന്നു മുഖ്യ സംഭാഷണ വിഷയം. മകളുടെ മറുക് ഭാഗ്യമറുകാണ് എന്നാണ് അവർ പറഞ്ഞിരുന്നത്. അവളുടെ വിവാഹം കെങ്കേമമായി നടത്തുന്നതിനെക്കുറിച്ചും അവർ പറഞ്ഞുകൊണ്ടിരിക്കും. 5 കാഫിറങ്ങളെ കൊന്ന ആ കൊമ്പനാന അവരുടെ പ്രതാപത്തിന്റെ ചിഹ്നം ആയിരുന്നു.

- ▶ ഒരു യാഥാസ്ഥിതിക മുസ്ലിം വനിതയാണ് കുഞ്ഞുതാച്ചുമ്മ.

ഒടുവിൽ സമ്പത്ത് എല്ലാം നഷ്ടപ്പെടുമ്പോഴും അവർ തന്റെ പഴയ പ്രതാപം വിട്ടൊഴിയാൻ തയ്യാറാകുന്നില്ല. താമസിച്ചിരുന്ന വീട് വിട്ടിറങ്ങേണ്ടി വന്നപ്പോൾ അവർ മെതിയടി മാത്രം സൂത്രത്തിൽ കൂടെ കൊണ്ടുപോന്നു. ധനവും പ്രതാപവും നഷ്ടമായതിന്റെ ഈർഷ്യയും ദുഃഖവും അവർ ഭർത്താവിനെ അധിക്ഷേപിച്ചും മകളെ ശകാരിച്ചും പ്രകടിപ്പിച്ചുകൊണ്ടേയിരുന്നു. മാറിയ സാഹചര്യത്തെക്കുറിച്ച് ബോധവതി അല്ലാത്ത അവർക്ക് ചുറ്റുപാടുമായി പൊരുത്തപ്പെടുവാൻ സാധിച്ചില്ല. പള്ളിക്കാര്യങ്ങളിലും നാട്ടുകാര്യങ്ങളിലും തന്റെ അഭിപ്രായവും അനുമതിയും നാട്ടാർ തേടണം എന്ന് അവർ ശഠിച്ചു. അപ്രകാരം നടക്കാത്തതിൽ അവർ ക്ഷുഭിതയായി. തന്റെ ക്ഷോഭം

ഭർത്താവിനോടും മകളോടും വഴക്കിട്ടാണ് അവർ ശമിപ്പിച്ചത്. ഇത് ഗാർഹികാന്തരീക്ഷത്തെ എപ്പോഴും കലുഷിതമാക്കുകയും കുഞ്ഞു പാത്തുമ്മയെയും വട്ടനടിമയെയും സംഘർഷത്തിലാക്കുകയും ചെയ്തു.

▶ പഴയ പ്രതാപ ഐശ്വര്യങ്ങൾ തുടർന്നു പോകണമെന്ന് ശഠിച്ചു.

വിദ്യാഭ്യാസമില്ലായ്മയുടെയും ലോകപരിചയമില്ലായ്മയുടെയും ഫലമായി അവർ യാഥാസ്ഥിതികമായ നിലപാടുകളിൽ ഉറച്ചുനിന്നു. കാലാനുസൃതമായ പരിഷ്കാരം വസ്ത്രധാരണ രീതിയിലും മറ്റും വരുത്തുവാൻ തയ്യാറായിരുന്നില്ല. അവർ അതിന് പാത്തുമ്മയെ അനുവദിച്ചുമില്ല. തലചീകാനും പൂ ചൂടാനും ഉള്ള പാത്തുമ്മയുടെ ആഗ്രഹത്തെ അവർ തടയുന്നു. നിസാർ അഹമ്മദിൻെറ വീട്ടിലെ സ്ത്രീകളുടെ വസ്ത്രധാരണരീതിയെയും പെരുമാറ്റത്തെയും അവർ വിമർശിക്കുന്നു. അത് മതാനുശാസനപ്രകാരമുള്ളതല്ലെന്നും ലോകാവസാനത്തിൻെറ സൂചനയാണ് ഇപ്രകാരമുള്ള പരിഷ്കാരങ്ങളിൽ ഏർപ്പെടുന്നതെന്നുമായിരുന്നു താച്ചുമ്മായുടെ അഭിപ്രായം. അവരുമായി സഹകരിക്കുന്നതിൽ നിന്നും പാത്തുമ്മയെ വിലക്കുകയും ചെയ്തു.

▶ കുഞ്ഞുപാത്തുമ്മയെയും മാമൂലുകളനുസരിച്ച്ജീവിക്കാൻ നിർബന്ധിച്ചു.

ആദ്യം വിരോധത്തോടുകൂടി നിലകൊണ്ടെങ്കിലും നിസാർ അഹമ്മദിൻെറ കുടുംബത്തോട് ക്രമേണ അവർ അടുക്കുകയും യാഥാസ്ഥിതികമായ നിലപാടുകളിൽ കുറേശ്ശെ വിട്ടുവീഴ്ച വരുത്തുവാൻ തയ്യാറാവുകയും ചെയ്യുന്നു. ഒടുവിൽ നിസാർ അഹമ്മദ് കുഞ്ഞു പാത്തുമ്മയെ വിവാഹം ചെയ്യുമ്പോൾ അവർ മാമൂലുകളുടെയും പാരമ്പര്യത്തിൻെറയും പൊങ്ങച്ചത്തിൻെറയും തടവറയിൽ നിന്ന് പുറത്തുവരുന്നു. അതാണ് ഉപ്പാപ്പയ്ക്ക് ഉണ്ടായിരുന്നത് ഒരു കുഴിയാനയായിരുന്നു എന്ന പ്രസ്താവത്തിലൂടെ നോവലിസ്റ്റ് സൂചിപ്പിക്കുന്നത്.

▶ പൊങ്ങച്ചത്തിൻെറ തടവറയിൽ നിന്ന് പുറത്തു വരുന്നു.

## വട്ടനടിമ

യാഥാസ്ഥിതികമായ നിലപാടുകൾ തന്നെയാണ് വട്ടനടിമക്കും ഉണ്ടായിരുന്നത്. എല്ലാ സമ്പന്നന്മാരെയും പോലെ പള്ളിക്കാര്യങ്ങളിലും നാട്ടുകാര്യങ്ങളിലും പ്രാമാണികത്വം പുലർത്താൻ വട്ടനടിമയും ആഗ്രഹിച്ചിരുന്നു. അതിനായി കേസ് നടത്തുകയും ധനം ചെലവഴിക്കുകയും ചെയ്തിരുന്നു. കുഞ്ഞുപാത്തുമ്മയോട് അയാൾക്ക് വളരെയധികം വാത്സല്യമായിരുന്നു. അണിയിച്ചൊരുക്കി അവളെ അയാൾ പുഴയിലേക്കും മറ്റും കൊണ്ടുപോകുമായിരുന്നു.

▶ സമ്പന്നനും പ്രതാപിയും മതവിശ്വാസിയും ആണ് വട്ടനടിമ

അന്യായമായി കൈവശപ്പെടുത്തിവച്ചിരിക്കുകയായിരുന്ന കുടുംബസ്വത്ത് നഷ്ടപ്പെട്ടതോടെ അയാൾക്ക് എല്ലാ സാമൂഹിക അംഗീകാരങ്ങളും ഇല്ലാതായി. എല്ലാ മതാനുഷ്ഠാനങ്ങളും കൃത്യമായി പിന്തുടർന്നിരുന്ന തനിക്ക് എന്താണ് ഇങ്ങനെ സംഭവിച്ചത് എന്ന് അയാൾ പരിതപിക്കുന്നു. എങ്കിലും മാറിയ സാഹചര്യവുമായി വേഗം തന്നെ പൊരുത്തപ്പെടുവാൻ അയാൾക്ക് സാധിച്ചു. ചെറിയ ജോലികൾ നോക്കി അയാൾ കുടുംബം പോറ്റി. ഭാര്യ കുഞ്ഞുതാച്ചുമ്മയുടെ അധിക്ഷേപങ്ങളാണ് അയാളെ ഏറ്റവും അധികം ബുദ്ധിമുട്ടിച്ചിരുന്നത്. ഒടുവിൽ നിസ്സാർ അഹമ്മദിൻെറയും കുടുംബത്തിൻെറയും സ്വാധീനം വട്ടനടിമയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ട്. അയാൾ സന്തോഷപൂർ

▶ ഭാര്യയുടെ ദുശാഠ്യങ്ങളും വട്ടനടിമയെ സംഘർഷത്തിൽ ആക്കി

വം മകളെ നിസ്സാർ അഹമ്മദിനെ ഏല്പിക്കുന്നു.

## കുഞ്ഞുപാത്തുമ്മ

കുഞ്ഞുപാത്തുമ്മയുടെ വീക്ഷണത്തിലൂടെയാണ് നോവൽ വികസിക്കുന്നത്. ഉമ്മയിൽ നിന്നും കൊമ്പനാനയുടെ മഹത്വങ്ങൾ കേട്ടാണ് അവൾ വളർന്നത്. ആനമക്കാറിന്റെ പുന്നാര മോളുടെ പുന്നാര മോളായ അവൾ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തയാണ് എന്നകാര്യം ഉമ്മ അവളെ എപ്പോഴും ഓർമിപ്പിച്ച് കൊണ്ടേയിരുന്നു. കുഞ്ഞുപാത്തുമ്മ സ്നേഹസമ്പന്നയും അനുസരണശീലം ഉള്ളവളും മതവിശ്വാസിയും ആയിരുന്നു. തനിക്ക് മാതാപിതാക്കൾ വിവാഹാലോചന നടത്തുമ്പോൾ വിവാഹം കഴിക്കുന്നയാളെ ഒന്ന് കണ്ടാൽ കൊള്ളാമെന്നു തോന്നുന്നുവെങ്കിലും അത് സ്വസമുദായത്തിൽ പതിവില്ല എന്നതിനാൽ ആഗ്രഹത്തിൽ നിന്നും പിൻവലിയുന്നു. പറയുന്നത് കേൾക്കുക, തരുന്നത് സ്വീകരിക്കുക എന്നതാണ് ഒരു മുസ്ലിം യുവതിയുടെ കർത്തവ്യം എന്ന് അവൾ മനസ്സിലാക്കുന്നു. പാത്തുമ്മയുടെ ചിന്തകളിലൂടെ മുസ്ലിം മതവിശ്വാസങ്ങളും പ്രമാണങ്ങളും ഐതിഹ്യങ്ങളും ബഷീർ അവതരിപ്പിക്കുന്നുണ്ട്. അച്ഛനമ്മമാരെ അനുസരിച്ചും മതപരമായ എല്ലാ ചിട്ടകളും പാലിച്ചും അവൾ ജീവിച്ചു പോന്നു.

- ഉപ്പൂപ്പാന്റെ കൊമ്പനാനെയെക്കുറിച്ചുള്ള വിവരണം കേട്ടാണ് വളർന്നത്

സമ്പത്തും പ്രതാപവും നഷ്ടപ്പെടുമ്പോൾ വൈഷമ്യമില്ലാതെയാണ് അവളാ ജീവിതമാറ്റത്തെ ഉൾക്കൊള്ളുന്നത്. പഴയ മാളികവിട്ട് പുറത്തേക്ക് ഇറങ്ങുമ്പോഴാണ് അവൾ നാടിനെയും നാട്ടാരെയും കാണുന്നത്. അതുവരെ ഒരുതരത്തിൽ അവൾ തടവിലായിരുന്നു. സാമ്പത്തികത്തകർച്ച അവൾക്ക് ഒരുവിധത്തിലുള്ള സ്വാതന്ത്ര്യമാണ് നൽകിയത്. പുറത്തിറങ്ങാം, നിലാവ് നോക്കിനിൽക്കാം, ഓടാം ചാടാം എന്നെല്ലാം അവൾ പുതിയ അവസ്ഥയിലെ മേന്മകളെ കണ്ടെത്തുന്നു. ദരിദ്രമായ ചുറ്റുപാടുമായി പൊരുത്തപ്പെട്ടുകൊണ്ട് മാറിയ സാഹചര്യത്തിനനുസരിച്ച് അവൾ ജീവിക്കുന്നു. മാതാവിന്റെ ശകാരം ക്ഷമാപൂർവ്വം സഹിച്ചുകൊണ്ട് അവൾ അവരെ ശുശ്രൂഷിക്കുന്നു. വീട്ടുജോലികൾ എല്ലാം ചെയ്തു. നഷ്ടപ്പെട്ട പ്രൗഢിയെയും പ്രതാപത്തെയും സുഖസൗകര്യങ്ങളെയും ഓർത്ത് ഒരു സന്ദർഭത്തിലും കുഞ്ഞുപാത്തുമ്മ ദുഖിക്കുന്നില്ല.

- സ്വാതന്ത്ര്യ ബോധം അനുഭവപ്പെട്ടു

അവൾ ആ പറമ്പിലെ ജലാശയവും ആമ്പൽ പൂക്കളും ആസ്വദിച്ചു. പ്രകൃതിയിലെ ജീവജാലങ്ങളുമായി സംവദിച്ചു. അതിൽ ആഹ്ലാദവും ആശ്വാസവും കണ്ടെത്തി. അതേസമയം കലുഷിതമായ ഗാർഹികാന്തരീക്ഷം അവളെ ദുഃഖിതയും അസ്വസ്ഥതയും ആക്കുന്നുണ്ട്. മാതാപിതാക്കൾ തമ്മിൽ നിരന്തരം കലഹിച്ചതും ബാപ്പ ഉമ്മയെ കയ്യേറ്റം ചെയ്തതും അവളെ ഭീതിപ്പെടുത്തി. ഭാര്യാഭർത്താക്കന്മാർ പ്രായം ചെല്ലുമ്പോൾ ഇപ്രകാരം പരസ്പരം പോരടിക്കുന്നവർ ആയി മാറുമോ എന്നവൾ ചിന്തിക്കുന്നു. നിഷ്കളങ്കതയും കരുണയും സഹജീവിസ്നേഹവും ആണ് അവളുടെ സ്വഭാവത്തിന്റെ സവിശേഷത. ബഷീറിന്റെ പാരിസ്ഥിതിക അവബോധം കുഞ്ഞുപാത്തുമ്മയുടെ പാത്രസൃഷ്ടിയിൽ പ്രകടമാണ്. തന്റെ തുടയിൽ പറ്റിപ്പിടിച്ച് ചോരവലിച്ച് കുടിച്ച അട്ടയെ കൊല്ലാൻ അവൾ തയ്യാറാകുന്നില്ല. ചോരകുടിച്ച് വീർത്ത് താഴെ വീണ അട്ടയോട് അവൾ പറയുന്നു, "ഇബിലീസേ, ന്റെ ചോര നീ മുയ്മനും കുടിച്ചു" എങ്കിലും അതിനെ കൊ

ല്ലാൻ അവൾക്ക് കഴിയുന്നില്ല. അട്ടയ്ക്ക് ഉമ്മയും ബാപ്പയും കാണും. അല്ലാഹു സൃഷ്ടിച്ചത് ആണ്. അപ്പോൾ കൊല്ലുന്നത് പാപം. എന്നാണ് അവൾ ചിന്തിക്കുന്നത്. അതിനെ ജലത്തിലേക്ക് തള്ളിയിട്ടു ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. വരാലിനോടും നീർക്കോലിയോടും മണ്ണട്ടയോടും എല്ലാം അവൾ സംസാരിക്കുന്നുണ്ട്. പിന്നീട് തമ്മിൽ തല്ലി മുറിവേറ്റ് തോട്ടിൽ വീഴുന്ന കുരുവിയെ രക്ഷിക്കാനായി തോട്ടിലേക്ക് ഇറങ്ങുകയും പരിക്കേല്ക്കുകയും ചെയ്യുന്ന പാത്തുമ്മ തന്റെ ചോര പകർന്നു നൽകി കുരുവിയുടെ ജീവൻ രക്ഷിക്കുന്നു.

> ▶ പ്രകൃതിയുമായി സംവദിക്കാൻ പുതിയ ജീവിതസാഹചര്യം അവസരം നൽകി.

അവളിലെ ഈ സ്നേഹവും കരുണയും നിഷ്കളങ്കതയുമാണ് നിസാർ അഹമ്മദിനെ അവളിലേക്ക് അടുപ്പിക്കുന്നത്. കുരുവിയെ രക്ഷിക്കാനായി ശ്രമിച്ച് തോട്ടിൽ വീണ് പരിക്കേറ്റ അവളെ അയാൾ കരകയറ്റി മുറിവ് വെച്ചുകെട്ടിക്കൊടുത്തു. ആദ്യമായിട്ടായിരുന്നു അവൾ ഒരു അന്യപുരുഷനുമായി അടുത്തിടപെട്ടത്. അയാളുടെ സൗമ്യവും സ്നേഹസമ്പന്നവുമായ പെരുമാറ്റം അവളെ ആകർഷിച്ചു. അവളുടെ ഉള്ളിൽ അയാൾ പ്രണയഭാവം ഉണർത്തി. അവൾ നിസാർ അഹമ്മദിന്റെ സാമീപ്യം ആഗ്രഹിച്ചു. അതിനായി എന്തെങ്കിലും കാരണമുണ്ടാക്കി അവരുടെ വീട്ടിലേക്ക് പോയിക്കൊണ്ടിരുന്നു. തന്നിൽ ഉണ്ടാകുന്ന ഭാവമാറ്റം എന്തെന്ന് വേർതിരിച്ചെടുക്കാൻ ആ നിഷ്കളങ്കയുവതിക്ക് അറിയാമായിരുന്നില്ല. 'എന്റെ ഖൽബില് നോവ്' എന്നാണ് അവൾ തന്റെ പ്രണയത്തെ തിരിച്ചറിയുന്നത്. വേറൊരു വിവാഹാലോചനയെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അവൾ രോഗബാധിതയാകുന്നു. ഉന്മാദത്തിന് സമാനമായ രോഗകാഠിന്യത്തിന്റെ അടിസ്ഥാനം അവളുടെ പ്രണയതീവ്രതയാണ്.

> ▶ ബഷീറിന്റെ പാരിസ്ഥിതികാവബോധം കുഞ്ഞുപാത്തുമ്മയിൽ പ്രകടമാണ്.

രോഗബാധിതയായി കുഞ്ഞുപാത്തുമ്മ കിടന്നിരുന്ന മുറിയുടെ അടച്ചിട്ട ജാലകം തുറന്നുകൊണ്ട് നിസാർ അഹമ്മദിന്റെ ബാപ്പ മുറിയിലേക്ക് കാറ്റും വെളിച്ചവും കടത്തിവിട്ടു. 'വെളിച്ചത്തിന് എന്തൊരു വെളിച്ചം' എന്ന് തിരിച്ചറിഞ്ഞുകൊണ്ട് കുഞ്ഞുപാത്തുമ്മ ജീവിതത്തിലേക്ക് മടങ്ങിവരുന്നു. ആ വെളിച്ചം വീശിയത് അന്ന് വരെ കുഞ്ഞുപാത്തുമ്മയുൾപ്പെടുന്ന സമൂഹം നയിച്ച അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും ഇരുട്ട് നിറഞ്ഞ ലോകത്തേക്ക് കൂടിയാണ്. നിസാർ അഹമ്മദിന്റെ വധുവായി അയാളുടെ കുടുംബത്തിലേക്ക് കടന്നു ചെല്ലുന്നതോടെ കുഞ്ഞുപാത്തുമ്മയുടെ ജീവിതം പ്രഭാപൂർണമായ ഒരു അവസ്ഥയിലേക്ക് നയിക്കപ്പെടുന്നു.

> ▶ വെളിച്ചത്തിന് എന്തൊരു വെളിച്ചം

നിസ്സാർ അഹമ്മദും ആയിഷയും അവരുടെ പിതാവും ഇവിടെ പരിവർത്തനത്തിന്റെ വക്താക്കളാണ്. അവർ കുഞ്ഞുപാത്തുമ്മയെ പാരമ്പര്യത്തിന്റെ കെട്ടുപാടുകളിൽ നിന്ന് പുറത്തുകൊണ്ടുവന്നു. അവർ അവളെ നല്ല ഭാഷയും പരിഷ്കാരവും സംസ്കാരവുമുള്ള ജീവിതശൈലിയും വസ്ത്രധാരണ രീതിയും മറ്റും ശീലിപ്പിച്ചു. സമുദായത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ബഷീറിന്റെ ബോധമാണ് കുഞ്ഞുപാത്തുമ്മയുടെ ജീവിത പരിവർത്തനകഥയിലൂടെ പ്രകാശിതമാകുന്നത്.

> ▶ സമുദായത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ബഷീറിന്റെ ബോധം.

## നിസാർ അഹമ്മദ്

മുസ്ലിംസമുദായത്തിലെ മാറ്റത്തിന്റെ പ്രതിനിധിയാണ് നിസാർ

അഹമ്മദ്. വിദ്യാസമ്പന്നനും കവിയുമാണ് അയാൾ. നിസാർ അഹമ്മ ദിന്റെ ആശയങ്ങൾ വെളിപ്പെടുത്തുന്നത് ആയിഷയുടെ വാക്കുകളി ലൂടെയാണ്. ഇസ്ലാം എന്നാൽ മനുഷ്യസ്നേഹിയും വൃത്തിയുള്ളവ നും ആരെയും ഉപദ്രവിക്കാത്തവനും ആയിരിക്കണം എന്ന് ആയിഷ പറയുന്നുണ്ട്. മുസ്ലിം സമുദായത്തിൽ മാറ്റങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതകൾ നിസാർ അഹമ്മദ് വാക്കിലും പ്രവൃത്തിയിലും കൂ ടി പാത്തുമ്മയുടെ കുടുംബത്തെ ബോധ്യപ്പെടുത്തുന്നു. പരിഷ്കൃ തയും സംസ്കാരസമ്പന്നയും കലാകാരിയും പാചകവിദഗ്ധയും ഒക്കെയായ ഒരു പെണ്ണിനെ സ്വപ്നം കണ്ടുനടന്ന നിസ്സാർ അഹമ്മദ് പാത്തുമ്മയുടെ നിഷ്കളങ്കതയ്ക്ക് അടിപ്പെടുകയാണ്. അതിലുപരി അവളുടെ സഹജീവിസ്നേഹം അയാളെ നന്നായി ആകർഷിക്കുക യും ചെയ്യുന്നു. അയാൾ അവളെ തന്റെ ജീവിതപങ്കാളിയായി സ്വീ കരിക്കുന്നു.

▶ മാറ്റത്തിന്റെ പ്രതി നിധി

## ആയിഷ

ആയിഷ പുതിയ മുസ്ലിം യുവതിയുടെ പ്രതീകമാണ്. കോളേജ് വിദ്യാർത്ഥിനിയായ അവൾ സാരിയും ബ്ലൗസും മറ്റും ധരിച്ച് കാലോ ചിതമായ വസ്ത്രധാരണം നടത്തുന്നു. അവൾക്ക് നൂതനമായ ആശ യങ്ങളെക്കുറിച്ച് ബോധ്യമുണ്ട്. ലോകാവബോധമുണ്ട്. സ്വാഭിപ്രാ യങ്ങൾ ഉണ്ടാവുകയും അവ തുറന്നുപറയുകയും ചെയ്യുന്ന അവൾ അന്ധമായ അനുസരണ ആശാസ്യമല്ല എന്ന് വിശ്വസിക്കുന്നു. സമൂ ഹവും മതവും സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കുന്ന തെറ്റായ ആചാരങ്ങളെക്കുറിച്ചും നിബന്ധനകളെക്കുറിച്ചും അവൾക്ക് ബോ ധ്യമുണ്ട്. ഇത്തരം തിരിച്ചറിവുകൾ അവൾക്ക് പകർന്നു നൽകിയത് കോളേജ് അധ്യാപകനായ അവളുടെ പിതാവും സഹോദരനുമാ ണ്. ആയിഷ നല്ല ഭാഷയും പരിഷ്കാരവും സംസ്കാരവും കുഞ്ഞു പാത്തുമ്മയെ പരിശീലിപ്പിക്കുന്നു. ഉപ്പാപ്പയ്ക്ക് ഒരു ആന ഉണ്ടായി രുന്നു എന്ന് കുഞ്ഞുപാത്തുമ്മ അഭിമാനിക്കുമ്പോൾ എന്റെ ഉപ്പാപ്പ യ്ക്ക് ഒരു കാളവണ്ടി ഉണ്ടായിരുന്നു എന്നും അത് ഉപയോഗിച്ചുള്ള അധ്വാനത്തിലൂടെ ബാപ്പയെ പഠിപ്പിച്ച് കോളേജ് അധ്യാപകൻ ആക്കി എന്നും ആയിഷ വിശദമാക്കുന്നു. ഇവിടെ ജന്മിത്തത്തിന്റെ പ്രതീക മായി ആനയും അധ്വാനവർഗ്ഗത്തിന്റെ പ്രതീകമായി കാളവണ്ടിയും മാറുന്നു. ജന്മിത്തം ക്ഷയിച്ച് കുഴിയാനയാവുകയും അധ്വാന വർഗ്ഗം സ്വാശ്രയത്താൽ മുന്നേറുകയും ചെയ്യുന്നു.

▶ തെറ്റായ ആചാരങ്ങളെ ക്കുറിച്ചും നിബന്ധന കളെക്കുറിച്ചും ആയി ഷക്ക് ബോധ്യമുണ്ട്.

## 1.3.3 ഇതിവൃത്തവിശകലനം

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ കൃതിയാണ് 'ന്റെുപ്പുപ്പാക്കൊരാനണ്ടാർന്ന്!' എന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ ഭാഷകളിലും ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആനമക്കാരന്റെ പുന്നാരമോൾ കുഞ്ഞുതാച്ചുമ്മ, അവരുടെ പുന്നാര മകൾ കുഞ്ഞുപാത്തുമ്മ, കുഞ്ഞുതാച്ചുമ്മയുടെ ജീവിതപങ്കാളി വട്ടനടിമ, നിസാർ അഹമ്മദ്, സഹോദരി ആയിഷ, അവരുടെ മാതാപിതാക്കൾ എന്നിവരാണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. എല്ലാ കഥാപാത്രങ്ങൾക്കും അവരുടെതായ വ്യക്തിത്വം സൃഷ്ടിക്കാൻ ബഷീറിന് കഴിഞ്ഞിട്ടുണ്ട്. ബഷീറിയൻ ശൈലിയിലെ സവിശേഷമായ പല പ്രയോഗങ്ങളും ഈ കൃതിയിൽ

> ▶ സവിശേഷമായ ഭാഷാപ്രയോഗവും സാമൂഹികമായ ഉൾകാഴ്ചകളും

കാണാം. 'വെളിച്ചത്തിനെന്തു വെളിച്ചം' എന്ന ബഷീറിയൻ പ്രയോഗം ഈ നോവലിലെയാണ്. ഇങ്ങനെ സവിശേഷമായ ഭാഷാപ്രയോഗം കൊണ്ടും സാമൂഹികമായ ഉൾകാഴ്ചകൾ കൊണ്ടും ഈ കൃതി നോവൽ സാഹിത്യത്തിൽ അമൂല്യസ്ഥാനം അലങ്കരിക്കുന്നുണ്ട്.

വട്ടനടിമയ്ക്ക് അയാൾ കൈവശം വെച്ചനുഭവിച്ചിരുന്ന സ്ഥലവും കിടപ്പാടവും നഷ്ടപ്പെടുന്നതും, തുടർന്ന് അവരുടെ ജീവിതത്തിലെ സംഘർഷങ്ങളും അവതിരിപ്പിച്ചുകൊണ്ടാണ് നോവൽ അതിന്റെ പ്രയാണത്തിലേക്ക് കടക്കുന്നത്. സഹോദരങ്ങൾക്കുകൂടി അവകാശപ്പെട്ട സ്വത്തുവകകളായിരുന്നു വട്ടനടിമ്മ കൈവശം വെച്ചനുഭവിച്ചത്. അവർ കേസ്കൊടുക്കുകയും കേസ്ന ടത്തുന്നതിനായി കടക്കെണിയിലാകുകയും ചെയ്യുന്ന വട്ടനടിമ്മ സ്ഥലവും മറ്റും ഉപേക്ഷിച്ചു പോകുന്നു. ഇവിടെ പ്രധാനപ്പെട്ട ഒരു നിരീക്ഷണം ബഷീർ മുന്നോട്ടു വെയ്ക്കുന്നുണ്ട്. അത് പുതിയ വ്യക്തി നിയമത്തെക്കുറിച്ചാണ്. പാരമ്പര്യസ്വത്ത് എല്ലാവർക്കും തുല്യ അവകാശമുള്ള ഒന്നായി ആധുനിക നിയമവ്യവസ്ഥയിൽ മാറുന്നു എന്നതാണ് അത്. മധ്യവർഗ-വരേണ്യ, മാപ്പിള-മുസ്ലീം തറവാടിത്വത്തിന്റെ മഹിമപറച്ചിലുകളുടെ നേർക്കുള്ള കൂരമ്പ് കൂടിയാണ് ഈ കൃതി. നിങ്ങളുടെ വമ്പത്തരങ്ങൾക്ക് ഒരു കുഴിയാനയുടെ വലിപ്പമേ ഉള്ളൂ എന്ന് ബഷീർ ഓർമ്മപ്പെടുത്തുന്നു. ഇങ്ങനെ പൊങ്ങച്ചങ്ങൾക്കും തറവാടിത്തത്തിനും എതിരെ പരിഹാസത്തിന്റെ സ്വരത്തിൽ വിമർശനം ഉന്നയിക്കുകയാണ് ബഷീർ. വിദ്യാഭ്യാസത്തിന്റെയും അറിവിന്റെയും പുതിയ ലോകത്തിലൂടെ സാധ്യമാകുന്ന സ്വാതന്ത്ര്യത്തെക്കൂടി ബഷീർ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. നിസാർ അഹമ്മദും സഹോദരി ആയിഷയും ഇതിന് ഉദാഹരണങ്ങളാണ്. നിസാർ അഹമ്മദിന്റെ കുടുംബം പുരോഗമനപരമായ ആശയങ്ങളെ സ്വാഗതം ചെയ്യുന്നത് വിദ്യാഭ്യാസത്തിന്റെ കരുത്തിലാണ്. ഇങ്ങനെ മനുഷ്യനെ അറിവ് സ്വതന്ത്രനാക്കുന്നതിനെക്കുറിച്ചും തറവാടിത്തവും പൊങ്ങച്ചവും പൊള്ളത്തരങ്ങളാണ് എന്ന് വ്യക്തമാക്കുകയുമാണ് ബഷീർ ഈ ചെറിയ നോവലിലൂടെ.

> ▶ നിങ്ങളുടെ വമ്പത്തരങ്ങൾക്ക് ഒരു കുഴിയാനയുടെ വലിപ്പമേ ഉള്ളൂ

> ▶ അറിവ് സ്വതന്ത്രനാക്കുന്നു

സാമുദായികമായ പരിഹാസം മാത്രമല്ല ഈ കൃതിയിലുള്ളത്. അത് ആധുനിക മനുഷ്യനാവാൻ അറിവിലൂടെ സാധിക്കും എന്നും അതിനെതിരെ മുഖം തിരിക്കുന്നവർ കൂടുതൽ പരിഹാസരാവും എന്ന പാഠവും ഈ കൃതിയിൽ ബഷീർ പറഞ്ഞു വെക്കുന്നുണ്ട്.

## Summarised Overview

മലയാളസാഹിത്യത്തിൽ അതുല്യമായ ഒരു സ്ഥാനമാണ് ബഷീറിനുള്ളത്. ലളിതമായ ഭാഷാശൈലിയും ഉത്കൃഷ്ടമായ ജീവിതവീക്ഷണവും ബഷീറിൻെറ കൃതികളെ മഹത്തരമാ ക്കുന്നു. ഇതിവൃത്തഘടനയിലും കഥാപാത്രസങ്കല്പത്തിലും സ്വാതന്ത്ര്യം പുലർത്തിക്കൊ ണ്ട് തനതായ സർഗപ്രപഞ്ചം സൃഷ്ടിച്ച ബഷീർ മൗലികവും അപൂർവവുമായ വായനാനുഭവം

പ്രദാനം ചെയ്യുന്നു. മുസ്ലിംസമൂഹത്തിൽ നിലനിന്നിരുന്ന പിന്തിരിപ്പൻ ആശയങ്ങളെയും യാഥാസ്ഥിതികതയെയും മാമൂലുകളെയും നർമ്മരസത്തോടെ വിമർശിക്കാനും പരിഹസിക്കുവാനും അദ്ദേഹം ശ്രമിച്ചു. ദാരിദ്ര്യം, വിശപ്പ്, കാമം തുടങ്ങിയ അടിസ്ഥാന മനുഷ്യഭാവങ്ങളെ തീഷ്ണമായും യഥാതഥമായും അവതരിപ്പിച്ചു.

സ്ത്രീ വിദ്യാഭ്യാസത്തിനും മറ്റും മുസ്ലിം സമുദായം കാട്ടിയിരുന്ന വിമുഖതയെ ചൂണ്ടിക്കാട്ടുന്ന നോവലാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'. പ്രാമാണികത്വമുള്ള മുസ്ലിം സമുദായാംഗങ്ങൾ പുലർത്തിപ്പോന്നിരുന്ന ചില യാഥാസ്ഥിതിക നിലപാടുകളെ തിരുത്തുവാനുള്ള ആഹ്വാനം നോവൽ നൽകുന്നു. കഥാനായികയായ കുഞ്ഞുപാത്തുമ്മ സ്നേഹസമ്പന്നയും അനുസരണശീലം ഉള്ളവളും മതവിശ്വാസിയും ആണ്. നിഷ്കളങ്കതയും കരുണയും സഹജീവിസ്നേഹവും  അവളുടെ സ്വഭാവത്തിൻെറ സവിശേഷതകളാണ്. ബഷീറിൻെറ പാരിസ്ഥിതികാവബോധം കുഞ്ഞുപാത്തുമ്മയുടെ പാത്രസൃഷ്ടിയിൽ പ്രകടമാണ്. കുഞ്ഞുപാത്തുമ്മയുടെ മാതാവ് കുഞ്ഞുതാച്ചുമ്മ യാഥാസ്ഥിതിക മുസ്ലിം ആശയങ്ങളുടെ പ്രതിനിധിയാണ്. കുടുംബമഹിമയിലും സമ്പത്തിലും പാരമ്പര്യത്തിലും അതിയായി അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തിരുന്നു താച്ചുമ്മ.

മുസ്ലീം സമുദായത്തിന്റെ പരിഷ്കർത്താവ് എന്ന നിലയിലല്ല ബഷീർ തന്റെ സാഹിത്യം വ്യാപരിപ്പിച്ചിട്ടുള്ളത്. കലയ്ക്ക് യാതൊരു തരത്തിലും പോറലേൽക്കാത്ത മട്ടിൽ സാമുദായികമായ ദുരവസ്ഥകളെ ചൂണ്ടിക്കാണിക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. സാഹിത്യം കേവലം ഉപകരണം മാത്രമല്ല എന്ന് വ്യക്തമാക്കുന്നതാണ് അദ്ദേഹത്തിന്റെ രചനകൾ.  അന്ധവും അയുക്തികവുമായ ആചാരങ്ങളുടെ ഭാഗമായി വഴിമുട്ടി നിന്ന ജീവിതങ്ങളെ സുന്ദരമായി പുതിയ ലോകത്തേയ്ക്ക് നയിക്കുകയാണ് അദ്ദേഹം. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ സ്നേഹത്തോടും കനിവോടും കൂടി നർമ്മരൂപത്തിൽ വെളിച്ചത്തിന്റെ ലോകത്തേയ്ക്ക് ആനയിക്കുന്നു.

ബഷീറിൻെറ സാമൂഹികപരിവർത്തനേച്ഛയും മാനവികതയും പാരിസ്ഥിതികാവബോധവും കഥാപാത്രങ്ങളിലൂടെ അഭിവ്യക്തമാകുന്നു. കാലികപ്രസക്തമായ ആശയങ്ങളെ സംക്ഷിപ്തമായി അവതരിപ്പിച്ചതും ഗൗരവകരമായ വിഷയങ്ങളെ നർമ്മപ്രധാനമായി ലാളിത്യത്തോടെ ആവിഷ്കരിച്ചതും ഈ കൃതിയുടെ സവിശേഷതയാണ്.

# Assignments

1. മുസ്ലിം സമൂഹത്തിലെ ജീവിതാവസ്ഥകളെ ആവിഷ്കരിക്കുന്ന കൃതി എന്ന നിലയിൽ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന കൃതിയുടെ സവിശേഷത പരിശോധിക്കുക.
2. കുഞ്ഞുതാച്ചുമ്മയുടെ സ്വഭാവ സവിശേഷതകൾ വിവരിക്കുക.
3. കുഞ്ഞുപാത്തുമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവരൂപീകരണത്തിൽ ബഷീർ പുലർത്തിയ സൂക്ഷ്മത പരിശോധിക്കുക.
4. നിസ്സാർ അഹമ്മദിന്റെ സ്വാഭാവസവിശേഷതകൾ വ്യക്തമാക്കുക.
5. ബഷീറിന്റെ ഭാഷാപരമായ പ്രത്യേകത അതിൽ ഉൾച്ചേർന്നിരിക്കുന്ന നർമ്മമാണ്. 'ന്റുപ്പുപ്പാക്കൊരാനണ്ടാർന്ന്!' മുൻനിർത്തി സ്ഥാപിക്കുക.
6. വൈക്കം മുഹമ്മദ് ബഷീറിൻെറ ഭാഷാശൈലിയുടെ  പ്രത്യേകതകൾ വിവരിക്കുക.
7. മുസ്ലിം ജീവിതാവിഷ്കാരം - ബഷീർ കൃതികളിൽ. ഉപന്യസിക്കുക.

## Suggested Readings


1. ബഷീർ, സമ്പൂർണ്ണ കൃതികൾ ഭാഗം 1 & 2, ഡി. സി. ബുക്സ്, കോട്ടയം.
2. സച്ചിദാനന്ദൻ. കെ 'ഇന്ത്യൻ സാഹിത്യവും വൈക്കം മുഹമ്മദ് ബഷീറും', വിത്തും വൃക്ഷവും, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. എം. കെ. സാനു, ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ, ഡി. സി. ബുക്സ്, കോട്ടയം.


## References


1. രവികുമാർ. കെ. എസ്., ബഷീറിന്റെ നൂറ്റാണ്ട്, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. അനിത കുമാരി. ടി., ബഷീറിന്റെ ലോകങ്ങൾ (എ. ഡി) തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല പ്രസിദ്ധീകരണം, തിരൂർ.
3. അച്യുതൻ, എം. നോവൽ പ്രശ്നങ്ങളും പഠനങ്ങളും, സാഹിത്യപ്രവർത്തക സഹക രണ സംഘം, കോട്ടയം.
4. അപ്പൻ, കെ. പി., കലഹവും വിശ്വാസവും, ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം.
5. അശോകൻ, കെ., നോവൽ മലയാളത്തിൽ, നാഷണൽ ബുക്ക്സ്, കോട്ടയം.
6. ജോർജ് ഇരുമ്പയം, മലയാള നോവൽ 19-ാം നൂറ്റാണ്ടിൽ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
7. ജോർജ് ഓണക്കൂർ, നായകസങ്കല്പം മലയാള നോവലിൽ, പ്രഭാത് ബുക്സ്, തിരുവനന്തപുരം.


### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 4

# ഉമ്മാച്ചു

ഉറൂബ്

## Learning Outcomes

- പി. സി. കുട്ടികൃഷ്ണൻ എന്ന ഉറൂബിന്റെ സാഹിത്യ ലോകത്തെ സാമാന്യമായി പരിചയപ്പെടുന്നു
- ജീവിതത്തിന്റെ സംഘർഷങ്ങളെ അടയാളപ്പെടുത്തുന്നതിൽ എഴുത്തുകാരൻ പ്രകടിപ്പിക്കുന്ന സൂക്ഷ്മതയെ മനസ്സിലാക്കുന്നു
- മലയാള സാഹിത്യത്തിൽ 'ഉമ്മാച്ചു' എന്ന കൃതിക്കുള്ള പ്രാധാന്യത്തെ തിരിച്ചറിയുന്നു
- കഥാപാത്രങ്ങളുടെ മാനസ്സിക അവസ്ഥകളെ അടയാളപ്പെടുത്തുന്നതിൽ നോവലിസ്റ്റ് പ്രകടിപ്പിക്കുന്ന കയ്യടക്കത്തെ തിരിച്ചറിയുന്നു
- അക്കാലത്തെ സാമൂഹ്യാവസ്ഥകളെക്കുറിച്ചുള്ള ധാരണ നേടുന്നു

## Background

ചരിത്രപരമായി നോക്കുമ്പോൾ മലയാളത്തിലെ നവോത്ഥാനകാല എഴുത്തുകാരനാണ് ഉറൂബ്. എന്നാൽ കാലദേശപ്രസ്ഥാനഭേദങ്ങളെ അതിവർത്തിച്ചുകൊണ്ട് മനുഷ്യാനുഭൂതികളുടെ സമുജ്ജ്വലമായ ആവിഷ്കാരങ്ങളാണ് അദ്ദേഹത്തിൻെറ രചനകൾ. അദ്ദേഹം വ്യക്തിജീവിതത്തിൻെറ വിവിധങ്ങളായ തലങ്ങൾ ആവിഷ്കരിക്കുകയും മനുഷ്യമനസിൻെറ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലുകയും മനുഷ്യവികാര വൈചിത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തു.

ഇതിവൃത്തം, പാത്രസൃഷ്ടി, പ്രതിപാദന രീതി, ഭാവവികാസം ഇവയിൽ പുതുമ സൃഷ്ടിച്ചുകൊണ്ടായിരുന്നു ഉറൂബ് നോവൽരചന നടത്തിയത്. സാധാരണമനുഷ്യൻെറ ഐതിഹാസിക മാനം സ്വന്തം നോവലിൽ ഫലപ്രദമായി പ്രതിഫലിപ്പിച്ച ഉറൂബ് ക്രിയാവിചിത്രമായ മനുഷ്യ ജീവിതത്തിൻെറ അണിയറയിലേക്ക് ഇറങ്ങിച്ചെന്ന നോവലിസ്റ്റ് ആണ്. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള സാധാരണമായ ധാരണകളെ ഉറൂബ് തകർത്തെറിഞ്ഞു. മനുഷ്യമനോവ്യാപാരങ്ങളുടെ കാണാക്കയങ്ങളിൽ ആണ്ടിറങ്ങി ചെല്ലുവാൻ ഉറൂബിന് സാധിച്ചു. കഥാപാത്രങ്ങളെ ആദർശവൽക്കരിക്കാനോ ആശയങ്ങളുടെ കൂട്ടിൽ അടച്ചിടാനോ ശ്രമിക്കാതെ അവരെ സ്വാഭാവികമായ വികാസത്തിന് സ്വതന്ത്രമായി വിടുന്ന രീതിയാണ് ഉറൂബിൽ കാണുന്നത്. സാഹചര്യസമ്മർദ്ദങ്ങൾകൊണ്ട് മനുഷ്യസ്വഭാവത്തിൽ വരുന്ന വികാസപരിണാമങ്ങളെ വിദഗ്ധമായി അദ്ദേഹം അവതരിപ്പിച്ചു.

താൻ ജീവിക്കുന്ന കാലഘട്ടത്തെക്കുറിച്ചും ദേശത്തെക്കുറിച്ചും ഉറൂബ് തികച്ചും ബോധവാനായിരുന്നു. സംഭവബഹുലവും പ്രശ്നസങ്കീർണവുമായ സമകാലിക സാമൂഹിക ജീവിതത്തെ ചരിത്രവും ഭാവനയും ത്രികാലങ്ങളും കൂട്ടിയിണക്കി സ്വാംശീകരിക്കുവൻ ഉറൂബിന് സാധിച്ചു. കൃതികളുടെ പ്രധാന പശ്ചാത്തലം പൊന്നാനിയും കോഴിക്കോടും ആണ്. കേരളത്തിലെ വിവിധ സമുദായങ്ങളിലും സമൂഹങ്ങളിലും പെട്ടവരെ ഉറൂബ് അവതരിപ്പിക്കുന്നുണ്ട് തൻെറ രചനാലോകം ഏതെങ്കിലും ഒരു പ്രത്യേക വർഗ്ഗത്തിൻെറ കഥ പറയുന്ന ഒന്നായി അദ്ദേഹം കണ്ടില്ല.

## Key Themes

രണ്ട് തലമുറയുടെ ജീവിതാവസ്ഥകളാണ് ഉമ്മാച്ചു എന്ന നോവലിൽ അടയാളപ്പെടുത്തുന്നത്. സാധാരണമനുഷ്യന്റെ ജീവിതമാണ് പ്രമേയം

## Discussion

### 1.4.1 ഇതിവൃത്തസംഗ്രഹം

മനുഷ്യാനുഭൂതികളുടെ സമുജ്ജ്വലമായ ആവിഷ്കാരങ്ങളാണ് ഉറൂബിൻെറ രചനകൾ. സാധാരണക്കാരൻെറ ജീവിതമാണ് ഉറൂബിൻെറ നോവലുകളിലെ മുഖ്യപ്രമേയം. അത്യന്തം ഹൃദയസ്പർശിയായ പ്രേമകഥയും ശക്തമായ സാമൂഹിക സാമുദായിക നോവലും ദാർശനികമായ ഗാംഭീര്യമുള്ള ഒരു കൃതിയുമാണ് ഉമ്മാച്ചു. ബീരാൻ, മായൻ, ഉമ്മാച്ചു, ചാപ്പുണ്ണി മുതലായവരാണ് മുഖ്യ കഥാപാത്രങ്ങൾ. തലമുറകളുടെ കഥ പറഞ്ഞുകൊണ്ട് ഈ നോവൽ ജീവിതത്തിൻെറ അനുസ്യൂതി പ്രകടമാക്കുന്നു. ശക്തമായ വൈകാരികതയും സ്വേച്ഛാപരതയും ഉള്ള ഒരു സ്ത്രീയാണ് ഉമ്മാച്ചു. ബാലിക, പ്രണയിനി, അപ്രിയ ദാമ്പത്യം നയിക്കുന്ന ഭാര്യ, ഭർത്തൃഘാതകനെ വരിക്കുന്നവൾ, മക്കളുടെ സ്നേഹത്തിനും വിദ്വേഷത്തിനും വിധേയമാകുന്ന അമ്മ, മകൻെറ കാമുകിയെ നേരിടുന്ന അമ്മ, മുത്തശ്ശി തുടങ്ങി വിഭിന്നങ്ങളായ അവസ്ഥയിലൂടെ ഉമ്മാച്ചു വികസിക്കുന്നു. വിവിധതരം മനോവികാരങ്ങളുടെ കുത്തൊഴുക്കിൽപ്പെട്ടുഴലുന്ന ഒരു കഥാപാത്രമാണ് മായൻ. പകയും വിദ്വേഷവും പ്രതികാരദാഹവും പശ്ചാത്താപവും പ്രായശ്ചിത്തവ്യഗ്രതയും മാറി മാറി പ്രകടമാകുന്നുണ്ട്. ശക്തമായ വികാരങ്ങളും ആ വികാരങ്ങൾ സാക്ഷാത്കരിക്കാനുള്ള അദമ്യമായ വാഞ്ഛയും ഒപ്പം തന്നെ ധർമ്മബോധവും മായൻെറ വ്യക്തിത്വത്തിൻെറ സവിശേഷതകളാണ്. സ്നേഹിച്ച സ്ത്രീക്ക് വേണ്ടി ജീവൻ ഹോമിക്കേണ്ടി വന്ന ഒരു കഥാപാത്രമാണ് ബീരാൻ.

- ഉമ്മാച്ചുവിനോടുള്ള പ്രണയമാണ് ബീരാൻെറ മുഖ്യഭാവം

ബീരാൻ, മായൻ, ഉമ്മാച്ചു, ചാപ്പുണ്ണി മുതലായ സ്കൂൾ കുട്ടികളിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. ഇവർ ഓരോരുത്തർക്കും സ്വന്തമായ കുടുംബ ചരിത്രമുണ്ട്. കുടുംബപരമായും സാമ്പത്തികമായും ഉമ്മാച്ചുവും മായനും ആണ് യോജിപ്പുള്ളത്. ഉമ്മാച്ചുവിനെ ആകർഷിച്ചതും അവളുടെ മനസ്സ് കീഴടക്കിയതും കരുത്തനും പൗരുഷശാലിയുമായ മായനാണ്. അതേസമയം ബീരാനും ഉമ്മാച്ചുവിനോട് പ്രണയം ഉടലെടുത്തു. അത്തറാലിയുടെ മകളായ ഉമ്മാച്ചുവിനെ വിവാഹം കഴിക്കുവാൻ ബാപ്പയുടെ സമ്മതം ലഭിക്കുവാൻ വേണ്ടി ധനികപുത്രനായ ബീരാൻ, അഹമ്മദുണ്ണി എന്ന ചരിത്രകാരന് പണം നൽകി ഉമ്മാച്ചുവിൻെറ കുടുംബ മഹിമയെക്കുറിച്ച് ഒരു കഥ പ്രചരിപ്പിച്ചു. ബീരാൻെറ വാപ്പ കഥ വിശ്വസിച്ചു. ബീരാനെക്കൊണ്ട് ഉമ്മാച്ചുവിനെ നിക്കാഹ് കഴിപ്പിക്കാൻ വാപ്പ തീരുമാനിച്ചു. ധനിക കുടുംബത്തിൽ നിന്നുള്ള ആലോചന ഉമ്മാച്ചുവിൻെറ വാപ്പ നിരസിച്ചുമില്ല. അങ്ങനെ സാഹചര്യ സമ്മർദ്ദങ്ങളാൽ ഉമ്മാച്ചു ബീരാൻെറ ഭാര്യ

യായി. അഹമ്മദുണ്ണിയുടെ വക്രബുദ്ധിയാണ് തനിക്ക് ഉമ്മാച്ചുവിനെ നഷ്ടപ്പെടാൻ ഇടയാക്കിയത് എന്നതിൽ ക്രുദ്ധനായ മായൻ അഹമ്മദുണ്ണിയെ ആക്രമിച്ചു. അയാൾ മരിച്ചുപോയിക്കാണും എന്ന ഭീതിയാൽ മായൻ അവിടം വിട്ട് വയനാട്ടിലേക്ക് പോയി. വയനാട്ടിൽ ഹാജിയാരുടെ കീഴിൽ ജോലി ചെയ്തും, ചില്ലറ കള്ളക്കടത്ത് നടത്തിയും ജീവിച്ചു പോന്നു.

▶ മായൻ ഉമ്മാച്ചുവിനെയും ഉമ്മാച്ചു മായനെയും സ്നേഹിച്ചു.

വർഷങ്ങൾക്കുശേഷം ഒരിക്കൽ അഹമ്മദുണ്ണിയുടെ മകൻ ഹസ്സൻ മായന്റെ അടുക്കൽ എത്തിയപ്പോഴാണ് അന്ന് തന്റെ കയ്യാൽ അഹമ്മദുണ്ണി കൊല്ലപ്പെട്ടില്ല എന്ന് മായൻ തിരിച്ചറിയുന്നത്. കൊലയാളി അല്ല എന്ന് മനസ്സിലായതോടെ സ്വന്തം നാട്ടിലേക്ക് മായൻ മടങ്ങാൻ തീരുമാനിച്ചു. നാട്ടിലെത്തിയ മായൻ ഉമ്മാച്ചുവിനെ ബീരാനിൽ നിന്നും മോചിപ്പിച്ച് സ്വന്തമാക്കണമെന്ന് തീരുമാനിക്കുന്നു. ഒടുവിൽ ഒരു ദിനം അയാൾ ബീരാനെ വധിച്ചു. ഉമ്മാച്ചുവും ബീരാന് ഉമ്മാച്ചുവിൽ പിറന്ന ആറു വയസ്സുകാരൻ അബ്ദുവും ആ കാഴ്ച കണ്ടു. ഉമ്മാച്ചു അക്കാര്യം രഹസ്യമായി വെച്ചു. ബീരാനെ വധിച്ചതിന്റെ കുറ്റം നിരപരാധിയായ ചോഴിയിലാണ് ആരോപിക്കപ്പെട്ടത്. കോടതി ചോഴിയെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ചോഴിയുടെ കുടുംബം അനാഥമാവുകയും ചെയ്തു.

▶ ബീരാന്റെ വധശേഷം മായൻ ഉമ്മാച്ചുവിനെ വിവാഹം കഴിച്ചു.

ബീരാന്റെ കുടുംബകാര്യസ്ഥനായ ചാപ്പുണ്ണി ലക്ഷ്മിക്കുട്ടിയെ വിവാഹം കഴിച്ചു. അവർക്ക് ചിന്നമ്മു എന്ന ഒരു മകൾ ഉണ്ടായി. ഉമ്മാച്ചുവിന് മായനിൽ നിന്ന് രണ്ട് ആൺകുട്ടികൾ ജനിച്ചു. മരക്കാരും ഹൈദരും. അബ്ദു യുവാവ് ആയതോടെ അവൻ മായനെ നിഷേധിച്ചു തുടങ്ങി. തന്റെ വാപ്പയെ കൊന്ന മനുഷ്യനായ മായന്റെ ഭാര്യയായ ഉമ്മാച്ചുവിനോടുള്ള നീരസം അവൻ പ്രകടമാക്കാൻ തുടങ്ങി. മായന്റെ കൈ രക്തപങ്കിലമാണെന്ന് ഒടുവിൽ അബ്ദു തുറന്നടിച്ചു. അബ്ദുവിന്റെ വാക്കുകൾ മായനെ തളർത്തി. അയാൾ വീട് വിട്ട് വയനാട്ടിൽ ഹസന്റെ അടുത്ത് ചെന്നു. അവിടെവച്ച് ആത്മഹത്യ ചെയ്തു. മായന്റെ മരണത്തോടുകൂടി സ്വത്തുക്കൾ മൂന്നു മക്കൾക്കുമായി ഭാഗിക്കുവാൻ ഉമ്മാച്ചു തീരുമാനിച്ചു. ഉമ്മാച്ചു അബ്ദുവിന്റെ കൂടെ താമസിച്ചു. മക്കാറും ഹൈദ്രോസും മാറിത്താമസിച്ചു. തുടർന്ന് നടന്ന ഇലക്ഷനിൽ അബ്ദു കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി ഹൈദ്രോസ് ലീഗിൻറെ സ്ഥാനാർത്ഥിയായും മത്സരിച്ചു. ഇലക്ഷനിൽ ഹൈദ്രോസ് വിജയിച്ചു. എതിർപ്പുകൾ വകവക്കാതെ ചാപ്പുണ്ണിയുടെ മകൾ ചിന്നമ്മുവിനെ അബ്ദു വിവാഹം കഴിക്കുന്നു. ഒരു കുഞ്ഞു ജനിച്ചതോടെ ചാപ്പുണ്ണി വിദ്വേഷം മറക്കുന്നു.

▶ എല്ലാവരുടെയും ജീവിതം സ്വച്ഛമായി മുന്നോട്ട് നീങ്ങുന്നു.

## 1.4.2. കഥാപാത്രപഠനം

## ഉമ്മാച്ചു

ശക്തമായ വൈകാരികതയും സ്വേച്ഛാപരതയും ഉള്ള ഒരു സ്ത്രീയാണ് ഉമ്മാച്ചു. ചെറുപ്പത്തിലേ ഉമ്മാച്ചുവിന്റെ മനസ്സു കവർന്നത് മായനാണ്. ബീരാനോട് അവൾക്ക് മതിപ്പില്ലായിരുന്നു. പ്രണയാതുരമായ മനസ്സും ഭാവനയും ഉള്ള അവളെ മായന്റെ കായികമായ ശക്തിയും കഥ പറയുവാനും പാട്ടുപാടുവാനുമുള്ള കഴിവും ആകർഷിച്ചു. കലാകായികരംഗങ്ങളിൽ മായൻ ബീരാനേ

ക്കാൾ മുന്നിലായിരുന്നു. മായനും ബീരാനും തമ്മിൽ കായികമായും അല്ലാതെയും തർക്കങ്ങളിൽ ഏർപ്പെടുമ്പോൾ ഉമ്മാച്ചു മായന്റെ പക്ഷത്തായിരുന്നു. ബീരാനെ മായൻ അടിച്ചു തോൽപ്പിക്കുമ്പോൾ 'പഷ്ട്ട്' 'പഷ്ട്ട്' എന്ന് പറഞ്ഞ് കൈകൊട്ടി ചിരിക്കുകയാണ് ഉമ്മാച്ചു ചെയ്യുന്നത്. ഉശിരുള്ളവൻ ജയിക്കുമെന്ന നിലപാടാണവൾക്കുള്ളത്. പക്ഷേ അവളുടെ പ്രതീക്ഷകൾ എല്ലാം തകർത്തുകൊണ്ടാണ് ബീരാൻ അവളെ വിവാഹം ചെയ്തത്. ബീരാനെ കെട്ടുന്നതിനുള്ള പ്രതിഷേധം ഒരിക്കലും അവൾ പുറത്ത് അറിയിച്ചില്ല. പുറത്തറിയിച്ച് അന്തരീക്ഷം കലക്കിയിട്ട് ഒരു പ്രയോജനവും ഇല്ലെന്ന് തന്റേടക്കാരിയായ ഉമ്മാച്ചുവിന് അറിയാമായിരുന്നു. അവൾ കരഞ്ഞില്ല. കണ്ണു നനഞ്ഞതു പോലുമില്ല. ഉമ്മാച്ചുവിന് ഈറ ആയിരുന്നു. അവൾ തന്നോട് തന്നെ പറഞ്ഞു "കെട്ടട്ടെ.. കെട്ടട്ടെ.. ഊറ്റം കൊണ്ടല്ലേ.." ഇതായിരുന്നു വിവാഹസമയത്ത് അവളുടെ നിലപാട്. അന്നത്തെ സാമൂഹിക സാഹചര്യത്തിൽ ഒരു മുസ്ലിം യുവതിക്ക് സ്വന്തം വിവാഹത്തിൽ തീരുമാനമെടുക്കുന്നതിന് വളരെയധികം പരിമിതികളും ഉണ്ടായിരുന്നു. അപ്രകാരം സാഹചര്യ പ്രേരണയാൽ സ്വന്തം വികാരങ്ങളെ തകർത്തെറിയേണ്ടിവന്ന സ്ത്രീയാണ് ഉമ്മാച്ചു.

▶ സാഹചര്യ സമ്മർദ്ദങ്ങളാൽ ബീരാന്റെ ഭാര്യയാകേണ്ടിവന്നു

ബീരാന്റെ വീട്ടിൽ നല്ല ഒരു കുടുംബിനിയായാണ് അവൾ ജീവിച്ചത്. എല്ലാ കാര്യങ്ങളിലും വളരെ സമർത്ഥമായി അവൾ ബീരാനെ നിയന്ത്രിച്ചു. പ്രായോഗിക ബോധത്തോടെയാണ് പലപ്പോഴും ഉമ്മാച്ചു ജീവിതത്തെ കാണുന്നത്. സംഭവിക്കാനുള്ളത് സംഭവിച്ചു. ഇനി ജീവിതത്തെ മുന്നോട്ട് നല്ല രീതിയിൽ കൊണ്ടുപോവുക. അതായിരുന്നു അവളുടെ കാഴ്ചപ്പാട്. എല്ലാം തന്റെ കൈപ്പിടിയിൽ ഒതുക്കി മുന്നോട്ടു പോകുവാനാണ് അവൾ എപ്പോഴും ശ്രമിച്ചത്. ഇടയ്ക്കിടയ്ക്ക് മായനെ കണ്ടും അയാളോട് സംസാരിച്ചും അയാളുടെ സാമീപ്യം ഉറപ്പുവരുത്തിയും മുന്നോട്ട് പോകാൻ അവൾ ആഗ്രഹിച്ചു.

▶ ബീരാനെ ആത്മാർത്ഥമായി സ്നേഹിക്കാൻ സാധിച്ചില്ല

ബീരാന്റെ മരണം ഉമ്മാച്ചുവിനെ ദുഃഖിപ്പിക്കുന്നുണ്ടെങ്കിലും അവളെ തകർക്കുന്നില്ല. തന്റെ നിർദ്ദേശപ്രകാരമോ അറിവോടുകൂടിയോ അല്ല മായൻ ബീരാനെ കൊന്നത്. അതേസമയം ബീരാനെ കൊലപ്പെടുത്തിയ മായനെ ഉമ്മാച്ചു കുറ്റപ്പെടുത്തുന്നില്ല. നീതിബോധത്തേക്കാൾ ജീവിതാസക്തിയും പ്രായോഗികതയുമാണ് ആ അവസരത്തിൽ ഉമ്മാച്ചുവിൽ തീവ്രമായത്. ചെറുപ്പത്തിൽ ബീരാനെ തല്ലി വീഴ്ത്തുന്ന മായനെ കൈയ്യടിച്ച് അഭിനന്ദിച്ച ആ മനോഭാവത്തിന്റെ തുടർച്ച തന്നെയാണ് ബീരാനെ വധിച്ച മായനോടും അവൾക്കുള്ളത്. നിരപരാധിയായ ചോഴി ശിക്ഷിക്കപ്പെടുമ്പോൾ അവൾ യാതൊരു മനസാക്ഷിക്കുത്തും ഇല്ലാതെ നിശബ്ദത പാലിക്കുന്നു. മാത്രമല്ല കൊലയാളിയായ മായനെ വിവാഹം കഴിക്കുകയും ചെയ്യുന്നു. അപ്രകാരം തന്നിലെ പ്രണയിനിയെ വിജയോന്മാദിനിയായി മുന്നോട്ട് അഴിച്ചു വിടുകയാണ് ഉമ്മാച്ചു. ബീരാന്റെ മരണശേഷം മായന്റെ ഭാര്യയായി സന്തോഷത്തോടുകൂടി തന്നെയാണ് അവൾ ജീവിക്കുന്നത്. ബീരാന്റെ ഹത്യയെ കുറിച്ച് അബ്ദു ബോധവാനാണ് എന്ന് തിരിച്ചറിഞ്ഞപ്പോഴാണ് ഉമ്മാച്ചു തകർന്നു പോകുന്നത്.

▶ കൊലയാളിയെ സംബന്ധിച്ചകാര്യം രഹസ്യമായി സൂക്ഷിച്ചു.

അബ്ദുവിന്റെ പ്രതിഷേധങ്ങളും ശകാരവും വിമർശനവും ഉമ്മാച്ചുവിന്റെ ആത്മധൈര്യം തകർത്തു. അബ്ദു അവളുടെ മനസ്സാക്ഷി

യെ ചോദ്യം ചെയ്തു. അവിടെ അവൾ വേദനയോടെ കീഴടങ്ങി. അബ്ദുവിനോട്, തൻെറ ആദ്യപുത്രനോട്, താൻ അന്യായം കാട്ടിയെന്നും തൻെറ പ്രവൃത്തി അവന് ഒടുങ്ങാത്ത വേദന പകർന്നു നൽകി എന്നും ഉള്ള ബോധം അവളെ ധർമ്മ സങ്കടത്തിലാഴ്ത്തി. കാമിനി എന്ന അവസ്ഥയിൽ നിന്ന് മാതാവ് എന്ന അവസ്ഥയിലേക്ക് അവൾ വികാസം പ്രാപിക്കുന്നു. അതോടെ മായനോടുള്ളതിനേക്കാൾ നീതി അബ്ദുവിനോടാണ് പുലർത്തേണ്ടത് എന്ന മനോനിലയിൽ അവൾ എത്തുന്നു. അതുകൊണ്ടാണ് മായൻ വയനാട്ടിലേക്ക് പോകുമ്പോൾ ഒപ്പം പോകാതെ അവൾ അബ്ദുവിനോടൊപ്പം കൂടുന്നത്. തിരഞ്ഞെടുപ്പ് സമയത്ത് അവൾ അബ്ദുവിൻെറ പക്ഷത്ത് തന്നെ നിൽക്കുകയും ചെയ്യുന്നു. മായൻെറ മരണം അവളെ തകർച്ചയുടെ വക്കത്ത് എത്തിക്കുന്നുവെങ്കിലും തൻെറ മാതൃഭാവത്തിന് ഊന്നൽ നല്കി. ഉമ്മാച്ചു വീണ്ടും ജീവിതം തുടരുകയാണ്. തുടർന്ന് അവൾ ചാപ്പുണ്ണിനായരുടെ സാന്ത്വനത്തിലും സേവനത്തിലും ആണ് ആശ്വാസം കണ്ടെത്തിയത്.

> ▶ മായനുമായുള്ള ദാമ്പത്യം തുടരാൻ വിധി ഉമ്മാച്ചുവിനെ അനുവദിച്ചില്ല

ചാപ്പുണ്ണിനായരുടെ മകൾ ചിന്നമ്മുവിനോട് ഉമ്മാച്ചുവിന് അതിയായ വാത്സല്യം ഉണ്ടെങ്കിലും അബ്ദു അവളെ വിവാഹം ചെയ്യുന്നത് തൻെറ വിശ്വസ്ത സഹായിയും മനസാക്ഷി സൂക്ഷിപ്പുകാരനും ഒക്കെയായ ചാപ്പുണ്ണിനായർക്ക് ഹിതമാകില്ല എന്നതിനാൽ ഉമ്മാച്ചു അതിനെ ശക്തമായി എതിർക്കുകയാണ്. പക്ഷേ ചിന്നമ്മുവിനു മുന്നിൽ ഉമ്മാച്ചു പരാജിത ആവുകയാണ്. ചിന്നമ്മുവിൻെറ വ്യക്തിപ്രഭാവത്തിനു മുന്നിൽ അവൾ കീഴടങ്ങുന്നു. ഉമ്മാച്ചു ഒരേ സമയം അതിവികാരവതിയും അതിപ്രായോഗികവതിയുമാണ്. വികാരത്തിൻെറ തീക്ഷ്ണതയോടൊപ്പം യാഥാർത്ഥ്യനിഷ്ഠതയുടെ കരുത്തും അവളിൽ കാണാം. നിരവധി വെല്ലുവിളികൾ ഉമ്മാച്ചുവിന് നേരിടേണ്ടിവന്നു. അവിടെയെല്ലാം അവൾ പ്രായോഗികതയുടെയും സമന്വയത്തിൻെറയും മാർഗ്ഗം സ്വീകരിക്കുന്നു. അതിനുള്ള മനോബലം അവൾക്കുണ്ടായിരുന്നു. എന്നാൽ പ്രണയസാക്ഷാത്കാരത്തിനായി കൊടിയൊരു കുറ്റം രഹസ്യമായി സൂക്ഷിച്ചു എന്ന പിഴയ്ക്ക് ഉമ്മാച്ചുവിന് വലിയ വില കൊടുക്കേണ്ടി വന്നു. സഹജവാസനകളോട് നീതിപുലർത്താൻ ശ്രമിച്ചപ്പോൾ ധാർമികതയെ ബലികൊടുക്കേണ്ടി വന്നതിൻെറ ദുരന്തം ഏറ്റുവാങ്ങിയ കഥാപാത്രമായി ഉമ്മാച്ചു മാറുന്നു.

> ▶ അബ്ദുവിനോട് താൻ അന്യായം കാട്ടി എന്ന കുറ്റബോധം

## മായൻ

നോവലിലെ കേന്ദ്ര കഥാപാത്രങ്ങളിൽ ഒരാളാണ് മായൻ. ഒരു കാട്ടുപോത്തിൻെറ കരുത്ത് അവനുണ്ട്. ബാപ്പയും ഉമ്മയും സാധാരണക്കാരായിരുന്നു. അവർ മരണമടഞ്ഞു. ഒറ്റപ്പെട്ട ജീവിതമായിരുന്നു മായൻേറത്. കായിക വിനോദങ്ങളിലും കെസ്സ് പാട്ടുപാടുന്നതിലും മായൻ മിടുക്കനായിരുന്നു. ഉമ്മാച്ചുവിനെ അവൻ അഗാധമായി സ്നേഹിച്ചു. ഉമ്മാച്ചുവിനെ വിവാഹം ചെയ്യുന്നതിനെക്കുറിച്ചും അവളുമായി ജീവിതം നയിക്കുന്നതിനെക്കുറിച്ചും അവൻ സുന്ദരസ്വപ്നങ്ങൾ കണ്ടു. അവൾക്ക് വേണ്ടി എന്തും ചെയ്യുവാൻ അവൻ സന്നദ്ധനായിരുന്നു. മായൻെറ മാനസിക വ്യാപാരങ്ങളെല്ലാം തന്നെ ഉമ്മാച്ചുവിനോടുള്ള അതിരു കവിഞ്ഞ സ്നേഹത്തിൽ കേന്ദ്രീകരിച്ച് ആയിരു

> ▶ മായൻെറ ജീവിത ലക്ഷ്യം തന്നെ ഉമ്മാച്ചുവായിരുന്നു

ന്നു പ്രകടമായത്.

ബീരാനുമായുള്ള ഉമ്മാച്ചുവിന്റെ വിവാഹം മായനെ ആകെ തകർത്തു. ആ വിവാഹത്തിനായി ചതിപ്രയോഗം നടത്തിയ അഹമ്മദുണ്ണിയെ തല്ലി മൃതപ്രായനാക്കിയശ്ശേഷം ശിക്ഷാഭയത്താൽ നാടുവിട്ട് വയനാട്ടിൽ ഒളിജീവിതം നയിക്കുമ്പോഴും ഉമ്മാച്ചുവിന്റെ ഓർമ്മകളിൽ നിന്നയാൾക്ക് മോചനം ലഭിച്ചില്ല. അഹമ്മദുണ്ണി മരിച്ചിട്ടില്ലെന്നറിഞ്ഞ് മായൻ നാട്ടിലേക്ക് തിരികെ പോകാൻ തീരുമാനിക്കുന്നത്, ഉമ്മാച്ചുവിനെ തെല്ലും മറക്കാൻ സാധിക്കാത്തതിനാലാണ്. ഉമ്മാച്ചുവിനെ സ്വന്തമാക്കണമെന്ന അടങ്ങാത്തമോഹം മായനെ ബീരാന്റെ കൊലവരെ കൊണ്ടെത്തിച്ചു. എന്നാൽ തുടർന്നയാൾ, ഭയവും പശ്ചാത്താപവും കൊണ്ട് വിവശനാകുന്നു. ആത്മഹത്യയെ കുറിച്ചുപോലും ചിന്തിക്കുന്നു. കൊലക്കുറ്റം തന്റെ മേൽ പതിഞ്ഞിട്ടില്ലെന്ന് മനസ്സിലായതോടെ അയാൾ നാട്ടിലേക്ക് മടങ്ങുകയും ഉമ്മാച്ചുവിനെ വിവാഹം കഴിക്കുകയും ആണ് ചെയ്യുന്നത്.

> ▶ ഉമ്മാച്ചുവിനെ സ്വന്തമാക്കണമെന്ന ആഗ്രഹം കൊലയിൽകൊണ്ടെത്തിച്ചു.

വിവാഹാനന്തരം ആദ്യനാളുകൾ ശാന്തവും സന്തോഷപ്രദവും തന്നെയായിരുന്നു. എന്നാൽ ഏറെ താമസിയാതെ കുറ്റബോധം വീണ്ടും മായനെ കീഴ്പ്പെടുത്തുന്നു അബ്ദുവിന്റെ നിസ്സഹകരണവും മായനെ അസ്വസ്ഥനാക്കുന്നുണ്ട്. ഒടുവിൽ ബീരാന്റെ മരണരഹസ്യം അബ്ദുവിന് അറിയാം എന്ന വെളിപ്പെടൽ ഉമ്മാച്ചുവിനെയെന്നപോൽ മായനെയും തളർത്തി. ബീരാനെ വധിച്ച് ഉമ്മാച്ചുവിനെ സ്വന്തമാക്കാൻ സാധിച്ചുവെങ്കിലും കുറ്റബോധം മായനെ പിന്തുടർന്നു. മായന് സർവ്വപ്രാധാന്യമായിട്ടുള്ളത് ഉമ്മാച്ചുവിന്റെ സന്തോഷമാണ്. തന്റെ പ്രവൃത്തികൾ ഉമ്മാച്ചുവിനെ ദുഃഖത്തിലേക്കാണ് നയിച്ചത് എന്ന തിരിച്ചറിവ് മായനെ പരാജിതനാക്കി. ജീവിതനൈരാശ്യവും പശ്ചാത്താപവും അയാളെ വേട്ടയാടി. താൻ ചെയ്തതൊന്നും ലക്ഷ്യപ്രാപ്തിക്ക് ഉപകരിക്കുകയില്ലല്ലോ എന്ന നിരാശ മായനെ കീഴടക്കി. ജീവിതസുഖം എന്താണ് എന്നതിനെക്കുറിച്ചുള്ള ചോദ്യത്തിന് ഉത്തരം കിട്ടാതെ വിവശനാകുന്നു. സുഖത്തിനു വേണ്ടി ചെയ്തത് ദുഃഖം വരുത്തിവെയ്ക്കുന്നത് അയാൾ തിരിച്ചറിയുന്നു. സുഖം എന്നൊന്ന് ഉണ്ടോ എന്ന് മായൻ സംശയിക്കുന്നു. കൊടിയ മാനസിക സംഘർഷത്തിനൊടുവിൽ അയാൾ ആത്മഹത്യ ചെയ്യുന്നു.

> ▶ തന്റെ പ്രവൃത്തികൾ അവൾക്ക് തീരാദുഃഖം ആണ് നൽകിയത്

വിവിധതരം മനോവികാരങ്ങളുടെ കുത്തൊഴുക്കിൽപ്പെട്ടുഴലുന്ന ഒരു കഥാപാത്രമാണ് മായൻ. പകയും വിദ്വേഷവും പ്രതികാരദാഹവും പശ്ചാത്താപവും പ്രായശ്ചിത്ത വ്യഗ്രതയും മാറി മാറി പ്രകടമാകുന്നുണ്ട്. ശക്തമായ വികാരങ്ങളും ആ വികാരങ്ങൾ സാക്ഷാത്കരിക്കാനുള്ള അദമ്യമായ വാഞ്ഛയും ഒപ്പം തന്നെ ധർമ്മബോധവും മായന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. എപ്പോഴും കായിക ശക്തിയാലാണ് അവൻ മേൽകൈ നേടിയിരുന്നത്. ഉമ്മാച്ചുവിന്റെ വിവാഹാനന്തരമുള്ള സങ്കീർണ്ണ സന്ദർഭങ്ങളെല്ലാം തന്നെ കായികശക്തികൊണ്ടാണ് മായൻ നേരിടുന്നത്. അഹമ്മദുണ്ണിയെ തല്ലിയതും ബീരാനെ കൊന്നതും എല്ലാം. എന്നാൽ, അത്ര തന്നെ മാനസിക ബലം മായന് ഉണ്ടായിരുന്നില്ല. തെറ്റിൽ കൂടി സുഖം വരിക്കാൻ ശ്രമിച്ച് ആത്മനാശത്തിന് അടിപ്പെടുന്ന ഒരു ദുരന്ത നായകനായി മായനെ കാണാം.

> ▶ ദുരന്തനായകൻ

## ബീരാൻ

സ്നേഹിച്ച സ്ത്രീക്ക് വേണ്ടി ജീവൻ ഹോമിക്കേണ്ടി വന്ന കഥാപാത്രമാണ് ബീരാൻ. ഉമ്മാച്ചുവിനോടുള്ള അദമ്യമായ പ്രണയ മാണ് ബീരാൻെറ മുഖ്യ ഭാവം. നോവലിലാകെ ആ ഒരു ഭാവമാണ് മുന്നിട്ട് നില്ക്കുന്നത്. സുമുഖനും ധനികനുമാണ് ബീരാൻ. ബീരാ ൻെറ വാപ്പ ചേക്കുട്ടിയുടെ മുത്തപ്പാ വെള്ളികൊണ്ടൊരു കോൽ തീർത്തത് കൊണ്ട് ബീരാന് വെള്ളിക്കോലെന്ന് പേരുണ്ടായിരുന്നു. നന്നായി വസ്ത്രധാരണം നടത്തി സുമുഖനായി വിലസിച്ചിരുന്ന ബീരാന് ഉമ്മാച്ചുവിനെ വളരെയധികം ഇഷ്ടമായിരുന്നു. ഏറെക്കുറെ സൗമ്യവും സ്ത്രൈണവുമായ സൗന്ദര്യമായിരുന്നു ബീരാന് ഉണ്ടാ യിരുന്നത്. തന്നോട് ഉമ്മാച്ചുവിന് സ്നേഹമുണ്ടോ എന്നതിനെക്കുറി ച്ച് കൂടുതൽ ആലോചിക്കാൻ മെനക്കെടാതെ അയാൾ വളഞ്ഞ വഴി യിലൂടെ അവളെ സ്വന്തമാക്കി.

▶ ഉമ്മാച്ചുവിനെ വിവാഹം കഴിച്ചതോടെ ജീവിതസാഫല്യം കൈവന്നു

അയാൾ ഉമ്മാച്ചുവിനെ അതിയായി പരിഗണിച്ചു. നെയ്ഭരണിയു ടെ വക്കത്ത് ഉറുമ്പെന്ന പോലെ അവൻ എപ്പോഴും ഉമ്മാച്ചുവിനെ വട്ട മിട്ട് നടന്നു. മധുരോദാരങ്ങളായ വാക്കുകൾ കൊണ്ട് ഉമ്മാച്ചുവിനെ ആരാധിച്ചു. കിട്ടാൻ കഴിയാത്തത് കിട്ടിയതുപോലെ ആയിരുന്നു അവ ന് ഉമ്മാച്ചു. ആടയാഭരണങ്ങൾ യഥേഷ്ടം വാങ്ങി നൽകിയും സ്നേഹ ലാളനകൾ ചൊരിഞ്ഞും അയാൾ ഉമ്മാച്ചുവിനെ സന്തോഷവതിയും സംതൃപ്തയും ആക്കാൻ ശ്രമിച്ചു. എന്നാൽ അവൾ ഉള്ളഴിഞ്ഞ് തന്നെ സ്നേഹിക്കുന്നില്ല എന്ന ഒരു സംശയം ബീരാന് ഉണ്ടായിരു ന്നു. കുടുംബഭരണത്തിലും മറ്റും ബീരാന് പ്രാപ്തി കുറവായിരുന്നു. കാര്യങ്ങൾ നന്നായി കൊണ്ട് നടക്കാൻ കാര്യസ്ഥനെ ഉമ്മാച്ചു ആശ്ര യിക്കുന്നതും അതുകൊണ്ടുതന്നെയാണ്. ഉമ്മാച്ചുവിൻെറ അത്ര ശക്തമായ വ്യക്തിത്വവും മനക്കരുത്തും ബീരാന് ഉണ്ടായിരുന്നില്ല. അവളുടെ മുന്നിൽ അവൻ നിഷ്പ്രഭനാകുന്നുണ്ട്. യഥാർത്ഥത്തിൽ ഉമ്മാച്ചുവിന് തന്നോടുള്ളതിനേക്കാൾ സ്നേഹം മായനോടായിരുന്നു എന്ന കാര്യം അയാളുടെ ഉള്ളിൽ നിലനിന്നിരിക്കാം. ഒടുവിൽ ഒരു ദി നം അയാൾ മായനാൽ വധിക്കപ്പെടുകയും ചെയ്യുന്നു.

▶ ദുരന്ത കഥാപാത്ര മാണ് ബീരാൻ.

## ചാപ്പുണ്ണിനായർ

മായൻ, ബീരാൻ, ഉമ്മാച്ചു ഇവർ മൂവരുടെയും ബാല്യം, പ്രണയം, ജീവിതം, ദുരന്തം എന്നിവയ്ക്ക് സാക്ഷിയായി അവരുടെ ജീവിത ങ്ങൾക്ക് ഒപ്പം സഞ്ചരിച്ച സഹകഥാപാത്രമാണ് ചാപ്പുണ്ണിനായർ. പ്രതാപം നശിച്ചു തുടങ്ങിയ ഒരു നായർ തറവാട്ടിലാണ് ചാപ്പുണ്ണി നായർ ജനിച്ചത്. പഠിപ്പ് കഴിഞ്ഞ് ചാപ്പുണ്ണിനായർ ആധാരം എഴുത്തു കാരനായി. തലവെട്ടത്ത് ചാപ്പുണ്ണിനായർ എന്നാണ് അറിയപ്പെട്ടത്. സംഘർഷാത്മകസന്ദർഭങ്ങളിൽ ഒന്നും തന്നെ നേരിട്ട് ഇടപെടുന്നി ല്ലെങ്കിലും കഥാഗതിയിൽ ചാപ്പുണ്ണിയുടെ നിശബ്ദസാന്നിധ്യത്തിന് സവിശേഷമായ പ്രാധാന്യം ഉണ്ട്. പുറമേ വികാരങ്ങൾ വെളിപ്പെ ടുത്താതെ സ്വന്തം കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കുന്ന രീ തിയാണ് ചാപ്പുണ്ണിനായർക്ക് ഉണ്ടായിരുന്നത്. കുട്ടിക്കാലത്ത് ഓ ത്തുപള്ളിയിൽ നിന്നും മടങ്ങിവരുന്ന ബീരാനെ മായൻ തല്ലുന്നതും അത് കണ്ട് ഉമ്മാച്ചു 'പഷ്ട്പഷ്ട്' പറഞ്ഞു നിൽക്കുന്നതും കാണുന്ന

ചാപ്പുണ്ണി തന്ത്രത്തിൽ അവരെ അവിടെ നിന്നും ഓടിച്ചു വിടുന്നുണ്ട്. പിന്നീട് ഉമ്മാച്ചുവും ബീരാനുമായുള്ള വിവാഹവുമായി ബന്ധപ്പെട്ട്, മായന്റെ ഇടി കൊണ്ട് തകർന്നു കിടന്ന അഹമ്മദുണ്ണിയെ രക്ഷപ്പെടുത്തിയത് ചാപ്പുണ്ണി നായരാണ്. ബീരാന്റെ ഗൃഹനാഥയായിക്കഴിഞ്ഞ ഉമ്മാച്ചു ഏല്പിച്ച കാര്യസ്ഥജോലി ആത്മാർത്ഥമായി ചാപ്പുണ്ണി നിർവഹിച്ചുപോന്നു.

▶ കഥാഗതിയിൽ നിർണ്ണായക സ്ഥാനം

താൻ സ്നേഹിക്കുന്നവരോട് വിശ്വസ്തത പുലർത്തുക എന്നതിന് ഒന്നാം സ്ഥാനം നൽകിയ വ്യക്തിയാണ് ചാപ്പുണ്ണിനായർ. ധർമ്മബോധവും നീതിബോധവും എല്ലാം രണ്ടാമതേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. ബീരാന്റെ വധം സംബന്ധിച്ച് സംശയങ്ങൾ ഉണ്ടെങ്കിലും ഉമ്മാച്ചുവിന്റെ വാക്കുകൾ അനുസരിച്ച് തന്റെ മനസ്സിനെ പാകപ്പെടുത്തുകയാണ് ചാപ്പുണ്ണി നായർ ചെയ്തത്. ഉമ്മാച്ചുവിന്റെ ആഗ്രഹം അനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് ചാപ്പുണ്ണിയുടെ നിലപാട്. മായനോട് അത്രയ്ക്ക് ആദരവ് ഉണ്ടായിരുന്നില്ലതാനും. ഉമ്മാച്ചുവിനെ സേവിക്കുന്നതിൽ നായർ ആനന്ദം കണ്ടിരുന്നു. അതിനാൽ ബീരാന്റെ മരണശേഷവും മായനും ഉമ്മാച്ചുവുമായുള്ള വിവാഹത്തിനു ശേഷവും ചാപ്പുണ്ണിനായർ തന്റെ കാര്യസ്ഥസ്ഥാനം തുടർന്നു. അബ്ദുവിനെ നേർവഴിക്ക് കൊണ്ടുപോകുവാൻ നായർ ശ്രമിക്കുന്നുണ്ട്. അബ്ദുവും ചിന്നമ്മുവുമായുള്ള ബന്ധത്തിന്റെ കാര്യത്തിൽ യാഥാസ്ഥിതികനായ അദ്ദേഹത്തിന് ആദ്യം വിയോജിപ്പുണ്ടായി. പിന്നീട് അത് മാറി.

▶ ചാപ്പുണ്ണിനായരുടെ പരോക്ഷമായ ഇടപെടലുകൾ

ഉമ്മാച്ചുവിനോട് ചാപ്പുണ്ണിനായർക്കുള്ള ബന്ധം അഭേദ്യമായ ഒന്നാണ്. പത്നി ലക്ഷ്മിയമ്മയ്ക്ക് കൂടി അതറിയാം. "ആ ഉമ്മ കണ്ണുരുട്ടിയാൽ നിങ്ങൾ പേടിക്കുകയും ചെയ്യും" എന്നവർ പറയുന്നുണ്ട്. ‘‘ദേവേന്ദ്രനായാലും വരച്ച വരയിൽ നിർത്തുന്ന ഒരു ഉമ്മയാണത്’’ എന്നാണ് ഉമ്മാച്ചുവിനെ സംബന്ധിച്ച് നായരുടെ അഭിപ്രായം. ഉമ്മാച്ചു സ്വത്ത് മക്കൾക്കായി വിഭജിച്ചു നൽകുന്നതിനോട് വിയോജിപ്പായിരുന്നുവെങ്കിലും ഉമ്മാച്ചുവിന്റെ നിർദ്ദേശാനുസരണം അത് അയാൾ നന്നായി നിർവഹിച്ചു. ഇലക്ഷൻ സമയത്ത് ഉമ്മാച്ചു ആവശ്യപ്പെട്ടതനുസരിച്ച് ചാപ്പുണ്ണി നായർ ലീഗുകാരനായ ഹൈദ്രോസിന്റെ പക്ഷത്ത് നിന്നു.

▶ സ്നേഹിക്കുന്നവരോട് വിശ്വസ്തത പുലർത്തുന്നു

മകൾ ചിന്നമ്മു അബ്ദുവിന് വോട്ട് ചെയ്യാൻ പോകരുത് എന്നും അങ്ങനെ ചെയ്താൽ ഈ വീട്ടിൽ മടങ്ങി വരേണ്ടതില്ല എന്നും നായർ കർശനമായി നിർദ്ദേശിക്കുന്നു. ചിന്നമ്മു അബ്ദുവിന് വോട്ട് ചെയ്യുകയും തിരിച്ചു വീട്ടിലേക്ക് വരാതെ അബ്ദുവിന്റെ ഒപ്പം താമസം ആരംഭിക്കുകയും ചെയ്തു. ഉമ്മാച്ചുവിനെയും ചാപ്പുണ്ണിനായരെയും ധർമ്മസങ്കടത്തിലാക്കിയ ഒരു സംഭവം ആയിരുന്നു അത്. ചാപ്പുണ്ണി നായരുടെ സമാധാനത്തിനുവേണ്ടി ഉമ്മാച്ചു ചിന്നമ്മുവിനോട് മടങ്ങിപ്പോകാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും ചിന്നമ്മു അതിന് തയ്യാറായില്ല. എന്നാൽ ചിന്നമ്മുവിന്റെ പ്രവൃത്തി ചാപ്പുണ്ണിയുടെയും ഉമ്മാച്ചുവിന്റെയും ബന്ധത്തെ ബാധിക്കുന്നില്ല.

▶ ഉമ്മാച്ചുവിന്റെ ഹിതാനുസരണം മാത്രം പ്രവർത്തിക്കുക

ഉമ്മാച്ചുവിന്റെ സന്തോഷമായിരുന്നു ചാപ്പുണ്ണിനായരുടെ സന്തോഷം. അവളുടെ ദുഃഖം ചാപ്പുണ്ണിനായരുടെയും. ഉമ്മാച്ചുവിന്റെ മാന

സിക വ്യാപാരങ്ങളെ സൂക്ഷ്മമായി മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മായൻ ആത്മഹത്യ ചെയ്തപ്പോൾ ആ മരണം ഉമ്മാച്ചുവിനെ കഠിനമായി വേദനിപ്പിക്കുമല്ലോ എന്ന് ഓർത്ത് ചാപ്പുണ്ണി നായർ ദുഖിതനാകുന്നു. ചാപ്പുണ്ണിനായരും ഉമ്മാച്ചുവും പ്രണയബദ്ധരായിരുന്നില്ലെങ്കിൽക്കൂടിയും അവ്യാഖ്യേയമായ മാനസികൈക്യം ഇരുവർക്കുമിടയിൽ ഉണ്ടായിരുന്നു. അത് അഭേദ്യവും ആയിരുന്നു. മനുഷ്യത്വവും പ്രായോഗികതയും സ്നേഹവും വിശ്വസ്തതയും നിറഞ്ഞുനില്ക്കുന്ന ഒരു കഥാപാത്രമാണ് ചാപ്പുണ്ണി നായർ.

▶ ഉമ്മാച്ചുവിന്റെ സന്തോഷത്തിന് പ്രഥമ പരിഗണനനൽകിപ്പോന്നു.

## അബ്ദു

സങ്കീർണ്ണമായ ജീവിതസന്ദർഭങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു കഥാപാത്രമാണ് അബ്ദു. കഥ നിയന്ത്രിക്കുന്ന സുപ്രധാന കഥാപാത്രവുമാണ് അയാൾ. അച്ഛന്റെ കൊലപാതകത്തിന് സാക്ഷിയാവുകയും ആ കൊലപാതകിയെ മാതാവ് ഭർത്താവായി സ്വീകരിച്ചത് നിസ്സഹായനായി നോക്കിനില്ക്കേണ്ടി വരുകയും ചെയ്ത ബാല്യമായിരുന്നു അബ്ദുവിന്റേത്. അച്ഛന്റെ കൊലപാതകിയുടെ നിത്യസാന്നിധ്യം അവന്റെ ബാല്യകൗമാരങ്ങളെ സംഘർഷപൂരിതമാക്കുന്നു. അവൻ ഏകാകിയും നിശബ്ദനുമായി. യുവത്വത്തിലേക്ക് കടന്നതോടെ അവൻ നിഷേധിയാവുകയും ചെയ്തു. അബ്ദു ബീരാന്റെ കൊലപാതകത്തിന് സാക്ഷിയാണെന്ന കാര്യം ഉമ്മാച്ചുവിനും മായനും അറിയില്ലായിരുന്നു. അവൻ പക്ഷേ അക്കാര്യം തന്റെ ബാല്യകാല സുഹൃത്ത് ചിന്നമ്മുവുമായി പങ്കുവെക്കുന്നുണ്ട്. അച്ഛന്റെ നിർദ്ദേശാനുസരണം അക്കാര്യം ചിന്നമ്മു രഹസ്യമായി തന്നെ സൂക്ഷിച്ചു.

▶ ഉമ്മാച്ചു തന്റെ പെറ്റമ്മയായതാണ് ദുരന്തത്തിന് കാരണം

യുവാവായ അബ്ദുവിന് രണ്ടാനച്ഛൻ മായനോടും അമ്മ ഉമ്മാച്ചുവിനോടുമുള്ള വിദ്വേഷം വർധിച്ചുവന്നു. അമ്മയുടെ സ്നേഹത്തെ അവൻ നിരസിച്ചു. ഒടുവിൽ ഒരു ദിനം മായന്റെ കൈകൾ ചോരപുരണ്ടതാണ് എന്ന് സത്യം അവൻ വിളിച്ചുപറയുകയും ചെയ്തു. ഒളിപ്പിച്ചുവെച്ച സത്യത്തിന്റെ വെളിപ്പെടുത്തൽ മായന്റെയും ഉമ്മാച്ചുവിന്റെയും ദുരന്തകാരണമായി മാറുന്നു. അബ്ദുവാകട്ടെ പ്രതികാരവും വിദ്വേഷവും എതിർപ്പുമായി അവരെ വിട്ടുപോവുകയും ചെയ്തു. 'ആ ഇബിലീസ് വന്നിട്ട് എല്ലാം നശിപ്പിച്ചു' 'ഉമ്മ എല്ലാറ്റിനും അരു നിന്നില്ലേ.. എല്ലാം മൂടി വെച്ചില്ലേ.. അവനെ.. ആ കാട്ടാളനെ രക്ഷിച്ചില്ലേ.. ചെകുത്താൻ പിടിച്ച സ്ത്രീ...' എന്നായിരുന്നു അവന്റെ ചിന്ത. അവന്റെയുള്ളിൽ പ്രസാദാത്മകമായ ചിന്തകൾ ഉണർത്തുവാൻ ചിന്നമ്മുവിന് സാധിച്ചു. ചിന്നമ്മുവിനോടുള്ള പ്രേമം വികസിക്കുന്നതിനനുസരിച്ച് അബ്ദുവിന് മായനോടുള്ള വിദ്വേഷത്തിന്റെ ആഴം കുറഞ്ഞു. ജീവിതത്തോടുള്ള അബ്ദുവിന്റെ നിഷേധാത്മകമായ നിലപാടുകളെ തിരുത്തുവാനും അവനിൽ ജീവിതസ്നേഹം വളർത്തിയെടുക്കുവാനും ചിന്നമ്മുവിന് സാധിക്കുന്നു. ഉമ്മാച്ചുവിന്റെ സങ്കീർണമായ പ്രണയം അവന്റെ ജീവിതത്തെ തകർച്ചയിലേക്ക് തള്ളിയിട്ടെങ്കിൽ, ചിന്നമ്മുവിൻറെ പ്രണയം അവനെ ജീവിതത്തിലേക്ക് തിരിച്ചു കയറ്റി. വർഗീയവാദത്തിനെതിരെ അയാൾ നിലകൊള്ളുന്നു. ഇലക്ഷനിൽ അയാൾ പരാജയപ്പെടുന്നുവെങ്കിലും ചിന്നമ്മുവിനെ ജീവിതസഖിയായി സ്വീകരിക്കുന്നതോടെ, മതേതരത്വത്തിന്റെ ആശയം

▶ മതേതരത്വത്തിലാണ് അബ്ദു വിശ്വസിച്ചിരുന്നത്.

ജീവിതത്തിലൂടെ ഉയർത്തിപ്പിടിക്കുന്നവനായി അയാൾ.

## ചിന്നമ്മു

നോവലിലെ ഏറ്റവും ചൈതന്യവത്തായ കഥാപാത്രമാണ് ചാപ്പുണ്ണിനായരുടെ മകളായ ചിന്നമ്മു. നോവലിൻെറ അവസാനഭാഗത്താണ് ഈ കഥാപാത്രം വികസിച്ചു വരുന്നത്. 'അവൾ ജീവിതത്തിൻെറ ഒരു നിറ കതിരായിരുന്നു. 'ചലനം.. സർവ്വത്രചലനം... അതായിരുന്നു ചിന്നമ്മു' എന്നാണ് നോവലിസ്റ്റ് രേഖപ്പെടുത്തുന്നത്. അബ്ദുവിൻെറ സഹപാഠിയായിരുന്നു അവൾ. ചുറുചുറുക്കും വാശിയും തൻേറടവും സ്വന്തം തീരുമാനങ്ങൾ നടത്തിയെടുക്കുവാനുള്ള ആർജ്ജവവും അവൾക്കുണ്ട്. മുതിർന്നതോടെ പഠനം നിർത്താൻ അച്ഛൻ നിർദ്ദേശിച്ചപ്പോൾ അവൾ എതിർക്കുകയും സ്വാഭീഷ്ടമനുസരിച്ച് പഠനം തുടരുകയും ചെയ്തു. അഭിപ്രായം തുറന്നു പറയുവാനും അന്യായമെന്ന് കാണുന്ന കാര്യങ്ങളോട് പ്രതികരിക്കുവാനും അവൾക്ക് സാധിച്ചിരുന്നു. അബ്ദുവിൻെറ വ്യക്തിത്വം അവളെ ആകർഷിക്കുന്നുണ്ട്. അവൾ അവൻെറ താങ്ങായും വഴികാട്ടിയായും മാറുന്നു.

> ▶ ജീവിതപങ്കാളിയെ തിരഞ്ഞെടുത്ത് മുന്നോട്ടു പോകുകയാണ് ചിന്നമ്മു.

ഉമ്മാച്ചുവിനെ പോലെ വിധിക്ക് ചിന്നമ്മു കീഴടങ്ങുന്നില്ല. ചാപ്പുണ്ണിനായരുടെയും ഉമ്മാച്ചുവിൻെറയും എതിർപ്പുകളെ നേരിട്ടുകൊണ്ട് വിവാഹജീവിതം അവൾ നയിച്ചു. "കൈ നനയാതെ മീൻ പിടിക്കാൻ കഴിയില്ല.... മീൻ പിടിക്കേണ്ടി വന്നിട്ടുള്ളപ്പോൾ നിങ്ങളും കൈ നനച്ചിട്ടുണ്ടാകും" എന്ന് ഒരവസരത്തിൽ ഉമ്മാച്ചുവിനോട് അവൾ തുറന്നടിക്കുന്നു. ഉമ്മാച്ചുവിനെ നിർവീര്യയാക്കിയ വാക്കുകൾ ആയിരുന്നു അത്. മതേതരത്വത്തിൻെറ ആരോഗ്യകരമായ ഒരു ആശയമാണ് ചിന്നമ്മുവും അബ്ദുവും തമ്മിലുള്ള ജീവിതത്തിൽ അവർ സ്വീകരിക്കുന്നത്. "ഞാനിപ്പോൾ ഇരിക്കുന്ന പാട്ടിനിരിക്കും.. നിങ്ങൾ നിങ്ങളുടെ പാട്ടിനും.. ഒരുമിച്ച് കഴിഞ്ഞു കൂടുകയും ചെയ്യാം.." എന്നാണ് ചിന്നമ്മു അബ്ദുവിനോട് പറയുന്നത്. അവൾ അച്ഛനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. എങ്കിലും അച്ഛൻെറ യാഥാസ്ഥിതിക നിലപാടുകൾക്കനുസരിച്ച് സ്വജീവിതം ബലി കൊടുക്കുവാൻ അവൾ തയ്യാറായില്ല. മാതാപിതാക്കളുടെ വാക്ക് ധിക്കരിക്കുന്നതെങ്ങനെയെന്ന് കഴിഞ്ഞ തലമുറയിലെ ഉമ്മാച്ചു വിവാഹ സന്ദർഭത്തിൽ ചിന്തിച്ചത് പോലെയല്ല ചിന്നമ്മു ചിന്തിക്കുന്നത്. തനിക്ക് ശരിയെന്ന് തോന്നുന്നതും തനിക്ക് ആവശ്യമായതും സന്തോഷം നൽകുന്നതുമായ തീരുമാനങ്ങൾ എടുക്കുവാൻ അവൾ ധൈര്യം കാട്ടുന്നു. അനുസരണയുടെയോ കടപ്പാടിൻെറയോ പേരിൽ അഭിലാഷങ്ങളെ ബലികഴിക്കുവാൻ അവൾ തയ്യാറാകുന്നില്ല. ഭർത്താവിൻെറ വീട്ടിൽ താമസിച്ചുകൊണ്ട് സ്കൂളിൽ ജോലിക്ക് പോവുകയും ശമ്പളം വാങ്ങുകയും ചെയ്തു. അവൾക്ക് കുട്ടി ജനിക്കുന്നതോടെ ചാപ്പുണ്ണിനായരുടെ വിദ്വേഷം ഇല്ലാതാകുന്നിടത്താണ് നോവൽ അവസാനിക്കുന്നത്. ഉമ്മാച്ചുവിൽനിന്ന് അബ്ദുവിലേക്കും അബ്ദുവിൽ നിന്നും അബ്ദുവിൻെറ കുഞ്ഞിലേക്കും ജീവൻെറ പ്രവാഹം ഒഴുകുന്നു.

> ▶ സമുദായത്തെയും സമൂഹത്തെയും പരിഗണിക്കാൻ ചിന്നമ്മു തയ്യാറായില്ല.

## അഹമ്മദുണ്ണി

ധനികരെ പ്രീതിപ്പെടുത്തിയും വസ്തുതകൾ സന്ദർഭാനുസരണം

തിരിച്ചും മറിച്ചും നാട്ടുകാർക്ക് ഇടയിൽ അവതരിപ്പിക്കുകയുമാണ് അഹമ്മദുണ്ണിയുടെ രീതി. അത് നാട്ടുകാർ സന്തോഷത്തോടെ കേട്ടു പോന്നു. ബീരാനെ സഹായിക്കുന്നതിന് വേണ്ടി അഹമ്മദുണ്ണി അത്ത റാലിയുടെ കുടുംബത്തെക്കുറിച്ച് ഒരു കഥ മെനഞ്ഞെടുത്തു. ആ കഥയാണ് ഉമ്മാച്ചുവിന്റെ ഇതിവൃത്തത്തെ നിയന്ത്രിക്കുന്നത്. ആ കുടുംബകഥയുടെ സ്വാധീനത്താലാണ് ബീരാന്റെ ബാപ്പ അത്തറാ ലിയുടെ മകളെ, മരുമകളായി സ്വീകരിച്ചത്. ഇങ്ങനെ ഉമ്മാച്ചുവിന്റെ ഇതിവൃത്തത്തെ സ്വാധീനിക്കുന്ന ഒരു കഥാപാത്രമായി അഹമ്മദുണ്ണി നിലകൊള്ളുന്നു.

- അഹമ്മദുണ്ണി എല്ലാവ രുടെയും കുടുംബചരി ത്ര കഥകൾ പ്രചരിപ്പി ച്ചുകൊണ്ടിരുന്നു

## ഹസ്സൻ

അഹമ്മദുണ്ണിയുടെ മകൻ ഹസ്സൻ മറ്റൊരു തരത്തിൽ പ്രാധാന്യം അർഹിക്കുന്നു. നിഷ്കളങ്കനും കഠിനാധ്വാനിയും സ്നേഹസമ്പന്നനു മാണ് ഹസ്സൻ. വയനാട്ടിൽ എത്തുന്ന ഹസനെ മായൻ ആദ്യം സം ശയത്തോടു കൂടിയാണ് സ്വീകരിക്കുന്നത്. പിന്നീട് അവർ തമ്മിൽ വളരെ അടുത്ത ബന്ധം ഉണ്ടാകുന്നു. മായന്റെ കുടുംബത്തോട് ഹസ്സൻ എപ്പോഴും വിശ്വസ്തത പുലർത്തി. മായൻ തുടങ്ങിവച്ച പുര പ്പണി പൂർത്തിയാക്കുന്നത് ഹസ്സനാണ്. ഉസ്മാനാൽ വഞ്ചിക്കപ്പെട്ട് ഗർഭിണിയായ ആമിനയെ സംരക്ഷിക്കുകയും അവളുടെ കുഞ്ഞിനെ ഏറ്റെടുക്കുകയും ഒടുവിൽ അവളെ ഭാര്യയായി സ്വീകരിക്കുകയും ചെയ്യുന്നു.

- നിഷ്കളങ്കനും കഠി നാധ്വാനിയും സ്നേ ഹസമ്പന്നനുമാണ് ഹസ്സൻ

നോവലിന്റെ അന്ത്യത്തിൽ നാട്ടിൽ നിന്നും വയനാട്ടിൽ എത്തുന്ന മായന് ഹസ്സൻ തുണയാകുന്നു. മായൻ വീടും മറ്റും ഹസനും നൽകു ന്നു ദുഃഖിതനായ മായനെ ആശ്വസിപ്പിക്കാൻ ഹസൻ ശ്രദ്ധിക്കുന്നു. ഒടുവിൽ മായൻ ആത്മഹത്യ ചെയ്യുമ്പോൾ അയാൾ വളരെയധികം ദുഃഖിക്കുന്നു. പിന്നീട് ഹസൻ ഹൈദ്രോസിനു പിന്തുണയായി നില കൊള്ളുന്നു. ഉമ്മാച്ചുവിന്റെ ആദ്യപകുതി ഏതാനും കുടുംബങ്ങളു ടെ കഥ മാത്രമാണ്. എന്നാൽ അബ്ദു വളർന്നു യുവാവായി പൊതു രംഗത്ത് പ്രവേശിക്കുന്നതോടെ അതിന് സാമൂഹിക സ്വഭാവം കൂടി ഉണ്ടാകുന്നു. ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള ചിന്തകൾ നോവൽ പ്രസരിപ്പിക്കുന്നു.

- മായനെ ആശ്വസി പ്പിക്കാൻ ഹസൻ ശ്രദ്ധിക്കുന്നു.

## 1.4.3 ഇതിവൃത്തവിശകലനം

'ഉമ്മാച്ചു' എന്ന നോവൽ മലയാള സാഹിത്യത്തിൽ അനിഷേ ധ്യമായ സ്ഥാനം അലങ്കരിക്കുന്ന കൃതിയാണ്. സാധാരണക്കാരന്റെ അസാധാരണത്വം ആവിഷ്കരിക്കുന്നതിൽ തികഞ്ഞ വൈഭവമുള്ള എഴുത്തുകാരനാണ് ഉറൂബ്. അതിന്റെ ഉത്തമ ദർശനമാണ് 'ഉമ്മാച്ചു' എന്ന കൃതി. പ്രണയത്തിന്റെയും പ്രണയനിരാസത്തിന്റെയും തീ വ്രത അവതരിപ്പിക്കുന്നതോടൊപ്പം മനുഷ്യബന്ധങ്ങളിലെ ഊഷ്മള തയും ഈ കൃതിയിൽ അവതരിപ്പിക്കുന്നുണ്ട്. നോവലിന്റെ രണ്ടാം ഘട്ടത്തിൽ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി ചരിത്രപരമായ അംശങ്ങൾ കൂടിച്ചേർത്താണ് നോവൽ അതിന്റെ പ്രയാണം പൂർത്തികരിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമര വും ഇലക്ഷനും നോവലിന്റെ അവസാനഘട്ടത്തിൽ പ്രാധാന്യത്തോ ടെ ചിത്രീകരിക്കപ്പെടുന്നു. കല്പനികമായ ചിന്തകളെ നേവലിസ്റ്റ്

- പ്രണയത്തിന്റെയും പ്രണയനിരാസത്തിന്റെ യും തീവ്രത

എല്ലായിടത്തും പ്രകടിപ്പിക്കുകയും മനുഷ്യ ജീവിതത്തിന്റെ കൗതുകകരമായ അവസ്ഥകളെ വരച്ചിടുകയും ചെയ്യുന്നു.

മനുഷ്യമനസ്സിന്റെ സങ്കീർണ്ണവ്യാപാരങ്ങളെ സൂക്ഷമമായി അവതരിപ്പിക്കുന്ന വിധമാണ് ഇതിന്റെ ഇതിവൃത്തം മുന്നോട്ടുപോകുന്നത്. വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളിൽ ഉണ്ടാവുന്ന ബന്ധുത്വവും ശത്രുതയും കൃത്യമായി വിശദീകരിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിട്ടുണ്ട് എന്നു കാണാം. സ്ത്രീപുരുഷ ബന്ധം എന്നത് ലൈംഗീകതമാത്രമല്ല എന്നും ഈ നോവൽ വരച്ചു കാട്ടുന്നു. ഓരോ കഥാപാത്രങ്ങൾക്കും കൃത്യമായി തിരിച്ചറിയാൻ കഴിയുന്ന വിധത്തിലുള്ള സൂക്ഷ്മമായ സ്വഭാവ ചിത്രീകരണം ഈ നോവലിൽ എടുത്തു പറയേണ്ട സവിശേഷതയാണ്. ഉമ്മാച്ചു, മായൻ, ബീരാൻ എന്നീ മൂന്ന് പ്രധാനകഥാപാത്രങ്ങളാണ് ഈ നോവലിൽ ഉള്ളതെങ്കിലും അബ്ദു, ലക്ഷ്മിയമ്മ, ചിന്നു, അഹമ്മദ്ദുണ്ണി, ഹസ്സൻ തുടങ്ങിയവരും സവിശേഷമായി നിലകൊള്ളുന്നുണ്ട്. രണ്ട് തലമുറകളുടെ കഥയാണ് ഇതിൽ പറയുന്നത്. അക്കാലത്തെ സ്ത്രീജീവിതവും ദേശീയപ്രസ്ഥാനവും ഒക്കെ ഈ നോവലിൽ പരാമർശവിധേയമാകുന്നു.

▶ സൂക്ഷ്മമായ സ്വഭാവ ചിത്രീകരണം

കൃത്യമായി പറഞ്ഞാൽ 'ഉമ്മാച്ചു' സ്നേഹത്തിന്റെയും സ്നേഹനഷ്ടത്തിന്റെയും വേദനകളുടെയും കഥയാണ്. ഈ നോവലിൽ പ്രണയം, പ്രണയനഷ്ടം, രാഷ്ട്രീയം എന്നതിലെല്ലാമുപരി മനുഷ്യൻ എന്നത് സാമൂഹിക ബന്ധങ്ങളാൽ നിർമ്മിക്കപ്പെട്ടതും സ്വന്തം ജീവതത്തിൽ പരാജയങ്ങൾ നേരിടാൻ പ്രാപ്തനും അതിൽ നിന്നു പുറത്തുവരാൻ ശ്രമിക്കുന്നവനുമാണെന്ന് നോവൽ കാട്ടിത്തരുന്നു. എന്നാൽ ജീവിതപരാജയത്താൽ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്ന മായൻ എന്ന ദുരന്തനയകനും ഇതേ കൃതിയിൽ സവിശേഷമായി കടന്നുവരുന്നു. മനുഷ്യൻ എന്നത് ഒരു സവിശേഷ നിർവചനത്തിൽ ഒതുക്കാൻ കഴിയാത്ത ഒന്നാണെന്ന് ഈ നോവൽ ഇത്തരം സന്ദർഭങ്ങളിലൂടെ തെളിയിക്കുന്നു.

▶ സാമൂഹിക ബന്ധങ്ങളാൽ നിർമ്മിക്കപ്പെട്ട മനുഷ്യൻ

## Summarised Overview

അത്യന്തം ഹൃദയസ്പർശിയായ പ്രേമകഥയും ശക്തമായ സാമൂഹിക സാമുദായിക നോവലും ദാർശനികമായ ഗാംഭീര്യമുള്ള ഒരു മനോവിജ്ഞാനീയാധിഷ്ഠിത കൃതിയുമാണ് ഉമ്മാച്ചു. 1954 ലാണ് ഉമ്മാച്ചു പുസ്തകരൂപത്തിൽ പുറത്തുവന്നത്. അതിനുമുമ്പ് അത് മാതൃഭൂമി വാരികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

മായൻ, ബീരാൻ, ഉമ്മാച്ചു ഇവർ മൂവരുടെയും ബാല്യം, പ്രണയം, ജീവിതം, ദുരന്തം എന്നിവയ്ക്ക് സാക്ഷിയായി അവരുടെ ജീവിതങ്ങൾക്ക് ഒപ്പം സഞ്ചരിക്കുന്ന സഹകഥാപാത്രമാണ് ചാപ്പുണ്ണിനായർ. മനുഷ്യത്വവും പ്രായോഗികതയും സ്നേഹവും വിശ്വസ്തതയും നിറഞ്ഞുനില്ക്കുന്ന ഒരു കഥാപാത്രമാണ് ചാപ്പുണ്ണിനായർ. അച്ഛന്റെ കൊലപാതകത്തിന് സാക്ഷിയാവുകയും ആ കൊലപാതകിയെ മാതാവ് ഭർത്താവായി സ്വീകരിച്ചത് നിസ്സഹായനായി നോക്കിനില്ക്കേണ്ടി വരുകയും ചെയ്യുന്ന സങ്കീർണ്ണമായ ജീവിതസന്ദർഭങ്ങൾ അഭിമുഖീകരിക്കുന്ന

കഥാപാത്രമാണ് അബ്ദു. കഥ നിയന്ത്രിക്കുന്ന സുപ്രധാന പാത്രവുമാണ് അയാൾ. നോവലിലെ ഏറ്റവും ചൈതന്യവത്തായ കഥാപാത്രമാണ് ചാപ്പുണ്ണിനായരുടെ മകളായ ചിന്നമ്മു. ജീവിത സംഘർഷങ്ങളിൽ നിന്ന് ശാന്തതയിലേക്ക് വന്നെത്തുന്ന ജീവിത പ്രവാഹത്തെയാണ് ഉറൂബ് അവതരിപ്പിക്കുന്നത്. തകർച്ചയിലേക്കോ ദുരന്തത്തിലേക്കോ പോകുന്ന ജീവിതമല്ല മറിച്ച് പ്രവഹിക്കുന്ന ജീവിതമാണ് അദ്ദേഹത്തിൻറെ കൃതികളിൽ കാണുന്നത്. ശക്തിയും ദൗർബല്യവും ഉയർച്ചയും താഴ്ചയും തെറ്റും ശരിയും കൂടിക്കുഴഞ്ഞ മനുഷ്യൻ എന്ന സുന്ദര ജീവിയെയാണ് അദ്ദേഹം തൻെറ ലോകത്തിൽ അവതരിപ്പിച്ചത്. കഥാപാത്രങ്ങളെ സംഘർഷാത്മകമായ മുഹൂർത്തങ്ങളിലൂടെ - ജീവിത സന്ദർഭങ്ങളിലൂടെ - കടത്തിവിട്ട്, അവരുടെ ബൗദ്ധികവും വൈകാരികവുമായ ഘടകങ്ങളെ വിക്ഷോഭ വിധേയമാക്കി, വ്യക്തിത്വത്തിൻെറ സൂക്ഷ്മവും സമഗ്രവുമായ അവസ്ഥയെ വെളിപ്പെടുത്തിത്തരുന്നു.

സ്ത്രീ ഹൃദയത്തിൻറെ പ്രക്രിയാവിശേഷങ്ങളാണ് ഉമ്മാച്ചുവിൻെറ രചനാ സന്ദർഭത്തിൽ നോവലിസ്റ്റിൻെറ മനസ്സിൽ മുന്നിട്ടു നിന്നിരുന്നത്. ഒരു ബാലിക എന്ന അവസ്ഥയിൽ നിന്നും മുത്തശ്ശിയായി വളരുന്ന ഒരു സ്ത്രീയുടെ കഥയായി ഉമ്മാച്ചുവിനെ കാണുവാൻ സാധിക്കും. ഒരു കഥാനായിക സ്വന്തം കാലത്തിനുശേഷം മറ്റൊരു കഥാനായികയ്ക്ക് വഴിമാറി കൊടുക്കുന്ന തരത്തിലുള്ള ഇതിവൃത്തവികാസം ഈ നോവലിൻെറ പ്രത്യകതയാണ്. ഉമ്മാച്ചുവിൻെറ കഥ ചിന്നമ്മുവിൻെറ കഥയിൽ ചെന്ന് ചേരുന്നതായി കാണുന്നു. തലമുറകളുടെ കഥ പറഞ്ഞുകൊണ്ട് ഈ നോവൽ ജീവിതത്തിൻെറ അനുസ്യൂതി പ്രകടമാക്കുന്നു.

## Assignments

1. ഉറൂബ് എന്ന എഴുത്തുകാരന്റെ രചനാസവിശേതകൾ ഉമ്മാച്ചു എന്ന കൃതിയെ മുൻനിർത്തി വ്യക്തമാക്കുക.
2. ഉമ്മാച്ചു എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ രേഖപ്പെടുത്തുക.
3. മായൻ എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.
4. കഥയ്ക്കൊപ്പം ആദ്യന്തം നിശബ്ദ സാന്നിധ്യമായി സഞ്ചരിക്കുന്ന കഥാപാത്രമാണ് ചാപ്പുണ്ണി നായർ. സ്ഥാപിക്കുക.
5. അബ്ദു എന്ന കഥാപാത്രത്തിന്റെ മാനസിക സംഘർഷങ്ങൾ രേഖപ്പെടുത്തുക.
6. മനുഷ്യമനസ്സിൻെറ നിഗൂഢതലങ്ങളുടെ സൂക്ഷ്മാവിഷ്കാരമാണ് ഉറൂബിൻെറകൃതികൾ- വിലയിരുത്തുക
7. മനുഷ്യമഹത്വത്തിൽ വിശ്വസിച്ച കഥാകാരനാണ് ഉറൂബ്- ചർച്ചചെയ്യുക

## Suggested Readings


1. ഷിബു മുഹമ്മദ്, ഉറൂബിന്റെ ലോകം (എ. ഡി.), കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം.
2. തരകൻ, കെ. എം., ഡോ. അനശ്വരനായ ഉറൂബ്, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

# References


1. അച്യുതൻ, എം., നോവൽ പ്രശ്നങ്ങളും പഠനങ്ങളും, സാഹിത്യപ്രവർത്തക സഹകരണ സംഘം., കോട്ടയം.
2. അപ്പൻ, കെ. പി., കലഹവും വിശ്വാസവും, കോട്ടയം ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം.
3. അശോകൻ, കെ., നോവൽ മലയാളത്തിൽ, നാഷണൽ ബുക്ക്സ്, കോട്ടയം.
4. ജോർജ് ഇരുമ്പയം, മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
5. ജോർജ് ഓണക്കൂർ, നായകസങ്കല്പം മലയാളനോവലിൽ, പ്രഭാത് ബുക്സ്, തിരുവനന്തപുരം.
6. തരകൻ, കെ. എം., മലയാള നോവൽ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
7. തരകൻ, കെ. എം., ആധുനിക നോവൽ ദർശനം, കറൻറ് ബുക്സ്, തൃശ്ശൂർ
8. ബാലകൃഷ്ണൻ, പി. കെ. ചന്തുമേനോൻ ഒരു പഠനം, എസ്. പി. സി. എസ്., കോട്ടയം.
9. ബാലകൃഷ്ണൻ, പി. കെ., നോവൽ സിദ്ധിയും സാധനയും, എസ്. പി. സി. എസ്., കോട്ടയം.
10. മധുസൂദനൻ, ജി., കഥയും പരിസ്ഥിതിയും, കറൻറ് ബുക്സ്, തൃശ്ശൂർ
11. രാജശേഖരൻ, പി. കെ., അന്ധനായദൈവം, ഡി. സി. ബുക്സ്, കോട്ടയം.
12. രാജശേഖരൻ, പി. കെ., ഏകാന്തനഗരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മലയാള നോവൽ ആധുനികതാവാദഘട്ടം

# BLOCK-02

## Block Content


യൂണിറ്റ് 1 പാടാത്ത പൈങ്കിളി – മുട്ടത്തു വർക്കി
യൂണിറ്റ് 2 ആരോഹണം – വി. കെ. എൻ.
യൂണിറ്റ് 3 ഖസാക്കിന്റെ ഇതിഹാസം –ഒ. വി. വിജയൻ
യൂണിറ്റ് 4 മരുഭൂമികൾ ഉണ്ടാകുന്നത് – ആനന്ദ്

Unit 1

# പാടാത്ത പൈങ്കിളി

## മുട്ടത്തുവർക്കി

## Learning Outcomes

- നവോത്ഥാനവും ജനപ്രിയതയും ആധുനികതയും നോവൽ സാഹിത്യത്തിലുണ്ടാക്കിയ പരിവർത്തനങ്ങൾ മനസ്സിലാക്കുന്നു
- നോവൽവായനയിലുണ്ടായ വിപ്ലവവും പ്രസാധനമേഖലയിലുണ്ടായ പെരുപ്പവും വിശകലനം ചെയ്യുന്നു
- ജനപ്രിയ സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും ചരിത്രവും പശ്ചാത്തലവും തിരിച്ചറിയുന്നു
- മനുഷ്യജീവിതയാഥാർത്ഥ്യങ്ങളും ആഗ്രഹസഫലീകരണവും ആവിഷ്കരിച്ച മുട്ടത്തുവർക്കിയുടെ സാഹിത്യവും അദ്ദേഹത്തിന്റെ പാടാത്ത പൈങ്കിളിയുണ്ടാക്കിയ സ്വാധീനവും തിരിച്ചറിയുന്നു
- ജനപ്രിയ നോവലുകളുടെ ആഖ്യാനസ്വഭാവം, ഭാഷ, പ്രമേയം എന്നീ തലങ്ങളെ വിലയിരുത്തുന്നു
- മുട്ടത്തു വർക്കിയുടെ നോവലുകൾ സാഹിത്യത്തെ എത്രത്തോളം സ്വാധീനിച്ചുവെന്ന് വിശകലനം ചെയ്യുന്നു

## Background

ജനപ്രിയ സംസ്കാരത്തിന്റെ മലയാളചരിത്രം ആധുനികതയിലും അതിനുശേഷവും ഉല്പാദിപ്പിക്കുന്ന സാമൂഹികാർത്ഥങ്ങൾക്ക് തുടക്കമിടുന്നത് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയാണ്. അറിവിന്റെയും വിനോദത്തിന്റെയും അച്ചടിയുടെയും വായനയുടെയും എഴുത്തിന്റെയും പ്രസാധനത്തിന്റെയും സാംസ്കാരിക സമവാക്യങ്ങൾ ഒന്നിച്ച ഐതിഹ്യമാലയുടെ രചനയ്ക്കു പിന്നിലെ സാഹചര്യം കൊട്ടാരത്തിൽ ശങ്കുണ്ണി വിവരിക്കുന്ന ഭാഗം മലയാളത്തിൽ ജനപ്രിയ സംസ്കാരത്തിന്റെ ചരിത്രവും പ്രത്യയശാസ്ത്രവും അടയാളപ്പെടുത്തുന്ന ആദ്യരേഖയാകുന്നു (ഷാജി ജേക്കബ് - പൊന്നരിവാളും പൈങ്കിളിയും).

ജനപ്രിയ നോവലുകളുടെ ആഖ്യാനസ്വഭാവം, ഭാഷ - പ്രമേയം എന്നീ തലങ്ങളിലൂടെയാണ് പ്രകടമാകുന്നത്. മണിപ്രവാളശൈലിയിലും തുടർന്ന് പാശ്ചാത്യപ്പെരുമയിലും മലയാളസാഹിത്യം കെട്ടിപ്പടുത്ത മാനകഭാവത്തിലേക്ക് വീണ്ടും പ്രാദേശികത കടന്നുകയറിയത് മുട്ടത്തുവർക്കിയുടെ രചനകളിലൂടെയാണ്. രണ്ടു രീതിയിൽ മുട്ടത്തുവർക്കി മലയാളഭാഷയെ നോവൽവൽക്കരിച്ചുവെന്നു കാണാം. ഒന്ന്: വിവരണത്തിൽപ്പോലും വാമൊഴിശൈലികൾ സ്വീകരിച്ചു. രണ്ട്: മധ്യകേരളത്തിലെ ക്രിസ്ത്യൻ സമുദായത്തിന്റെ ഭാഷാസംസ്കാരം സാഹിത്യവത്ക്കരിച്ചു. വായനയുടെ തരംഗം സൃഷ്ടിക്കാൻ വർക്കിക്കും തുടർന്നുവന്ന ജനപ്രിയനോവലിസ്റ്റുകൾക്കും കഴിഞ്ഞത് മുഖ്യമായും ഈ രണ്ടു സ്വഭാവങ്ങൾ കൊണ്ടു തന്നെയാണ് (ഷാജി ജേക്കബ്). പ്രാദേശികസമൂഹങ്ങളുടെ മതം, സമുദായം, തൊഴിൽ തുടങ്ങിയ ഘടകങ്ങളിലൂടെ സാമൂഹികവും മാനസികവുമായ സംഘർഷങ്ങൾ ഇവിടെ പുനഃസൃഷ്ടിക്കപ്പെട്ടു.

മധ്യകേരളത്തിലെ ക്രൈസ്തവരിലൂടെ വർക്കിയും കാനവും ഇ. ജെ. യും മുതൽ മാത്യു മറ്റവും ജോയ്സിയും വരെയുള്ള നോവലിസ്റ്റുകൾ ഉയർന്നുവന്നു. ക്രൈസ്തവമതത്തിനു പുറത്തുകടക്കാൻ തയ്യാറായപ്പോഴും മധ്യകേരളത്തിൽനിന്ന് പോകാൻ മടിച്ചായിരുന്നു എഴുപതുകളിലും ജനപ്രിയനോവലിന്റെ അവസ്ഥ. പിന്നീട് എൺപതുകളിലാണ് സാമൂഹികമായും ദേശപരമായും ജനപ്രിയനോവൽ വ്യാപകമാകുന്നത്. ജോയ്സി തന്നെ ഇത്തരം ആഖ്യാനവ്യാപനത്തിനു വേണ്ടി വ്യത്യസ്ത പേരുകൾ സ്വീകരിച്ചിരുന്നതായി പറയുന്നുണ്ട്. അവർ ക്രൈസ്തവർക്കിടയിൽ നിന്നും മധ്യകേരളത്തിൽ നിന്നും ജാതിപരമായും ദേശപരമായും ജനപ്രിയനോവലിനെ പുറത്തു കൊണ്ടുവന്നു. മാറിമാറി ഓരോ പേരും അതിനായി ഉപയോഗിച്ചു. ഇതിനെ പിന്തുടർന്ന് പി.വി. തമ്പി, കമല ഗോവിന്ദ്, ചന്ദ്രകല എസ്. കമ്മത്ത്, മല്ലിക യൂനിസ്, സുധാകർ മംഗളോദയം തുടങ്ങിയ മറ്റൊരു നിര ഉയർന്നുവന്നു. വിപണി വിജയം നേടിയ പ്രമേയം വിവിധ കർത്താക്കളുടെ  വിവിധ നോവലുകളായി ആവർത്തിച്ചുകൊണ്ടേയിരിക്കും. ഇതാണ് ആനുകാലികങ്ങളുടെ സ്വഭാവം. ഇപ്പോഴത്തെ ടെലിവിഷൻ സീരിയലുകളും ചിലയവസരങ്ങളിൽ സിനിമ പോലും ഇതേ വിപണനതന്ത്രം മാത്രം മുൻനിർത്തി കൃത്രിമമായി ജനപ്രിയത സൃഷ്ടിക്കുകയും അത് കോട്ടം തട്ടാതെ പുലർത്തുകയും ചെയ്യുന്നു. അനുകരണമാണ് ജനപ്രിയസാഹിത്യത്തിന്റെ അനിഷേധ്യമായ മുഖമുദ്ര. ട്രാജഡിയെ വളരെ അപൂർവ്വമായി മാത്രമേ ജനപ്രിയസാഹിത്യം സ്വീകരിക്കാറുള്ളൂ. ദുരന്തത്തിൽനിന്ന് ശുഭാന്ത്യത്തിലേക്കുള്ള യാത്രകളാണ്  ഭൂരിഭാഗവും.

**ജീവിതരേഖ**

മുട്ടത്തുവർക്കി മലയാള സാഹിത്യകാരൻ, തിരക്കഥാകൃത്ത്. കെ. എം. വർക്കി എന്ന് അപരനാമം. എം. പി. പോളിന്റെ 'പാരലൽ കോളേജ് കോട്ടയത്ത് തുടങ്ങിയപ്പോൾ സ്ഥാപനത്തിൽ കെ. എം. വർക്കി അധ്യാപകനായി. അക്കാലത്താണ് മുട്ടത്തുവർക്കിയുടെ ആദ്യ കവിതാസമാഹാരമായ 'ആത്മാഞ്ജലി' പ്രസിദ്ധീകരിക്കപ്പെടുന്നത്. അതിന് അവതാരിക എഴുതുകകൂടി ചെയ്ത എം. പി. പോളാണ് ഗദ്യകൃതികളിലേക്ക് തിരിയാൻ വർക്കിയെ പ്രേരിപ്പിച്ചത്. 'ദീപിക' യിൽ 'നേരും നേരമ്പോക്കും' എന്ന പംക്തി കൈകാര്യം ചെയ്തിരുന്നത് മുട്ടത്തു വർക്കിയാണ്. മുട്ടത്തു വർക്കി എന്ന തൂലികാ നാമത്തിലാണ് കെ. എം. വർക്കി എഴുതിത്തുടങ്ങിയത്. 81 നോവലുകൾ, 16 ചെറുകഥാ സമാഹാരങ്ങൾ, 12 നാടകങ്ങൾ, 17 വിവർത്തനകൃതികൾ, 5 ജീവചരിത്രങ്ങൾ എന്നിവയടക്കം നൂറ്റിമുപ്പതിലധികം കൃതികളിലായി മുട്ടത്തുവർക്കിയുടെ രചനകൾ സാധാരണക്കാരായ ജനങ്ങളെ വായനയിലേക്ക് അടുപ്പിച്ചു.

ശുദ്ധപ്രണയകഥയായ 'ഇണപ്രാവുകളി'ലൂടെയാണ് മുട്ടത്തുവർക്കി ജനപ്രിയ നോവൽ സാഹിത്യത്തിന് തുടക്കം കുറിച്ചത്. രണ്ടാമത്തെ നോവലായ 'പാടാത്ത പൈങ്കിളി' സാമൂഹികപരിവർത്തനം ലക്ഷ്യമിട്ടെഴുതിയ കാല്പനിക പ്രേമകഥയാണ്. ഇണപ്രാവുകൾ, പാടാത്ത പൈങ്കിളി, മയിലാടുംകുന്ന്, ഫിഡിൽ, ജഗജില്ലി, രാത്രികളുടെ രാത്രി, കരകാണാക്കടൽ, അക്കരപ്പച്ച, മറിയക്കുട്ടി, ആറാം പ്രമാണം, സലോമി തുടങ്ങിയവ പ്രധാന നോവലുകളാണ്. മധ്യതിരുവിതാംകൂറിന്റെ പശ്ചാത്തലത്തിൽ ഇതൾ വിരിയുന്ന പ്രണയകഥകളാണ് ഇവയെല്ലാം. ഒരു കുടയും കുഞ്ഞുപെങ്ങളും, മറിയക്കുട്ടി, കരകാണാക്കടൽ, വെളുത്തകത്രീന, അക്കരപ്പച്ച, അഴകുള്ള സെലീന, പട്ടുതൂവാല, ലോറാ നീ എവിടെ, പഞ്ചായത്ത് വിളക്ക് തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളിൽ ചിലതാണ്. അദ്ദേഹം കഥയും തിരക്കഥയും രചിച്ച പാടാത്ത പൈങ്കിളി എന്ന ചലച്ചിത്രത്തിന് ഏറ്റവും മികച്ച സിനിമയ്ക്കുള്ള പ്രസിഡന്റിന്റെ വെള്ളിമെഡൽ (1957) ലഭിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപകുതിയിൽ ഏറ്റവുമധികം മലയാളികൾ വായിക്കുകയും ആരാധിക്കുകയും ചെയ്ത എഴുത്തുകാരിൽ ഒരാൾ മുട്ടത്തുവർക്കിയാണ്. ലളിതമായ ഭാഷയും സാധാരണ മനുഷ്യജീവിതത്തിലെ ലോലഭാവങ്ങളെ അളന്നെടുത്തുപയോഗിക്കുന്ന മനഃശാസ്ത്രപരമായ കഥാരൂപീകരണവും വായനക്കാരെ ആകാംക്ഷയുടെ മുൾമുനയിലെത്തിച്ചു.

## Keythemes

- ഭാഷ, പ്രമേയം എന്നിവ അടിസ്ഥാനമാക്കിയ ആഖ്യാനസ്വഭാവം
- ആധുനികതയിലെ നവകാല്പനികത
- ജനപ്രിയനോവൽ സംസ്കാരം ആധുനികതയിൽ
- ക്രൈസ്തവജീവിതവും പ്രണയവും
- ദുരന്തത്തിൽനിന്ന് ശുഭാന്ത്യത്തിലേക്കുള്ള യാത്ര

## Discussion

### 2.1.1 ജനപ്രിയ സാഹിത്യം

- നവോത്ഥാന കാഥികരുടെ ജനപ്രിയ കൃതികൾ

വാമൊഴിയിലൂടെ കേട്ടാസ്വദിച്ചിരുന്ന കലയുടെ സുന്ദരസാഹിത്യത്തെ അക്ഷരാഭ്യാസം നേടിയ ജനങ്ങൾക്ക് പ്രാപ്തമാകുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ്. ജനങ്ങളിലേക്കിറങ്ങിച്ചെല്ലുന്ന ആഖ്യാനങ്ങളുടെ തുടക്കം ബഷീർ, തകഴി, ദേവ് തുടങ്ങിയവരുടെ കാലത്താണ്. നവോത്ഥാനസാഹിത്യത്തിന്റെ ചുവടുകൾക്കു പിറകേ വീഴാതെ നടന്നുകയറിയതാണ് ജനപ്രിയസാഹിത്യവും ജനപ്രിയസംസ്കാരവും ജനപ്രിയ വാരികകളും. അറുപതുകൾ വരെയും ഗ്രന്ഥശാലകളിലൂടെ വികസിച്ച വായനയുടെ പ്രമുഖ പ്രയോക്താക്കൾ ബഷീറും തകഴിയും ദേവുമൊക്കെയായിരുന്നു. രമണൻ ആയിരുന്നു അക്കാലത്തു ഹരം കൊള്ളിച്ച ജനപ്രിയ കൃതി. വായിച്ചും കേട്ടും ചർച്ച ചെയ്തും ആശയങ്ങൾ കേൾവിക്കാരിലേക്ക് മുഴുവനുമെത്തിക്കുന്ന പ്രിയത അന്ന് ജനങ്ങൾക്കുണ്ടായിരുന്നു എന്നുതന്നെ കരുതാം.

- ജനപ്രിയ നോവലുകൾ

ഒരു ജനപ്രിയസംസ്കാരത്തിന്റെ കെട്ടുറപ്പുള്ള നിർമ്മിതിക്ക് എഴുത്തുകാരെ പ്രാപ്തമാക്കാൻ കെല്പുള്ള പ്രസാധകരും ആ കാലത്ത് ഉയർന്നുവന്നു. അങ്ങനെ 1940കളുടെ രണ്ടാംപകുതിയിൽ പത്രങ്ങളുടെയും വിതരണത്തിന്റെയും രംഗത്തുണ്ടായ ചടുലമായ മുന്നേറ്റത്തിൽ ജനപ്രിയം എന്ന പുതിയ ഒരു നോവൽ സംസ്കാരത്തിനു ജന്മം കൊടുത്തു. ഘടനാപരവും സാംസ്കാരികവും ഭാവുകത്വപരവുമായ പുതുമയിൽ ജനപ്രിയനോവൽ പിറന്നു. 1953-ൽ പ്രസിദ്ധീകരിച്ച ഇണപ്രാവുകളിലൂടെ ആ ഭാവുകത്വത്തെ മലയാളി തിരിച്ചറിഞ്ഞു. 1955-ൽ ഇറങ്ങിയ പാടാത്ത പൈങ്കിളിയിലൂടെ അത് പ്രബലമായി. ജനപ്രിയനോവൽ ജനപ്രിയസാഹിത്യത്തിനും ജനപ്രിയസിനിമയ്ക്കും ടെലിവിഷൻ സീരിയലുകൾക്കും അതിലൂടെ രൂപപ്പെട്ട ജനപ്രിയ സംസ്കാരത്തിനും ജീവൻ പകുത്തു നൽകി. പാടാത്തപൈങ്കിളി ചരിത്ര സന്ധിയാകുന്നത് ഇവിടെയാണ്. ജനപ്രിയ ഭാവനയുടെ ആഖ്യാനപരവും സ്ഥാപനപരവും സാംസ്കാരികവും രാഷ്ട്രീയവുമായ വഴികളിലേക്കുള്ള തുറന്നെടുക്കലുകൾ പാടാത്ത പൈങ്കിളിയിൽ നിന്നാണ് ആരംഭിക്കുന്നത്.

മലനാട്ടിലേക്കും മലബാറിലേക്കും നടന്ന ക്രിസ്ത്യാനികളുടെ കുടിയേറ്റങ്ങൾ, മധ്യകേരളത്തിലെ ക്രിസ്ത്യാനി ജീവിതം, കേരളത്തിൽ വന്നുചേർന്ന മധ്യവർഗ്ഗസംസ്കാരം, ഭൂപരിഷ്കരണം കൊണ്ടുവന്ന ജീവിതമാറ്റങ്ങൾ, പ്രവാസം, വിദ്യാഭ്യാസം, വായനാസമൂഹം തുടങ്ങിയ സാഹചര്യങ്ങളിൽ വികസിച്ചുവന്നതാണ് ജനപ്രിയസാഹിത്യം. അമ്പതുകളോടെ വ്യാപകമായിത്തുടങ്ങിയ പത്രങ്ങളിലൂടെയും അവയെ പിൻപറ്റി വന്ന മാസികകളിലൂടെയും വാരികകളിലൂടെയും സാഹിത്യരംഗത്തെ ഇളക്കിമറിച്ച ഒരു സംസ്കാരം ഉദയം കൊള്ളുകയായിരുന്നു. മധ്യകേരളത്തിലെയും മലയോരങ്ങളിലെയും പിന്നോക്ക വിഭാഗക്കാരായ ക്രിസ്ത്യാനികളുടെ ജീവിതാഖ്യാനങ്ങൾ കോട്ടയം പ്രസിദ്ധീകരണങ്ങളായ ആനുകാലികങ്ങളിലൂടെ പുറത്തുവന്നു. അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ആശകളും അഭിലാഷങ്ങളും വിടരും മുൻപേ കൊഴിയുന്ന പ്രതീക്ഷകളും ജനപ്രിയസാഹിത്യത്തിന്റെ അന്തർധാരയായിരുന്നു. ദാരിദ്ര്യം, ഭക്ഷ്യക്ഷാമം, അരക്ഷിതത്വം യുദ്ധാനന്തര-സ്വാതന്ത്ര്യാനന്തര ദുരിതങ്ങൾ തുടങ്ങിയ കെടുതിക്കാഴ്ചകളിലേക്കായിരുന്നു അമ്പതുകളിലെയും അറുപതുകളിലെയും എഴുത്തുകാർക്ക് എത്തിപ്പെടേണ്ടിയിരുന്നത്. ആധുനികന്റെ ഔഷധമായി പ്രണയത്തെ മാറ്റിയിടത്തേക്കായിരുന്നു ഓരോ എഴുത്തുകളും എത്തപ്പെട്ടിരുന്നത്. അടിച്ചമർത്തപ്പെട്ട സ്വാഭാവിക ലൈംഗികാഭിലാഷങ്ങളുടെ ഉദാത്തീകരണമെന്ന നിലയിലാണ് ആധുനികകാലത്ത് പ്രണയം പ്രബലപ്പെടുന്നത്. റിയലിസത്തിന്റെയും ആധുനികതയുടെ ശക്തിപ്പെടലിന്റെയും കീഴിൽ ഉദാത്തകാല്പനികത കീഴടങ്ങുകയായിരുന്നു. വരേണ്യവായനാസമൂഹത്തിനു മീതെ പുതുതായി അക്ഷരാഭ്യാസം നേടിയവരുടെ ജനാധിപത്യപരമായ കോയ്മ ജനപ്രിയസാഹിത്യത്തെ വളർത്തി.

▶ അച്ചടിയുടെ വ്യാപനം

അനുകരണമാണ് ജനപ്രിയസാഹിത്യത്തിന്റെ അനിഷേധ്യമായ മുഖമുദ്ര. ട്രാജഡിയെ വളരെ അപൂർവ്വമായി മാത്രമേ ജനപ്രിയസാഹിത്യം സ്വീകരിക്കാറുള്ളൂ. ദുരന്തത്തിൽനിന്ന് ശുഭാന്ത്യത്തിലേക്കുള്ള യാത്രകളാണ് ഭൂരിഭാഗവും. മുട്ടത്തുവർക്കിയിൽ നിന്നാരംഭിച്ച ലൈംഗിക സദാചാരബോധത്തോടെയുള്ള ജനപ്രിയഭൂമിക 60-കളിൽ ആ ബോധത്തെ ലംഘിക്കുകയും മതം, രാഷ്ട്രീയം, കുടുംബഘടന എന്നിവയെ നിശിതമായി വിമർശിച്ച് ഒരു പുരുഷ വായനാസമൂഹത്തെ മാത്രമായി സൃഷ്ടിക്കുകയും ചെയ്തു. ബുദ്ധിജീവികളുടെ മുഖ്യധാരാസാഹിത്യം ജനങ്ങളെ ആകർഷിക്കാതിരിക്കുകയും ജനങ്ങൾ കൂടുതലായും ജനപ്രിയ സാഹിത്യത്തോടു ആഭിമുഖ്യമുള്ളവരാകുകയും ചെയ്തു. ഇവർക്കുശേഷം മദ്ധ്യവർഗ്ഗം ഉപരിവർഗ്ഗ കുടുംബഘടനകളിലെ ലൈംഗികസംഘർഷങ്ങളെ തങ്ങളുടെ നോവൽ രചനയുടെ താക്കോൽ പ്രമേയമാക്കിയത് സി. വി. ബാലകൃഷ്ണനും കെ. കെ. സുധാകരനും പി. എഫ്. മാത്യുസുമടങ്ങുന്ന മറ്റൊരു നിരയാണ്. പിന്നീട് പ്രണയവും സാമ്പത്തിക പ്രതിസന്ധികളും ആനുകാലിക സംഭവങ്ങൾക്ക് കീഴ്പ്പെട്ടു. കൊലപാതകങ്ങളും കുറ്റാന്വേഷണങ്ങളും പെൺവാണിഭവും ഉദ്വേഗമുണ്ടാക്കുന്ന ഒരു വിപണി പ്രസാധകർ കണ്ടെത്തി. അവിടെയും പ്രണയം നോവലിസ്റ്റുകളുടെ സാഹിത്യധർമ്മമാക്കി വിപണിയിലെ മാധ്യമമത്സരത്തോടു പൊരുതാൻ പാകത്തിൽ അതിന്റെ പൊതുഘടന നിശ്ചയിക്കപ്പെട്ടു.

▶ ശുഭപര്യവസായിയായ ജനപ്രിയ സാഹിത്യം

പുരുഷമേൽക്കോയ്മയിൽത്തന്നെ സ്ത്രീകേന്ദ്രിത പ്രമേയങ്ങൾ മാത്രം ഉടലെടുത്തത് ജനപ്രിയനോവലുകളിലെ കഥാപാത്രങ്ങൾക്ക് ടൈപ്പുകൾ എന്ന പേര് നേടിക്കൊടുത്തു. ഒരുകാലത്തു വായന മുൻനിർത്തി നല്ലതോ ചീത്തയോ എന്നു വേർതിരിച്ചിരുന്ന ചിന്തകളെപ്പോലും തച്ചുടച്ചു പ്രതിഷ്ഠ നേടുന്ന നിസാരതകളുടെ പ്രതികാര കഥകളായി അവ പരിണമിക്കുന്നു. ജനപ്രിയസാഹിത്യവും ഇത്തരം കഥകൾക്കുള്ള പ്രമേയമായി സ്വയം പരിണമിക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. 'കമ്പോളം നോക്കികളുടെ കൃതികളിലൊന്നുപോലും ഓർമ്മയിൽ തങ്ങിനിൽക്കുന്നില്ലെന്ന്' മുണ്ടശ്ശേരി ജനപ്രിയനോവലിനെ വിമർശിച്ചപ്പോൾ 'ജനപ്രിയഭാവുകത്വം തന്നെ സാഹിത്യ അന്തസ്സിന് നിരക്കുന്നതല്ലെന്നാണ്' എസ്. ഗുപ്തൻനായരുടെ അഭിപ്രായം. ഇവിടെ നിന്ന് പരിണാമങ്ങളേറെ സംഭവിച്ച സ്വത്വം നേടിയ അക്കാദമിക് പദമാണ് ജനപ്രിയം. ആ അക്കാദമിക് പദത്തിന്റെ വിശദീകരണങ്ങളുടെ തുടക്കമാണ് സാഹിത്യത്തിൽ നിന്നൊഴിവാക്കാൻ കഴിയാത്തവിധം ചരിത്രസ്ഥാനം പിടിച്ച മുട്ടത്തു വർക്കിയും പാടാത്ത പൈങ്കിളിയും ജനപ്രിയസാഹിത്യവും.

> ▶ മാധ്യമ പ്രസാധക സംസ്കാരത്തിന്റെ കടന്നു കയറ്റം

## മുട്ടത്തുവർക്കി

മാതൃഭൂമി, ജനയുഗം, മലയാളനാട് തുടങ്ങിയ വാരികകൾ ആധുനികവാദസാഹിത്യങ്ങളെ പ്രചരിപ്പിച്ചു. ഇതിനുമുമ്പേ ജനപ്രിയതയുടെ രാജശില്പങ്ങളായി മുട്ടത്തുവർക്കിയുടെ രചനകൾ മാറിയിരുന്നു. അവ പ്രണയത്തെ കേന്ദ്രീകരിച്ചു ക്രൈസ്തവജീവിതത്തെ അണിനിരത്തിയ വർക്കിയുടെയും കാനത്തിന്റെയും രചനകളിൽ ഈ പ്രത്യയശാസ്ത്രം കാണാവുന്നതാണ്. ക്രിസ്തീയ ജീവിതത്തെയും പൗരോഹിത്യത്തെയും വിമർശനവിധേയമാക്കിയ സി. ജെ. തോമസ്, പൊൻകുന്നം വർക്കി, എം. പി. പോൾ, ഇ. എം. കോവൂർ തുടങ്ങിയവരെ വിപ്ലവകാരികളായി അംഗീകരിച്ചപ്പോൾ, ക്രിസ്തുമതദർശനങ്ങളിലൂടെ അവരെയും അവരുടെ കാർഷികജീവിതത്തെയും ആവിഷ്കരിച്ചവർ വെല്ലുവിളികൾ നേരിട്ടു.

> ▶ ക്രൈസ്തവ ജീവിതത്തെ അണിനിരത്തുന്നു

ഇണപ്രാവുകളിലൂടെ നോവൽ രംഗത്തേക്കു പ്രവേശിക്കുന്ന വർക്കിയുടെ നോവൽരചനയ്ക്ക് പ്രേരണയായത് എം. പി. പോളാണ്. വർക്കിയെയും അദ്ദേഹത്തിന്റെ രചനയെയും ഗൗരവമായി വിലയിരുത്താൻ കേസരി ബാലകൃഷ്ണപിള്ളയും ഉണ്ടായിരുന്നു. 'സോഷ്യൽ കണ്ടന്റിന്റെയും ഇമോഷണൽ കണ്ടന്റിന്റെയും സമപ്രാധാന്യത്തോടുകൂടിയ കലർപ്പ്, ട്രാജിക്കൽ ഐറണിയുടെ ബോധം, സരളവും പ്രസന്നവുമായ ഭാഷാരീതി തുടങ്ങിയവയാണ് മുട്ടത്തുവർക്കിയുടെ കലയുടെ പ്രധാന ഘടകങ്ങൾ'-എന്ന് കേസരി വർക്കിയെ അടയാളപ്പെടുത്തുന്നു. താരതമ്യേന പ്രചാരം കുറഞ്ഞ, മുഖ്യമായും മധ്യതിരുവിതാംകൂറിലെ ക്രൈസ്തവ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും മാത്രം വായിക്കപ്പെട്ട ദീപിക ദിനപ്പത്രത്തിന്റെ വാരാന്തപ്പതിപ്പിലാണ് അൻപതുകളിലും അറുപതുകളിലും മുട്ടത്തുവർക്കിയുടെ പ്രധാനപ്പെട്ട മിക്ക നോവലുകളും പ്രസിദ്ധീകരിക്കപ്പെട്ടത്. പാടാത്ത പൈങ്കിളി തന്നെ ഉദാഹരണം. 1955 മേയ് മാസം 2500 കോപ്പികൾ അച്ചടിച്ച ഒന്നാം പതിപ്പ് രണ്ടാഴ്ച കൊണ്ട് വിറ്റുതീർന്നു. ജൂണിൽ 3000 കോപ്പി അച്ചടിച്ചു. ഒരു വർഷത്തിനുള്ളിൽ അതും തീർന്നു.

> ▶ വിപണിവിജയം നേടിയവ

തന്റെ 'പൈങ്കിളിയുടെ പറക്കൽ മലനാടൊട്ടുക്ക് ഒരു മൃദുചലനമുണ്ടാക്കി' എന്ന് മുട്ടത്തു വർക്കി രണ്ടാം പതിപ്പിന്റെ അവതാരികയിൽ പറയുന്നു.

മുട്ടത്തുവർക്കിയുടെ നോവലുകളിലൂടെ സാഹിത്യലോകത്തിലേക്ക് പ്രവേശിപ്പിച്ച സ്ത്രീപുരുഷന്മാർ വേഷത്തിലും വീക്ഷണത്തിലും പ്രവൃത്തിയിലും പ്രത്യേകതയുള്ളവരായിരുന്നു. സാധാരണക്കാരന്റെ മതാവിഷ്കാരങ്ങളും ഈശ്വരാശ്രയങ്ങളും വിശ്വാസവുമാണ് വർക്കിയുടെ കഥാപാത്രങ്ങളുടെയെല്ലാം മനോവൃത്തിക്ക് നിദാനം. ആ കഥാപാത്രങ്ങൾ ഇടത്തരക്കാരന്റെ ധർമ്മബോധത്തെ കാത്തുസൂക്ഷിക്കുന്നവരാണ്. സാഹചര്യം ചെയ്യിക്കുന്ന ക്രൂരതകളിൽ പശ്ചാത്തപിക്കുകയും പാപബോധം മൂലം മരണമെന്ന ഫലത്തെ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവരാണ് അവർ. എന്തൊക്കെയായാലും തന്റെ കൃതികൾ ശുഭപര്യവസായിയാക്കാൻ വർക്കി ശ്രമിക്കാറുണ്ട്, കാരണം, വായനക്കാരന്റെ പ്രതീക്ഷകളെ വളർത്തുന്നത് അതിന്റെ ശുഭപര്യവസാനമാണ്. അത് തൊട്ടറിഞ്ഞെഴുതാൻ അദ്ദേഹം മെനക്കെടാറുമുണ്ട്. അനുഭവലോപം സംഭവിക്കാത്ത പ്രകൃതിയാണ് വർക്കിയിലേക്ക് സംക്രമിക്കുന്നത്.

> ▶ ഇടത്തരക്കാരന്റെ ധർമ്മബോധം

ഉന്നതന്മാരും കീർത്തിമാന്മാരുമായ സാഹിത്യകാരന്മാരിൽ നിന്ന് വർക്കി നേരിട്ട അവഗണനയ്ക്കും അടിച്ചമർത്തലുകൾക്കും ചരിത്രം മൂകസാക്ഷിയായത് വിസ്മരിക്കാൻ കഴിയില്ല. ബാല്യകാലസഖിയും രണ്ടിടങ്ങഴിയും നാലുകെട്ടും ഉമ്മാച്ചുവുമൊക്കെ അടക്കിവാണ ഭൂമികയിലേക്കാണ് യാതൊരു മുൻവിധികളുമില്ലാതെ വർക്കി ഒഴുകി പരന്നത്. തഴയലുകളുടെ സമരഭൂമികയിൽ നിന്ന് വർക്കിയുടെ നോവലുകൾ സിനിമയുടെ പ്രസന്നമാധ്യമത്തിലേക്ക് ചേക്കേറി. മുട്ടത്തുവർക്കിയുടെ സിനിമ എന്ന പേരിൽ കീർത്തി നേടിയവയും വൻവിജയമാവുകയും ചെയ്തു. ലിപിമാധ്യമത്തിൽ നിന്ന് ദൃശ്യമാധ്യമത്തിലേക്ക് വർക്കിയുടെ കിളി പറന്നത് അമ്പേറ്റു പിടഞ്ഞിട്ടാണെങ്കിലും അക്ഷരങ്ങൾ അപ്രാപ്യമായവർക്കിടയിലും വർക്കിയുടെ കിളി കൂടുകൂട്ടുകയായിരുന്നു. അരനാഴിക നേരം, ചെമ്മീൻ തുടങ്ങിയ ക്ലാസിക് സിനിമകൾക്കിടയിലും വർക്കിയുടെ സിനിമകൾ യാതൊരു മുട്ടുമില്ലാതെ പിടിച്ചുനിന്നു.

> ▶ സിനിമയുടെ പ്രസന്നമാധ്യമത്തിലേക്ക്

ലൈംഗികതയെ വൃത്തികെട്ട രഹസ്യമായി പരിഗണിക്കുന്ന സാമൂഹികസദാചാരത്തിന്റെ പ്രേരണയാണ് വർക്കിയെ നിയന്ത്രിക്കുന്നതെന്ന് തോന്നാമെങ്കിലും പ്രേമത്തിലൂടെ കാമപൂർത്തിയിലേക്കു വളരുന്ന സ്ത്രീപുരുഷബന്ധത്തെ തന്റെ തൂലികയുടെ റൊമാന്റിക് മാന്ത്രികതകൊണ്ട് പരിശുദ്ധരഹസ്യമാക്കി അവതരിപ്പിക്കാൻ മുട്ടത്തുവർക്കിക്കു കഴിഞ്ഞു എന്നാണ് സക്കറിയയുടെ അഭിപ്രായം. ക്രൈസ്തവാഭിമുഖ്യം വർക്കിയുടെ സാഹിത്യത്തെ മുൻനിരയിൽ നിന്ന് ഒഴിവാക്കിയപ്പോൾ പ്രണയത്തെ പാപമായി കണ്ടിരുന്നവർക്കിടയിലും അതേ പ്രണയം കൊണ്ട് പാപബോധത്തിന്റെ മുറിവുകെട്ടുന്ന വൈദ്യനാവുകയായിരുന്നത്രെ വർക്കി. പൊതുവെ ചരിത്രം അവഗണിക്കുന്ന വർക്കി ഒഴിവാക്കപ്പെടേണ്ടയാളല്ല, നിശിതമായി വിമർശിക്കപ്പെടുന്നതിലൂടെ സജീവമായി പരിഗണിക്കപ്പെടേണ്ടയാളാണ്. വർക്കിയുടെ പാടാത്ത പൈങ്കിളി എന്ന കൃതിക്കു ശേഷമാ

ണ് ജനപ്രിയസാഹിത്യം പൈങ്കിളി സാഹിത്യമെന്ന് അപഹസിക്കപ്പെട്ടത്. 'പ്രണയബോധത്തിന്റെ വ്യാപനം കുടുംബബന്ധങ്ങളിലും ആന്തരികമായ തറവാടിത്തബോധങ്ങളിലും മേലാള-കീഴാളവൽക്കരണത്തിലും വിള്ളലുകളുണ്ടാക്കി' എന്ന് എം. ആർ. അനിൽകുമാർ കണ്ടെത്തുന്നു.

- ജനപ്രിയ സാഹിത്യം പൈങ്കിളി സാഹിത്യമെന്ന് അപഹസിക്കപ്പെട്ടു

## 2.1.2 ഇതിവൃത്തസംഗ്രഹം

മലയാളി വീട്ടകങ്ങളിലേക്ക് പ്രണയത്തിന്റെയും സഹതാപത്തിന്റെയും വികാരപ്പെരുമഴ പെയ്യിച്ച ജനപ്രിയ നോവലുകളുടെ സാക്ഷ്യപ്പെടുത്തലാണ് മുട്ടത്തുവർക്കിയുടെ 'പാടാത്ത പൈങ്കിളി' എന്ന നോവൽ. ഉള്ളവന്റെയും ഇല്ലാത്തവന്റെയും കഥ സ്വപ്നാത്മകമായി അവതരിപ്പിച്ച് വായനക്കാരെ സ്വപ്നസൗന്ദര്യജീവിതത്തിൽ ആറാടാൻ വിടുന്ന നോവലുകൾ അഥവാ അമ്പതുകളിലെ പട്ടിണിക്കാരന്റെ ആഗ്രഹങ്ങളുടെ അക്ഷരസഫലീകരണം എന്ന് നിസംശയം പറയാവുന്ന ജനപ്രിയ നോവലുകളിൽ വലിയ പ്രീതി സമ്പാദിക്കുകയും പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ ആദ്യപതിപ്പ് മുഴുവനായും വിറ്റു തീർന്ന നോവലെന്ന ഖ്യാതി നേടുകയും ചെയ്ത കൃതിയാണ് പാടാത്ത പൈങ്കിളി.

- ഉള്ളവന്റെയും ഇല്ലാത്തവന്റെയും കഥ

ഗ്രാമാന്തരീക്ഷത്തിലൂടെ വളരുന്ന കഥാഗതിയിൽ രണ്ടു വീടുകളെ കേന്ദ്രീകരിച്ചാണ് പ്രമേയം അവതരിപ്പിക്കപ്പെടുന്നത്-മലയിൽ, താഴെയിൽ. താഴെയിൽ വീട്ടിലെ ലൂക്കാസാർ എന്ന ദരിദ്രനും അഭിമാനിയുമായ അധ്യാപകന്റെ മകളായ ചിന്നമ്മ, മലയിൽ വീട്ടിലെ ധനികനും മനുഷ്യത്വത്തിന്റെ പ്രതിരൂപവുമായ കുഞ്ഞന്നാമ്മയുടെ മകൻ സൽസ്വഭാവിയായ തങ്കച്ചൻ എന്നിവരുടെ ജീവിതത്തിലൂടെ കടന്നുപോകുന്ന അവസ്ഥാന്തരങ്ങളാണ് നോവലിനെ മുന്നോട്ടു നയിക്കുന്നത്. അഭിമാനത്തിന്റെ പേരിൽ നിസ്സഹായയായി ഉഴറേണ്ടിവരുന്ന ചിന്നമ്മയെ ആഗ്രഹങ്ങളുടെയും നിരാശയുടെയും കുഴികളിൽ നിന്ന് രക്ഷപ്പെടുത്തി തങ്കച്ചൻ പത്നിയാക്കി സ്വീകരിക്കുന്നു. ചിന്നമ്മയുടെ സ്വപ്നങ്ങളിലൂടെയാണ് വായനക്കാരന്റെ സഞ്ചാരം. അവളുടെ സ്വപ്നങ്ങൾക്ക് എന്നെങ്കിലും ചിറകുകളുണ്ടാകുമോ?. വെന്തു തൂവിപ്പോയ കഞ്ഞിപ്പാത്രത്തിനെച്ചൊല്ലിയുള്ള വിലാപവും വഴക്കും, വിളക്കു കത്തിക്കാൻ മണ്ണെണ്ണയില്ലാതെ സൃഷ്ടിക്കപ്പെടുന്ന ഇരുട്ടും, വയറെരിഞ്ഞിട്ടും പെണ്ണുങ്ങൾ തിന്നാതെ കാത്തുവച്ച ഉണക്കമീൻ കട്ടുകൊണ്ടുപോകുന്ന, വിശപ്പിനില്ലാത്ത അഭിമാനം മോഷണത്തിനില്ലെന്നറിയുന്ന പൂച്ചയും, കാന്താരി ഉപ്പുകൂട്ടിയരച്ചു കൂട്ടാനു നിവൃത്തിയുണ്ടാക്കാമെന്നു വച്ചാൽ അതിനുള്ള എണ്ണയിലൊരിത്തിരി കൈപ്പിടിയിലൊതുങ്ങാതെ ചിതറിക്കിടക്കുന്നതത്രയും മുടിയൊതുക്കാൻ ചിന്നമ്മ അറിയാതെ തേച്ചുപോയതും അതിന്റെയെല്ലാം പേരിൽ തീരാതെ തുടരുന്ന സന്ധ്യാനേരത്തെ വഴക്കുകളും അസ്വസ്ഥമാക്കുന്ന വീട്ടകത്തേക്കാണ് പാടാത്ത പൈങ്കിളി ആദ്യമേ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. കരിപുരണ്ട അകച്ചുമരുകൾക്കുള്ളിൽ പുകയേറ്റു മങ്ങിയ ജീവിതത്തിനിടയിലും പൂനിലാവുപോലെ ശോഭിക്കുന്ന യുവതിയുടെ ജീവിതത്തിലേക്ക് വായനക്കാർ ഇറങ്ങിവരുകയാണ്. അവളുടെ താഴയിൽ വീട്ടിലേക്ക്.

- ചിന്നമ്മയുടെ ആശകളും നിരാശകളും

നിസ്സഹായതയുടെ പ്രതിരൂപമാക്കപ്പെടുന്ന ചിന്നമ്മയ്ക്ക് വിക്ടർ

ഹ്യൂഗോയുടെ 'പാവങ്ങളി'ൽ സത്രത്തിലെ ഇരുട്ടുനിറഞ്ഞ അടുക്കളയിൽ പ്രാരാബ്ധങ്ങളുടെ ഭാരം താങ്ങാതെ വലയുന്ന കൊസത്ത് എന്ന പെൺകുട്ടിയോട് അടുത്ത സാദൃശ്യമുള്ളതായി ഡോ. വി. ലിസി മാത്യു(ഇലഞ്ഞിമരങ്ങൾ) ചൂണ്ടിക്കാണിക്കുന്നു. എല്ലാ മനുഷ്യർക്കും തുല്യ അവകാശമുള്ള പ്രകൃതിയിൽ മനുഷ്യൻ സൃഷ്ടിച്ച ലോകം സാമ്പത്തികം എന്ന മാനദണ്ഡം കൊണ്ട് രണ്ടുതട്ടിലാവുകയും അതിനെത്തുടർന്ന് പണമില്ലാത്ത ഒരു വിഭാഗം നയിക്കേണ്ടി വരുന്ന നരകയാതനകളെയും അവതരിപ്പിച്ച കൃതിയാണല്ലോ പാവങ്ങൾ. പ്രഭുകുടുംബങ്ങളിലെയും ക്ഷത്രിയ കുടുംബങ്ങളിലെയും പ്രണയത്തെയും പ്രണയനൈരാശ്യങ്ങളെയും വിരഹങ്ങളേയും കൊട്ടിഘോഷിച്ചു കൊണ്ടിരുന്ന വാമൊഴി-വരമൊഴി സാഹിത്യപാരമ്പര്യത്തിലേക്ക് വംശീയമായി കടന്നുകയറിയവ തന്നെയായിരുന്നു ഇത്തരം കൃതികൾ. വളരെ തുച്ഛമായതുക ശമ്പളം വാങ്ങുന്ന അധ്യാപകനായ ലൂക്കാസിന്റെ ജീവിതദുരിതത്തിന്റെ കാരണം തന്നെ സമൂഹത്തിന് അന്തസ്സെന്ന് തോന്നുന്ന ആ അധ്യാപകജോലിയായിരുന്നു. വീട്ടിലെ വയറുകൾക്കൊരു നേരത്തെ അന്നത്തിനുപോലും തികയാത്തതായിരുന്നു ആ ശമ്പളം. പക്ഷേ നാട്ടുകാരുടെ മുന്നിൽ അയാൾ ദരിദ്രനെങ്കിലും സർക്കാരുദ്യോഗസ്ഥനായ അധ്യാപകനാണ്. മാന്യമായ വസ്ത്രവും പെരുമാറ്റവും ജീവിതവും നയിക്കേണ്ടയാൾ. അലക്കിത്തേച്ച പഴകിയ വസ്ത്രത്തിനുള്ളിൽ ഒഴിഞ്ഞ വയറു കാണാൻ കഴിയാത്ത സമൂഹം, സമൂഹം കാൺകെ ഭാര്യയെയും തന്റെ പൊന്നുമകളെയും ജോലിക്കു വിടാതെ പട്ടിണിക്കിരുത്തേണ്ടി വരുന്ന ആഭിജാത്യം, മാന്യതയെയും വ്യക്തിസ്വാതന്ത്ര്യത്തെയും പൊളിച്ചെഴുതുന്നെന്ന് കാലം വായിച്ച ആഖ്യാനം.

▶ ലൂക്കാസിന്റെ ജീവിതദുരിതം

ഉള്ളവനും ഇല്ലാത്തവനെന്നും സമൂഹത്തെ തിരിക്കുന്ന 'പാടാത്ത പൈങ്കിളി' അന്തസ്സ് അധ്വാനത്തിലാണെന്നു പറയുന്ന കഥാപാത്രങ്ങളെയും പരോക്ഷമായി അവതരിപ്പിക്കുന്നു. ചിന്നമ്മ അഭിമാനം ഉപേക്ഷിച്ച് കൂട്ടുകാരികളോടൊപ്പം കപ്പചെത്ത് ജോലിക്ക് പോകാൻ തയ്യാറാകുന്നിടത്താണ് ദാരിദ്ര്യം പറയാതിരിക്കുന്ന അധ്വാനികളായ അവർണ്ണരെ നോവൽ കൊണ്ടുവരുന്നത്. കൂലിവേല ദുരഭിമാനമായിക്കാണുന്ന ദരിദ്രഅഭിമാനികളും കൂലിവേല അന്തസ്സായിക്കാണുന്ന അവർണ്ണത്തൊഴിലാളികളും ഒരേ രേഖയിൽ നിൽക്കുന്നത് നോവൽ തുറന്നു കാണിക്കുന്നു. 'അപ്പനും അമ്മച്ചിക്കും തീരെ മനസ്സില്ലായിരുന്നു കേട്ടോ കാത്തേ, നിങ്ങളോടു പറേന്നതു കൊണ്ട് ഒന്നുമില്ലല്ലോ. എത്രനാളെന്നു വച്ചാ മാനോം വിചാരിച്ചോണ്ടു പട്ടിണി കിടക്കുന്നേ?' ചിന്നമ്മ പറഞ്ഞു. 'ഒന്നുടെപ്പറന്റെ കൊച്ചിമ്രാട്ടി' തേവിക്കിടാത്തി പറഞ്ഞു. "എന്നാ മാനം വിജാരിക്കാനാ? മേലെയെടുത്താലെകൊണ്ടു കഴിക്കാം അല്ലാണ്ട് ചുമ്മാ മീട്ടികുത്തിയിരുന്നാലേക്കൊണ്ടു അടുപ്പിത്തീ കത്തുകേല" എന്നു പറയാൻ ചിന്നമ്മയ്ക്കില്ലാത്ത വിവേകം ജീവിതം തേവിക്കിടാത്തിക്ക് നേടിക്കൊടുക്കുന്നു. അതുകൊണ്ടാണല്ലോ ഭക്ഷണം കഴിക്കാതെ തലകറങ്ങി വീണിട്ടും തേവി വാങ്ങിക്കൊടുക്കുന്ന ഭക്ഷണം കഴിക്കാൻ ചിന്നമ്മ വിഷമം കാണിക്കുന്നത്. അതിനും തേവി പറയുന്ന മറുപടി പ്രസക്തമാണ്. 'ഓ അതിനൊരു പോക്കണംകേടുമില്ല കട്ടും മോട്ടിച്ചോംണ്ടും വന്നതല്ലല്ലോ' എന്ന് പാർശ്വവൽകൃതന്റെ നീതിബോധത്തിലെ പ്രത്യാശയിലൂടെ സന്തോ

▶ അന്തസ്സ് അധ്വാനത്തിലാണെന്നു പറയുന്ന കഥാപാത്രങ്ങൾ

ഷത്തോടെ മുന്നേറുന്ന ചിന്നമ്മയുടെ ജീവിതം ഒരു ദിവസം കൊണ്ട് മാറ്റിയെഴുതുകയാണ് വർക്കി.

കപ്പ ചെത്തുന്നതിനിടയിൽ ജോലി വശമില്ലാത്ത ചിന്നമ്മയുടെ കൈ മുറിയുന്നു. മുറിവു വച്ചുകെട്ടാൻ തേവി ചിന്നമ്മയെ സ്വപ്നഗൃഹമായ മേലേലെ വീട്ടിലേക്കാണ് കൂട്ടിക്കൊണ്ടു പോകുന്നത്. അങ്ങനെയാണ് പണത്തിന്റെയും പദവിയുടെയും പൊങ്ങച്ചങ്ങളില്ലാത്ത ആ മുതലാളി കുടുംബവുമായി ചിന്നമ്മ പരിചയത്തിലാവുന്നത്. കുഞ്ഞന്നാമ്മയും പിന്നെ പരസ്പരം മനസ്സു കവർന്ന തങ്കച്ചനും. തങ്കച്ചൻ ചിന്നമ്മയെ പാടാത്ത പൈങ്കിളി എന്നാണ് വിളിക്കുന്നത്. ആ പൈങ്കിളി മനസ്സിൽ കൂടുകൂട്ടിയതായി തങ്കച്ചനും തന്റെ സ്വപ്നങ്ങൾ മറ്റൊരിടത്തേക്ക് ചേക്കേറിയതായി ചിന്നമ്മയും ആദ്യസംഗമത്തിൽ ത്തന്നെ മനസ്സിലാക്കുന്നു. ചില തിടുക്കങ്ങൾ നോവലിൽ പലയിടത്തും ഇത്തരം സന്ദർഭങ്ങളിൽ കാണാമെങ്കിലും ഇതൊരു ജനപ്രിയ സാഹിത്യമാണ് എന്ന് അവ നമ്മെ ഓർമിപ്പിക്കും. അതായത്, വായനാഗഹനതയ്ക്കല്ല കുടുംബസമക്ഷം ആസ്വാദനത്തിനും അവരുടെ വികാരങ്ങൾക്കുമാണ് ജനപ്രിയസാഹിത്യം പ്രാധാന്യം കൊടുക്കുന്നത്. പട്ടിണിയേക്കാൾ വലിയ പ്രതിസന്ധികളും എഴുത്തുകാരൻ പരിചയപ്പെടുത്തുന്നു. അയൽപക്കത്ത് വഴക്കും വാശിയുമായിക്കഴിയുന്ന സമപ്രായക്കാരായ, സമ്പന്നതകൊണ്ട് സുന്ദരിയായി നടക്കുന്ന ലൂസിയുടെയും യാതൊരു അലങ്കാരവുമില്ലാഞ്ഞിട്ടും അതിസുന്ദരിയായ ചിന്നമ്മയുടെയും വിവാഹങ്ങൾ നോവലിൽ കടന്നുവരുന്നു. പണമില്ലാഞ്ഞിട്ടും അഞ്ഞൂറു രൂപ സ്ത്രീധനം നൽകാമെന്ന വാക്കിൽ ബീഡി തെറുപ്പുകാരനായ വക്കച്ചനുമായി ലൂക്കാസാർ ചിന്നമ്മയുടെ വിവാഹം ഉറപ്പിച്ചു. പണക്കാരായ ലൂസിയുടെ വീട്ടുകാർ മലേലെ തങ്കച്ചനുമായി അവളുടെ വിവാഹവും ഉറപ്പിക്കുന്നു. ചിന്നമ്മയുടേയും തങ്കച്ചന്റെയും മനസ്സിൽ ആരോടും പറയാതെ കിടക്കുന്ന പ്രണയം വീട്ടുകാരുടെ മുന്നിൽ നിശബ്ദമായി അനാഥമാക്കപ്പെടുന്നു.

▶ അയൽപക്കങ്ങളിലെ വഴക്കും വാശിയും

കാറ്റും മഴയും തകർക്കുന്ന ഒരു രാത്രി ലൂക്കാസാറിന് അസുഖം കൂടി മരുന്നിനു പണംതികയാതെ വന്നപ്പോൾ ചിന്നമ്മ തങ്കച്ചന്റെ വീട്ടിൽ ചെല്ലുന്നു. തങ്കച്ചൻ പണം നൽകുന്നുണ്ടെങ്കിലും അവിടെയുണ്ടാകുന്ന സംഭാഷണങ്ങളത്രയും ചിന്നമ്മയുടെ പ്രണയപരിഭവങ്ങളാണ്. ഒരൊറ്റക്കാഴ്ചയിലെ മാനസിക വിചാരങ്ങളല്ലാതെ, പ്രണയം പങ്കുവയ്ക്കാതെ പ്രണയിച്ചവരുടെ പരിഭവങ്ങളാണ് അപ്പോഴുണ്ടാകുന്ന സംസാരങ്ങൾ. പരിഭവങ്ങളേറെയും ചിന്നമ്മയ്ക്കാണ്. കാരണം അവൾ ദരിദ്രയാണ്. ദരിദ്രയായവൾക്കു സമ്പന്നസ്വപ്നങ്ങളില്ല. ദരിദ്രസ്വപ്നങ്ങളേ പാടുള്ളൂ. നൈരാശ്യങ്ങളുടെ മഴ പെയ്ത ആരാത്രി അവൾ തങ്കച്ചൻറെ ഓടക്കുഴൽ നാദംകേട്ട് അവിടെയിരുന്നുറങ്ങിപ്പോയി. മരണത്തിൽ നിന്നും തന്നെ രക്ഷിച്ചത് തങ്കച്ചന്റെ പണമാണെങ്കിലും പാതിരാത്രിയിൽ അന്യപുരുഷന്റെ വീട്ടിലേക്ക് കയറിച്ചെന്ന മകളുടെ പ്രവർത്തി ലൂക്കാസാറിനെ ക്ഷോഭിപ്പിക്കുന്നു. അതിന്റെ പേരിൽ തന്റെ പൊന്നോമനമകളെ അയാൾ തൊഴിക്കുന്നതും, അവളുടെ വിവാഹം കഴിഞ്ഞാൽ മരിക്കാൻ തയ്യാറാകുന്നതും ആ അച്ഛന്റെ ദുരഭിമാനത്തിന്റെ അങ്ങേയറ്റവും, ദാരിദ്ര്യത്തിന്റെ ദയനീയതയുമായാണ് അവതരിപ്പിക്കപ്പെടുന്നത്.

▶ ദുരഭിമാനവും ദാരിദ്ര്യത്തിന്റെ ദയനീയതയും

കടമ്പകളെല്ലാം കടന്ന് നാട്ടുകാരും കൂടി സഹായിച്ച് ചിന്നമ്മയുടെ സ്ത്രീധനത്തുകയ്ക്കായി അലഞ്ഞുതിരിഞ്ഞിട്ടും വിവാഹദിവസവും പണമൊക്കുന്നില്ല. അശരണരായവർ വരെ സഹായിക്കാൻ തയ്യാറായിട്ടും ലൂക്കായുടെ പണക്കാരനായ അളിയനോ അയൽക്കാരനായ ലൂസിയുടെ അച്ഛനോ അവരെ സഹായിക്കാൻ തയ്യാറാകുന്നില്ല. പ്രകൃതിലാവണ്യം അലിഞ്ഞു ചേർന്ന ചിന്നമ്മയ്ക്ക് വിവാഹ അകമ്പടിയായി നിൽക്കുന്നതും പ്രകൃതിയാണ്. പക്ഷേ പ്രകൃതിയല്ല മനുഷ്യൻ, അവൻ വിലപേശുകയാണ്. പണം കിട്ടുന്ന ഏറ്റവും നല്ല കച്ചവടം വിവാഹമാണെന്നും പണം വാങ്ങി കിട്ടുന്ന ഒരേയൊരു ആജീവനസമ്പാദ്യം പെണ്ണാണെന്നും ധരിക്കുന്ന വിവാഹനാളിലെ ആൺവീട്ടുകാരെയും തുറന്നു കാണിക്കുന്ന നോവലിന്റെ അന്ത്യം നാടകീയമാണ്. പലപ്പോഴായി മധുരപലഹാരങ്ങൾ വാങ്ങി നൽകിയിട്ടും സംസാരിക്കാൻ ശ്രമിച്ചിട്ടും മുഖം തിരിഞ്ഞു നടന്നു കൊണ്ടേയിരുന്ന ചിന്നമ്മ വക്കന്റെ മനസ്സിൽ ചിരപ്രതിഷ്ഠ നേടാഞ്ഞതായിരിക്കാം സ്ത്രീധനത്തെ എതിർത്തുകൊണ്ടും അവളെ സ്വീകരിക്കുന്നതിന് വക്കനെ പ്രാപ്തനാക്കാതിരുന്നത്. അല്ലെങ്കിലും അവളുടെ സ്വപ്നങ്ങൾക്ക് വായനക്കാർ സമ്പന്നനായ തങ്കച്ചനിൽ കുറഞ്ഞൊന്നും പ്രതീക്ഷിക്കുന്നില്ല. വായനക്കാരുടെ പ്രതീക്ഷകളെയും മോഹത്തെയും പൂരിപ്പിക്കാൻ കൂലിവേല ചെയ്യുന്ന ബീഡിത്തെറുപ്പുകാരൻ വക്കച്ചനാവില്ലെന്ന് വർക്കിക്കറിയാം. കാരണം അവൻ സമ്പന്നനല്ല, അതുകൊണ്ടാണല്ലോ അതിസാഹസികമായി തങ്കച്ചൻ ആ പള്ളിയിൽ വച്ച് ലൂസിയുടെ കഴുത്തിൽ മിന്നു കെട്ടുന്നതിനു പകരം ചിന്നമ്മയെ വിവാഹം കഴിക്കുന്നത്. പണത്തിന്റെ ഹുങ്കില്ലാത്ത ലൂസി തന്റെ പ്രിയപ്പെട്ട കൂട്ടുകാരിക്ക് ലഭിക്കുന്ന ജീവിതത്തെ സ്വാഗതം ചെയ്യുന്നു. പണമുള്ളതുകൊണ്ടു തനിക്കിനിയും തന്നെ സ്നേഹിക്കാൻ കഴിയുന്ന ഒരാളുടെ വിവാഹം വരുമെന്ന് വിശ്വസിക്കാൻ കഴിയുന്നിടത്തോളം ലൂസി വിശാലമനസ്കയാണ്. തന്റെ സ്വപ്നത്തോളം ഉയർന്ന മരുമകളെ ലഭിച്ചതിൽ കുഞ്ഞാന്നമ്മയും സന്തോഷിക്കുന്നു.

- അതിസാഹസികമായി തങ്കച്ചൻ പള്ളിയിൽ വച്ച് ചിന്നമ്മയെ വിവാഹം കഴിക്കുന്നു

## 2.1.3 ഇതിവൃത്തവിശകലനം

മലയാള സാഹിത്യത്തെ ജനപ്രിയമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച എഴുത്തുകാരനാണ് മുട്ടത്തുവർക്കി. വിശേഷിച്ച് നോവൽ സഹിത്യത്തെ. എന്നാൽ അദ്ദേഹത്തിന് വേണ്ട അംഗീകാരം നൽകാൻ മലയാള സാഹിത്യലോകത്തെ പ്രമുഖരും വിമർശകരും മടിച്ചു. മുഖ്യമായും സംസ്കൃതവത്കരിക്കപ്പെട്ട സാഹിത്യബോധത്തിൽ കിടന്നിരുന്ന മലയാള സാഹിത്യത്തെ സാധാരണ ജനങ്ങളുടെ ജീവിതത്തോടടുപ്പിക്കുന്നതിൽ മുട്ടത്തു വർക്കി വഹിച്ച പങ്ക് വളരെ വലുതാണ്. എന്നാൽ അദ്ദേഹം എഴുതിയിരുന്ന കാലത്ത് മുഖ്യധാരസാഹിത്യകാരാൽ നിരന്തരം അപഹസ്സിക്കപെടുകയുണ്ടായി. വിശേഷിച്ച് അദ്ദേഹത്തിന്റെ 'പാടാത്തപൈങ്കിളി' എന്ന കൃതിയെ മുൻനിർത്തി. മുട്ടത്തുവർക്കിയുടെ ചുവട് പിടിച്ച് എഴുതുകയും നോവൽ സാഹിത്യത്തെ കൂടുതൽ ജനപ്രിയമാക്കുകയും ചെയ്തവരെ 'പൈങ്കിളി സാഹിത്യം' എന്ന ശാഖയിൽപ്പെടുത്തിയാണ് ഇവിടുത്തെ മുഖ്യധാര സാഹിത്യലോകം പരിഹസിച്ചത്. എന്നാൽ മുട്ടത്തു വർക്കിയുടെ രചനകൾ അക്കാലത്ത് ധാരാളം വായിക്കപ്പെടുകയുണ്ടാ

> ▶ ജനപ്രിയനോവൽ

യി. ജനപ്രിയനോവൽ വായന എന്ന ഒരു പുതിയ സാഹിത്യലോകം അദ്ദേഹത്തിന്റെ കൃതികളിലൂടെ തുറക്കപ്പെട്ടു. സാധാരണ ജനങ്ങൾ ഏറ്റെടുത്ത രചനകൾ കൂടിയായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ.

ഗ്രാമീണരായ മനുഷ്യരുടെ ജീവിതകഥയാണ് 'പാടാത്ത പൈങ്കിളി'യിൽ മുട്ടത്തു വർക്കി ആവിഷ്കരിക്കുന്നത്. മലയിൽ, താഴെയിൽ എന്നീ രണ്ട് കുടുംബങ്ങളെ കേന്ദ്രമാക്കിയാണ് ഈ നോവലിന്റെ ഇതിവൃത്തം മുന്നോട്ടു പോകുന്നത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഈ നോവലിന്റെ കഥാതന്തുവിനെ മുന്നോട്ട് നയിക്കുന്ന പ്രധാനഘടകമാണ്. അധ്വാനത്തിലൂടെ ആത്മാഭിമാനത്തോടെ ജീവിക്കുന്ന സാധാരണക്കാരാണ് ഇതിലെ കേന്ദ്രബിന്ദു. താഴയിൽ വീട്ടിലെ ലൂക്കാസാർ എന്ന അഭിമാനിയും അദ്ദേഹത്തിന്റെ അഭിമാനിയായ മകൾ ചിന്നമ്മയും, മലയിൽ വീട്ടിലെ ധനികനും മനുഷ്യത്വത്തിന്റെ പ്രതിരൂപവുമായ കുഞ്ഞന്നാമ്മയുടെ മകൻ സൽസ്വഭാവിയായ തങ്കച്ചൻ എന്നിവരുടെ ജീവിതത്തിലെ പ്രധാന സംഭവവികാസങ്ങളാണ് നോവലിന്റെ കേന്ദ്രബിന്ദു. ചിന്നമ്മയുടെ ആഗ്രഹങ്ങളും അവളുടെ ജീവിതത്തിലെ പരീക്ഷണങ്ങളുമാണ് നോവലിലെ ആകർഷണീയത. വായനക്കാരന്റെ പക്ഷത്തു നിന്ന് നോക്കുമ്പോൾ അവന്റെ തന്നെ ജീവിതപ്രാരാബ്ധങ്ങളെയാണ് നോവൽ വിവരിക്കുന്നത്.

> ▶ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം

സാമ്പത്തികമായ അന്തരം ഈ നോവലിലെ പ്രധാനഘടകമാണ്. രണ്ട് വ്യവസ്ഥിതിയിലുള്ള ആളുകൾ തമ്മിലുള്ള പ്രണയം, പറയാൻ പോലുമാവാത്ത വിധം നായകനെയും നായികയെയും സംഘർഷത്തിലെത്തിക്കുന്നുണ്ട്. പ്രണയം മാത്രമല്ല മനുഷ്യർ തമ്മിലുള്ള സ്നേഹബന്ധത്തിലും ഈ അന്തരം പ്രകടമാണ്. മനുഷ്യനെ അറിഞ്ഞ് സഹായിക്കുന്നതിൽ ഈ രണ്ടുതട്ടിലുള്ള ജനങ്ങൾ പുലർത്തുന്ന വ്യത്യാസം പ്രത്യേകം ശ്രദ്ധേയമാണ്. ഉള്ളവന് കൊടുക്കനുള്ള മടിയും, ഇല്ലാത്തവന് സമാന അവസ്ഥയോടെ കടന്നുപോകുന്ന ആളെ സഹായിക്കാനുള്ള മനസ്സും വ്യത്യസ്തമാണ്. ഇങ്ങനെ വ്യത്യസ്തമായ ജീവിതസാഹചര്യങ്ങളെയാണ് ഈ നോവലിൽ വർക്കി അവതരിപ്പിക്കുന്നത്.

> ▶ രണ്ടുതട്ടിലുള്ള ജനങ്ങൾ പുലർത്തുന്ന വ്യത്യാസം

## Summarised Overview

എൺപതുകളിൽ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലേക്കും കാഴ്ചകൾ നീട്ടിയ ജനപ്രിയ സാഹിത്യത്തെ ഉറപ്പിച്ചവരായിരുന്നു സുധാകർ മംഗളോദയം, കമല ഗോവിന്ദ്, എം. ഡി. അജയഘോഷ്, എം. ഡി. രത്നമ്മ, ഏറ്റുമാനൂർ ശിവകുമാർ തുടങ്ങിയവർ. മധ്യവർഗ്ഗങ്ങളുടെ ഇടയിൽ തുടങ്ങിയ സാഹിത്യ പ്രമേയയാത്ര ജാതി-മതഭേദമെന്യേ സർവ്വമണ്ഡലങ്ങളിലേക്കും ഇറങ്ങിച്ചെന്നു. ജനപ്രിയസാഹിത്യത്തിൽ പുതുഭാഷയുടെ ആരംഭമായിരുന്നു അത്. ഇവർക്കുശേഷം മദ്ധ്യവർഗ്ഗ-ഉപരിവർഗ്ഗ കുടുംബഘടനകളിലെ ലൈംഗികസംഘർഷങ്ങളെ തങ്ങളുടെ നോവൽ രചനയുടെ താക്കോൽ പ്രമേയമാക്കിയത് സി. വി. ബാലകൃഷ്ണനും കെ. കെ. സുധാകരനും പി. എഫ്. മാത്യൂസുമടങ്ങുന്ന മറ്റൊരു നിരയാണ്. ഇവർ രചനകളിലൂടെ പുതിയ ഭാവുകത്വസംസ്കാരത്തിന് വഴിതുറന്നു. പതിയെ വിപണിവത്ക്കരിക്കപ്പെട്ട മാതൃകകളിലേക്ക് സാഹിത്യധർ

 മ്മം വഴിമാറി. വിജയഘോഷയാത്രകളുടെ സൃഷ്ടി മാത്രമായി അവയുടെ കർത്തവ്യം.

ജീവിതത്തിന്റെ സങ്കീർണ്ണതകളെ ലളിതവൽക്കരിക്കുന്ന, ദർശനരഹിതവും ഉപരിപ്ലവവുമായ സാഹിത്യരചനകളുടെ മാതൃകകളായി മുട്ടത്തുവർക്കിയുടെ കഥകൾ വിമർശിക്കപ്പെട്ടു. അത്തരം രചനകളെ വിശേഷിപ്പിക്കുന്ന 'പൈങ്കിളി സാഹിത്യം' എന്ന പ്രയോഗത്തിന്റെ പിറവിക്കുപോലും 'പാടാത്ത പൈങ്കിളി'യുടെ സൃഷ്ടാവായ മുട്ടത്തുവർക്കി കാരണക്കാരനായി. അമ്പതുകളോടെ വ്യാപകമായിത്തുടങ്ങിയ പത്രങ്ങളിലൂടെയും പത്രവായനകളിലൂടെയും അവയെ പിൻപറ്റി വന്ന മാസികകളിലൂടെയും വാരികകളിലൂടെയും സാഹിത്യരംഗത്തെ ഇളക്കിമറിച്ച ഒരു സംസ്കാരം ഉദയം കൊള്ളുകയായിരുന്നു ഇത് പിൽക്കാലത്ത് ജനപ്രിയസാഹിത്യം എന്നറിയപ്പെട്ടു അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ആശകളും അഭിലാഷങ്ങളും വിടരും മുൻപേ കൊഴിയുന്ന പ്രതീക്ഷകളും ജനപ്രിയസാഹിത്യത്തിന്റെ അന്തർധാരയായിരുന്നു. ആർക്കാണ് സാഹിത്യം ജനപ്രിയമാകുന്നതെന്നും വർക്കി നോവലിൽതന്നെ വിവരിക്കുന്നുണ്ട്. കപ്പചെത്തും ആടുതീറ്റയും ചായക്കടയും ബീഡിതെറുപ്പും കച്ചവടവും വെടിക്കെട്ടും തോണിയും കിളയ്ക്കലും ഒക്കെയായി നടക്കുന്ന അധ്വാനികൾക്കും കൂലിക്കാർക്കും ദിവസം മുഴുവൻ സക്രിയമാണ്. അവർക്ക് അക്ഷരങ്ങളെ നോക്കാൻ പോലുമുള്ള നേരമില്ല. വയറാണ് അവരുടെ സംസ്കാരം. എന്നാൽ പണിയൊന്നും ചെയ്യേണ്ടാത്ത സമ്പന്നർക്ക് പകിടകളിയും പുസ്തകവായനയുമാണ് നേരംപോക്ക്. അവർ പുസ്തകം വായിക്കുകയും അഭിപ്രായം പറയുകയും ചെയ്യുന്നു.

ജനപ്രിയ സംസ്കാരവും കടന്ന് ആഖ്യാനത്തിന്റെ പുത്തൻ മാതൃകകൾ വന്നുകൊണ്ടേയിരിക്കുന്ന കാലത്തും ഈ നോവലിൽ മുഴച്ചു നിൽക്കുന്ന ചില കഥാപാത്രങ്ങളുണ്ട്. ചിന്നമ്മയെയും ലൂക്കാസാറിനേയും ഏതു പ്രതിസന്ധിയിലും കാക്കുന്ന സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ. ലൂക്കാസാർ അധ്വാനിക്കുന്നവർക്കു നേരെ ഒരിക്കലും തിരിയാത്തതും അവരിൽ നിന്ന് കടം വാങ്ങാൻ മടിക്കാത്തതും ശ്രദ്ധേയമാണ്. ദേവിക്കിടാത്തി. ബായി മൂപ്പൻ, വെടിക്കെട്ടുകാരൻ, കാളയറുപ്പുകാരൻ, ഉമ്മ, വള്ളക്കാരൻ ഗോപാലൻ, റിക്ഷക്കാരൻ വേലു തുടങ്ങി വിവാഹത്തിന്റെ അന്ന് മുഹൂർത്തസമയം കഴിഞ്ഞും ചില്ലറത്തുട്ടുകളും നോട്ടുകളുമായി ചിന്നമ്മയ്ക്കുള്ള സ്ത്രീധനത്തുകയുമായി ഓടിയെത്തി പള്ളിമുറ്റമെത്തുമ്പോഴേക്കും കുഴഞ്ഞുവീഴുന്ന കളരി ആശാനുമാക്കെ ജീവിതസ്പർശിയായ കഥാപാത്രങ്ങളാണ്. ഒരുപക്ഷേ ചിന്നമ്മയെക്കാളും തങ്കച്ചനേക്കാളും കേന്ദ്രമാകുന്ന കഥാപാത്രങ്ങൾ. അതുകൊണ്ടുതന്നെയാണല്ലോ ലൂക്കാച്ചന്റെ, അഹങ്കാരത്തിന്റെ പ്രതിരൂപമായ അളിയനോട് അവരുടെ കാറിൽ തേവിക്കിടാത്തിയടക്കമുള്ള വരെ വീട്ടിലെത്തിക്കാൻ തങ്കച്ചൻ ആജ്ഞാപിക്കുന്നത്. മനുഷ്യത്വം എന്നൊന്നിനെ നോവലിൽ വരച്ചിടുന്ന ഈ കഥാപാത്രങ്ങൾ തീർച്ചയായും നായികാനായകന്മാരെക്കാളും മുമ്പർ തന്നെയാണ്. ജനപ്രിയസാഹിത്യം എന്താണെന്നും, ആർക്കാണ് സാഹിത്യം ജനപ്രിയമാക്കുന്നതെന്നും വർക്കി നോവലിൽതന്നെ വിവരിക്കുന്നുണ്ട്.

അക്ഷരമറിയുന്നവരുടെയെല്ലാം മനസിനെ സ്വപ്നങ്ങൾ കൊണ്ടു നിറക്കാൻ ജനപ്രിയ സാഹിത്യത്തിന് കഴിഞ്ഞു. നടക്കുന്നതോ നടക്കാത്തതോ എന്നറിയാത്ത ഫാന്റസിയുടെ ഗ്രാമജീവിതങ്ങളുടെ കാലം. ഉയരത്തിനെ പ്പറ്റിയറിയില്ലെങ്കിലും പറക്കാൻ പഠിച്ച വായനക്കാരായിരുന്നു ഉണ്ടായിരുന്നത്. രാഷ്ട്രീയത്തെ എഴുത്തിൽ സ്വീകരിക്കാഞ്ഞതുകൊണ്ടായിരിക്കാം ജീവിച്ചിരിക്കെ അംഗീകാരങ്ങളേക്കാളേറെ വിമർശനങ്ങൾ മുട്ടത്തുവർക്കിക്ക് ഏൽക്കേണ്ടി വന്നത്. എന്നിരിക്കെ വീടൊന്നൊഴിയാതെ വായന ആളുകളെത്തേടിയെത്തിയ ചരിത്രമെഴുതിയത് സാഹിത്യചരിത്രം തഴഞ്ഞ പൈങ്കിളികളിലൂടെയെന്നത് വിസ്മരിക്കാൻ സാഹിത്യപഠിതാക്കൾക്കെങ്കിലും കഴിയാതിരിക്കട്ടെ. 'പാടാത്ത പൈങ്കിളി'യുൾപ്പെടെ വർക്കിയുടെ കൃതികളെല്ലാം പകരം വയ്ക്കാനില്ലാത്തവയാണ് എന്നല്ല, അവ കടന്നുചെന്ന ഇടങ്ങളെ തകർക്കാൻ ഇന്നത്തെ അത്യാധുനികയുഗത്തിനുപോലും കഴിഞ്ഞിട്ടില്ലെന്നതാണ് വാസ്തവം.

## Assignments

1. നോവലിലെ നായികയായ ചിന്നമ്മയുടെയും നായകനായ തങ്കച്ചന്റെയും ജീവിത പശ്ചാത്തലം വ്യക്തമാക്കുക?
2. ജനപ്രിയ സാഹിത്യത്തിന്റെ ആവിർഭാവം എങ്ങനെയെന്നു വ്യക്തമാക്കുക.
3. മുട്ടത്തുവർക്കിയുടെ നോവലുകളുടെ പ്രത്യേകതകൾ വ്യക്തമാക്കുക?
4. ലൂക്കാസാറിന്റെ ജീവിത ദുരിതങ്ങൾ എപ്രകാരമുള്ളതാണ്?
5. ജോലിക്കിറങ്ങിയ ചിന്നമ്മയോട് തേവിക്കിടാത്തിയുടെ ഉപദേശമെന്തായിരുന്നു?
6. ചിന്നമ്മയും തങ്കച്ചനും പ്രണയബദ്ധരാകാൻ ഇടയായ സാഹചര്യമേത്?
7. ലൂക്കാസാർ ചിന്നമ്മയെ ശകാരിക്കാനിടയായ സാഹചര്യമേത്?
8. 'പാടാത്ത പൈങ്കിളി' എന്ന നോവലിന്റെ പരിസമാപ്തി എപ്രകാരമായിരുന്നു?
9. 'പാടാത്ത പൈങ്കിളി'യിലെ കഥാപാത്രങ്ങളെക്കുറിച്ച് വിവരിക്കുക?
10. ജനപ്രിയ സാഹിത്യം-ആവിർഭാവവും വളർച്ചയും
11. മുട്ടത്തുവർക്കിയുടെ സാഹിത്യകൃതികളുടെ പ്രത്യേകതകൾ
12. ജനപ്രിയ സാഹിത്യം, സംസ്കാരം, സിനിമ - മുട്ടത്തുവർക്കിയുടെ സംഭാവനകൾ

## Suggested Readings


1. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. കെ. പി. അപ്പൻ, മാറുന്ന മലയാള നോവൽ, ഡി. സി ബുക്സ്, കോട്ടയം.
3. ഇ. വി. രാമകൃഷ്ണൻ, മലയാള നോവലിന്റെ ദേശ കാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. കെ. അഗസ്റ്റിൻ ജോസഫ്, ആധുനികത മലയാള നോവലിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. കെ. എം. തരകൻ, മലയാള നോവൽ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. കെ. ഭാസ്കരൻ നായർ, ദൈവനീതിക്ക് ദാക്ഷിണ്യമില്ല, എസ്. പി. സി. എസ്, കോട്ടയം.
3. പന്മന രാമചന്ദ്രൻ നായർ (എ. ഡി.), സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
4. പി. കെ. രാജശേഖരൻ, അന്ധനായ ദൈവം- മലയാള നോവലിന്റെ 100 വർഷങ്ങൾ, ഡി. സി ബുക്സ്, കോട്ടയം.
5. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ വിപണി കല പ്രത്യയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 2

# ആരോഹണം

## വി. കെ. എൻ

## Learning Outcomes

- വി. കെ. എൻ. സാഹിത്യത്തിന്റെ ആഴങ്ങളിൽ പരസ്യമായിരിക്കുന്ന ഹാസ്യരാഷ്ട്രീയംകണ്ടെത്തുന്നു
- അധികാരക്കസേരയിലേക്ക് ആരോഹണം നടത്താൻ തന്ത്രങ്ങൾ പയറ്റുന്നവരെ പ്രഹസനരൂപത്തിൽ മനസിലാക്കുന്നു
- വാക്കിലൂടെ ചിരിയുടെ ഊർജ്ജസ്രോതസ്സുകൾ തുറന്നുവിടുന്ന എഴുത്ത് അധികാരത്തിന്റെ നിയമങ്ങളെ ലംഘിക്കുന്നത് തിരിച്ചറിയുന്നു
- സങ്കീർണ്ണമാകുന്തോറും ഹരം പിടിപ്പിക്കുന്ന വായനയുടെ മാന്ത്രികപ്പൂട്ട് തകർക്കുന്നു
- സമൂഹത്തിന്റെ ചരിത്രത്തിലും സംസ്കാരത്തിലും ഇടപെട്ടുകൊണ്ട്, പരിചിത രൂപങ്ങളെയെല്ലാം വക്രീകരിക്കുന്ന വി.കെ.എൻ. ഭാവനയെ മനസിലാക്കുന്നു
- സാമൂഹ്യവൈകൃതങ്ങളെ ആഖ്യാനത്തിന്റെ പ്രഹസനസ്വഭാവത്തിലൂടെ വി. കെ. എന്നിന്റെ ഓരോ നോവലും വിശകലനം ചെയ്യുന്നതിനെ മനസിലാക്കുന്നു
- ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കാപട്യങ്ങളിലേക്ക് നിർദ്ദയം പ്രവേശിച്ചു കൊണ്ട് ആരോഹണം നോവൽ ഭരണകൂടാധികാരത്തിന്റെയും ജനാധിപത്യത്തിന്റെയും മലിനമായ ഹാസ്യചിത്രം അവതരിപ്പിക്കുന്നത് തിരിച്ചറിയുന്നു.

## Background

വാക്കിലൂടെ ചിരിയുടെ ഊർജ്ജസ്രോതസ്സുകൾ തുറന്നുവിടുന്ന എഴുത്ത്, അധികാരത്തിന്റെ നിയമങ്ങളെയാണ് ലംഘിക്കുന്നത്. ഹാസ്യത്തെ ആഖ്യാനമാർഗ്ഗമാക്കുന്ന നോവൽ നിർവ്വഹിക്കുന്ന സമരവും അതുതന്നെ. സമ്പന്നമായ ഹാസ്യ പാരമ്പര്യമുള്ള കേരളീയസംസ്കൃതിയിൽ അധികാരത്തിനെതിരെയുള്ള സമൂഹത്തിന്റെ ചിരിയുടെ ആയുധമായിത്തീരുന്ന വാക്ക് അപരിചിതമായ ദൃശ്യമല്ല. എന്നാൽ അതിനു വിരുദ്ധമാണ് നോവലിലെ കാഴ്ച. ഒരു നൂറ്റാണ്ടിലെ മലയാള നോവലുകളിൽനിന്ന്, ഹാസ്യത്തിന്റെ വാളും ചിലമ്പുമുള്ള കൃതികൾ ചൂണ്ടിക്കാട്ടാൻ നാം പലപ്പോഴും ക്ലേശിക്കും. വി. കെ. എൻ. എന്ന നോവലിസ്റ്റിന്റെ പ്രസക്തി ഇവിടെയാണ്. തമാശകൾ ഉണ്ടാക്കാനും ചിരിപ്പിക്കാനും വേണ്ടി നോവലുകളും കഥാസന്ദർഭങ്ങളും സൃഷ്ടിച്ച എഴുത്തുകാർ മലയാളത്തിലുണ്ട്. എന്നാൽ തെന്നിവീഴുന്നവരെക്കണ്ടു ചിരിക്കുന്ന ഹാസ്യത്തിനപ്പുറം അവിടെ നിന്ന് മറ്റൊന്നും ലഭിക്കുന്നില്ല. ജനപ്രിയമായ ഹാസ്യനോവലുകളും ഫലിതബിന്ദുക്കളും നർമ്മഭാവനകളും ശബ്ദാനുകരണങ്ങളും പലപ്പോഴും വിരസമാകുന്നു. വി.കെ. എന്നിന്റെ നോവലുകളുടെ വഴി അതല്ല. നാം ജീവിക്കുന്ന സമൂഹത്തിന്റെ ചരിത്രത്തിലും സംസ്കാരത്തിലും ഇടപെട്ടുകൊണ്ട്, പരിചിത രൂപങ്ങളെയെല്ലാം വക്രീകരിക്കുന്ന ഭാവനയാണ് അവിടെയുള്ളത്.

വാക്കും ഉത്സവവും തമ്മിലുള്ള പുരാതനമായ ബന്ധത്തെ വി.കെ.എൻ നോവലിൽ വീണ്ടെടുക്കുന്നു. എന്നാൽ അതിൽ നിന്നു വ്യത്യസ്തമായ അരങ്ങിലും സാമൂഹിക സന്ദർഭത്തിലുമാണ് വി. കെ.എന്നിന്റെ നോവലുകൾ എഴുതപ്പെട്ടത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഹാസ്യഭാവന സ്വീകരിച്ച ആഖ്യാനവഴി പാരമ്പര്യത്തിൽനിന്നു വ്യത്യസ്തമായിത്തീർന്നു.

അദ്ദേഹത്തിന്റെ വിമർശനം അധികാരവത്കൃതമായ സമൂഹത്തെയും ഭാഷയെയും ഒരുപോലെ ലക്ഷ്യം വയ്ക്കുന്നു. സമകാലിക അധികാരരാഷ്ട്രീയത്തിന്റെ കൂത്തരങ്ങിൽനിന്നുകൊണ്ട് വി. കെ. എൻ. നിർവ്വഹിക്കുന്നത് അതാണ്. വി.കെ.എന്നിന്റെ നോവലുകൾ പ്രധാനമായും അവതരിപ്പിക്കുന്ന ലോകം അധികാരരാഷ്ട്രീയത്തിന്റേതാണ്. ആരോഹണം (1969), പിതാമഹൻ (1976), ജനറൽ ചാത്തൻസ് (1972), സിൻഡിക്കേറ്റ് (1970), അനന്തരം (1991), കാവി (1994) തുടങ്ങിയ മിക്കകൃതികളും ഭരണകൂടവുമായും അധികാരത്തിന്റെ ഇടനാഴികളുമായും ബന്ധപ്പെട്ടു നില്ക്കുന്നു. ഭരണാധികാരികൾ, അധികാര ദല്ലാളുകൾ, ഉപജാപകർ, പത്രപ്രവർത്തകർ, വ്യവസായികൾ, പൊതുപ്രവർത്തകർ, സന്ന്യാസിമാർ, സ്ത്രീലമ്പടർ, വേശ്യകൾ തുടങ്ങിയ പലതരം മനുഷ്യരെ അവിടെ കണ്ടുമുട്ടാം. പദവിയും പണവും സുഖവും നേടുന്നതിനായി ഏതു വേഷവും കെട്ടിയാടുന്ന ഈ കഥാപാത്രങ്ങളിലൂടെ സമകാലിക അധികാരസ്ഥാപനത്തിന്റെ ആസുരസ്വരൂപം വി. കെ. എൻ. വെളിപ്പെടുത്തുന്നു. രാക്ഷസീയ പ്രകൃതിയുള്ള ഈ കഥാപാത്രങ്ങൾ കോമാളിരൂപങ്ങളായാണ് നിലവിൽ വരുന്നത്. അവരുടെ കോമാളിത്തം നിർദ്ദോഷമല്ല, പകരം രാഷ്ട്രത്തെയും ജനജീവിതത്തെയും ആകമാനം ദുഷിപ്പിക്കുന്ന വൈകൃതമാണ്. അധികാരത്തിന്റെ സ്ഥായീഭാവമായിത്തീരുന്ന ആ വൈകൃതത്തെ ആഖ്യാനത്തിന്റെ പ്രഹസനസ്വഭാവത്തിലൂടെ വീണ്ടും വിശകലനം ചെയ്യുന്നു വി. കെ. എന്നിന്റെ ഓരോ നോവലും. പ്രഹസനത്തിന്റെയും കൂത്തിന്റെയും തുള്ളലിന്റെയും അന്തരീക്ഷവും സറ്റയറിന്റെയും പാരഡിയുടെയും ആഖ്യാനതന്ത്രവും കാരിക്കേച്ചറിന്റെയും പൊളിറ്റിക്കൽ കാർട്ടൂണിന്റെയും രൂപവിദ്യയും അവിടെ കാണാം. എന്നാൽ ഇവയിലൊന്നും ഒതുങ്ങുന്നില്ല വി.കെ.എന്നിന്റെ ഹാസ്യം. അധികാരവത്കൃതമായ സമൂഹത്തെ ശിക്ഷണവിധേയമാക്കുന്ന നിർദ്ദയമായ ചിരിയാണ് അതിന്റെ അടയാളം.

അധികാരക്കസേരയിലേക്ക് ആരോഹണം നടത്താൻ തന്ത്രങ്ങൾ പയറ്റുന്നവരെ പ്രഹസനരൂപത്തിൽ ആവിഷ്കരിക്കുകയാണ് ആരോഹണത്തിൽ. സ്വാതന്ത്ര്യാനന്തര ദശകങ്ങളിലെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കാപട്യങ്ങളിലേക്ക് നിർദ്ദയം പ്രവേശിച്ചു കൊണ്ടാണ് ആരോഹണം ഭരണകൂടാധികാരത്തിന്റെയും ജനാധിപത്യത്തിന്റെയും മലിനമായ ഹാസ്യചിത്രം അവതരിപ്പിക്കുന്നത്. അധികാരമത്സരത്തെ ഒരു അഭിനയരംഗമായി വി. കെ. എൻ. ഭാവന ചെയ്യുന്നു. ദൽഹി നഗരമാണ് അതിന്റെ അരങ്ങ്. നഗരത്തിന്റെ വിശദാംശങ്ങൾ അധികാരവുമായി ബന്ധപ്പെടുത്തി ആരോഹണത്തിൽ പലതവണ വി. കെ. എൻ. ആവർത്തിക്കുന്നു. പഴയ ദൽഹിയും പുതിയ ദൽഹിയും തമ്മിലുള്ള സാമ്യപ്പെടുത്തൽ സ്വാതന്ത്ര്യാനന്തരം അധികാരസ്ഥാപനത്തിനുണ്ടായ വ്യതിയാനം വ്യക്തമാക്കാനാണ് നോവലിൽ ഉപയോഗിക്കപ്പെടുന്നത്. മറ്റൊരു സന്ദർഭത്തിൽ കുറേക്കൂടി സൂക്ഷ്മമായി ജീർണ്ണമായിക്കൊണ്ടിരിക്കുന്ന അധികാരത്തിന്റെ ആസ്ഥാനമായി നഗരം ചിത്രീകരിക്കപ്പെടുന്നു.

സവിശേഷമായൊരു രചനാശൈലി കൊണ്ട് മലയാള സാഹിത്യത്തിൽ വേറിട്ടുനിന്ന വ്യക്തിത്വമായിരുന്നു വടക്കേ കൂട്ടാല നാരായണൻകുട്ടിനായർ അഥവാ വി. കെ. എൻ. ഹാസ്യ രചനകൾക്കൊണ്ട് മലയാളിയെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ഈ എഴുത്തുകാരൻ ആർക്കും അനുകരിക്കാനാവാത്ത വഴികളിലൂടെയാണ് അക്ഷരസഞ്ചാരം നടത്തിയത്. ശുദ്ധഹാസ്യത്തിന്റെ പൂത്തിരിവെട്ടത്തിൽ മാറിയിരുന്ന് ചുറ്റുപാടുകളെ നോക്കിക്കാണാൻ മലയാളികളെ പഠിപ്പിച്ച എഴുത്തുകാരനായിരുന്നു വി. കെ. എൻ. സ്വന്തം ജീവിതാനുഭവങ്ങൾ പയ്യൻ എന്ന കേന്ദ്രകഥാപാത്രത്തിലൂടെ അവതരിപ്പിച്ച നോവലുകളും കഥകളുമാണ് അദ്ദേഹത്തെ മലയാളസാഹിത്യത്തിൽ അനശ്വരനാക്കിയത്. കഥയും നോവലുകളുമായി ഇരുപത്തഞ്ചിലേറെ കൃതികൾ വി. കെ. എൻ എഴുതിയിട്ടുണ്ട്. രണ്ടു നോവലുകളും ഏതാനും കഥകളും ഇംഗ്ലീഷിലേക്കും മറ്റ് ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്തു. ഇംഗ്ലീഷ് വിവർത്തനത്തിന് വഴങ്ങാത്ത അത്യപൂർവ്വ ശൈലിയിലായിരുന്നു വി. കെ. എൻ. കഥകൾ പറഞ്ഞിരുന്നത്. അല്പം ബുദ്ധികൂടിയ നർമ്മമായതിനാൽ വി. കെ. എൻ. കഥകൾ വായനക്കാരുടെ ഒരു പ്രത്യേക വലയത്തിലൊതുങ്ങുകയും ചെയ്തു.

**ജീവചരിത്രം**

തൃശൂർ ജില്ലയിലെ തിരുവില്വാമലയിൽ 1929 ഏപ്രിൽ ഏഴിനാണ് വി. കെ. എൻ ജനിച്ചത്. മെട്രിക്കുലേഷൻ കഴിഞ്ഞ് 1951 മുതൽ എട്ടു വർഷത്തോളം മലബാർ ദേവസ്വം ബോർഡിൽ ഗുമസ്തനായി. ജോലിസംബന്ധമായി ഡൽഹിയിലെത്തിയതോടെ രചനയ്ക്കുള്ള മറ്റൊരു അനുഭവലോകവും അദ്ദേഹത്തിന്റെ മുന്നിൽത്തെളിഞ്ഞു. 1959-ലാണ് അദ്ദേഹം ഡൽഹിയിലെത്തിയത്. പത്രപ്രവർത്തനത്തോടൊപ്പം അക്കാലത്ത് പ്രസിദ്ധമായിരുന്ന ശങ്കേഴ്സ് വീക്കിലിയിലും ലേഖനങ്ങളെഴുതി. വാർത്താ ഏജൻസിയായ യു. എൻ. ഐ, ആകാശവാണി എന്നിവിടങ്ങളിലായിരുന്നു പത്രപ്രവർത്തനജീവിതം. ഒ. വി. വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ എന്നിവരായിരുന്നു സമകാലികർ. 1969-ൽ ഡൽഹി ജീവിതം അവസാനിപ്പിച്ച് തിരുവില്വാമലയിൽ തിരിച്ചെത്തി. എഴുത്തും വായനയുമായി വി കെ എൻ ജന്മനാട്ടിൽ തന്റേതായ ഒരു ലോകം സൃഷ്ടിച്ചു.

**പ്രധാന കൃതികൾ**

കവിതയും നാടകവുമൊഴികെ മറ്റെല്ലാ സാഹിത്യ വിഭാഗങ്ങളിലും വി. കെ. എൻ കൈവെച്ചിട്ടുണ്ട്. ചില രചനകൾ ഒരു ഗണത്തിലും പെടുത്താനുമാവില്ല. ഹിസ്റ്റോറിക്കൽ സറ്റയർ (historical satire) എന്ന സാഹിത്യരൂപം അദ്ദേഹം തന്റെ കൃതികളിൽ ഉപയോഗിച്ചു. 'ആരോഹണം' എന്ന നോവൽ, 'Bovine Bugles' എന്ന പേരിൽ അദ്ദേഹം തന്നെ വിവർത്തനം ചെയ്തിട്ടുണ്ട്. ഏക തിരക്കഥ: അപ്പുണ്ണി. കഥാസമാഹാരങ്ങൾ:-ചാത്തൻസ്, ചൂർണാനന്ദൻ, സർ ചാത്തുവിന്റെ റൂളിംഗ്, വി. കെ. എൻ കഥകൾ, പയ്യൻ കഥകൾ, ഹാജ്യാര്, മാനാഞ്ചിറ ടെസ്റ്റ്. നോവലുകൾ: -അസുരവാണി, മഞ്ചൽ, ആരോഹണം, ഒരാഴ്ച, സിൻഡിക്കേറ്റ്, ജനറൽ ചാത്തൻസ്, പയ്യന്റെ രാജാവ്, പെൺപട, പിതാമഹൻ, കുടിനീർ, നാണ്വാര്, അധികാരം, അനന്തരം (നോവലൈറ്റ് )

**പുരസ്കാരങ്ങൾ**

ആരോഹണം 1969ലെ കേരള സാഹിത്യ അക്കാദമി അവാർഡിനർഹമായി. 1978-ൽ മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവന കണക്കിലെടുത്ത് എം. പി. പോൾ അവാർഡ്. 1982-ൽ പയ്യൻ കഥകൾക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്. 1997-ൽ പിതാമഹൻ എന്ന കൃതിക്ക് മുട്ടത്തു വർക്കി അവാർഡ് എന്നിവ നേടിയിട്ടുണ്ട്.

## Keythemes

- ആധുനികതയുടെ സ്വഭാവ സവിശേഷതകൾ
- ഹിസ്റ്റോറിക്കൽ സറ്റയർ (historical satire) എന്ന സാഹിത്യരൂപം
- അധികാരത്തിന്റെ പിന്നാമ്പുറങ്ങളിൽ അരങ്ങേറുന്ന ഉപജാപങ്ങൾ
- അധികാരക്കസേരയിലേക്ക് ആരോഹണം നടത്താൻ തന്ത്രങ്ങൾ പ്രഹസനരൂപത്തിൽ
- വി.കെ.എന്നിന്റെ അനശ്വരസൃഷ്ടിയായ പയ്യൻ ആണ് മുഖ്യകഥാപാത്രം
- ഹാസ്യ രചനകൾക്കൊണ്ട് ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു
- അനുകരിക്കാനാവാത്ത വഴികളിലൂടെ അക്ഷരസഞ്ചാരം
- ജീർണ്ണമായിക്കൊണ്ടിരിക്കുന്ന അധികാരത്തിന്റെ ആസ്ഥാനമായി ഡൽഹിനഗരം
- ഭാഷ നോക്കുകുത്തിയാകുന്ന ഭരണനേതൃത്വം

# Discussion

## 2.2.1 ഇതിവൃത്തസംഗ്രഹം

ചിരി അത്ര എളുപ്പമല്ലെന്നും പൊട്ടിച്ചിരികളോരോന്നും പൊട്ടിക്കുന്ന താഴുകളുണ്ടെന്നും താഴു തകർന്ന വാതിലിനകത്ത് തിങ്ങി നിൽക്കുന്ന അസാധാരണമായ സാധാരണത്വത്തെ ധ്വനിപ്പിക്കുന്ന വി.കെ.എന്നിന്റെ നോവലാണ് 1969-ൽ ഇറങ്ങിയ ആരോഹണം. നോവലിസ്റ്റ് താൻ തങ്ങുന്ന താവളത്തെയും ഡൽഹിയിലെ പൊള്ളുന്ന കാലാവസ്ഥയെയും ദിനപത്രസാഹിത്യത്തെയും സുനന്ദയെന്ന സുന്ദരിയേയും വിവരിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. സുനന്ദയും പയ്യനുമായി കഴിഞ്ഞ രാത്രിയിലെ വിരുന്നുസൽക്കാരത്തെപ്പറ്റി സംസാരിക്കുമ്പോൾ പൂവൻകോഴിയെന്ന ഒരൊറ്റ വാക്കുകൊണ്ട് സൽക്കാരത്തിന്റെ രാഷ്ട്രീയസ്വഭാവം വെളിവാക്കുകയാണ്:'കോഴിയുണ്ടായിരുന്നോ?' എന്ന പയ്യന്റെ ചോദ്യത്തിന് 'പൂവൻകോഴികൾ പലതും' എന്നാണ് സുനന്ദ മറുപടി പറയുന്നത് ഇവിടെ പയ്യനിലൂടെ അഹിംസാ പാർട്ടിയുടെ വക്താവായ സുനന്ദയുടെ രാഷ്ട്രീയത്തെ വിലയിരുത്താനുള്ള ശ്രമം വി. കെ. എൻ ആരംഭിക്കുകയാണ്. സുനന്ദയുടെ പൊതുപ്രവർത്തനത്തെ വിലയിരുത്തുന്ന പയ്യൻ നോവലിനെ കേന്ദ്രീകരിക്കുന്നു. 'വറുതിയിലും സമൃദ്ധി, വൈവിധ്യത്തിൽ ഏകത്വം. വിപ്ലവത്തിലൂടെയും വർഗരഹിതമായ ഒരു സമുദായത്തിലൂടെയല്ലാതെ തന്നെ സോഷ്യലിസം ഇവിടെ നടപ്പാക്കാമെന്ന് സുനന്ദ തെളിയിക്കാൻ പോവുകയാണോ? അവസാനം കാറൽ മാർക്സ് തിരുത്തിയെഴുതപ്പെടുമോ?' ഈ പയ്യനെ വിശകലനം ചെയ്യാനും നോവലിൽ ആളുണ്ട്. പത്രപ്രവർത്തകനായ രാമൻ മരിച്ചിട്ടുണ്ടോ എന്നു ചോദിച്ചാലും 'ഒരിക്കൽ' എന്നു പറഞ്ഞുപോകുന്ന പയ്യനെ, അവന്റെ സങ്കീർണ്ണതകളെ, അവന്റ ഭാവത്തെ, മാനസികനിലയെ വിശകലനം ചെയ്യാതെ വിടാൻ വി.കെ.എന്നിന് കഴിയുന്നതെങ്ങനെ?

> ▶ അഹിംസാ പാർട്ടിയുടെ വക്താവായ സുനന്ദ

വി. കെ. എന്നിന്റെ അനശ്വരസൃഷ്ടിയായ പയ്യൻ ആണ് ഇതിലെ മുഖ്യകഥാപാത്രം. ദൽഹിയാണ് ഈ നോവലിലെ കഥാരംഗം. ഒരു പാർലമെന്റംഗത്തിന്റെ ചീഫ്കുക്കും, എ. ഡി. സിയുമായി തലസ്ഥാനത്തെത്തിച്ചേരുന്ന പയ്യന്റെ വീരസാഹസികകൃത്യങ്ങൾ ആണ് ഈ നോവലിൽ വിവരിക്കുന്നത്. തലസ്ഥാനരാഷ്ട്രീയം, പ്രാദേശികരാഷ്ട്രീയം, സാമൂഹികപ്രവർത്തനരംഗം, പത്രപ്രവർത്തന രംഗം എന്നിവയിലെ യാഥാർത്ഥ്യങ്ങളെ ഈ നോവലിൽ ഹാസ്യരൂപേണ അവതരിപ്പിക്കുകയാണ്. 'അനസൂയ', 'സുനന്ദ' എന്നീ സ്ത്രീകളുടെ പ്രീതി നേടിയ പയ്യൻ അഹിംസാ പാർട്ടി പ്രസിഡന്റിന്റെ അനുമതിയോടെ ഒരു പത്രം ആരംഭിക്കുന്നു. ദൽഹിരാഷ്ട്രീയത്തിൽ നിർണ്ണായകശക്തിയായി മാറുന്ന പയ്യൻ പ്രചാരണങ്ങളും കുതന്ത്രങ്ങളും ഉപജാപങ്ങളും കൊണ്ട് രാഷ്ട്രീയരംഗം മലിമസമാക്കുന്ന അഭിനവ രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രതിനിധിയാണ്. ദൗർബല്യങ്ങളും വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടി സമകാലരാഷ്ട്രീയതന്ത്രത്തെ പരിഹസിക്കുകയാണ് വി.കെ.എൻ. രാമനും പയ്യനും ദീർഘസംഭാഷണത്തിലേക്ക് കടക്കുകയാണ്. 'കണക്കിലധികം ലാഭമുണ്ടാക്കുന്ന കൂറ്റൻ സംരംഭങ്ങൾ പോലും കൂടുതൽ ലാഭത്തിനുവേണ്ടി മറ്റു കൂറ്റന്മാരുമായി ലയനം നടത്തി

കൊണ്ടിരിക്കുകയാണ്. എല്ലാ ചെറ്റപ്പുരകളും ഒരു മാനേജുമെന്റിന്റെ കീഴിലാക്കുന്നതാണ് കൂടുതൽ ലാഭത്തിനു നല്ലത്' എന്ന് പറയുന്നിടത്ത്, അത് പറയുന്ന ഭാഷ നോക്കുകുത്തിയാകുന്ന ഭരണനേതൃത്വത്തെ, അതിന്റെ സ്വഭാവങ്ങളടങ്ങുന്ന വിവിധങ്ങളെ ഒരലങ്കാരത്തിന്റെ പാത്രങ്ങളായി നൂലിലാട്ടുന്നു, നൂൽ പൊട്ടി താഴെ വീണു മരിക്കാം, നൂല് കഴുത്തിൽ തൂങ്ങി മരിക്കാം. നൂല് കാലിൽ കടുംകെട്ടായി തലകീഴാക്കി തൂക്കാം. അങ്ങനെ പലതും നോക്കുകുത്തികൾക്കായി വി. കെ. എൻ ബാക്കിവയ്ക്കുന്നു.

- ഭരണനേതൃത്വത്തെ രാമനും പയ്യനും വിശകലനം ചെയ്യുന്നു

സ്വാതന്ത്ര്യത്തിന് മുമ്പ് വിജനമായിരുന്ന നിരത്തുകൾ, ബ്രിട്ടീഷുകാരുടെ ആഡംബരങ്ങളിൽ വിസ്കി നുണഞ്ഞു കൊണ്ടിരുന്നപ്പോൾ സ്വാതന്ത്ര്യാനന്തരം നിരത്തുകൾ തുപ്പലുകളും കാഷ്ഠവും കുളികളും വ്യഭിചാരവും പേറും രോഗവും മരണവുമൊക്കെ കൊണ്ട് പനിക്കുന്ന കാഴ്ച വി.കെ.എന്നിന് കാണാതെ പറ്റില്ലല്ലോ. ഇതിനേക്കാൾ ഭീകരമായി ഇനിയെങ്ങനെയാണ് പഴയതും പുത്തനുമായ ആ തലസ്ഥാന നഗരിയെ കുറിച്ചിടേണ്ടത്? അഭയാർത്ഥികളുടെയും സ്വദേശികളുടെയും ദീനതയുടെ ദ്വിമാനചിത്രങ്ങൾ അനാച്ഛാദനം ചെയ്യേണ്ടത്? സ്വാതന്ത്ര്യാനന്തരം രാജ്യം പണിയണമല്ലോ! രാജ്യം പണിയുന്നവരുടെ നീണ്ട നിരയെ ആരു പട്ടികപ്പെടുത്തിയാലും കാര്യമില്ല, അതിന്റെ കാര്യക്കാർ പത്രപ്രവർത്തകരാണ്. രാഷ്ട്രീയ സമവാക്യങ്ങളുടെ ആകെത്തുകയെന്നത് തീരുമാനിക്കുന്നത് അവരാണ്. നേതാവിന്റെ പിതൃത്വവും അവർക്കാണ്. അവരുടെ ജീവജലമാണ് പത്രപ്രവർത്തകരുടെ മഷി. അവരച്ചടിക്കാൻ മറന്നൊരു പേരിന്റെ മരണം ആസന്നമാണെന്ന് വി.കെ.എന്നിനു പറയാതെ വയ്യല്ലോ.

- അഭയാർത്ഥികളുടെ ദീനതയും ഭീകരതയും

പിമ്പുകളും അഭിസാരികകളും തിങ്ങിനിറയുന്ന അറുപതുകളുടെ ഡൽഹി തെരുവുകളിൽ രാഷ്ട്രീയക്കൊളുത്തുകളുമായി ഇറങ്ങുന്നൊരു പയ്യൻ ചൂണ്ടയിട്ടു പിടിക്കുന്ന സാമ്രാജ്യങ്ങളെ ഒഴിവാക്കുന്നതെങ്ങനെ? വ്യഭിചാരത്തിനെയിത്രമാത്രം അടയാളപ്പെടുത്തുന്ന കാലത്തിൽ സുനന്ദയും അനസൂയയും ചൂണ്ടക്കൊളുത്തുകളിൽ മനഃപൂർവ്വം കുരുങ്ങിയെന്നഭിനയിച്ച് നേടിയെടുക്കുന്ന സാമ്രാജ്യത്തണലുകളിലേക്കടുക്കുമ്പോൾ വ്യഭിചാരത്തെരുവായ ഗുലാബിറോഡിൽ താമസിക്കുന്ന ചാമേലി വയറിന്റെ എരിച്ചിലടക്കുന്നേയുള്ളു. ചാമേലി ആദർശവനിതയാണെന്നതിൽ വി. കെ. എന്നിന് സംശയമില്ല. അവളുടെ കൈയ്യിൽ കൊളുത്തുകളില്ല. വിശപ്പ് കൊളുത്തിവലിക്കുന്ന വയറേയുള്ളൂ എന്ന് ആ വയറിനെ കാണാൻ ചൂണ്ടയുമായി നടക്കുന്ന പയ്യനറിയാം. അവൾക്ക് വേണ്ടി ഒരു ഓവർകോട്ട് വാങ്ങാനുള്ള പണം രാമനു കൈവശം കൊടുത്തയക്കുന്ന പയ്യന്റെ കണ്ണുകളപ്പോൾ ആർദ്രമാണ്. അയാളുടെ മനസ്സിലൊരു ശ്രീകോവിലിനു സ്ഥാനമുണ്ടെങ്കിൽ അതിലെ പ്രതിഷ്ഠ ചാമേലി മാത്രമാണെന്ന് പറയാം. എന്നിരിക്കിലും ചമേലി തനിക്ക് ഒരുതരം പനിയാണെന്നും അതു വരുന്നു പോകുന്നു, ഇതും പോകും എന്ന് പറയാൻ പയ്യൻ മടിക്കുന്നില്ല. ഒന്നിലധികം കാമുകിമാരുള്ള പയ്യന്റെ ഒന്നിലധികം കാമുകൻമാരുള്ള കാമുകിമാർ മദ്യത്തിന്റെ പുറത്ത് ലവേറ്ററിയിലും മരച്ചുവട്ടിലും ദ്രുതഗതിയിൽ നടത്തുന്ന സ്വകാര്യടിസ്റ്റുകളെ പയ്യൻ 'വൃത്തികെട്ട പട്ടികൾ' എന്ന വാക്കുകൊണ്ട് അഭിസംബോധന

- ചാമേലി ആദർശവനിതയാണെന്നതിൽ സംശയമില്ല

ചെയ്യുമ്പോൾ അവനിലെ പുരുഷാധിപത്യത്തെ തോണ്ടി പുറത്തെടുക്കാൻ വി. കെ. എൻ. മറക്കുന്നില്ല.

വി. കെ.എന്നിന്റെ കഥകളിൽ ഭോഗസാമഗ്രികൾ മാത്രമായാണ് സ്ത്രീകൾ വരുന്നതെന്ന് വിലയിരുത്തുന്നവർക്കുള്ള മറുപടിയായി ആരോഹണത്തിലെ മൂന്ന് സ്ത്രീകളിലേക്ക് വരാം, സുനന്ദ, അനസൂയ, ചാമേലി രണ്ടു കൈയ്യും നീട്ടിപ്പിടിച്ച് പയ്യനെ ക്ഷണിക്കുന്ന അനസൂയ മുതൽ സൂക്ഷിച്ചൊന്നുകൂടി ആ കഥാപാത്രങ്ങളിലൂടെ കടന്നുനോക്കൂ. സ്ത്രീകളുടെ ഭോഗസാമഗ്രിയായി മാറുന്ന പുരുഷനെയല്ലേ നിങ്ങൾ കാണുന്നത്. തന്റെ അടയാളത്തെപ്പറ്റി സന്ദേഹിക്കാത്ത ആ സ്ത്രീകളെ വെറുമൊരു സാമഗ്രിയാക്കാൻ തക്ക വായനയല്ല വികെ എന്നിലുള്ളത്. രാഷ്ട്രീയമെന്ന സുകുമാരകലയുടെ യഥാർത്ഥ കൂട്ട് പെണ്ണും പണവും കള്ളുമാണെന്ന് വി.കെ.എൻ. പറയുമ്പോൾ അത് പുരുഷന്മാരുടെ കളിക്കളമാണെന്ന ധാരണയുടെ തിരുത്തലാണ്. അറുപതുകളുടെ ആ കൂട്ടിന്റെ രുചി ആരോഹണത്തിന് ഒഴിവാക്കാനാവില്ല. ആ കൂട്ടിന്റെ പൂട്ട് പൊളിക്കാനുള്ള കരുത്ത് നമ്മൾ നേരത്തെ പറഞ്ഞ മാധ്യമങ്ങൾക്കാണ്. കാരണം ലോകം പണിയുന്നത് അവരാണെന്ന് ആഴക്കാഴ്ചയും ഇറുക്കുകാലുകളുമുള്ള പരുന്തും പട്ടരുമായ രാമനെക്കൊണ്ട് തന്നെ വി. കെ. എൻ പറയിക്കുന്നുണ്ടല്ലോ. അതുകൊണ്ടാണല്ലോ 'എന്നാണ് നമ്മൾ ഈ രാജ്യം ഏറ്റെടുക്കുന്നത്' എന്ന പയ്യന്റെ ചോദ്യത്തിന് രാമൻ 'ഞാൻ അമേരിക്കയിൽ നിന്ന് വന്നശേഷം' എന്ന് മറുപടി പറയാനുള്ള ഗൗരവത്തെ കൈപ്പിടിയിൽ മടക്കി സൂക്ഷിക്കുന്നത്. അത് തുറക്കണോ ഇറുക്കണോ കുടഞ്ഞുകളയണോ എന്നത് അവന്റെ ധാർഷ്ട്യമാണ്. അക്ഷരം അറിയുന്നവന്റെ വ്യാഖ്യാനങ്ങളും നിർവ്വചനങ്ങളും മായ്ക്കാൻ തക്ക മഷിത്തണ്ടുകൾ പ്രാപ്തമാണോ?

- നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ

ആരോഹണം സൂചിപ്പിച്ച അധികാരഭ്രമങ്ങളെല്ലാം തന്നെ കാലത്തെ അതിജീവിക്കുന്ന തത്വചിന്തകളാണെന്ന് രാഷ്ട്രീയകസർത്തുകൾ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അധികാരത്തിന്റെ എവറസ്റ്റിൽ കയറാൻ വിരലുകുത്താനിടം തേടുന്നവർക്കിടയിൽ ആശ്വാസം അത്യാഗ്രഹങ്ങളില്ലാത്ത ചാമേലി മാത്രമാണെന്ന് കണ്ടെത്തുമ്പോൾ അവൾക്കു കൂടി രാഷ്ട്രീയരോഗം ബാധിച്ചാൽ ഹിപ്പി വർഗ്ഗത്തിൽ ചേർന്ന് ഹരിദ്വാരത്ത് പോയി പാശ്ചാത്യസംഗീതവും ഭോഗവുമായി സായൂജ്യം നേടുകയേ വഴിയുള്ളു എന്നും കൂട്ടിച്ചേർക്കുന്നു. ഹരിദ്വാരത്ത് പോയി പാശ്ചാത്യസംഗീതവും ഭോഗവുമായി സായൂജ്യം നേടുകയേ വഴിയുള്ളൂ എന്നും കൂട്ടിച്ചേർക്കുന്നു. രാഷ്ട്രീയ അരാഷ്ട്രീയ വൈരുദ്ധ്യങ്ങൾക്കുള്ള ആധുനിക ലക്ഷണത്തിന് മരുന്ന് കണ്ടെത്താതെ എണ്ണിത്തീർക്കാൻ കഴിയുന്ന ഒന്നല്ല ആരോഹണം. ധനം, കാമം, അന്നം എന്നിങ്ങനെ മൂന്നുവിധം ലാഭങ്ങളെ കണ്ടെത്തുന്ന പയ്യന്റെ ലോകം ഉള്ളവനാകാൻ മൂന്നു സാങ്കേതികവിദ്യകൾ നീക്കിവയ്ക്കുന്നു യാചന, മോഷണം, പിടിച്ചുപറി. ധനവും കാമവും അന്നവും നേടാനാവശ്യമായ പ്രധാനശക്തി ബുദ്ധിസാമർത്ഥ്യം തന്നെ. ധനം, കാമം, അന്നം എന്നിവ ഇരന്നുവാങ്ങുകയോ കട്ടെടുക്കുകയോ പിടിച്ചുപറിക്കുകയോ ചെയ്യാവുന്ന നിസ്സഹായദേശമാണ് പയ്യന്റേത്. അവിടെ വിലക്കുകളില്ല, മനഃസാക്ഷിയുടെ ശബ്ദം ഒന്നോ രണ്ടോ തവണ

- ധനം, കാമം, അന്നം എന്നീ ലാഭങ്ങളെ കണ്ടെത്തുന്ന പയ്യന്റെ ലോകം

മാത്രമേയുള്ളൂ അതും വിപരീതോക്തിയുടെ മട്ടിൽ-(വി.സി. ശ്രീജൻ).

രാജ്യത്തിന്റെ വേരുകൾ പശുവിലും പശുപതിയിലും എത്തിനിൽക്കുന്ന കാഴ്ചകൾ പയ്യനെക്കൊണ്ട് മറിച്ചു ചിന്തിക്കാൻ അനുവദിക്കുന്നതെങ്ങനെയാണ്! മരണത്തിന്റെ വിളിപോലെ മുഴങ്ങുന്ന ഗോവധനിരോധനസമര മുദ്രാവാക്യങ്ങളുമായി മൃഗീയമെങ്കിലും സൗന്ദര്യമുള്ള പശുവിന്റെ നഗ്നതയും പേറി, വിരൂപവും അറപ്പിക്കുന്നതുമായ നഗ്നതയുമായി പ്രവേശിക്കുന്നവർ പ്രാകൃതത്തിന്റെയും ഭ്രാന്തിന്റെയും പ്രതിരൂപമാകുന്നു. പ്രാകൃതങ്ങൾക്കിടയിൽ ഒറ്റയാകുന്ന രാജ്യം നിയമത്തിന്റെ പുതിയ തന്ത്രങ്ങൾ മെനയുന്നതിനു നേരെ കണ്ണടക്കാൻ ആർക്കായാലും വി. കെ. എന്നിന്റെ രാമനാകുമോ? രാജ്യത്തിനുള്ളിലെ ഒരു നിയമവും പാലിക്കപ്പെടാനല്ല നടപ്പാക്കുന്നതെന്നും അത് ആർക്കൊക്കെയോ വേണ്ടി തണലൊരുക്കുമ്പോൾ പ്രഹസനത്തിനുള്ളിലെ പ്രഹസനമാണ് അരങ്ങേറുന്നതെന്നും അവനിലെ പരുന്ത് നോട്ടമിടുന്നു. രാഷ്ട്രീയം, ലൈംഗികത, ഭക്ഷണം എന്നിവ ഏറിയും കുറഞ്ഞും ഒന്നിനു പകരം മറ്റൊന്നായി ആരോഹണത്തിൽ വന്നും പോയുമിരിക്കുന്നു. വി. കെ. എൻ. ഏതിനാണ് മുൻതൂക്കം കൊടുക്കുന്നതെന്ന് തിരിച്ചറിയാതെ മൂന്നും ഇഴുകിച്ചേർന്നിരിക്കുന്നു ഈ നോവലിൽ. മേമ്പൊടിയായി മാത്രമല്ല, അടിയൊഴുക്കായും നർമ്മമുണ്ട്. അതൊട്ടും ഉപരിപ്ലവമായിട്ടല്ലതാനും. ചിലപ്പോഴെങ്കിലും ആ നർമ്മം കണ്ണീർച്ചാലിൽ അടിതെറ്റിവീഴുന്നു. അതുകൊണ്ടായിരിക്കും കെ. പി. അപ്പൻ നിരീക്ഷിച്ചത്, നാടു മുഴുവൻ വീണ വായിക്കുമ്പോൾ വി. കെ. എൻ. വെന്തെരിയുകയായിരുന്നു എന്ന്. വി.കെ.എന്നുമായി അക്ബർ കക്കട്ടിൽ നടത്തിയ സംഭാഷണ ശകലത്തിൽ സ്വപ്നത്തിൽ താങ്കൾ ആരാണ്  എന്ന ചോദ്യത്തിന് മറുപടി കേൾക്കുക. 'ചിലപ്പോ സഖാവ് ചിലപ്പൊ രക്തസാക്ഷി, ചിലപ്പോ പച്ച ചിലപ്പോ കത്തി, ചിലപ്പോ കിംഗ് ചിലപ്പോ കോബ്ര, ചിലപ്പോ ഇളങ്കോ  ചിലപ്പോ ചിലപ്പതി' (ടി. എൻ. പ്രകാശ്)

> ▶ രാഷ്ട്രീയം, ലൈംഗികത, ഭക്ഷണം ഇവ മൂന്നും ആരോഹണത്തിൽ ഇഴുകിച്ചേർന്നിരിക്കുന്നു

ഉപരിതല വിപ്ലവങ്ങൾക്കു ശേഷം അകത്തെ പയ്യനിലേക്ക് കടന്നാൽ ആധുനികന്റെ സ്വഭാവങ്ങളെല്ലാം ഒത്തുചേർന്ന അവനെ നഗരസവിശേഷതകളോരോന്നും എതിരിടുന്നതും ഗൂഢാലോചന നടത്തുന്നതും കൗശലം കൊണ്ടും ധൈര്യം കൊണ്ടും മാത്രം അവനതിനെ മറികടക്കുന്നതുമടക്കമുള്ള ആധുനികതയുടെ വിപരീതചരിത്രത്തെ ദർശിക്കാമെന്നു വി. സി. ശ്രീജൻ പറയുന്നു.  ഭൂതകാലത്തിലേക്ക് ഒരിക്കലും തിരിച്ചുപോകാനാവില്ലെന്ന തിരിച്ചറിവിൽ 'പുറപ്പെടാത്തിടത്തേക്കു മടങ്ങിപ്പോവുക' എന്ന ഭൂതകാലഛായയിൽ ഭാവനയിലേക്കു സഞ്ചരിക്കുന്ന പയ്യനിൽ നിക്ഷിപ്തമാകുന്ന ജ്ഞാനത്തെ വിശകലംചെയ്യുന്ന നർമ്മം അത്ര സരളമല്ല, ഗഹനമാണ്. അറിയാനുള്ളതിന്റെ അനന്തകളിൽ അറിഞ്ഞതിന്റെ  തുച്ഛതയെ തിരിച്ചറിയാൻ പയ്യന്റെ ദാർശനികതയ്ക്കാവുന്നു. ആധുനിക സവിശേഷതകളെല്ലാം ഒത്തിണങ്ങിയ പയ്യൻ ആധുനികതയുടെ വിപരീതമാകുന്നത് ഈ ദർശനത്തിലൂടെയാണെന്നു ശ്രീജൻ കണ്ടെത്തുന്നത് ഇവിടെയാണ്. മതിയായത്ര കാര്യങ്ങൾ അറിയാത്തതിനാൽ ഒന്നിലും വിശ്വസിക്കാൻ അവൻ തയ്യാറാകുന്നില്ല. വിശ്വാസരാഹിത്യങ്ങളാണ് അവന്റെ തെരഞ്ഞെടുപ്പുകളുടെ മാനദണ്ഡം.

> ▶ പയ്യനിൽ നിക്ഷിപ്തമാകുന്ന ജ്ഞാനത്തെ വിശകലം ചെയ്യുന്ന നർമ്മം അത്ര സരളമല്ല, ഗഹനമാണ്

## 2.2.2 ഇതിവൃത്തവിശകലനം

ഡൽഹിയുടെ പശ്ചാത്തലത്തിലുള്ള നോവലിൽ പഴയ ഡൽഹിയേയും പുതിയ ഡൽഹിയേയും സൂക്ഷ്മമായി അവതരിപ്പിക്കുന്നു. പുതിയ നഗരത്തിന്റെ ഉദ്ഘാടനത്തിനുശേഷം പതിനാറു വർഷം കഴിഞ്ഞാണ് സ്വാതന്ത്ര്യം വന്നത്. അതിനുശേഷം വീണ്ടും പതിനാറു വർഷങ്ങൾ കടന്നിരിക്കുന്നു. എങ്കിലും ആപ്പീസ് പഴയ നഗരത്തിൽ ത്തന്നെയാണ്. പഴമയുടെ പാരമ്പര്യവും സ്വാതന്ത്ര്യസമരത്തിന്റെ സ്മരണകളും നിലനിർത്താനാണ് അങ്ങനെ ചെയ്തിരിക്കുന്നത്. മാറ്റത്തിനു വഴങ്ങാത്ത ഒരു രാഷ്ട്രീയകക്ഷിയുടെ പ്രതീകമായി അതവിടെ കിടന്നു ജീർണ്ണിച്ചു. പക്ഷേ, അന്തേവാസികളുടെ പ്രവർത്തനം പുറത്തായിരുന്നു. പുതിയ നഗരത്തിന്റെ വരാന്തകളിൽ അധികാരത്തിന്റെയും പണത്തിന്റെയും പുറകെ അവർ ചുറ്റിയടിച്ചു. പാർട്ടിയുടെ യോഗങ്ങളിൽ സ്ഥാനങ്ങൾക്കു വിലപേശാൻ മാത്രം അവർ പഴയ നഗരത്തിലെ താവളത്തിലേക്കു പോയി. കാര്യമാത്ര പ്രസക്തമായ ഇടപാടുകൾക്കുശേഷം തിരിച്ചു പുതിയ നഗരത്തിൽ വന്ന് തമ്പടിച്ചു. പിന്നീട് അടുത്ത യാത്രവരെ തീനും കുടിയും കേളിയുമെല്ലാം പുതുനഗരത്തിന്റെ പകിട്ടിൽത്തന്നെ. വിഭജനത്തെത്തുടർന്നാണ് വൈകൃതം തുടങ്ങുന്നത്. പടിഞ്ഞാറു നിന്നു പിഴുതെറിയപ്പെട്ട അഭയാർത്ഥികളുടെ പ്രളയം നഗരത്തിനുള്ളിലും ചുറ്റും അലയടിച്ചു വന്നു. പഴുതുള്ളിടത്തൊക്കെ അവർ തേനീച്ചക്കൂടുകൾ കെട്ടി. പ്രിയപ്പെട്ട ജീവിതം മൂളി. നഗരം ചുറ്റിനും പുറ്റുകൾ പൊതിഞ്ഞു. നടുവിൽ മാത്രം ചോര പൊടിച്ചു നില്ക്കുന്ന ഒരു വ്രണം മാതിരിയായി പുരാതന നഗരവും പുതിയ നഗരവുമെല്ലാം. പ്രത്യേകിച്ചും പുതിയ നഗരം. വെള്ളക്കാരന്റെ സ്വപ്നവും സ്വാതന്ത്ര്യത്തിന്റെ പ്രദർശനവസ്തുവുമായ പുതിയ നഗരം. നഗരത്തിന്റെ ചരിത്രം വർത്തമാനത്തിന്റെ ചരിത്രമാണ്. നാല്പതു വർഷത്തിനു മുമ്പു നഗരമുണ്ടായിരുന്നില്ല. അവിടം പുരാതന നഗരത്തിന്റെ വെളിമ്പ്രദേശത്തു കിടന്ന കുറ്റിക്കാടായിരുന്നു. കുറുനരിയുടെ സാമ്രാജ്യം.

- ഡൽഹിയെ സൂക്ഷ്മമായി അവതരിപ്പിക്കുന്നു

നോവലിൽ പയ്യനെന്ന ജേർണലിസ്റ്റ്, അയാളുടെ സ്നേഹിതനായ മറ്റൊരു പത്രത്തിലെ ജേർണലിസ്റ്റ് മാധവൻ എന്നിവരുടെ രാഷ്ട്രീയത്തിലെ ഇടപെടലുകൾ, കിംഗ് മേക്കർ പ്രവർത്തികൾ എന്നിവയും അധികാരരാഷ്ട്രീയവും സാമൂഹ്യസേവനവും അവയിലെ ഉള്ളുകള്ളികളും വെളിപ്പെടുത്തുന്ന അവസരങ്ങളും ഒക്കെ വളരെ വ്യക്തതയോടെ പറഞ്ഞുപോകുന്നു. കോളനികൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തെ പയ്യൻ നന്നായി പറഞ്ഞു തരുന്നു. കൂടുതൽ ഗ്രാമീണർ ഇനിയും നഗരത്തിലേക്ക് വരുന്നത് തടയുകയും വേണം. ഇത് രണ്ടും ചെയ്തില്ലെങ്കിൽ കുറച്ചു വർഷത്തിനുള്ളിൽ ഗ്രാമപ്രദേശത്തു നിന്നും തൊഴിൽതേടി വരുന്ന ജനത ഇവിടെ പ്രളയമായി വർദ്ധിച്ച് ഈ നഗരത്തെയാകെ ചെറ്റപ്പുരകളുടെ ഒരു ഒരു വലിയ കടലാക്കും. പിന്നെ പിടിച്ചാൽ കിട്ടില്ല. ഇതേ വിഷയം നഗരങ്ങളുടെ ചേരികൾ ഉണ്ടാകുന്ന ഈ സ്ഥിതിവിശേഷത്തെ അതിന്റെ ഭവിഷ്യത്തുകളെ മുംബൈ അടക്കമുള്ള മഹാനഗരികൾ കണ്ടു കഴിഞ്ഞതാണ്. ഈ വിഷയം ഒരു ചെറിയ മാറ്റത്തോടെ കേരളത്തിൽ നോക്കിയാൽ മനസ്സിലാകുന്ന ഒന്നാണ്. ഇതര സംസ്ഥാനതൊഴിലാളികളുടെ കോളനി

വത്കരണം വർദ്ധിച്ചു വരുന്ന കേരളത്തിന്, കേരളത്തിന്റെ വികസനത്തെക്കുറിച്ച് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കി മുൻകരുതലുകൾ എടുക്കാവുന്ന ഒരു കാര്യം കൂടിയാണിത്. പയ്യൻ ഇവിടെ പ്രതിപാദിക്കുന്നത് ഡൽഹിയിൽ വളർന്ന് കിടക്കുന്ന അസംഖ്യം ചേരികളും അവയെ പോറ്റുകയും അവയുടെ മറവിൽ സാമൂഹ്യസേവനം എന്ന ലേബലിൽ സ്വകാര്യനേട്ടങ്ങൾ കൊയ്യുന്ന സുനന്ദ, അനസൂയ എന്നീ രണ്ടു സ്ത്രീകളുടെ പ്രവർത്തനങ്ങളെയുമാണ്. രതിയും പ്രണയവും രാഷ്ട്രീയവും മാധ്യമങ്ങളും ഇടകലർന്ന ഒരു വലിയ ഉപജാപകവൃന്ദത്തിന്റെ ഭൂതകാലപരിതസ്ഥിതിയിലെ ദിനചര്യകളുടെ ആകെത്തുകയാണ് ആരോഹണം എന്ന നോവൽ. ഇന്നിൽ വായിക്കുമ്പോൾ എന്നിരിക്കിലും അതിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ അതിലും വികസിതരൂപം പൂണ്ടു മലീമസതയുടെ ഉന്നതങ്ങളിൽ ആണ് ഇന്നെന്ന ബോധം വായനക്കാർക്ക് ഉണ്ടാകുക തന്നെ ചെയ്യും.

▶ ഡൽഹിയിൽ വളർന്ന് കിടക്കുന്ന അസംഖ്യം ചേരികൾ

തീനും കുടിയും കേളിയും നിറയുന്ന ജീർണ്ണതയുടെ ഈ ഉത്സവവേദിയിൽ നില്ക്കുകയാണ് പയ്യൻ. ആ ജീർണതയുടെ ഭാഗമായി നിന്ന് അധികാരത്തിന്റെ ചതുരംഗത്തിൽ കരുവും കളിക്കാരനുമായിക്കൊണ്ടു തന്നെ അയാൾ തന്റെ ധാർഷ്ട്യവും പരിഹാസവും കൊണ്ട് ആ വ്യവസ്ഥയെ നഗ്നമാക്കി കാണിക്കുന്നു. പയ്യൻ ഒരു ആദർശരൂപമല്ല. ഒരു തിരുത്തൽ ശക്തിയായിപ്പോലും പത്രപ്രവർത്തകനായ അയാൾ പ്രവർത്തിക്കുന്നില്ല. അതേ സമയം പയ്യന്റെ വാക്കും പ്രവൃത്തിയും കൂത്തരങ്ങിലെ വിദൂഷകന്റേതുപോലെ അധികാരത്തിന്റെ ദൈവരൂപങ്ങളെ വിവസ്ത്രമാക്കുന്നു, താറും കുറ്റിച്ചൂലും കൊണ്ട് നേരിടുന്നു. രാഷ്ട്രീയവും ചരിത്രവും നഗരത്തിന്റെ ഉത്സവവേദിയിൽ നടക്കുന്ന തെരുക്കൂത്താണ് ആരോഹണത്തിൽ. ആസക്തിയോടൊപ്പം നിർമ്മമത്വവും നിറഞ്ഞ ഹാസ്യം കൊണ്ട്, അധികാരത്തെ മാത്രമല്ല, നോവലിന്റെ സാമ്പ്രദായിക ഭാഷാക്രമത്തെയും ആഖ്യാനരീതിയെയും വി. കെ. എൻ. ഭേദിക്കുന്നു. വിലക്കപ്പെട്ടതെല്ലാം ആഘോഷിക്കുന്ന വി. കെ. എൻ. രീതിക്ക് ഉത്സവസംസ്കാരവുമായി ബന്ധമുണ്ട്. വിലക്കുകൾ ബാധകമല്ലാത്ത മനുഷ്യോർജത്തിന്റെ വ്യയമാണ് ഉത്സവങ്ങൾ. അനുഷ്ഠാനങ്ങളുടെ മതാത്മകതയോടൊപ്പം ആഹ്ളാദത്തിന്റെയും മതിമറക്കലിന്റെയും ജനകീയ ലഹരിയും അതിന്റെ ഭാഗമാണ്.

▶ പയ്യൻ ഒരു ആദർശരൂപമല്ല

## Summarised Overview

ചുറ്റും നടക്കുന്നതിൽനിന്നൊക്കെയും മാറിനിന്ന് അവ നർമ്മത്തിൽ ചാലിച്ച് അനുവാചകർക്കു മുന്നിൽ അവതരിപ്പിച്ചാണ് കുഞ്ചൻനമ്പ്യാർ ഓട്ടൻതുള്ളൽ എന്ന കലയെ ജനകീയമാക്കിയത്. നർമ്മരചനയുടെ കാര്യത്തിൽ വി. കെ. എൻ. ചെയ്തതും ഇതുതന്നെ. സമകാലിക സംഭവങ്ങളെ മാറിനിന്നു നോക്കിക്കണ്ട് അവ നർമ്മത്തിൽ ചാലിച്ച നിരീക്ഷണങ്ങളായി മലയാള സാഹിത്യലോകത്ത് അദ്ദേഹം സമർഥമായി വിളമ്പി. ലോകചരിത്രം, സാമ്പത്തിക ശാസ്ത്രം, രാജ്യാന്തര രാഷ്ട്രീയ സംഭവവികാസങ്ങൾ, ഭാരതത്തിലെ പുരാണകൃതികൾ എന്നീ വിഷയങ്ങളിലുള്ള പരന്ന വായനയുടെ പിൻബലവും വി. കെ. എൻ. കൃതികളുടെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ തന്റെ കാലഘട്ടത്തിലെ ഏതു ഭൂകമ്പത്തെയും അനായാസമായി അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

അധികാര വ്യവസ്ഥയ്ക്കെതിരായ അനുരഞ്ജനരഹിതമായ വിമർശനങ്ങളായിരുന്നു വി. കെ. എന്നിന്റെ പ്രധാന രചനകളെല്ലാം. സിൻഡിക്കേറ്റ്, ആരോഹണം, പയ്യൻ കഥകൾ തുടങ്ങിയ രചനകൾ അധികാരത്തിന്റെ ഇടനാഴികളിലൂടെയുള്ള വിമർശനയാത്രകളാണ്. വി. കെ. എന്നിന്റെ അനശ്വരസൃഷ്ടിയായ പയ്യൻ ആണ് ഇതിലെ കഥാപാത്രം. ഡൽഹിയാണ് ഈ നോവലിലെ കഥാരംഗം. ഒരു പാർലമെന്റംഗത്തിന്റെ ചീഫ്കുക്കും, എ. ഡി. സിയുമായി തലസ്ഥാനത്തെത്തിച്ചേരുന്ന പയ്യന്റെ വീരസാഹസികകൃത്യങ്ങൾ ആണ് ഈ നോവലിൽ വിവരിക്കുന്നത്. തലസ്ഥാനരാഷ്ട്രീയം, പ്രാദേശികരാഷ്ട്രീയം, സാമൂഹികപ്രവർത്തനരംഗം, പത്രപ്രവർത്തനരംഗം എന്നിവയിലെ യാഥാർത്ഥ്യങ്ങളെ ഈ നോവലിൽ ഹാസ്യരൂപേണ അവതരിപ്പിക്കുകയാണ്. 'അനസൂയ', 'സുനന്ദ' എന്നീ സ്ത്രീകളുടെ പ്രീതി നേടിയ പയ്യൻ അഹിംസാ പാർട്ടി പ്രസിഡന്റിന്റെ അനുമതിയോടെ ഒരു പത്രം ആരംഭിക്കുന്നു. ഡൽഹി രാഷ്ട്രീയത്തിൽ നിർണ്ണായകശക്തിയായി മാറുന്ന പയ്യൻ പ്രചാരണങ്ങളും കുതന്ത്രങ്ങളും ഉപജാപങ്ങളും കൊണ്ട് രാഷ്ട്രീയരംഗം മലീമസമാക്കുന്ന അഭിനവ രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രതിനിധിയാണ്. ദൗർബല്യങ്ങളും വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടി സമകാലരാഷ്ട്രീയതന്ത്രത്തെ പരിഹസിക്കുകയാണ് വി. കെ. എൻ. ഭക്ഷണം, ഇര, ഇണ, സ്ഥാനമാനങ്ങൾ തുടങ്ങിയ ഘട്ടങ്ങളിലൂടെ കയറിപ്പോകുന്ന പയ്യൻ ഒടുവിൽ അധികാരത്തെതന്നെയാണ് തുറന്നുകാട്ടിയത്. പയ്യൻ എന്ന കഥാപാത്രം അദ്ദേഹത്തിന്റെ തന്നെ ആത്മാവാണെന്നു പറയാം. ഡൽഹി ജീവിതത്തിനിടയ്ക്ക് ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ അരങ്ങേറുന്ന രാഷ്ട്രീയനാടകങ്ങൾ വി. കെ. എന്നിൽ ഉണർത്തിയ രോഷമാണ് പയ്യന്റെ നർമ്മങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പുറത്തുവരുന്നത്.

'മതേതരത്വം ഇറക്കുമതി ചെയ്യാൻ വിദേശനാണയം ഇല്ലാത്ത ഈ രാജ്യത്തിന്റെ വേരുകൾ ഭൂതത്തിൽത്തന്നെയാണ്. പശുവിലും പശുപതിയിലുമാണ്' (പയ്യൻ, ആരോഹണം) ഓരോ വ്യവസ്ഥിതിയും കാലാകാലങ്ങളിൽ വിമർശിക്കപ്പെടുകതന്നെ ചെയ്യും. അങ്ങനെയെങ്കിൽ മാത്രമേ അതിനു മാറ്റവും സാമൂഹ്യ പരിവർത്തനവും അർത്ഥവത്താവുകയുള്ളൂ. മതമായാലും സമൂഹചര്യകങ്ങളായാലും വിശ്വാസങ്ങളോ രാഷ്ട്രീയബോധമോ എന്തു തന്നെയായാലും അതിനു കാലങ്ങളുടെ അപചയത്തെ അതിജീവിക്കാൻ കഴിയുന്നില്ലെങ്കിൽ, പരിഷ്കരിക്കാൻ കഴിയുന്നില്ലെങ്കിൽ അത് നിലനിൽക്കുകയില്ല. എഴുത്തുകാരുടെ ധർമ്മം വായനക്കാരെ ഉണ്ടാക്കുക, പ്രശസ്തി ഉണ്ടാക്കുക, പുരസ്കാരങ്ങൾ കരസ്ഥമാക്കുക എന്നിങ്ങനെയുള്ള കേവലമായ ചിലധർമ്മങ്ങളെ അടിസ്ഥാനപ്പെടുത്തി വികലമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ്/സാഹിത്യലോകമാണ് നിലവിലുള്ളത്. വ്യവസ്ഥിതികളോട് കലഹിക്കാത്ത എഴുത്തുകാരന്റെ ലോകം ആണിന്നുള്ളത് എന്നു കരുതേണ്ടിയിരിക്കുന്നു. കവിതകളിൽ ഇപ്പോഴും തീപ്പൊരിചിതറിക്കുന്ന നക്ഷത്രങ്ങളെ കണ്ടെത്താൻ കഴിയുന്നുണ്ട്. എന്നാൽ കഥകളിലോ നോവലുകളിലോ ഇത്തരം നിശിതമായ അധികാര മതകേന്ദ്രങ്ങളുടെ നേർക്കുള്ള വിമർശനങ്ങൾ സംഭവിക്കുന്നില്ല. അങ്ങനെ വാഴ്ത്തപ്പെടുന്നവ പലതും കാപട്യം എന്നു ചരിത്രം പിന്നീട് തെളിയിക്കുന്നുമുണ്ട് വി. കെ. എൻ. കഥാപാത്രമായ പയ്യൻ മലയാള സാഹിത്യത്തിൽ ഒഴിച്ചുകൂടാനാവാത്ത ഓർമ്മയാണ്. പിന്നീടാർക്കും സൃഷ്ടിക്കാൻ കഴിയാതെപോയ ഒരു കഥാപാത്രമായി പയ്യൻ മലയാളിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കാൻ കാരണം വി.കെ.എൻ. എന്ന എഴുത്തുകാരന്റെ കഴിവ് ഒന്നുമാത്രമാണ്. എന്നും ഓർമ്മയിൽ നിൽക്കുന്ന, ചിരിയുടെ മുഖമാണ് മുഖമില്ലാത്ത പയ്യൻ.

ഡൽഹിയുടെ പശ്ചാത്തലത്തിൽ ഇറങ്ങിയിട്ടുള്ള ഒരുപാട് പ്രശസ്ത നോവലുകൾ മലയാളത്തിന് സ്വന്തമായുണ്ട്. എന്നാൽ വി. കെ. എൻ. തൃശ്ശൂർ നിന്നും ട്രെയിൻ കയറി ദില്ലിയിലെത്തിയ പയ്യനെ അവതരിപ്പിക്കുമ്പോൾ ദില്ലി ഒരുവിസ്മയമാകുന്നുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഉണങ്ങാത്ത മുറിവുകളും ചതവുകളും രാഷ്ട്രീയവും വിശദമായി പ്രതിപാദിക്കുന്ന ഒരു വിദൂര കാഴ്ചയിൽ നിന്നുകൊണ്ടാണ് ആരോഹണം എന്ന നോവലിന്റെ സഞ്ചാരം വായിച്ചുപോകാൻ കഴിയുക. കാലങ്ങൾക്കിപ്പുറം പശുരാഷ്ട്രീയം കിതച്ചും കുതിച്ചും പായുന്ന ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പിറവിയുടെ കാലത്തെയാണ് വി. കെ. എൻ ഈ നോവലിൽ അവതരിപ്പിക്കുന്നത്.

ഉത്തരേന്ത്യൻ രാഷ്ട്രീയവും ദക്ഷിണേന്ത്യൻ രാഷ്ട്രീയവും ഇടകലർന്നു കിടന്ന അഹിംസാപാർട്ടിയുടെ ഇന്ത്യൻ രാഷ്ട്രീയത്തിലെ കുതിരക്കച്ചവടങ്ങളും കുതികാൽവെട്ടും ഒരുവശത്ത് മുന്നേറുമ്പോൾ, അവയ്ക്കിടയിലേക്ക് പശുരാഷ്ട്രീയം കടന്നുവരുന്നതും ഇന്ദ്രപ്രസ്ഥത്തെ പിടിച്ച് കുലുക്കുകയും ചെയ്യുന്നതാണ് ഈ നോവലിന്റെ പശ്ചാത്തലം. രാഷ്ട്രീയത്തിൽ മാധ്യമങ്ങളുടെ ഇടപെടലുകളും അവരുടെ പിടിപാടുകളും തെളിമയോടെ ഈ നോവലിൽ പ്രതിപാദിക്കുന്നുണ്ട്. പ്രശസ്തരായ പല ജേർണലിസ്റ്റുകളും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന രംഗങ്ങൾ നമുക്ക് ചരിത്രം കാണിച്ചുതന്നിട്ടുമുണ്ട്.

## Assignments

1. വി. കെ. എന്നിന്റെ രചനാരീതിയുടെ പ്രത്യേകതകൾ എന്തെല്ലാം?
2. പഴയ ഡൽഹിയേയും സ്വാതന്ത്ര്യാനന്തര ഡൽഹിയേയും നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ?
3. കോളനികൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തെ പയ്യൻ വിവരിക്കുന്നതെങ്ങനെ?
4. പയ്യൻ ലോകം നേടാൻ മൂന്നു സാങ്കേതികവിദ്യകൾ നീക്കിവയ്ക്കുന്നു. അതേതെല്ലാം?
5. നോവലിലെ സ്ത്രീകഥാപാത്രങ്ങളിലൂടെ കടന്നുപോകുമ്പോൾ സ്ത്രീകളുടെ ഭോഗസാമഗ്രിയായി മാറുന്ന പുരുഷനെയാണ് കാണുന്നത്. വിലയിരുത്തുക.
6. നോവലിലെ പ്രധാന കഥാപാത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
7. അഭയാർത്ഥികളുടെയും സ്വദേശികളുടെയും ദീനതയുടെയും ഭീകരതയുടെയും ചിത്രം നോവൽ അനാച്ഛാദനം ചെയ്യുന്നതെങ്ങനെ?
8. വി. കെ. എന്നിന്റെ അനശ്വരസൃഷ്ടിയായ പയ്യൻ-കഥാപാത്ര നിരൂപണം നടത്തുക.
9. വി. കെ. എൻ. കൃതികളിലെ കറുത്ത ഫലിതം-ചർച്ചചെയ്യുക
10. ആധുനികതയുടെ പ്രത്യേകതകൾ വി.കെ.എൻ. കൃതികളിൽ. വിലയിരുത്തുക

## Suggested Readings


1. കെ. പി. അപ്പൻ മാറുന്ന മലയാള നോവൽ, ഡി. സി ബുക്സ്, കോട്ടയം.
2. ഇ. വി. രാമകൃഷ്ണൻ, മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. കെ. അഗസ്റ്റിൻ ജോസഫ്, ആധുനികത മലയാള നോവലിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# References


1. പന്മന രാമചന്ദ്രൻ നായർ(എ. ഡി.), സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
2. പി. കെ. രാജശേഖരൻ, അന്ധനായ ദൈവം-മലയാളനോവലിന്റെ 100 വർഷങ്ങൾ, ഡി. സി ബുക്സ്, കോട്ടയം.
3. ഇ. വി. രാമകൃഷ്ണൻ, മലയാളനോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ: വിപണി, കല, പ്രത്യയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 3

# ഖസാക്കിന്റെ ഇതിഹാസം

ഒ. വി. വിജയൻ

## Learning Outcomes

- ഇനിയും കണ്ടെത്തിയിട്ടില്ലാത്തതും ചുരുളഴിയാത്തതുമായ ഖസാക്കിലേക്ക് ഒഴുകിപ്പരക്കാൻതക്ക ഒരു നിരൂപകൻ പഠിതാവിൽ ഉടലെടുക്കുന്നു
- ആധുനികതാപ്രസ്ഥാനത്തിലെ അസ്തിത്വവാദത്തിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു
- സാമൂഹികവും കാല്പനികവുമായ യഥാതഥാഖ്യാനത്തിന്റെ ഭാവഗീതമെന്ന നിലയിൽ നോവൽ വിലയിരുത്തുന്നു
- മനുഷ്യജീവിതത്തിന്റെ വിപരീതസമസ്യയെ ആവിഷ്കരിക്കാനുള്ള ദാർശനിക യത്നങ്ങളായി ഒ. വി. വിജയന്റെ രചനകളെ പരിചയപ്പെടുന്നു
- നോവലിന്റെ രേഖീയമാനങ്ങളുടെയും സദാചാര മൂല്യങ്ങളുടെയും പൊളിച്ചെഴുത്തലായി ഖസാക്ക് ചർച്ച ചെയ്യപ്പെടുന്നു
- ഇതിഹാസദർശനം പകർന്നു തന്ന ഒ.വി. വിജയനെന്ന കഥാകാരന്റെ ജീവിതരേഖയും പ്രധാന കൃതികളും വിലയിരുത്തുന്നു
- ഖസാക്ക് എന്ന ഗ്രാമത്തിന്റെ പ്രത്യേകതകളും, കഥാപാത്രങ്ങളുടെ വൈവിധ്യവും ഭാഷാശൈലിയും മലയാള സാഹിത്യത്തിന്റെ അപൂർവ്വതയായി നോക്കിക്കാണുന്നു
- വായനക്കാരന്റെ മാനസികാവസ്ഥയ്ക്കൊത്തു രൂപം മാറുന്ന കഥാപാത്രങ്ങളായി ഖസാക്കിലെ കഥാപാത്രങ്ങളെ അപഗ്രഥിക്കുന്നു

## Background

നൂറ്റാണ്ടിന്റെ മധ്യത്തിൽ ആധുനികതാപ്രസ്ഥാനത്തിന്റെ വരവറിയിച്ചുകൊണ്ട് വിജയൻ കഥയെഴുതിത്തുടങ്ങുമ്പോൾ മലയാളചെറുകഥയിൽ രണ്ടു കല്പിതാഖ്യാനധ്രുവങ്ങളുണ്ടായിരുന്നു. കാല്പനികവും യഥാതഥാഖ്യാനവും. എഴുത്തിലും വരയിലും വായനയിലും മലയാളികൾക്ക് ഇതിഹാസതുല്യമായ ദർശനം പകർന്നു തന്ന കഥാകാരനായിരുന്നു ഊട്ടുപുലാക്കൽ വേലുക്കുട്ടി വിജയൻ എന്ന ഒ. വി. വിജയൻ. ചെറുകഥാരംഗത്തും നോവൽരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം മലയാളസാഹിത്യത്തിൽ പകരക്കാരില്ലാത്ത ഇതിഹാസകാരനായി. ആനന്ദ്, എം. മുകുന്ദൻ, കാക്കനാടൻ എന്നിവരുടെ സമകാലികനായാണ് ഒ. വി. വിജയൻ സാഹിത്യരംഗത്തേക്ക് എത്തിയത്. ഒരു ഭൂമികയിൽ തന്നെ നിലയുറപ്പിക്കാതെ മനുഷ്യമനസ്സുകളിലേക്കും സമൂഹത്തിലേക്കും ഒരുപോലെ കണ്ണുനട്ട് അവിടുന്ന് ആർജ്ജിച്ചെടുത്ത സംഭവങ്ങളെ തന്മയത്വത്തോടെ ആവിഷ്ക്കരിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധപതിപ്പിച്ചത്. മനുഷ്യജീവിതത്തിന്റെ വിപരീത സമസ്യയെ ആവിഷ്കരിക്കാനുള്ള ദാർശനികയത്നങ്ങളാണ് ഒ.വി. വിജയന്റ രചനകൾ. വൃദ്ധനും നിസ്സഹായനുമായ വെള്ളായിയപ്പന്റെ കഥ പറഞ്ഞ കടൽത്തീരത്ത്, ഇരുപത്തിയൊന്നാം നൂറ്റാണ്ട്, കാറ്റ് പറഞ്ഞ കഥ, അശാന്തി തുടങ്ങിയ കഥകളിലെല്ലാം തന്നെ മനുഷ്യജീവിതത്തിലെ എക്കാലത്തെയും സന്ദിഗ്ദ്ധതകളെ വിജയൻ മനോഹരമായി ചിത്രീകരിച്ചു. അദ്ദേഹത്തിന്റെ ഒട്ടുമുക്കാൽ കഥകളിലും വേറിട്ട ആഖ്യാന സവിശേഷത ദർശിക്കാം.

കഥാരചനയിൽ നിന്നും നോവൽരചനയിലേക്ക് തിരിഞ്ഞ അദ്ദേഹത്തിന്റെ ആദ്യത്തെ നോവലായ 'ഖസാക്കിന്റെ ഇതിഹാസം' ഇന്ത്യൻ ഭാഷാ സാഹിത്യങ്ങളിലെതന്നെ അപൂർവ്വതയായാണ് വിലയിരുത്തപ്പെടുന്നത്. നോവൽ സാഹിത്യത്തെ ക്ലാസ്സിക് തലത്തിലേയ്ക്ക് ഉയർത്തിയ കാലാതിവർത്തിയായ ഈ നോവൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതിൽ ശ്രേഷ്ഠമായ കൃതിയായി പരിഗണിക്കപ്പെടുന്നു. മലയാളനോവൽ സാഹിത്യചരിത്രത്തെ രണ്ടായി പകുത്തെടുത്ത കൃതിയായിരുന്നു ഖസാക്കിന്റെ ഇതിഹാസം. നോവൽസാഹിത്യം ഖസാക്കിന് മുമ്പും ഖസാക്കിന് ശേഷവും എന്ന് നിരൂപകർ വിശേഷിപ്പിച്ചിട്ടുണ്ട്. പിൽക്കാല സാഹിത്യരചനയെ സ്വാധീനിക്കുകയും മലയാളി ഭാവുകത്വത്തെ പുതുക്കിപ്പണിയുകയും ചെയ്ത നോവലാണിത്. പിന്നീടെഴുതിയ ഗുരുസാഗരം, തലമുറകൾ, പ്രവാചകന്റെ വഴി എന്നീ നോവലുകളിലെല്ലാം തന്നെ വ്യക്തിയും സമൂഹവും അനുഭവിക്കുന്ന മഹാവ്യസനത്തെക്കുറിച്ചുള്ള ദർശനങ്ങളും മനുഷ്യാവബോധത്തിന്റെ ചലനങ്ങളുമാണ് കാണാൻ കഴിയുന്നത്. ഈ നോവലുകളിലൂടെ ഒ.വി. വിജയൻ പുതിയൊരു വായനാനുഭവമാണ് സാഹിത്യലോകത്തിന് തുറന്നുകൊടുത്തത്. ആരെയും കൂസാതെ എന്തും തുറന്നെഴുതാൻ ധൈര്യം കാട്ടിയ, മലയാളസാഹിത്യത്തിലെ ആധുനികതയ്ക്ക് അടിത്തറ പാകിയ എഴുത്തുകാരനും കാർട്ടൂണിസ്റ്റും കോളമെഴുത്തുകാരനായ പത്രപ്രവർത്തകനുമായിരുന്നു അദ്ദേഹം. 'ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം' എന്ന കാർട്ടൂൺ പരമ്പരയും 'ഇന്ദ്രപ്രസ്ഥം' എന്ന രാഷ്ട്രീയവിശകലനപരമ്പരയുമാണ് ഒരു കാർട്ടൂണിസ്റ്റ് എന്ന നിലയിൽ വിജയനെ പ്രശസ്തനാക്കിയത്.

1975 ൽ ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ എഴുത്തിലൂടെയും കാർട്ടൂണുകളിലൂടെയും നിശിതമായി വിമർശിച്ച ഇന്ത്യൻ എഴുത്തുകാരിൽ ഒരാൾ വിജയനാണ്. 'ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം' ഇതിനു തെളിവാണ്. അടിയന്തരാവസ്ഥയെ പ്രവാചകതുല്യമായ ഉൾക്കാഴ്ചയോടെ ദീർഘദർശനം ചെയ്ത 'ധർമ്മപുരാണം' എന്ന നോവൽ വിജയനെ മലയാളത്തിലെ എഴുത്തുകാരിൽ അനന്യനാക്കുന്നു. കാർട്ടൂൺ, ലേഖനം, ഓർമ്മക്കുറിപ്പ്, നോവൽ, ചെറുകഥ എന്നീ രംഗങ്ങളിൽ നിരവധികൃതികൾ അദ്ദേഹം സമ്മാനിച്ചു. കൂടാതെ തന്റെ നോവലുകൾ ഇംഗ്ലീഷിലേക്കും പരിഭാഷപ്പെടുത്തി. ആഫ്ടർ ദ ഹാങ്ങിങ്ങ് ആൻഡ് അദർ സ്റ്റോറീസ്, സാഗ ഓഫ് ധർമപുരി, ലജൻഡ് ഒഫ് ഖസാക്ക്, ഇൻഫിനിറ്റി ഓഫ് ഗ്രെയ്സ് എന്നിവയാണ് അദ്ദേഹത്തിന്റെ ഇംഗ്ലീഷ് രചനകൾ. മലയാളിമനസ്സിനെ ആനന്ദിപ്പിച്ച ഖസാക്കിന്റെ ഇതിഹാസം നമ്മെ അസ്തിത്വദുഃഖത്തിന്റെ അഗാധതകളിലേക്കും നിലയ്ക്കാത്ത വായനകളിലേക്കും നയിച്ചു. ഖസാക്കിന്റെ  വായന ഒരു ധ്യാനമാണെന്നും ഇന്നോളം അതിനുണ്ടായ  പഠനങ്ങളും ഇനിയുമുണ്ടാകാൻ വെമ്പൽകൊള്ളുന്ന പഠനങ്ങളും വിളിച്ചുപറയുന്നു. കാരണം വായനക്കാരന്റെ മാനസികാവസ്ഥയ്ക്കൊത്തു രൂപം മാറുന്ന കഥാപാത്രങ്ങളാണ് ഖസാക്കിലേത്. ആന്തരികവും വൈകാരികവുമായി മനസ്സിനൊത്ത് വായനക്കാരന്റെ ഇന്ദ്രിയങ്ങളിലേക്കു വൈവിധ്യങ്ങളോടെ നീരാളിക്കൈകൾ നീട്ടുന്ന കഥാപാത്രങ്ങൾ.  കവിതപോലെ ഒഴുകുന്ന അർത്ഥനിരർത്ഥശബ്ദങ്ങളുടെ സംഗീതാത്മകമായ ഒഴുക്കിലൂടെ നീന്തുന്ന ഭാഷ. പല വാചകങ്ങളുടെയും അർഥങ്ങൾ വിശകലനം ചെയ്യാൻ പാകത്തിലൊരു നിഘണ്ടു മലയാളത്തിലില്ലാത്തതുകൊണ്ടാകാം വായനക്കാർ അർത്ഥം തേടി ഖസാക്കിൽ അലഞ്ഞത്. അവിടെ വാരിവലിച്ചിട്ടിരിക്കുന്ന പ്രകൃതിയിൽ അർത്ഥങ്ങളെ തിരഞ്ഞത്. 'മലയാളഭാഷയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞ ഏറ്റവും വലിയ ഔന്നിത്യം ഇതിഹാസത്തിലെ വിജയന്റെ ഭാഷയാണ്' എന്ന് വി. സി. ശ്രീജൻ പറഞ്ഞപ്പോൾ താഹ മാടായി ഉറക്കെ വിളിച്ചു പറഞ്ഞു: 'ഖസാക്കിനു മീതെ മലയാളം പറന്നിട്ടില്ല'.

1930 ജൂലൈ രണ്ടിന് പാലക്കാട് ജില്ലയിലെ മങ്കരയിൽ ഒ. വി. വിജയൻ ജനിച്ചു. മദ്രാസിലെ പ്രസിഡൻസി കോളജിൽ നിന്ന് ഇംഗ്ലീഷിൽ എം. എ. ജയിച്ച ശേഷം കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ അധ്യാപകനായി. മധുരം ഗായതി, ഖസാക്കിന്റെ ഇതിഹാസം തുടങ്ങി ആറ് നോവലുകളും, ഒ. വി. വിജയന്റെ കഥകൾ, എന്റെ പ്രിയപ്പെട്ട കഥകൾ തുടങ്ങി പതിമൂന്ന് കഥാസമാഹാരങ്ങളും, ഇതിഹാസത്തിന്റെ ഇതിഹാസം, ഒ. വി. വിജയന്റെ ലേഖന

ങ്ങൾ എന്നിങ്ങനെ പന്ത്രണ്ട് ലേഖനസമാഹാരങ്ങളും ആക്ഷേപഹാസ്യം, കാർട്ടൂൺ, സ്മരണ എന്നിങ്ങനെ നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഒ.വി. വിജയൻ സെലക്റ്റഡ് ഫിക്ഷൻ 1998 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വായനക്കാരുടെ ഹൃദയത്തിലേക്ക് ഇനി എത്ര കഥാപാത്രങ്ങൾ കടന്നുവന്നാലും കടൽത്തീരത്തിലെ വെള്ളായിയപ്പനേയും ഖസാക്കിലെ രവിയേയും ഗുരുസാഗരത്തിലെ കുഞ്ഞുണ്ണിനായരേയും വായനാലോകം ഒരിക്കലും മറക്കില്ല. അവർക്ക് ജീവൻ നൽകിയ എഴുത്തുകാരനേയും.

**പ്രധാനകൃതികൾ**: (മലയാളം) നോവൽ: ഖസാക്കിന്റെ ഇതിഹാസം (1969), ധർമ്മപുരാണം (1985), ഗുരുസാഗരം (1987), മധുരം ഗായതി (1990), പ്രവാചകന്റെ വഴി (1992), തലമുറകൾ (1997). കഥകൾ: വിജയന്റെ കഥകൾ (1978), ഒരു നീണ്ടരാത്രിയുടെ ഓർമ്മയ്ക്കായി (1979), കടൽത്തീരത്ത് (1988), കാറ്റ് പറഞ്ഞ കഥ (1989), അശാന്തി (1985), ബാലബോധിനി (1985), പൂതപ്രബന്ധവും മറ്റ് കഥകളും (1993), കുറെ കഥാബീജങ്ങൾ (1995) ലേഖനങ്ങൾ, ഘോഷയാത്രയിൽ തനിയെ (1988), വർഗ്ഗസമരം, സ്വത്വം (1988), കുറിപ്പുകൾ (1988), ഇതിഹാസത്തിന്റെ ഇതിഹാസം (1989).

## Key themes

- നോവലിലെ ആധുനികതാവാദം-ആത്മനിരാസവും പാപബോധവും
- കഥാപാത്രങ്ങളുടെ അസ്തിത്വദുഃഖം
- ഏകാധ്യാപകവിദ്യാലയം-രവിയെന്ന നായകൻ
- രേഖീയമാനങ്ങളുടെയും സദാചാരദർശനങ്ങളുടെയും പൊളിച്ചെഴുത്ത്
- കവിതപോലെ അർത്ഥനിരർത്ഥശബ്ദങ്ങളുടെ സംഗീതാത്മകഭാഷ
- രവിയുടെ നിഗൂഢമായ ജീവിതവഴിത്താരകളും ചിന്താസരിണികളും വെളിവാകുന്നു
- വ്യത്യസ്തമനുഷ്യരുടെ ജീവിതങ്ങളിലൂടെ, ഒരു ഗ്രാമത്തിന്റെ കഥ ചുരുളഴിയുകയാണ്
- ജീവിതത്തിന്റെ അർത്ഥങ്ങളും അർഥശൂന്യതകളും വെളിവാക്കുന്നു
- പുരുഷാധിപത്യങ്ങൾക്കെതിരായ ഗ്രാമം ആയിരുന്നു ഖസാക്ക്
- സ്മാർത്തങ്ങളില്ലാത്ത ഖസാക്കിലെ ഞാറ്റുപുരകൾക്ക് ലിംഗകിരീടമില്ല

## Discussion

### 2.3.1 ഇതിവൃത്തസംഗ്രഹം

പാലക്കാട്ടെ പരിഷ്കാരനിറങ്ങളിൽപ്പെടാതെ ഒറ്റപ്പെട്ടുപോയ ഖസാക്ക് എന്ന കൊച്ചുഗ്രാമത്തിലേക്കാണ് യാതൊരു അപരിചിതത്വവും തോന്നാതെ രവി എന്ന ഒ.വി. വിജയന്റെ ഇതിഹാസനായകൻ വന്ന് ബസിറങ്ങുന്നത്. ഖസാക്കിൽ ഏകാധ്യാപക വിദ്യാലയമാരംഭിക്കാനാണ് രവി കൂമൻകാവിൽ വന്ന് ബസ്സിറങ്ങുന്നത്. ഖസാക്ക് എന്ന ഗ്രാമമാണ് നോവലിന്റെ ഭൂമിക. ചുരം കടന്നുവരുന്ന പാലക്കാടൻ കാറ്റ് ചൂളംകുത്തുന്ന കരിമ്പനകൾ നിറഞ്ഞ ഖസാക്ക് പരിഷ്കാരം തീരെ ബാധിക്കാത്ത റാവുത്തന്മാരുടെയും തീയന്മാരുടെയും ഗ്രാമമാണ്. ചെതലിമലയുടെ മിനാരങ്ങളിൽ കണ്ണുംനട്ട് കിടക്കുന്ന, ഷേയ്ക്കിന്റെ കല്ലറയിലും, രാജാവിന്റെ പള്ളിയിലും, അറബിക്കുള

ത്തിലും, പോതി കുടിപാർക്കുന്ന പുളിങ്കൊമ്പത്തുമൊക്കെ ചരിത്രങ്ങളും മിത്തുകളുമൊളിപ്പിച്ച, പ്രാചീനമായ ആ ഗ്രാമത്തിലേയ്ക്ക് സർക്കാറിന്റെ സാക്ഷരതാപരിപാടിയുടെ ഭാഗമായി ഏകാധ്യാപകവിദ്യാലയം സ്ഥാപിക്കുവാനെത്തുന്ന രവിയിൽ നിന്ന് കഥയാരംഭിക്കുന്നു. കഥയാരംഭിക്കുന്നു എന്ന് പറയാമെങ്കിലും ഇത് രേഖീയമായ ഒരു കഥയല്ല. കുറേ ഉപകഥകളിലൂടെ, കുറേ മനുഷ്യരുടെ ജീവിതങ്ങളിലൂടെ, ഒരു ഗ്രാമത്തിന്റെ കഥ ചുരുളഴിയുകയാണ് ഈ നോവലിൽ. അതിനൊപ്പം രവിയുടെ നിഗൂഢമായ ജീവിതവഴിത്താരകളും ചിന്താസരണികളും വെളിവാകുന്നു.

- ▶ ഏകാധ്യാപകവിദ്യാലയത്തിലേക്ക് രവി എത്തുന്നു

രവി സ്ഥലത്തെ പ്രമാണിയായ ശിവരാമൻ നായരുടെ ഞാറ്റുപുരയിൽ ഏകാധ്യാപകവിദ്യാലയം ആരംഭിക്കുന്നു. നാഗരികസംസ്കൃതിയുടെ അടയാളമായ ഏകാധ്യാപകവിദ്യാലയത്തിൽ കുട്ടികളെല്ലാം ചേരുന്നതോടെ ഗ്രാമത്തിലെ മതപാഠശാലയായ ഓത്തുപള്ളിയും അതിലെ അധ്യാപകനും മതപുരോഹിതനുമായ അള്ളാപ്പിച്ചാമൊല്ലാക്കയും ഉപേക്ഷിക്കപ്പെടുന്നു. പിന്നീട് മൊല്ലാക്ക രവിയുടെ വിദ്യാലയത്തിലെ തൂപ്പുജോലിക്കാരനാവുന്നു (അദ്ദേഹം അത് നേരാംവണ്ണം ചെയ്യുന്നില്ലെന്നത് മറ്റൊരു കാര്യം). അധ്യാപകനായ രവി ആ ഗ്രാമത്തിലെ നാഗരികതയുടെ ശിലാസ്ഥാപകനാവുകയാണ്. ഖസാക്കിലെ ജീവിതത്തിൽ അയാൾ മാധവൻ നായർ, കുപ്പുവച്ചൻ, അപ്പുക്കിളി, നൈജാമലി, മൈമുന, കുഞ്ഞാമിന തുടങ്ങി ഒരുപാട് ആളുകളുമായി പരിചയപ്പെടുന്നു. മൊല്ലാക്ക വളർത്തിയ അനാഥനായ നൈജാമലി മൊല്ലാക്കയുടെ മകളും അതിസുന്ദരിയുമായ മൈമുനയെ പ്രണയിച്ചതും, മൊല്ലാക്ക മൈമുനയെ മുങ്ങാങ്കോഴി (ചുക്രു റാവുത്തർ)യെന്ന, മൈമുനയേക്കാൾ പ്രായമേറെ ചെന്ന രണ്ടാംകെട്ടുകാരന് വിവാഹം കഴിച്ചുകൊടുത്തതും, അതിൽ പ്രതിഷേധിച്ച് നൈജാമലി വിപ്ലവകാരിയും കമ്മ്യൂണിസ്റ്റുമൊക്കെയായ ചരിത്രം ഖസാക്കിന്റെ പല കഥകളിൽ ഒന്നാണ്. നോവലിന്റെ വർത്തമാനകാലത്തിൽ നൈജാമലി ഖസാക്കിലെ പുതിയ മതപുരോഹിതനായ ഖാലിയാരാണ്.

- ▶ രവി ഗ്രാമത്തിലെ നാഗരികതയുടെ ശിലാസ്ഥാപകനാകുന്നു

ഖസാക്കിലെ ജീവിതത്തിൽ, രവിയുടെ ഓർമ്മകളിലൂടെ അയാളുടെ ഭൂതകാലത്തെക്കുറിച്ചുള്ള ചിത്രം വ്യക്തമാവുന്നു. രോഗിയായ അച്ഛന്റെ രണ്ടാംഭാര്യയുമായി അഗമ്യഗമനത്തിൽ ഏർപ്പെട്ടതിലുള്ള കുറ്റബോധം നിമിത്തം മദിരാശിയിലെ ബിരുദപഠനം പാതിവഴിയിലുപേക്ഷിച്ച്, പാപമോചനാർഥം പല നാടുകളിൽ അലഞ്ഞ് ഒടുവിൽ ഖസാക്കിൽ എത്തിച്ചേർന്നതാണ് രവി. ഖസാക്കിൽ ഉള്ളിലെരിയുന്ന പാപബോധത്തിൽ കഴിയുമ്പോഴും അയാൾക്ക് അഭിനിവേശങ്ങൾ ഒഴിവാക്കാനാകുന്നില്ല. അത് ഖാസാക്കിന്റെ സ്ത്രീകളായ മൈമുനയിലേയ്ക്കും, കേശിയിലേയ്ക്കും പടരുന്നു. ഓരോ രതിയ്ക്ക് ശേഷവും വർദ്ധിതമായ പാപചിന്തകളോടെ രവി ജീവിതത്തെ നോക്കിക്കാണുന്നു. വിദ്യാഭ്യാസകാലത്തെ കാമുകിയായ പദ്മ, രവിയ്ക്ക് വേണ്ടി തന്റെ മനസ്സും ശരീരവും അനാഘ്യതമായി സൂക്ഷിച്ചു. പദ്മയുടെ സ്നേഹവും ശരീരവും പോലും രവിക്ക് വിരസമായിത്തീരുന്നു. ജീവിതത്തിന്റെ അർഥങ്ങളെക്കുറിച്ചും അർഥശൂന്യതകളെക്കുറിച്ചും അയാൾ ചിന്തിക്കുന്നു. അയാൾ ആത്മനിരാസത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങുന്നു. തന്റെ വിദ്യാർഥിനിയായ, ബാല്യത്തിന്റെ അവസാന പടവിലെത്തിയ

> ▶ രവിക്ക് അഭിനിവേശങ്ങൾ ഒഴിവാക്കാനാകുന്നില്ല

നിഷ്ക്കളങ്കയായ കുഞ്ഞാമിന തന്റെ കൈകളിലേക്ക് ഋതുമതിയാവുമ്പോൾ പാപബോധവും പാപഭയവും രവിയെ ഉൽക്കടമായി പിടികൂടുന്നു. പാപങ്ങളുടെ കണക്കുകൾ വർദ്ധിക്കുവാതിരിക്കുവാൻ രവി ഒടുവിൽ ഖസാക്ക് വിടുകയാണ്. ഖസാക്കിൽ നിന്ന് യാത്രയാകുവാൻ ബസ്സ്റ്റോപ്പിൽ ബസ് കാത്തുനിൽക്കുന്ന രവി സർപ്പദംശനമേറ്റ് കിടക്കുന്നിടത്ത് നോവൽ അവസാനിക്കുന്നു.

മനുഷ്യന്റെയുള്ളിലെ അസ്തിത്വവിഷാദവും പാപബോധവുമാണ് ഈ നോവലിന്റെ അന്തർധാരയെന്ന് പൊതുവിൽ പറയാവുന്നതാണ്. പാപത്തിൽ നിന്ന് പാപത്തിലേയ്ക്കുള്ള പ്രയാണത്തിലൂടെ ജീവിതത്തിന്റെ അർഥങ്ങളന്വേഷിക്കുന്ന ഒരു പര്യവേഷകനാണ് ഖസാക്കിലെ രവി. സങ്കീർണമായ ഒരുപിടി മാനസികതലങ്ങൾ നമുക്ക് ഈ നോവലിൽ അനുഭവവേദ്യമാകും. പുണ്യപാപചിന്തകളാൽ മഥിക്കപ്പെടുന്ന രവി, പുണ്യപാപസങ്കൽപ്പങ്ങളെ അപ്രസക്തമാക്കുന്ന മൈമുന, വ്യവസ്ഥാപിത-ആത്മാർഥ പ്രണയത്തിന്റെ മാതൃകയായ പദ്മ, നിഷ്കളങ്കവും വിശുദ്ധവുമായ സ്നേഹത്തിന്റെ മൂർത്തഭാവമായ കുഞ്ഞാമിന, മന്ദബുദ്ധിയെങ്കിലും ജീവിതത്തിന്റെയും ജൈവരാശികളുടെയും വളർച്ചകളെക്കുറിച്ച് അനുവാചകനെ ബോധവാനാക്കുന്ന അപ്പുക്കിളി, 'നിനക്ക് അച്ഛന്റെ തനിഛായ ആണ്' എന്ന് എപ്പോഴും പറയുന്ന യുവതിയായ അമ്മയിൽ നിന്ന് ഈഡിപ്പസ് കോംപ്ലക്സ് കാരണം ഒളിച്ചോടുന്ന മാധവൻ നായർ.... അങ്ങനെ സ്നേഹത്തിന്റെയും ധർമ്മാധർമ്മങ്ങളുടെയും പുണ്യപാപസങ്കൽപ്പങ്ങളുടെയും, ജീവിതാർഥങ്ങളുടെയും വിവിധവശങ്ങൾ സന്ദേഹിയായ വിജയൻ ഖസാക്കിലൂടെ അന്വേഷിക്കുന്നു. ഇവയ്ക്കൊന്നും ലളിതമായ, സ്പഷ്ടമായ ഉത്തരങ്ങൾ വിജയൻ പക്ഷേ നൽകുന്നില്ല. കഥ വായനക്കാരന് വിടുന്ന, അവനെ കഥയുടെ അനന്തരമനനം ഏറ്റെടുക്കുവാൻ നിർബന്ധിതനാക്കുന്ന എഴുത്തിന്റെ മാന്ത്രികനിലയിൽ വിജയൻ നോവലിനെ പ്രതിഷ്ഠിക്കുന്നു.

> ▶ സങ്കീർണമായ ഒരുപിടി മാനസിക തലങ്ങൾ നോവലിൽ അനുഭവവേദ്യമാകും

തേവാരത്തു ശിവരാമൻ നായരുടെ ചെറിയൊരു ഞാറ്റുപുരയിലാണ് രവി ഏകാധ്യാപകവിദ്യാലയം ആരംഭിച്ചത്. നെല്ലിന്റെ മണമുള്ള ആ മുറിയിൽ നാലഞ്ചു ബഞ്ചുകൾ, കസേര, മേശ, ബോഡ്, ഗാന്ധിജിയുടെയും ഹിറ്റ്ലറുടെയും ഹനുമൽപാദരുടേയും വർണ്ണപടങ്ങൾ എന്നിവ ശിവരാമൻനായർ ഒരുക്കിവച്ചിരുന്നു. അപ്പുക്കിളി, മൈമുന, മാധവൻ നായർ, ചാന്തുമ്മ, കുപ്പുവച്ചൻ, നൈസാമലി, കുഞ്ഞാമിന, അള്ളാപ്പിച്ചാമൊല്ലാക്ക, മുങ്ങാങ്കോഴി തുടങ്ങി ഒരു ഗ്രാമത്തിന്റെ തലങ്ങളെയെല്ലാം സ്പർശിക്കുന്നത്രയും കഥാപാത്രങ്ങൾ രവിയുടെ ജീവിതത്തിലൂടെ പലഭാവങ്ങളിലും വികാരങ്ങളിലും കടന്നുപോകുന്നു. എങ്ങനെയൊക്കെയോ ജീവിച്ചുപോകുന്നവരുടെ ഗ്രാമമാണ് ഖസാക്ക്. ഭക്ഷണത്തിനുവേണ്ടി പോലും ഖസാക്ക് ആശങ്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ തൊഴിൽ എന്നത് ഖസാക്കുകാരുടെ നിർബന്ധിത ആവശ്യവുമല്ല. സ്ഥലത്തെ പ്രധാന ജന്മി കേശവൻ നായരാണ്. ആ ഗ്രാമത്തിലുള്ളവർക്ക് വിദ്യാഭ്യാസം നൽകാൻ തന്റെ ഞാറ്റുപുരയും സൗകര്യങ്ങളും നൽകാൻ മടിയില്ലാത്തവനാണ് ജന്മി. രണ്ടു വർഷക്കാലയളവിൽ ആ വിദ്യാലയം പരാജയപ്പെടുകയും സ്വഭാവദൂഷ്യത്തിന്റെ പേരിൽ രവി സസ്പെൻഡ് ചെയ്യപ്പെടുമെന്നുമായ

പ്പോൾ അയാൾ അവിടെ നിന്നും തിരിക്കുകയാണ്. പക്ഷേ, രവിയെന്ന വരത്തനെ സ്വീകരിച്ച ഖസാക്ക് ഈ കാലത്തിനുള്ളിൽ തളരുന്നുണ്ട്. അനക്കങ്ങളെ നിശ്ചലമാക്കുന്നു. രവിയോളം വായനക്കാർ സ്വീകരിച്ച അപ്പുക്കിളി അനാഥനായി. അസുഖങ്ങളും നിരന്തരമായുണ്ടാകുന്ന മരണങ്ങളും ഖസാക്കിനെ തളർത്തി. ശ്മശാനഭൂമികയുടെ ബസ്സ്റ്റോപ്പിൽ രവി കാത്തുനിന്നതും മരണത്തെ തന്നെയല്ലേ.

> ▶ രവിയുടെ ജീവിതത്തിലൂടെ പലഭാവങ്ങളും വികാരങ്ങളും കടന്നുപോകുന്നു

മദിരാശിയിലെ താംബരത്തെ ക്രിസ്ത്യൻ കോളേജിൽ ആസ്ട്രോഫിസിക്സിൽ ബിരുദാനന്തരബിരുദത്തിനു പഠിച്ച രവി. ഗവേഷണ അവസരങ്ങളെപ്പോലും തഴഞ്ഞ് ആശ്രമങ്ങളിലേക്കും അവിടെനിന്ന് നാഗരികതയുടെ വെള്ളിവെളിച്ചം പോലും പതിക്കാത്ത ഖസാക്കിലേക്കും ഓടിയൊളിക്കുകയായിരുന്നു. അവനെ 'നക്ഷത്രക്കുട്ടാ' എന്നു വിളിച്ചിരുന്ന അമ്മയുടെ മരണവും അച്ഛന്റെ രണ്ടാം വിവാഹത്തിന്റെ ഭാഗമായെത്തിയ ചിറ്റമ്മയും അവനെ ഏകാന്തതയുടെ തടവുകാരനാക്കി. അവസാനം ചിറ്റമ്മയുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന രവി അസ്തിത്വദുഃഖത്തിന്റെയും പാപബോധത്തിന്റെയും ഇരുട്ടറകളിൽ നീറിപ്പുകഞ്ഞു. അതിൽ നിന്നെല്ലാമുള്ള മോചനം സാധ്യമാകാതെ വന്നപ്പോഴാണ് രവി ഖസാക്കിലെത്തുന്നത്. എന്നാൽ അസ്തിത്വദുഃഖത്തിന്റെ ഒഴുക്കിൽ ഒരു ഗ്രാമമൊന്നാകെ രവിയോടൊപ്പം ഒലിച്ചുതുടങ്ങുകയായിരുന്നു. ആത്യന്തികദുഃഖത്തെപ്പറ്റി ജ്ഞാനമില്ലാത്തതു കൊണ്ട് ഒഴുക്കിനെയറിയാതെ ജീവിച്ചവർക്കിടയിൽ നിലയില്ലാതെ ശ്വാസംമുട്ടിയപ്പോൾ രവി ഖസാക്കിൽ നിന്നും ഒളിച്ചോടുകയാണ്. മരണത്തിന്റെ നീലനിറം പേറി ഖസാക്കിൽ നിന്നു രക്ഷപ്പെടാൻ ബസ്സ് കാത്തു കിടന്ന രവി മലയാളസാഹിത്യചരിത്രത്തിൽ ഉണ്ടാക്കിയ കോളിളക്കങ്ങൾ ചെറുതല്ല.

> ▶ രവി ഖസാക്കിൽ നിന്നും ഒളിച്ചോടുകയാണ്

മനുഷ്യർ അന്നം കൊണ്ടുമാത്രമല്ല, കാമം കൊണ്ടു കൂടിയാണ് ജീവിക്കുന്നത് എന്ന് പറഞ്ഞ് ഖസാക്കിലെ പെൺകാമനകളെപ്പറ്റി എഴുതിയത് ഡോ. റോസി തമ്പിയാണ്. ഖസാക്കിന്റെ രതി ആവിഷ്ക്കാരങ്ങൾ സ്വതന്ത്രമായ കാഴ്ചപ്പാടിൽ നോക്കിക്കാണുമ്പോൾ അത് ലിംഗഭേദങ്ങളെ ഒരരികിലേക്ക് മാറ്റി നിർത്തിക്കൊണ്ടാണെന്നത് ശ്രദ്ധേയമാണ്. മനുഷ്യന്റെ കാമത്തെ ഭാവനകളിൽ മുഴുകാനനുവദിക്കാതെ സ്വാഭാവികമായ വികാര വൈചിത്ര്യങ്ങളോടെത്തന്നെ വിജയൻ ആവിഷ്കരിക്കുന്നുണ്ട്. മരിച്ചവരും ജീവിക്കുന്നവരും പൂതങ്ങളും മിത്തുമെല്ലാം കൂടി വിലക്കുകളില്ലാതെ സ്വൈരവിഹാരം നടത്തുന്ന ഒരിടം; വിജയൻ സ്വപ്നം കണ്ട ഖസാക്ക് ശ്വസിക്കുകയാണ്. സർവ്വസ്വാതന്ത്ര്യങ്ങളോടെ. ഒരു ഏകാധ്യാപക വിദ്യാലയവും അവിടേക്കെത്തിയ രവിയും ഇൻസ്പെക്ടറും ഒരു പോലീസ്റ്റേഷനും മാത്രമാണ് ഖസാക്കിന് പുറം ലോകവുമായുള്ള ബന്ധം. രവിയെ മാത്രമേ ഖസാക്ക് സർവ്വാത്മനാ സ്വീകരിക്കുന്നുള്ളൂ. ബാക്കിയുള്ളവരെല്ലാം നൈമിഷികമായി ഖസാക്കിനെ കണ്ടു പോയവരാണ്. ഖസാക്കിന്റെ ആത്മാവിനെ തൊട്ട്, അവിടത്തെ സ്വാതന്ത്ര്യങ്ങളിലേക്ക് വിഹരിക്കാൻ ഖസാക്ക് ക്ഷണിച്ചു വരുത്തിയ രവി, അപരിചിതത്വമേതും കൂടാതെ ഖസാക്കിൽ വന്നിറങ്ങിയത് ആ ഗ്രാമം ആ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിലായിരുന്നതു കൊണ്ടാകാം. സ്വകാര്യതയും സ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസം ഒരുപക്ഷേ കടന്നുകയറ്റങ്ങളേ

> ▶ രവിയെ മാത്രമേ ഖസാക്ക് സർവ്വാത്മനാ സ്വീകരിക്കുന്നുള്ളൂ.

തുമില്ലാത്ത ഖസാക്കുകാർക്ക് മനസ്സിലാകില്ല. രവിയെ ഖസാക്ക് കാത്തിരുന്നതും അതുകൊണ്ടാകാം.

രവിയിലേക്ക് എത്തിപ്പെടുന്ന ഖസാക്കിലെ പെണ്ണുങ്ങളെ ആധുനികലോകം അത്ഭുതത്തോടെയായിരിക്കണം നോക്കിനിന്നത്. ഇരയും വേട്ടക്കാരനുമില്ലാത്ത ഖസാക്കിന് രതി സുന്ദരമായ അനുഭൂതിയാണ്. ഖസാക്കിന് സ്വകാര്യതകളില്ല: വികാരങ്ങൾക്ക് താക്കോലുണ്ടെന്നും അത് പൂട്ടി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം പെണ്ണിനാണെന്നുമുള്ള പുരുഷാധിപത്യങ്ങൾക്കെതിരായ ആധുനിക വായനയെ ആ ഗ്രാമം പിടിച്ചുലച്ചതിൽ തെറ്റില്ല. ആധുനികന്റെ രതിസങ്കല്പങ്ങളെ രവിയോടൊപ്പം തന്നെ വെല്ലുവിളിച്ചവളാണ് ഖസാക്കിന്റെ യാഗാശ്വമായ മൈമുന. കാസിമും ഹനീഫയും ഉസാമത്തും ഉബൈദാവൂദും കൊതിച്ചത് തലയിൽ തട്ടമിട്ടില്ലെങ്കിൽ മലക്കുകൾ പോലും മോഹിക്കുന്ന മൈമുനയെയായിരുന്നു. രണ്ടാംകെട്ടുകാരനായ മുങ്ങാങ്കോഴിയുമായുള്ള വിവാഹത്തിനു മുമ്പും ശേഷവും ആ സൗന്ദര്യസാരം ഖാലിയാരായ നൈസാമലിയെ പ്രാപിക്കുന്നുണ്ട്. അവൾ മുങ്ങാങ്കോഴിയെയും സ്നേഹിക്കുന്നുണ്ട്. മൈമുനയുടെ സൗന്ദര്യാന്വേഷണം രവിയിലേക്കും എത്തുന്നത് ഒരു പൂവിരിയും പോലെ സ്വാഭാവികമായാണെന്ന് ഖസാക്ക് അടിവരയിടുന്നു.

▶ ഖസാക്കിന്റെ യാഗാശ്വമായ മൈമുന

പോതിയുടെ പുളിമരത്തിൽ നിന്ന് ചാന്തുമ്മയുടെ ഭർത്താവ് വീണുമരിക്കുന്നത് ചാന്തുമ്മ പതിവ്രതയല്ലാത്തതു കൊണ്ടാണെന്നാണ് ഖസാക്കിന്റെ വിശ്വാസം. പക്ഷേ, ചാന്തുമ്മ ഖസാക്കിൽ അന്യയല്ല. രവി ചാന്തുമ്മയ്ക്കും ആശ്വാസമാണ്. ഭർത്താക്കന്മാരില്ലാത്ത നാലു സഹോദരിമാർക്കും കുഞ്ഞുങ്ങൾ ഉണ്ടാകാതിരിക്കുമ്പോൾ ഭർത്താവില്ലാത്ത അവരുടെ അനിയത്തി നീലിയാണ് അപ്പുക്കിളിക്ക് ജന്മം കൊടുക്കുന്നത്. അഞ്ച് അമ്മമാരുടെ പൊന്നോമനയായ അപ്പുക്കിളി ഖസാക്കിൽ തിരസ്കൃതനല്ല. നീലിയുടെയും പ്രിയപ്പെട്ടവനാണ് ഖാലിയാർ. ചക്കരക്കാരി തങ്കയ്ക്കും ഭർത്താവില്ല എന്നുകരുതി തങ്കയും രതിയെ ആസ്വദിക്കാതിരിക്കുന്നില്ല. കഞ്ചാവു വിൽപ്പനയുമായി നടക്കുന്ന ഭർത്താവ് തിരിച്ചെത്തുംവരെ ചാരായവാറ്റും വേശ്യാവൃത്തിയുമായി നടക്കുന്ന കോടച്ചിയും ഖസാക്കിലെ നിഷേധിയല്ല. കുപ്പുവച്ചൻ തന്റെ മരുമകളെ രവിക്ക് നൽകുന്നത് ഖസാക്കിന്റെ നീതികേടുമല്ല. കുപ്പുവച്ചന്റെ ഭാര്യ കല്യാണി അയാളെ ഉപേക്ഷിച്ച് സ്വന്തം നാട്ടിലേക്ക് തിരിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമാണ്. ഇറക്കിവിടാൻ ഖസാക്കിനാവില്ല. ഇറങ്ങിവന്നിടത്തേക്ക് തിരിച്ചു കയറാനുള്ള ആർജ്ജവം ഖസാക്കുകാർക്കുണ്ടുതാനും.

▶ പുരുഷാധിപത്യങ്ങൾക്കെതിരായ ഒരു ഗ്രാമം ആയിരുന്നു ഖസാക്ക്

കേശവൻ നായരുടെ ഭാര്യ നാരായണി അണിഞ്ഞൊരുങ്ങി ഞാറ്റുപുരയിലേക്കിറങ്ങുന്നത് നായർ കയ്പ്പോടെ ഓർക്കുമ്പോൾ വിജയൻ ഞാറ്റുപുര പീഡനമുറിയാക്കി അടക്കിവാണിരുന്ന പുരുഷരതിയുടെ ചരിത്രത്തെ നിഷ്ക്കരുണം വെല്ലുവിളിക്കുന്നുണ്ട്. കേരളചരിത്രം അമ്പരപ്പോടെ ഖസാക്കിലേക്ക് നോക്കും. സ്മാർത്തങ്ങളില്ലാത്ത ഖസാക്കിലെ ഞാറ്റുപുരകൾക്ക് ലിംഗകിരീടമില്ല. ഇവിടെ ധർമ്മാധർമ്മങ്ങളെപ്പറ്റി ആകുലപ്പെടാൻ വിജയൻ ഒരാളെ കണ്ടെത്തുന്നു. ഖസാക്കിലേക്ക് വിദ്യാഭ്യാസം എന്ന ആധുനികസംസ്കാരത്തെ കൊണ്ടുവരാൻ ശ്രമ

പ്പെടുന്ന, ഭാര്യയുടെ ഞാറ്റുപുരവാസത്തിൽ അസ്വസ്ഥനാവുന്ന ശിവരാമൻനായരാണ് ആ വ്യക്തി. 'ധർമ്മക്ഷയം ധർമ്മക്ഷയം, മഹാമായേ എന്തൊക്കെ കാണേണ്ടിവരണു!' എന്ന വിലാപത്തെ ഖസാക്കിനു പുറത്തുള്ളവർക്ക് ഒഴിവാക്കാനാവുന്നതല്ലല്ലോ. ഖസാക്കിൽ ഒന്നിലധികം പുരുഷനിലേക്ക് കടക്കാതിരുന്നത് തിത്തിബിയുമ്മ മാത്രമാണ്. ആ തിത്തിബിയുമ്മയായിരിക്കും ഒരുപക്ഷേ, ഖസാക്കിലെ പുരോഗമനവാദി. കാരണം അവളുടെ ഭർത്താവിന്റെ ബഹുഭാര്യത്വത്തെയും സ്വവർഗ്ഗപ്രണയത്തെയും അവർ എതിർക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്. സാധാരണ പെണ്ണുങ്ങളല്ല ഖസാക്കിലേത് എന്ന് മനസ്സിലാക്കുന്നവർക്കു മാത്രമേ ഖസാക്കിലെ തിത്തിബിയുമ്മയുടെ ഈ അംഗീകാരത്തിന്റെ കാതൽ വിധേയത്വത്തിൽ നിന്നുണ്ടാകുന്നതല്ല എന്ന് മനസ്സിലാകൂ. ഖസാക്കിനു പുറമേ നിന്നെത്തുന്ന പത്മയിൽ ഖസാക്കിനു പുറത്തുനിന്നെത്തിയ രവി തീർക്കുന്ന ദാഹത്തിലേ ഈ വൈചിത്ര്യം കൂടുതൽ വ്യക്തമാകൂ.

> ▶ ഖസാക്കിലെ പുരോഗമനവാദി തിത്തിബിയുമ്മ

പത്മ രവിക്കു വേണ്ടിയുള്ള കാത്തിരിപ്പിലാണ്. ആധുനികകാലത്തിന്റെ സർവ്വബോധങ്ങളും മദിക്കുന്ന പത്മ ഏകപുരുഷധ്യാനത്തിലാണ് രവിയെ പ്രാപിക്കുന്നത്. ഖസാക്കിന്റെ നിഗൂഢതകളും സ്വാതന്ത്ര്യങ്ങളും പത്മയ്ക്കു പരിചിതമല്ല. അല്ലെങ്കിലും ഖസാക്കിനു പുറത്ത്  രതിയുടെ അധിപൻ പുരുഷനാണല്ലോ. 'പിഴച്ചവൾ' എന്ന സ്ത്രീലിംഗം നിഘണ്ടുവിലില്ലാത്ത ഖസാക്കും  പ്രണയവും പത്മയ്ക്ക് അപ്രാപ്യമാകാതെ തരമില്ലല്ലോ. കാമം സ്ത്രീപുരുഷന്മാരാൽ മാത്രം പൂരിപ്പിക്കപ്പെടുന്ന ഒന്നല്ല എന്നും പ്രകൃതിയിൽ പലവിധത്തിലുള്ള ലൈംഗികവൈവിധ്യമുള്ളവരുണ്ടന്നും അവരും ഈ ലോകത്തിന്റെ ഭാഗമാണെന്നും മൊല്ലാക്കയും നൈസാമലിയും വിളിച്ചുപറയുന്നു. അത് വിളിച്ചുപറയാൻ ഖസാക്കിനേക്കാൾ നല്ലൊരു ഭൂമികയില്ലെന്ന് വിജയനും അറിയാമായിരുന്നിരിക്കണം. എന്നാൽ വി. രാജകൃഷ്ണന്റെ 'രോഗത്തിന്റെ പൂക്കൾ' എന്ന ലേഖനത്തിൽ രവിയുടെ കാമനകൾ ബൈബിളിലെ പാപബോധത്തിലാണ് കണ്ടെത്തുന്നത്. അത് ഖസാക്കിന്റെ കാമനകളിൽ സാധ്യമാകുന്നുണ്ടോ എന്ന് വായിക്കാനുള്ള സ്വാതന്ത്ര്യം വായനക്കാരനുണ്ട്. ഖസാക്കിലെ രതി പുരുഷന്റെ സ്വകാര്യസ്വത്തല്ല. പുരുഷനു മാത്രം അവകാശപ്പെട്ട സ്വകാര്യതകളെക്കുറിച്ച് ഖസാക്ക് ആകുലപ്പെടുന്നില്ല. ഖസാക്കിലെ പുളി പറിക്കാർ, ചാരിത്രവതികളെ കാക്കുമെന്നു വിശ്വസിക്കുന്ന പോതിയുടെ പരദേവത തങ്ങുന്ന പുളിമരത്തിൽ പുളി പറിക്കാനും തന്റെ ഭാര്യയെ പരീക്ഷിക്കാനും തയ്യാറാകാഞ്ഞതെന്തേ? ചാന്തുമ്മയുടെ റാവുത്തർ പോലും പുളിമരത്തിൽ പിടിച്ചുകയറിയപ്പോൾ അവളുടെ പെണ്ണിനെയല്ല, വിളഞ്ഞ പുളികളെയും തെറ്റത്തെ പുളിഞ്ചില്ലകളിൽ വിശ്രമിക്കുന്ന മേഘങ്ങളേയും മാത്രമേ കാണുന്നുണ്ടായിരുന്നുള്ളൂ.

> ▶ ഖസാക്കിലെ രതി പുരുഷന്റെ സ്വകാര്യസ്വത്തല്ല

മൈമുനയിലും മാധവന്റെ അമ്മയിലും തുടങ്ങി സ്കൂളിനു ചുറ്റും വട്ടംതട്ടിനിൽക്കുന്ന കുട്ടികളെ തിരിച്ചുവിളിക്കാനെന്ന ഭാവത്തിൽ കുട്ടികളുടെ മാഷായ പുതുപുരുഷനെ വരവേൽക്കുന്ന ഏകാധ്യാപകവിദ്യാലയ പരിസരത്ത് തട്ടിയും മുട്ടിയും നിൽക്കുന്ന വലിയ ചുണ്ടും പതിഞ്ഞ മൂക്കുമുള്ള എണ്ണമെയ്‌ലി, വാലുവച്ചു കണ്ണെഴുതിയ മധ്യവയസ്ക, തുടകൾ പറ്റെകാണുവോളം ചേല മടക്കികുത്തി കു

ഞ്ഞിനു മുലകൊടുത്തു നിൽക്കുന്ന ചെട്ടിച്ചി എന്നിവരോളം നീളുന്നു ഖസാക്കിലെ പെണ്ണുങ്ങൾ. സദാചാരസമൂഹത്തിൽ ജീവിക്കുന്ന വായനക്കാർക്ക് ഒരുപക്ഷേ ഇവർ മാനസികരോഗികളാകാം, വികൃതരൂപികളാകാം. ഖസാക്കുകാരുടെ രതി, ഭർതൃസങ്കല്പങ്ങൾക്കപ്പുറം ജൈവസങ്കല്പത്തിൽ അധിഷ്ഠിതമാകുന്നത് ഇവരിലൂടെയൊക്കെയാണ്. പുരുഷൻ കാണിച്ച രതിയിലൂടെയല്ല, പ്രകൃതി കാണിച്ച രതിയിലൂടെയാണ് വിജയന്റെ സഞ്ചാരം. വിലക്കുകൾ ഒഴിഞ്ഞ വഴിയിലൂടെ വിജയന് വഴിയൊരുക്കുന്നത് പ്രകൃതിയാണ്. വിജയന് വഴിതെറ്റില്ല, ഖസാക്ക് അതിനനുവദിക്കില്ല. സദാചാരപാഠങ്ങൾ കേട്ടുപഠിച്ച തലമുറയിലെ ഒരാൾക്കും കടന്നുചെല്ലാൻ അനുവാദമില്ലാത്ത ഖസാക്കിന്റെ ആഴങ്ങൾ ജൈവബുദ്ധിയോടെ വരുന്നവർക്ക് മുമ്പിൽ മാത്രമേ സ്വതന്ത്രതയോടെ തുറക്കൂ. മറ്റൊരു തരത്തിൽ ഖസാക്കിനു പുറത്തെ രവി വായനക്കാരന്റെ മുന്നിൽ വിചാരണയ്ക്കു നിർത്തിയവനാണ്. അവൻ ആദ്യമായി കാമത്തെ അറിയുന്നത് അവന്റെ ചിറ്റമ്മയിൽ നിന്നാണ്. മാതൃത്വത്തിൽ കാമം കണ്ടെത്തുന്ന രീതി നമുക്ക് പരിചിതമല്ല. ഏകപുരുഷനിൽ വിശ്വസിച്ച് രവിയെ അന്വേഷിച്ചെത്തുന്ന പത്മയ്ക്ക് മുമ്പിൽ വായനക്കാർ വിണ്ടും അസ്വസ്ഥരാകുന്നു. ഒരിക്കലും രവിക്ക് പത്മയെ ആത്മാർത്ഥമായി പ്രണയിക്കാൻ കഴിയില്ലെന്ന് അവർ പറയുന്നു. അവന് നേരെ നീളുന്ന പാമ്പിന്റെ പത്തികൾ വിടരുന്നതും താഴുന്നതും രവി കൗതുകത്തോടെയാണ് നോക്കിക്കാണുന്നത്. വിജയൻ രവിയെ അവിടെ വായനക്കാർക്കായി കിടത്തിക്കൊടുക്കുന്നു പാമ്പിന്റെ പത്തിയെ വാത്സല്യമായി തോന്നിപ്പിക്കും വിധം മോചനവും വ്യക്തിത്വവും പാകതയും ആ അവസാന നിമിഷത്തിൽ മാത്രം രവിക്ക് വിജയൻ കൽപ്പിച്ച് നൽകുന്നുമുണ്ട്.

- ജൈവസങ്കല്പങ്ങളിൽ അധിഷ്ഠിതമാകുന്ന രതി

## 2.3.2 ഇതിവൃത്തവിശകലനം

ഖസാക്കിന്റെ ഇതിഹാസത്തിന്റെ ആരാധകസമൂഹത്തെ ഖസാക്കിസ്റ്റുകൾ എന്ന് വിളിച്ചാൽ മലയാളത്തിലെ ആദ്യത്തെ ഖസാക്കിസ്റ്റ് ആഷാമേനോനായിരിക്കുമെന്ന് എൻ.പി. വിജയകൃഷ്ണൻ പറയുന്നു. 'ഞാൻ ഖസാക്കിൽ എന്റെ മനക്കണ്ണിൽ കണ്ട വേദനകളും കണ്ണീരും ഇന്നാണ് ആദ്യമായി ഒരാൾ ഖസാക്കിൽ പകുക്കുന്നത്' എന്ന്, ആഷാമേനോന്റെ ആദ്യത്തെ കത്തിനുള്ള മറുപടിയായി, ഒ.വി. വിജയൻ പറയുന്നു. കമ്പ്രത്തു ശ്രീകുമാറിന് വേണ്ടിയാണ് ഖസാക്കിന്റെ ഇതിഹാസം രചിച്ചതെന്ന് വിജയൻ ആഷാമേനോനുള്ള കത്തിൽ എഴുതിയിരുന്നു. ഖസാക്കിലേക്കുള്ള വാതിൽ ഫ്രാൻസിസ് നൊറോണയുടെ ചില വായനകളുടെ വെളിച്ചത്തിൽ നിന്നു തുടങ്ങാം. 'ഒരുപാട് മോഹിപ്പിച്ച താഴ്‌വരയാണ് ഖസാക്കിന്റേത്. ചിലപ്പോളത് നിഗൂഢതകളുടെ ഇരുൾക്കരിമ്പടം പുതച്ച് നമ്മുടെ സ്വസ്ഥതയെ കെടുത്തിയിട്ടുണ്ടാവാം'. കൗമാരവായനയിൽ ഖസാക്കിലെ രതി അദ്ദേഹത്തിന് നിഗൂഢതയായിരുന്നു. കോളേജിൽ പഠിക്കുമ്പോഴത്തെ വായനാനുഭവം കടുത്ത വിഷാദത്തിന്റെ ഒരു കീറ് ഖസാക്കിനു മീതെ മൂടിക്കെട്ടി നിൽക്കുന്നതു പോലെയായിരുന്നു. അരമനയിൽ കണക്കെഴുത്തു പണിയുമായി കഴിയുന്ന സമയത്തെ വായനയിൽ രവി ക്രിസ്തുവാകുന്നു. പിന്നീടുള്ള വായനയിൽ നെറോണയ്ക്ക് രവി താൻ തന്നെയാണെന്നാണ് തോന്നുന്നത്. ചിലപ്പോഴൊക്കെ വിഷാദവും പ്രണയവും

മുറ്റിനിൽക്കുന്ന രവിയാകാൻ അദ്ദേഹത്തിന്റെ മനസ്സ് കൊതിച്ചത്രെ! ബസ്സ് കാത്തുള്ള ആ കിടപ്പിലേക്ക് എത്തിച്ചേരാനുള്ള തിടുക്കമായിരുന്നത്രെ മനസ്സിൽ.

▶ ഖസാക്കിസ്റ്റുകൾ -ആഷാമേനോൻ, ഫ്രാൻസിസ് നൊറോണ, എൻ.പി. വിജയകൃഷ്ണൻ

ആധുനികന്റെ അന്വേഷണങ്ങളുടെ ആകെത്തുകയാണ് അസ്തിത്വദുഃഖം. ജീവിതത്തിന്റെ അർത്ഥംതേടിയുള്ള ആധുനികന്റെ അലച്ചിലിൽ സാഹിത്യത്തെ പിടിച്ചുലച്ചവനാണ് രവി. കാരണം ഈ ദുഃഖത്തിന്റെയും അന്വേഷണത്തിന്റെയും ഭാഗമായാണാല്ലോ രവി ഖസാക്കിൽ എത്തിച്ചേരുന്നത്. താൻ ആരെന്നും തന്റെ ജീവിതോദ്ദേശ്യമെന്തെന്നും അന്വേഷിച്ചു നടക്കുന്ന രവിയുടെ ജീവിതത്തിനും വായനക്കാരന്റെ ആകാംക്ഷകൾക്കും ദുഃഖത്തിനും ഉത്തരം നൽകാൻ കഴിഞ്ഞില്ലെങ്കിലും പുത്തൻ അധ്യായങ്ങൾ നൽകാൻ പ്രാപ്തമായിരുന്നു ഖസാക്ക് എന്ന കൊച്ചുഗ്രാമം. കാരണം ഖസാക്കിനും ഖസാക്കുകാർക്കും ഐഡന്റിറ്റിയുണ്ട്. അവരുടെ അസ്തിത്വത്തിന്റെ വേര് കണ്ടുപിടിച്ചത് അള്ളാപിച്ചാ മൊല്ലാക്കയാണ്. മൊല്ലാക്ക റാവുത്തമാരുടെ കുട്ടികൾക്ക് ആ കഥ പറഞ്ഞുകൊടുക്കുന്നുണ്ട് .പണ്ട് പണ്ട് വളരെ പണ്ട് ഒരു പൗർണമി രാത്രിയിൽ ആയിരത്തൊന്നു കുതിരകളുടെ ഒരു പട ഖസാക്കിലേക്കു വന്നു. റബ്ബുൽ ആലമീനായ തമ്പുരാന്റെയും മുത്തുനബിയുടെയും ബദരീങ്ങളുടെയും ഉടയവനായ സെയ്യദ്മിയാൻ ഷെയ്ക്കും തങ്ങന്മാരുമായിരുന്നു അത്. തങ്ങന്മാർ കുതിരകളെ കരിമ്പനകളിൽ തളച്ചിട്ട് പനങ്കാട്ടിൽ പാളയമടിച്ചു. ആ പാളയത്തിന്റെ സന്തതികളാണ് ഖസാക്കുകാർ. ചെതലിമലയിൽ അവശേഷിക്കുന്ന ഷെയ്ക്തങ്ങളുടെ കല്ലറയെയും പ്രേതത്തെയും ഖസാക്കുകാർ ജാതിഭേദമെന്യേ ആരാധിക്കുന്നു. അവിടേക്കാണ് രവിയുടെ പലായനം.

▶ ആധുനികന്റെ അന്വേഷണങ്ങളുടെ ആകെത്തുകയാണ് അസ്തിത്വദുഃഖം

അസ്തിത്വപൂർണ്ണതയും അന്വേഷണവും എളുപ്പമല്ലെന്ന് കുഞ്ഞാമിനയിലൂടെ രവി തിരിച്ചറിയുകയായിരുന്നു. എല്ലാ മനുഷ്യരും ഒരുപോലെ പാപികളാണെന്ന അറിവ് രവിയെ സ്വയം കണ്ടെത്താൻ പ്രേരിപ്പിക്കുന്നു. പുണ്യശാലികളാണെങ്കിൽ ആർക്കും പുനർജ്ജന്മത്തിന്റെ ആവശ്യമില്ല. അത്തരത്തിലൊരു അസ്തിത്വമാണ് മനുഷ്യരുടേതെന്ന് രവി തിരിച്ചറിയുന്നു. അസ്തിത്വാന്വേഷണം എന്ന പേരിലുള്ള രവിയുടെ ചിന്തയും പലായനവും ഒളിച്ചോട്ടമല്ല; എല്ലാ നേട്ടങ്ങളെയും തൃണവൽഗണിച്ചു മുന്നോട്ടുനീങ്ങാൻ കെല്പുള്ള സമചിത്തനായ മനുഷ്യന്റെ ദൃഢനിശ്ചയമാണത് എന്ന് ജോൺ കെ. ജെ. പറയുന്നു. എന്നാൽ ഖസാക്കിൽ വേർപിരിയലിന്റെയും പുനസമാഗമത്തിന്റെയും ആവർത്തനങ്ങൾക്ക് രവി സാക്ഷിയും ഭാഗവുമായിതീർന്നു. സ്വന്തം കയ്യൊപ്പിനെപ്പോലും തിരസ്കരിക്കുന്ന അഥവാ മറക്കുന്ന രവി. ആധുനികലോകം അവനെ അടയാളപ്പെടുത്തുന്ന സ്വത്വത്തെ ത്യജിക്കുകയാണ്, നഷ്ടപ്പെടുത്തുകയാണ്. ബുദ്ധിമാനായിട്ടും ഖസാക്കിലെത്തി അരാജകജീവിതം നയിക്കുന്ന രവി ഒരു കാലത്തിന്റെ ബുദ്ധിജീവിയുവത്വങ്ങളുടെ പ്രതിനിധിയാണ്. ഖസാക്കിലെ രവി വിജയന്റെത്തന്നെ ഒരു ഭാവമാണെന്നാണ് ആഷാമേനോൻ പറയുന്നത്. ഒറ്റപ്പെടാനുള്ള സ്വപ്രേരണയാണ് ആധുനികൻ അനുഭവിക്കുന്ന അന്യവത്കരണ സ്വഭാവങ്ങളിലൊന്ന്, തന്റേതു മാത്രമായ ലോകസൃഷ്ടിയിലേക്കൊതുങ്ങുന്നവൻ തീർക്കുന്ന അന്യതാബോധം.

▶ അസ്തിത്വ പൂർണ്ണതയും അന്വേഷണവും

ഖസാക്കിലെ കാഴ്ചകളിൽ രവി മനുഷ്യജന്മങ്ങളെല്ലാം നിമിഷനേരത്തേക്കുള്ള തീർത്ഥാടനങ്ങളാണെന്ന് ദർശിക്കുന്നു. ഇരുളിന്റെയും വെളിച്ചത്തിന്റെയും മാത്രം കൂട്ടിരിപ്പിൽ മാനുഷിക ബന്ധങ്ങളെല്ലാം അടുത്ത ജന്മത്തിലേക്കുള്ള വിത്തിടുന്നു. ഇതു തുടർന്നുകൊണ്ടേയിരിക്കുന്നു. സാധാരണഗതിയിൽ അന്യതാ ബോധങ്ങളെല്ലാം ഈശ്വരനിലോ മറ്റു പലതിലുമോ അഭയം പ്രാപിക്കുന്നതു കാണാം. രവി മദ്യത്തിലും കാമത്തിലുമാണ് ഈ അഭയത്തെ കണ്ടെത്തുന്നത്. എല്ലാ പുതിയ അറിവുകളും അതുവരെ ആർജിച്ച അറിവുകളെ, ശ്രേഷ്ഠതയെ ഇല്ലാതാക്കുമെന്ന് മനസ്സിലാക്കിയവനാണ് മാധവൻനായർ. രവിയും മാധവൻനായരുമൊക്കെ ഒരേ ദുഃഖത്തിന്റെ പല മുഖങ്ങളാണ്. രവിയുടെ അച്ഛനും മൊല്ലാക്കയും, പൂജ്യം എന്ന ചിഹ്നം മാത്രമറിയാവുന്ന അപ്പുക്കിളിയും നൈസാമലിയും ശിവരാമൻനായരുമെല്ലാം ഇതിഹാസത്തിലെ ശൂന്യതയിൽ ഉഴലുന്നവരാണ്. രവിയും അള്ളാപ്പിച്ചാമൊല്ലാക്കയും ആബിദയും ഗോപാലുവുമെല്ലാം പ്രതികരിക്കാൻ പോലും അശക്തരായ വിഷാദികളാണ്. മാതൃത്വത്തെ പ്രാപിക്കുന്ന രവി, അറിവില്ലായ്മയുടെ പേരിൽ വിദ്യാലയത്തെ എതിർക്കുന്ന മൊല്ലാക്ക, ജന്മിയെ തല്ലുന്ന കുപ്പുവച്ചൻ, വർഗ്ഗീയ ചിന്തയിൽ രവിയുടെ എതിരാളിയായ ശിവരാമൻനായർ എന്നിവരുടെ ചെയ്തികൾ ആധുനികന്റെ വിവിധങ്ങളായ നിഷേധങ്ങളെയാണ് തുറന്നുകാണിക്കുന്നത്. ഖസാക്കിലെ കഥാപാത്രങ്ങളോരോരുത്തരും അന്യരും അനാഥരും ഏകാകികളുമൊക്കെയായി പട്ടികപ്പെടുമ്പോൾ എല്ലാ പട്ടികയിലും ഒരുപോലെ വരുന്ന ആളായതുകൊണ്ടാണ് വിജയൻ രവിയെ ഖസാക്കിലേക്കു തന്നെ അയക്കുന്നത്. മരണാസന്ന നിലയിൽ പോലും അച്ഛനെ കാണാൻ തയ്യാറാകാത്ത രവിയുടെ നിസ്സംഗതയും, പത്തിവിടർത്തിനിൽക്കുന്ന പാമ്പിൽനിന്നു നിന്ന് ഓടിമാറയുന്നതിനു പകരം കാല്പടം നീട്ടുന്ന രവിയുടെ മരണചിന്തയും, അച്ഛനെ മറക്കുമ്പോൾ ഈശ്വരനെയും മറന്നുപോകുന്ന രവിയുടെ നിരീശ്വരചിന്തയുമൊക്കെ ഖസാക്കിലെ കഥാപാത്രങ്ങളുടെകൂടി സത്തയാണ്.

- മനുഷ്യജന്മങ്ങളെല്ലാം നിമിഷനേരത്തേക്കുള്ള തീർത്ഥാടനങ്ങളാണ്

## Summarised Overview

1969-ൽ പ്രസിദ്ധീകൃതമായ ഖസാക്കിന്റെ ഇതിഹാസം അതുവരെയുണ്ടായിരുന്ന സാഹിത്യസങ്കൽപ്പങ്ങളെ മാറ്റിമറിച്ചു. ഖസാക്കിന്റെ ഭാഷ അന്ന് വരെ മലയാളി പരിചയിച്ചിട്ടില്ലാത്ത പുതിയൊരു തരം മലയാളമായിരുന്നു. ഖസാക്കിലെ കരിമ്പനകളിൽ കാറ്റ് പിടിക്കുമ്പോൾ, ഈരച്ചൂട്ടുകൾ ബഹിരാകാശക്കപ്പലുകളിലെ സന്ദേശവാഹകരെപ്പോലെ മിന്നിക്കടന്നു പോകുമ്പോൾ, ഒക്കെ മലയാളി അത് കൗതുകത്തോടെയും അമ്പരപ്പോടെയും നോക്കിനിന്നു. അപരിചിതമായ വാക്കുകളും ശൈലികളും ഖസാക്കിൽ അവർ കണ്ടു. പുതുമയും പൂർണതയുമാർന്ന ബിംബങ്ങൾ ഖസാക്കിന്റെ മാത്രം മുഖമുദ്രയായിരുന്നു. പ്രൗഢവും കുലീനവുമായ ഒരു നോവൽ ഭാഷ ഖസാക്കിൽ ഉടലെടുത്തു. ആ ഭാഷ മലയാളത്തിന്റെ പുതിയ സാഹിത്യതലമുറയിൽ പുതിയൊരു ഭാഷാവബോധവും ശൈലീതരംഗവും സൃഷ്ടിച്ചു. ഖസാക്കിന്റെ സ്വാധീനം യുവതലമുറയുടെ അക്ഷരങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും തെളിഞ്ഞ് കിടന്നു.

പ്രമേയപരമായി ഖസാക്ക് മലയാളസാഹിത്യത്തിൽ നടത്തിയ വിപ്ലവമായിരുന്നു ഭാഷാപരമായ വിപ്ലവത്തേക്കാൾ മാരകം. പരസ്ത്രീഗമനം നടത്തുന്ന, ഇരുണ്ട ഇടങ്ങൾ ഹൃദയത്തിലൊളിപ്പിച്ച, നെഗറ്റീവ് ഇമേജ് ഉള്ള നായകന്മാർ അതുവരേയ്ക്കും മലയാള സാഹിത്യത്തിന് അന്യമായിരുന്നു. അക്കാലം വരെ ആദർശധീരരായ, നന്മയുടെ വിളനിലങ്ങളായ നായകന്മാരായിരുന്നു സാഹിത്യലോകത്തിൽ പ്രധാനമായും വിരാജിച്ചിരുന്നത്. ആ ചരിത്രസന്ധിയിലേയ്ക്കാണ് രവിയെന്ന, തോന്നിയപടി ജീവിക്കുന്ന, അസാന്മാർഗിയായ നായകൻ ധൈര്യപൂർവ്വം കയറിവന്നത്. ആദ്യമൊക്കെ മലയാളസാഹിത്യലോകമപ്പാടെ അന്ധാളിച്ച് പോയി. പുതിയ സത്യങ്ങൾ ഉൾക്കൊള്ളാൻ മടിച്ച്, ഖസാക്കിനെതിരെ, രവിക്കെതിരെ, വിജയനെതിരെ അന്ന് വാളെടുത്തവരിൽ അന്നത്തെ യാഥാസ്ഥിതികരായ പല സാഹിത്യരാജാക്കന്മാരുമുണ്ടായിരുന്നു (ആധുനികരായ മാധവിക്കുട്ടി, അയ്യപ്പപ്പണിക്കർ എന്നിവർ പോലും പുസ്തകത്തെ അനുകൂലിച്ചു പറഞ്ഞില്ല). ഖസാക്കിനെ ഉൾക്കൊള്ളാൻ സാഹിത്യസമൂഹവും വായനാസമൂഹവും അൽപ്പം സമയമെടുത്തു. പക്ഷേ പിന്നീട് മാറ്റങ്ങൾ പെട്ടെന്ന് തിരിച്ചറിഞ്ഞ പുതിയ തലമുറ ഖസാക്കിനെ ആവേശപൂർവ്വം സ്വീകരിച്ചു, നെഞ്ചേറ്റി. ഖസാക്ക് വീണ്ടും വീണ്ടും വായിക്കപ്പെട്ടു, ചർച്ച ചെയ്യപ്പെട്ടു. വിശകലനത്തിനും വിമർശനത്തിനും ഗവേഷണത്തിനും ഖസാക്ക് ആവർത്തിച്ച് വിധേയമായി. ഖസാക്കിലെ താത്വികചിന്തകൾക്ക് പുതിയ മാനങ്ങൾ കൽപ്പിക്കപ്പെട്ടു. ഖസാക്ക് മാറ്റത്തിന്റെ പതാകയായി മലയാളസാഹിത്യത്തിൽ ഉയർന്നുനിന്നു. അതിന്റെ തണലിൽ പുതിയ എഴുത്തുകാർ ധൈര്യത്തിന്റെയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെയും പുതിയ തുരുത്തുകൾ കണ്ടെത്തി. അങ്ങനെ മലയാളനോവൽ സാഹിത്യം 'ഖസാക്ക് പൂർവ്വമെന്നും ഖസാക്കാനന്തരമെന്നും' രണ്ടായി വിഭജിക്കപ്പെട്ടു.

എഴുത്തിലും വരയിലും വായനയിലും മലയാളികൾക്ക് ഇതിഹാസതുല്യമായ ദർശനം പകർന്നു തന്ന കഥാകാരനായിരുന്നു ഒ.വി. വിജയൻ. ചെറുകഥാരംഗത്തും നോവൽരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം മലയാള സാഹിത്യത്തിൽ പകരക്കാരില്ലാത്ത ഇതിഹാസകാരനായി. കാറ്റ്, തടാകം, ജമന്തിപ്പൂവ്, വെളുത്തമഴ, പരൽമീനുകൾ, ബസ്സ്, പാമ്പ് തുടങ്ങിയ ബിംബങ്ങൾ, ഖസാക്ക് എന്ന ചുരുളഴിയാത്ത മിത്ത്, മുല, യോനി, ലിംഗം ആർത്തവം, തീട്ടം തുടങ്ങിയ പദങ്ങളിൽ കണ്ടെത്തുന്ന ശീലാശ്ലീലങ്ങൾ, ഭാഷാചരിത്രത്തിലേക്ക് ചേക്കേറിയ പ്രയോഗങ്ങൾ തുടങ്ങി ഖസാക്കിൽ നിന്ന് തിരഞ്ഞെടുക്കുന്ന അന്വേഷണങ്ങളിൽ അലയുന്നവരാണ് ഖസാക്കിന്റെ സ്നേഹികളും വിരോധികളും. അതിനാൽത്തന്നെ ഖസാക്ക് പഠനങ്ങളിൽ അവസാന വാക്കില്ല. ആധുനികന്റെ അന്വേഷണങ്ങളുടെ ആകത്തുകയാണ് അസ്തിത്വദുഃഖം. ജീവിതത്തിന്റെ അർത്ഥംതേടിയുള്ള ആധുനികന്റെ അലച്ചിലിൽ സാഹിത്യത്തെ പിടിച്ചുലച്ചവനാണ് രവി. കാരണം ഈ ദുഃഖത്തിന്റെയും അന്വേഷണത്തിന്റെയും ഭാഗമായാണല്ലോ രവി ഖസാക്കിൽ എത്തിച്ചേരുന്നത്. താൻ ആരെന്നും തന്റെ ജീവിതോദ്ദേശ്യമെന്തെന്നും അന്വേഷിച്ചു നടക്കുന്ന രവിയുടെ ജീവിതത്തിനും വായനക്കാരന്റെ ആകാംക്ഷകൾക്കും ദുഃഖത്തിനും ഉത്തരം നൽകാൻ കഴിഞ്ഞില്ലെങ്കിലും പുത്തൻ അധ്യായങ്ങൾ നൽകാൻ പ്രാപ്തമായിരുന്നു ഖസാക്ക് എന്ന കൊച്ചുഗ്രാമം. കാരണം ഖസാക്കിനും ഖസാക്കുകാർക്കും ഐഡന്റിറ്റിയുണ്ട്.

അസ്തിത്വദുഃഖവും അതുവരെ ചർച്ച ചെയ്യപ്പെടാത്ത പാപവിചാരങ്ങളുടെ തീവ്രതയും, അതവതരിപ്പിച്ച ഭാഷയുടെ തീവ്രതയും കാല്പനികതയും ഗഹനതയും അത് മുന്നോട്ടുവച്ച കഥാപാത്രങ്ങളും, ഗ്രാമം പോലും 53 വർഷത്തിനിപ്പുറവും പൂർണ്ണമായഴിയാത്ത സമസ്യയാണ്. മിത്ത്, നിഷേധം, അസ്തിത്വദുഃഖം, അന്യവത്കരണം, ശൂന്യതാബോധം, വിഷാദം, അനാഥത്വം, നിസ്സംഗത തുടങ്ങി നീളുന്നു ആ സമസ്യയുടെ കുരുക്കുകൾ ഏതധ്യായം എടുത്താലും ഒറ്റയ്ക്കൊരു കഥയുടെ പൂർണ്ണത. എന്നാലവ ചേർത്തുവയ്ക്കുമ്പോൾ നോവലിനോട് ചേരുകയും ചെയ്യുന്ന ഒരു മാജിക് ഖസാക്കിന്റെ ഇതിഹാസത്തിന്റെ ഘടന, മലയാള നോവൽ സാഹിത്യത്തിന്റെ ഭാവുകത്വപരവും ഭാഷാപരവും സൗന്ദര്യശാസ്ത്രപരവുമായ വഴിത്തിരിവാണ്. മുൻമാതൃകകളില്ലാത്ത ഖസാക്കിന്റെ ഇതിഹാസം ഒരുക്കിയ പുതുമയെ ഇന്നും അതിജീവിക്കാൻ

കഴിയുന്നൊരു നോവൽ വന്നതായി ചരിത്രം അംഗീകരിക്കുന്നില്ല. അതുവരെ അനുഭവിക്കാത്ത അനുഭൂതികളിലേക്ക് ഖസാക്ക് വായനയെയും സാഹിത്യത്തെയും കൂട്ടിക്കൊണ്ടു പോയി. ഭ്രമാത്മകതയുടെ മായികലോകമായി, ഇതിഹാസമായി മലയാളത്തിന്റെ ഖസാക്കിന് ഒ .വി. വിജയൻ ജന്മം നൽകി. മലയാളിമനസ്സിനെ ആനന്ദിപ്പിച്ച ഖസാക്കിന്റെ ഇതിഹാസം നമ്മെ അസ്തിത്വ ദുഃഖത്തിന്റെ അഗാധതകളിലേക്കും നിലയ്ക്കാത്ത വായനകളിലേക്കും നയിച്ചു. 'ഖസാക്കിന്റെ ഇതിഹാസം' പോലെയോ അതിനേക്കാളോ ഭാഷയിലും പ്രമേയത്തിലും ഔന്നത്യത്തിൽ നിൽക്കുന്ന ഒരു നോവൽ എഴുതാൻ ഒ.വി. വിജയൻ ഉൾപ്പെടെ ഒരു നോവലിസ്റ്റിനും സാധിച്ചിട്ടില്ലെന്ന് സാഹിത്യനിരൂപകർ സാക്ഷ്യം ചെയ്യുന്നു. അങ്ങനെ നോക്കുമ്പോൾ ഖസാക്ക് മലയാളനോവൽ സാഹിത്യചരിത്രത്തിലെ ഉദാത്തരചനയായി നില കൊള്ളുന്നു. രവിയിൽ ഒതുങ്ങിനിന്ന ഒന്നല്ല ഖസാക്കിന്റെ ഇതിഹാസം എന്ന് ഇതിഹാസത്തെ നാടകമാക്കിയ ദീപൻ ശിവരാമൻ പറയുന്നു. 'ഖസാക്കിന്റെ ഇതിഹാസം' എന്ന് പറയുന്നത് കുപ്പുവച്ചന്റെയും അള്ളാപ്പിച്ചാ മൊല്ലാക്കയുടേയും നൈസാമലിയുടെയും മൈമൂനയുടെയും തിത്തിബിയുടെയും കുഞ്ഞാമിനയുടെയുമൊക്കെ കഥയാണ്. രവി അതിനകത്തെ ഒരു പഥികൻ മാത്രമാണ്. നോവലിനെ ദൃശ്യമായിക്കണ്ട  ദീപന്റെ വായനകൾ വിമർശിക്കപ്പെടുകയുണ്ടായില്ല.

ഖസാക്കിന്റെ ഇതിഹാസത്തിന്റെ ആദ്യവായനക്കാരനാണ് ഡോ. ഒ. എം. അനുജൻ. ഖസാക്കിന്റെ ഇതിഹാസത്തിലെ പുതുമ ശ്രദ്ധിക്കപ്പെടുമെന്ന് ആദ്യവായനയിൽത്തന്നെ അദ്ദേഹത്തിന് തോന്നിയിരുന്നു. വിജയൻ വേണ്ട വിധം മലയാളം പഠിക്കാഞ്ഞതാണ് ഖസാക്കിന്റെ ഇതിഹാസത്തിന്റെ വിജയമെന്നും അതിനായി വിജയൻ സൃഷ്ടിച്ച ഭാഷ ഒ. വി. വിജയന്റെ സ്വന്തമാണെന്നും ഒ. എം. അനുജൻ പറയുന്നു.  പരിണാമമാണ് ഖസാക്കിനെ നിർമ്മിച്ച കലാതത്വമെന്ന് ഏത് കഥാപാത്രത്തെ പിന്തുടർന്നാലും നമുക്ക് മനസ്സിലാകും. 'ചെതലിയുടെ കൊടുമുടിയിൽ നിന്ന് ചിറകുവിടർത്തി താഴോട്ട് പറക്കുന്ന നൈസാമലി, ജന്മാന്തരങ്ങളറിഞ്ഞ അപ്പുക്കിളി, നെന്മണിയെറിഞ്ഞാൽ വന്ന് കൊത്തിപ്പെറുക്കുമെന്ന് കുപ്പുവച്ചൻ പറഞ്ഞ മുങ്ങാങ്കോഴി, അരശുകളുടെ തണലിൽ തുമ്പിയായി മാറുന്ന ആബിദ ഓരോ കഥാപാത്രവും ജീവപരിണാമത്തിന്റെ ഓരോ അടയാളങ്ങളാണ്. അവർ കൂടിച്ചേർന്ന് ജീവജാലങ്ങളുടെ ഒരു മാറാല സൃഷ്ടിക്കുന്നു. ഇത്തരമൊരു സങ്കീർണ്ണതയെപ്പറ്റി ഡാർവ്വിൻ പറഞ്ഞിട്ടില്ല. അതദ്ദേഹത്തിന്റെ പരിമിതിയല്ല. പക്ഷേ, വിജയന്റെ പരിണാമബോധത്തിന്റെ സൗന്ദര്യാനുഭവം ഈ മാറാലയിലൂടെയാണ് അന്തർവൈജ്ഞാനികമായി ആവിഷ്കരിക്കപ്പെട്ടത്'. (ഡോ എം. എ. സിദ്ദിഖ്).

# Assignments

1. മലയാള സാഹിത്യത്തിൽ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിന്റെ സ്ഥാനമെന്ത്?
2. ഖസാക്കിനെക്കുറിച്ചുള്ള വി.സി.ശ്രീജന്റെ അഭിപ്രായമെന്ത്? അതിനുള്ള താഹാ മാടായിയുടെ മറുപടിയെന്ത്?
3. രവി ഖസാക്കിലെത്തിച്ചേർന്നതെന്തിന്?
4. നോവലിസ്റ്റ് രവിയെ എന്തിന്റെ പ്രതീകമായാണ് നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്?
5. ഖസാക്കിലെ രതി പുരുഷന്റെ സ്വകാര്യസ്വത്തല്ല. പുരുഷനു മാത്രം അവകാശപ്പെട്ട സ്വകാര്യതകളെക്കുറിച്ച് ഖസാക്ക് ആകുലപ്പെടുന്നില്ല-സാംഗത്യമെന്ത്?
6. പുരുഷാധിപത്യങ്ങൾക്കെതിരായ ഗ്രാമം ആയിരുന്നു ഖസാക്ക്-വിലയിരുത്തുക.

7. ഖസാക്കിൽ ഉള്ളിലെരിയുന്ന പാപബോധത്തിൽ കഴിയുമ്പോഴും രവിക്ക് അഭിനിവേശങ്ങൾ ഒഴിവാക്കാനാകുന്നില്ല - കാരണമെന്ത്?
8. ഇതിഹാസങ്ങളുടെ ഇതിഹാസമാണ് ഖസാക്ക്-വിലയിരുത്തുക.
9. ഖസാക്കിനു മീതേ മലയാളം പറന്നിട്ടില്ല-അപഗ്രഥിക്കുക.
10. ഖസാക്കിന്റെ ഇതിഹാസം ഇന്ത്യൻ ഭാഷാസാഹിത്യങ്ങളിലെതന്നെ അപൂർവ്വതയാണ്-സമർത്ഥിക്കുക.
11. ആധുനികതയുടെ പ്രതീകമായ രേഖീയമാനങ്ങളുടെയും പൊളിച്ചെഴുത്തലായി ഖസാക്ക് ചർച്ച ചെയ്യുക.

## Suggested Readings


1. വി. രാജകൃഷ്ണൻ, രോഗത്തിന്റെ പൂക്കൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എൻ. ജയകൃഷ്ണൻ (എ. ഡി.), ഇതിഹാസങ്ങളുടെ ഖസാക്ക്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി. കെ. രാജശേഖരൻ, പിതൃഘടികാരം, ഡി. സി. ബുക്സ്, കോട്ടയം.
4. ടോണി മാത്യു, ഒ. വി. വിജയൻ: ഇതിഹാസത്തിന്റെ ഇതിഹാസം, ഖസാക്ക് പഠനങ്ങൾ.
5. എം. കെ. ഹരികുമാർ, ആത്മാനങ്ങളുടെ ഖസാക്ക്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്
6. ഖസാക്ക് പഠനങ്ങൾ, സമാഹരണവും എഡിറ്റിംഗും, കെ. ജി. കാർത്തികേയൻ, എം. കൃഷ്ണൻ നമ്പൂതിരി
7. ഖസാക്കിന്റെ ഇതിഹാസം നാൽപ്പതാം വാർഷിക പ്രത്യേക പതിപ്പ്


## References


1. കെ. എം. തരകൻ, നോവൽ സാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ
2. പി. കെ. രാജശേഖരൻ, അന്ധനായ ദൈവം മലയാള നോവലിന്റെ 100 വർഷങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ഷാജി ജേക്കബ്, മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എൻ. പി. വിജയകൃഷ്ണൻ, ഒരു ഖസാക്കിന്റെ ആത്മസഞ്ചാരം, അടയാളം പബ്ലിക്കേഷൻസ്, തൃശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 4

# മരുഭൂമികൾ ഉണ്ടാകുന്നത്

ആനന്ദ്

## Learning Outcomes

- ആധുനികത എന്ന പരികല്പന, ആധുനിക നോവലുകളുടെ സവിശേഷത എന്നിവ മനസ്സിലാക്കുന്നു
- അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളെക്കുറിച്ച് അറിവുനേടുന്നു
- ആനന്ദിന്റെ സാഹിത്യലോകത്തെയും ആഖ്യാന രീതികളെയും മനസ്സിലാക്കുന്നു
- മറുനാടൻ തൊഴിലിടങ്ങളെക്കുറിച്ചു സൂക്ഷ്മമായ അറിവുനേടുന്നു
- മനുഷ്യരുടെ നീതിബോധങ്ങളെക്കുറിച്ച് ധാരണനേടുന്നു
- ഇന്ത്യയുടെ ദേശീയതാസങ്കല്പത്തെ ഉയർത്തിക്കാണിക്കുന്ന ആനന്ദിന്റെ നോവലുകൾ വിലയിരുത്തുന്നു
- സമകാലിക സാഹിത്യ പ്രവണതകളെ പരീക്ഷണാത്മകമായി ഉപയോഗപ്പെടുത്തുന്ന ആനന്ദിന്റെ കൃതികൾ അപഗ്രഥിക്കുന്നു
- അനുഭവസമ്പത്തിലൂടെ ലഭ്യമായ ദർശനങ്ങളെ ആനന്ദ് നോവലുകളിലൂടെ അവതരിപ്പിക്കുന്ന രീതി ഗ്രഹിക്കുന്നു
- ജീവിതയാഥാർത്ഥ്യങ്ങളുടെ ചിത്രീകരണമായ ആനന്ദിന്റെ ആഖ്യാന സവിശേഷത വിലയിരുത്തുന്നു

## Background

കേരളത്തിന്റെ ഭൂപ്രകൃതി ഇന്ത്യയിലെ മറ്റു ദേശങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്. ദൈവത്തിന്റെ സ്വന്തം നാടെന്ന് കേരളത്തെ വിശേഷിപ്പിക്കുന്നതിന് പ്രധാന കാരണം തന്നെ പച്ചപ്പാർന്ന ഭൂപ്രകൃതിയാണ്. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു ഭൂമിശാസ്ത്രമാണ് മരുഭൂമിയുടേത്. ആയിരത്തൊന്നു രാവുകൾ പോലുള്ള കഥകളിലെല്ലാം തന്നെ മരുഭൂമിയിലെ കഥകൾ ചെറുപ്പം മുതലേ നമ്മൾ കേട്ടുവരുന്നതാണ്. മരുഭൂമിയിലെ ജീവിതം നമുക്ക് പരിചിതമാക്കിയത് സാഹിത്യരചനകളാണ്. ആധുനിക നോവലിന്റെ ഒരു പ്രധാന സവിശേഷത തന്നെ അതിന്റെ ഭൂമിക കേരളത്തിനു പുറത്തായിരുന്നു എന്നതാണ്. എം. മുകുന്ദൻ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവർ ഇന്ത്യയുടെ മറ്റു നഗരങ്ങളെ കേന്ദ്രീകരിച്ച് നോവലുകൾ രചിച്ചവരാണ്.

ആധുനിക നോവൽ സാഹിത്യരംഗത്ത് ശ്രദ്ധേയമായ വ്യക്തിത്വമാണ് ആനന്ദ്. പി.സച്ചിദാനന്ദൻ എന്നാണ് യഥാർത്ഥനാമം. 1936 ൽ ഇരിങ്ങാലക്കുടയിലാണ് അദ്ദേഹത്തിന്റെ ജനനം. ചെറുകഥ, നോവൽ, നാടകം, ലേഖനങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി നീണ്ടുകിടക്കുന്ന സാഹിത്യ സംഭാവനകൾ അദ്ദേഹം മലയാളത്തിനു നൽകിയിട്ടുണ്ട്. മനുഷ്യാനുഭവങ്ങളുടെ ഒരു വലിയ ലോകമാണ് ആനന്ദിന്റെ കൃതികൾ നമുക്ക് സമ്മാനിക്കുന്നത്. ചെറുകഥകളേക്കാൾ നോവലുകളാണ് ആനന്ദിന്റെ സാഹിത്യകൃതികളിൽ ഏറെ ശ്രദ്ധ നേടിയിട്ടുള്ളത്. ഇന്ത്യയുടെ ദേശീയതാസങ്കല്പത്തെ ഉയർത്തിക്കാണിക്കുന്നവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. ആൾക്കൂട്ടം, മരണസർട്ടിഫിക്കറ്റ്, ഉത്തരായനം, മരുഭൂമികൾ ഉണ്ടാകുന്നത്, ഗോവർദ്ധന്റെ യാത്രകൾ, അഭയാർത്ഥികൾ, വ്യാസനും വിഘ്നേശ്വരനും, അപഹരിക്കപ്പെട്ട ദൈവങ്ങൾ, വിഭജനങ്ങൾ, പരിണാമത്തിന്റെ ഭൂതങ്ങൾ, ദ്വീപുകളും തീരങ്ങളും എന്നിവയാണ് ആനന്ദിന്റെ പ്രധാന നോവലുകൾ.

കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ( 2012 ), മഹാശ്വേതാദേവിയുടെ 'കവി ബന്ദ്യഘടി ഗായിയുടെ ജീവിതവും മരണവും' എന്ന കൃതിയുടെ മലയാള വിവർത്തനത്തിന് 2012-ൽ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം (2012); 'ആൾക്കൂട്ട'ത്തിന് യശ്പാൽ അവാർഡ്; 'അഭയാർത്ഥികൾ'ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ്; 'മരുഭൂമികൾ ഉണ്ടാകുന്നതി'ന് വയലാർ അവാർഡ്, 'ഗോവർദ്ധനന്റെ യാത്രകൾ'ക്ക് (1997) കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ ആനന്ദിന് ലഭിച്ചിട്ടുണ്ട്. ഒരേ സമയം ആധുനികതയുടെ കാലത്തും ഉത്തരാധുനികതയുടെ കാലത്തും സാഹിത്യ സംഭാവനകൾ നൽകിയ ചുരുക്കം ചില സാഹിത്യകാരൻമാരിൽ പ്രധാനിയാണ് ആനന്ദ്. നവീന മലയാള നോവലിസ്റ്റുകളിൽ മനുഷ്യാനുഭവങ്ങളുടെ വ്യത്യസ്തമായ മേഖലകളിലൂടെ സഞ്ചരിച്ച എഴുത്തുകാരനാണ് ആനന്ദ്. വ്യതിരിക്തമായ ശൈലിയും ആഖ്യാനരീതിയും പ്രമേയത്തിലെ വൈവിധ്യവും ആനന്ദിന്റെ കൃതികളെ വ്യത്യസ്തമാക്കുന്നു. 1993-ലെ വയലാർ അവാർഡ് ലഭിച്ച കൃതിയാണ് 'മരുഭൂമികൾ ഉണ്ടാകുന്നത്'. ഒരെഴുത്തുകാരന് ഈ കാലഘട്ടത്തിൽ എഴുതാൻ കഴിയുക ചെറിയ കാര്യമല്ല. ആനന്ദ് ഒഴിച്ചുള്ള മലയാളത്തിലെ എല്ലാ നോവലിസ്റ്റുകളും താനും വായനക്കാരനും ചേർന്നുള്ള ശരാശരിവച്ചുകൊണ്ട് എഴുതുന്നവരാണ്. ആനന്ദാകട്ടെ താൻ തന്നെയാണ് വായനക്കാരനും എന്നുള്ള വിട്ടുവീഴ്ചയില്ലാത്ത തലത്തിൽ നിന്നുകൊണ്ട് സൃഷ്ടി നടത്തുന്നു. ഇവിടെ ഒരു ദന്തഗോപുര സാഹിത്യകാരനായി ആനന്ദ് തരം താഴുന്നുമില്ല. അങ്ങനെ താഴാത്ത ഒരു താത്വികവീക്ഷണത്തിന്റെ തലത്തിൽ നിന്നുകൊണ്ട് തന്റെ മനസ്സിനെ മനുഷ്യത്വത്തിന്റെ മഹാകാശങ്ങളിൽ വ്യാപരിപ്പിച്ച് വിക്ഷുബ്ധമായ അന്തരീക്ഷസൃഷ്ടിയിലൂടെ രചനാകർമം നിർവഹിക്കുന്ന ആനന്ദ് അസാമാന്യ പ്രതിഭാശാലിയാകാതെ വയ്യ.

മരുഭൂമിയുടെ നടുവിലൊരു പട്ടണത്തിൽ പഴയ കോട്ടയ്ക്കകത്ത്, തടവുപുള്ളികളെയും കോൺട്രാക്ടിലെടുത്ത നാടൻ മനുഷ്യരെയും കൊണ്ട് പണിചെയ്യിപ്പിച്ച് ഉണ്ടാക്കിയ ഒരു സുരക്ഷാ പദ്ധതിയിൽ ലേബർ ഓഫീസറായി വരുന്ന കുന്ദന്റെ കഥയാണ് ഈ നോവലിൽ പറയുന്നത്. കുറച്ച് തടവുകാരെയോ കുറെ നിസ്സഹായരായ ഗ്രാമീണരെയോ മാത്രമല്ല, അതിന്റെ ജനതയെ മുഴുവനുമാണ് ആധുനിക സ്റ്റേറ്റ് എന്ന അധികാരയന്ത്രം അതിന്റെ ക്രൂരമായ ലക്ഷ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നതെന്ന് വിചിത്രമായ അനുഭവങ്ങളിലൂടെ അയാൾ മനസ്സിലാക്കുന്നു. മനുഷ്യരെയും മനുഷ്യനെയും ഘടിപ്പിക്കുന്ന ഈർപ്പം നശിപ്പിക്കപ്പെടുമ്പോൾ മണലിന്റെ കിരുകിരുപ്പു പോലുള്ള അധികാരത്തിന്റെ സ്വരം എല്ലാ മൃദുലശബ്ദങ്ങളെയും കൊല്ലുമ്പോൾ നിഷ്ഠൂരമായ സർക്കാർ നിസ്സഹായരും ഒറ്റപ്പെട്ടവരുമായ അതിന്റെ ജനതയെ മണൽക്കാറ്റു പോലെ വേട്ടയാടുമ്പോൾ സമൂഹത്തിലേക്കും മനുഷ്യമനസ്സിലേക്കുമുള്ള മരുഭൂമിയുടെ വളർച്ച മുഴുവനുമാകുന്നു. ഉദ്വേഗജനകമായ ക്രിയകളുടെ സംവിധാനചാരുതയിലൂടെ ആസ്വാദകമാനസങ്ങളിൽ സർഗാത്മകമായ അസ്വാസ്ഥ്യം വിതയ്ക്കുന്ന 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവൽ സമകാലികമായ മനുഷ്യാവസ്ഥയുടെ വിപൽക്കരമായ നീക്കങ്ങളെക്കുറിച്ച് മാനവരാശിക്ക് മഹത്തായ മുന്നറിയിപ്പ് നൽകുന്നു.

## Key themes

- ആധുനിക, ഉത്തരാധുനിക സാഹിത്യസവിശേഷതകൾ
- നീതിബോധം, ഏകാധിപത്യം, അന്യതാബോധം, അസ്തിത്വദർശനം
- മനുഷ്യരുടെ നീതിബോധത്തിന്റെ വൈവിധ്യങ്ങളെ അടയാളപ്പെടുത്തുന്ന നോവൽ
- ആധുനികതയിൽ നിന്നും ഉത്തരാധുനിക നോവലിലേക്കുള്ള വഴികളെ അടയാളപ്പെടുത്തുന്നു
- നീതിബോധമുള്ള ഏകാകിയുടെ സ്വരം
- ഭരണകൂട പ്രത്യയശാസ്ത്ര ഭീകരതകൾ

## Discussion

### 2.4.1 ഇതിവൃത്തസംഗ്രഹം

ആനന്ദ് ഒരു ദാർശനികനാണ്. തന്റെ അനുഭവസമ്പത്തിലൂടെ ലഭ്യമായ ദർശനങ്ങളെ നോവലുകളിലൂടെ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ജീവിതത്തിലെ യാഥാർത്ഥ്യങ്ങളുടെ ചിത്രീകരണമാണ് ആനന്ദിന്റെ ആഖ്യാന സവിശേഷത. 'മരുഭൂമികൾ ഉണ്ടാകുന്നത്'എന്നത് ആനന്ദിന്റെ സവിശേഷമായ നോവലാണ്. 1989 ലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചത്. 'കുന്ദൻ' എന്ന കേന്ദ്രകഥാപാത്രത്തിന്റെ വീക്ഷണഗതികളിലൂടെ കഥ പറയുന്ന രീതിയാണ് മരുഭൂമികൾ ഉണ്ടാകുന്നത് എന്ന നോവലിൽ ആനന്ദ് സ്വീകരിച്ചിരിക്കുന്നത്. മനുഷ്യമനസ്സുകളിലാണ് മരുഭൂമികൾ ഉടലെടുക്കുന്നത് എന്ന് നോവൽ നമ്മെ ബോധ്യപ്പെടുത്തുന്നു. മരുഭൂമിയിൽ സ്ഥിതിചെയ്യുന്ന 'രംഭാഗഡ്' എന്ന പട്ടണത്തിനു നടുവിലുള്ള ഒരു പഴയ കോട്ടയ്ക്കകത്ത് സർക്കാർ സ്ഥാപിക്കുന്ന ഇൻസ്റ്റലേഷൻസിൽ ഓഫീസറാണ് കുന്ദൻ. തടവുപുള്ളികളെയും കോൺട്രാക്ടിലെടുത്ത മനുഷ്യരെയും ഉപയോഗിച്ചാണത് നിർമ്മിക്കുന്നത്. അവിടെ പണിയെടുക്കുന്ന തടവുകാരെ പരിശോധിക്കുന്ന ഉത്തരവാദിത്തം കുന്ദനാണ്. അവിടെ അയാളനുഭവിക്കുന്ന അയഥാർത്ഥങ്ങൾ അയാളെ അസ്വസ്ഥനാക്കുന്നു. മരണശിക്ഷ വിധിച്ച തിരിച്ചുപോക്കില്ലാത്ത പ്രതികൾ. അവരെക്കൊണ്ട് രഹസ്യസുരക്ഷാപദ്ധതിയുടെ പണിയെടുപ്പിക്കുന്ന സർക്കാർ. പദ്ധതിയുടെ രഹസ്യങ്ങൾ ഒരിക്കലും ചോരാതിരിക്കാൻ ഒരിക്കലും മോചനമില്ലാത്തവരുടെ അവസാനത്തെയും ഉപയോഗിക്കൽ, മനുഷ്യത്വം മരവിക്കുന്ന മണ്ണ് മരുഭൂമിയാകുന്ന കാഴ്ചയ്ക്ക് സാക്ഷ്യം വഹിക്കുന്ന പുതിയ അറിവുകളുടെ പീഡനമുറിവുകളുമായി നിശ്ചലനാകുകയാണ് കുന്ദൻ. കാരണം ശിക്ഷക്കു ശേഷം വിചാരണയും കരച്ചിലിനുശേഷം മുറിവും വരുന്ന കണ്ണാടിലോകത്തിലേക്കാണ് ആനന്ദ് കുന്ദനെ കൂട്ടിക്കൊണ്ടുപോകുന്നത്.

> ▶ മനുഷ്യമനസ്സുകളിലാണ് മരുഭൂമികൾ ഉടലെടുക്കുന്നത്

ഒരു സാധാരണക്കാരനെപ്പോലെ ജീവിക്കാൻ വിധിക്കപ്പെടുന്ന കുന്ദൻ ക്രൂരമായ ലോകത്തിന്റെ കാപട്യങ്ങളിൽത്തട്ടിത്തകരുന്നു. വൈരുദ്ധ്യങ്ങൾക്കു മുന്നിൽ കുന്ദൻ ബാല്യത്തിലേ നിസ്സഹായനാകുന്നുണ്ട്. കണ്ണാടിയിൽ പ്രതിബിംബത്തിന്റെ ഇടതു-വലതു മാറ്റത്തിന്റെ പൊരുൾ പോലും ആശങ്കയുണ്ടാക്കുന്നു. ഉത്തരം കണ്ടെത്താൻ കഴിയാത്ത സംഘർഷങ്ങൾക്കിടയിലും വിദ്യാഭ്യാസവും ജോലിയും നേടിയെടുക്കുന്നുണ്ട് കുന്ദൻ. ജോലിയിടത്തിലെ തൊഴിലാളികളുടെ രഹസ്യങ്ങളാണ് പിന്നീട് കുന്ദന് മരുഭൂമികൾ ഉണ്ടാകുന്നതെങ്ങനെ എന്ന് കാണിച്ചു കൊടുക്കുന്നത്. രണ്ടുതരം തൊഴിൽ വിഭാഗങ്ങളാണ് അവിടെയുള്ളത്. ഒന്ന്, സൈനിക നിയമവ്യവസ്ഥയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ തൊഴിൽരഹിതരുടെ മാർക്കറ്റിൽനിന്ന് എടുക്കുന്നവരും അധികാരികൾ അയക്കുന്ന കുറ്റവാളികളും. ഈ രണ്ടു വിഭാഗങ്ങളെയും നിയന്ത്രിക്കുന്ന കമാൻഡർമാരുണ്ട്. ചെറുപ്പം മുതലേ നീതിബോധവും ഒപ്പം വൈരുധ്യങ്ങളോട് രാജിയാവാൻ കഴിയാത്ത അവസ്ഥയും കുന്ദനുണ്ട്. തൊഴിലില്ലാത്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പയനിയർ ഫോഴ്സ്, ജയിലിലെ കുറ്റവാളികളിൽ നിന്നും

അയക്കപ്പെടുന്ന പ്രിസണർ ഫോഴ്സ് എന്നിങ്ങനെ രണ്ടുതരം കോൺട്രാക്ട് തൊഴിലാളികളാണ് ഈ തൊഴിലിടങ്ങളിൽ പണി എടുത്തിരുന്നവർ. നാടിന്റെ നാനാഭാഗത്തുമുള്ള ജയിലുകളിൽ നിന്നും അയക്കപ്പെടുന്ന ആളുകളുടെ റിക്കോർഡിക്കലായ ശാരീരികമായ അടയാളങ്ങൾ കൊണ്ട് തിരിച്ചറിഞ്ഞ് അവരെ ജോലിക്ക് ചേർക്കലാണ് കുന്ദൻ ചെയ്യേണ്ടത്. സുലൈമാൻ, ഭോല, ഡാനിയേൽ എന്നീ മൂന്നു കഥാപാത്രങ്ങളിലൂടെയാണ് താൻ എത്തിപ്പെട്ട ലോകത്തിന്റെ ഭീകരത കുന്ദൻ മനസ്സിലാക്കുന്നത്. തടവുകാരിലാരാൾ അയാളുടെ അടയാളങ്ങളുമായി യോജിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ട കുന്ദൻ, പശുപതി എന്ന പ്രതിക്കു പകരം ആ പേരിൽ തടവനുഭവിക്കുന്നതു ദരിദ്രനായ സുലൈമാൻ ആണെന്നത് തിരിച്ചറിയുന്നു. ദിവസം 500 രൂപ സുലൈമാന്റെ കുടുംബത്തിലെത്തിക്കാമെന്നതാണ് പശുപതിയും സുലൈമാനും തമ്മിലുള്ള വ്യവസ്ഥ.

> ▶ ലേബർ ഓഫീ സറായികുന്ദൻ എത്തുന്നു

പശുപതി സിങ്ങ് എന്ന വ്യാജേന തൊഴിൽ ഇടത്തേക്ക് എത്തിയ സുലൈമാനെ അയാളുടെ ദൈന്യം നിറഞ്ഞ കഥകൾ കേട്ട് കുന്ദൻ രജിസ്റ്ററിൽ ചേർത്ത് അവിടെ താമസിപ്പിക്കുന്നു. ഇതിന്റെ പേരിലാണ് പിന്നീട് കുന്ദൻ പ്രശ്നങ്ങൾ നേരിടാൻ തുടങ്ങുന്നത്. സുലൈമാൻ പശുപതിക്കു പകരമായി തടവ് അനുഭവിക്കാൻ വാടകക്ക് എടുക്കപ്പെട്ടവനാണ്. അയാളുടെ ജീവിതകഥ കേൾക്കുന്ന കുന്ദന്റെ മനസ്സ് അനുകമ്പാധീനമാകുന്നു. പശുപതിയെന്ന പ്രതിയല്ല വന്നിരിക്കുന്നത്. കുന്ദൻ റിപ്പോർട്ട് ചെയ്ത ജയിലധികാരി ആ പ്രശ്നത്തിന് പരിഹാരം കാണുന്നതിനു മുമ്പേ മരിക്കുന്നു. ഡാനിയൽ എന്ന തടവുകാരൻ രണ്ടു വർഷം മുൻപ് അവധിയിൽ നാട്ടിൽ പോയി അവിടെ വച്ച് മരിച്ചു എന്നാണ് ഫയൽ രേഖ. മരിച്ചുപോയ ആൾ തിരിച്ചെത്തി. ഒരു വെള്ളപ്പൊക്കത്തിൽ കുടുംബം മുഴുവൻ മുങ്ങിമരിച്ചപ്പോൾ അത് നിസ്സഹായനായി നോക്കിനിന്ന് മരണത്തിൽ നിന്നു രക്ഷപ്പെട്ട തടവുകാരൻ, അയാൾ മരിക്കാനായി ആ തടവറയിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. തടവറ ചാടിയ ഭോലയെ കണ്ടെത്തി അറസ്റ്റ് ചെയ്ത് കൊണ്ടുവന്നപ്പോൾ മർദനമേറ്റവശനായ അയാളെ ഏറ്റുവാങ്ങേണ്ട ചുമതല കുന്ദനായിരുന്നു. അങ്ങനെ മൂന്ന് ജീവിതങ്ങൾ കുന്ദന്റെ ജീവിതത്തിലേക്ക് കടന്നുകൂടി. പശുപതി വധശിക്ഷ വിധിച്ച തടവുപുള്ളിയാണെന്നറിയാതെയാണ് കുന്ദന്റെയും സുലൈമാന്റെയും ആദ്യ കാഴ്ചകൾ. പതിയെ കുന്ദൻ യഥാർത്ഥ കഥകൾ മനസ്സിലാക്കുന്നു. ആദ്യകഥയറിയിക്കുന്ന യോഗേശ്വറിന്റെ അളിയനാണ് പശുപതിയുടെ കൈക്കൊണ്ടു മരിച്ചിരിക്കുന്നത്. പക്ഷേ അയാൾക്ക് ആ മരണം കൊണ്ടു ഗുണമാണുണ്ടായതെന്നു ഭാവത്തിലുമാണ്. മാത്രമല്ല, പശുപതിക്ക് ഉന്നതങ്ങളിൽ വലിയ പിടിപാടുമുണ്ട്. പിന്നീട് യോഗേശ്വറിനെ ഉപേക്ഷിച്ചുപോകുന്ന അയാളുടെ ഭാര്യ അമല പറഞ്ഞാണ് സുലൈമാൻ ഏറ്റുവാങ്ങേണ്ട ശിക്ഷ മരണമാണെന്ന് കുന്ദൻ അറിയുന്നത്.

> ▶ സുലൈമാന്റെ ജീവിതകഥ കേട്ട് കുന്ദന്റെ മനസ്സ് അനുകമ്പാധീനമാകുന്നു

സുലൈമാനെ രക്ഷിക്കാനും അയാളല്ല പശുപതിയെന്ന സത്യം നിയമത്തിനു മുമ്പിൽ കൊണ്ടുവരുവാനും കുന്ദൻ നടത്തുന്ന ശ്രമങ്ങൾ കുന്ദന് തന്നെ എതിരാകുമെന്ന് അയാൾ മനസ്സിലാക്കുന്നു. കാരണം കോടതിക്ക് സ്വതന്ത്രനായി വിടാവുന്ന ഒരു സിവിലിയനെയാ

ണ് കുന്ദൻ മറ്റൊരു പേരിൽ ഒളിച്ചുകടത്തിയിരിക്കുന്നത് എന്ന് കേസ് തിരിയും. അപ്പോഴേക്കും പശുപതി കൊല്ലപ്പെടുന്നുമുണ്ട്. കുറ്റവാളിയായി മാറുന്ന മറിമായത്തെ അറിഞ്ഞുകൊണ്ടു തന്നെ കുന്ദൻ തന്റെ പരിശ്രമങ്ങൾ തുടരുന്നു. അപമാനവും ഭേദ്യങ്ങളും തിരസ്കാരവും പേറി കുന്ദൻ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുമ്പോൾ പശുപതി മരിച്ചിട്ടും അയാൾക്കുവേണ്ടി തൂക്കിലേറേണ്ടി വരുന്ന സുലൈമാൻ ബാക്കിയാകുന്നു. ഇതിനിടയിൽ തടവിൽ നിന്നും ഓടിപ്പോകുന്ന ഡാനിയേൽ ന്യൂമോണിയ മൂലം റെയിൽവേസ്റ്റേഷനിലെത്തിയപ്പോഴേക്കും ബോധംകെട്ടു വീഴുകയും വീണ്ടും അവിടേക്കു തന്നെ തിരിച്ചെത്തുകയും ചെയ്യുന്നു. ആ തിരിച്ചെത്തലിൽ ഒരു കസ്റ്റഡിമരണത്തിലൂടെ ഡാനിയൽ എന്ന കഥ അവസാനിക്കുന്നു. പടർന്നു പിടിക്കുന്ന ന്യൂമോണിയയും മരണവും ആശുപത്രിയിൽ നടക്കുന്ന പരീക്ഷണഫലമാണെന്ന് സംശയിക്കുന്ന തൊഴിലാളികൾ സംഘടിക്കുകയും അതിനെ പോലീസുകാർ ലാത്തിച്ചാർജ്ജിലൂടെ അടിച്ചമർത്തുകയും ചെയ്യുന്നു. രക്ഷപ്പെടാൻ ശ്രമിക്കുന്ന തൊഴിലാളികൾക്കു മുമ്പിൽ രക്ഷാമാർഗ്ഗങ്ങൾ കൊട്ടിയടയ്ക്കപ്പെടുന്നു. ആ സംഘട്ടനത്തിൽ പലരും വെടിയേറ്റു മരിക്കുന്നു. മരിച്ചവരിൽ ഭോലയുമുണ്ടായിരുന്നു. ഭോലയെ റിലീസ് ചെയ്യുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ അയാളുടെ ഭാര്യ വഴിയും കുന്ദൻ വഴിയും സമർപ്പിക്കപ്പെട്ടിരുന്നു. ലേബർക്യാമ്പിലെ ജീവിതം അതിലെ ഓരോ മനുഷ്യനും ഓരോ തരത്തിൽ ഭീകരമായിരുന്നു.

▶ കുന്ദൻ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുന്നു

ലേബർ ക്യാമ്പിലെത്തിയവരെ ആരെയും തിരിച്ചു അയയ്ക്കുന്നില്ല. വധശിക്ഷക്ക് വിധിക്കപ്പെട്ട ആളുകളെയാണ് ഈ ക്യാമ്പിൽ പണിയെടുപ്പിക്കുന്നതും. പലവിധ പീഡനങ്ങളാലും രോഗങ്ങളാലും ഒട്ടുമിക്കവരും മരണപ്പെട്ടു പോകുന്നു. ശവശരീരം പോലും ബന്ധുക്കൾക്ക് കൊടുക്കാതെ കുന്നിൽ ചരുവിൽ അടക്കുകയാണ് ചെയ്യുന്നത്. ഗ്രാമത്തിലെ ജനങ്ങളും പലതരത്തിലുള്ള ദുരിതങ്ങൾ അനുഭവിക്കുന്നുണ്ട്. ഭോല ഗ്രാമത്തിൽ നിന്നുമുള്ള തൊഴിലാളിയാണ്. ക്യാമ്പിൽ നിന്നും ഒളിച്ചോടിയ അയാളെ തിരിച്ചു കൊണ്ടുവരുന്നത് കുന്ദനാണ്. ഡാനിയേൽ ക്യാമ്പിലെ രജിസ്റ്റർ പ്രകാരം മരണപ്പെട്ടു പോയവനാണ്. ഭാര്യയും മക്കളും വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോകുന്നത് മരക്കൊമ്പിൽ തൂങ്ങിക്കിടന്ന് കാണേണ്ടി വന്ന ഹതഭാഗ്യനാണയാൾ. ന്യുമോണിയ പിടിപെട്ട് മരണപ്പെടുന്ന കുറെയാളുകളുടെ ലോകമായി ലേബർ ക്യാമ്പ് മാറുന്നു. ക്യാമ്പിലേക്ക് പോയ ഒരാളും തിരിച്ചുപോകുന്നില്ല എന്നത് കുന്ദനിൽ ഭീതിദമായ തിരിച്ചറിവുണ്ടാക്കുന്നു. ലേബർ ക്യാമ്പിലെ യോഗേശ്വർ എന്ന ജയിലറുടെ ഭാര്യയാണ് അമല. യഥാർത്ഥ പശുപതി സിങ്ങിനെ അവളാണ് വധിച്ചത്. പശുപതി സിങ്ങായി ക്യാമ്പിലെത്തിയ സുലൈമാനും മെഷിനുകൾക്കിടയിൽ പ്പെട്ട് മരണപ്പെടുന്നു. സുലൈമാന്റെ വീട്ടിലേക്ക് മരണം പറയാൻ പോകുന്ന കുന്ദൻ മരുഭൂമിയിലെ ജീവിതങ്ങളുടെ ദൈന്യത കാണുന്നു. ഒരു കഷണം റൊട്ടിക്ക് വേണ്ടി ശരീരം വിൽക്കാൻ തയ്യാറായി നിൽക്കുന്ന സ്ത്രീകൾ, വിശപ്പുകൊണ്ട് മരണപ്പെട്ട കുഞ്ഞുങ്ങൾ, മൃതശരീരങ്ങൾ എല്ലാം കണ്ട് ആകെ അസ്വസ്ഥമാക്കപ്പെട്ട മനസ്സുമായി കുന്ദൻ പ്രതികരണത്തിന് ശ്രമിക്കുന്നു. പക്ഷെ എത്ര ശ്രമിച്ചിട്ടും ഭരണാധികാരികളുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ രക്ഷപെടുത്താൻ കുന്ദന് കഴി

> ▶ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ രക്ഷപ്പെടുത്താൻ കുന്ദന് കഴിയുന്നില്ല

യുന്നില്ല. അമല പറഞ്ഞ പ്രോജക്ടിനെക്കുറിച്ചുള്ള സത്യങ്ങൾ റൂത്തെന്ന മാധ്യമപ്രവർത്തകയുമായി കുന്ദൻ പങ്കുവക്കുന്നുണ്ട്. റൂത്തും കുന്ദനും ഭരണകൂടത്തിന്റെ അടിച്ചമർത്തലിന് വിധേയമാക്കപ്പെടുന്നു. ആദ്യകാലത്ത് സമകാലിക സംഭവങ്ങളോട് പ്രതികരണശേഷിയോടെ ഭരണകൂടത്തോട് എതിർത്തുനിന്ന കുന്ദന്റെ പ്രഫസർ പിന്നീട് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രവുമായി ഇണങ്ങിച്ചേരുന്ന ഒരാളായി മാറി.

## 2.4.2 ഇതിവൃത്തവിശകലനം

കുന്ദനിലേക്കിറങ്ങിവന്ന മൂന്നുപേരുടെയും ജീവിതങ്ങളും അവസാനിച്ചു. കുന്ദനെ ഏറ്റവും വിവശനാക്കിയിരുന്നതും നിരപരാധിയായ സുലൈമാനെ കാത്തിരിക്കുന്ന വിധിയായിരുന്നു. വിധിക്കുവേണ്ടി കാത്തുനിൽക്കാതെ സുലൈമാനും ഒരു ആക്സിഡന്റിൽ മരിക്കുന്നു. ഗാർഡറിനടിയിൽപ്പെട്ട ഒരാളെ രക്ഷിക്കാനുള്ള സുലൈമാന്റെ ശ്രമമാണ് അയാളെ മരണത്തിലേക്ക് തള്ളിയിട്ടത്. പക്ഷേ, തലചതഞ്ഞരഞ്ഞ് മരിച്ച സുലൈമാന്റെ മരണവാർത്തയുമായി കത്ത് ചെല്ലുന്നത് പശുപതിയുടെ വീട്ടിലേക്കാണ്. ഇതറിയാവുന്ന കുന്ദൻ ആ ദൗത്യം സ്വയം ഏറ്റെടുക്കുന്നു. വഴിയിൽ അയാളെ കാത്തിരുന്നത് ഒരു കഷ്ണം റൊട്ടിക്കുവേണ്ടി ശരീരം വിൽക്കാൻ നിൽക്കുന്ന സഹോദരിമാരും, പിൻകാലുകൾ വെട്ടിക്കളഞ്ഞ് വിൽക്കാൻ വച്ചിരിക്കുന്ന കുരങ്ങുകളും, ചാകും മുമ്പു പൊരിച്ച എണ്ണയെടുക്കാൻ നിരത്തിയ ഉടുമ്പുകളും, ചത്ത മൃഗങ്ങളിൽ നിന്നടുത്തു വിൽപ്പനയ്ക്കു വച്ചിരിക്കുന്ന തോലുകളും എല്ലുകളും, പട്ടിണികൊണ്ട് മരിച്ച കുഞ്ഞുങ്ങളുടെ മൃതശരീരങ്ങളുമായിരുന്നു. ഇതിനിടെയാണ് കുന്ദൻ, റൂത്ത് എന്ന പഴയ സുഹൃത്തിനെ കണ്ടുമുട്ടുന്നത്. പത്രപ്രവർത്തകയായ അവളിൽ നിന്ന് അവിടെ യഥാർത്ഥത്തിൽ ഒരു പണിയും നടക്കുന്നില്ലെന്നും അതിന്റെ പേരിൽ ലഭിക്കുന്ന വൻതുകയാണ് അവരുടെ ലക്ഷ്യമെന്നും അയാളറിയുന്നു. മാത്രമല്ല, ഇല്ലാത്ത ശത്രുവിന്റെ ഉണ്ടാകാത്ത ആക്രമണത്തെ ചെറുക്കുവാനായി അസാധ്യമായ കോട്ടകൾക്കകത്തു നിരർത്ഥകമായ ബീമുകളും തൂണുകകളുമുയർത്തി ബോധവും ശ്വാസവും കെടുത്തുന്ന കുടുക്കിലേക്ക് നിങ്ങളുടെ മുമ്പിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നത് കുറച്ച് അടിമപ്പണിക്കാരും തടവുകാരും മാത്രമല്ല, ഒരു ജനത അങ്ങനെതന്നെയാണ്. ഇതാണ് റൂത്ത് നൽകിയ വെളിപാട് (ആനന്ദ് :ജീവിതം സംഭാഷണം പഠനം). യാഥാർത്ഥ്യങ്ങളുടെ രൂപരേഖയിൽ കുന്ദൻ സമനില തെറ്റിയവനെപ്പോലെ അവിടെനിന്ന് ഓടിപ്പോകുന്നു. ലീവെടുക്കാതെ പോയ കുന്ദൻ അധികൃതരുടെ നോട്ടപ്പുള്ളിയാവുകയും കുന്ദനുവേണ്ടിയൊരു തടവൊരുങ്ങുകയും ആ തടവിൽ നിന്നൊരുവിധത്തിൽ അയാൾ രക്ഷപ്പെടുകയും ചെയ്യുന്നു. തലസ്ഥാനത്തെത്തുന്ന അയാൾ അവിടത്തെ ജയിൽ സന്ദർശിക്കാൻ തീരുമാനിക്കുന്നു.

> ▶ കുന്ദൻ സമനില തെറ്റിയവനെപ്പോലെ തലസ്ഥാനത്തേക്ക് ഓടിപ്പോകുന്നു

തലസ്ഥാനത്തെ ജയിലിൽ ആദ്യം അയാളെ എതിരേൽക്കുന്നതു ചേച്ചിമാർക്ക് വേണ്ടി ആളെ പണം പറഞ്ഞുറപ്പിക്കുന്ന ബാലന്മാരെയാണ്. അവർക്കു മിട്ടായി നൽകി ജയിലിലെത്തുന്ന കുന്ദൻ പ്രോജെക്ടിൽനിന്നു തിരിച്ചയച്ചവരെ കാണണമെന്ന ആവശ്യമറിയിക്കുന്നു. സമയം നീണ്ടുപോകെ ജയിലറുടെ നിരീക്ഷണത്തി

നു കീഴിൽ കൂടുതൽ രോഗാവസ്ഥയിലേക്ക് മാറുന്ന കുന്ദനെയാണ് കാണാൻ കഴിയുന്നത്. അവിടെ വച്ച് അയാൾ സ്വതന്ത്രചിന്തയുടെയും സിദ്ധാന്തങ്ങളുടെയും വക്താവായിരുന്ന തന്റെ പഴയ പ്രൊഫസറെ കാണാൻ ആഗ്രഹിക്കുന്നു. പക്ഷെ അപ്പോഴേക്കും പ്രൊഫസർ സർക്കാരിന്റെ അടിയന്തര ഉപദേശകനായി മാറിയിരുന്നു. എങ്കിലും കുന്ദൻ പരിഹാരവുമായി തന്റെ മുന്നിലെത്തുന്ന പ്രൊഫസറെ സ്വപ്നം കാണുന്നു. 'ഓരോ പ്രശ്നവും മൂക്കുമ്പോൾ മറ്റൊന്ന് അവതരിപ്പിക്കുക. അപ്പോൾ ആദ്യത്തേത് തനിയെ ഇല്ലാതാകും. ഇങ്ങനെ ഏതു പ്രശ്നത്തെയും പരിഹരിക്കാം'. പ്രൊഫസർ കുന്ദന് സ്വപ്നത്തിൽ നൽകിയ ഒറ്റമൂലിയുടെ പിന്നാലെ അയാൾ കാണുന്നത് കലാപങ്ങളാണ്. തടവുചാടിയവരുടെ കലാപങ്ങൾ, വിഭ്രാന്തിയോടെ അയാളതു ജയിലറെയും പത്രമോഫീസിലും അറിയിക്കുന്നു. പക്ഷേ, അയാളവിടെ ചതിക്കപ്പെടുന്നു. സർക്കാരിന്റെ സുപ്രധാനമായ രഹസ്യപ്രൊജക്ടിന്റെ രേഖകൾ വിദേശികൾക്കു കടത്തിയെന്ന ചാരവൃത്തിയാരോപിച്ച് അയാളെ ജയിലിലാക്കുന്നു. അവിടെവച്ച് നിരന്തരമായി ഭേദ്യം ചെയ്യപ്പെടുന്നു. എല്ലാ ആക്രമണങ്ങളെയും സുരക്ഷയെയും അതിജീവിക്കാനുള്ളത്രയും കരുത്താർജിച്ചതു കൊണ്ടാകാം ജീവച്ഛവമായ അയാളെ സർക്കാർ വെറുതെ വിടുന്നു.

- ചാരവൃത്തിയാരോപിച്ച് കുന്ദനെ ജയിലിലാക്കുന്നു

അപരാധികളുടെ പുറംലോകത്തുനിന്ന് നിരപരാധികളുടെ തടവറയിലേക്ക് മോചനം നേടിയെത്തിയവനായി കുന്ദൻ തന്നെ അവരോധിക്കുന്നു. പശുപതി, യോഗേശ്വർ, ബ്രിഗേഡിയർ തുടങ്ങി നീചന്മാരുടെ എതിർവശത്ത് ദയനീയമായി അണിനിരക്കുന്ന സുലൈമാനും ഭോലയും ഡാനിയലും അമലയും സുകുവും ഹസ്സന്റെയും ലാലിന്റെയും മക്കളും സ്വയം വിൽക്കാൻവച്ച സഹോദരിമാരും വയറുനിറയെ ഭക്ഷണം കഴിക്കുന്നതിനെപ്പറ്റിയറിയാതെ ജീവിക്കുന്നതും മരിച്ചതുമായ കുഞ്ഞുങ്ങളും തുടങ്ങി ഒരു കണ്ണാടി രഹസ്യം കണ്ടെത്താൻ കഴിയാത്ത കുന്ദന്റെ മുന്നിലേക്ക് കാലം ആനന്ദിന്റെ കൈകളുപയോഗിച്ച് വലിച്ചിട്ട സമസ്യകൾ ക്രൂരം തന്നെയാണ്. ആനന്ദ് ആ ക്രൂരതയ്ക്കുള്ള പിഴയടയ്ക്കുന്നത് കുന്ദനെ അത്രമേൽ ആർദ്രമനസ്കനായി ജയിലിൽ നിന്നിറക്കിയാണ്. വഴിയരികിൽ തണുത്തു വിറച്ചിരിക്കുന്ന അനാഥയായ സ്ത്രീയെ തന്റെ കമ്പിളികൊണ്ടു പുതപ്പിച്ച് നടന്നുനീങ്ങുന്നയത്രയും ആർദ്രനാക്കി. ഭരണകൂടം ജനങ്ങളോട് കാണിക്കുന്ന അതിനിന്ദ്യവും ഭീകരവുമായ ഇടപെടലുകളെ, എങ്ങനെ അടിമകളാക്കി സ്റ്റേറ്റിന്റെ ആവശ്യങ്ങൾക്ക് ജനതയെ ഉപയോഗിക്കാമെന്നതിനെ സംബന്ധിച്ചും ഈ നോവൽ വിവരിക്കുന്നുണ്ട്. കുന്ദന് പിന്നീട് സംഭവിക്കുന്നതും അതാണ്. സത്യങ്ങൾ വിളിച്ച് പറയാൻ ശ്രമിച്ച കുന്ദൻ ജയിലിലിടക്കപ്പെടുന്നു. നിരവധി പീഢനങ്ങൾക്ക് ശേഷം ഭരണകൂടം അയാളെ പുറത്തേക്ക് വിടുമ്പോൾ പ്രച്ഛന്നബുദ്ധനെപ്പോലെ അനുകമ്പയുടെ പ്രതീകമായി അയാൾ മാറുന്നു. തണുപ്പത്തിരുന്നു വിറയ്ക്കുന്ന അമ്മക്കും മകൾക്കും താൻ പുതച്ചിരുന്ന കമ്പിളിപ്പുതപ്പ് അനുകമ്പയോടെ നൽകി പോകുന്ന കുന്ദനിലാണ് നോവൽ അവസാനിക്കുന്നത്.

- പ്രച്ഛന്നബുദ്ധനെപ്പോലെ അനുകമ്പയുടെ പ്രതീകമായി കുന്ദൻ മാറുന്നു

## Summarised Overview

ജീവിതത്തിലെ യാഥാർത്ഥ്യങ്ങളുടെ ചിത്രീകരണമാണ് ആനന്ദിന്റെ ആഖ്യാനസവിശേഷത. 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്നത് ആനന്ദിന്റെ ശ്രദ്ധേയമായ നോവലാണ്. 'കുന്ദൻ' എന്ന കേന്ദ്രകഥാപാത്രത്തിന്റെ വീക്ഷണഗതികളിലൂടെ കഥ പറയുന്ന രീതിയാണ് 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിൽ ആനന്ദ് സ്വീകരിച്ചിരിക്കുന്നത്. മരുഭൂമിയിലെ ഒരു കോട്ടയിൽ രാജ്യസുരക്ഷയുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രോജക്ടിലെ ലേബർ ഓഫീസറാണ് കുന്ദൻ. ചെറുപ്പം മുതലേ നീതിബോധവും ഒപ്പം വൈരുധ്യങ്ങളോട് രാജിയാവാൻ കഴിയാത്ത അവസ്ഥയും കുന്ദനുണ്ട്. തൊഴിലില്ലാത്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പയനിയർ ഫോഴ്സ്, ജയിലിലെ കുറ്റവാളികളിൽ നിന്നും അയക്കപ്പെടുന്ന പ്രിസണർ ഫോഴ്സ് എന്നിങ്ങനെ രണ്ടുതരം കോൺട്രാക്ട് തൊഴിലാളികളാണ് ഈ തൊഴിലിടങ്ങളിൽ പണി എടുത്തിരുന്നവർ. നാടിന്റെ നാനാഭാഗത്തുമുള്ള ജയിലുകളിൽ നിന്നും അയക്കപ്പെടുന്ന ആളുകളുടെ റിക്കോർഡിക്കലായ, ശാരീരികമായ അടയാളങ്ങൾ കൊണ്ട് തിരിച്ചറിഞ്ഞ് അവരെ ജോലിക്ക് ചേർക്കലാണ് കുന്ദൻ ചെയ്യേണ്ടത്. മനുഷ്യമനസ്സുകളിലാണ് മരുഭൂമികൾ ഉടലെടുക്കുന്നത് എന്ന് നോവൽ നമ്മെ സാക്ഷ്യപ്പെടുത്തുന്നു. തൊഴിലാളികളെ രജിസ്റ്ററിൽ ചേർക്കുന്നതും അവരുടെ തൊഴിൽ കാലാവധി കഴിയുമ്പോൾ അവരെ വിടുന്നതുമെല്ലാം കുന്ദന്റെ പണിയാണ്. താൻ എത്തിപ്പെട്ട ജോലിസ്ഥലം ഒരു നരകമാണെന്നും അതിന്റെ ഭീകരതയെന്താണെന്നും കുന്ദൻ മനസ്സിലാക്കുന്നത് തികച്ചും വ്യത്യസ്തരായ ഭോല, ഡാനിയൽ, സുലൈമാൻ എന്നിവരിലൂടെയാണ്.

പീഡകരും പീഡിതരും എന്നീ രണ്ടു വിഭാഗങ്ങൾക്കിടയിലേക്കാണ് കുന്ദന്റെ യാത്ര ആരംഭിക്കുന്നത്. പശുപതിസിങ്ങ് എന്ന തടവുപുള്ളിക്ക് പകരം അയാളുടെ യാതൊരു ശാരീരിക സാമ്യവുമില്ലാത്ത ഒരാളെയാണ് കുന്ദന് ജയിലധികാരികൾ കൈമാറിയത്. ദിവസങ്ങൾക്കകം അയാൾ മരണപ്പെടുന്നു. പശുപതി സിങ്ങ് എന്ന വ്യാജേന തൊഴിലിടത്തേക്ക് എത്തിയ സുലൈമാനെ അയാളുടെ ദൈന്യം നിറഞ്ഞ കഥകൾ കേട്ട് കുന്ദൻ അയാളെ രജിസ്റ്ററിൽ ചേർത്ത് അവിടെ താമസിപ്പിക്കുന്നു. ഇതിന്റെ പേരിലാണ് പിന്നീട് കുന്ദൻ പ്രശ്നങ്ങൾ നേരിടാൻ തുടങ്ങുന്നത്. അയാളുടെ ജീവിതകഥ കേൾക്കുന്ന കുന്ദന്റെ മനസ്സ് അനുകമ്പാധീനമാകുന്നു. സുലൈമാൻ അവിടെയെത്താനുള്ള സാഹചര്യവും തിരിച്ചു ചെന്നാലുണ്ടാകുന്ന വിപത്തും പിടിക്കപ്പെട്ടാലുള്ള ദുരന്തവും അറിഞ്ഞപ്പോൾ കുന്ദന് അയാളോട് അലിവ് തോന്നി. മനുഷ്യനെ ചതിക്കുന്ന മനുഷ്യസമ്പ്രദായങ്ങളുടെ ഇരയായ കുന്ദനൊപ്പം, അല്പാല്പമായി ജീവിച്ചിരിക്കുന്ന മനുഷ്യരാശി മുഴുവനായും വീണുകൊണ്ടിരിക്കുന്ന ചതിക്കുഴികളുടെ പരപ്പ് അളക്കാനുള്ള പാകതയിൽ, അതിനെ പ്രതിരോധിക്കുന്ന സാഹിത്യപ്രാപ്തിയിലേക്ക് വളരാൻ തയ്യാറെടുപ്പുകൾ നടത്തുന്നു. എപ്പോൾ എവിടെയും സംഭവിക്കാവുന്ന ആഖ്യാനത്തിലൂടെ ആധുനികയുഗത്തിൽ രാഷ്ട്രവ്യവഹാരം, ഭരണം, സമൂഹം, വ്യക്തി മുതലായവ തമ്മിലുള്ള സങ്കീർണ്ണബന്ധങ്ങളുടെ സ്വഭാവം എവിടെയും ഇത്തരം ഒരു കഥ സംഭവ്യമാക്കിത്തീർക്കുന്നതായി ഡോ.എം ലീലാവതി സാക്ഷ്യപ്പെടുത്തുന്നു. സമ്പാദ്യവഴികളിലൂടെ സൃഷ്ടിക്കപ്പെടുന്ന വാക്കുകളെ ലീലാവതി ഇവിടെ ഓർമ്മിപ്പിക്കുന്നു.

ഓപ്പറേഷൻ, വലിയവൃക്ഷത്തിന്റെ പതനം മുതലായവ കാത്തിരിക്കുന്ന മരുഭൂമി അതിന്റെ സർവ്വവളർച്ചകളെയും പ്രാപിച്ചുകൊഴുക്കുമ്പോൾ ജീവജലം നിഷേധിക്കപ്പെട്ട സൂര്യതാപത്തിൽ കൊഴിഞ്ഞുവീഴേണ്ടിവരുന്നവരുടെ നിസ്സഹായത സ്വാഭാവികമല്ല, സൃഷ്ടിക്കപ്പെടുന്നതാണ്. അതിലേക്ക് നമ്മൾ നടന്നടുത്തു കൊണ്ടിരിക്കുകയാണ് എന്ന ഭീകരസത്യം കുന്ദനെ വലിച്ചിട്ട അതേ ക്രൂരഭാഷയിൽ നമുക്കുവേണ്ടിയും ആനന്ദ് കുറിച്ചുവയ്ക്കുകയാണ്. ആനന്ദിന്റെ ഭാഷ അടിസ്ഥാനപരമായി വിവരണാത്മകമാണ്, പ്രതിഫലനാത്മകവും കൂടുതൽ ശാസ്ത്രീയവുമാകുന്നു. ആധുനിക നോവലിസ്റ്റുകളുടെ കൂട്ടത്തിൽ ആനന്ദിന്റെ ഭാഷ ഏറ്റവും കൂടുതൽ വസ്തുനിഷ്ഠസ്വഭാവം പ്രകടമാക്കുന്നു. അതുകൊണ്ട് ഭാഷയുടെ ബിംബാത്മകതയിലേ

ക്കുള്ള വികാസം തടസ്സപ്പെടുന്നു. വിശദാംശങ്ങളിലുള്ള ശ്രദ്ധ, ചരിത്രസംഭവങ്ങളെ ചിന്തയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുന്ന ചരിത്രം, പൊതുവെയുള്ള ചിന്താപരത ഇവയൊക്കെയാണ് ഭാഷയെ വസ്തുനിഷ്ഠമാക്കുന്നത്. വ്യക്തിപരമായ അനുഭവങ്ങൾപോലും ചരിത്രത്തിന്റെ വസ്തുനിഷ്ഠാത്മകതയിലേക്ക് നിമഗ്നമാക്കി നിറുത്തി ആവിഷ്കരിക്കപ്പെടുമ്പോൾ ഭാഷയ്ക്ക് ബിംബാത്മകമാകുവാനുള്ള സാധ്യതകൾ കൂടി നഷ്ടമാകുന്നു. ആനന്ദിന്റെ ഭാഷ അതിന്റെ വിവരണാത്മകതയിലുറച്ചു നിന്നുകൊണ്ട് തന്നെ ധ്വന്യാത്മകമാകുന്ന സന്ദർഭങ്ങൾ വിരളമല്ല. അപ്പോഴും ഭാവിയെക്കുറിച്ചുള്ള ഇരുണ്ട ദർശനം ഭാഷയിൽ നിലയിറങ്ങി നിൽക്കുകയും ചെയ്യുന്നു. ഒരു സ്വഗതാഖ്യാനത്തിന്റെ ദീപ്തതയോടെ ഭാഷ ചടുലമായിത്തീരുന്ന സന്ദർഭങ്ങളും ആനന്ദിന്റെ ലോകത്തിൽ കണ്ടെത്താം. സൂക്ഷ്മദർശനത്തിൽ, ആനന്ദിൽ വർത്തമാനകാലമല്ല ഉള്ളത്. ചരിത്രത്തിന്റെ നൈരന്തര്യം മാത്രമാണ്. അത് ആനന്ദിന്റെ ഭാഷയെ ചരിത്രബോധാത്മകമാക്കുന്നു. 'മരുഭൂമികൾ ഉണ്ടാകുന്നത്' ഇതിന്റെ സൂക്ഷ്മമായ ഉദാഹരണവുമാണ്. ഈ സ്വഭാവം ഭാഷയെ വീണ്ടും ചിന്താപരതയുടേതാക്കി. ഈ ചിന്താപരത ഭാഷയെ സന്ദിഗ്ധസ്വരത്തിന്റേതാക്കിത്തീർക്കുന്നു.

തന്റെ കുടുംബം പുലർത്താനുള്ള വകയുടെ വാഗ്ദാനത്തിന്മേൽ പശുപതിസിങ് എന്ന പണക്കാരനായ കൊലയാളിക്കുപകരം കൊലക്കയറേറ്റു വാങ്ങേണ്ടിവരുന്ന, 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിലെ കഥാപാത്രത്തെപ്പോലെ ഒറ്റപ്പെട്ടതെന്ന തോന്നലുണ്ടാക്കുന്ന സംഭവങ്ങളിലൂടെ അവതരിക്കുന്നവരാണ് ആനന്ദിന്റെ ഒട്ടുമിക്ക കഥാപാത്രങ്ങളും. തികഞ്ഞ ഒരു ഹ്യൂമനിസ്റ്റായ ആനന്ദ് ഈ നോവലിലൂടെ അവതരിപ്പിക്കാൻ ശ്രമിച്ച വിഷയങ്ങൾ എക്കാലത്തും പ്രസക്തമാണ്. ഭരണകൂടത്തിന്റെ മർദ്ദന പ്രത്യയശാസ്ത്രങ്ങൾ ജനങ്ങളെ ദ്രോഹിക്കുന്നതിന്റെ ചിത്രണങ്ങൾ സമകാലിക സമൂഹത്തിലും നമ്മൾ കാണുന്നതാണല്ലോ. ചുരുക്കത്തിൽ 1989 ൽ എഴുതപ്പെട്ട നോവലാണെങ്കിലും എക്കാലത്തും പ്രസക്തമായ വിഷയങ്ങളാണ് 'മരുഭൂമികൾ ഉണ്ടാകുന്നതി'ൽ ആനന്ദ് ചിത്രീകരിച്ചിരിക്കുന്നതെന്നു പറയാം. ന്യൂനപക്ഷവും അവശരുമായ ജനതക്കു വേണ്ടി പ്രവർത്തിക്കുന്ന നീതിബോധം നിറഞ്ഞ വ്യക്തികളുടെ പ്രതിനിധിയായി 'കുന്ദൻ' എന്ന കഥാപാത്രം മലയാള സാഹിത്യത്തിൽ നിൽക്കുന്നു. ദാർശനിക സംഭാഷണങ്ങൾ കൊണ്ടും പ്രമേയചാതുരികൊണ്ടും ഈ നോവൽ മലയാളസാഹിത്യത്തിൽ സവിശേഷമായ ഇടം നേടിയിട്ടുണ്ട്.

# Assignments

1. ആനന്ദിന്റെ നോവലുകളുടെ പ്രത്യേകതകൾ എന്തെല്ലാം?
2. കേന്ദ്രകഥാപാത്രമായ കുന്ദനിൽ നിക്ഷിപ്തമായ കർത്തവ്യമെന്തായിരുന്നു?
3. പശുപതിക്കു പകരം സുലൈമാൻ തടവനുഭവിക്കാൻ ഇടയായ സാഹചര്യമേത്?
4. കുന്ദന്റെ മനസ്സ് അനുകമ്പാധീനമായതിന്റെ കാരണവും സാഹചര്യവും വ്യക്തമാക്കുക.
5. ഭരണാധികാരികളുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ രക്ഷപെടുത്താൻ കുന്ദന് കഴിയാത്തതെന്തുകൊണ്ടാണ്?
6. കുന്ദൻ ജയിലിലാകാൻ ഇടയായ സാഹചര്യമേത്?
7. പ്രച്ഛന്നബുദ്ധനെപ്പോലെ അനുകമ്പയുടെ പ്രതീകമായി കുന്ദൻ മാറാനിടയായ സാഹചര്യം വ്യക്തമാക്കുക.
8. ആനന്ദിന്റെ സാഹിത്യ സംഭാവനകൾ എന്തെല്ലാം?

9. മരുഭൂമികൾ ഉണ്ടാവുന്നത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
10. ആനന്ദിന്റെ കൃതികളിലെ ആഖ്യാന സവിശേഷതകൾ വിലയിരുത്തുക.

## Suggested Readings


1. ശെൽവമണി കെ. ബി., (എ. ഡി.), ആനന്ദ്, ജീവിതം സംഭാഷണം പഠനം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. ഇ. വി. രാമകൃഷ്ണൻ, മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. കെ. പി. അപ്പൻ, മാറുന്ന മലയാള നോവൽ, ഡി. സി ബുക്സ്, കോട്ടയം.


## References


1. കെ. എം. തരകൻ, നോവൽ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. പി. കെ. രാജശേഖരൻ, അന്ധനായ ദൈവം മലയാള നോവലിന്റെ 100 വർഷങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ, വിപണി, കല, പ്രത്യയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. അഗസ്റ്റിൻ ജോസഫ്, ആധുനികത മലയാള നോവലിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മലയാളനോവൽ ആധുനികാനന്തരഘട്ടം

## BLOCK-03

### Block Content

യൂണിറ്റ് - 1 ചാവുതുള്ളൽ - രാജു. കെ. വാസു

യൂണിറ്റ് - 2 സുഗന്ധി എന്ന ആണ്ടാൾ ദേവനായകി - ടി. ഡി. രാമകൃഷ്ണൻ

യൂണിറ്റ് - 3 ആരാച്ചാർ - കെ. ആർ. മീര

യൂണിറ്റ് - 4 ബുധിനി - സാറാ ജോസഫ്

Unit 1

# ചാവുതുള്ളൽ

രാജു കെ. വാസു

## Learning Outcomes

- ഉത്തരാധുനിക നോവലുകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- 'ചാവുതുള്ളൽ' എന്ന നോവലിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു
- രാജു കെ. വാസുവിന്റെ സാഹിത്യ ലോകത്തെ പരിചയപ്പെടുന്നു
- മലയാള നോവലിലെ പ്രാദേശിക ചരിത്രാവിഷ്കാരത്തെക്കുറിച്ച് അറിവു നേടുന്നു
- ദളിത് സാഹിത്യത്തെ പരിചയപ്പെടുന്നു

## Background

മലയാള നോവലിന്റെ ചരിത്രം പരിശോധിച്ചാൽ ജാതി എന്ന പദവും പ്രമേയവും ഏറെ സുപരിചിതമാണെന്ന് കാണാം. കാരണം ജാതി ശരീരങ്ങളുടെ ചരിത്രമാണ് കേരളത്തിന് പറയാനുള്ളത്. ഇവിടെ നിർമ്മിതമായ സാമൂഹികവും സംസ്കാരികവുമായ എല്ലാ ഘടകങ്ങളിലും ജാതി ഒരു പ്രധാന ഘടകമായി പ്രവർത്തിച്ചിരുന്നതായി കാണാം.

പുതിയതരം കാഴ്ചപ്പാടുകളും പ്രതിരോധങ്ങളും ഉയർത്തിക്കൊണ്ടാണ് പത്തൊമ്പതാം ശതകത്തിന്റെ പ്രാരംഭത്തിൽ മലയാളനോവൽ പിറവിയെടുത്തത്. കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ സംഭവിച്ചുകൊണ്ടിരുന്ന പരിവർത്തനങ്ങളെ അടയാളപ്പെടുത്താൻ ആദ്യകാല മലയാള നോവലുകൾ ബദ്ധശ്രദ്ധ പുലർത്തി. അവയിൽ ദലിത് ജനതയുടെ ജീവിതചലനങ്ങളും പ്രകടമായിരുന്നു. എന്നാൽ അവയിൽ കാര്യമായ പരിണാമ ചരിത്രം ഉൾപ്പെട്ടിരുന്നില്ല.

ദലിത് ജനവിഭാഗങ്ങളുടെ ജീവിതാവസ്ഥകളെ കേന്ദ്രപ്രമേയമാക്കിക്കൊണ്ട് രചിക്കപ്പെട്ടവയായിരുന്നു ആദ്യകാല മലയാള നോവലുകളിലെ ഒരു ഭാഗം. മിസ്സിസ് കോളിൻസ് രചിച്ച 'ഘാതകവധം' (1877), ആർച്ച് ഡീക്കൻ കോശിയുടെ 'പുല്ലേലിക്കുഞ്ചു' (1882), പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം' (1892) തുടങ്ങിയ നോവലുകൾ ഉദാഹരണമാണ്. മതപരിവർത്തനത്തിലൂടെ കൈവരിക്കുന്ന സാമൂഹിക പുരോഗതിയെക്കുറിച്ച് അത്തരം രചനകൾ ചർച്ച ചെയ്തു. ഒപ്പം വിദ്യാഭ്യാസത്തിലൂടെയുള്ള ദളിതരുടെ മുന്നേറ്റവും അവ ചിത്രീകരിച്ചു. കേരളീയ സമൂഹത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിച്ചതിലൂടെ അന്നുവരെ സാഹിത്യമേഖലയിൽ ഇടം നേടാതിരുന്ന സാധാരണ ജനതയുടെ അനുഭവങ്ങളും വികാരങ്ങളും നോവലുകളിൽ വെളിപ്പെട്ടു.

മതപരിവർത്തനവും ഹിന്ദുമത നവീകരണവും ദളിതരെ തങ്ങളുടെ ചിന്താഗതിക്കുള്ളിൽ തളച്ചിടാണ് ശ്രമിച്ചത്. ദളിതരുടെ ഉന്നമനത്തിനായി പ്രയത്നിക്കുമ്പോഴും അവരുടെ ജീവിത രീതികളെ ഉയർത്തിക്കാട്ടി മുന്നേറുമ്പോഴും അവർ ശരിക്കും ജാതീയമായ വേർതിരിവിന്റെ ഭാഗമായി നിലകൊണ്ടു. ജാതി അധിഷ്ഠിതമായ കേരളീയ സാമൂഹിക സാഹചര്യം ദളിതാവബോധത്തെ സംഘർഷഭരിതമാക്കി. മതം മാറിയിട്ടും ജാതിപ്പേരുകൾ അറ്റു പോകുന്നില്ലെന്ന തിരിച്ചറിവ് 'ഘാതകവധ'ത്തിൽ കാണാം. ജാതി വിരുദ്ധതയെ ചെറുത്തുനിൽപ്പിന്റെ അനുഭവ

മാക്കി മാറ്റാൻ ആദ്യകാല നോവലുകൾക്ക് കഴിഞ്ഞില്ല. ദലിത് ജീവിതാനുഭവങ്ങളെ വെളിപ്പെടുത്തിയ അത്തരം നോവലുകളിൽ അതിൽനിന്ന് കരകയറാനുള്ള മാർഗനിർദ്ദേശവും ഇല്ലായിരുന്നു. പകരം അവ മതാശയങ്ങളുടെ സ്വീകരണത്തിനുള്ള ഉപാധിയാക്കി. അടിസ്ഥാന മാനുഷിക പരിഗണന ലഭ്യമാണെന്ന് ബോധ്യമായ ഇടത്തേക്ക് ചേക്കേറിയ ദളിത് ജനതയുടെ മുന്നിൽ മതംമാറൽ മാത്രമേ പരിഹാരമായുള്ളൂ. അവിടെനിന്നും അതിജീവനത്തിന്റെ കരുത്ത് നേടി മുഖ്യധാരയിൽ എത്തിച്ചേർന്ന ദളിതരുടെ ജീവിതമാണ് 'സരസ്വതീവിജയ'ത്തിന്റെ വിഷയം.

തകഴിയുടെ 'രണ്ടിടങ്ങഴി', മലയാറ്റൂർ രാമകൃഷ്ണന്റെ 'പൊന്നി', പി. വത്സലയുടെ 'നെല്ല്' എന്നീ നോവലുകളിൽ ദളിത് ജീവിതം കേന്ദ്രപ്രമേയമായി വന്നിട്ടുള്ളതും ശ്രദ്ധേയമാണ്. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു നോവലാണ് കെ. ജെ. ബേബിയുടെ 'മാവേലി മന്റം'. സ്വന്തം ഗോത്രമൂല്യങ്ങളെ സംരക്ഷിക്കാനുള്ള പലായനത്തിൽ സർവ്വമൂല്യങ്ങളും നിഷ്ഫലമായ ഒരു കാലത്തിനുമുന്നിൽ പകച്ചു പോകുന്ന ആദിവാസി ജനതയാണ് ഇതിലെ മുഖ്യ കഥാപാത്രങ്ങൾ. ആദിവാസി ജനതയുടെ സ്വത്വവും സ്വരൂപവും സാഹിത്യരചനയിൽ പ്രമേയമാക്കിയ മറ്റൊരു നോവലിസ്റ്റാണ് നാരായൻ. അദ്ദേഹത്തിന്റെ 'കൊച്ചരേത്തി' എന്ന നോവൽ ആദിവാസിജീവിതം പ്രമേയമാക്കിയ നോവലാണ്. ഗോത്രവർഗ്ഗ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകളാണ് നാരായന്റെ നോവലുകൾ. സാറാ തോമസിന്റെ 'ദൈവമക്കൾ' എന്ന നോവലും ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്.

ഉത്തരാധുനിക നോവലുകളിലെ പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന്, അവ ശ്രേണീകരിക്കപ്പെട്ട അധികാര ബന്ധങ്ങൾക്കുള്ളിൽ നിന്ന് ജാതിയെ പുറത്തു കൊണ്ടുവരികയും ജാതിയുടെ സമകാലിക മുഖത്തെ പ്രശ്നവത്ക്കരിക്കുകയും ചെയ്യുന്നു എന്നാണ്. എഴുത്തിന്റെയും പരീക്ഷണങ്ങളുടെയും പരിണാമയുക്തികളെ ചോദ്യം ചെയ്തുകൊണ്ട് അരിക് ജീവിതങ്ങളുടെ ചരിത്രവും രാഷ്ട്രീയവും വിശകലനം ചെയ്യാൻ പുതുനോവലുകൾ ശ്രമിക്കുന്നുണ്ട്. രാജു കെ. വാസുവിന്റെ 'ചാവുതുള്ളൽ', പ്രദീപൻ പാമ്പിരിക്കുന്നിന്റെ 'എരി', നാരായന്റെ 'കൊച്ചരേത്തി', അശ്വനി എ. പി. യുടെ 'നിത്യകല്യാണി@ഹെർസ്റ്റോറിക്ക.കോം' തുടങ്ങിയ നോവലുകൾ ആ നിലയിൽ പ്രസക്തമാണ്. ദൃശ്യതയില്ലാത്തവരുടെ ദൃശ്യതയും ശബ്ദമില്ലാത്തവരുടെ ശബ്ദവുമായി പുതുകാല നോവലുകൾ മാറുന്നതായി കാണാം. സാമൂഹിക അധികാര ഘടനയിലും സാംസ്കാരിക മൂലധനത്തിലും പങ്കാളിത്തമില്ലാതിരുന്ന ജനതയുടെ ചരിത്രത്തെ കണ്ടെത്താനുള്ള ശ്രമം ഉത്തരാധുനിക നോവലുകളുടെ പ്രധാന സവിശേഷതയാണ്. ജാതിയെ ചരിത്രത്തോടും അധികാരത്തോടും ചേർത്തു നിർത്തി പ്രശ്നവത്ക്കരിക്കാനുള്ള ഭിന്ന ശ്രമങ്ങൾ ഉത്തരാധുനിക കാലത്ത് നടക്കുന്നുണ്ട്. കീഴാള ജീവിതാനുഭവങ്ങളുടെ ദൃശ്യതയും സ്വത്വനിർമ്മിതിയും ഇക്കൂട്ടത്തിൽ പ്രധാനമാണ്.

## Keythemes

- ചരിത്രവും മിത്തും രാഷ്ട്രീയവും പ്രണയവും ജാതി-മത-ഭാഷാവിഷ്കാരവും കൂടിക്കലർന്ന ദളിത് സാംസ്കാരിക പരിപ്രേക്ഷ്യം
- മധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ നിന്ന് കാഞ്ഞിരപ്പള്ളി മുതലുള്ള കിഴക്കൻ മേഖലകളിലേയ്ക്ക് കുടിയേറിയ പുലയരുടെ ജീവിതം
- വിദ്യാഭ്യാസത്തിലൂടെ അറിവിന്റെ വാതായനം തുറന്നു കിട്ടിയ നീലന്റെ പുത്രനായ പൊടിയന്റെ തലമുറ പ്രതിരോധശക്തിയായി ഉയർക്കൊള്ളുന്നത്
- മരണാനന്തര ചടങ്ങുമായി ബന്ധപ്പെട്ട് പുലയർക്കിടയിൽ നിലനിന്നിരുന്ന വിശ്വാസം

# Discussion

## 3.1.1 ഇതിവൃത്തസംഗ്രഹം

- ചരിത്രവും മിത്തും രാഷ്ട്രീയവും പ്രണയവും ദളിത് സാംസ്കാരികപരിപ്രേക്ഷം

മലയാളസാഹിത്യത്തിലെ ദളിതാവിഷ്കാരത്തിന്റെ ഭൂമികയിലേക്ക് വ്യത്യസ്തവും തനിമയാർന്നതുമായ രചനാശൈലിയിലൂടെ ശ്രദ്ധേയനായ നോവലിസ്റ്റാണ് രാജു കെ. വാസു, 2011 -ൽ അദ്ദേഹം എഴുതിയ 'ചാവുതുള്ളൽ' എന്ന നോവൽ മലയാള ദളിത് നോവലുകളിൽ സമുന്നത സ്ഥാനം അലങ്കരിക്കുന്നു. ചരിത്രവും മിത്തും രാഷ്ട്രീയവും പ്രണയവും ജാതിമതഭാഷാവിഷ്കാരവും ഒക്കെ കൂടിക്കലർന്ന ദളിത് സാംസ്കാരിക പരിപ്രേക്ഷ്യത്തിലാണ് 'ചാവുതുള്ളൽ' പിറന്നു വീഴുന്നത്. 1880 മുതൽ 1920 വരെയുള്ള കാലഘട്ടമാണ് ഈ നോവലിന്റെ പശ്ചാത്തലം.

- കൊളോണിയൽ ആധുനികത കീഴാള ജനതയിൽ ഉണ്ടാക്കിയ ഉണർവിന്റെ ചരിത്രം

കൊളോണിയൽ ആധുനികത കീഴാള ജനതയിൽ ഉണ്ടാക്കിയ ഉണർവിന്റെ ചരിത്രമാണ് രാജു കെ. വാസുവിന്റെ 'കുഞ്ഞുലച്ചുമി'എന്ന നോവൽ. ദലിത് സ്ത്രീ ജീവിതവും അവരുടെ സംഘർഷവും മുന്നേറ്റവും ആവിഷ്കരിക്കുന്ന കൃതിയാണിത്. അദ്ദേഹത്തിൻറെ ഏറ്റവും പുതിയ നോവലാണ് 'പോളപ്പതം'. 2021-ൽ പുറത്തിറങ്ങിയ ഈ നോവൽ പറയ-പുലയ വിഭാഗങ്ങളിൽപ്പെട്ട സാധാരണക്കാർക്ക് നേരിടേണ്ടിവരുന്ന തീക്ഷ്ണാനുഭവങ്ങളെ ചിത്രീകരിക്കുന്നു. അവരുടെ ജീവിതചര്യകൾ ഈ വിഭാഗത്തിലെ പ്രണയിതാക്കൾക്ക് വെല്ലുവിളിയാകുന്നതെങ്ങനെയെന്ന വ്യക്തമായ അവതരണവും ഇതിലുണ്ട്. 'ചരിത്രപരമായ തുടർച്ചയും ഭാവുകത്വപരമായ പടർച്ചയും ആഖ്യാനപരമായ വിടർച്ചയും ഒരേസമയം സാധ്യമാക്കുന്ന അസാധാരണമായ ഒരു നോവലാണ് 'പോളപ്പതം' എന്ന് ഡോ. ഷാജി ജേക്കബ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

'വിമോചനത്തിന്റെ കീഴാളമന്ത്രം' എന്ന തലക്കെട്ടിൽ കെ. പി രാമനുണ്ണിയുടെ അവതാരികയോടെയാണ് 'ചാവുതുള്ളൽ' ആരംഭിക്കുന്നത്. അധ:സ്ഥിതത്വങ്ങളെ അവസാനിപ്പിക്കുന്നതിനും കീഴാള മുന്നേറ്റം സാധ്യമാക്കുന്നതിനും അക്ഷരത്തിലൂടെ ഒരു സമരമുഖം തുറന്നു വയ്ക്കുന്ന നോവലാണ് ഇത്. ജന്മിത്തത്തിന്റെ തകർച്ചയ്ക്ക് ശേഷവും അയിത്താചാരങ്ങൾ ബാക്കിനിൽക്കുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുള്ള മധ്യതിരുവതാംകൂറിലെ പുലയരുടെ ജീവിതമാണ് ഇതിൽ വെളിപ്പെടുന്നത്. വിദ്യാഭ്യാസത്തിലൂടെ അറിവിന്റെ വാതായനം തുറന്നു കിട്ടിയ നീലന്റെ പുത്രനായ പൊടിയന്റെ തലമുറ പ്രതിരോധശക്തിയായി ഉയിർക്കൊള്ളുന്നതോടെയാണ് നോവൽ അവസാനിക്കുന്നത്. ആഖ്യാനം പ്രകൃതി ബോധത്തോടെ ചേർത്ത് അവതരിപ്പിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്.

- ദലിത് സാംസ്കാരികപരിപ്രേക്ഷം

കീഴാളധർമ്മശാസ്ത്രത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയിട്ടുള്ള നോവലാണ് 'ചാവുതുള്ളൽ'. കറുമ്പനും നീലനും അഴകിയും ചിരുതയുമെല്ലാം അതിന്റെ പ്രത്യക്ഷവൽക്കരണങ്ങളാണ്. കഠാരയും അരയിൽ തിരുകി ബാലരാമപുരം തെരുവിലൂടെയുള്ള അയ്യങ്കാളിയുടെ വില്ലുവണ്ടി

യാത്ര, സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തനങ്ങൾ, പറയരുടെയും പുലയരുടെയും കുടിയേറ്റം, മതംമാറ്റം, മതം മാറിയിട്ടും വിട്ടുമാറാത്ത ആചാരനിഷ്ഠകൾ, വിദ്യാഭ്യാസ മുന്നേറ്റം എന്നിവ നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. അപകർഷത വെടിഞ്ഞ് ആത്മവിശ്വാസത്തിന്റെ കീഴാള ബോധത്തെ പ്രതിനിധീകരിക്കുന്ന രചനകളാണ് രാജു കെ. വാസുവിന്റേത്. അതിൽ ഭാഷാപരമായ വിപ്ലവവും വെളിപ്പെടുന്നു. സംസ്കൃത പദപ്രയോഗങ്ങളുടെ സന്നിവേശവും ശ്രദ്ധേയമാണ്.

- മധ്യതിരുവതാം കൂറിലെ പുലയ രുടെ ജീവിതം

നോവലിന്റെ അധ്യായവിഭജനത്തിലും സവിശേഷ പ്രാധാന്യമുണ്ട്. 'തരിക്' എന്ന എണ്ണൽ സംഖ്യയനുസരിച്ചാണ് നോവലിലെ അധ്യായങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നത്. ചാവ്, തോവ്, തിലവ്, പാത്ത്, തട്ടൽ, തടവൽ, ഞൊളയ്ക്കൽ, വലിവ്, തായാ പൊലിവ്, പൊലിചാവ്, പൊലി തോവ്, പൊലിതിലവ്, പൊലിപ്പാത്ത്, പൊലിതട്ടൽ, പൊലി തടവൽ, പൊലിഞൊളയ്ക്കൽ, പൊലിവലിവ്, പൊലിതായാൻ, തോ പൊലിപ്പ്, തോപ്പൊലിപ്പാത്ത്, തോപ്പൊലി തട്ടൽ, തോപ്പൊലിത്തടവൽ, തോപ്പൊലിഞൊളയ്ക്കൽ, തോപ്പൊലിവലിവ്, തോപ്പൊലിതായാൻ, തിലപൊലിവ്, തിലപൊലിച്ചാവ്, തിലപ്പൊലി തോവ്, തിലപ്പൊലി തിലവ്, തിലപ്പൊലിപ്പാത്ത്, തിലപ്പൊലിത്തട്ടൽ, തിലപ്പൊലി തടവൽ, തിലപ്പൊലിഞൊളയ്ക്കൽ, തിലപ്പൊലി വലിവ്, തിലപ്പൊലി തായാൻ, പാത്തുപൊലിവ്, പാത്തൂപ്പൊലിച്ചാവ്, പാത്തുപ്പൊലിപ്പാത്ത്, പാത്തു പൊലി തട്ടൽ, പാത്തു പൊലിതാവൽ, പാത്തുപ്പൊലിഞൊളയ്ക്കൽ, പാത്തു പൊലിവലിവ്, പാത്തു പൊലി തായാൻ തുടങ്ങിയ പേരുകൾ പുലയർക്കിടയിൽ നെല്ലളക്കുന്നതിന് പ്രയോഗിച്ചിരുന്ന അളവുനാമങ്ങളാണ്. ഇതിലൂടെ മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവാനുഭവങ്ങൾ ഇതൾ വിരിയുകയാണ്. പുലയജീവിതാനുഭവങ്ങളും സംഘർഷങ്ങളും അവതീർണമാകുന്ന നോവലാണ് 'ചാവുതുള്ളൽ'. മധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ നിന്ന് കാഞ്ഞിരപ്പള്ളി മുതലുള്ള കിഴക്കൻ മേഖലകളിലേക്ക് കുടി യേറിയ പുലയരുടെ ജീവിതമാണ് കേന്ദ്ര പ്രമേയം. പ്രാദേശികമായ ഭൂമികയിൽ രൂപം കൊള്ളുന്ന പാഠഭേദങ്ങളും അനുബന്ധ ബഹുസ്വ രതയും ഇതിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. കീഴാള ജീവിതത്തിന്റെ സംഘർഷാത്മകവും വ്യത്യസ്തവുമായ മാനങ്ങളെ വെളിപ്പെടു ത്തുന്ന കൃതിയാണ് 'ചാവുതുള്ളൽ'.

- 'തരിക് ' എന്ന എണ്ണൽ സംഖ്യ യനുസരിച്ചുള്ള അധ്യായങ്ങൾ

മധ്യതിരുവിതാംകൂറിലെ ഏറ്റുമാനൂർ, അതിരമ്പുഴ, നീണ്ടൂർ എന്നിവിടങ്ങളിലെ പാടശേഖരങ്ങളിൽ പണിയെടുത്തിരുന്ന കർഷകർ, തോട്ടം പണിക്കായി കിഴക്കൻ മേഖലകളിലേക്ക് കുടിയേറുന്ന പശ്ചാത്തലമാണ് നോവലിൽ നിറയുന്നത്. പുലയമൂപ്പനായ കറുമ്പന്റെയും മക്കളായ നീലന്റെയും കൊമ്പന്റെയും ജീവിതമാണ് ഇതിൽ പ്രധാനമായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. നീലന്റെയും കുടുംബക്കാരുടെയും കാഞ്ഞിരപ്പള്ളിയിലെ വാസുവിന്റെയും നീലന്റെ മകൻ പൊടിയന്റെ തോട്ടത്തിലെ ജീവിതവും പ്ര മേയത്തിൽ ഇടം നേടുന്നുണ്ട്. മധ്യതിരുവിതാംകൂറിലെ പുലയരുടെ ജീവിതം, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസം, ഭക്ഷണം തുടങ്ങിയ അനുഭവങ്ങളുടെ നേർചിത്രവും നോവലിലുണ്ട്.

- അനുഭവങ്ങളുടെ നേർചിത്രം

‘ചാവുതുള്ളൽ’ എന്ന ശീർഷകത്തിന്റെ ഔചിത്യവും ശ്രദ്ധേയമാണ്. ഈ പേര് മരണാനന്തര ചടങ്ങുമായി ബന്ധപ്പെട്ട് പുലയർക്കിടയിൽ നിലനിന്നിരുന്ന ഒന്നാണ്. മരിച്ചതിന്റെ പതിനാറാം നാൾ വേലത്താന്റെ നേതൃത്വത്തിൽ മരിച്ചുപോയവരെ വെട്ടത്ത് വരുത്തുന്ന ചടങ്ങാണ് ചാവുതുള്ളൽ. മരിച്ചുപോയ ആളിന്റെ ചാവ് ഇഷ്ടമുള്ള ആളിന്റെ ശരീരത്തിൽ കൂടി മറ്റുള്ളവരോട് സംസാരിക്കുന്നു. ഇങ്ങനെ സംസാരിക്കുന്നവർക്ക് ഉയർച്ച ഉണ്ടാകുമെന്ന വിശ്വാസമാണ് ചാവുതുള്ളലിലുള്ളത്. പരേതാത്മാക്കളെക്കുറിച്ചുള്ള വിശ്വാസം നോവലിന്റെ അടിത്തറയായി വർത്തിക്കുന്നു. പ്രത്യേകിച്ച് ആത്മാക്കളുടെ സഞ്ചാരം എന്ന വിശ്വാസത്തെ ആവിഷ്കരിക്കാൻ ഭൂതകാലത്തെ പശ്ചാത്തലമാക്കുന്നു. ചാവുതുള്ളലിനെ സംബന്ധിച്ച വിശ്വാസം കറുമ്പൻ മൂപ്പന്റെ ചാവ് കൊച്ചുമകൻ പൊടിയനിലൂടെ സംസാരിക്കുന്നതിൽ വെളിപ്പെടുന്നു. കറുമ്പന്റെ അദൃശ്യ സാന്നിധ്യം മകൻ നീലൻ പലപ്പോഴും തിരിച്ചറിയുന്നു. മാടൻ, മറുത, തെയ്യം തുടങ്ങിയവയുള്ള വിശ്വാസം മുറുകെ പിടിക്കുന്ന ഒരു ജനവിഭാഗമാണ് ഇതിലെ പുലയർ. മാടൻ കല്ലും പതിക്കല്ലും ഒക്കെ മനുഷ്യ കഥാനുഗായിയായി ‘ചാവുതുള്ളലി’ലുണ്ട്.

▶ ചാവുതുള്ളൽ എന്ന വിശ്വാസം

സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ തനിമയാർന്ന തലവും നോവലിലുണ്ട്. കാളി എന്ന പെണ്ണിന്റെ പ്രേതാത്മാവ് നോവലിൽ പ്രത്യക്ഷമാകുന്നതിന് പിന്നിലെ ഐതിഹ്യം ശ്രദ്ധേയമാണ്. കൊന്നൻ തമ്പ്രാൻ അപ്പനെയും കാമുകനെയും കൊന്നതിൽ പ്രതിഷേധിച്ച് അയാളെ കൊടുവാൾ എടുത്ത് വെട്ടിക്കൊല്ലുന്ന പെണ്ണാണ് പൂർവ്വജന്മത്തിലെ കാളി. മാറുമറയ്ക്കാത്ത കീഴാളസ്ത്രീകളുടെ അവസ്ഥയും മറുഭാഗത്ത് ബ്ലൗസ് ധരിച്ച്നീങ്ങുന്ന നായർ സ്ത്രീകളുടെ വിശേഷവും ചിരുതയുടെ ചിന്തയിലുണ്ട്. മറക്കുടയും ഘോഷയും ഉപേക്ഷിച്ച് മുണ്ടും ജമ്പറും ഇട്ട് സ്വതന്ത്ര സ്വത്വപ്രകടനമായി മാറുന്ന എരണാട്ടുമനയിലെ തേതി, വിപ്ലവാത്മക സ്ത്രീ കഥാപാത്രമായി നോവലിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. കീഴാളഭാഷയുടെ സാധ്യതകളും അതിനു സഹായകമായ പദസൂചനകളും ‘ചാവുതുള്ളലി’നെ ഉദാത്തമാക്കുന്നു. ശാസ്ത്രത്തിന്റെ സൂക്ഷ്മവിന്യാസം നോവലിൽ കടന്നുവരുന്നുണ്ട്. ഉദാഹരണമായി വള്ളിയും ചീരനും തമ്മിലുള്ള രഹസ്യസംയോഗത്തിന്റെ വിവരണം പരാമർശിക്കാം. തിര്യക്ക് ബിംബങ്ങൾ ദളിത് ജീവിതാനുഭവങ്ങളോട് ചേർത്ത് ആവിഷ്കരിക്കാനും നോവലിൽ ശ്രമിച്ചിട്ടുണ്ട്. വരേണ്യസൗന്ദര്യബോധത്തെ കീഴ്മേൽമറിക്കുന്ന വർണ്ണനകൾ നോവലിൽ പ്രതിഫലിക്കുന്നു.

▶ കീഴാള ഭാഷയുടെ സാധ്യത

സ്ത്രീപുരുഷബന്ധത്തെ സംബന്ധിച്ച ഭിന്നമായ സങ്കല്പനം നോവലിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ചീരന്റെയും വള്ളിയുടെയും ഒളിച്ചോട്ടവും വിശ്വസ്തത പുലർത്താനാകാത്ത ബന്ധത്തിൽ നിന്നും പിന്മാറണമെന്ന നാട്ടുകാരുടെ മനോഭാവവും ശ്രദ്ധേയമായി വിലയിരുത്തപ്പെടേണ്ടതാണ്. പരസ്ത്രീഗമനത്തിന്റെ സാധ്യതയെ സാധാരണ സംഭവമായി ഒരു ഭാഗത്ത് അവതരിപ്പിക്കുമ്പോഴും, മറുഭാഗത്ത് അത്തരം വാർത്ത അറിയുന്ന നീലൻ ക്രുദ്ധനായി മാറുന്നു. അഴകിയെ കൊച്ചാലൻ തന്ത്രപൂർവ്വം കീഴടക്കിയ വാർത്തയാണ് നീലനെ കുപിതനാക്കിയത്. കീഴാള മേലാളസംസർഗ്ഗത്തിന്റെ ഭിന്നതലങ്ങൾ

▶ ആചാരബദ്ധജീവി തക്രമങ്ങൾ

രാഷ്ട്രീയ ജാഗ്രതയോടെ അവതരിപ്പിക്കാനുള്ള ശ്രമം പ്രമേയത്തിൽ കാണാം. എന്നാൽ കീഴാള സ്ത്രീ അനുഭവിക്കുന്ന ചൂഷണത്തിന്റെ വിശദമായ പ്രതിപാദ്യത്തിന് നോവലിൽ ഇടം നൽകിയിട്ടില്ല.

വള്ളിയുടെയും ചീരന്റെയും സംഗമത്തിലാണ് നോവൽ ആരംഭിക്കുന്നത്. ഇത് നിലവിലെ സമൂഹത്തിന്റെ വിലക്കുകളെ മറികടന്നാണ് സംഭവിക്കുന്നത്. ഇതിനനുബന്ധമായാണ് നോവലിലെ മറ്റു സംഭവങ്ങൾ കോർത്തിണക്കിയിരിക്കുന്നത്. ലൈംഗികാതിക്രമവും തുടർന്നുണ്ടാകുന്ന മരണവും നോവലിന്റെ അന്ത്യത്തെ നിർണ്ണയിക്കുന്ന സവിശേഷ സംഭവങ്ങളായി മാറുന്നു. ചിരുതക്കുഞ്ഞ് എന്ന ബാലികയുടെ കൊലപാതകത്തെ കേന്ദ്രീകരിച്ച് നോവലിസ്റ്റ് ചരിത്രത്തിലെ ചില പ്രഹേളികയിലേക്ക് കടന്നുപോകുന്നു. ചിരുതയെ വർണിക്കുമ്പോഴും സ്നേഹാവിഷ്ക്കാരങ്ങളുടെ തുറന്നെഴുത്ത് സാധ്യമായിരിക്കുന്നു. എന്നാൽ കാമാസക്തിപൂണ്ട കൊച്ചമ്പ്രാന്റെ അതിക്രമണം അവളിലെ സ്നേഹദീപ്തി കെടുത്തിക്കളയുന്നതായി കാണാം. ചിരുതയുടെ മരണത്തോടെ നീലന്റെയും മൈലന്റെയും കുടുംബം ഇരുട്ടിലായി. നീലൻ ചിരുതയുടെ കൊലപാതകത്തിനു പ്രതികാരം ചെയ്യുന്നതോടെ കഥാഗതി മറ്റൊരു തലത്തിലേക്ക് മാറുന്നു.

▶ ചിരുതകുഞ്ഞ് എന്ന ബാലികയുടെ കൊലപാതകം

ഗ്രാമജീവിതതിൽ നിന്നും പുത്തൻ സാംസ്കാരിക ഭൂമികയിലേക്ക് കടക്കുന്ന പുലയരുടെ ജീവിതവും 'ചാവുതുള്ളലി'ൽ വിവരിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി എന്ന പുത്തൻ ഇടം ഈ പശ്ചാത്തലത്തിലാണ് വായിക്കപ്പെടേണ്ടത്. ആൺ-പെൺ ബന്ധത്തിന്റെ ജനാധിപത്യ സ്വഭാവത്തിന് വിഘാതമാകുന്ന പിതൃഅധികാരഘടനയുടെ വെളിപ്പെടലും ഈ നോവലിലുണ്ട്. കീഴാളരുടെ സ്വാതന്ത്ര്യപ്രഖ്യാപനം ഓർമ്മകളിലൂടെയാണ് പ്രത്യക്ഷമാകുന്നത്. നോവലിനെ കവിയുന്ന പെൺ സ്വരൂപമായി കാളിയെ അവതരിപ്പിക്കുന്ന ചിരുതയും തേയിയും വിരുദ്ധ സ്ത്രീത്വത്തെ പ്രതിനീധീകരിക്കുന്നു. പുതുതലമുറയുടെ ജൈവിക സ്വാതന്ത്ര്യവും സാംസ്കാരിക ഔന്നിത്യവും സ്വപ്നം കണ്ടുകൊണ്ടാണ് 'ചാവുതുള്ളൽ' അവസാനിക്കുന്നത്.

▶ ചിരുതയും -തേയിയും വിരുദ്ധ സ്ത്രീത്വത്തെ പ്രതിനീധീകരിക്കുന്നു

## ചാവ് എന്ന സങ്കൽപ്പവും സമുദായവും

പരേതാത്മാക്കളെക്കുറിച്ചു സമുദായം സൂക്ഷിക്കുന്ന വിശ്വാസങ്ങളും അതിനെ മുൻനിർത്തി നിലനിൽക്കുന്ന ആചാരങ്ങളും നോവലിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ചാവ് നോവലിലെ പ്രധാനപ്പെട്ട ബിംബമാണ്. മരിച്ചുപോയവരുടെ ആത്മാവാണ് ചാവ് എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്. കുറുമ്പൻ മൂപ്പന്റെ ചാവ് പൊടിയനിലൂടെ നടത്തുന്ന സംഭാഷണങ്ങൾ ഏറെ പ്രസക്തമാണ്. പുലയജീവിതത്തിന്റെ വ്യത്യസ്ത മാനങ്ങളിലേയ്ക്ക് ചാവ് എന്ന ബിംബം വായനക്കാരെ കൊണ്ടു പോകുന്നു. നോവലിന്റെ അന്ത്യത്തിൽ പുലയസമുദായത്തിലെ പുതുതലമുറയുടെ പ്രതിനിധിയായി വിദ്യാസമ്പന്നനായ പൊടിയൻ പ്രത്യക്ഷനാകുന്നതോടെ ഈ വിശ്വാസം നോവലിൽ ഫലവത്താകുന്നു. നീലൻ അഭിമുഖീകരിക്കുന്ന പ്രതിസന്ധിഘട്ടങ്ങളിലെല്ലാം ചാവ് കടന്നുവരുന്നുണ്ട്. കേവലം ജൽപ്പനങ്ങൾ

എന്നതിൽ കവിഞ്ഞ് അവർ സൂക്ഷിക്കുന്ന ആചാരവിശ്വാസങ്ങളുടെ മുഖം നോവലിൽ നിന്ന് വ്യക്തമാകുന്നു. അവർ പുലർത്തി വരുന്ന ആചാരവിശ്വാസങ്ങളാകട്ടെ സമൂഹത്തിന്റെ പലതരം അധികാരഭാവങ്ങളെ പ്രശ്നവത്ക്കരിക്കാൻ കഴിയുന്നതാണെന്ന് മനസ്സിലാക്കാം. നീലൻ പ്രണയിക്കുന്ന കാളി എന്ന സ്ത്രീ ഒരു കാളിയെന്ന പെണ്ണിന്റെ പ്രേതാത്മാവാണ് എന്ന തിരിച്ചറിവ് ശരീരത്തെയും അധികാരത്തെയും അരിക്വത്ക്കരണത്തെയും മുൻനിർത്തിയുള്ള ചോദ്യങ്ങളാണുയർത്തുന്നത്.

► ചാവ് എന്ന പ്രയോഗം പ്രധാനപ്പെട്ട ബിംബം

'ആത്മാക്കളുടെ സഞ്ചാരം' എന്ന വിശ്വാസത്തെ മുഖ്യ പ്രമേയമായി അവതരിപ്പിക്കുന്ന നോവലിൽ പൂതം, മാടൻ, മറുത, തെയ്യം തുടങ്ങിയവയിലുള്ള വിശ്വാസങ്ങൾ പിന്തുടരുന്നതായി കാണാം. അത്തരം വിശ്വാസങ്ങളെ കുടിയേറ്റങ്ങളിൽ അവർ കൈമോശം വരാതെ സൂക്ഷിക്കുന്നു. മാടൻകല്ലും പതികല്ലുമൊക്കെ ജീവിതത്തിന്റെ ഭാഗമാക്കുന്ന മനുഷ്യരുടെ കഥയാണ് 'ചാവുതുള്ളൽ'.

► ഒരു സമുദായത്തിന്റെ വിശ്വാസങ്ങൾ

## കാളിയും നീലനും

നോവലിലെ പ്രധാനപ്പെട്ട ഒരു സന്ദർഭമാണ് കാളിയും നീലനും തമ്മിലുള്ള പ്രണയം. അവർ തമ്മിലുള്ള അവിഹിത ബന്ധവും അതിന്റെ സൗന്ദര്യവും നോവലിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നോവലിന്റെ അവസാന ഭാഗമെത്തുമ്പോഴാണ് നീലൻ പ്രണയിച്ചിരുന്ന കാളിയുടെ ചരിത്രം വായനക്കാർക്ക് മനസ്സിലാകുന്നത്. കോന്നൻ തമ്പ്രാൻ അപ്പനേയും കാമുകനേയും കൊന്നതിൽ പ്രതിഷേധിച്ച് അയാളെ കൊടുവാളെടുത്ത് വെട്ടിക്കൊല്ലുന്ന പെണ്ണാണ് പൂർവജന്മത്തിലെ കാളി. പിന്നീട് നിരവധി സന്ദർഭങ്ങളിൽ കാളി കടന്നുവരുന്നുണ്ട്. പ്രേമിക്കുന്നവർക്ക് (കണ്ടൻ, മാണി) തുണയാകുന്നവളായും പ്രേമിക്കുന്നവനെ തേടിയലയുന്നവളായും (കുഞ്ഞുലക്ഷ്മി) കാളി നോവലിൽ പ്രത്യക്ഷമാകുന്നു.

► കാളിയുടെ പൂർവ്വജന്മ ചരിത്രം

## ജീവിതവും സംസ്കാരവും

പുലയരുടെ ജീവിതരീതിയും സംസ്കാരവും നോവലിൽ സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വസ്ത്രം, ഭക്ഷണം, വിശ്വാസം, ആചാരം തുടങ്ങിയവ സാംസ്കാരിക പ്രതിനിധാനങ്ങളായി നോവലിൽ കടന്നുവരുന്നുണ്ട്. വസ്ത്രം തന്നെ വലിയൊരു രാഷ്ട്രീയമായി പ്രവർത്തിക്കുന്ന കാഴ്ച നമുക്ക് കാണാം. മാറുമറയ്ക്കൽ സമരവും കീഴാള ജീവിതവും അടങ്ങുന്ന കേരളചരിത്രത്തെ നോവൽ ഓർമ്മിപ്പിക്കുന്നു. വസ്ത്രം എന്നത് ശരീരം മറയ്ക്കാനുള്ള വസ്തു എന്നതിൽ നിന്ന് ജാതിയുടെ അടയാളമായി പ്രവർത്തിക്കുന്ന അവസ്ഥ നോവലിൽ കാണാം.

► വസ്ത്രത്തിന്റെ രാഷ്ട്രീയം

'തന്റെ പ്രായമുള്ള കുഞ്ഞു തമ്പ്രാട്ടിമാർ പളപളാ മിന്നുന്ന കുപ്പായോം മാലേം കമ്മലും വളയുമിട്ടോണ്ടു നടക്കുന്നു. പുലേന്മാർക്ക് ഇതൊന്നും പറഞ്ഞിട്ടില്ല. മാടനും മറുതയും കാളനും കൂളനും എല്ലാം കോപിക്കും. പല്ലിളിയൻ ഇളിച്ചു കാണിച്ചു പേടിപ്പിക്കും' എന്ന മൈലന്റെ മകൾ ചിരുതയുടെ വിചാരം ശ്രദ്ധേയമാണ്. ഉയർ

ന്ന ജാതിക്കാർക്ക് വസ്ത്രം ധരിക്കാനുള്ള അവകാശം ലഭിക്കുമ്പോൾ തന്നെ താഴ്ന്ന ജാതിക്കാർക്ക് അത് നിഷേധിക്കപ്പെടുന്നതിന് പിന്നിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയത്തെ നോവൽ പ്രശ്നവത്ക്കരിക്കുന്നുണ്ട്. തങ്ങൾക്ക് വസ്ത്രം ധരിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട സന്ദർഭത്തിൽ തന്നെ നായർ സ്ത്രീകൾ ബ്ലൗസ് ധരിച്ചിരുന്നതായി ചിരുത ഓർമ്മിക്കുന്ന സന്ദർഭം ചരിത്രത്തിലേയ്ക്കുള്ള നോട്ടമാണ്. ശരീരം തന്നെ ഇവിടെ പ്രശ്നവത്ക്കരിക്കപ്പെടുന്നു. ജാതിശരീരം എന്നത് കൂടുതൽ സൂക്ഷ്മതയോടെ സമീപിക്കേണ്ട ഒന്നാണെന്ന് ചിന്തിപ്പിക്കുന്നു. നീലനും ചിന്നനുമൊക്കെ തങ്ങളുടെ ബ്ലൗസ് തുന്നുന്നതിനായി വാങ്ങി വരുന്ന തുണിയും വസ്ത്രത്തെക്കുറിച്ചുള്ള ആലോചനകളും പ്രസക്തമാണ്. നാട്ടിലെ എരണയ്ക്കാട്ടു മനയിലെ കൊച്ചെമ്പ്രാന്റെ ഭാര്യ തേതി, മറക്കുടയും ഘോഷയും ബഹിഷ്കരിച്ച് മുണ്ടും ജംബറുമിട്ട് വരുന്ന സന്ദർഭവും ആധുനികതയുടെ ചിഹ്നമായി നോവലിൽ കടന്നുവരുന്നു.

- വസ്ത്രവും ജാതി ശരീരവും

മലയോര പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും വിഭവ സമ്പത്തും നോവലിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഭക്ഷണരീതി, കൃഷി വിഭവങ്ങൾ എന്നിവ അടിത്തട്ടു ജനതയുടെ ജീവിതവുമായി എത്ര മാത്രം ഇഴുകിച്ചേർന്നിക്കുന്നു എന്ന് നോവൽ കാട്ടിത്തരുന്നു. ജോലി ചെയ്തു കൂലിയായി കിട്ടുന്ന 'പടിനെല്ല്' കൊടുത്ത് കപ്പയും കള്ളും വാങ്ങി കൂരയിലേക്കു പോകുന്ന വള്ളിയിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്.

- മലയോരത്തെ വിഭവസമ്പത്ത്

തൊഴിലും ഭക്ഷണവും തമ്മിലുള്ള ബന്ധം നോവലിൽ സവിശേഷമായി പ്രശ്നവത്കരിക്കപ്പെടുന്നുണ്ട്. വേലയിലൂടെ അവർക്ക് ലഭിക്കുന്ന കൂലി ഭക്ഷണമാണ്. ഭക്ഷണത്തിനു വേണ്ടിയാണ് പലരും ജോലി ചെയ്യുന്നതു തന്നെ. അടിസ്ഥാന ആവശ്യങ്ങൾ പോലും നികത്തപ്പെടാൻ കഴിയാത്ത വിധം വിശപ്പ് എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. നെല്പാടത്ത് വേല ചെയ്തും വിളവെടുത്തും ജീവിച്ചിട്ടും അവർക്ക് കഴിക്കാൻ ലഭിക്കുന്നത് അധികവും കിഴങ്ങുവർഗ്ഗങ്ങളാണെന്ന് നോവൽ പറയുന്നു. 'തൊണ്ടിട്ട് അനത്തിയ കാപ്പിയും', 'ചക്കക്കുരുവും ഉണക്കുകപ്പയും മീനും ചേർത്തു മുളകിട്ടു വേവിച്ചെടുത്ത പുഴുക്കും' അടങ്ങുന്ന മലയോര ഭക്ഷണ സംസ്കാരത്തെ നോവൽ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.എന്നാൽ വേല ചെയ്യാതെ ജീവിച്ച ശീലം മലയോര ജനതയ്ക്കില്ല. അവർ കഠിനമായി അധ്വാനിക്കുന്നു. അദ്ധ്വാനത്തിന്റെ പങ്കുപറ്റുന്നു.'വേല ചെയ്യാതെ പെലേനു ജീവിക്കാൻ പറ്റില്ല, മിഞ്ചം തിന്നാനും കാലാപെറുക്കാനും അവനെ കിട്ടില്ല' എന്ന സന്ദർഭം ശ്രദ്ധേയമാണ്.

- മലയോര ഭക്ഷണസംസ്കാരം

## ഭാഷയും ദൃശ്യതയും

നോവലിലെ അധ്യായ വിഭജനം തന്നെ ദളിത് ഭാഷയെ അടയാളപ്പെടുത്തുന്ന നിലയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ചാവ്(ഒന്ന്), തോവ് (രണ്ട്), തിലവ് (മൂന്ന്), പാത്ത് (നാല്), തട്ടൽ(അഞ്ച്), തടവൽ (ആറ്), ഞൊളയ്ക്കുൻ (ഏഴ്), തായാൻ (ഒമ്പത്) പൊലിവ് (പത്ത്) പൊലിചാവ് (പതിനൊന്ന്) എന്നക്രമത്തിൽ പാത്തുപൊലി തായാൻ (നാൽപത്തി ഒമ്പത്) എന്ന് ദളിത് ഭാഷയിലെ അക്കങ്ങളെ

അധ്യായങ്ങളുടെ ശീർഷകമായി നൽകിയിരിക്കുന്ന നോവൽ കീഴാള ഭാഷയുടെ രാഷ്ട്രീയത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നുണ്ട്. ഭാഷ കേവലം ആശയവിനിമയോപാധി മാത്രമല്ലെന്നും അതിൽ നിരവധി സാംസ്കാരികചിഹ്നങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ആ നിലയിൽ അധികാരത്തോട് ഭിന്നരീതിയിൽ പ്രതികരിക്കരിക്കുയും ചെയ്യുന്നതായി കാണാം. ധാരാളം ദ്രാവിഡശബ്ദങ്ങളും പ്രാദേശിക പദങ്ങളും നോവലിൽ കാണാം. കീഴാള ജീവിതത്തെ പ്രതിനിധീകരിക്കുന്ന നിരവധി നാടൻചൊല്ലുകളും പ്രയോഗങ്ങളും നോവലിൽ കടന്നുവരുന്നുണ്ട്. 'മണ്ണാത്തി കീച്ചി വായി പൊറിച്ചെന്നു പറഞ്ഞാമതി', 'മട്ടാൻപറഞ്ഞാൽ മരാലു കേൾക്കുമോ', 'തമ്പ്രാൻ മരത്തിക്കണ്ടാ ഏൻ മാനത്തു കാണും', 'മുന്നാഴി നെല്ലിനു മൂഞ്ചാൻ പോയി മുപ്പറനെല്ലു പന്നി കൊണ്ടോയി', 'കുഞ്ചൻ നായരും കുരുത്തോലച്ചൂട്ടും എടയ്ക്കിട്ട് ചതിക്കും' തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണങ്ങളാണ്. മധ്യകേരളത്തിലെ മലയോര ഗ്രാമത്തിലെ പുലയ സമദായത്തിന്റെ ഭാഷാപദങ്ങൾ നോവൽ കണ്ടെത്തുന്നുണ്ട്. തൊത്തം (സ്വസ്ഥം), ചീണം (ക്ഷീണം), അമ്മൻ (അപ്പൻ), അമ്മി (അമ്മ), പൊഞ്ചാനി (ഭാര്യ), രാശാവ് (രാജാവ്), ആകായം തുടങ്ങിയ പദങ്ങൾ ഉദാഹരണം.

> ▶ കീഴാളജീവിതത്തിലെ നിത്യപ്രയോഗങ്ങളും നാട്ടുചൊല്ലുകളും

## 3.1.2 ഇതിവൃത്തവിശകലനം

പ്രാദേശിക ചരിത്രാഖ്യാനത്തോടൊപ്പം രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം, സാംസ്കാരികം തുടങ്ങിയ തലങ്ങളിലൂടെയും 'ചാവുതുള്ളൽ' കടന്നുപോകുന്നുണ്ട്. മതപരിവർത്തനം ചെയ്തവർക്ക് ജാതീയമായ ഔന്നത്യം ലഭ്യമാകും എന്ന ചിന്താഗതി രൂപം കൊണ്ട പുലയർക്ക് വീണ്ടും അയിത്തം അനുഭവിക്കേണ്ട സ്ഥിതി ഉണ്ടാകുന്നു. പെലപ്പള്ളി എന്ന വിശേഷപരാമർശം ഇതിനെ സൂചിപ്പിക്കുന്നതാണ്. കുടിയേറ്റയിടമായ കാഞ്ഞിരപ്പള്ളിയിൽ സ്വാതന്ത്ര്യത്തിന്റെ ചെറിയ സുഖം അനുഭവിക്കാൻ കുടിയേറ്റ പുലയർക്ക് കഴിയുന്നുണ്ട്. വില്ലുവണ്ടി സമരവും മാറുമറയ്ക്കൽ സമരവും മലയാളി മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം തുടങ്ങിയവയും കേരളീയ രാഷ്ട്രീയത്തിൽ ഉണ്ടാക്കിയ ചലനങ്ങൾ നോവലിലും പ്രതിഫലിക്കുന്നുണ്ട്.

> ▶ ചരിത്രവും പ്രാദേശിക ചരിത്രവും

ആധുനിക പാതയിലേക്കുള്ള പ്രയാണത്തിനൊരുങ്ങുന്ന പുത്തൻ തലമുറയെ 'ചാവുതുള്ളലി'ൽ അടയാളപ്പെടുത്തിയിട്ടുണ്ട്. നീലന്റെ മകനായ പൊടിയനും സവർണാവർണ സഹോദര്യത്തിനു വഴി തുറന്ന കൊച്ചമ്പ്രാന്റെ വേളി തേതിയും നവദർശനത്തിന്റെ വക്താക്കളായി മാറുന്നു. ദളിത് ഭാവുകത്വത്തിന്റെ പ്രതിഷേധസ്വരം ചാവുതുള്ളലിന് മറ്റൊരു മാനം നൽകുന്നുണ്ട്. ചിന്താശേഷിയിൽ കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്ന പുലയരുടെ ജീവിതം മാറിമറിയുന്ന അനുഭവ ചിത്രീകരണമാണിതിലുള്ളത്. സ്ത്രീ സ്വത്വത്തെയും വർഗബോധത്തെയും സൂക്ഷ്മതയോടെ നിരീക്ഷിക്കാൻ കീഴാളന് കഴിയുന്നിടത്ത് അവർ ഏതൊരു ചൂഷണവും അതിജീവിക്കാൻ പര്യാപ്തരാകുന്നു.

> ▶ ദളിത് ഭാവുകത്വത്തിന്റെ പ്രതിഷേധസ്വരം

കീഴാള ഭാഷയുടെ ഒരു കാലഘട്ടത്തിന്റെ പുനർവായനാസാധ്യത ചാവുതുള്ളലിലുണ്ട്. ആടുമാടുകളെ കച്ചവടം ചെയ്യുന്ന ഒരു

പ്രത്യേക തൊഴിൽവിഭാഗത്തിന്റേതെന്നു കരുതുന്ന ഈ ഭാഷയ്ക്ക് നൂറു വർഷത്തിലേറെ പഴക്കം അനുമാനിക്കാം. എഴുത്തുകാരന്റെ ഭാഷാസ്വത്വം നോവലിന്റെ ആത്മാംശമായി മാറിയിരിക്കുന്നു. കീഴാളഭാഷയുടെ സൗന്ദര്യത്തികവിതിൽ ദർശിക്കാം. പുലയരുടെ ഭക്ഷണം, വസ്ത്രം പാർപ്പിടം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയ സാംസ്കാരികത്തനിമകളെ ഗൃഹാതുരതയോടെയാണ് നോവലിൽ അവതരിപ്പിക്കുന്നത്. ആധുനികാനന്തര നോവലുകളുടെ സവിശേഷതയായ പാഠാന്തരതകൾ ഉൾക്കൊള്ളുന്ന രചനയാണ് 'ചാവുതുള്ളലി'ന്റേത്, കഥാഗതിയോടിണങ്ങിയവ നിലകൊള്ളുന്നുവെന്നതാണിതിന്റെ പ്രത്യേകത. രാഷ്ട്രീയം, ചരിത്രം, സാമ്പത്തികം, സാമൂഹികം എന്നിങ്ങനെ നിരവധി മാനങ്ങളിലൂടെ കീഴാളജീവിതവും പ്രാദേശിക ചരിത്രകഥനവും നിർവഹിച്ചിരിക്കുകയാണിതിൽ. ദളിത് ജീവിതാവിഷ്കാരത്തിലുപരി ദളിത് ജീവിതത്തിന്റെ രാഷ്ട്രീയ പുനർവായനയും ഈ നോവലിൽ സാധ്യമാണ്. ചരിത്രകഥനവും ചരിത്രത്തിലെ സംഭവവികാസങ്ങളും നോവലിൽ വിവരിക്കുന്നുവെങ്കിലും വർത്തമാനകാല കീഴാളസ്വരൂപത്തിൽ 'ചാവുതുള്ളൽ' നിർവഹിക്കുന്ന ധർമ്മം അത് ഓർമ്മകളിൽ നിന്ന് അകന്നു പോയ അനുഭവങ്ങളുടെ ആഴത്തെ തിരികെപ്പിടിക്കുന്നു എന്നതാണ്.

> ▶ കീഴാളജീവിതവും പ്രാദേശിക ചരിത്രകഥനവും

കീഴാളനും പെണ്ണും ഒരു പൊതുബോധത്തിന്റെ തലത്തിലേക്ക് കൊണ്ടുവരാൻ നോവലിസ്റ്റ് ശ്രദ്ധിച്ചിട്ടുണ്ട്. അടിമ തന്റെ ജീവിതം വീണ്ടെടുക്കുന്നതുപോലെ കീഴാളർ/സ്ത്രീ വിമോചനം സാമൂഹിക ജീവിതത്തിന്റെ സർഗ്ഗാത്മകമായ വീണ്ടെടുപ്പാണെന്ന് 'ചാവുതുള്ളൽ' ഉദ്ഘോഷിക്കുന്നു. ചരിത്രപരമായി രൂപപ്പെട്ട ആണധികാരഘടനക്ക് നേരെ പെണ്ണ് നടത്തുന്ന സമരത്തിന്റെ പൂരണമായി ഈ നോവൽ മാറുന്നുണ്ട്. ദളിത് സ്ത്രീത്വത്തിലുയർന്ന് നില്ക്കുന്ന ആത്മവിശ്വാസത്തിന്റെ അവതരണവും പ്രണയത്തെ മതമായി ഉൾക്കൊള്ളുന്ന കാഴ്ചപ്പാടും 'ചാവുതുള്ളലി'ന് മറ്റൊരു അർത്ഥതലം നൽകുന്നു. ഈ പ്രണയസങ്കല്പത്തിലൂടെ സമകാല ജീവിതത്തെ അതിജീവിക്കാനുള്ള കരുത്താർജ്ജിക്കുകയാണിതിലെ കഥാപാത്രങ്ങൾ. സമകാല ലൈംഗികാതിക്രമങ്ങളും സ്ത്രീ-പുരുഷ വ്യവസ്ഥയിലെ നിർബന്ധിത അയിത്തങ്ങളും കീഴാള സമൂഹത്തിനുണ്ടാകുന്ന അപമാനങ്ങളുംമെല്ലാം നോവലിൽ ആഴത്തിൽ അപഗ്രഥിക്കുന്നുണ്ട്.

> ▶ കീഴാള /സ്ത്രീ വിമോചന ദർശനം

## Summarised Overview

ആധുനിക പാതയിലേക്കുള്ള പ്രയാണത്തിനൊരുങ്ങുന്ന പുത്തൻ തലമുറയെ 'ചാവുതുള്ളലി'ൽ അടയാളപ്പെടുത്തിയിട്ടുണ്ട്, നീലന്റെ മകനായ പൊടിയനും സവർണാവർണ സഹോദര്യത്തിനു വഴി തുറന്ന കൊച്ചമ്പ്രാന്റെ വേളി തേതിയും നവദർശനത്തിന്റെ വക്താക്കളായി മാറുന്നു. ദളിത് ഭാവുകത്വത്തിന്റെ പ്രതിഷേധസ്വരം ചാവുതുള്ളലിന് മറ്റൊരു മാനം നൽകുന്നു. ചിന്താശേഷികൊണ്ട് കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്ന പുലയരുടെ ജീവിതം മാറിമറിയുന്ന അനുഭവചിത്രീകരണമാണിതിലുള്ളത്. സ്ത്രീ സ്വത്വത്തെയും വർഗ്ഗബോധത്തെയും സൂക്ഷ്മതയോടെ നിരീക്ഷിക്കാൻ കീഴാളന് കഴിയുന്നിടത്ത് അവർ

ഏതൊരു ചൂഷണവും അതിജീവിക്കാൻ പര്യാപ്തമാകുന്നു.

കീഴാള ഭാഷയുടെ ഒരു കാലഘട്ടത്തിന്റെ പുനർവായനാസാധ്യത 'ചാവുതുള്ളലി'ലുണ്ട്. 'തരിക്' എന്ന എണ്ണൽ സംഖ്യയനുസരിച്ചാണ് നോവലിലെ അധ്യായങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നത്. ആടുമാടുകളെ കച്ചവടം ചെയ്യുന്ന ഒരു പ്രത്യേക, തൊഴിൽ വിഭാഗത്തിന്റേതെന്നു കരുതുന്ന ഈ ഭാഷയ്ക്ക് നൂറു വർഷത്തിലേറെ പഴക്കമുണ്ട്. എഴുത്തുകാരന്റെ ഭാഷാസ്വത്വം നോവലിന്റെ ആത്മാംശമായി മാറിയിരിക്കുന്നു. കീഴാളഭാഷയുടെ സൗന്ദര്യം ഇതിൽ ദർശിക്കാം. പുലയരുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഭാഷ, ആചാരാനുഷ്ടാനങ്ങൾ തുടങ്ങിയ സാംസ്കാരികത്തനിമകളെ ഗൃഹാതുരതയോടെയാണ് നോവലിൽ അവതരിപ്പിക്കുന്നത്.

ആധുനികാനന്തര നോവലുകളുടെ സവിശേഷതയായ പാഠാന്തരതകൾ ഉൾക്കൊള്ളുന്ന രചനയാണ് 'ചാവുതുള്ളലി'ന്റേത് കഥാഗതിയോടിണങ്ങിയവ നിലകൊള്ളുന്നുവെന്നതാണിതിന്റെ പ്രത്യേകത. രാഷ്ട്രീയം, ചരിത്രം, സാമ്പത്തികം, സാമൂഹികം എന്നിങ്ങനെ നിരവധി മാനങ്ങളിലൂടെ കീഴാളജീവിതവും പ്രാദേശിക ചരിത്രകഥനവും നിർവഹിച്ചിരിക്കുകയാണിതിൽ. ദളിത് ജീവിതാവിഷ്കാരത്തിലുപരി ദളിത് ജീവിതത്തിന്റെ രാഷ്ട്രീയ പുനർവായനയും ഈ നോവലിൽ സാധ്യമാണ്. ദളിത് ആഖ്യാനത്തിന്റെ വർത്തമാനം അവതീർണ്ണമാകുന്ന നോവലാണ് 'ചാവുതുള്ളൽ'. ഇരുപതാം ശതകത്തിന്റെ ആരംഭത്തിലെ പുലയരുടെ ജീവിതമാണിതിൽ ചിത്രീകരിച്ചിട്ടുള്ളത്. ചരിത്രകഥനവും ചരിത്രത്തിലെ സംഭവവികാസങ്ങളും നോവലിൽ വിവരിക്കുന്നു. എന്നാൽ വർത്തമാനകാല കീഴാളസ്വരൂപത്തിൽ 'ചാവുതുള്ളൽ' നിർവഹിക്കുന്ന ധർമ്മം അത് ഓർമ്മകളിൽ നിന്ന് അകന്നുപോയ അനുഭവങ്ങളുടെ ആഴത്തെ തിരികെ പിടിക്കുന്നു. ആദ്യകാല കീഴാള നോവൽ പ്രമേയങ്ങളുടെ മാതൃക പിന്തുടരുന്നു. ഇംഗ്ലീഷ് പഠനവും വിദ്യഭ്യാസ മുന്നേറ്റങ്ങളും മാറ്റത്തിന് അനിവാര്യമാണെന്ന വാദത്തെ 'ചാവുതുള്ളലും' പിന്തുടരുന്നു. കീഴാളനും പെണ്ണും ഒരു പൊതുബോധത്തിന്റെ തലത്തിലേക്ക് കൊണ്ടുവരാൻ നോവലിസ്റ്റ് ശ്രദ്ധിച്ചിട്ടുണ്ട്. അടിമ തന്റെ ജീവിതം വീണ്ടെടുക്കുന്നതുപോലെ കീഴാള/സ്ത്രീ വിമോചനം സാമൂഹിക ജീവിതത്തിന്റെ സർഗ്ഗാത്മകമായ വീണ്ടെടുപ്പാണെന്ന് 'ചാവുതുള്ളൽ' ഉദ്ഘോഷിക്കുന്നു.

ചരിത്രപരമായി രൂപപ്പെട്ട ആണധികാരഘടനക്ക് നേരെ പെണ്ണ് നടത്തുന്ന സമരത്തിന്റെ പൂരണമായി ഈ നോവൽ മാറുന്നുണ്ട്. ദളിത് സ്ത്രീത്വത്തിലുയർന്നുനില്ക്കുന്ന ആത്മവിശ്വാസത്തിന്റെ അവതരണവും പ്രണയത്തെ മതമായി ഉൾക്കൊള്ളുന്ന കാഴ്ചപ്പാടും ചാവുതുള്ളലിന് മറ്റൊരു അർത്ഥതലം നൽകുന്നു. ഈ പ്രണയസങ്കല്പത്തിലൂടെ സമകാല ജീവിതത്തെ അതിജീവിക്കാനുള്ള കരുത്താർജ്ജിക്കുകയാണിതിലെ കഥാപാത്രങ്ങൾ. സമകാല ലൈംഗികാതിക്രമങ്ങളും സ്ത്രീ -പുരുഷ വ്യവസ്ഥയിലെ നിർബന്ധിത അയിത്തങ്ങളും കീഴാള സമൂഹത്തിനുണ്ടാക്കുന്ന അപമാനങ്ങളും എല്ലാം ആഴത്തിൽ അപഗ്രഥിക്കുകയാണിതിൽ.

വള്ളിയുടെയും ചീരന്റെയും സംഗമത്തിലാണ് നോവൽ ആരഭിക്കുന്നത്. ഇത് നിലവിലെ സമൂഹത്തിന്റെ വിലക്കുകളെ മറികടന്നാണ് സംഭവിക്കുന്നത്. ഇതിനനുബന്ധമായാണ് നോവലിലെ മറ്റു സംഭവങ്ങൾ കോർത്തിണക്കിയിരിക്കുന്നത്. ലൈഗികാതിക്രമവും തുടർന്നുണ്ടാകുന്ന മരണവും നോവലിന്റെ അന്ത്യത്തെ നിർണ്ണയിക്കുന്ന സവിശേഷ സംഭവങ്ങളായി മാറുന്നു. ചിരുതക്കുഞ്ഞ് എന്ന ബാലികയുടെ കൊലപാതകത്തെ കേന്ദ്രീകരിച്ച് നോവലിസ്റ്റ് ചരിത്രത്തിലെ ചില പ്രഹേളികയിലേക്ക് കടന്നുപോകുന്നു. ചിരുതയെ വർണിക്കുമ്പോഴും സ്നേഹാവിഷ്ക്കാരങ്ങളുടെ തുറന്നെഴുത്ത് സാധ്യമായിരിക്കുന്നു. എന്നാൽ കാമാസക്തി പൂണ്ട കൊച്ചമ്പ്രാന്റെ അതിക്രമണം അവളിലെ സ്നേഹദീപ്തി കെടുത്തിക്കളയുന്നതായി കാണാം. ചിരുതയുടെ മരണത്തോടെ നീലന്റെയും മൈലന്റെയും കുടുംബം ഇരുട്ടിലായി. നീ

ലൻ ചിരുതയുടെ കൊലപാതകത്തിനു പ്രതികാരം ചെയ്യുന്നതോടെയാണ് കഥാഗതി മറ്റൊരു തലത്തിലേക്ക് മാറുന്നത്. ആ നിലയിൽ ദളിത്ജനതയുടെ പ്രതിരോധ ശ്രമങ്ങളെ നോവൽ അടയാളപ്പെടുത്തുന്നുണ്ട്.

## Assignment

1. പ്രതിരോധത്തിന്റെയും കീഴടങ്ങലിന്റെയും പ്രതിനിധാനമായി നോവലിൽ കടന്നു വരുന്ന സ്ത്രീ കഥാപാത്രങ്ങൾ ആരെല്ലാം?
2. ഉത്തരാധുനിക നോവലിന്റെ സവിശേഷതകളെ മുൻനിർത്തി 'ചാവുതുള്ളലി'ന്റെ രൂപപരവും ഭാവപരവുമായ ഘടകങ്ങളെ വിശകലനം ചെയ്യുക.
3. മധ്യതിരുവിതാംകൂറിന്റെ ജാതിചരിത്രവും 'ചാവുതുള്ളലി'ന്റെ പ്രസക്തിയും - ഉപന്യാസം തയ്യാറാക്കുക.
4. മധ്യതിരുവിതാംകൂർ പ്രദേശത്തെ പുലയരുടെ ആചാരം, അനുഷ്ഠാനം, വിശ്വാസം, ഭക്ഷണം, സാംസ്കാരിക ചിഹ്നങ്ങൾ എന്നിവ 'ചാവുതുള്ളലി'ൽ നിന്ന് കണ്ടെത്തി കുറിപ്പെഴുതുക.
5. കീഴാളഭാഷയുടെ സാധ്യതകൾ 'ചാവുതുള്ളലിൽ' അടയാളപ്പെടുത്തിയിരിക്കുന്നത് എങ്ങനെ?
6. പ്രാദേശിക ചരിത്രാവിഷ്കാരവും ഉത്തരാധുനിക നോവലും- ഉപന്യാസം തയ്യാറാക്കുക.

## Suggested Reading


1. പോത്തേരി കുഞ്ഞമ്പു, സരസ്വതീവിജയം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. എസ്. കെ. പൊറ്റക്കാട്, വിഷകന്യക, ഡി. സി. ബുക്സ്, കോട്ടയം.
3. പോൾ ചിറക്കരോട്, പുലയത്തറ, മനോരമ ബുക്സ്, കോട്ടയം.
4. തകഴി, തോട്ടിയുടെ മകൻ, ഡി. സി. ബുക്സ്, കോട്ടയം.
5. മിസിസ്സ് കോളിൻസ്, ഘാതകവധം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
6. എം. മുകുന്ദൻ, പുലയപ്പാട്ട്, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
7. ഒ. കെ. സന്തോഷ്, അസാന്നിദ്ധ്യങ്ങളുടെ പുസ്തകം, ഡി. സി. ബുക്സ്, കോട്ടയം.
8. രാജു കെ. വാസു, ചാവുതുള്ളൽ, ഡി.സി. ബുക്സ്, കോട്ടയം.
9. പ്രദീപൻ പാമ്പിരിക്കുന്ന്, എരി, ഡി. സി. ബുക്സ്, കോട്ടയം.
10. സജു മാത്യു, (എഡി.), മലയാളനോവൽ സമകാലിക വായനയും വിചാരവും, ഭൂമി മലയാളം, ആലുവ.
11. പി. എഫ്. മാത്യൂസ്, ചാവുനിലം, ഡി. സി. ബുക്സ്, കോട്ടയം.

12. നാരായൻ, കൊച്ചരേത്തി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
13. അശ്വനി എ. പി., നിത്യകല്യാണി@ഹെർസ്റ്റോറിക്ക.കോം, ധ്വനി ബുക്സ്, കോഴിക്കോട്.
14. Ludden David, A Brief History of Sabalternity subaltern studies (Ed), Wimbledon Publication Company, London
15. Linda Anderson, Autobiography, Routledge, New York.
16. Anand S., Touchable Tales, Navayana Publishing, Pondichery.

## References

1. ഇ. വി. രാമകൃഷ്ണൻ, അനുഭവങ്ങളെ - ആർക്കാണ് പേടി, ഡി. സി. ബുക്സ്, കോട്ടയം.
2. സജു മാത്യു, (എ. ഡി.), മലയാള നോവൽ സമകാലിക വായനയും വിചാരവും, ഭൂമി മലയാളം, ആലുവ.
3. കുമാർ ജെ., ഷിജു കെ., (എ. ഡി.), ആധുനികാനന്തര മലയാളനോവൽ, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
4. പി. എഫ്. മാത്യൂസ്, ചാവുനിലം, ഡി. സി. ബുക്സ്, കോട്ടയം.
5. പോത്തേരി കുഞ്ഞമ്പു, സരസ്വതീവിജയം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
6. നാരായൻ, കൊച്ചരേത്തി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
7. പ്രദീപൻ പാമ്പിരിക്കുന്ന്, എരി, ഡി. സി. ബുക്സ്, കോട്ടയം.
8. അശ്വനി എ. പി., നിത്യകല്യാണി@ഹെർസ്റ്റോറിക്ക.കോം, ധ്വനി ബുക്സ്, കോഴിക്കോട്.
9. Linda Anderson , Autobiography, Routledge, New York.
10. Anand S., Touchable Tales, Navayana Publishing, Pondichery.
11. Arnold, David, Stuart Blackburn, eds., Telling lives in India: Biography, Autobiography and Life History, Permenent Black, New Delhi.
12. Raj Kumar, Dalit Personal Narratives, Reading Caste, Nation and Identity, Orient Black Swan, Hyderabad.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 2

# സുഗന്ധി എന്ന ആണ്ടാൾ ദേവനായകി

### ടി. ഡി. രാമകൃഷ്ണൻ

## Learning Outcomes

- ഉത്തരാധുനിക നോവലുകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- ടി. ഡി. രാമകൃഷ്ണന്റെ സാഹിത്യ ലോകത്തെ പരിചയപ്പെടുന്നു
- 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവലിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ മനസ്സിലാക്കുന്നു
- നോവലിന്റെ ജനപ്രിയതയുടെ ഘടകങ്ങൾ കണ്ടെത്തുന്നു
- നോവൽ രചനയിൽ വന്നു ചേർന്ന നവപ്രവണതകൾ തിരിച്ചറിയുന്നു
- ചരിത്രത്തിന്റെയും മിത്തിന്റെയും സ്വാധീനം 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവലിൽ നിന്ന് കണ്ടെത്തുന്നു

## Background

ആധുനികാനന്തരനോവൽ സാഹിത്യഭൂമികയിൽ തനതായ സമവാക്യങ്ങൾ രൂപപ്പെടുത്തിയ നോവലെഴുത്തുകാരനാണ് ടി. ഡി. രാമകൃഷ്ണൻ. ചരിത്രാവിഷ്കാര സാധ്യതകളിൽ ജനപ്രിയ അംശങ്ങളും മിത്തുകളുടെ സന്നിവേശവും അതിസമർത്ഥമായി സംയോജിപ്പിക്കുന്ന രചനാതന്ത്രമാണ് അദ്ദേഹം നോവലുകളിൽ സ്വീകരിച്ചിരിക്കുന്നത്. സാങ്കേതിക പരീക്ഷണങ്ങളിലൂടെ നോവൽരചനാഭാവുകത്വത്തിൽ പുതുമസൃഷ്ടിക്കാൻ ടി. ഡി. രാമകൃഷ്ണന് കഴിഞ്ഞിട്ടുണ്ട്. 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി', 2014 ലാണ് പുറത്തിറങ്ങിയത്. ചരിത്രബദ്ധതയ്ക്കൊപ്പം പുരാവൃത്തസന്നിവേശവും ഈ നോവലിൽ സജീവമാണ്. സ്ത്രീസ്വത്വാവിഷ്കാരത്തിനും പ്രായേണ പ്രാധാന്യമുള്ള നോവലാണിത്.

സൈബറിടങ്ങളുടെ സാധ്യതകളെ മുൻനിർത്തി നവ ആഖ്യാനസമ്പ്രദായത്തിലേക്ക് പ്രവേശിച്ച് വിജയം കൈവരിച്ച നോവലാണ് ടി. ഡി. രാമകൃഷ്ണന്റെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'. നോവലിലെ വിഷയവൈവിധ്യം ആഖ്യാനമാതൃകയുടെ നവത്വം കൊണ്ട് ശ്രദ്ധേയമായിരിക്കുന്നു. ഇന്റർനെറ്റ്, ഇ-മെയിൽ, വെബ്പേജ് തുടങ്ങിയ സൈബർ ഇടത്തിലൂടെ സഞ്ചരിക്കുന്ന രചനാശൈലി ഇതിൽ പിന്തുടർന്നിരിക്കുന്നു. ശക്തമായ സ്ത്രീസ്വത്വനിർമ്മിതിയും ഈ നോവലിൽ കാണാം. എൽ. ടി. ടി. ഇ. യുടെ പതനത്തിന് ശേഷമുള്ള ശ്രീലങ്കയാണ് പശ്ചാത്തലം. ശ്രീലങ്കൻ സർക്കാരിന്റെ സഹായത്തോടെ ട്രാൻസ് നാഷണൽ പിക്ചേഴ്സ് നിർമ്മിക്കുന്ന 'വുമൺ ബിഹൈൻഡ് ദി ഫാൾ ഓഫ് ടൈഗേഴ്സ്' എന്ന സിനിമയുടെ സ്ക്രിപ്റ്റ് തയ്യാറാക്കാനെത്തിയ പീറ്റർ ശിവാനന്ദം എന്ന കഥാപാത്രത്തിലൂടെയാണ് നോവലിന്റെ ഇതിവൃത്തം മുന്നോട്ട് പോകുന്നത്. സിനിമയ്ക്കുള്ള ഉപാധികൾ തേടിയുള്ള അലച്ചിലിൽ നായകൻ കണ്ടുമുട്ടുന്ന ഓരോ കഥാപാത്രവും നോവലിനെ സ്ത്രീശക്തിയുടെ വ്യാഖ്യാനമാക്കുന്നു. കഥാസാധ്യതകൾ സൈബറിടങ്ങളിലൂടെയാണ് അന്വേഷിക്കുന്നത്. സിനിമയിലെ കഥാപാത്രമായ രജനി തിരണഗാമയെ തേടി എത്തുന്ന ഈഴപ്പോരാളി സുഗന്ധിയിലൂടെ മധ്യകാല ശ്രീലങ്കൻ ചരിത്രത്തിലേക്ക് പ്രവേശിക്കുകയാണ് നോവൽ.

ആധുനികാനന്തര നോവലിന്റെ പ്രധാനപ്പെട്ട ഒരു സവിശേഷത അതിൽ ചരിത്രത്തിന്

സവിശേഷമായ സ്ഥാനമുണ്ട് എന്നതാണ്. ചരിത്രവും മിത്തും എന്ന വേർതിരുവുകളെ റദ്ദു ചെയ്തുകൊണ്ട്, അപമിത്തീകരിക്കപ്പെട്ട (demythologize) ചരിത്രത്തിൽ നിന്നാണ് അതിന്റെ പ്രമേയം വികസിക്കുന്നത്. അവ ചരിത്രത്തോട് പ്രത്യയശാസ്ത്രപരമായ ബന്ധം രൂപപ്പെടുത്തുന്നു. ആ നിലയിൽ ചരിത്രവും നോവലും തമ്മിൽ നിലനിൽക്കുന്ന അന്തരങ്ങളെ ചോദ്യം ചെയ്തുകൊണ്ടാണ് ആധുനികാന്തര നോവലുകളിൽ ചരിത്രം ആവിഷ്ക്കരിക്കപ്പെടുന്നത്. അതോടെ സമാനതകളെക്കാൾ വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ് ചരിത്രം എന്ന ധാരണ ബലപ്പെടുന്നു. ചരിത്രത്തിന്റെ പലമകളിൽ നിന്നും പാഠാത്മകതകളിൽ നിന്നും സ്വീകരിക്കുന്ന പ്രമേയ പരിസരം അതിന്റെ വളരെ പ്രധാനപ്പെട്ട സവിശേഷതയാണ്. ആ നിലയിൽ അവ ജനപ്രിയത കൈവരിക്കുന്നു. 'ആധുനികാനന്തര മലയാളനോവൽ ചരിത്രത്തിന്റെ പാഠരൂപമെന്ന നിലയിൽ എങ്ങനെ അതിന്റെ കലയും പ്രത്യയശാസ്ത്രവും രൂപപ്പെടുത്തുന്നു എന്നന്വേഷിക്കുമ്പോൾ, മുഖ്യമായും അഞ്ചുതലങ്ങളിൽ (ചരിത്രത്തിന്റെ അപമിത്തീകരണം, ചരിത്രത്തോടു രൂപപ്പെടുത്തുന്ന പ്രത്യയശാസ്ത്ര ബന്ധം, ചരിത്രവും നോവലും തമ്മിലുള്ള അഭേദം, ചരിത്രത്തിന്റെ പലമ, ജനപ്രിയ ചരിത്രം എന്നിങ്ങനെ ) അതു നിർവഹിക്കപ്പെടുന്നു എന്നു കാണാം. അങ്ങനെയാണ് നോവൽ സാംസ്കാരിക ചരിത്രം എന്ന പദവി കയ്യാളിത്തുടങ്ങുന്നത്' എന്ന് ഷാജി ജേക്കബ് ആധുനികാനന്തര മലയാള നോവൽ വിപണി, കല, പ്രത്യയശാസ്ത്രം എന്ന പുസ്തകത്തിൽ നിരീക്ഷിക്കുന്നുണ്ട്.

മലയാളനോവൽ മാതൃകകളെ സവിശേഷമായി വിശകലനം ചെയ്യുമ്പോൾ മുഖ്യമായും പത്തുരീതികളിൽ ചരിത്രത്തിന്റെ പ്രശ്നവൽക്കരണം നടക്കുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. 1. രാഷ്ട്രം, ദേശീയത 2. ദേശം, പ്രദേശം 3. ജാതി, സ്വത്വവാദം 4. ജാതി ചരിത്രം 5. സ്ത്രീ-മതം 6. രാഷ്ട്രീയ പ്രത്യയശാസ്ത്ര വിമർശനം 7. ജനപ്രിയ ചരിത്രം 8. ആഖ്യാനം വ്യവഹാരം 9. ഓർമയുടെ ചരിത്രപരത 10. കഥയും ചരിത്രവും അഭിന്നമാകുന്ന രീതി എന്നിങ്ങനെയാണവ. കഴിഞ്ഞ കാൽനൂറ്റാണ്ടിലെഴുതപ്പെട്ട മിക്കവാറും മലയാള നോവലുകൾ പൊതുവേ ഈ ചരിത്രമണ്ഡലങ്ങളിലാണ് ചുവടുറപ്പിക്കുന്നത്. ഇവയൊന്നും തമ്മിൽത്തമ്മിൽ വേർതിരിഞ്ഞു നിൽക്കുന്ന ഭാവനാഭൂപടങ്ങളല്ല, മിക്കവാറും അതിർവരമ്പുകൾ തന്നെ മാഞ്ഞുപോകുന്ന ചരിത്രാഖ്യാനത്തിന്റെ സൂക്ഷ്മപാഠങ്ങളാണ്. അധികാരം, ലൈംഗികത, ശരീരം തുടങ്ങി, നോവലുകൾ മൂർത്തവൽക്കരിക്കുന്ന മനുഷ്യാവസ്ഥകളും പ്രശ്നവൽക്കരിക്കുന്ന സ്വത്വാനുഭൂതികളുമൊക്കെ ഈ ചരിത്ര മണ്ഡലങ്ങളിലുൾപ്പെടും. 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവലിനും മേൽ പറഞ്ഞ നിരീക്ഷണങ്ങൾ ബാധകമാണെന്നു കാണാം.

## Keythemes

- ചരിത്രവും മിത്തും സംയോജിക്കുന്ന രചനാതന്ത്രം
- സൈബറിടങ്ങളുടെ സാധ്യതകളെ മുൻനിർത്തി തയ്യാറാക്കിയ ആഖ്യാന രീതി
- എൽ. ടി. ടി. ഇ. യുടെ പതനത്തിന് ശേഷമുള്ള ശ്രീലങ്ക
- ചേരസാമ്രാജ്യത്തിന്റെ ഭരണകാലത്ത് കാന്തളൂർ ശാലയിൽ ജീവിച്ചിരിക്കുന്നതായി വിശ്വസിക്കുന്ന യുവതിയാണ് ദേവനായകി

## Discussion

### 3.2.1 ഇതിവൃത്തസംഗ്രഹം

ചേരസാമ്രാജ്യത്തിന്റെ ഭരണകാലത്ത് കാന്തളൂർ ശാലയിൽ ജീവിച്ചിരിക്കുന്നതായി വിശ്വസിക്കുന്ന സുന്ദരിയും ബുദ്ധിമതിയുമായ യുവതിയാണ് ദേവനായകി. ശ്രീലങ്കയിൽ സിംഹളരും തമിഴരും തമ്മിൽ നടന്ന വംശീയ പോരാട്ടങ്ങളിൽ പങ്കെടുത്ത എൽ. ടി. ടി. ഇ പോരാളിയായിരുന്നു സുഗന്ധി. കഥാഘടനയിൽ സുഗന്ധി ദേവനായകിയായി മാറുന്ന അനുഭവചിത്രീകരണമാണ് പ്രധാന സന്ദർഭം. ഈ രണ്ട് കഥകളെയും സമന്വയിപ്പിച്ചു കൊണ്ട് പീറ്റർ ജീവാനന്ദം എന്ന തിരക്കഥാകൃത്ത് ശ്രീലങ്കൻ വംശീയകലാപത്തെക്കുറിച്ച് സിനിമയെടുക്കാൻ തയ്യാറാകുന്നു. ശ്രീലങ്കയുടെ ചരിത്രത്തിന്റെ മൂന്നു കാലം ഇതിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ഒരു രാജ്യത്തിന്റെ ആഭ്യന്തര സംഘർഷങ്ങളും അധീശവ്യവഹാരങ്ങളും വെളിപ്പെടുന്നത് ശ്രീലങ്കൻ വിമോചനപ്രവർത്തനങ്ങളിൽ നിറഞ്ഞു നിന്ന പെൺപോരാളികളിലൂടെയാണ്.

> ▶ എൽ. ടി. ടി. ഇ പോരാളിയായിരുന്നു സുഗന്ധി, ദേവനായകിയായി മാറുന്ന അനുഭവചിത്രീകരണം

ഡിവൈൻ പേൾ, കുറുപ്പ്, ദേവനായകി കതൈ – ഒന്ന്, രണ്ട്, മൂന്ന്, I am Sad Sad Sad I am Mad Mad Mad, ആരായിരുന്നു രജനി തിരണഗാമ?, അവസാനത്തെ കൂടിക്കാഴ്ച, No more Tears Sister, പൂമണി സെൽവ നായകം, സ്വപ്നങ്ങളുടെ ശ്മശാനം, സുസാന സുപിന, കാന്തമാ ദേവിയാർ, കായൽ പട്ടണം, അനുരാധപുര, കൂവേണി, ജ്ഞാനസരസ്വതി, സിഗിരിയ, കെണി, സ്വപ്ന നഗരത്തിന്റെ റാണി, നിശാങ്കവജ്രൻ, ജ്ഞാനോദയം, രൂപവതി, enemies are your best teachers, ജൂലിയറ്റ്, ഗായത്രി പരേര, Save Sri Lanka എന്നിങ്ങനെയാണ് അധ്യായങ്ങൾ നാമകരണം ചെയ്തിരിക്കുന്നത്. ശ്രീലങ്കയുടെ ആഭ്യന്തരയുദ്ധാനന്തരം ശ്രീലങ്കൻ സർക്കാരിന്റെ സഹായത്തോടെ ട്രാൻസ് നാഷണൽ പിക്ചേഴ്സ് നിർമ്മിക്കുന്ന 'വുമൺ ബിഹൈൻഡ് ദി ഫാൾ ഓഫ് ടൈഗേഴ്സ്' എന്ന സിനിമയുടെ തിരക്കഥാകൃത്ത് പീറ്റർ ശിവാനന്ദത്തിലൂടെയും സംവിധായകനും ക്യാമറാവുമണുമായ ആനും ഉൾപ്പെടുന്ന സംഘം ശ്രീലങ്കയുടെ രാഷ്ട്രീയ സാംസ്കാരിക ഭൂപടത്തിലൂടെ നടത്തുന്ന യാത്രയാണ് നോവലിന്റെ ഇതിവൃത്തം. സിനിമയുടെ കേന്ദ്ര കഥാപാത്രമായ രജനി തിരണഗാമയുടെ ഭാഗം അഭിനയിക്കാൻ പണ്ടു താൻ കണ്ടെത്തിയ സുഗന്ധി എന്ന പെൺകുട്ടിയെക്കുറിച്ചുള്ള അന്വേഷണം സുഗന്ധിയിലേക്കും ദേവനായകിയിലേക്കും ചെന്നെത്തുന്നു.

> ▶ ശ്രീലങ്കയുടെ രാഷ്ട്രീയ സാംസ്കാരിക ഭൂപടത്തിലൂടെ നടത്തുന്ന യാത്ര

തൊള്ളായിരത്തിലേറെ വർഷം പഴക്കമുള്ള പാലിഭാഷയിലെഴുതിയ 'സുസ്ന സുപിന' എന്ന കൃതിയിലാണ് ദേവനായകിയുടെ കഥ രേഖപ്പെടുത്തിയിട്ടുള്ളത്. രാഷ്ട്രതന്ത്രജ്ഞതയും ആയോധനപാടവവും തികഞ്ഞ ദേവനായകി സൈനികതലവനായ പെരിയ കോയിക്കന്റെ മകളിൽ നിന്നും കാന്തളൂർ രാജാവായ മഹേന്ദ്രവർമ്മയുടെ റാണിപട്ടം നേടുന്നു, പീഡിതയായി മനോബലം നഷ്ടപ്പെട്ട സുഗന്ധി എന്ന പെൺപോരാളിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ വളർത്തമ്മ മീനാക്ഷി രാജരത്തിനം പറഞ്ഞു കൊടുക്കുന്ന കഥയായിട്ടാണ് ആണ്ടാൾ ദേവനായികയുടെ കഥ പ്രത്യക്ഷപ്പെടുന്നത്. ആണ്ടാൾ ദേവനായകിയിൽ തന്റെ സ്വത്വം ദർശിക്കുന്ന സുഗന്ധി, ശ്രീവല്ലബു

ആണ്ടാൾ ദേവനായകിയിൽ തന്റെ സ്വത്വം ദർശിക്കുന്ന സുഗന്ധി

ദ്ധനാൾ എഴുതിയ 'സുസാനംപിന' എന്ന കൃതി കണ്ടെത്തി വായിക്കുന്നു. ഈ വായനയിലൂടെ ദേവനായികയുമായി തന്മയീഭവിക്കുന്ന സുഗന്ധി ശ്രുതുവിന് നേരെ ശക്തമായി തിരിച്ചടിക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

സ്വാതന്ത്ര്യത്തിന്റെ ഭൂമികയിലേക്ക് വളരുന്ന സ്ത്രീമാതൃകകൾ

രജനി തിരണഗാമ, വി. പി. സിംഗ്, രാജീവ്ഗാന്ധി, പി. പി. പ്രഭാകരൻ, രജനീകാന്ത്, കമലഹാസൻ, ബാലുമഹേന്ദ്ര, ലസാത്ത വിക്രമതുംഗ, മഹേന്ദ്ര, ചിന്തന, രാജപക്സെ, രാജരാജചോളൻ, രാജേന്ദ്രചോളൻ തുടങ്ങിയവർ കഥാവിഷയത്തിന് ആധികാരികത ഉറപ്പാക്കുന്നു. ചരിത്രപരമായ വസ്തുതകൾ, അന്വേഷണപരത, സാംസ്കാരികമായ ദുരൂഹതകൾ, വിവർത്തനത്തിന്റെ രാഷ്ട്രീയം തുടങ്ങിയവയെല്ലാം നോവൽ ഇതിവൃത്തത്തിൽ ഇടം നേടുന്നുണ്ട്. അനുഭവങ്ങളുടെ ആവിഷ്കാരം, സ്വാതന്ത്ര്യത്തിന്റെ ഭൂമികയിലേക്ക് വളരുന്ന സ്ത്രീമാതൃകകൾ എന്നിവ നോവലിന്റെ ഭാഗമാണ്.

സുഗന്ധിയുടെ സ്ത്രീപുരുഷരതിസങ്കല്പങ്ങൾ

ദേവനായകി ലങ്കയിലെത്തുന്നത് തന്റെ മകളെ കൊന്ന സിംഹളരാജാവായ മഹീന്ദനെ കൊല്ലുന്നതിനാണ്. അതിനായി ബുദ്ധസന്യാസിയായ നിശാങ്കവജ്രനിൽ നിന്ന് താന്ത്രികാനുഷ്ഠാനങ്ങൽ അഭ്യസിച്ച് ജ്ഞാനമാർഗം നേടുകയാണവൾ. എന്നാൽ മഹേന്ദ്രനാൽ ഇരുമുലകളും ഛേദിക്കപ്പെട്ട് പുറന്തള്ളപ്പെട്ട ദേവനായകിക്ക് ജ്ഞാനസരസ്വതിയുടെ ദിവ്യപരിവേഷമാണുണ്ടായത്. ഇങ്ങനെ ആകാശത്തേക്ക് ഉയർന്നുപോയ ദേവനായകിയുടെ പുനരവതാരമായാണ് സുഗന്ധി നോവലിൽ തെളിയുന്നത്. ശ്രീലങ്കൻ ഭരണകൂടം അവളുടെ മുഖം ആസിഡ് കൊണ്ട് വികൃതമാക്കുകയും കൈകൾ മുറിച്ചു മാറ്റുകയും ചെയ്തു. ജ്ഞാനസരസ്വതിയായി ആകാശത്തേക്ക് ഉയർന്നുപോയ ദേവനായകിയെപ്പോലെ സുഗന്ധി, ശ്രീലങ്കൻ പ്രസിഡന്റ് രാജപക്സെ പങ്കെടുത്ത കോമൺവെൽത്ത് ഉച്ചകോടിയിൽ തീഗോളമായി മാറി. സ്ത്രീസ്വത്വവും ശക്തിയും സമന്വയിപ്പിക്കുന്ന ഒരു സംസ്കാരമായി ദേവനായകി മാറുന്നു; അതുപോലെ സുഗന്ധിയുടെ സ്ത്രീപുരുഷരതിസങ്കല്പങ്ങൾ, തന്ത്രികരതിയുടെ അനുഷ്ഠാനങ്ങൾ അതിനോടനുബന്ധിച്ചുള്ള അനുഭൂതിവിശേഷങ്ങളൊക്കെ സഭ്യമായവതരിപ്പിക്കാൻ ടി. ഡി. രാമകൃഷ്ണന് കഴിഞ്ഞിട്ടുണ്ട്.

## 3.2.2 കഥാപാത്ര വിശകലനം

### ദേവനായകി

പെണ്ണിന് വെറുതെ ആടാനും പാടാനും മാത്രമല്ല പുരുഷന്മാരെപ്പോലെ രാജഭരണത്തിലും പ്രധാന പങ്കു വഹിക്കാൻ കഴിയുമെന്ന് അവൾ വിശ്വസിച്ചു. അതിനായി അർത്ഥശാസ്ത്ര പഠനത്തോടൊപ്പം പിതാവിന്റെ അടുക്കൽ നിന്ന് രഹസ്യമായി ആയോധനമുറകൾ അഭ്യസിക്കുകയും ചെയ്തു. നൃത്തം ചെയ്യുന്നത് അവൾക്ക് ഭക്തിനിർഭരമായ ആരാധന മാത്രമായിരുന്നു. അതുകൊണ്ടാണ് നാടകശാലകളിലോ രാജസദസുകളിലോ പാടാനും ആടാനും അവൾ പോകാതിരുന്നത്. കാന്തളൂർ ശ്രീനിവാസശാസ്ത്രികളുടെ ശിഷ്യയായി അർത്ഥശാസ്ത്ര പഠനം പൂർത്തിയാക്കിയ ശേഷം അദ്ദേഹത്തിന്റെ സാഹായിയാട്ടാണ് അവൾ ആദ്യമായി രാജസദസ്സിലെത്തിയത്.

എന്നാൽ അവളെ കണ്ടമാത്രയിൽ തന്നെ മഹേന്ദ്രവർമ്മൻ സഭനിർത്തിവെയ്ക്കുകയും ദേവനായകിയോട് കൊട്ടാര മാളികയിലെത്താൻ ഉത്തരവിടുകയും ചെയ്തു. ശാസ്ത്രികൾ സന്തോഷം നിമിത്തം അവളെ അനുഗ്രഹിക്കുന്നുണ്ടെങ്കിലും അവൾക്ക് അതിൽ വലിയ സന്തോഷം തോന്നിയില്ല. മറിച്ച് തന്റെ ശരീര സൗന്ദര്യത്തിൽ മാത്രം രാജാവ് മയങ്ങിപോയതിലുള്ള ജാള്യതയാണ് തോന്നിയത്. മുഖം നോക്കാതെ അഭിപ്രായം പറയാനുള്ള ശേഷി അവൾക്കുണ്ടായിരുന്നു എന്ന് അവളുടെ പെരിയമ്മയായ മാധവിയുടെ വാക്കുകളിൽ നിന്ന് വ്യക്തമാണ്.

- കാന്തളൂർ ശ്രീനിവാസശാസ്ത്രികളുടെ ശിഷ്യ

മഹേന്ദ്രവർമ്മൻ അയാളുടെ എട്ടാമത്തെ റാണിയായി ദേവനായകിയെ സ്വീകരിച്ചു. കാന്തളൂരിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ആഘോഷമായിരുന്നു അത്. വാരണമായിരത്തെ വെല്ലുന്ന ആഘോഷങ്ങളായിരുന്നു തിരുമണത്തിനായി മഹേന്ദ്രൻ ഒരുക്കിയത്. എന്നാൽ രാജ്യം ആഘോഷത്തിമർപ്പിലായിരുന്നപ്പോഴും അവർ ഇരുവരും പൂജാദി കർമ്മങ്ങളിലായിരുന്നു. അരത്താലി കാണുമ്പോൾ വിഷമം തോന്നുന്ന ദേവനായകിയെ നമുക്ക് നോവലിൽ കാണാം. അരത്താലി ധരിച്ച് പുറത്തേയ്ക്ക് ഇറങ്ങിയപ്പോൾ അവൾക്ക് നടക്കാൻ അൽപം ബുദ്ധിമുട്ട് തോന്നിയതായി നോവലിൽ പറയുന്നുണ്ട്. ആണധികാര വ്യവസ്ഥിതിക്കുള്ളിൽ അകത്തമ്മമാരുടെ ലൈംഗിക തൃഷ്ണകൾക്ക് മേൽ ചാർത്തപ്പെട്ട ചങ്ങല കൂടിയാണ് അരത്താലിയുടെ ചരിത്രം എന്ന് നോവലിൽ നിന്ന് മനസ്സിലാക്കാം. വിവാഹചടങ്ങുകൾ നിർവഹിച്ച് അറയിലെത്തിയ ഉടൻ അവൾ രാജാവിനോട് ആവശ്യപ്പെടുന്നത് അരത്താലി ഒന്ന് അഴിച്ചു വെക്കാനാണ്. എന്നാൽ രാജാവ് അത് നിരസ്സിക്കുകയാണുണ്ടായത്. ഉത്തമയായ രാജപത്നിയ്ക്ക് വേണ്ട ഏറ്റവും വലിയ ഗുണം രാജാവിനോടുള്ള കൂറാണ് എന്ന് അയാൾ പറയുമ്പോൾ, ദേവയാനി ഇപ്രകാരം ചോദിക്കുന്നു 'എൻ പെരുമാനേ, അതുറപ്പാക്കാൻ ഇങ്ങനെ അരത്താലി കെട്ടിച്ച് താക്കോലുമായി നടക്കണോ?'. അതിന് ആചാരം എന്നാണ് അയാൾ മറുപടി നൽകുന്നത്. അതിന് ദേവനായകി നൽകുന്ന മറുപടിയും ശ്രദ്ധേയമാണ്. 'ചാണക്യതന്ത്രം കണ്ണടച്ച് സ്വീകരിക്കരുത്. ഭയത്തിൽ നിന്നുള്ള മോചനമല്ലെ ശാസ്ത്രം ഭയപ്പെടാനല്ലല്ലോ'. മഹേന്ദ്രൻ അവളെ അത്ഭുതത്തോടെ സൂക്ഷിച്ചു നോക്കി. അവളുടെ കഴിവിനെച്ചൊല്ലി അയാൾ അതിയായി സന്തോഷിച്ചു. കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അവൾ മഹേന്ദ്രന്റെ മുഖ്യ ഉപദേശകയായി മാറി. ചേര ചോള യുദ്ധവും മഹേന്ദ്രവർമ്മന്റെ പരാജയവും തുടർന്നുള്ള ദേവനാകിയുടെ തിരോധാനവും നോവലിലെ പ്രധാന സംഭവങ്ങളാണ്.

- മഹേന്ദ്ര വർമ്മന്റെ എട്ടാമത്തെ റാണിയായി ദേവനായകി

ഇരുപത്തിയൊന്നാം ദിവസം മഹേന്ദ്രവർമ്മൻ യുദ്ധത്തിൽ തോൽക്കുമെന്ന് ഉറപ്പായപ്പോൾ അവൾ കോട്ടയിൽനിന്ന് ഭൂഗർഭമാർഗ്ഗത്തിലൂടെ രക്ഷപ്പെട്ട് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെത്തി എൻ പെരുമാനെ രക്ഷിക്കണേയെന്നു പ്രാർത്ഥിച്ച് തിരുപ്പാവൈ പാടി നൃത്തം ചെയ്യാൻ തുടങ്ങി. സൂര്യാസ്തമയംവരെ നിർത്താതെ നൃത്തം ചെയ്ത ദേവനായകി അവസാനം തളർന്നുവീണപ്പോൾ ഒരു ദിവ്യപ്രകാശം അവിടെ മുഴുവൻ നിറയുകയും അവളുടെ ആത്മാവ് ശ്രീ പദ്മനാഭനിൽ ലയിക്കുകയും ചെയ്തു. മഹേന്ദ്രവർമ്മനെ കഴുവിലേറ്റിയശേഷം ക്ഷേത്രവും അഗ്രഹാരങ്ങളും കൊള്ളയടിക്കാനായി എത്തിയ

ചോളപ്പട ആ ദിവ്യപ്രകാശം കണ്ട് ഭയന്ന് തിരുവൈഗൈ കടക്കാതെ പിൻവാങ്ങുകയായിരുന്നു. ദേവനായകിയുടെ ഉടൽപോലും പിന്നീട് ആർക്കും കാണാൻ സാധിച്ചിട്ടില്ല. അങ്ങനെയാണ് ദേവനായകി ആണ്ടാൾ ദേവനായകിയായി മാറിയത്. സംഗീതവും നൃത്തവും മുതൽ അർത്ഥശാസ്ത്രവും രാജതന്ത്രവും കാമശാസ്ത്രവുംവരെ സമസ്ത കലകളിലും ശാസ്ത്രങ്ങളിലും നിപുണയായിരുന്ന ദേവനായകിയെ അവർ ദേവീ സങ്കൽപ്പമായ ജ്ഞാനസരസ്വതിയായി ആരാധിച്ചു. ദേവനായകിയ്ക്കുവേണ്ടി ക്ഷേത്രവും പണിതു. ആ ക്ഷേത്രത്തിലെ ദ്വാരപാലകന്മാരുൾപ്പെടെ എല്ലാ പ്രതിഷ്ഠകളും സ്ത്രീരൂപത്തിലായിരുന്നു. ഗണപതി പോലും വിഘ്നേശ്വരീ രൂപത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടത്.

- ▶ ചേര ചോള യുദ്ധവും മഹേന്ദ്രവർമ്മന്റെ പരാജയവും
- ▶ ദേവനാകിയുടെ തിരോധാനം

നൃത്തം ചെയ്ത് തളർന്നു വീണ ദേവനായകിയെ ക്ഷേത്രം കാവൽക്കാർ തട്ടിക്കൊണ്ടുപോയെന്നാണ് മറ്റൊരു കഥ. അവർ അരത്താലി ഊരി അവളെ ഭോഗിക്കാൻ ശ്രമിച്ചപ്പോൾ അവൾ ഉണർന്ന് നിലവിളിച്ചെന്നും, അതു കേട്ട് താണുമാലയനെന്ന മുനി അവിടേയ്ക്ക് ഒടിച്ചെന്നെന്നും, അതു കണ്ട് കാവൽക്കാർ ഓടി രക്ഷപെട്ടെന്നും മറ്റൊരു കഥ. ആശ്രമത്തിലേയ്ക്ക് അവളെക്കൂട്ടിക്കൊണ്ടുപോയ മുനി, താന്ത്രിക രതിയെക്കുറിച്ച് ഗ്രന്ഥങ്ങളിൽ നിന്നറിഞ്ഞ ജ്ഞാനം മുഴുവൻ ആ രാത്രിയിൽ അവളുടെ ഉടലിൽ പരീക്ഷിച്ചു. മുനിയുടെ കാമക്രീഡകൾ ദേവനായകി രഹസ്യമായി ആസ്വദിച്ചു എന്നാണ് നോവലിസ്റ്റ് പറയുന്നത്. മറിച്ച് തന്റെ ശരീരത്തിലേയ്ക്ക് അനുവാദമില്ലാതെ ഒരാൾ അതിക്രമിച്ചു കയറിയതിലുള്ള അമർഷമോ വിരോധമോ അവളിൽ കാണാൻ കഴിയുന്നില്ല. താൻ നിമിത്തം മുനിയുടെ തപസ്സു മുടങ്ങിയല്ലോ എന്നോർത്ത് ദേവനായകിയ്ക്ക് വേദനയുണ്ടായിരുന്നു എന്നും നോവലിൽ പറയുന്നുണ്ട്. അശ്ശരീരി കേട്ട് സന്തോഷിച്ച ദേവനായകി തിരുവൈഗയിൽ കുളിച്ച് ചെമ്പകവും കൈതയും ചൂടി സുന്ദരിയായി വന്നു സ്വാമിയുടെ പാദങ്ങൾ തൊട്ടു നമസ്കരിച്ചു എന്നാണ് കഥ. തുടർന്ന് മുനിയുടെ ഭാര്യാപദവി സ്വീകരിച്ചു കൊണ്ട് അവൾ അനസൂയ എന്ന പേരും സ്വീകരിച്ചു. മുനിയോടൊപ്പം താമസിച്ച കാലമത്രയും പതിവ്രതാധർമ്മം അനുഷ്ഠിയ്ക്കുകയും അയാൾക്കു വേണ്ട സേവനങ്ങൾ ചെയ്തു ജീവിക്കുകയും ചെയ്യുന്ന ദേവനായകിയെയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഋഷിയുടെ ജീവിതത്തിൽ നിന്ന് താണുമാലയൻ വളരെ പെട്ടെന്നു തന്നെ ലൗകീക ജീവിതത്തിലേയ്ക്ക് പരുവപ്പെട്ടു എന്നു കഥയിൽ പറയുന്നുണ്ട്. അയാൾ വിദ്യാർത്ഥികളെ ഭാഷയും വ്യാകരണവും വൈദ്യവും പഠിപ്പിക്കുകയും ഗുരു എന്ന നിലയിൽ പ്രശസ്തനാവുകയുമുണ്ടായി. അനസൂയയായി മാറിയ ദേവനായകിയ്ക്കും മുനിയ്ക്കുമായി ഒരു പുത്രൻ ജനിച്ചു. മുനിപത്നിയുടെ പ്രസവവിവരങ്ങളും മറ്റും ശിഷ്യന്മാർ വഴി നാട്ടിൽ പ്രചരിക്കുകയും ആ നിലയിൽ അവളെക്കുറിച്ചുള്ള വാർത്ത ചോളമന്നന്റെ ചെവിയിലെത്തുകയും അനസൂയ എന്ന മുനിപത്നി ദേവനായകിയാണെന്ന് ചോളമന്നൻ കണ്ടെത്തി. അവളെ ത്തേടിയെത്തുന്ന ചോളമന്നനെ ത്രിമൂർത്തികളുടെ സഹായത്താൽ ആറു മാസം പ്രായമുള്ള കുട്ടിയാക്കി മാറ്റിക്കൊണ്ട് അവൾ മുലയൂട്ടുന്ന സന്ദർഭവും കഥയിലുണ്ട്.

- ▶ മുനി പത്നിയായ ദേവനായകി

ഇതിനു നേരേ വിരുദ്ധമാണ് മൂന്നാമത്തെ കഥ. കാന്തള്ളൂർ കോട്ടയിലേക്കു ചോളപ്പട ഇരച്ചുകയറുമ്പോൾ അന്തപ്പുരത്തിലെ നടുമുറ്റത്തൊരുക്കിയ അഗ്നികുണ്ഡത്തിലേക്കു ചാടി ആത്മാഹുതി ചെയ്യുകയായിരുന്നു രാജപത്നിമാർ. പാർവതിത്തമ്പുരാട്ടിയുൾപ്പെടെ ആറു പേരുടെ ആത്മാഹുതി കഴിഞ്ഞ് ഏഴാമത്തെ തമ്പുരാട്ടി ചിതയിലേക്കു ചാടിയപ്പോഴാണ് വാതിൽ ചവിട്ടിത്തുറന്ന് ഭടന്മാർ അകത്തേയ്ക്ക് കയറിയത്. അടുത്ത ഊഴത്തിനായി കാത്തിരുന്നു ദേവനായകി. അഗ്നികുണ്ഡത്തിൽ അലറിക്കരഞ്ഞുകൊണ്ട് പിടഞ്ഞു മരിക്കുന്ന തമ്പുരാട്ടിയെ ശ്രദ്ധിക്കാതെ ഭടന്മാർ ദേവനായകിയെ പിടിച്ച് പുറത്തേക്കിറക്കി അടിച്ചും തൊഴിച്ചും കഴുമരത്തോടുചേർത്തുകെട്ടിയ മഹേന്ദ്രവർമ്മന്റെ മുന്നിൽക്കൊണ്ടുനിർത്തി. അദ്ദേഹം അവളുടെ നേരേനോക്കാൻ ശക്തിയില്ലാതെ തലതാഴ്ത്തി. രണ്ടു കൈകളും പുറകിലേക്കു കെട്ടി നഗ്നയാക്കിയ അവളെ അരത്താലി മുറിച്ച് മാറ്റി മഹേന്ദ്രന്റെ മുന്നിൽ വെച്ച് അതിക്രൂരമായി ബലാൽസംഗം ചെയ്തു. നിസ്സഹായയായ അവൾ ഉറക്കെ പിടഞ്ഞു കരഞ്ഞപ്പോൾ തഞ്ചാവൂരിൽ നിന്നെത്തിയ വാദ്യമേളക്കാർ ഉറക്കെ നാദസ്വരം വായിച്ചു. അതിനുശേഷം സേനാപതിയുടെ കീഴിലുള്ള നാല് സേനാനായകന്മാരും അത് ആവർത്തിച്ചു. ആ കാഴ്ച താങ്ങാനാവാതെ മരവിച്ചു നിന്ന മഹേന്ദ്രനെ ഭടന്മാർ ചാട്ടവാറുകൊണ്ടാഞ്ഞടിച്ചു. ഒടുവിൽ തളർന്നവശയായിക്കിടന്ന അവളുടെ കൺമുന്നിൽ വെച്ച് മഹേന്ദ്രവർമ്മനെ വാദ്യഘോഷങ്ങളോടെ അവർ കഴുവിലേറ്റി. അന്ന് അർദ്ധരാത്രി മഹേന്ദ്രവർമ്മന്റെ ശവശരീരം കൊത്തിനുറുക്കി കടലിൽ വിതറുമ്പോൾ സേനാപതി ദേവനായകിയെ കൊട്ടാരമാളികയിലെ മുറിയിൽ വെച്ച് വീണ്ടുമൊരു തവണകൂടി അവളെ ഉപദ്രവിക്കുന്ന തിരക്കിലായിരുന്നു. പിറ്റേന്നുരാവിലെ മുറിയിൽ സേനാപതിയുടെ എല്ലിൻകഷണങ്ങളും തലമുടിയും മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. തുടർന്നുള്ള ദിവസങ്ങളിൽ ദേവനായകി യക്ഷിയായിമാറി സേനാനായകരെയും കൊന്നു. ഇനി ഇവിടെ തുടരുന്നത് തങ്ങൾക്ക് ആപത്താണെന്നു മനസ്സിലാക്കിയ ചോളപ്പട കൊട്ടാരവും പരിസരപ്രദേശങ്ങളും മുഴുവൻ തീവെച്ചു നശിപ്പിച്ച് അവിടംവിട്ട് പോയി. മനുഷ്യവാസമില്ലാതായപ്പോൾ യക്ഷിയും അവിടെനിന്നു സമീപപ്രദേശങ്ങളിലേക്കു പോയി. ആ യക്ഷിതന്നെയാണ് പിൽക്കാലത്ത് നീലിയെന്ന പേരിൽ നാടിനെ വിറപ്പിച്ചത്. മേൽ പറഞ്ഞ മൂന്നു കഥകളും ദേവനായകിയുടെ തിരോധാനത്തെത്തുടർന്ന് പ്രചാരത്തിൽ വന്നതാണെന്നും അവയ്ക്ക് യഥാർത്ഥ കഥയുമായി ഒരു ബന്ധവുമില്ലെന്നും നോവലിൽ പറയുന്നുണ്ട്. അവരവരുടെ താത്പര്യങ്ങളും വിശ്വാസങ്ങളും ഉറപ്പിക്കാൻ ദേവനായകിയെ ഉപയോഗിച്ചെന്നു മാത്രം.

- ചോളപ്പടദേവനായകിയെ കൊണ്ടുപോയി എന്ന കഥ
- ചോളപ്പട കൊട്ടാരവും പരിസരപ്രദേശങ്ങളും തീവെച്ചു നശിപ്പിച്ചു

പൂമണി സെൽവനായകത്തിന്റെ മെയിൽ ഐഡിയിൽ നിന്ന് ലഭിക്കുന്ന കത്തിൽ ദേവനായകിയെക്കുറിച്ച് അതുവരെ പ്രചാരത്തിലിരുന്ന മറ്റൊരു കഥ പറയുന്നു. സിഗിരിയയിൽ നിന്ന് കണ്ടെടുത്ത 'സുസാന സുപിന' എന്ന ഗ്രന്ഥത്തിൽ ദേവനായകിയെക്കുറിച്ച് പരാമർശമുണ്ട്. മഹേന്ദ്രവർമ്മൻ കൊല്ലപ്പെട്ടപ്പോൾ ദേവനായകി ചിതയിൽ ചാടി ആത്മഹത്യ ചെയ്യുകയോ ഓടി രക്ഷപെടുകയോ ചെയ്തില്ല. അവൾ സന്തോഷത്തോടെ വിജയശ്രീലാളിതനായ രാജ

രാജനെ അന്തപ്പുരത്തിലേക്ക് ആനയിക്കുകയാണ് ചെയ്തത്. മഹേന്ദ്രവർമ്മനാണ് തന്റെ പദ്മനാഭൻ എന്ന് വിശ്വസിച്ചിരുന്ന ദേവനായകിക്ക് എങ്ങനെയാണ് അങ്ങനെ ചെയ്യാൻ കഴിഞ്ഞത് എന്ന് നമുക്ക് സംശയം തോന്നാം. ശ്രീവല്ലഭ ബുദ്ധനാർ ആ സംശയം ഉന്നയിച്ചുകൊണ്ടാണ് സുസാന സുപിന ആരംഭിക്കുന്നത്. അതിൽ പറയുന്ന കഥ പ്രകാരം ദേവനായകി ചോളമന്നന്റെ രണ്ടാം തിരുമണമായി മാറുന്നു. ദേവനായകിയെക്കുറിച്ചുള്ള വ്യത്യസ്തമായ കഥ ലഭിക്കുന്നത് ഈ പുസ്തകത്തിലാണ്. ചോളമന്നനിൽ നിന്ന് ദേവനായകിയ്ക്ക് ഒരു പുത്രി ജനിക്കുന്നു. ചോളമന്നൻ അവൾക്ക് 'കുവേണി' എന്ന് പേരിട്ടു. ചോളമന്നനുമായി സന്തോഷത്തോടെ കഴിയുമ്പോഴാണ് സിംഹളചാരൻ ദേവനായകിയുടെ മകളെ തട്ടിക്കൊണ്ടുപോകുന്നത്. മൂന്നാം ദിവസം ചിദംബരക്ഷേത്രത്തിനു മുന്നിൽ നിന്നാണ് കൂവേണിയുടെ മൃതദേഹം കണ്ടു കിട്ടിയത്. ക്രൂരമായ ലൈംഗിക പീഡനത്തിന്റെ അടയാളങ്ങൾ ആ കുഞ്ഞിന്റെ ശരീരം മുഴുവനുമുണ്ടായിരുന്നു. അവളുടെ നെഞ്ചിൽ ചാന്തുകൊണ്ട് പട്ടവേശി എന്നു സിംഹളത്തിലെഴുതിയിരുന്നു. കൂവേണിയുടെ മരണത്തിനു ശേഷമുള്ള സംഭവങ്ങൾ വിവരിക്കുന്ന കുറെ ഓലകൾ സിഗിരിയയിൽനിന്നു കണ്ടെടുത്ത സുസാന സുപിനയുടെ പ്രതിയിൽനിന്ന് നഷ്ടപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. കാരണം ത്രികോണമലൈ തുറമുഖത്ത് ഒരു കംബൂജ ചരക്കുകപ്പലിൽ വന്നിറങ്ങുന്ന ദേവനായകിയെപ്പറ്റിയാണ് പിന്നീട് പറയുന്നത്.

▶ സുസാന സുപിന എന്ന ഗ്രന്ഥം

അതിനിടയിൽ എന്താണ് സംഭവിച്ചതെന്നു വ്യക്തമല്ല. കാഞ്ചിയിൽ തെലുങ്ക് ചോള രാജാവായ ഭീമനെ തോൽപ്പിച്ച് ആശ്രിതനായ ജാതവർമ്മയെ അധികാരത്തിലെത്തിച്ചതിനു ശേഷമാണ് കൂവേണിയുടെ കൊലപാതകം നടക്കുന്നത്. എങ്കിലും വടക്കുനിന്നുള്ള ചാലൂക്യരുടെ ആക്രമണങ്ങൾ ശക്തമായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ രാജരാജനു വീണ്ടും സിംഹളത്തിലേക്കു പോകാൻ സാധിച്ചിരിക്കില്ല. ചാലൂകരെ പ്രതിരോധിക്കാനായി രാജരാജന് മാസങ്ങളോളം വെങ്കിയിൽ തങ്ങേണ്ടി വന്നു. കൂവേണിയുടെ മരണത്തോടെ മാനസികമായി തകർന്ന ദേവനായകി മാസങ്ങൾക്കുശേഷമാണ് സാധാരണ നിലയിലായതെന്നും അപ്പോൾ തിരുവാരൂരിലെ വൈജ്ഞാനിക കേന്ദ്രത്തിന്റെ ചുമതല രാജേന്ദ്ര ചോളനെ എൽപ്പിച്ച് ബുദ്ധമതം സ്വീകരിക്കാനായി ചൂഡാമണി വിഹാരത്തിലെ ശ്രീവല്ലഭ ബുദ്ധനാരുടെ അടുത്തുപോയി താമസിച്ചുവെന്നും സുസാന സുപിനയുടെ ആദ്യഭാഗത്തു പറയുന്നുണ്ട്. എന്നാൽ ചൂഡാമണി വിഹാരത്തിലെ അന്തേവാസിയാകാവുന്ന മാനസികാവസ്ഥയിലായിരുന്നില്ല അവൾ. ദേവനായകിയുടെ മനസ്സിൽ മഹീന്ദനോടുള്ള പ്രതികാരം തീയായി പുകഞ്ഞു. അവൾ മനസ്സമാധാനത്തിനായി തിരുവാരൂരിലേക്കു മടങ്ങി. അവൾ യുവരാജാവായ രാജേന്ദ്രനുമായി രതിയിലേർപ്പെടുകയും മഹിന്ദനെ കീഴ്പ്പെടുത്തുമെന്ന് അയാൾ അവൾക്ക് വാക്കു കൊടുക്കുകയുമുണ്ടായി. ദേവനായകിയ്ക്ക് കൊടുത്ത വാക്ക് പാലിക്കുന്നതിനും അധികാരം പിടിച്ചിട്ടുക്കുന്നതിനുമായി ലങ്കയിൽ പോയി ചോള ഭരണത്ത ചോദ്യം ചെയ്തവരെ തോൽപ്പിച്ച് ദ്വീപ് മുഴുവൻ പിടിച്ചടക്കുകയും ചെയ്തു. ദേവനായകി തിരിച്ചു വരുമെന്ന

▶ സിംഹളചാരൻ ദേവ നായകിയുടെ മകളെ തട്ടിക്കൊണ്ടുപോയി

പ്രതീക്ഷയിൽ മഹിന്ദനെ മരണം വരെ പത്തു വർഷത്തോളം കാലം ജയിലിൽ പാർപ്പിക്കുകയും ചെയ്തു. സുസാന സുപിനയിൽ ദേവ നായകിയ്ക്ക് പിന്നീട് എന്തു സംഭവിച്ചെന്ന കാര്യം വ്യക്തമല്ല. കെണി എന്ന അധ്യായത്തിൽ മഹീന്ദന്റെ കൈക്കുള്ളിൽ പ്രതികാരാഗ്നി യോടെ കിടക്കുന്ന ദേവനായിയെ കാണാം.

'മഹീന്ദന്റെ കൈകൾക്കുള്ളിൽ കണ്ണുകളടച്ചുനിന്ന് രണ്ടുനിമിഷം ദേവനായകിയുടെ ജീവിതത്തിലെ ഏറ്റവും ദൈർഘ്യമുള്ളതായിരുന്നു. താൻ ജീവതത്തിലേറ്റവും വെറുക്കുന്ന വ്യക്തി, പിഞ്ചുമകളുടെ ക്രൂരമായ കൊലപാതകത്തിന്റെ സൂത്രധാരൻ അയാളുടെ ചുണ്ടുകളാണ് കവിളുകളെ പുണരുന്നത്. അയാളുടെ കൈകളാണ് പുറത്ത് അമരുന്നത്. സിംഹക്കൂട്ടിൽ ചെന്നുകയറിയ പേടമാനിന്റെ അവസ്ഥ. സിംഹളമന്നന്റെ ക്രൂരതകളെപ്പറ്റി കേട്ടിട്ടുള്ള ഭയം നട്ടെല്ലിന്റെ അറ്റത്തുനിന്ന് പതുക്കെ മുകളിലേക്ക് കയറുകയാണ്. അതേ സമയം വർഷങ്ങൾക്കു മുമ്പ് കാന്തള്ളൂർ കളരിയിൽ അപ്പാവുടെ ശിഷ്യനായിരിക്കുമ്പോൾ കൊതിയോടെ നോക്കിനിന്ന കുസൃതി നിറഞ്ഞ കണ്ണുകൾ ആശ്വാസം തരുന്നുമുണ്ട്. ഭയത്തെ തോൽപ്പിക്കേണ്ടത് - ബുദ്ധികൊണ്ടാണെന്ന ശാസ്ത്രികളുടെ വാക്കുകൾ വീണ്ടും ഓർത്തു. ഏറ്റവും ബുദ്ധിപരമായി പ്രവർത്തിക്കേണ്ട സമയമാണിത്'. അയാളുടെ ഒപ്പം കഴിയുമ്പോഴും അവളുടെ ഉള്ളിൽ പ്രതികാരം നിറഞ്ഞു. അവളുടെ കൈകളിലേയ്ക്ക് ചാംപ്രസിധിന്റെ തല അയാൾ വെച്ചു കൊടുത്തു. അവൾ അയാളുടെ ദേഹത്തേയ്ക്ക് കുഴഞ്ഞുവീണു. ജ്ഞാനോദയത്തിനു ശേഷം മറ്റൊരാളായി മാറുന്ന ദേവനായകിയെ നമുക്ക് നോവലിൽ കാണാം. മഹീന്ദനാണ് അവളെ ഏറ്റവുമധികം ഭയപ്പെട്ടത്.

▶ മഹീന്ദ്രന്റെ കൈകളിൽ ദേവനായകി

'ദേവനായകി മുറിയിലേക്കു മടങ്ങിവന്നപ്പോൾ മഹീന്ദ്രൻ ഭയന്ന് അവിടംവിട്ട് പോയിരുന്നു. അവളതു ശ്രദ്ധിക്കാതെ പദ്മസംഭവമണ്ഡലത്തിനു മുന്നിൽ നിലവിളക്ക് കൊളുത്തിവെച്ച് ധ്യാനത്തിലേക്കു പ്രവേശിച്ചു. ഒരുതുള്ളി വെള്ളം പോലും കുടിക്കാതെ തോഴിമാർ കൊണ്ടുവെച്ച പഴങ്ങളിലേക്കും പാനീയങ്ങളിലേക്കും നോക്കുകപോലും ചെയ്യാതെ പരിപൂർണ്ണ ഏകാഗ്രതയോടെയായിരുന്നു അവളുടെ ധ്യാനം'. ആ നിമിഷത്തിൽ തന്നെ അവൾ പ്രതികാരത്തിന്റെ കരുക്കൾ നീക്കിക്കഴിഞ്ഞു. 'എടീ, എന്താണീ കേൾക്കുന്നത്. കാന്തള്ളൂർ പടയുടെ സഹായത്തോടെ ചോളനെ തോൽപ്പിക്കാനുള്ള തന്ത്രങ്ങളുപദേശിച്ച് ഒറ്റുകൊടുക്കുകയായിരുന്നോ? നീയെന്തിനാണ് ഇങ്ങോട്ടു വന്നിരിക്കുന്നത്. എന്താണ് ഇതിന്റെയൊക്കെ അർത്ഥം?'. ദേവയാനിയ്ക്ക് താൻ പിടിയ്ക്കപ്പെട്ടെന്നു മനസ്സിലായി. അവൾ പറയുന്നത് കേൾക്കാൻ സമൂഹം തയ്യാറായില്ല. അവർ അവളെ കൊല്ലണമെന്ന് ആക്രോശിച്ചു. "എന്റെ കുഞ്ഞ് കൂവേണിയെ ക്രൂരമായി പീഡിപ്പിച്ചു കൊന്നവനോടുള്ള പ്രതികാരം ജ്വലിച്ചിരുന്നു. മനസ്സിൽ നിങ്ങൾക്കു സമ്മാനമായിത്തന്ന രത്നബുദ്ധന്മാരെപ്പോലെയൊരു ബുദ്ധനിൽ രാജവെമ്പാലയുടെ വിഷം നിറച്ച് ഞാൻ പക്ഷേ, നിങ്ങൾ കൊന്നൊടുക്കിയത് എന്റെ കൂവേണിയെ മാത്രമല്ലല്ലോ. നൂറുകണക്കിനു കുഞ്ഞുങ്ങളെയല്ലേ? നൂറുകണക്കിനു സ്ത്രീകളെയല്ലേ ബലമായി പിടിച്ചുകൊണ്ടുവന്ന് മാനഭംഗപ്പെടുത്തിയത്? അതുകൊണ്ടു പെട്ടെന്ന് അവസാനിക്കുന്ന ശിക്ഷ നടപ്പാക്കാൻ മനസ്സ് വന്നില്ല. ചോളപ്പട

ലങ്ക പിടിച്ചെടുക്കുമ്പോൾ കൈയും കാലും കെട്ടി തഞ്ചാവൂരിലേക്കു കൊണ്ടുപോയി തുറുങ്കിലടയ്ക്കണമെന്നായിരുന്നു ആഗ്രഹം. നിങ്ങൾ കാരാഗൃഹത്തിൽ കിടന്ന് നരകിച്ചു, നരകിച്ചു മരിച്ചാലേ എന്റെ കൂവേണിയുടെ ആത്മാവിനു ശാന്തികിട്ടു എന്ന് ഞാൻ വിശ്വസിച്ചിരുന്നു. എന്നാൽ ഇപ്പോൾ എന്റെ മനസ്സിൽ അത്തരം ചിന്തകളൊന്നുമില്ല". അവൾ പറഞ്ഞു ആ സമയത്തു തന്നെ ചോളപ്പട സിംഹകവാടം വളഞ്ഞു. അവർ മഹീന്ദനെ ബന്ധനസ്ഥനാക്കി. അയാളെ മരിക്കുന്നതുവരെ കാരാഗൃഹത്തിലടയ്ക്കാൻ കൽപ്പിച്ചു.

- കൂവേണിയെ കൊന്നവനോടുള്ള പ്രതികാരം
- ജ്ഞാനോദയം

ബുദ്ധന്മാരാണ് ദേവനായകിയുടെ കഥ എഴുതുന്നത്. അവർ അവളെ കണ്ണകിയോട് സാമ്യപെടുത്തി. എന്നാൽ താൻ സാധരണക്കാരിയായ ഒരു മനുഷ്യസ്ത്രീ മാത്രമാണെന്ന് ദേവനായകി പറഞ്ഞു. മൂന്നു സന്ധ്യകളിലായി അവൾ അവർക്ക് അവളുടെ കഥ പറഞ്ഞു കൊടുത്തു. ദേവനായകിയുടെ മരണവും മരണാനന്തര ഭാവവും നോവലിൽ പറയുന്നുണ്ട്. 'ദേവനായകിയുടെ മൃതശരീരം ഭക്ഷിച്ചതും ഇതേ ഗ്രാമത്തിലെ വേടന്മാർ തന്നെയായിരുന്നു. അവർ ദേവനായകിയുടെ അനുഗ്രഹം ലഭിച്ച വംശമായിട്ടാണ് കണക്കാക്കപ്പെടുന്നത്. കാരണം നിർവാണം പ്രാപിച്ചശേഷം ദേവനായകി അവർക്കാണ് ആദ്യ ദർശനം നൽകിയത്. തന്റെ മുലയറുത്ത മഹീന്ദനോടുള്ള കോപത്തിൽ ജ്വലിക്കുന്ന പ്രതികാരദേവതയായിട്ടാണ് അവർക്കു മുന്നിൽ അവൾ പ്രത്യക്ഷപ്പെട്ടത്. ആര്യസിംഹളവംശത്തെ തന്റെ കോപാഗ്നിയിൽ ഉന്മൂലനം ചെയ്തദേവനായകിയെ അവർ തങ്ങളുടെ ദേവതയായി ആരാധിച്ചു'. അങ്ങനെ ദേവനായകി ഒരു ദേവതയായിമാറി.

- ബുദ്ധന്മാർ എഴുതിയ ദേവനായകിയുടെ കഥ

## കൂവേണി

ചോളമന്നന്റെയും ദേവനായകിയുടെയും മകളാണ് കൂവേണി. കൂവേണി എന്ന പേരിനു പിന്നിലെ കഥ നോവലിൽ വിവരിക്കുന്നുണ്ട്. 'ഒരു സഹസ്രാബ്ദം മുമ്പ് ലങ്കയിലേക്ക് വിജയം എന്ന ആദ്യത്തെ സിംഹള രാജകുമാരൻ ചെല്ലുമ്പോൾ അവിടത്തെ രാജകുമാരിയായിരുന്നു വേണി. വിജയ അവളെ വിവാഹം കഴിച്ചു. രണ്ടു മക്കളുമുണ്ടായി. പിന്നീട് ഒരു പാണ്ഡ്യരാജകുമാരിയെ വിവാഹം കഴിക്കാനായി അയാൾ കൂവേണിയേയും കുട്ടികളേയും ഉപേക്ഷിച്ചു. അതിൽ മനം നൊന്ത കൂവേണി കുട്ടികളുമായി ആത്മഹത്യ ചെയ്തു. കൂവേണിയുടെ ശാപമാണ് സിംഹളരുടെ നാശത്തിന് കാരണമെന്ന് വിശ്വസിക്കപ്പെടുന്നു. സിംഹളമന്നനെ തോൽപ്പിച്ചതിന്റെ ഓർമ്മയ്ക്കാണ് ഞാൻ ഇവൾക്ക് കൂവേണിയെന്നു പേരിടുന്നത്. ഇളം കവിളിലൊരു ഉമ്മ കൊടുത്തു. എന്നിട്ട് ചെവിയിൽ പതുക്കെ 'യെൻ അൻപു കൂവേണി പാപ്പാ' എന്നു വിളിച്ചു. കൂവേണി അതിക്രൂരമായി കൊല്ലപ്പെടുന്നു. ദേവനായകിയുടെ പിന്നീടുള്ള ജീവിതത്തെ തീരുമാനിക്കുന്നതും നോവലിനെ മുന്നോട്ടു നയിക്കുന്നതും കൂവണിയുടെ മരണമാണ്. കൂവേണിയ്ക്ക് വേണ്ടി ദേവനായകി നടത്തുന്ന പ്രതികാരമാണ് നോവലിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം.

- ദേവനായകിയുടെ മകൾ
- കൂവേണിയുടെ മരണം

## സുഗന്ധി

സുഗന്ധി ഒരു ഈഴത്തമിഴ് പോരാളിയാണ്. അവളുടെ ഓർമയ്ക്കായി കാനഡയിലെ ശ്രീലങ്കൻ തമിഴ് പോരാളികൾ നിർമ്മിച്ച

ആൽബമാണ് SAD(Sugandhi alias Andal Devanajaki). United Records Inc എന്ന ആഫ്രോ അമേരിക്കൻ മ്യൂസിക് കമ്പനിയാണ് ഔദ്യോഗികമായി SAD പുറത്തിറക്കുന്നത്. പത്തു വീഡിയോകളുള്ള ഈ ആൽബത്തിലെ മൂന്നെണ്ണത്തിന്റെ ലിറിക്സ് സുഗന്ധി തന്നെ എഴുതിയതാണ്. 2002 നവംബർ 27 മുതൽ കാണാതായ സുഗന്ധിയെ ശ്രീലങ്കൻ ആർമിയിലെ ഒരു ഉയർന്ന ജനറൽ തട്ടിക്കൊണ്ടുപോയി മാസങ്ങളോളം ലൈംഗികമായി പീഡിപ്പിച്ചശേഷം വെടിവെച്ചു കൊന്നുവെന്നാണ് കരുതപ്പെടുന്നത്. 2009 മേയിൽ ഈഴപ്പോരിന്റെ അന്ത്യത്തിൽ കൊല്ലപ്പെട്ട ഇശൈപ്രിയയുടെ കൂടെ ഇയക്കത്തിന്റെ മീഡിയ വിഭാഗത്തിൽ സുഗന്ധി വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. മാതംഗി അരുൾ പ്രകാശത്തെപ്പോലെ (MIA) നല്ലൊരു റാപ് സിങ്ങറായിരുന്നു സുഗന്ധി. 1983-ലെ വംശഹത്യയിൽ മാതാപിതാക്കൾ കൊല്ലപ്പെട്ടതിനു ശേഷം ലണ്ടനിൽ ബന്ധക്കളുടെ കൂടെയാണ് താമസിച്ചിരുന്നത്. അരുൾമൊഴി നാങ്കയും യമുന ശ്രീധറും ചേർന്നാണ് SAD ലെ പാട്ടുകൾ പാടിയിരിക്കുന്നത്. സുഗന്ധിയുടെ കൊലപാതകത്തിനു പിന്നിലെ കാരണം പീറ്റർ വ്യത്യസ്തമായി വീക്ഷിക്കുന്നുണ്ട്. രജനി തിരണഗാമയെക്കുറിച്ച് സുഗന്ധി നടത്തുന്ന കണ്ടെത്തലുകൾ നോവലിൽ ഏറെ പ്രസക്തമാണ്. രജനി തിരണഗാമയെ മുൻനിർത്തി നിർമ്മിക്കുന്ന ചിത്രത്തിൽ രജനിയായി അഭിനയിക്കാനിരിക്കുന്നതും സുഗന്ധിയാണ്. നോവലിന്റെ അവസാന ഭാഗത്താണ് നാം വീണ്ടും സുഗന്ധിയെ കണ്ടുമുട്ടുന്നത്. അപ്പോഴേയ്ക്കും അവൾ ദേവനായകിയായി മാറിക്കഴിഞ്ഞു.

- നോവലിലെ കേന്ദ്ര കഥാപാത്രം
- ഈഴത്തമിഴ് പോരാളി
- ദേവനായകിയായി മാറുന്ന സുഗന്ധി

### രജനി തിരണഗാമ

ആരാണ് രജനി തിരണഗാമ എന്നു ചോദിച്ചാൽ അതിനുള്ള ഉത്തരം അത്ര ലളിതമല്ല എന്ന് കാണാം. ആ ചോദ്യത്തിനുള്ള ഉത്തരത്തെ തങ്ങൾക്ക് അനുകൂലമായ നിലയിൽ വ്യാഖ്യാനിക്കാൻ ശ്രീലങ്കൻ സർക്കാർ തന്ത്രപൂർവ്വം പ്രവർത്തിച്ചിരുന്നതായി കാണാം. അതിന്റെ ഭാഗമായിട്ടാണ് വടമാകാനസഭയുടെ രഹസ്യ പിന്തുണയോടെ Who was Rajani Thiranagama? എന്ന വലിയൊരു സമ്മേളനം ജാഫ്ന വീരശിങ്കം ഹാളിൽ സംഘടിപ്പിക്കപ്പെട്ടത്. ജാഫ്ന മെഡിക്കൽ കോളജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും ചേർന്നു സംഘടിപ്പിക്കുന്ന സമ്മേളനമാണ് അതെന്ന് പങ്കെടുക്കുന്ന ഭൂരിപക്ഷമാളുകളെയും വിശ്വസിപ്പിക്കാനും അവർക്കു കഴിഞ്ഞു. 1989-ൽ കൊല്ലപ്പെട്ടതിനു ശേഷം ആദ്യമായിട്ടാണ് രജനി തിരണഗാമയുടെ ഓർമ്മയ്ക്കായി ഇത്ര വലിയ ഒരു സമ്മേളനം ജാഫ്നയിൽ നടക്കുന്നത്. എന്നാൽ അവിടെ സംസാരിച്ച ആരും തന്നെ അവളുടെ കൊലപാതകവുമായി ബന്ധപ്പെട്ട ദുരൂഹതകളെക്കുറിച്ച് ഒരു വാക്കുപോലും സംസാരിച്ചില്ല. അധികാരം എങ്ങനെയാണ് ജനങ്ങളുടെ വായ മൂടിക്കെട്ടുന്നതെന്നും അവർക്ക് അനുഗുണമായ വ്യാഖ്യാനങ്ങൾ ജനങ്ങളിലേയ്ക്ക് അടിച്ചേൽപ്പിക്കുന്നതെന്നു രജനി തിരണഗാമയുടെ അനുസ്മരണ സമ്മേളനം വ്യക്തമാക്കുന്നു. UTHR ലെ രജനിയുടെ സഹപ്രവർത്തകർ ഉൾപ്പെടെയുള്ളവരെ അവർ തന്ത്രപൂർവ്വം പരിപാടിയിൽ നിന്ന് മാറ്റി നിർത്തുകയും രജനിയുടെ കൊലപാതകത്തെയും

▶ രജനി തിരണഗാമയുടെ ജീവിതവും പോരാട്ടവും
▶ അധികാരത്തിന്റെ ഇടപെടൽ

അതിനു പിന്നിലെ കാരണങ്ങളെയും മൂടി വയ്ക്കുകയും ചെയ്തു. തുടർന്ന് പീറ്ററും ആനും തമ്മിൽ നടത്തുന്ന സംഭാഷണങ്ങളിലൂടെയാണ് രജനിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നാം മനസ്സിലാക്കുന്നത്. അവർ കൊലപാതകം നടന്ന സന്ദർഭവും സാഹചര്യവും പ്രശ്നവത്ക്കരിക്കുന്നു. കൊലപാതകിയെക്കുറിച്ചുള്ള ചില സംശയങ്ങളും അവർ ഉന്നയിക്കുന്നുണ്ട്.

"ആൻ നമുക്കിപ്പോൾ കൃത്യമായി അറിയാവുന്ന കുറെ വസ്തുതകളുണ്ട്. ഇനിയും വ്യക്തത വരേണ്ട മറ്റു ചില കാര്യങ്ങളുമുണ്ട്. എന്റെ അന്വേഷണങ്ങൾ ആ വഴിക്കാണ്. ഞാനും സുഗന്ധിയും ചേർന്ന് പ്രവർത്തിച്ച ആദ്യകാലത്ത്, ഞെട്ടിക്കുന്ന ചില വിവരങ്ങൾ കണ്ടെത്തിയിരുന്നു. ആ കണ്ടെത്തലുകളാണ് ഞങ്ങളെ ആപത്തിലേക്കു നയിച്ചതും. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കൊല്ലപ്പെടുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പ് രജനിയും VP യും തമ്മിലൊരു കൂടിക്കാഴ്ച നടന്നിരുന്നു എന്നതാണ്. രജനിയോട് ഇയക്കത്തെ വിമർശിക്കുന്ന തരത്തിലുള്ള മനുഷ്യാവകാശപ്രവർത്തനങ്ങളിൽ നിന്നു പിന്മാറി എത്രയും വേഗം വിദേശത്തേക്കു പോകണമെന്ന് അഭ്യർത്ഥിക്കാനായിരുന്നു ആ കൂടിക്കാഴ്ച. ആ അവസാനത്തെ കൂടിക്കാഴ്ചയോടെ താനെപ്പോൾ വേണമെങ്കിലും കൊല്ലപ്പെടാമെന്ന യാഥാർത്ഥ്യം രജനിക്കു മനസ്സിലായി. അത് അവരുടെ തുടർന്നുള്ള പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്തിരുന്നു". "ആദ്യം ഞങ്ങൾക്കും വിശ്വസിക്കാൻ സാധിച്ചില്ല. VP യെപ്പോലെ ഒരാൾ അങ്ങനെ ചെയ്യുമെന്നു വിശ്വസിക്കാൻ ബുദ്ധിമുട്ടായിരുന്നു. സുരക്ഷാപരമായ കാരണങ്ങളാൽ അത്തരമൊരു കൂടിക്കാഴ്ച നടക്കാൻ തീരെ സാധ്യതയില്ലായിരുന്നു. പക്ഷേ, അതു സത്യമായിരുന്നു. ഏകദേശം 15 മിനിറ്റ് അവർ കിള്ളിനൊച്ചിയിലെ ഒരു രഹസ്യകേന്ദ്രത്തിൽ വെച്ച് സംസാരിച്ചു. VP യും രജനിയുമല്ലാതെ മറ്റാരും അപ്പോൾ അവിടെയുണ്ടായിരുന്നില്ല. പക്ഷേ, ആ സംഭാഷണം VP പോലുമറിയാതെ പൂർണ്ണമായി റെക്കോർഡ് ചെയ്യപ്പെട്ടിരുന്നു. മഹാതയ എന്ന ഇയക്കത്തിലെ വളരെ പ്രധാനപ്പെട്ടൊരു നേതാവാണ് അതു രഹസ്യമായി റെക്കോർഡ് ചെയ്തത്. 1989-ൽ ഇയക്കം കുറച്ചുകാലത്തേക്കൊരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ചപ്പോൾ മഹാതയയായിരുന്നു അതിന്റെ നേതാവ്. അക്കാലത്ത് അദ്ദേഹത്തിന് രജനിയുമായി നല്ല ബന്ധമുണ്ടായിരുന്നു. ഇയക്കത്തിലെ യുദ്ധത്തിൽ മുറിവേറ്റ ചില നേതാക്കളെ രജനി ചികിത്സിക്കുകപോലും ചെയ്തിട്ടുണ്ട്.

▶ VP യുമായുള്ള സംഭാഷണം
▶ പോരാട്ടവും പ്രതികാരവും
▶ ഇയക്കത്തിന്റെ ചരിത്രം

1994-ൽ അദ്ദേഹം VP യുമായുള്ള അഭിപ്രായ ഭിന്നതയുടെ പേരിൽ കൊലചെയ്യപ്പെട്ടു. അപ്പോഴേക്കും അദ്ദേഹത്തിന്റെ കയ്യിൽനിന്ന് ഈ കാസറ്റ് മറ്റൊരാളുടെ കയ്യിൽ എത്തിയിരുന്നു. അയാളിൽ നിന്നാണ് അവർക്ക് ആ കാസറ്റ് കിട്ടിയത്. സുഗന്ധിയും ആ സംഭാഷണം പലതവണ കേൾക്കുകയും അതു പൂർണ്ണമായും എഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് രജനിയും VP യും തമ്മിലുള്ള സൗഹൃദത്തിലൂന്നി അമൈതിപ്പടയുടെ അതിക്രമങ്ങളുടെ ഇരയെന്ന രീതിയിൽ രജനിയെ അവതരിപ്പിക്കുന്ന സ്ക്രിപ്റ്റ് ഞാനും സുഗന്ധിയും ചേർന്നു തയ്യാറാക്കിയത് എന്ന് പീറ്റർ പറയുന്നുണ്ട്. സുഗന്ധിയും പീറ്ററും ചേർന്ന് കണ്ടെത്തിയ ഞെട്ടിക്കുന്ന വി

വരങ്ങളാണ് തങ്ങളെ ആപത്തിലേയ്ക്ക് നയിച്ചതെന്ന് പീറ്റർ പറയുന്നു. രജനിയും VP യും തമ്മിൽ നടത്തുന്ന സംഭാഷണങ്ങളിൽ നിന്ന് രജനിയുടെ നിലപാടും വ്യക്തിത്വവും നമുക്ക് ലഭിക്കുന്നുണ്ട്. VP മുന്നോട്ടു വെയ്ക്കുന്ന രണ്ട് ആവശ്യങ്ങളെയും അവർ നിരസ്സിക്കുന്നുണ്ട്. 'വിദ്യാർത്ഥി എന്ന നിലയിലും ഗവേഷക എന്ന നിലയിലുമുള്ള എന്റെ ജീവിതം പൂർണ്ണമായും അവസാനിച്ചിരിക്കുന്നു. ഇനിയുള്ള കാലം, മുഴുവൻ സമയ മനുഷ്യാവകാശ പ്രവർത്തകയായി കഴിയാനാണ് തീരുമാനിച്ചിരിക്കുന്നത്'എന്ന് രജനി പറയുമ്പോൾ, 'ഇയക്കത്തെ വിമർശിച്ചാൽ ചിലപ്പോൾ ഞങ്ങൾക്ക് അതിൽ ഇടപെടേണ്ടിവരുമെന്നും അപ്പോൾ അപ്പാവും അമ്മാവും പരിചയക്കാരായിരുന്നുവെന്നോ ഉള്ള പരിഗണനയൊന്നും നൽകാൻ കഴിഞ്ഞെന്നു വരില്ല' എന്ന ഭീഷണി ഉയർത്താനും VP തുനിയുന്നുണ്ട്.

▶ അഭിപ്രായ ഭിന്നതകളും അടിച്ചമർത്തലും

രജനി തിരണഗാമയുടെ ജീവിതത്തെക്കുറിച്ച് ഹെലനെ ക്ലാഡോവ്സ്കി സംവിധാനം ചെയ്ത ഡോക്യുമെന്ററിയാണ് No More Tears Sister : Anatomy of Hope and Betrayal. തിരണഗാമയുടെ ജീവിതത്തെ സംബന്ധിച്ച് ഇന്നു നിലവിലുള്ള ഏറ്റവും ആധികാരികമായ റഫറൻസ് ഈ ഡോക്യുമെന്ററിയാണ്. രജനി എന്ന വ്യക്തിയെയും അവർ മുന്നോട്ടുവച്ച രാഷ്ട്രീയത്തെയും കൃത്യമായി അവതരിപ്പിക്കാൻ ഹെലെനെയ്ക്ക് കഴിഞ്ഞിട്ടുണ്ട്. രജനിയുടെ സഹോദരിമാരായ നിർമ്മല, വാസുകി, രജനിയുടെ ഭർത്താവ് ദയപാല തിരണഗാമ, മക്കളായ നർമദ, ശാരിക എന്നിങ്ങനെ ഏറ്റവും അടുത്ത ബന്ധക്കളുടെ വാക്കുകളിലൂടെയാണ് ഡോക്യുമെന്ററിയിൽ രജനിയെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

▶ രജനിയുടെ ജീവിതം പറയുന്ന ഡോക്യുമെന്ററി

## പൂമണി സെൽവനായകം

സിംഹത്തെ കൊന്നത് പൂമണി സെൽവനായകമായിരുന്നു. വിമൻ എഗിൻസ്റ്റ് വാർ എന്ന സംഘടനയുടെ മീറ്റിംഗ് സംഘടിപ്പിച്ചതിന്റെ ഫലമായി സിംഹം അവളെ പിടികൂടുന്നു. 'ലോകം മുഴുവൻ നമ്മുടെ രാജ്യത്തെ യുദ്ധക്കുറ്റങ്ങളുടെയും മനുഷ്യാവകാശധ്വംസനങ്ങളുടെയും പേരിൽ വേട്ടയാടുമ്പോൾ അങ്ങനെയൊരു മീറ്റിംങ് സംഘടിപ്പിക്കാൻ നിനക്കെങ്ങനെയാണ് ധൈര്യം വന്നത്. രാജ്യദ്രോഹമാണെന്ന് നിനക്കറിയില്ല. കഷ്ടകാലത്തിന് ഇതിനൊന്നും ശിക്ഷ നൽകാൻ ഈ നാട്ടിൽ നിയമമില്ലാതെ പോയി. അല്ലെങ്കിലും കോടതികളിലൊക്കെ നിന്റെ മനുഷ്യാവകാശക്കാരല്ലേ. നിയമമുണ്ടായിട്ടും കാര്യമൊന്നുമില്ലല്ലോ. എടീ, അതുകൊണ്ടാണ് നിന്നെപ്പോലെയുള്ളവർ ചെയ്യുന്ന കുറ്റങ്ങൾക്ക് ഇങ്ങനെ ശിക്ഷ നടപ്പാക്കേണ്ടിവരുന്നത്. യുദ്ധമൊക്കെ ഞങ്ങൾ ആണുങ്ങളുടെ കാര്യമല്ലേ, നിന്നെപ്പോലെയുള്ള പെണ്ണുങ്ങൾക്ക് അതിലെന്താണ് കാര്യം?'. അവൾ മറുപടിയൊന്നും പറയാതെ തലതാഴ്ത്തി. സിംഹം അവളുടെ മുഖം പിടിച്ചുയർത്തി. "എടീ നിന്റെ തെറ്റിനുള്ള ശിക്ഷയെന്താണെന്നറിയാമോ?'' ബലമായി പിടിച്ച് കാറിൽ കയറ്റി കൊണ്ടു വരുമ്പോൾ അവരുടെ നേതാവാണെന്നു തോന്നിച്ച ആൾ ആദ്യം പറഞ്ഞത് അതായിരുന്നു. എതിർക്കാൻ ശ്രമിച്ചാൽ കൊന്ന് കടലിലെറിയും അനുസരിച്ചാൽ ജീവൻ തിരിച്ചുകിട്ടും പക്ഷേ, സന്തോഷത്തോടെ ഒരു സിംഹളക്കുഞ്ഞിനെ പ്രസവിക്കാൻ

തയ്യാറാകേണ്ടി വരും. അയാളുടെ ആക്രോശങ്ങൾ അവളെ വല്ലാതെ വേദനിപ്പിച്ചു. പട്ട വേശ്യ എന്ന അയാളുടെ വിളിയ്ക്ക് എതിരായി പ്രതികരിക്കാനായി നാവു പൊന്തിയെങ്കിലും അവൾ അതിനെ പണിപ്പെട്ട് നിയന്ത്രിച്ചു. അവൾ അയാളെ തന്ത്രപരമായി നേരിടുകയും ഒടുവിൽ കൊലപ്പെടുത്തുകയും ചെയ്തു.

▶ പോരാട്ടവും ശിക്ഷയും

'സിംഹത്തിന്റെ കവിളും ചുണ്ടുമെല്ലാം മൃദുലമായ ചുംബനങ്ങൾ കൊണ്ടു പൊതിഞ്ഞു. പിന്നെ ഒരു കൊഞ്ചലോടെ ഞാൻ സാറിനെ സരോംഗ് ഉടുപ്പിക്കട്ടെ എന്നു ചോദിച്ചു. അവൾ അടുത്ത ഓട്ടമത്സരത്തിന് ഒരുങ്ങുകയാണെന്നു കരുതി. സിംഹം സന്തോഷത്തോടെ തലകുലുക്കി അതെല്ലാം ആസ്വദിച്ച് കണ്ണടച്ചു കിടന്നു, പൂമണി തന്റെ സരോംഗഴിച്ച് നീളത്തിൽ മടക്കി സിംഹത്തിന്റെ കഴുത്തിലണിയിച്ചു. അയാൾ പൂമണിയുടെ നഗ്നതയിലേക്കു കൊതിയോടെ നോക്കിക്കിടന്ന് ആനന്ദിക്കുമ്പോൾ സരോംഗിന്റെ രണ്ടറ്റവും വെള്ളിവളയത്തിൽക്കൂടി പുറത്തെടുത്ത് കുടുക്ക് റെഡിയാക്കി അവൾ ഒറ്റ സെക്കന്റിൽ സർവ്വശക്തിയുമുപയോഗിച്ച് വലിച്ചുമുറുക്കി. സിംഹം ഏതാനും മിനിട്ടുകൾക്കുള്ളിൽ പിടഞ്ഞു മരിച്ചു. പിറ്റേദിവസം ജായിൽ പൊതുഅവധിയായിരുന്നു. ഹൃദയസ്തംഭനം മൂലം മരിച്ച സിംഹത്തിന്റെ മൃതദേഹം എല്ലാവിധ ഔദ്യോഗിക ബഹുമതികളോടും കൂടി രത്നപുരയിലേക്ക് കൊണ്ടുപോയി. കടൽത്തീരത്തണഞ്ഞ പൂമണിയുടെ മൃതദേഹം തിരിച്ചറിഞ്ഞെങ്കിലും ബന്ധുക്കളാരും ഏറ്റുവാങ്ങാത്തതിനാൽ പൊതുശ്മശാനത്തിൽ സംസ്കരിച്ചു'. പൂമണി സെൽവനായകം കൊല്ലപ്പെട്ടതിന്റെ മൂന്നാം ദിവസം അവളുടെ മെയിലിൽ നിന്നു വരുന്ന കത്ത് നോവലിന്റെ കഥാഗതിയിലെ പ്രധാനപ്പെട്ടൊരു ഏടാണ്.

▶ സിംഹത്തെ കൊന്ന പൂമണി സെൽവനായകം

'പൂവണിയെപ്പോലെ സിംഹത്തിന് ഇരയായ നിരവധി യുവതികളിൽ ഒരാളാണ് താൻ' എന്ന വെളിപ്പെടുത്തലിലൂടെ ശ്രീലങ്കയുടെ കാലാപകാല രാഷ്ട്രീയ ജീവിതത്തെ അവതരിപ്പിച്ചിരിക്കുന്നു. ആ കത്തിൽ നിന്ന് ആണ്ടാൾ ദേവനായകിയെക്കുറിയുള്ള ചില സൂചനകൾ കൂടി ഉൾച്ചേർന്നിരുന്നു. '2002-ൽ സിഗിരിയയിൽ ജോലിക്കു ചേർന്ന് മൂന്നാം മാസം തന്നെ പ്രാചീന പാലി ഭാഷയിലെഴുതിയ ഒരു താളിയോലഗ്രന്ഥം കണ്ടെടുക്കാൻ കഴിഞ്ഞു. സിഗിരിയയിൽ നിന്ന് ഏതാണ്ട് ഏഴുകിലോമീറ്റർ ദൂരെ വേടർ താമസിക്കുന്ന ഒരു ഗ്രാമത്തിൽനിന്നാണ് അതു കിട്ടിയത്. അവർ ആ ഗ്രന്ഥമുപയോഗിച്ച് ചില വിചിത്രമായ ആചാരങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. മരിച്ചുപോയവരുമായി സംസാരിക്കാനും പ്രേതങ്ങളെ ഉപയോഗിച്ച് അമാനുഷികമായ കാര്യങ്ങൾ ചെയ്യാനും ആ ആചാരങ്ങൾക്കു കഴിയുമെന്ന് പറയപ്പെടുന്നു. ഏകദേശം ആയിരത്തോളം വർഷം പഴക്കമുള്ള സുസാനസുപിന (സ്വപ്നങ്ങളുടെ ശ്മശാനം) എന്ന ആ ഗ്രന്ഥം എഴുതിയിരിക്കുന്നത് തമിഴ് ബുദ്ധസന്ന്യാസിയായ ശ്രീ വല്ലഭ ബുദ്ധനാരാണ്. സ്വപ്നങ്ങളുടെ ശ്മശാനത്തിലെ നായികയുടെ പേരും ആണ്ടാൾ ദേവനായകി എന്നാണ്. എനിക്ക് പഴയകാലത്തെ പാലി ഒരുവിധം അറിയാവുന്നതുകൊണ്ട് വായിച്ചു മനസ്സിലാക്കാൻ വിഷമമുണ്ടായില്ല. ഞാൻ ആ ഗ്രന്ഥത്തെക്കുറിച്ച് അക്കാലത്തുതന്നെ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ തുടർന്നുള്ള അന്വേഷണങ്ങൾ

▶ കടൽത്തീരത്തണഞ്ഞ പൂമണിയുടെ മൃതദേഹം

എങ്ങുമെത്താതെ വഴിമുട്ടി നിൽക്കുകയാണ്. അപ്പോഴാണ് അനുരാധ നിന്നെക്കുറിച്ചു പറഞ്ഞത്. നമ്മുടെ അന്വേഷണങ്ങൾ ഏതാണ്ട് ഒരേ ദിശയിലാണെന്നു തോന്നുന്നു'. തുടർന്ന് ചരിത്രവും വർത്തമാനവും തമ്മിൽ സംയോജിപ്പിച്ചു കൊണ്ട് കഥയുടെ പ്രമേയം മുന്നോട്ടു പോകുന്നു.

### മഞ്ജു

അവൾ ഒരു കലാകാരിയായിരുന്നു. അഞ്ചെട്ടു വർഷം മുമ്പ് സിനിമയിൽ വരുന്ന കാലത്ത് മഞ്ജു ഗോപാൽ വളരെ പ്രതീക്ഷയുണർത്തിയ ആക്ട്രസ്സായിരുന്നു. അവൾ ചെയ്ത സിനിമകൾ പരാജയപ്പെട്ടപ്പോൾ Unlucky Girl എന്നൊരു പേര് വീണു പോയതാണ്. പിന്നീട് പലതരം പ്രലോഭനങ്ങളിൽ കുടുങ്ങി എല്ലാം നഷ്ടപ്പെടുത്തി. Wrong Pictures, Wrong Roles and Wrong Company അതാണ് തന്റെ കരിയർ നശിപ്പിച്ചതെന്ന് അവൾ പലപ്പോഴും ക്രൂരമായ തമാശ പറയും. കൊമേഴ്സ്യൽ സിനിമയുടെ പിന്നിലുള്ള ലോകം വളരെ വിചിത്രമാണെന്ന് സ്വന്തം ജീവിതം കൊണ്ടു തന്നെ തിരിച്ചറിഞ്ഞു അവൾ. ശരിക്കും ഒരു കാസിനോ പോലെയാണ് ആ ലോകം. ഗാംബ്ലിങ്ങിൽ വളരെക്കുറച്ചു പേർക്കു മാത്രമേ വിജയിക്കാൻ കഴിയാറുള്ളൂ. അതു പോലെ തന്നെയാണ് സിനിമയും. പക്ഷേ സിനിമയിൽ തോറ്റവർ ഗാംബ്ലിങ്ങിലെ ഭാഗ്യചിഹ്നമാകുന്നത് വലിയൊരു ഐറണിയാണ്. പീറ്ററാണ് അവളുടെ ആദ്യത്തെ പിമ്പ് എന്ന് പലപ്പോഴും അവൾ അയാളെ കുറ്റപ്പെടുത്താറുണ്ട്. വമ്പൻ പണക്കാരുടെ കൂടെ കാസിനോകളിൽ കറങ്ങിനടക്കലും അവരെ സന്തോഷിപ്പിക്കലുമാണ് അവളുടെ ഇപ്പോഴത്തെ തൊഴിൽ എന്ന് നോവലിസ്റ്റ് പറയുന്നു. ഗാംബ്ലിങ് ടേബിളുകളിൽ മഞ്ജു കൂട്ടിനുണ്ടെങ്കിൽ വിജയം ഉറപ്പാണെന്ന അന്ധവിശ്വാസം മലയാളികളായ ചൂതാട്ടക്കാർക്കുണ്ടായതോടെയാണ് അവളുടെ ഭാഗ്യം തെളിഞ്ഞത്. അങ്ങനെ അവളൊരു കാസിനോ ഗേളായി. ആഴ്ചയിൽ രണ്ടും മൂന്നും തവണ കൊച്ചിയിൽ നിന്ന് കൊളംബോയിലേക്ക് പറന്നു.

▶ പീറ്ററുടെ സുഹൃത്ത്
▶ നടി, കാസിനോ ഗേൾ

## 3.2.3 ഇതിവൃത്തവിശകലനം

ദേശരാഷ്ട്രം എന്ന സ്വത്വബോധം ഉൾക്കൊള്ളുന്ന നോവലാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' ദേശരാഷ്ട്രത്തിന്റെ വാക് രൂപങ്ങളും സൂക്ഷ്മപാഠങ്ങളും ഇതിൽ വ്യാഖ്യാനിക്കുന്നു. വിമോചന പോരാട്ടങ്ങളുടെ ചരിത്രമല്ല ഈ നോവൽ മുന്നോട്ട് വയ്ക്കുന്നത്. ചേര-ചോള-പാണ്ഡ്യദേശങ്ങളുടെ കഥയും യുദ്ധതന്ത്രങ്ങളുടെ കഥയും ഇതിൽ ആഖ്യാനം ചെയ്തിട്ടുണ്ട്. സുഗന്ധിയുടെ ചരിത്രം അവസാനിക്കുമ്പോഴും, പീറ്റർ സ്വന്തം സുഗന്ധിയെ കണ്ടെത്തുന്നിടത്താണ് നോവൽ അന്തിമഘട്ടത്തിലേക്ക് കടക്കുന്നത്. ചരിത്രത്തിലെ സുഗന്ധിയും പീറ്റർ കണ്ടെത്തുന്ന സുഗന്ധിയും തമ്മിൽ അസാമാന്യ ഐക്യരൂപം ദർശിക്കാം. ചരിത്രത്തിലും വർത്തമാനത്തിലും പ്രകടമാകുന്ന പുരുഷ മേൽക്കോയ്മയുടെ അടയാളപ്പെടുത്തലും ഇതിലുണ്ട്.

▶ ദേശരാഷ്ട്രം എന്ന സ്വത്വബോധം ഉൾക്കൊള്ളുന്ന നോവൽ

'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവലിന്റെ ആത്യന്തികദർശനം ശ്രീലങ്കൻ വിമോചനപോരാട്ടങ്ങൾക്ക് നേതൃത്വം

▶ ആധുനികാനന്തര നോവൽ സവിശേഷതകളിൽ പ്രാധാന്യത്തോടെ വീക്ഷിക്കുന്ന സൈബർ വിനിമയ ഇടങ്ങൾ

നൽകിയ സംഘടനകൾ പലതും ജനാധിപത്യത്തെ ധ്വംസിക്കുകയും പുരുഷാധിപത്യതേർവാഴ്ച നടത്തുകയും ചെയ്തു എന്ന വസ്തുതയാണ്. അതിലും ഹൃദയസ്പർശിയായത് ഇത്തരം സംഘടനകൾ സ്വീകരിച്ച സ്ത്രീവിരുദ്ധ നിലപാടുകളാണ്. സ്ത്രീവിരുദ്ധതയും, സ്ത്രീ പോരാട്ടവും ഒരേ സമയം നോവലിൽ ഇടം നേടുന്നു. ആധുനികാനന്തര നോവൽ സവിശേഷതകളിൽ പ്രാധാന്യത്തോടെ വീക്ഷിക്കുന്ന വിവരവിനിമയ മാർഗ്ഗങ്ങളായ ഇ-മെയിലും, എസ്. എം. എസും., ഗൂഗിളുമൊക്കെ ഇതിന്റെ ഭാഗമാണ്.

പല വൈരുദ്ധ്യങ്ങളിലൂടെയും നോവൽ കടന്നുപോകുന്നുണ്ട്. ശ്രീലങ്കൻ ആഭ്യന്തരയുദ്ധത്തിലെ മനുഷ്യാവകാശധ്വംസനങ്ങളെ വിമലീകരിച്ച് കാണിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സർക്കാരിന്റെ സാഹയത്തോടെ സിനിമാ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. വിപ്ലവപ്രസ്ഥാനങ്ങളിലെ ജനാധിപത്യപ്രവണതകൾ ആ പ്രസ്ഥാനങ്ങളെ എങ്ങനെ ശിഥിലീകരിക്കുമെന്ന് അവതരിപ്പിക്കാനാണ് തിരക്കഥാകൃത്ത് പീറ്റർ ജീവാനന്ദം ശ്രമിച്ചത്. ഡിവൈൻ പോൾ എന്ന ശ്രീലങ്കൻ പട്ടാള രഹസ്യസങ്കേതത്തിലെത്തിയ പീറ്റർ വിടുതലൈ പുലികളുടെ വനിതാവിഭാഗം കമാൻഡറായിരുന്ന തമിഴൊലിയെ കാണുന്നു. തമിഴൊലി കൊടുത്ത സൂചനകൾ പിന്തുടർന്നാണ് പീറ്റർ സുഗന്ധിയെ കണ്ടെത്താനുള്ള ശ്രമം നടത്തുന്നത്. ഈ അന്വേഷണത്തിലൂടെ ഒരു രാജ്യത്തിലെ ഒരു വിഭാഗം ജനതയുടെ വിമോചനപോരാട്ട ചരിത്രകഥനം നടത്തുകയാണ് നോവലിസ്റ്റ്. ഈ ചരിത്രവഴികൾ സമകാല പ്രശ്നങ്ങളുമായി കോർത്തിണക്കുന്നിടത്താണ് നോവൽ ജനപ്രിയതയ്ക്കു കാരണമാകുന്നത്. പോരാട്ടത്തിൽ അകപ്പെട്ടുപോകുന്ന സാധാരണ മനുഷ്യരുടെ ജീവിതവും അവരനുഭവിക്കുന്ന സംഘർഷങ്ങളും നോവലിൽ നിന്നും ഒപ്പിയെടുക്കാം. സിംഹളദേശവുമായി ബന്ധപ്പെട്ട പുരാവൃത്ത ആഖ്യാനവും നോവൽ ഘടനയിൽ ഉൾച്ചേർന്നിട്ടുണ്ട്. പ്രസിഡന്റ് ഭരണത്തിൻ കീഴിലായ ശ്രീലങ്കയുടെ ഭരണത്തിലും സൈന്യത്തിലും നിലനിന്ന സേച്ഛാധിപത്യപ്രവർത്തനങ്ങളെ നോവൽ ചൂണ്ടിക്കാട്ടുന്നു. മാനുഷ്യാവകാശങ്ങൾക്കായി പോരാടിയവരെ അടിച്ചമർത്തി പ്രസിഡന്റ് വിജയം നേടുകയും പോരാട്ടങ്ങൾ അവസാനിക്കുന്നില്ല എന്ന സൂചന നൽകുകയുമാണ് ഈ നോവൽ.

▶ ശ്രീലങ്കൻ ആഭ്യന്തരയുദ്ധത്തിലെ മനുഷ്യാവകാശധ്വംസനങ്ങൾ

വിപ്ലവ പ്രസ്ഥാനത്തിന്റെ ഉത്തരാധുനിക ആഖ്യാനമാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'. രാഷ്ട്രീയ നോവലിന്റെ സാധുതയും മാജിക്കൽ റിയലിസത്തിന്റെ സന്നിവേശവും ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്. മിത്ത്, ഓർമ്മ, ചരിത്രം എന്നീ ഘടകങ്ങളും നോവലിലുടനീളം വരുന്നു. ഈ നോവൽ ഫാസിസ്റ്റ് ഘടനകൾക്കെതിരായ സൗന്ദര്യാത്മക കലാപമാണ്. നിരവധി സംഭവങ്ങളും ചരിത്രവും നോവൽ ഭാവതലത്തെ സങ്കീർണ്ണമാക്കുന്നുണ്ട്. ഹിറ്റ്ലർ, ഗദ്ദാഫി, മുബാറക്, അശോകൻ, മഹാത്മാഗാന്ധി, രാജീവ് ഗാന്ധി, സൽമാൻ ഖുർഷിദ്, വി. പി. സിംഗ്, സുഭാഷ് ചന്ദ്രബോസ്, എസ്. മോസ്കോഫി, കരുണരത്ന പെരേര, അരുന്ധതിറോയ് ഇങ്ങനെ നീളുന്നു നോവലിൽ വന്നു പോകുന്ന പ്രധാനികൾ. മിഥ്യാചരിത്രത്തിന്റെ പ്രത്യയശാസ്ത്ര പരമ്പരകൾ, അഥവ കെട്ടുകഥകൾ കൊണ്ട് നോവൽ തന്തുവിനെ ഉറപ്പിച്ചിരിക്കുകയാണ്.

▶ ചരിത്ര സംഭവങ്ങളും വ്യക്തികളും മിത്തുകളും

## Summarised Overview

ശ്രീലങ്കൻ ആഭ്യന്തരപോരാട്ടങ്ങളും വർത്തമാനകാല രാഷ്ട്രീയവും ഭൂതകാലപുരാവൃത്താഖ്യാനവും സ്ത്രീയവസ്ഥയുടെ നേർക്കാഴ്ചയും തുറന്നു കാട്ടുന്ന നോവലാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'. ചരിത്രത്തോടും സ്വത്വരാഷ്ട്രീയത്തോടുമുള്ള ആഭിമുഖ്യം ഇതിൽ പ്രകടമാണ്. പാണ്ഡ്യ-സിംഹള യുദ്ധവെറിയുടെ തീവ്രത വെളിപ്പെടുത്തുന്ന ദേവനായകി പുരാവൃത്തവും മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്ന ശ്രീലങ്കയിലെ സമകാലയാഥാർത്ഥ്യങ്ങളും നോവലിൽ കൂട്ടിവിളക്കിയിരിക്കുന്നു. വിപ്ലവസംഘടനകളിലും വിമോചനപ്രസ്ഥാനങ്ങളിലും നിലനിൽക്കുന്ന ഫാസിസ്റ്റ് സ്വഭാവത്തെ നോവൽ നിശിതമായി വിമർശിക്കുന്നു. 'എല്ലാ യുദ്ധങ്ങളും സ്ത്രീകൾക്കെതിരെയാണ്' എന്ന് ദേവനായകി തെളിയിക്കുന്ന കാഴ്ചയാണ് ഈ നോവലിലുള്ളത്. എന്നാൽ മിത്തുകൾ സ്ത്രീകൾക്ക് ആശ്വാസത്തിന് വക നൽകുന്നുവെന്ന വസ്തുതയിൽ അടിവരയിട്ട് പറയുന്നു. സ്ത്രീജീവിതത്തിനും ചാരിത്ര്യത്തിനും മാനുഷിക മൂല്യങ്ങൾക്കും വില കല്പിക്കാത്ത ഒരു സാമൂഹിക ജീവിത ചിത്രീകരണം ഈ നോവലിലുണ്ട്.

അതിസങ്കീർണ്ണമായ കഥാപാത്രങ്ങളെ അനായാസമായി അവതരിപ്പിച്ച് നോവൽ ഘടനയ്ക്ക് ഗൗരവം പകരാൻ  ടി. ഡി. രാമകൃഷ്ണന് കഴിഞ്ഞിട്ടുണ്ട്. സുഗന്ധി എന്ന നോവലിന്റെ ഭൂമിക ശ്രദ്ധേയമാണ്. കഥയും കഥയുടെ ഇടവും ജീവിതവും ആയിരം വർഷം പിന്നിലേയ്ക്ക് പോയി ചരിത്രാന്വേഷണത്തിലൂടെ പുതുകാലാനുഭവത്തിലേയ്ക്ക് ലയിക്കുന്നു. നോവലിലെ മിത്ത് രൂപപ്പെട്ടത് 1996-97 കാലഘട്ടത്തിൽ കവി സച്ചിദാനന്ദൻ രചിച്ച 'ആണ്ടാൾ പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നു.' എന്ന കവിതയിൽ നിന്നാണ്. നോവലിൽ പറയുന്ന 'സുസാനസുപിത' (സ്വപ്നങ്ങളുടെ ശ്മശാനം) എന്ന ഗ്രന്ഥവും ശ്രീവല്ലഭബുദ്ധനാരും നോവലിസ്റ്റിന്റെ സങ്കല്പസൃഷ്ടിയാണ്. തകർന്നു തരിപ്പണമായ തമിഴ് ഈഴത്തിന്റെ സ്വപ്നരാജ്യമെന്ന അർത്ഥത്തിലാണ് പാലി നിഘണ്ടുവിൽ നിന്നും അദ്ദേഹം ഈ വാക്ക് കണ്ടെത്തിയത്. തിരുവല്ലാ ദേശവും ബുദ്ധപാരമ്പര്യവുമായി ബന്ധപ്പെടുത്തിമെനഞ്ഞതാണ് 'ശ്രീവല്ലബുദ്ധനാർ' എന്നു നാമം- എതിർസ്വരങ്ങളെ ഉന്മൂലനം ചെയ്യുന്ന ശ്രീലങ്കയിലെ വംശീയ ഫാസിസത്തെ അടയാളപ്പെടുത്താൻ പര്യാപ്തമാണീ നോവൽ. ശ്രീലങ്കയിലെ  സമൂഹത്തിന് നേരെ പിടിക്കുന്ന കണ്ണാടിയാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' ഇതിൽ സമകാലിക രാഷ്ട്രീയത്തിന്റെ എല്ലാ മുഖങ്ങളും പ്രതിഫലിക്കുന്നു.

## Assignments

1. വിപ്ലവവും ജനാധിപത്യവും തമ്മിൽ ആശയപരമായി വ്യതിചലിക്കുമ്പോഴുണ്ടാകുന്ന ദുരന്തക്കാഴ്ചകളാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യിലുള്ളത്  - വിലയിരുത്തുക
2. ശ്രീലങ്കയിലെ വംശീയ ഫാസിസത്തെ അടയാളപ്പെടുത്താൻ പര്യാപ്തമായ നോവലാണ് സുഗന്ധി എന്ന ആണ്ടാൾ ദേവനായകി - വിമർശനാത്മകമായി സമീപിക്കുക
3. 'വിപ്ലവ പ്രസ്ഥാനത്തിന്റെ ഉത്തരാധുനിക ആഖ്യാനമാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'. രാഷ്ട്രീയ നോവലിന്റെ സാധുതയും മാജിക്കൽ റിയലിസത്തിന്റെ

സന്നിവേശവും ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്'. പരിശോധിക്കുക.

4. സ്ത്രീ ആവിഷ്ക്കാരവും ഉത്തരാധുനിക നോവലും - സുഗന്ധി എന്ന ആണ്ടാൾ ദേവ നായകിയെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക
5. ചരിത്രവും മിത്തും ഉത്തരാധുനിക നോവലിൽ - കുറിപ്പെഴുതുക
6. കഥാപാത്ര നിരൂപണം - സുഗന്ധിയും ദേവനായകിയും
7. ശ്രീലങ്കൻ ചരിത്രവും സുഗന്ധിയുടെ പ്രമേയവും - കുറിപ്പെഴുതുക

## Suggested Reading


1. ഇ. വി. രാമകൃഷ്ണൻ, വാക്കിലെ സമൂഹം, ഡി. സി. ബുക്സ്, കോട്ടയം.
2. രവീന്ദ്രൻ പി. പി., ഇടപെടലുകൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ വിപണി കല പ്രത്യയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പി. കെ. ബാലകൃഷ്ണൻ, പി. കെ.ബാലകൃഷ്ണന്റെ ലേഖനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
5. Barth, Roland, Mythologies, The Noonday press.
6. David, Lodge, The Novel now : Theories and practices, Novel: A forum on fiction (Journal Article).
7. Devika J, 2013, Woman Writing = Man Reading, Penguin - Books.
8. Eagleton, Terry, 1997, The function of Criticism, Veros.
9. Hayden, White, 2001, 'The Historical text as literary artefact' in Norton anthology of theory and criticism, ed. by Vincent B. Lietch, W.W. Norton.


## References


1. ഷാജി ജേക്കബ്, മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ് കോഴിക്കോട്.
3. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ വിപണി, കല, പ്രത്യയ ശാസ്ത്രം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. രാമകൃഷ്ണൻ ടി. ഡി., സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, ഡി. ഡി. ബുക്സ്, കോട്ടയം.
5. ജെ ദേവിക, സ്ത്രീവാദം, ഡി. സി. ബുക്സ്, കോട്ടയം.
6. മ്യൂസ് മേരി, ഉടലധികാരം, ഒലിവു പബ്ലിക്കേഷൻസ്, കോഴിക്കോട്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 3

# ആരാച്ചാർ

### കെ. ആർ. മീര

## Learning Outcomes

- കെ. ആർ. മീരയുടെ സാഹിത്യലോകത്തെ പരിചയപ്പെടുന്നു
- മലയാളത്തിലെ സ്ത്രീപക്ഷ നോവലുകളുടെ രാഷ്ട്രീയം ചർച്ച ചെയ്യുന്നു
- 'ആരാച്ചാർ' എന്ന നോവലിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ മനസ്സിലാക്കുന്നു
- ലിംഗപദവിയെയും അധികാരത്തെയും കുറിച്ച് ധാരണ നേടുന്നു

## Background

വൈചിത്ര്യമുള്ള പ്രമേയവും അതിനുചിതമായ രൂപശില്പവും മെനയുന്നതിൽ പ്രത്യേക കരകൗശലം പുലർത്തുന്ന നോവലിസ്റ്റാണ് കെ. ആർ. മീര. അകന്നു നിന്ന് നിസ്സംഗമായി രംഗങ്ങൾ അവതരിപ്പിക്കുന്ന സമീപനമാണ് കെ. ആർ. മീരയുടേത്. നിസ്സംഗതയോടു കൂടി പ്രമേയം സ്വീകരിക്കുകയും അതിനുചിതമായ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ട് ആദിമധ്യാന്തഭംഗിയോടു കൂടെ ഇതിവൃത്തം അവതരിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് അവർ സ്വീകരിക്കുന്നത്.

കെ. ആർ. മീര 1970 ഫെബ്രുവരി 19 ന് കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം നേടിയ മീര പത്രപ്രവർത്തകയായിരുന്നു. പിന്നീട് ജോലിയിൽ നിന്നും രാജിവച്ചു സ്വതന്ത്ര പത്രപ്രവർത്തകയും മുഴുവൻ സമയ എഴുത്തുകാരിയുമായി മാറി. 'ആവേ മരിയ' എന്ന ചെറുകഥക്ക് 2009-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 'ആരാച്ചാർ' എന്ന നോവലിനു 2013-ലെ ഓടക്കുഴൽ പുരസ്കാരം , 2014-ലെ വയലാർ പുരസ്കാരം, 2013-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം, 2015 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

വിചിത്രമായ പ്രമേയം സ്വീകരിച്ചുകൊണ്ട് ആ പ്രമേയത്തിന്റെ നാനാവശങ്ങളേയും അത്യന്തം ഹൃദ്യമായി അവതരിപ്പിക്കുന്ന നോവലാണ് 'ആരാച്ചാർ'. അത്യന്തം വികാരസ്പർശിയായ ഒരു വിഷയമാണിതിലെ പ്രതിപാദ്യം. സമകാലികവും സാർവകാലികവുമായ പ്രമേയത്തിന്റെ സാംഗത്യം 'ആരാച്ചാരി'ൽ ദർശിക്കാം. ഇന്ദ്രിയവേദ്യതയാണ് നോവൽ വായനയുടെ ഒരു പ്രധാനഘടകം. പഞ്ചേന്ദ്രവേദ്യമായ ലോകം അനുഭവിപ്പിക്കാൻ കെ. ആർ. മീരയുടെ നോവലുകൾക്ക് കഴിയുന്നുണ്ട്. പ്രത്യേകിച്ച് 'ആരാച്ചാരി'ൽ അത് ഏറി നിൽക്കുന്നു. ധാരാളം കഥാപാത്രങ്ങളും സംഭവങ്ങളും നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. 552 അധ്യായങ്ങളിലൂടെ അനേകം ഉപകഥകളും ഇതിൽ നിബന്ധിച്ചിട്ടുണ്ട്. കുടുംബം, ഭരണകൂടം, ശരീരം, മരണം, രതി, പ്രണയം, ദാമ്പത്യം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന നോവലാണ് 'ആരാച്ചാർ'. ചരിത്രകഥനവും ഓർമ്മയുടെ ആഖ്യാനവും ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. ദേശകാല പശ്ചാത്തലവും നോവലിൽ സജീവമാണ്.

ബംഗാൾ പശ്ചാത്തലമാക്കിയ ഈ നോവൽ, പാരമ്പര്യമായി ആരാച്ചാർ സ്ഥാനം വഹിച്ചു

വരുന്ന ഒരു കുടുംബത്തിന്റെ കഥ പറയുന്നു. നോവലിലെ കേന്ദ്ര കഥാപാത്രമായ ചേതന, തന്റെ പരമ്പരാഗത തൊഴിൽ സ്വായത്തമാക്കാനായി തീവ്രപ്രയത്നം ചെയ്യുന്ന, അഥവാ ചെയ്യാൻ വിധിക്കപ്പെട്ട ശക്തയായ ഒരു സ്ത്രീയാണ്. ഏതാണ്ട് 440 ബി. സി. വരെ നീണ്ടുകിടക്കുന്ന ചേതനയുടെ കുടുംബത്തിന്റെ തൊഴിൽ ചരിത്രമാണ് നോവലിന്റെ കേന്ദ്രപ്രമേയം.

## Keythemes

- ആരാച്ചാർ എന്ന ജോലി കുലത്തൊഴിലായി ചെയ്തു വരുന്ന ഒരു കുടംബത്തിലെ കണ്ണിയായി ആ തൊഴിൽ ചെയ്യാൻ തയ്യാറാകുന്ന പെൺകുട്ടിയുടെ ജീവിതം
- വധശിക്ഷ, ആരാച്ചാർ എന്നീ പരികല്പനകളുടെ നീതിസാരം
- സ്ത്രീപക്ഷ ചിന്തയും പെണ്ണിടങ്ങളുടെ നിർമ്മിതിയും

## Discussion

### 3.3.1 ഇതിവൃത്തസംഗ്രഹം

ബംഗാളിന്റെ പശ്ചാത്തലത്തിൽ ഗംഗാനദീതീരത്താണ് 'ആരാച്ചാർ' നോവലിന്റെ പ്രമേയം വികസിക്കുന്നത്. ആരാച്ചാർ എന്ന ജോലി കുലത്തൊഴിലായി ചെയ്തു വരുന്ന ഒരു കുടുംബത്തിലെ കണ്ണിയായി ആ തൊഴിൽ ചെയ്യാൻ തയ്യാറാകുന്ന പെൺകുട്ടിയുടെ ജീവിതമാണ് ഇതിലെ പശ്ചാത്തലം. ഫണിഭൂഷൺ ഗൃദ്ധാമല്ലിക്കാണ് ആരാച്ചാർ കുടുംബത്തിലെ കാരണവർ. ഫണിഭൂഷൺ ഗൃദ്ധാമല്ലിക്കിന്റെ മകളാണ് ചേതനഗൃദ്ധാമല്ലിക്. ജീവിത പ്രതിസന്ധിയിൽ അവൾ കണ്ടെത്തിയ അവളുടെ പ്രതിരോധമാർഗ്ഗമാണ് ഷാൾ കൊണ്ട് കഴുത്തിൽ കുടുക്കിടുകയെന്നത്. ചേതനയ്ക്ക് കുടുക്ക് ഒരു ആയുധവും പ്രലോഭനവുമാണ്. പ്രൂഫ് വായിക്കുവാൻ പോയിരുന്ന പ്രസ്സിന്റെ ഉടമയായ മാരുതിപ്രസാദ് യാദവ് അവളെ കടന്നു പിടിക്കാൻ ശ്രമിച്ചപ്പോൾ അവൾ അയാളുടെ കഴുത്തിൽ ദുപ്പട്ട കൊണ്ട് കുടുക്കുണ്ടാക്കി ഇടുന്നു. കുടുക്കു വലിച്ചു മുറുക്കുമ്പോൾ അയാൾ ശ്വാസം മുട്ടിപിടയുന്നുണ്ട്. ഗർഭപാത്രത്തിൽ വെച്ചു തന്നെ ചേതന, കുരുക്കുകൾ മുറുക്കാൻ പഠിച്ചിരുന്നു എന്ന് നോവലിസ്റ്റ് പറയുന്നു. സാധാരണക്കാരിയായ ചേതനഗൃദ്ധാമല്ലിക് ഒരു മെയ് 18 ന് അസാധാരണത്വമുള്ള വ്യക്തിയായി മാറുന്നിടത്താണ് നോവൽ ആരംഭിക്കുന്നത്. ഇനിയൊരു വധശിക്ഷ നടപ്പിലാക്കണമെങ്കിൽ സഹ ആരാച്ചാർ വേണമെന്ന ആവശ്യം ഫണിഭൂഷൺ ഭരണകൂടത്തോട് ആവശ്യപ്പെടുന്നിടത്താണ് സ്ഥിതിഗതികൾ മാറി മറിയുന്നത്. അയാൾ സഹ ആരാച്ചാർ സ്ഥാനവും തന്റെ കുടുംബത്തിൽനിന്നായിരിക്കണം എന്ന് ആഗ്രഹിക്കുന്നു. ഇതിനോടുള്ള ഭരണകൂടത്തിന്റെ പ്രതികരണം എങ്ങനെയായിരിക്കും എന്ന വസ്തുത ചികഞ്ഞെടുക്കാനാണ് പത്ര-ദൃശ്യമാധ്യമങ്ങൾ ഫണിഭൂഷന്റെ കുടുംബത്തെ തേടിയെത്തുന്നത്. സഹ ആരാച്ചാർ

- ഗൃദ്ധ മല്ലിക്കിന്റെ കുടുംബ പശ്ചാത്തലവും ആരാച്ചാർ സ്ഥാനവും

സ്ഥാനം ഫണിഭൂഷണിന്റെ മകളായ ചേതനയ്ക്കാണ്. നോവലിൽ തന്റെ മകൾക്ക് സ്ഥിരമായ ഒരു ജോലി വേണമെന്ന ആവശ്യത്തിലുറച്ചു നിന്ന ഫണിഭൂഷൻ തനിക്കു കൈവന്ന വാർത്താമൂല്യത്തെക്കുറിച്ച് തികച്ചും ബോധവാനാണ്.

ക്യാമറയുമായി വരുന്ന സഞ്ജീവ്കുമാർ മിത്രയോട് തോന്നുന്ന പ്രണയം അധീശത്വമായും പീഡനമായും തിരികെ ലഭിച്ച ചേതനയിൽ പുരുഷാധീശലോകത്തോടുള്ള കലഹം വളരുന്നു. ശരീരത്തിൽ ബലപ്രയോഗം നടത്താൻ ശ്രമിച്ച സഞ്ജീവ്കുമാർ മിത്രയോട് അവൾക്ക് വെറുപ്പുണ്ടായിരുന്നു. ഹിംസയ്ക്കതീതമായ ഒരു ജീവിതസ്ഥലം രൂപപ്പെടുത്താനുള്ള വ്യഗ്രത ചേതനയിൽ നിറഞ്ഞു. ഇതിനിടയിൽ അവളുടെ ജീവിതത്തെ ഒന്നാകെ പരിവർത്തിപ്പിച്ച് ആരാച്ചാർ നിയമനം ലഭിക്കുന്നു. ലോകത്തിലെ ആദ്യ വനിതാആരാച്ചാർ എന്ന വാർത്താമൂല്യവും തദനുബന്ധമായ അനുഭവങ്ങളും അവളെ ഒരു കച്ചവടച്ചരക്കാക്കി മാറ്റി. കച്ചവടച്ചരക്ക് എന്ന അവസ്ഥയോടുള്ള ചേതനയുടെ കലാപം ചരിത്രവത്ക്കരണത്തിലൂടെയായിരുന്നു. ഈ ചരിത്രാഖ്യാനത്തിൽ പിംഗളകേശിനി, നീഹാരിക, ഉൽപ്പലപ്പർണ തുടങ്ങിയ സ്ത്രീസാക്ഷ്യങ്ങൾ ഉയർന്നു വരുന്നു.

- ലോകത്തിലെ ആദ്യവനിതാ ആരാച്ചാർ എന്ന വാർത്താമൂല്യം

## 3.3.2 കഥാപാത്ര വിശകലനം

## ചേതന

“യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹർജ്ജി ഗവർണർ തള്ളിയെന്ന വാർത്ത ടി.വിയിൽ ആദ്യം കേട്ടപ്പോൾ ഗംഗാതീരത്തെ ശ്മശാനത്തിലേക്കു നീളുന്ന സ്ട്രാൻഡ് റോഡിൽ ഒരു ബാർബർഷാപ്പും ചെറിയൊരു കോവിലും ചെറിയ മൺകാപ്പികൾ നിരത്തിവെച്ച ചായക്കടയും ചേർന്ന ഞങ്ങളുടെ വീടിനു മുന്നിലൂടെ നീംതല ഘാട്ടിലേക്കുള്ള അന്നത്തെ ആദ്യ ശവവണ്ടി കടന്നുപോയിട്ടേയുണ്ടായിരുന്നുള്ളൂ” എന്ന വാചകത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. കൊൽക്കത്താ നഗരത്തിന്റെ ചരിത്ര വഴികൾക്കും എത്രയോ മുൻപു തന്നെ തങ്ങൾ ഇവിടെയാണ് അധിവസിച്ചിരുന്നത് എന്ന് പറഞ്ഞുകൊണ്ടാണ് ഗൃദ്ധാമല്ലിക്കിന്റെ കുടുംബ ചരിത്രത്തിലേയ്ക്ക് വായനക്കാരെ ക്ഷണിക്കുന്നത്. “നീംതല ഘാട്ട് തെരുവിലൂടെ സ്ട്രാൻഡ് റോഡ് കയറിയാൽ, എല്ലാവരും ഒടുവിലെത്തിച്ചേരുന്ന ഗംഗാതീരത്തെ നീംതല ഘാട്ട് എന്ന പുരാതന ശ്മശാനം. സ്ട്രാൻഡ് റോഡിൽ നിന്ന് ശ്മശാനത്തിലേക്കുള്ള ഇടവഴി തിരിയുന്നിടത്തെ മുക്കാലി ജങ്ഷനിലായിരുന്നു, വടക്കോട്ടു ചായപ്പീടികയും കിഴക്കോട്ടു സലൂണും കോവിലുമുള്ള ഞങ്ങളുടെ ആവാസവ്യവസ്ഥ. രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ ഞങ്ങളുടെ വീടിനുമുന്നിലൂടെ വിലാപയാത്രക്കാരും ചുമട്ടുകാരും ക്ഷുരകന്മാരും ചെരിപ്പുകുത്തികളും ചെവിത്തോണ്ടിക്കാരും കച്ചവടക്കാരും പിച്ചക്കാരുമൊക്കെ തിക്കിത്തിരക്കി നീംതല ഘാട്ടിലേക്ക് ഒഴുകി. മോട്ടോർ വണ്ടികളും ഉന്തുവണ്ടികളും കുതിരവണ്ടികളും വഴിയോരക്ഷേത്രങ്ങളിലെ മണിയൊച്ചകളും ബലിമൃഗങ്ങളുടെ കരച്ചിലും സർക്കുലാർ ട്രെയിനുകളെക്കാൾ ശബ്ദമുണ്ടാക്കി”. മരണത്തിന്റെ ഗന്ധം പരക്കുന്ന വഴിയിലാണ് ചേതനയുടെ വീട്. നായികയായ ചേതന തന്റെ ജീവിത കഥ പറഞ്ഞു

- നീംതല ഘാട്ട് എന്ന പുരാതന ശ്മശാനത്തിനടുത്തുള്ള വീട്
- ആരാച്ചാർ കുടുംബം

തരുന്ന (ഉത്തമ പുരുഷ ആഖ്യാനം) നിലയിലാണ് നോവൽ ആരംഭിക്കുന്നത്.

▶ ചേതനയുടെ ജന്മ ചരിത്രം

ചേതനയുടെ അച്ഛമ്മയായ ഥാക്കുമയും അമ്മയായ സച്ചിൻമയീ ദേവിയും തമ്മിൽ നടക്കുന്ന ചെറിയ വഴക്കിൽ നിന്നാണ് ചേതനയുടെ ജന്മചരിത്രം അവളുടെ കുടുംബ ചരിത്രത്തോട് എത്രമാത്രം ഇഴ ചേർന്നിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. വളരെ ചെറുപ്പത്തിൽ തന്നെ അവൾ കുരുക്കുകൾ മുറുക്കാൻ പഠിച്ചിരുന്നു. അതിനെ സൂചിപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ നോവലിലുണ്ട്.

▶ അയൽപക്കത്തെ ഒരു ചെറിയ കുട്ടിയിൽ കുരുക്കിടുന്നു

"ഇരുപത്തിമൂന്നു വർഷം മുമ്പ്, ഏഴു പേരെ കൊന്ന ഒരു പരമ്പരക്കൊലയാളിയെ തൂക്കിലേറ്റി തിരിച്ചുവന്ന ദിവസം അച്ഛൻ എന്നെ ജനിപ്പിച്ച കഥയാണ് അമ്മ സൂചിപ്പിച്ചത്. പുലർച്ച ജോലി തീർത്തതു മുതൽ കുടിച്ചു കുടിച്ച് ബോധംകെട്ടനിലയിൽ അച്ഛൻ നട്ടുച്ചക്ക് പച്ചക്കറി വാങ്ങിക്കൊണ്ടുനിന്ന അമ്മയെ കയറിപ്പിടിച്ച് ചന്തയിൽ വച്ചു തന്നെ പ്രാപിക്കാൻ ശ്രമിച്ചു. അച്ഛന് അന്ന് അറുപത്തഞ്ചു വയസ്സായിരുന്നു. നാൽപത്തിനാലാം വയസ്സിൽ അമ്മ എന്നെ പ്രസവിച്ചു. അതിനുശേഷം അച്ഛനു രണ്ടു പ്രാവശ്യം കൂടിയേ ജോലി ലഭിച്ചുള്ളൂ. പക്ഷേ, അഞ്ചു വയസ്സു തികയും മുമ്പുതന്നെ കയറിൽ കുടുക്കിടുന്ന വിധം ഞാൻ കണ്ടുപഠിച്ചു. അതെങ്ങനെയാണ് കഴുത്തിലിടേണ്ടതെന്ന് അയൽപക്കത്തെ ഒരു ചെറിയ കുട്ടിയിൽ പരീക്ഷിക്കുകയും ചെയ്തു".

മറ്റൊരു സന്ദർഭവും നോവലിൽ വിവരിക്കുന്നുണ്ട്. "ജോഡി തോർഡാക് പുനെ കെവു ന അഷ തൊ ഏക്ലാ ചലോ ... എന്ന ഭാഗത്തിലെ തെറ്റു തിരുത്തുമ്പോൾ പിന്നിൽ നിന്ന് രണ്ടു കരങ്ങൾ എന്റെ കക്ഷങ്ങളിലൂടെ മാറിടങ്ങളിലേക്കു പടർന്നു. മൂക്കിൽ രൂക്ഷമായ പാൻ നാറ്റവും വിയർപ്പുനാറ്റവും അടിച്ചുകയറിയതുകൊണ്ട് തിരിഞ്ഞുനോക്കാതെ തന്നെ അതു മാരുതിപ്രസാദ് ആണെന്ന് എനിക്കു മനസ്സിലായി. ഞാൻ സാവധാനം തിരിഞ്ഞ് അയാളുടെ കണ്ണുകളിലേക്കു നോക്കി. ഭയത്തിനും പരിഭ്രമത്തിനും പകരം എനിക്ക് ചിരിയാണ് വന്നത്. അസാമാന്യമായ പൊക്കവും പുഷ്ടമായ ശരീരവും മുഴച്ചുരുണ്ട കണ്ണുകളുമുണ്ട്. എഴുന്നേറ്റുനിന്നപ്പോൾ അയാൾക്ക് എന്നെക്കാൾ രണ്ടിഞ്ചു കുറവായിത്തോന്നി. ഞാൻ ദുപ്പട്ട സാവധാനം മാറിൽ നിന്നെടുത്തു. അയാൾ എന്റെ മാറിടത്തിലേക്ക് ആർത്തിയോടെ നോക്കി. കണ്ണിമ വെട്ടുംമുമ്പേ ഞാനൊരു കുടുക്കുണ്ടാക്കി, ചിരിച്ചുകൊണ്ട്, വരണമാല്യം പോലെ അയാളുടെ കഴുത്തിൽ അണിയിച്ചു. അയാൾ എന്നെ ചേർത്തുപിടിക്കും മുമ്പേ, ഞാൻ കുടുക്കു വലിച്ചു മുറുക്കി ദുപ്പട്ടയുടെ മറ്റേ അറ്റം ജനാലയഴികളിലൊന്നിലൂടെ കടത്തി. ബലമായി അയാളുടെ വായ പിളർന്നു. കണ്ണുകൾ തുറിച്ചു. പുറത്തുചാടിയ നാവിൽനിന്നു പാൻ ചുവന്ന ചോരപോലെ ഒഴുകി. അയാൾ ശക്തിയോടെ കുതറി. കൃഷ്ണമണികൾ പുറത്തേക്കുന്തി. നാവ് താടിയോളം നീണ്ടു. അത്രയുമായപ്പോൾ ഞാൻ സാവധാനം പിടി അയച്ചു. അയാൾ കിതച്ചു കൊണ്ട് താഴേക്കു വീണു. അയാളുടെ ബോധം നശിച്ചിരുന്നു. അയാളെ താങ്ങി ഭിത്തിയിലിരുത്തിയപ്പോൾ എനിക്ക് അച്ഛനെ ഓർമവന്നു. പത്രക്കാരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു

കഴിയുമ്പോഴൊക്കെ അച്ഛൻ ചോദിക്കാറുള്ള ഒരു ചോദ്യമുണ്ടായിരുന്നു. 'ഡയലോഗ് റൈറ്റ് ഹൈ, ന'. എനിക്കും ഒരു ഡയലോഗ് പറയണമെന്നു തോന്നി. അതുകൊണ്ട് ഞാൻ അയാളോടു പറഞ്ഞു: 'തൂക്കുകയർ പശുവിനെ കെട്ടാനുള്ളതല്ല'. അയാൾ മയങ്ങിപ്പോകുന്ന കണ്ണുകൾ മിഴിച്ച് എന്നെ നോക്കി. ശക്തിയില്ലാതെ അയാളുടെ കണ്ണുകൾ വീണ്ടും അടഞ്ഞു. അപ്പോൾ എനിക്ക് ഒരു ഡയലോഗ് കൂടി പറയണമെന്നു തോന്നി. അയാളുടെ കഴുത്തിൽ നിന്ന് കുടുക്കഴിച്ച് കുടഞ്ഞ് വീണ്ടും ദുപ്പട്ടയാക്കി മാറ്റിക്കൊണ്ട് അതും ഞാൻ പറഞ്ഞു കൊടുത്തു. കോഴിയെ കൊല്ലാൻ ആരാച്ചാരുടെ ആവശ്യമില്ല".

- മാരുതി പ്രസാദിന്റെ കഴുത്തിൽ മുറുകുന്ന കുരുക്ക്

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട യതീന്ദ്രനാഥ് എന്ന കുറ്റവാളിയുടെ ദയാഹർജ്ജി തള്ളിയെന്ന വാർത്ത വരുന്ന ദിവസമാണ് ചേതനയുടെ സാധാരണജീവിതം മാറിമറിയുന്നത്. ഫണിഭൂഷന്റെ ആവശ്യത്തോട് ഭരണകൂടം എങ്ങനെ പ്രതികരിക്കുമെന്ന ആകാംക്ഷ പങ്കിടുവാനാണ് വാർത്താമാധ്യമങ്ങൾ ആ കുടുംബത്തെ തേടി എത്തുന്നത്. ആ നിലയിൽ അവളുടെ ജീവിതത്തിലേയ്ക്ക് കടന്നുവന്ന സഞ്ജീവ്കുമാർ മിത്ര അവളുടെ ജീവിതത്തിൽ വഴിത്തിരിവുകൾ സൃഷ്ടിക്കാൻ കാരണമാകുന്നു. സഞ്ജീവ്കുമാറിന്റെ പ്രണയത്തെ സംശയത്തോടെ നോക്കാൻ അവൾക്ക് കഴിയുന്നുണ്ട്. സഞ്ജീവ്കുമാർ മിത്രയുടെ പ്രണയത്തിൽ അവളുടെ കുടുംബം ഒന്നടങ്കം ആകർഷിതരാകുമ്പോഴും അയാൾക്ക് തന്നോട് യാതൊരു സ്നേഹവുമില്ലെന്ന് ചേതന പറയുന്നു. അയാൾക്ക് താൻ ഒരു മാധ്യമ വസ്തു മാത്രമാണെന്ന തിരിച്ചറിവിൽ ചേതന എത്തിച്ചേരുന്നതോടെ നോവൽ അതിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കുന്നു. യഥാർത്ഥത്തിലുള്ള അല്ലെങ്കിൽ ഉണ്ടായിരിക്കാൻ സാധ്യതയുള്ള ഒരു ചേതനയും മാധ്യമവൽക്കരിക്കപ്പെട്ട ചേതനയും തമ്മിലുള്ള സംഘർഷമാണ് ഒരു ഘട്ടം കഴിഞ്ഞാൽ നോവലിനെ പുതിയൊരു വിതാനത്തിലേക്ക് കൊണ്ടുപോകുന്നത്. അഭിനയിക്കാൻ അസറിലേക്ക് കയറുന്ന നേരത്ത് കഴുത്തിൽ ഒരു കുടുക്ക് മുറുകുന്ന അനുഭവത്തെക്കുറിച്ച് ഫണിഭൂഷൻ ഗൃദ്ധാമല്ലിക്, സഞ്ജീവ്കുമാർ മിത്രയോടും പറയുന്നുണ്ട്. ചേതനാ ഗൃദ്ധാമല്ലിക്കും സഞ്ജീവ് കുമാർ മിത്രയും തമ്മിലുള്ള ബന്ധം പകയും സ്നേഹവും വെറുപ്പും കാമവും കരാറും കടമയും കണക്കുപറച്ചിലും കരുതിവെക്കലും എല്ലാം ചേർന്ന് ആകെ കുഴഞ്ഞുമറിഞ്ഞ ഒന്നാണ്. പുതിയ കാലത്തെ വ്യക്തിയും മാധ്യമവൽക്കരിക്കപ്പെട്ട ജീവിതാവസ്ഥയും തമ്മിലുള്ള കെട്ടുപിണഞ്ഞ ബന്ധം. അഴിക്കാൻ ശ്രമിക്കുന്തോറും മുറുകുന്ന ആ കുരുക്കാണ് ഈ നോവലിനെ ഇതുവരെയുള്ള നോവൽ വായനകളിൽ നിന്ന് വേറിട്ട ഒരനുഭവമായും അറിവായും മാറ്റുന്നത്.

- ആരാച്ചാർ സ്ഥാനം
- മാധ്യമവത്ക്കരിക്കപ്പെട്ട ജീവിതം

## സച്ചിൻമയീ ദേവി

ചേതനയുടെ അമ്മയാണ് സച്ചിൻമയീ ദേവി. ജീവിത സാഹചര്യങ്ങൾക്കുള്ളിൽപ്പെട്ട് ഏറെ കഷ്ടപ്പെടുന്ന സ്ത്രീയാണവർ. അവർ ആഗ്രഹിച്ചതു പോലെ ഒരു ജീവിതമായിരുന്നില്ല അവർക്ക് ലഭിച്ചത്. സഹിഷ്ണുത കൊണ്ട് ജീവിത സാഹചര്യങ്ങളെ അതിജീവിക്കാൻ അവർ നിരന്തരം ശ്രമിച്ചു കൊണ്ടിരുന്നു. യാഥാർത്ഥ്യ ബോധത്തോടു കൂടി ജീവിതത്തെ സമീപിക്കുന്ന സ്ത്രീയാണവർ. ചരിത്രത്തിൽ വേ

രുകളാഴ്ത്തി ജീവിക്കുന്ന ഒരമ്മക്കും മകനുമിടയിൽ ജീവിക്കുമ്പോൾ വർത്തമാനകാല സംഘർഷങ്ങൾ അവരെ ഭ്രാന്തുപിടിപ്പിക്കുന്നു. വികലാംഗനായ മകനും വിവാഹപ്രായം തികഞ്ഞ മകളും അമ്മ എന്ന നിലയിലെ അവരുടെ ആകുലതകളെ വർദ്ധിപ്പിക്കുന്നു. കുടുംബത്തിലുള്ളവരെ പോറ്റാനായി ചായക്കട നടത്തുന്ന ഒരു സാധാരണ സ്ത്രീയാണവർ. ഭാവനയോടോ ചരിത്രത്തോടോ അല്ല, യാഥാർഥ്യങ്ങളോടാണവർ ഏറ്റുമുട്ടുന്നത്. മകൾക്കു വന്ന സഞ്ജീവ് കുമാർ മിത്രയുടെ വിവാഹവാഗ്ദാനത്തെ അവർ പ്രതീക്ഷയോടെയാണ് നോക്കുന്നത്. മകളെങ്കിലും ഈ നിലവറക്കുഴിയിൽ നിന്ന് രക്ഷപ്പെടണം എന്ന ആഗ്രഹംകൊണ്ടാണ് അവർ അതിൽ സന്തോഷം കണ്ടെത്തുന്നത്. നോവലിൽ ഉടനീളം ഗൃദ്ധാമല്ലിക്കിനോടും ഥാക്കുമയോടും അവർ കലഹിക്കുന്നുണ്ട്. നോവലിന്റെ ആരംഭത്തിൽ തന്നെ നമുക്കത് കാണാം.

- യാഥാർത്ഥ്യത്തിൽ ജീവിക്കുന്ന സ്ത്രീ

"അമ്മയുടെ ഗർഭപാത്രത്തിൽത്തന്നെ ഞരമ്പുകളാൽ കൂട്ടിക്കെട്ടി കിടക്കുകയായിരുന്നു ഞാൻ. ഡോക്ടർമാർ അമ്മയുടെ വയറുകീറിയാണ് എന്നെ പുറത്തെടുത്തത്. ഭ്രൂണാവസ്ഥയിൽ പോലും ഞാനുണ്ടാക്കിയത് ലക്ഷണമൊത്ത ഒരു കുടുക്കുതന്നെയായിരുന്നു എന്ന് ഥാക്കുമാ വീമ്പിളക്കി". അതുകേട്ടപ്പോഴൊക്കെ എന്റെ അമ്മ വെളുത്തുമെലിഞ്ഞ് നരച്ച മുടിയിൽ സിന്ദൂരം വാരിത്തൂവിയ സച്ചിൻമയീ ദേവി, വഴക്കിനു തുടക്കമിട്ടു.

"തന്തക്കു പിറന്നതല്ലേ? അവളതു സ്വന്തം കഴുത്തിൽത്തന്നെയിടുകയും ചെയ്തു. എടീ, ഗൃദ്ധാ മല്ലിക്കിന്റെ വിലയെന്താണെന്നു നീ ഈ നാട്ടിലെ സർക്കാറിനോടുപോയി ചോദിക്ക്" എന്ന് ഥാക്കുമാ വെല്ലുവിളിച്ചു. അപ്പോൾ, മെലിഞ്ഞ് ഉണങ്ങിയ ഉയർന്ന മൂക്കും കുഴിഞ്ഞുതാണ കണ്ണുകളുമുള്ള മാ പതിവുപോലെ തന്റെ തുറുപ്പുശീട്ട് പുറത്തെടുത്തു.

"വിലയെന്താണെന്ന് സോനാഗാച്ചിയിലെ മറ്റവളുമാരോടു ചോദിക്ക്... അവളുമാരൊന്നും പോരാഞ്ഞിട്ടാണല്ലോ, വയസ്സുകാലത്ത് എന്നെക്കൊണ്ട് പിന്നേം ഭാരം ചുമപ്പിച്ചത്.."

എപ്പോഴും അച്ഛനോടും ഥാക്കുമായോടും കലമ്പുന്ന ഒരു വ്യക്തിത്വത്തിൽനിന്ന് വ്യത്യസ്തമായ ഒരു ഭാവം അവരിൽ ചേതന കാണുന്നത് അവളുടെ സഹോദരൻ മരണത്തോട് മല്ലിട്ട് ആശുപത്രിയിൽ കിടക്കുന്ന സന്ദർഭത്തിലാണ്. അച്ഛനും തനിക്കും വളരെ പ്രായമായതിനാൽ തങ്ങളുടെ മരണശേഷം അവൾക്കുണ്ടാവുന്ന അനാഥത്വം ഭീകരമായിരിക്കും എന്ന് അവർ മകളെ ഓർമ്മപ്പെടുത്തുന്നു. തന്റെ മക്കളുടെ ഭാവിയെക്കുറിച്ചോർത്ത് അവർ വേദനിക്കുന്നു. കാക്കുവിനെയും കാക്കുമായേയും അവർക്ക് വിശ്വാസമില്ല. 'അവർ അവളെ ഇറച്ചിക്കാശിനു തൂക്കി വിൽക്കും' എന്ന പ്രസ്താവനയിലൂടെ ഒന്നിനോടും ആത്മാർഥയില്ലാത്ത അവരിരുവരുടെയും സ്വഭാവം തന്നെ വെളിപ്പെടുത്തുന്നു. വഞ്ചന നിറഞ്ഞ ജീവിത സാക്ഷ്യങ്ങൾക്കു മുൻപിൽ അവർക്ക് കണ്ണടയ്ക്കാനാകില്ല. സാമൂഹികവ്യവസ്ഥയുടെ മെരുക്കപ്പെടലുകൾക്ക് വിധേയയായി ജീവിക്കുന്ന സ്ത്രീയാണവർ.

- സച്ചിൻമയീ ദേവി മക്കളുടെ ഭാവി ഓർക്കുന്നു

"നിന്റെ തന്തക്ക് ഹൃദയമെന്നൊന്നു പണ്ടേയില്ല. അല്ലെങ്കിൽ ആകെയുള്ള ഒരു പെൺതരിയെ ഇങ്ങനെയൊരു ജോലിക്കുവിടുന്ന കാര്യം ചിന്തിക്കുമോ? കള്ളന്മാരും കൊലപാതകികളും നിറഞ്ഞ ജയിലിൽ പോകുക, അവരെ തൂക്കിക്കൊല്ലുക. പേടിയാകുകയില്ലേ മോളേ, നിനക്ക്? ഇതെന്താ കുട്ടിക്കളിയാണോ?" എന്ന് ചേതനയോട് അവർ ചോദിക്കുന്ന സന്ദർഭം നോവലിലുണ്ട്. മകളെ ആരാച്ചാർ ജോലിയ്ക്ക് വിടുന്നതിൽ അവർക്ക് യാതൊരു താത്പര്യവുമുണ്ടായിരുന്നില്ല.

സ്നേഹത്തിനും പരിഗണനയ്ക്കും അവർക്ക് അവരുടേതായ വ്യഖ്യാനങ്ങളുണ്ടായിരുന്നു. 'സഞ്ജീവ്കുമാർ മിത്രയ്ക്ക് തന്നോട് ഒരു തരിമ്പും സ്നേഹമില്ല' എന്ന ചേതനയുടെ വാക്കുകളെ അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. 'അയാൾക്ക് സ്നേഹമില്ലെങ്കിൽപ്പിന്നെ എന്തിനാണ് ഇത്രയധികം പണം മുടക്കിയത്' എന്നാണ് അവരുടെ എതിർവാദം. ഉപദേശരൂപേണ അവർ പറയുന്ന കാര്യങ്ങളത്രയും അവരുടെ അനുഭവത്തിൽ നിന്ന് രൂപപ്പെട്ടു വന്നവയാണെന്ന് കാണാം. എക്കാലത്തും പുരുഷവർഗ്ഗത്തിനോടും അവരുടെ സ്വഭാവങ്ങളോടും ചേർത്തുവെയ്ക്കാവുന്ന വാചകങ്ങളാണിവ. "ആരെങ്കിലും കാൽക്കൽ വീണ് യാചിക്കാനോ മൂന്നുനേരം പൂജനടത്താനോ ഇല്ലെങ്കിൽ അവൻമാർ വെറും കല്ലുകളാണ്" എന്ന് അവർ പറയുന്നുണ്ട്. സ്ത്രീയിലൂടെ മാത്രം പൂർത്തീകരിക്കപ്പെടുന്ന അസ്തിത്വമാണ് പുരുഷന്റേത് എന്ന് അവർ വീണ്ടും വീണ്ടും ഉറപ്പിക്കുന്നു. സഞ്ജീവ്കുമാർ മിത്രയെ വിവാഹം കഴിക്കാൻ ഉപദേശിക്കുന്ന ഈ അമ്മ ഒരുകാര്യം കൂടി പറയുന്നുണ്ട്. ഈ കുണ്ടുകിണറ്റിൽനിന്ന് രക്ഷപ്പെട്ട് പുറംലോകത്തെത്താനുള്ള ഒരു ഏണി എന്ന നിലയിൽ മാത്രം അവനെ കണക്കാക്കിയാൽ മതി. ഈ വാക്കുകൾ ചേതനയിൽ വലിയൊരു നടുക്കം സൃഷ്ടിക്കുന്നുണ്ട്. തന്റെ അമ്മയല്ല തന്നോട് സംസാരിക്കുന്നതെന്നു പോലും അവൾക്ക് തോന്നിപ്പോവുന്നു. സ്ട്രാൻഡ്റോഡിലെ നീംതല ഘാട്ടിലെ തന്റെ ദരിദ്രാവസ്ഥകളിൽ നിന്ന് അയാളുടെ അബിനാശ് കബിരാജ് റോഡിലെ അപ്പാർട്ട്മെന്റിലേക്കുള്ള ദൂരം തനിക്കൊരിക്കലും മറികടക്കാനാവുന്നതല്ല എന്ന തോന്നൽ ചേതനയുടെ ഉള്ളിലെവിടെയോ ഉണ്ടായിരുന്നു. ഏണി എന്ന ഒരൊറ്റ വാക്കിലൂടെ സച്ചിൻമയീ ദേവി ആ ദൂരത്തെ തുടച്ചു കളഞ്ഞു.

- സച്ചിൻമയീ ദേവിയുടെ മറ്റൊരു മുഖം

കഷ്ടത നിറഞ്ഞ അഭയാർത്ഥി ജീവിതത്തിൽ നിന്നുള്ള മോചനമായിരുന്നു അവർക്ക് വിവാഹം. ഭക്ഷണത്തിനുള്ള ഒരു ഉപാധിയായിരുന്നു അവർക്ക് ഗൃദ്ധാമല്ലിക്ക്. അതിനു വേണ്ടി പ്രണയത്തെ മനസ്സിൽ കൊന്നുകളയേണ്ട ഗതികേടുണ്ടായി എന്ന് സച്ചിൻമയീ ദേവി പറയുന്നുണ്ട്. 'മാ, ബാബായെ സ്നേഹിച്ചിട്ടില്ലേ' എന്ന ചോദ്യത്തിന് 'ഓട്ടവീണ ചിരട്ടപോലെ ഹൃദയമുള്ള ഒരാൾക്ക് സ്നേഹം നൽകിയിട്ട് എന്തു പ്രയോജനം' എന്ന മറു ചോദ്യമാണ് അവർ ചോദിക്കുന്നത്. പ്രയോജനമില്ലാത്ത സ്നേഹത്തെ ആരും വിലമതിക്കാറില്ല. അവരുടെ പരിശുദ്ധ സ്നേഹത്തെ വറ്റിച്ചു കളയാനാണ് ഗൃദ്ധാമല്ലിക് എന്നും ശ്രമിക്കുന്നതെന്ന് അവർ പറയുന്നുണ്ട്. പുരുഷൻമാർ എത്ര നിസ്സാരരും ഭീരുക്കളുമാണെന്ന് അവരുടെ നിസ്സംഗതകളിലൂടെ മനസ്സിലാകുന്നു. ഭർത്താവ് ഇരട്ടക്കൊലക്കേസിൽ പ്രതിയാവുമ്പോഴും

▶ സച്ചിൻമയീ ദേവിയുടെ ജീവിത വീക്ഷണം

മകൾ ആരാച്ചാരാവുമ്പോഴും അവർ പുലർത്തുന്നത് നിസ്സംഗതയാണ്. രാജ്യവിഭജനം, അഭയാർഥിജീവിതം, പുനരധിവാസം എന്നീ അവസ്ഥകളിലൂടെ കടന്നുപോകുന്ന അവരുടെ ഉള്ളിൽ കാലം തീർത്ത നിസ്സംഗത ശേഷിക്കുന്നു.

## ഗൃദ്ധാമല്ലിക്ക്

▶ ചേതനയുടെ അച്ഛൻ

പൂർവ്വകാല കുടുംബ ചരിത്രത്തിൽ അഭിരമിച്ചു ജീവിക്കുന്ന വ്യക്തിയാണ് ഗൃദ്ധാമല്ലിക്ക്. ചേതനയുടെ അച്ഛനാണ് അയാൾ. നാനൂറ്റി അൻപത്തിയൊന്നു പേരെ തൂക്കിലേറ്റിയ ഈ ആരാച്ചാർ തന്റെ വംശത്തിന്റെ, പ്രത്യേകിച്ചും പിതാമഹൻമാരുടെ ചരിത്രത്തിൽ അഭിരമിച്ചു ജീവിക്കുന്നു. കുടുംബത്തിലെ കാരണവരും അധികാരകേന്ദ്രവും ഇയാൾ തന്നെ. ഫണിഭൂഷൺ ഗൃദ്ധാമല്ലിക് ക്യാമറ കാണുമ്പോൾ പ്രകടമായും മറ്റൊരാളായി മാറുന്നുണ്ട്. ക്യാമറയ്ക്ക് മുന്നിലേക്ക് എത്തുന്നതുവരെ അയാൾ നീംതല ഘാട്ടിലെ അഴുക്കും പൊടിയും നിറഞ്ഞ, ഒരു തനി ബംഗാളി കിഴവൻ ചായക്കടക്കാരനാണ്.

▶ ആരാച്ചാർ സ്ഥാനം

യതീന്ദ്രനാഥ് ബാനർജിയുടെ വധശിക്ഷയുമായി ബന്ധപ്പെട്ട് ഗൃദ്ധാമല്ലിക് ഉന്നയിക്കുന്ന ആവശ്യങ്ങൾ പ്രസക്തമാണ്. “താൻ മുന്നോട്ടുവെച്ച ആവശ്യങ്ങൾ അംഗീകരിക്കാതെ ജോലി ചെയ്യാൻ തയാറല്ലെന്ന് ആരാച്ചാരായ ഫണിഭൂഷൺ ഗൃദ്ധാമല്ലിക് വ്യക്തമാക്കിയതോടെ യതീന്ദ്രനാഥിന്റെ തൂക്കിക്കൊല ഒരു വഴിത്തിരിവിലേക്കു നീങ്ങുകയാണ്. ഒരു ചെറുപ്പക്കാരൻ എന്റെ കണ്ണുകളിലേക്കു നോക്കി അറിയിച്ചു. പിന്നീട് ടി. വി. യിൽ അച്ഛന്റെ മുഖമാണ് തെളിഞ്ഞത്. വീർത്ത കവിളുകളിലൂടെ തൂങ്ങിക്കിടക്കുന്ന സമൃദ്ധമായ നരച്ച മീശ തടവി അച്ഛൻ വലതുകൈയിലെ ചൂണ്ടുവിരലിലും നടുവിരലിനുമിടയിൽ തൊടുത്തുവെച്ച കത്തിക്കാത്ത സിഗരറ്റുമായി സംസാരിച്ചുതുടങ്ങി”.

▶ തൊഴിലും ജീവിതവും

“1982ൽ ജബ്ബാർ സിങ്ങിനെ തൂക്കാൻ തീരുമാനിച്ച സമയത്ത് അവർ എനിക്ക് എഴുതിത്തന്നതാണ് എന്റെ മക്കൾക്ക് സർക്കാർ ജോലി. പക്ഷേ, പിന്നീട് എന്റെ മകൻ രാംദേവ് മല്ലിക്കിന് ഒരു അപകടം സംഭവിച്ചു. പിന്നീട്, അവർ ആ വാഗ്ദാനം സൗകര്യപൂർവം മറന്നുകളഞ്ഞു. അവന് എങ്ങനെയാണ് അപകടം സംഭവിച്ചത്? അത് ഗവൺമെന്റ് ഓർക്കേണ്ടതായിരുന്നു. ഞാൻ ഈ നാടിനുവേണ്ടി എന്റെ ജീവിതവും എന്റെ കുടുംബത്തിന്റെ ജീവിതവും ബലിയർപ്പിച്ചിരിക്കുകയാണ്. അപ്പോൾ ഗവൺമെന്റിന് എന്നോട് ഒരു കടപ്പാടില്ലേ? നിങ്ങളെന്താ വിചാരിച്ചിരിക്കുന്നത്? ഈ തൂക്കിക്കൊലയെന്നുവെച്ചാൽ അത് പിക്നിക് പോകുന്നതുപോലെയാണെന്നാണോ? നമ്മൾ കയറിടുന്നത് ഒരു കോഴിയുടെയോ പാമ്പിന്റേയോ കഴുത്തിലല്ല അനിയാ, ഒരു മനുഷ്യന്റെ കഴുത്തിലാണ്. നോക്ക്, നുള്ളി നോക്ക്, ഞാൻ ഇരുമ്പും കല്ലുമൊന്നുമല്ല. നിങ്ങളെപ്പോലെ ഒരു പച്ചമനുഷ്യനാണ്. എനിക്കും ഒരു കുടുംബമുണ്ട്, ഭാര്യയുണ്ട്, മക്കളുണ്ട്, കൊച്ചുമക്കളുണ്ട്. അവന്, ഞാൻ തൂക്കിക്കൊല്ലേണ്ട പ്രതിക്ക്, എന്റെ മകനാകാനുള്ള പ്രായം പോലുമില്ല. അവന്റെ ജീവിതം ഞാൻ അവസാനിപ്പിക്കുകയാണ്. എന്താ അത് ഈ സിഗരറ്റ് വലിക്കുന്നതുപോലെയാണോ?” എന്ന് അയാൾ ചോദിക്കുന്ന സന്ദർഭം ശ്രദ്ധേയമാണ്.

ഗൃദ്ധാമല്ലിക്ക് പറയുന്നു “എന്റെ മകൻ രാംദേവ്...1990ൽ ഞാൻ

തൂക്കിക്കൊന്ന അമർത്യഘോഷിന്റെ അച്ഛൻ വെട്ടിവീഴ്ത്തിയതാണ് എന്റെ മകനെ..". രാഷ്ട്രത്തിനു വേണ്ടി തന്റെ കുടുംബം നടത്തിയ ത്യാഗങ്ങളെക്കുറിച്ചും ആരാച്ചാർ ജോലിയിലെ പ്രയാസങ്ങളെക്കുറിച്ചും അയാൾ വാചാലനാകുകയും തങ്ങൾക്ക് ലഭിക്കേണ്ട നീതിക്കു വേണ്ടി സംസാരിക്കുകയും ചെയ്യുന്നു.

▶ മകനു സംഭവിച്ച അപകടം

## ഥാക്കുമ

പാരമ്പര്യത്തിന്റെ മഹത്വത്തിൽ ജീവിക്കുന്ന നൂറ് വയസ്സ് പ്രായമുള്ള ഒരു സ്ത്രീയാണ് ഥാക്കുമ. ആരാച്ചാർ എന്ന പദവിയിൽ അഭിമാനം കൊള്ളുന്ന ഇവർ യാഥാർഥ്യത്തിൽ നിന്ന് അകന്നാണ് ജീവിക്കുന്നതെന്ന് തോന്നാമെങ്കിലും, വാസ്തവം അങ്ങനെയല്ല. അവർ ഓരോ സന്ദർഭത്തിലും നൽകുന്ന ചില ഉപദേശങ്ങൾ ശ്രദ്ധാർഹങ്ങളാണ്. ആ വാചകങ്ങളിലൂടെ കടന്നുപോവുമ്പോൾ നൂറ് വയസ്സു കൊണ്ട് അവർ അനുഭവങ്ങളിലൂടെ ആർജിച്ച സമ്പത്തെന്താണെന്ന് വ്യക്തമാവും. 'വലിയആളുകളുടെ ഔദാര്യം വാങ്ങരുത്. അവരുടെ കൊള്ളരുതായ്മകൾക്ക് കൂട്ടു നിൽക്കേണ്ടിവരും'. 'ഒരു കൈപ്പിടി സ്നേഹമാണ് ഒരടുക്കു റൊട്ടിയേക്കാളും വലുത്' 'ഇടയ്ക്കൊക്കെ നിവർന്നു നിൽക്കണമെങ്കിൽ വളഞ്ഞുകൊടുക്കണമെന്നാണ് സ്ത്രീകൾ ആദ്യം പഠിക്കേണ്ട പാഠം'. 'വിഷമം മനസ്സിലടക്കുന്നവരാണെടീ നല്ല പെണ്ണുങ്ങൾ...'ഈ പറയുന്നതൊക്കെ പുരുഷാധിപത്യ ലോകത്തിന്റെ നീതിക്കനുസൃതമായ പാഠങ്ങളാണ്.

▶ പാരമ്പര്യത്തിന്റെ മഹത്വത്തിൽ ജീവിക്കുന്ന സ്ത്രീ

"ഓ... അതിനു മാത്രം എന്തു വിഷമമാണ് വീട്ടിലിരുന്ന് ഉണ്ടുറങ്ങിക്കഴിയുന്ന പെണ്ണുങ്ങൾക്ക്? കൊച്ചുങ്ങളെ പ്രസവിച്ചു വളർത്തുന്ന പാടൊഴിച്ചാൽ പെണ്ണിനെന്താ വിഷമം?'' ഥാക്കുമാ ഉറക്കെ ചിരിച്ചു.'ഥാക്കുമാക്ക് ഒരു വിഷമവും ഉണ്ടായിട്ടില്ലേ?'. 'വിഷമമൊക്കെ വിഷമമാകുന്നത് അത് വിഷമമാണെന്ന് നമ്മൾ വിചാരിക്കുമ്പഴാ..."

"ദാദു ഥാക്കുമായെ സ്നേഹിച്ചിരുന്നില്ലേ?"

'അന്നൊക്കെ സ്നേഹിക്കാൻ എവിടെയാണ് നേരം. എവിടെയാണ് സ്ഥലം? പകലു മുഴുവൻ ജോലിയെടുത്തു നടക്കും. രാത്രി വല്ല പാടും നടുവു ചായ്ക്കും' പുരുഷ നിർമ്മിതതമായ ലോകവീക്ഷണങ്ങൾ അവരുടെ ചിന്തയെ വലിയ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. കാലം അവരെ പല നിലയിൽ പരുവപ്പെടുത്തിയിരുന്നു. സ്നേഹം നിഷ്കളങ്കമായ ഒരു പദമല്ലെന്ന് അവർ തിരിച്ചറിയുന്നുണ്ട്. സാധാരണ മനുഷ്യരുടെ കൗതുകങ്ങളും വളർന്ന കാലഘട്ടത്തിന്റെ ശേഷിപ്പുകളും അവരിലുണ്ട്. കൊലപാതകങ്ങളോടും അതുമായി ബന്ധപ്പെട്ട വാർത്തകളോടും അവർക്ക് അതിയായ താത്പര്യമുണ്ടെന്നു കാണാം.

▶ ചേതനയിൽ ധൈര്യവും തന്റേടവും വളർത്തിയെടുത്തു

"സ്ത്രീയുടെ ശരീരം സംബന്ധിച്ച വാർത്തകൾ കേൾക്കാൻ ഥാക്കുമായും ആറോ ഏഴോ വയസ്സു മാത്രമുണ്ടായിരുന്ന ഞാനുമെല്ലാം വാതിൽക്കൽ തിക്കിത്തിരക്കിയിരുന്നു. തുരങ്കത്തിൽ കാണപ്പെട്ട സ്ത്രീയുടെ ശരീരം തിരിച്ചറിഞ്ഞില്ലെന്ന് പൊലീസ്. തുരങ്കത്തിൽ കണ്ട ശരീരം സൊനാഗച്ചിയിൽനിന്നു കാണാതായ വിജയമല്ലികയുടേതെന്ന് പൊലീസ്. തുരങ്കത്തിൽ കൊല്ലപ്പെട്ട സ്ത്രീയുടെ ഘാതകൻ ഉടനെ വലയിലാകുമെന്നു പൊലീസ്. എന്നിങ്ങനെ ഓരോ ദിവസ

വും ഞങ്ങൾക്ക് അദ്ദേഹം വാർത്തകൾ വായിച്ചുതന്നു".

ആരാച്ചാർ സ്ഥാനം തന്റേതു കൂടിയാണെന്ന് അവർ വിശ്വസിച്ചിരുന്നു. എല്ലാ മരണവും അവർക്ക് ഒരു പോലെയാണ്. ചരിത്രത്തിലെ അനേകം സ്ത്രീകളുടെ കഥകൾ പറഞ്ഞുകൊടുത്ത് ചേതനയിൽ ധൈര്യവും തന്റേടവും വളർത്തിയെടുക്കുന്നത് ഥാക്കുമായാണ്. അതിനിടയിൽ സ്വന്തം ഭർത്താവ് ഒരിക്കലും തന്നെ സ്നേഹിച്ചിരുന്നില്ല എന്ന ഒരോർമ്മ ഇടയ്ക്കിടെ അവരിൽ നിറയാറുണ്ട്. സഞ്ജീവ്കുമാർ മിത്ര എന്തൊക്കെ അഭ്യാസങ്ങൾ അവരുടെ മുന്നിൽ കാണിക്കുമ്പോഴും അയാളുമായുള്ള വിവാഹം അവൾക്കൊരു രക്ഷയല്ല എന്ന് ആ മുത്തശ്ശി വേഗം തിരിച്ചറിയുന്നു. ഒരു മകൻ മറ്റൊരു മകനെയും മരുമകളെയും കൊന്ന അവസരത്തിൽപ്പോലും അവർ കരയുന്നില്ല. അതിനെപ്പറ്റി കോപാകുലയായി പ്രതികരിക്കുന്ന മരുമകളോട് വളരെ തത്ത്വചിന്താപരമായി അവർ ഒരു ചോദ്യം ചോദിക്കുന്നു. "എല്ലാ മരണവും ഒന്നല്ലേ?, എല്ലാ ജീവിതവും ഒന്നല്ലേ?, മജിസ്ട്രേറ്റിന്റെ തൂവാല തറയിൽ വീഴാതെ ഒരുവനെ ആരാച്ചാർ കൊല്ലണമെങ്കിൽ അതിനുതക്കതായ കാരണമുണ്ടാവണം" എന്നുള്ള വാക്കുകൾ ഒക്കെ ഒരു നൂറ്റാണ്ടുകൊണ്ട് ലഭ്യമായ അനുഭവസമ്പത്തിൽ നിന്നുളവാകുന്നതാണ്.

- അനുഭവങ്ങളാണ് പാഠപുസ്തകം

## ധർമരാജ മല്ലിക്

ആരാച്ചാർ കുടുംബത്തിലെ ഏറ്റവും പേരെടുത്ത ആരാച്ചാരായിരുന്നു ധർമരാജ മല്ലിക്. അദ്ദേഹം അവരുടെ കുടുംബത്തിലെ പിതാമഹനായിരുന്നു. അദ്ദേഹത്തെ ആളുകൾ മോഷ് ഗൃദ്ധാ മല്ലിക് എന്നാണ് വിളിച്ചിരുന്നത്. കണ്ടാൽ ഒരു കാട്ടുപോത്തിന്റെ രൂപമായിരുന്നു അയാൾക്ക്. പക്ഷേ, അയാളോളം ദാനശീലമുള്ള മനുഷ്യർ അവരുടെ കുടുംബത്തിൽ ജീവിച്ചിരുന്നിട്ടില്ല. 'സ്വന്തം ജീവിതകാലത്ത് അഞ്ചു രാജവംശങ്ങളുടെ ഭരണകാലത്തിന് ദൃക്സാക്ഷിയായി അദ്ദേഹം. ഓരോ തൂക്കിക്കൊലക്കും അന്നും നല്ല തുക ലഭിച്ചിരുന്നു ആരാച്ചാർക്ക്. അതു മുഴുവൻ പാവപ്പെട്ടവർക്കും അനാഥർക്കും ദാനം ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ദിവസവും പുലർച്ചക്ക് പോയി ജോലി ചെയ്ത് തിരികെ വന്ന് കുളിച്ച് കുറിയിട്ട് മഹേശ്വരനും കാളിമാതാവിനും പൂജനടത്തി അദ്ദേഹം കൈക്കോട്ടുമായി പാടത്തേക്കുപോയി. വധശിക്ഷക്കു പുറപ്പെടുമ്പോൾ അദ്ദേഹം വധിക്കപ്പെടാൻ പോകുന്നവർക്കു വേണ്ടി ഹൃദയമുരുകി പ്രാർഥിച്ചു. നെറുകയിൽ ചുംബിച്ചു. പിന്നീട് പ്രതിയുടെ തലയിൽ കൈവെച്ച് മന്ത്രിച്ച് "മകനേ ഭയക്കരുത്" എന്ന് പറഞ്ഞു. ആരാച്ചാർ സ്ഥാനം തൊഴിൽ എന്നതിനെക്കാൾ അവരുടെ വംശപരമ്പരകളുടെ ചരിത്രമാണെന്ന് ധർമ്മരാജമല്ലിക്കിനെക്കുറിച്ചുള്ള കഥ ഓർമ്മിപ്പിക്കുന്നു".

- പേരെടുത്ത ആരാച്ചാർ
- ധർമ്മപ്രിയൻ

## സഞ്ജീവ്കുമാർ മിത്ര

ആരാച്ചാർ നോവലിലെ സഞ്ജീവ്കുമാർ മിത്ര എന്ന ടി. വി. ജേർണലിസ്റ്റ് നമ്മുടെ പരമ്പരാഗത ധാരണകളനുസരിച്ചുള്ള ഒരു ജേർണലിസ്റ്റല്ല. വാർത്തകൾ കണ്ടെടുക്കുകയോ അവതരിപ്പിക്കുകയോ അല്ല അയാൾ ചെയ്യുന്നത്. പുതിയ മാധ്യമ മുതലാളിത്തത്തിന്റെ ഉടലാണ്ടരൂപമാണ് അയാൾ. അത്രത്തോളം വിലപിടിച്ച ഒരു മാധ്യമവസ്

തുവാണ് ചേതന ഗൃദ്ധാമല്ലിക്ക് എന്ന് തിരിച്ചറിവുണ്ട് സഞ്ജീവിന്. ചേതന എന്ന വാർത്താമൂല്യത്തെ സ്വന്തമാക്കാനായി തന്റെ ജീവിതം പങ്കിട്ടുനൽകാൻ പോലും അയാൾ തയ്യാറാകുന്നു. അതിനിടെ സഞ്ജീവ്കുമാർ എന്ന വ്യക്തിയിലെ ആൺ കാമനകൾ ഇടയ്ക്കിടെ കുതറി വരികയും ചേതന എന്ന പെണ്ണിലേക്ക് ആഴ്ന്നു കയറാൻ വെമ്പുകയും ചെയ്യുന്നുണ്ട്. ആണധികാര ലോകത്തിന്റെ പ്രതിനിധിയാണ് സഞ്ജീവ്കുമാർ മിത്ര. അയാൾക്ക് എല്ലാം വിൽപ്പനാമൂല്യമുള്ള വസ്തുക്കൾ മാത്രമാണ്. പഴയ ധാരണകളിൽ നിന്നും സങ്കൽപ്പങ്ങളിൽ നിന്നും തങ്ങളുടെ പ്രേക്ഷകരെ പുതിയൊരു ലോകത്തിലേക്ക് കൊണ്ടു പോകാൻ വെമ്പുന്നവനുമാണ് സഞ്ജീവ്കുമാർ മിത്ര, ചേതനയുടെ പൈതൃകം വലിയൊരു കാഴ്ച വസ്തുവാണെന്ന ബോധ്യം സഞ്ജീവ്കുമാർ മിത്രയ്ക്കുണ്ട്. ആർക്കിയോളജിക്കൽ മൂല്യമുള്ള ഒന്നാന്തരമൊരു മ്യൂസിയം പീസ്. ചേതനയെയും ചേതനയുടെ തലമുറകളുമടങ്ങുന്ന പൈതൃകത്തിന്റെയും ദൃശ്യമൂല്യം മനസ്സിലാക്കി അതിനെ ഏറ്റവും തന്മയത്വമുള്ള കാഴ്ചവസ്തുവാക്കി മാറ്റാനാണ് സഞ്ജീവ്കുമാർ മിത്ര ശ്രമിക്കുന്നത്.

▶ കച്ചവടവത്ക്കരണം

വാർത്താമൂല്യത്തിനുവേണ്ടി ഏതറ്റംവരെയും അയാൾ സഞ്ചരിക്കും. പുതിയ കാലത്തിന്റെ പ്രതിനിധിയാണ് അയാൾ. ദൃശ്യമാധ്യമസംസ്കാരത്തിന്റെ പ്രതിനിധി. തൂക്കിക്കൊല അഭിനയിച്ചു കാട്ടി ബഹുജനത്തെ രസിപ്പിക്കാൻ ചാനലിനു വേണ്ടി സഞ്ജീവ്കുമാർ ചേതനയെ പ്രേരിപ്പിക്കുന്ന രംഗം നോവലിലുണ്ട്. 'പുള്ളി'യായി അഭിനയിക്കാൻ അവർ കണ്ടെത്തിയത് കൊല്ലപ്പെട്ടവന്റെ അനുജനെയും. "സ്ത്രീ ആരാച്ചാർ സ്വതന്ത്ര ഇന്ത്യക്ക് ഒരു വലിയ റോൾ മോഡലായിട്ടുണ്ടെന്നും'' "തൂക്കിക്കൊല അനുകരിച്ച് 11 കുട്ടികൾ മരിച്ചുവെന്നത് അതിനു തെളിവാണെന്നും ചൂണ്ടിക്കാണിക്കുന്നു ചാനലിന്റെ വക്താവ്. 'ന്യൂസി'നെ എന്റർടെയിൻമെന്റ് കൂടിയാക്കാൻ കഴിയുമെന്നു തെളിയിച്ച സഞ്ജീവ്കുമാർ വാഴ്ത്തപ്പെട്ടു. കൊല്ലപ്പെട്ടവന്റെ ദരിദ്രകുടുംബത്തിന് കടം തീർത്ത് മണ്ണു വീണ്ടെടുക്കാൻ വേണ്ടുന്ന പ്രലോഭനമാണ്" പണമെറിഞ്ഞു പണം കൊയ്യുന്ന ചാനൽ നൽകിയത്. അതിനെല്ലാം പിന്നിൽ സൂത്രധാരനായി നിൽക്കുന്നതും അയാൾ തന്നെ. സഞ്ജീവ് കുമാർ മിത്രയ്ക്ക് അയാളുടെ അമ്മയോട് വെറുപ്പാണ്. അവരുടെ സ്വാതന്ത്ര ജീവിതം അയാളെ അസ്വസ്ഥനാക്കുന്നുണ്ട്. സ്ത്രീകളെ കേവലം വിൽപ്പനവസ്തുക്കളായി കാണാനുള്ള ശ്രമത്തിന് അയാളുടെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്.

▶ തന്ത്രശാലിയായ ജേർണലിസ്റ്റ്

## പ്രൊതിമാ ഘോഷ്

'ഹാങ് വുമൻസ് ഡയറി' എന്ന ചാനൽ പരിപാടിയിൽ ചേതനയുടെ വീര്യം നഷ്ടപ്പെടുത്താനായി സഞ്ജീവ് കുമാർ മിത്ര ക്ഷണിച്ചു കൊണ്ടു വരുന്ന കഥാപാത്രമാണ് പ്രൊതിമാ ഘോഷ്. ചാനലിന്റെ അച്ചടക്കം, ജാഡ, സുഗന്ധപൂരിതമായ അന്തരീക്ഷം എല്ലാത്തിന്റെയും എതിർഭാവമായിരുന്നു അവർ. ഭർത്താവ് ജയിൽ ശിക്ഷക്കിടയിൽ മരിക്കുകയും ഏക മകൻ തൂക്കിലേറ്റപ്പെടുകയും ചെയ്ത ദുര്യോഗം അവരുടേതു മാത്രമായിരുന്നു. പക്ഷേ, മകന്റെ മേൽ വന്നുവീണ കൊലക്കുറ്റത്തിനു പിന്നിലെ യാഥാർഥ്യങ്ങൾ അവർ വെളിപ്പെടുത്തുന്നു. സഞ്ജീവ്കുമാർ മിത്രയുടെ ചാനൽ ജാഡകളൊന്നും അവരുടെ

▶ ഭർത്താവും ഏക മകനും നഷ്ടപ്പെട്ട സ്ത്രീ
▶ പ്രതിഫലം വാങ്ങുന്നില്ല

മുന്നിൽ വിലപ്പോവുന്നില്ല. ചാനലിൽ നിന്നു നൽകുന്ന പ്രതിഫലം പോലും അവർ വാങ്ങുന്നില്ല.

## കോകില ബാനർജി

ഒരു പെൺകുട്ടിയെ ബലാൽസംഗം ചെയ്ത് കൊന്നതിന്റെ പേരിൽ വധശിക്ഷ കാത്തുകഴിയുന്ന ഭർത്താവിന്റെ കേസുനടത്താനായി കഷ്ടപ്പെടുന്ന കഥാപാത്രമാണ് കോകിലാ ബാനർജി. ഭർത്താവിനെ തൂക്കിക്കൊല്ലാൻ നിയുക്തയായ സ്ത്രീയാണ് മുന്നിൽ നിൽക്കുന്നത് എന്ന് മനസ്സിലാക്കുമ്പോഴും അവർ ക്ഷോഭിക്കുന്നില്ല.. വീടു നടത്താനും കേസിന്റെ നടത്തിപ്പിനും ഒക്കെ ഭാരം ഏറ്റി തളർന്നുപോയ അവരും ഇന്ത്യയിലെ സ്ത്രീ അവസ്ഥകളുടെ പ്രതീകമാണ്. ഭർത്താവ് എന്തു കുറ്റം ചെയ്താലും സഹിക്കേണ്ട, രക്ഷിക്കേണ്ട, അതിനായി ത്യാഗം സഹിക്കേണ്ടി വരുന്ന പുരുഷകേന്ദ്രീകൃത ലോകവ്യവസ്ഥയുടെ ബലിയാണവർ.

- ▶ സ്ത്രീ അവസ്ഥകളുടെ പ്രതീകം

## 3.3.3 ഇതിവൃത്തവിശകലനം

'ആരാച്ചാർ' എന്ന നോവൽ സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ ആഖ്യാനപരമായ സവിശേഷതകളെ തുറന്നുകാട്ടുന്നുണ്ട്. പ്രകടമായ സ്ത്രീവാദനിലപാടുകൾ ഇതിൽ വെളിപ്പെടുന്നില്ല. സാഹചര്യങ്ങളോട് മല്ലടിയ്ക്കുകയും അതിജീവിക്കാനായി നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ കഥയാണ് ആരാച്ചാർ എന്ന നോവലിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. മായും ഥാക്കുമയും നിഹാരികയും ചേതനയും കാക്കുമയും ഒക്കെ സമരം ചെയ്യുന്നതും പോരടിക്കുന്നതും അവരവരുടെ തന്നെ സാഹചര്യങ്ങളോടാണെന്ന് കാണാം. ചരിത്രത്തിലെ അനേകം സ്ത്രീകളുടെ കഥകൾ പറഞ്ഞു കൊടുത്ത് ചേതനയിൽ ധൈര്യവും തന്റേടവും വളർത്തിയെടുക്കുന്നത് ഥാക്കുമായാണ്. അനുഭവങ്ങളിൽ നിന്ന് ആർജ്ജിച്ചെടുത്ത കരുത്താണ് ഥാക്കുമയുടെ ജീവിത തത്ത്വം. ഭർത്താവിനെ ചികിത്സിപ്പിക്കാൻ സ്വന്തം ശരീരം വിൽക്കേണ്ടി വന്ന സ്ത്രീയാണ് ശ്യാമിളിദീ. അവർ അധികം ആരോടും സംസാരിക്കാറില്ല. സംസാരിച്ചാൽത്തന്നെ ശകാരത്തിന്റെ സ്വരം മാത്രം. ഇടയ്ക്കിടെ സ്വന്തം വീട്ടിലേക്ക് പോവുന്നു. അവരുടെ മരണ ശേഷമാണ് ചേതന പോലും അവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നത്. മറ്റൊരു സ്ത്രീ സഞ്ജീവ്കുമാർ മിത്രയുടെ അമ്മയായ ത്രൈലോക്യദേവിയാണ്. 'ആ ഗ്രവാലി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ശരീരം വിൽക്കാറില്ല. ആത്മാവാണ് പങ്കുവെയ്ക്കാറ്'എന്ന വാചകത്തിലൂടെയാണ് ചേതനയ്ക്ക് സോനാഗച്ചിയെപ്പറ്റിയുള്ള സങ്കൽപ്പങ്ങളെ ത്രൈലോക്യദേവി മാറ്റിമറക്കുന്നത്. സ്വന്തം മകന്റെ മനസ്സിൽ മരിച്ചുപോയ സ്ത്രീയാണവർ. മകൻ കാശിപ്പട്ട് ഉടുപ്പിച്ച് തന്നെ ശ്മശാനത്തിലേക്ക് യാത്രയാക്കിയത് മദ്രാസികൾക്ക് സ്നേഹിക്കാനും ബഹുമാനിക്കാനും അറിയില്ല എന്ന യാഥാർഥ്യത്തിലൂടെ അവർ മറികടക്കുന്നു. ഭർത്താവിന് തന്റെ സൗന്ദര്യത്തെ ഭയമായിരുന്നു എന്നും അയാൾക്കാവശ്യം ഭാര്യയെ അല്ലായിരുന്നുവെന്നും ഒരു അടിമയെയാണെന്നും വ്യക്തമാവുമ്പോൾ അവർ സ്വാതന്ത്രയാവുന്നു. അങ്ങനെ നിരവധി സ്ത്രീകളുടെ ജീവിതത്തെ വ്യത്യസ്ത നിലയിൽ വീക്ഷിക്കുന്ന നോവലാണ് ആരാച്ചാർ.

- ▶ പിംഗളകേശിനി, നീഹാരിക, ഉൽപ്പലപ്പർണ തുടങ്ങിയ സ്ത്രീസാക്ഷ്യങ്ങൾ

പുരുഷാധികാര ജീവിതവ്യവസ്ഥയുടെ ഹിംസാത്മക സ്വരൂപം ദൈനംദിനാനുഭവങ്ങളിൽ എങ്ങനെയെല്ലാം ആഴ്ന്നിറങ്ങുന്നുവെന്നതിന്റെ പ്രത്യക്ഷവൽക്കരണമിതിലുണ്ട്. നിശ്ശബ്ദ ഹിംസയുടെ ആവിഷ്കാരം ശക്തമായി അനാവരണം ചെയ്തിരിക്കുകയാണ് നോവലിസ്റ്റ്. പെൺചരിത്രത്തെ ഗാർഹികാന്തരീക്ഷത്തിൽ നിന്ന് രാഷ്ട്രവ്യവഹാരത്തിന്റെ നീതിന്യായവ്യവസ്ഥയുടെ മുറ്റത്ത് കൂട്ടിക്കൊണ്ടുവരാൻ കെ.ആർ.മീര പരിശ്രമിച്ചിട്ടുണ്ട്. ഭരണകൂടവും സിവിൽ സമൂഹവും തമ്മിൽ ജനാധിപത്യ വ്യവസ്ഥയിൽ രൂപം കൊള്ളുന്ന സംഘർഷത്തെയും വൈരുധ്യങ്ങളെയും സ്ത്രീവാദ നിലപാടിൽ നിന്ന് ചരിത്രവത്ക്കരിക്കാനുള്ള ശ്രമമാണ് 'ആരാച്ചാരി'ലുള്ളത്. ചരിത്രവും മിത്തും ഭൂതകാലത്തെയെന്നപോലെ വർത്തമാനകാലത്തെയും പ്രശ്നവത്ക്കരിക്കുന്നതിന്റെ നേർചിത്രം 'ആരാച്ചാരി'ലുണ്ട്. മല്ലിക് കുടുംബത്തിന്റെ ചരിത്ര്യാഖ്യാനം ഇതിനെ ശരിവയ്ക്കുന്നു. ഹിംസയുടെ ചരിത്രപാഠങ്ങൾ അസാധാരണപാടവത്തോടെ ദൃശ്യവത്ക്കരിക്കപ്പെടുകയും അനുയോജ്യമായ ഭാഷാ ലാവണ്യം നിറയുകയും ചെയ്യുന്ന ഈ നോവൽ നവഭാവുകത്വം പ്രകടമാക്കുന്നു. കൊൽക്കത്തയുടെ ഗലികളും ഘാട്ടുകളുമൊക്കെ സ്ഥലപുരാണത്തിന്റെ അതിസൂക്ഷ്മാഖ്യാനങ്ങളായി മാറുന്നു. നോവലിന്റെ ചരിത്രവത്ക്കരണത്തെ അനിതരസാധാരണമാംവിധം വെളിപ്പെടുത്തുന്ന നോവലാണ് 'ആരാച്ചാർ'.

- ഭരണകൂടവും സിവിൽ സമൂഹവും തമ്മിൽ രൂപം കൊള്ളുന്ന സംഘർഷവും വൈരുധ്യങ്ങളും

നോവലിന്റെ ശില്പഘടനയ്ക്ക് ഒരു തൂക്കുകയറിന്റെ ഭാവതലം കൈവന്നിട്ടുണ്ട്. സ്ത്രീയും പുരുഷനും സമൂഹവും ആത്മീയതയും പ്രണയവും അധികാരവും രാഷ്ട്രീയവും നീതിന്യായനിയമവും ശരീരസദാചാരവിലയിരുത്തലും ഒക്കെയായി ഇഴപിരിച്ചുണ്ടാക്കിയ ഒന്നാണിതിന്റെ ഘടന. കാവ്യാത്മകവും വികാരവത്തുമായ ഭാഷാസന്നിവേശം ആരാച്ചാരിലുണ്ട്. ജീവസുറ്റ ഭാഷയുടെയും ഭാവനയുടെയും സമന്വയം ആദിയോടന്തം ഇതിൽ നിഴലിക്കുന്നു. കഥകളും ഐതിഹ്യങ്ങളും വിശ്വാസങ്ങളും ചരിത്രവും യഥാർത്ഥ ജീവിതവുമെല്ലാം ചേർന്ന് രൂപം കൊണ്ട 'ആരാച്ചാരി'ലെ പ്രമേയത്തിന് സ്വാഭാവികതയുടെ തലമുണ്ട്.

- ഐതിഹ്യങ്ങളും വിശ്വാസങ്ങളും ചരിത്രവും യഥാർത്ഥ ജീവിതവുമെല്ലാം ചേർന്ന് രൂപം കൊണ്ട പ്രമേയം

തൊഴിലിടത്തിന്റെ വരേണ്യതയും പാർശ്വവത്കരണവും 'ആരാച്ചാർ' വെളിപ്പെടുത്തുന്നു. സാമൂഹികപദവികൾക്കനുസൃതമായ തൊഴിൽ വിഭജനം പല തൊഴിൽ മേഖലകളിലേക്കും പ്രവേശിക്കുന്നതിനുള്ള അവസരം നിഷേധിക്കലായിരുന്നു. ജാതീയമായ കാഴ്ച്ചപ്പാടും തൊഴിൽനിർണ്ണയത്തിലുണ്ട്. ഒപ്പം ലിംഗവിവേചനവും ഒരു പ്രധാനഘടകമാണ്. ആരാച്ചാർ വൃത്തിയിലേക്ക് നയിക്കപ്പെടുന്ന ചേതനയുടെ യോഗ്യതയായി പരിഗണിക്കപ്പെടുന്നത് പാരമ്പര്യമാണ്. ചേതനയുടെ ആരാച്ചാർ നിയമനം ഉയർത്തുന്ന ഒച്ചപ്പാടുകളും അസ്വാരസ്യങ്ങളും സാമൂഹികബന്ധരൂപങ്ങളിലെ സങ്കീർണതകളെയാണ് തുറന്നു കാട്ടുന്നത്. എന്നാൽ നിശ്ചയ ദാർഢ്യവും ഉറച്ച ബോധ്യങ്ങളുമായി പ്രവർത്തിക്കുന്ന ചേതന ഗൃദ്ധാമല്ലിക്ക് ആർജിച്ചെടുത്ത കരുത്ത് ഉദാത്തമാണ്. ജീവിതത്തിന്റെ ചൂടു പകർന്ന കരുത്താണവളിൽ നിറയുന്നത്. വധശിക്ഷ നീതി നിർവ്വഹണം മാത്രമല്ല. അധികാരപ്രയോഗം കൂടിയാണെന്ന സത്യം സ്വന്തം പിതാവിൽ നിന്ന് കണ്ടറിഞ്ഞ് വളർന്നവളാണ് ചേതന. ജീവിത നശ്വരതയുടെ പാഠങ്ങ

- തൊഴിലിടത്തിന്റെ വരേണ്യതയും പാർശ്വവത്കരണവും 'ആരാച്ചാർ' വെളിപ്പെടുത്തുന്നു

ളാണ് അവൾക്ക് മുന്നിൽ നിരന്നത്.

മരണം മണക്കുന്ന വീട്ടിൽ ആരാച്ചാരുടെ പൂർവ്വവൃത്താന്ത കഥകൾ കേട്ടുവളർന്ന ചേതനയുടെ മനസ്സ് തീയിൽ കുരുത്തതായിരുന്നു. ആത്മനിയന്ത്രണത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ബലിഷ്ഠതന്ത്രികളാൽ മുറുകിയിരുന്ന അവളുടെ മനസ്സ് ഒരിക്കലും പതറുന്നില്ല. അധികാരത്തിന്റെ ആവേശങ്ങളിൽ കുടുങ്ങിപ്പോകുകയോ അതിൽ കീഴടങ്ങിപ്പോകുകയോ ചെയ്തവളല്ല ചേതന. പകരം ഉചിതമായ സന്ദർഭങ്ങളിൽ രൂക്ഷമായ പ്രതികരണങ്ങളിലൂടെ തന്റെ നിലപാടുറപ്പിക്കും. ആക്രമണങ്ങളും അവഗണനകളും പരിഹാസങ്ങളും വിചാരണകളും നിലകൊള്ളുന്ന ജീവിതപരിസരമാണ് സ്ത്രീയുടേതെന്ന് ചേതനയുടെ ചിത്രം ഓർമ്മപ്പെടുത്തുന്നു. യതീന്ദ്രനാഥിനെ തൂക്കിക്കൊല്ലുമ്പോഴുള്ള ചേതനയുടെ മനോവൃത്തികളുടെ ആവിഷ്കാരത്തിൽ ഏതു തൊഴിലിടത്തിനും സ്ത്രൈണഭാവം നല്കാൻ കഴിയുമെന്ന നോവലിസ്റ്റിന്റെ വീക്ഷണഗതിയാണുള്ളത്. സ്ത്രീജീവിതത്തിന്റെ പ്രശ്നമണ്ഡലത്തെ ബംഗാളിന്റെ ചരിത്രവുമായും മാധ്യമരാഷ്ട്രീയമായും ഒക്കെ അവതരിപ്പിക്കുമ്പോൾ അത് തിരിച്ചറിവിന്റെ മറ്റൊരു ഭൂമികയാകുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും എല്ലാവിധ സ്വകാര്യതകളിലേക്കും അധികാരാധിനിവേശം നടത്തുന്ന ക്യാമറക്കണ്ണുകൾ ‘ആരാച്ചാരി’ലുണ്ട്. ഇതിന് മുന്നിൽ കരകൗശലത്തോടെ നിലകൊള്ളുന്ന വ്യക്തിയാണ് സഞ്ജീവ്കുമാർ മിത്ര. മരണത്തെയും കണ്ണീരിനെയും ദുരന്തങ്ങളെയും ആഘോഷമാക്കുന്ന നവമാധ്യമ പ്രതിനിധിയാണ് അയാൾ. ബി.എൻ.സി. ചാനലിന് വേണ്ടി അയാൾ ആസൂത്രണം ചെയ്യുന്ന ‘ഹാങ്വുമൺ ഡയറി’ എന്ന പരിപാടികൾ വധശിക്ഷ നടപ്പാക്കുന്നതു വരെയുള്ള ചേതനയുടെ നിമിഷങ്ങളെ തീറെഴുതി വാങ്ങുന്നു. തൂക്കുകയറിന് വിധിക്കപ്പെട്ട യതീന്ദ്രനാഥ ബാനർജിയുടെ ഭാര്യ കോകിലയെ വ്യവസ്ഥകൾ നിരത്തി സ്റ്റുഡിയോയിലെത്തിക്കുന്നു. വധശിക്ഷയുടെ ദിവസം ആരാച്ചാരുടെ പൂജകൾ തുടങ്ങി തൂക്കിക്കൊലവരെ ലൈവ്ടെലിക്കാസ്റ്റ് നടത്താൻ പദ്ധതിയിടുന്നു. വധശിക്ഷ നടപ്പിലാക്കിക്കഴിഞ്ഞ് കടുത്ത മാനസിക സംഘർഷത്തിലായ ചേതനയെ അധികാരതന്ത്രത്തിലൂടെ സ്റ്റുഡിയോയിലെത്തിക്കുന്നു. ഒടുവിൽ അവൾ അയാളുടെ കഴുത്തിലേയ്ക്ക് കുരുക്കുകൾ മുറുക്കുന്നു.

► യതീന്ദ്രനാഥിന്റെ തൂക്കിക്കൊലയും ചേതനയുടെ മനോവൃത്തിയും

## Summarised Overview

വിധിയാലും സാഹചാര്യത്താലും ആരാച്ചാരുടെ കുലത്തൊഴിൽ ഏറ്റെടുക്കാൻ നിയുക്തമാവുന്ന ചേതന ഗൃദ്ധാമല്ലിക് എന്ന പെൺകുട്ടിയുടെ ജീവിതവിഹ്വലതകളെ, ചുരുങ്ങിയ കാലയളവിൽ നടക്കുന്ന സംഭവങ്ങളെ മുൻനിർത്തി, വൈകാരികതീവ്രതയോടെ അനുഭവിപ്പിക്കുന്ന നോവലാണ് 'ആരാച്ചാർ'. തലമുറകളിൽ നിന്നും തലമുറകളിലേയ്ക്ക് കൈമാറുന്ന തൊഴിൽ മേഖലയും അതിലെ നിർണായക മുഹൂർത്തങ്ങളുമാണ് 'ആരാച്ചാരി'ൽ കാണുന്നത്. 'വധശിക്ഷ', 'ആരാച്ചാർ' എന്നീ പരികല്പനകളുടെ നീതിയും നൈതികതയും അതീവ സൂക്ഷ്മതയോടെ ഈ നോവലിൽ അവതരിപ്പിക്കപ്പെടുന്നു. 'നിയമത്തിന്റെ പരിരക്ഷയിൽ നടത്തുന്ന കൊലപാതകമാണ് വധശിക്ഷ്'-ഈ അഭിപ്രായം ജസ്റ്റിസ് കെ. ടി. തോമസിന്റേതാണ്. കുറ്റകൃത്യവുമായി ബന്ധപ്പെട്ട ശിക്ഷ നടപ്പിലാക്കലാണിതിന്റെ ന്യായം. എന്നാൽ യാതൊരു ബന്ധവുമില്ലാത്ത വ്യക്തി ശിക്ഷ നടപ്പിലാക്കാൻ ബാധ്യസ്ഥനാകുന്നു എന്നതാണിതിലെ വൈരുദ്ധ്യം. നീതിന്യായ വ്യവസ്ഥയുടെ ഭരണനിർവ്വഹണത്തിന്റെ സേവനമാണിത് എന്ന് വ്യാഖ്യാനിക്കാം. ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളിൽ 'ആരാച്ചാരും' ഇടംപിടിക്കുന്നുവെന്ന യാഥാർത്ഥ്യമാണിതിൽ ഉയർന്നു നിൽക്കുന്നത്.

വ്യക്തിയുടെ സ്വകാര്യതയ്ക്കും വൈകാരികതയ്ക്കും ഇടം നൽകാത്ത കച്ചവടാധിഷ്ഠിതമായ മാധ്യമലോകചിത്രണം 'ആരാച്ചാരി'ലൂടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. മാധ്യമങ്ങൾ അധികാരകേന്ദ്രമായി മാറുന്ന സമകാലാനുഭവം ഇതിൽ വിവരിക്കുന്നു. മാധ്യമനീതിയെ നിർണയിച്ചു കൊണ്ടിരിക്കുന്ന വൻകിട മുതലാളിത്തസംസ്കാരങ്ങളെ നിശിതമായി വിമർശിക്കാനും കെ.ആർ.മീര മടിക്കുന്നില്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ തുറന്നു കാട്ടുന്ന മാധ്യമങ്ങൾ സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രം പിന്തുടരുന്നതിലെ യുക്തിയും നോവൽ അടയാളപ്പെടുത്തിയിട്ടുണ്ട്. പുരുഷാധികാരമുറകളെ ഉറപ്പിച്ചു നിർത്തുന്ന മാധ്യമസംസ്കാരത്തിന്റെ പൊള്ളത്തരങ്ങളും നോവലിൽ ശക്തമായി തുറന്നുകാട്ടിയിട്ടുണ്ട്.

തൊഴിലിടത്തിന്റെ വരേണ്യതയും പാർശ്വവത്കരണവും 'ആരാച്ചാർ' വെളിപ്പെടുത്തുന്നു. സാമൂഹികപദവികൾക്കനുസൃതമായ തൊഴിൽ വിഭജനം പല തൊഴിൽ മേഖലകളിലേക്കും പ്രവേശിക്കുന്നതിനുള്ള അവസരം നിഷേധിക്കലായിരുന്നു. ജാതീയമായ കാഴ്ചപ്പാടും തൊഴിൽനിർണയത്തിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ഒപ്പം ലിംഗവിവേചനവും ഒരു പ്രധാനഘടകമാണ്. നോവലിന്റെ ശില്പഘടനയ്ക്ക് ഒരു തൂക്കുകയറിന്റെ ഭാവതലം കൈവന്നിട്ടുണ്ട്. സ്ത്രീയും പുരുഷനും സമൂഹവും ആത്മീയതയും പ്രണയവും അധികാരവും രാഷ്ട്രീയവും നീതിന്യായനിയമവും ശരീര സദാചാരവിലയിരുത്തലും ഒക്കെയായി ഇഴപിരിച്ചുണ്ടാക്കിയ ഒന്നാണിതിന്റെ ഘടന. കാവ്യാത്മകവും വികാരവത്തുമായ ഭാഷാസന്നിവേശം ആരാച്ചാരിലുണ്ട്.

## Assignments

1. ചേതന - കഥാപാത്ര നിരൂപണം തയ്യാറാക്കുക.
2. വ്യക്തിയുടെ സ്വകാര്യതയ്ക്കും വൈകാരികതയ്ക്കും ഇടം നൽകാത്ത കച്ചവടാധിഷ്ഠിതമായ മാധ്യമലോകത്തെ 'ആരാച്ചാരി'ലൂടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു- വിശദമാക്കുക.

3. സഞ്ജീവ്കുമാർ മിത്ര - കഥാപാത്ര നിരൂപണം തയ്യാറാക്കുക..
4. തൊഴിലിടത്തിന്റെ വരേണ്യതയും പാർശ്വവത്കരണവും 'ആരാച്ചാർ' വെളിപ്പെടുത്തുന്നു. വിശദമാക്കുക.
5. 'ആരാച്ചാരി'ലെ സ്ത്രീകളുടെ ലിംഗ പദവിയും കുടുംബ വ്യവസ്ഥയും-ഉപന്യാസം തയ്യാറാക്കുക.
6. ആരാച്ചരിലെ സ്ത്രീകഥാപാത്രങ്ങൾ- ഉപന്യസിക്കുക.
7. കെ. ആർ. മീരയുടെ നോവലുകളിലെ സ്ത്രീപക്ഷ രാഷ്ട്രീയം ചർച്ചചെയ്യുക.

## Suggested Reading


1. രവീന്ദ്രൻ പി. പി., ഇടപെടലുകൾ, ഡി. സി. ബുക്സ്, കോട്ടയം.
2. ശ്രീകുമാർ ഏ. ജി.(എഡി.), ജനപ്രിയസാഹിത്യം മലയാളത്തിൽ, എസ്. പി. സി. എസ്, കോട്ടയം.
3. വി. സി. ശ്രീജൻ, നോവൽ വായനകൾ, ഡി. സി. ബുക്സ്, കോട്ടയം.
4. സുനിൽ പി. ഇളയിടം, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, എസ്. പി. സി. എസ്., കോട്ടയം.
5. David, Lodge, The Novel now : Theories and practices, Novel: A forum on fiction, Duke University Press.
6. Dorothy.J. Hale, Social formalism, the novel in theory from Henry James to the present, Stanford University Press.


## References


1. പി .കെ രാജശേഖരൻ, അന്ധനായ ദൈവം, ഡി. സി. ബുക്സ്, കോട്ടയം.
2. പി. കെ രാജശേഖരൻ, ഏകാന്തനഗരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
3. രാജകൃഷ്ണൻ വി, രോഗത്തിന്റെ പൂക്കൾ, എൻ. ബി. എസ്., കോട്ടയം.
4. രാജകൃഷ്ണൻ വി, മൗനം തേടുന്ന വാക്ക്, എൻ. ബി. എസ്., കോട്ടയം.
5. ഇ.വി രാമകൃഷ്ണൻ, വാക്കിലെ സമൂഹം, ഡി. സി. ബുക്സ്, കോട്ടയം.
6. രവീന്ദ്രൻ പി. പി., ഇടപെടലുകൾ, ഡി.സി.ബുക്സ്, കോട്ടയം.
7. ശ്രീകുമാർ ഏ.ജി. (എഡി.), ജനപ്രിയസാഹിത്യം മലയാളത്തിൽ, എസ്. പി. സി. എസ്., കോട്ടയം.
8. വി. സി. ശ്രീജൻ, നോവൽ വായനകൾ, ഡി. സി. ബുക്സ്, കോട്ടയം.

9. സുനിൽ പി. ഇളയിടം, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, എസ്. പി. സി. എസ്., കോട്ടയം.
10. ഷാജി ജേക്കബ്, മലയാള നോവൽ: ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
11. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
12. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ: വിപണി, കല, പ്രത്യയ ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
13. സി. അശോകൻ, ആരാച്ചാർ പഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
Ian Watt, Rise of the Novel, Pimlico.
Meenakshi Mukherjee, The Novel and Society in India. Oup.
E. V. Ramakrishnan (ed.) Narrating India: The Novel insearch of the Nation, Sahitya Academi, New Delhi
Michael Hoffman and Patric, D. Murphy (Ed.), 1988, Essentials of the Theory of Fiction, Duke Uty. Press.
14. Devika J, Woman Writing = Man Reading, Penguin Books.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 4

## ബുധിനി

### സാറാ ജോസഫ്

## Learning Outcomes

- സാറാ ജോസഫിന്റെ നോവലുകളെ പരിചയപ്പെടുന്നു
- മലയാളത്തിലെ സ്ത്രീപക്ഷ ചിന്തകളുടെ രാഷ്ട്രീയം മനസ്സിലാക്കുന്നു
- ഉത്തരാധുനിക നോവലുകളുടെ സവിശേഷതകൾ കണ്ടെത്തുന്നു
- ബുധിനി എന്ന നോവലിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ മനസ്സിലാക്കുന്നു
- ലിംഗപദവിയുടെ രാഷ്ട്രീയം ചർച്ച ചെയ്യുന്നു

## Background

ഉത്തരാധുനികമായ വിജ്ഞാന ധാരകളുടെ തുടർച്ചയാണ് ലിംഗപദവീ പഠനങ്ങൾ. സ്ത്രീസ്വത്വവിഷ്കാരവും സ്ത്രൈണഭാവങ്ങളും പുതുവയനാ ഇടത്തിലേക്ക് സജീവമാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. പരമ്പരാഗതമായി വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സ്ത്രീത്വ ദർശനത്തെ അപനിർമ്മിക്കുകയും സ്വത്വബോധമുള്ള സ്ത്രൈണതയെ നിർണ്ണയിക്കുകയും ചെയ്യുന്ന പഠനമേഖലയാണ് ലിംഗപദവിയുമായി ബന്ധപ്പെട്ടു വരുന്നത്. ഇതോടൊപ്പം മത ദേശീയതയും വംശവെറിയും ജാതിസവർണതയും സൃഷ്ടിച്ച സാംസ്കാരിക ദേശീയതയെക്കുറിച്ചുള്ള തിരിച്ചറിവും ആധുനികാനന്തര നോവലുകളിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. പ്രവാസവും പലായനവും നാടുകടത്തലുമൊക്കെയായി വ്യക്തിയനുഭവിക്കുന്ന സംഘർഷങ്ങളും നേരനുഭവങ്ങളും ഇതിലെ പ്രമേയങ്ങളാണ്. വംശീയതയും ലിംഗസ്വത്വവും സമന്വയിക്കുന്ന ഉദാത്താവിഷ്ക്കരമാണ് സാറാജോസഫിന്റെ 'ബുധിനി' എന്ന നോവൽ. പുരുഷമേധാവിത്വത്തോട് കലഹിക്കുന്ന എഴുത്തുകാരിയെയാണ് 'ആലാഹയുടെ പെൺമക്കൾ, 'ആതി ', 'ഊരുകാവൽ', 'ഒതപ്പ്' എന്നീ നോവലുകളിലൂടെ കാണാനാകുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണതലം 'ബുധിനി' യിൽ സാറാജോസഫ് കൊണ്ടുവരുന്നു.

മനുഷ്യവർഗ്ഗം തന്നെ ഒരു ആൺസങ്കൽപ്പമാണെന്നും ഒരിക്കലും സ്ത്രീയുടെ സ്വതന്ത്ര സ്വത്വം അവിടെ പരിഗണിയ്ക്കപ്പെടുന്നില്ലെന്നും കണ്ടെത്തിയ സിമോൺ ദ ബുവ്വേയുടെ ആശയങ്ങളോട് ചേർന്നു നിൽക്കുന്ന നിലപാടുകളാണ് 'ബുധിനി' യിലൂടെ സാറാജോസഫ് ആവിഷ്ക്കരിക്കുന്നത്. സ്ത്രീയുടെ സ്വത്വബോധവും അവളുടെ ഇടവും തിരിച്ചുകിട്ടാനുള്ള സാംസ്കാരിക സിദ്ധാന്ത വിചാരം ല്യൂസ് ഇറിഗറേ മുന്നോട്ടു വയ്ക്കുന്നു. ഇത്തരം ഇടംലഭ്യമായ ഒരു സാന്താൾ പെൺകുട്ടിയ്ക്ക് ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങളുടെ ചിത്രീകരണമാണ് 'ബുധിനി' എന്ന നോവൽ.

ആൺകോയ്മയുടെ വ്യവഹാര മണ്ഡലത്തിനകത്ത് സ്ത്രീക്ക് നേരിടേണ്ടിവരുന്ന വിലക്കുകളും നിയന്ത്രണങ്ങളും വിമർശനാത്മകമായി അന്വേഷിക്കുന്നിടത്താണ് സ്ത്രീസ്വത്വനിർമ്മിതി യാഥാർഥ്യമാകുന്നത്. സ്ത്രീസ്വത്വബോധത്തിൽ പല തലങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്. അവയെല്ലാം സവിശേഷ സാമൂഹിക സാം സ്കാരിക സന്ദർഭത്തിന്റെ പരിണതഫലമാണ്. ചൂഷണത്തിന്റെയും അടിച്ചമർത്തലിന്റെയും അവസ്ഥ പുരുഷാധിപത്യ വ്യവസ്ഥിതിയിൽ രൂപം കൊണ്ടതാണ്. ഈ വ്യവസ്ഥാക്രമത്തെ പ്രതിരോധിക്കുകയും

തൻറെ അനുഭവ കേന്ദ്രത്തിൽ നിന്നുകൊണ്ട് സ്വന്തം സ്വത്വത്തെ നിർവചിക്കുകയും ചെയ്യുന്ന രീതിയാണ് സ്ത്രീപക്ഷ എഴുത്തുകൾ പിന്തുടർന്നത്. സ്ത്രീയെ അരികുവൽക്കരിച്ച ആൺകോയ്മയ്ക്ക് ബദലായി സ്ത്രീയുടെ സ്വത്വം എന്താണെന്ന് യാഥാർത്ഥ്യബോധത്തോടെ അന്വേഷിക്കാനുള്ള ശ്രമമാണ് സ്ത്രീപക്ഷ രചനകൾ.

പരമ്പരാഗതമായി വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സ്ത്രീത്വ ദർശനത്തെ അപനിർമ്മിക്കുകയും സ്വത്വബോധമുള്ള സ്ത്രൈണതയെ നിർണ്ണയിക്കുകയും ചെയ്യുന്ന പഠനമേഖലയാണ് ലിംഗപദവിയുമായി ബന്ധപ്പെട്ടുവരുന്നത്. ഇതോടൊപ്പം മതവും ദേശീയതയും വംശവെറിയും ജാതിസവർണതയും സൃഷ്ടിച്ച സാംസ്കാരിക ദേശീയതയെക്കുറിച്ചുള്ള തിരിച്ചറിവുകളും ആധുനികാനന്തര നോവലുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ലിംഗവ്യക്തിത്വം ഒരു സാമൂഹിക നിർമ്മിതിയാണ്. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപരവും വർഗ്ഗപരവുമായ അസമത്വവും അസന്തുലിതാവസ്ഥയുമാണ് അതിന് നിദാനമാകുന്നത്. സാമൂഹ്യക്രമത്തിലെ നിലപാടുകളും സ്ത്രീപുരുഷന്മാർക്ക് സമൂഹത്തിലുള്ള സ്ഥാനം നിർണയിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ഒരു സാംസ്കാരിക അവസ്ഥയായും ലിംഗ വിവേചനം മാറുന്നുണ്ട്. ലിംഗ സ്വത്വനിർണയത്തിന്റെ ചരിത്രപരമായ വ്യാഖ്യാനം പ്രസക്തമാകുന്നത് ഇവിടെയാണ്.

## Keythemes

- ചരിത്രവും മിത്തും സംയോജിപ്പിക്കുന്ന ആഖ്യാനതന്ത്രം
- ആധുനിക ലോകസങ്കൽപ്പവും ഗോത്രസംസ്കൃതിയും തമ്മിലുള്ള സംഘർഷങ്ങൾ
- ഒരു സാന്താൾ പെൺകുട്ടിയ്ക്ക് ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങളുടെ ചിത്രീകരണം
- വികസനത്തിന്റെ പുറംകാഴ്ചകൾ
- ഭാവനയെ തന്മയത്തോടെ ചരിത്രത്തോട് കൂട്ടയിണക്കുന്ന രചനാരീതി
- ലിംഗപരവും വർഗ്ഗപരവുമായ അസമത്വവും അസന്തുലിതാവസ്ഥയും

## Discussion

### 3.4.1 ഇതിവൃത്തസംഗ്രഹം

ഇന്ത്യൻ വികസന ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു ദാമോദർവാലി അണക്കെട്ടുമായി ബന്ധപ്പെട്ട കഥയാണ് 'ബുധിനി' എന്ന നോവലിന്റെ അടിസ്ഥാനം. സാന്താൾ വംശത്തിൽ ജനിച്ച ബുധിനി മെജാൻ എന്ന പതിനഞ്ചു വയസ്സുകാരിയാണ് നോവലിലെ കേന്ദ്രകഥാപാത്രം. ഝാർഖണ്ഡിലെ കർബോനാ ഗ്രാമമാണ് പശ്ചാത്തലം. ദാമോദർ നദിയിലെ പഞ്ചേത് ഡാം ഉദ്ഘാടനം ചെയ്യാൻ എത്തിയ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവാണ് നോവലിന്റെ കഥാഗതിയിൽ പരിണാമമുണ്ടാക്കുന്നത്. ദാമോദർ വാലി കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ നെഹ്റുവിനെ മാലയിട്ടു സ്വീകരിക്കാൻ ബുധിനിയെ നിയോഗിച്ചു. അന്ന് ഡി.വി.സി. യിലെ ജോലിക്കാരി ബുധിനി,

സാന്താൾ വംശത്തിന്റെ പരമ്പരാഗത വേഷമണിഞ്ഞ് നെഹ്റുവിനെ മാലയിട്ട് സ്വീകരിച്ചു. എന്നാൽ ഡാം ഉദ്ഘാടനം ചെയ്യേണ്ടത് താന ല്ലെന്നും ഇത് നിർമ്മിച്ച തൊഴിലാളികളാണ് അതിന് യോഗ്യരെന്നും പറഞ്ഞ നെഹ്റു ബുധിനി അണിയിച്ച മാല അവളുടെ കഴുത്തിൽ ചാർത്തി, അണക്കെട്ട് അവളെക്കൊണ്ട് രാഷ്ട്രത്തിന് സമർപ്പിച്ചു. അണക്കെട്ട് ഉദ്ഘാടനം ചെയ്തത് ആഹ്ലാദത്തോടെ ഗ്രാമത്തിലെ ത്തിയ ബുധിനിയെ കാത്തിരുന്നത് വൻതിരിച്ചടികളായിരുന്നു. സാ ന്താൾ വംശജരുടെ വിശ്വാസചാരപ്രകാരം ബുധിനി നെഹ്റുവിനെ വിവാഹം കഴിച്ചിരിന്നു. അന്യജാതിക്കാരനെ മലയണിച്ചതിനാൽ സാന്താൾ ഗ്രാമം അവൾക്ക് ഊരുവിലക്ക് കൽപ്പിച്ചു. 'ബിത് ലാഹ' എന്ന ഹീനമായ ഗോത്രാചാരപ്രകാരം ഗ്രാമസഭ അവളെ നാടുകട ത്തി. ബുധിനിയുടെ ജീവിത ദുരന്തങ്ങളിലൂടെയാണ് പിന്നീട് നോവ ലിന്റെ ഗതി.

- ഗ്രാമത്തിലെത്തിയ ബുധിനിയെ കാത്തി രുന്നത് വൻതിരിച്ചടി കളായിരുന്നു.

ബുധിനി, രൂപി മുർമു, സുചിത്ര, സോമനാഥ് ഹെം ബ്രാം, മംഗോമാജി, ജഗനാഥ് മുർമു, തിൽക്കമാജി, ദയാനന്ദ ടുഡു, ദത്താജി, ജഗദീപ് മുർമു, മോഹൻകുമാർ ഇവരെല്ലാം നോവലിലെ കഥാപാത്രങ്ങളായി വിവിധ സന്ദർഭങ്ങളിൽ വെളിപ്പെടുന്നു. നോവലിന്റെ ഉൾക്കാമ്പ് ബുധിനിയുടെ അതിജീവന ചരിത്രമാണ്. നെഹ്റുവിന്റെ ഭാര്യാപദവി ചാർത്തി നൽകപ്പെട്ട ബുധിനിയെ ഡി.വി.സി. യിൽ നിന്നും പിരിച്ചുവിടുന്നു. അവിടെ നിന്നും ബുധിനിയുടെ ദുരിതപലായനം ആരംഭിക്കുകയാണ്. അതിന്റെ മൂർദ്ധന്യത്തിൽ ദത്താജി എന്ന ബ്രാഹ്മണൻ ബുധിനിയുടെ ജീവിതത്തിലേയ്ക്ക് വരുന്നു. ദത്താജിയ്ക്കും ബുധിനിയ്ക്കും ഒരു മകൾ പിറന്നു; രത്നം. ദീർഘനാളുകൾക്കുശേഷം രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരിക്കുമ്പോൾ ദത്താജി ബുധിനിയുടെ ദുരന്തങ്ങളെ അറിയിച്ചുകൊണ്ട് അദ്ദേഹത്തിനൊരു കത്തയച്ചു. രാജീവ്ഗാന്ധിയുടെ ഇടപെടലിനെ തുടർന്ന് ഡി.വി.സി. ബുധിനിയ്ക്ക് നഷ്ടപരിഹാരവും വാസസ്ഥലവും നൽകി.

- ബുധിനിയുടെ അതി ജീവന ചരിത്രം

ബുധിനിയുടെ ജീവിത ചരിത്രം തിരയുന്ന രൂപി മുർമു സുഹൃത്ത് സുചിത്ര എന്നിവരെ കേന്ദ്രീകരിച്ചാണ് നോവലിന്റെ തുടർഭാഗം വെ ളിപ്പെടുന്നത്. ജഗ്ദീപ് മുർമു പറഞ്ഞു കൊടുത്ത കഥകളിൽനിന്ന് സ്വന്തം ഭാവനയ്ക്കനുസരിച്ച് രൂപം കൊടുത്ത ഒരു ബുധിനിയാണ് രൂപിയുടെ മനസ്സിൽ ഉണ്ടായിരുന്നത്. ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോടൊപ്പം നിന്ന് പാഞ്ചേത് അണക്കെട്ട് രാ ജ്യത്തിനു സമർപ്പിച്ച ധീരയായ സാന്താൾ പെൺകുട്ടി എന്നാൽ 1959 ഡിസംബർ 6 ന്റെ വാർത്തയോടൊപ്പം ഒരു ദേശീയ ദിനപത്രത്തിൽ അച്ചടിച്ചുവന്ന പാത് ഡാം ഉദ്ഘാടനത്തിന്റെ മങ്ങി മഞ്ഞനിറമായ ചിത്രം കണ്ടതോടെ അവളുടെ മനസ്സിലെ ഭാവനാരൂപം ഉടഞ്ഞുത കർന്നു. മഹാക്ഷേത്രങ്ങളുടെ മറുവശം ഗവേഷണം ചെയ്യുന്നതിനിട യിൽ അവിചാരിതമായി കണ്ണിലുടക്കിയതാണ് ആ ചിത്രം. പത്രത്തി ന്റെ ആർക്കൈവ്സിൽ നിന്ന് അവൾ അതിന്റെ ഫോട്ടോസ്റ്റാറ്റ് കോ പ്പിയെടുത്തു. വെളുപ്പിലും കറുപ്പിലുമുള്ള ആ ചിത്രത്തിൽ കറുപ്പ് അധികരിച്ചു നിന്നു. ജഗ്ദീപ് മുർമു പറഞ്ഞു കൊടുത്ത കഥയിലെ മിടുമിടുക്കിയെ രൂപി ആ ചിത്രത്തിൽ കണ്ടില്ല. ചിരിക്കാൻ പേടിക്കു ന്നതുപോലെ ഒരു മുഖം. തന്റേതല്ലാത്ത ഒരു ലോകത്ത് വന്നുപെ

ട്ടവളുടെ സങ്കോചമാണ് ശരീരഭാഷ. തനിക്കറിയാത്ത ഒരു ജോലി ചെയ്യുന്നതിലെ അറിവുകേടും ഭയവും അവളുടെ നില്പിലും നോട്ടത്തിലും. വെള്ളിവളകളിട്ട കരുത്തുള്ള കൈത്തണ്ടയാണവളുടേത്. നർത്തകിയുടെ മുദ്രപോലെ അവളുടെ ചൂണ്ടുവിരലും തള്ളവിരലും യന്ത്രത്തിന്റെ ലിവറിൽ അമർന്നിരിക്കുന്നു. സാന്താൾ പെൺകുട്ടിയുടെ പരമ്പരാഗത രീതിയിൽ അവൾ പാഞ്ചിയും പാർഹാനും ഉടുത്തിരിക്കുന്നു. മുടിക്കെട്ടിൽ പൂക്കൾ ചൂടിയിരിക്കുന്നു. ഒപ്പം വെള്ളിയുടെ പൂഡ്സഡ്പാഷ മുടിയിൽ തിരുകിയിട്ടുണ്ട്. കാതിൽ പാത്രിയും മൂക്കിൽ പ്രാഗ്രയും ഫൂലിയുമുണ്ട് . ആ പടത്തിൽ കണ്ട പെൺകുട്ടിക്ക് അമ്പതാണ്ടുകൾക്കു ശേഷം എന്താണ് സംഭവിച്ചിരിക്കുക എന്ന് രൂപി മുർമു ചിന്തിക്കുന്ന സന്ദർഭം നോവലിൽ പറയുന്നുണ്ട്. തുടർന്ന് നടത്തുന്ന അന്വേഷണമാണ് നോവലിന്റെ കഥാഗതിയെ മുന്നോട്ടു കൊണ്ടുപോകുന്നത്.

- ബുധിനിയുടെ ജീവിത ചരിത്രം തിരയുന്ന രൂപി മുർമു

സ്വന്തം ഗ്രാമം നഷ്ടപ്പെടുന്നത് എങ്ങനെയെന്ന് സോമനാഥ് ഹെംബ്രാം രൂപി മുർമുവിനോട് വിശദമാക്കുന്നു. മൂന്ന് ആൺമക്കളെ നഷ്ടമാകുന്ന ദുരന്തപലായന ചരിത്രം പങ്കുവയ്ക്കുന്ന കഥാപാത്രമാണ് ജഗദീപ് മുർമു. പൊതുനിരത്തിനരികിൽ ഭാര്യയുടെ നഗ്നമായ ശവശരീരം കാണേണ്ടിവരുന്ന ജഗദീപ് മുർമുവിന്റെ അവസ്ഥയും നോവലിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. കത്തുന്ന കൽക്കരി ഖനിയിലേയ്ക്ക് മറയുന്ന നാലു വയസുള്ള മകനും കൺമുമ്പിൽ ദുരന്താനുഭവം നിറയ്ക്കുന്നു.

- ദുരന്തപലായന ചരിത്രം

'എന്തിനാണ് ഞങ്ങളെ ഈ തീക്കുണ്ഡത്തിലെത്തിച്ചത്? ബോംഗകളുടെ ലോകത്തേക്ക് കണ്ണുയർത്തി അയാൾ ചോദിച്ചു. അയാളുടെ ഭാര്യ ചൂണ്ടുവിരൽ കൊണ്ട് അയാളുടെ നെറ്റിയിൽ തൊട്ടു. ദാമോദർ നദിയിലെ മുഴുവൻ വെള്ളത്തിന്റെയും കുളിര് അയാൾക്കനുഭവപ്പെട്ടു. അയാളുടെ ദേഹം പൊട്ടിത്തരിച്ചു. പെട്ടെന്നയാൾക്ക് വല്ലാത്ത ഭയം തോന്നി. ഗതികിട്ടാതലയുന്ന ബോംഗയായിട്ടാണോ അവൾ മാറിയിട്ടുണ്ടാവുക? അവളുടെ മരണം അത്തരത്തിലുള്ളതായിരുന്നല്ലോ. അതു കൊണ്ടാണോ അയാളെ ഈ ചുടുകാട്ടിലെത്തിച്ചിരിക്കുന്നത്? ജോലായും ജോബോനും ഉറങ്ങുന്നുണ്ട്. കുട്ടികളെ അവൾ ശല്യം ചെയ്യുമോ? ഗ്രാമത്തിലായിരുന്നെങ്കിൽ അവളുടെ കാര്യം മാർ നോക്കിയേനെ. ദുരാത്മാവിനെ ചെറുക്കുന്നതിന് ബോംഗകളുടെ ലോകം മുഴുവൻ അയാൾക്കുവേണ്ടി അണിനിരന്നേനെ. ഇവിടെ അയാൾ ഒറ്റയ്ക്കാണ്. അവളാകട്ടെ നല്ല വാക്കുകൾ മാത്രം പറഞ്ഞ് തലയ്ക്കു മീതെ നിൽക്കുന്നു. എന്നിട്ടയാളെ ദുർവിധിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു. അയാൾ ഉറങ്ങിപ്പോയതുകൊണ്ടാണ് അവൾക്ക് അങ്ങനെ മരിക്കേണ്ടിവന്നതെന്ന ശത്രുത തീർച്ചയായും അവളുടെ ഉള്ളിൽ ഉണ്ടാവും. ഇനി ജീവിതകാലം മുഴുവൻ ഉറങ്ങാൻ കഴിയാതിരിക്കട്ടെ എന്നവൾ കരുതിയിട്ടുണ്ടാവും. ജഗദീഷ് മുർമു തട്ടിപ്പിടഞ്ഞെഴുന്നേറ്റു. കാലിനടിയിൽ ഒരടുപ്പുണ്ട്. ഭൂമി പിളർന്ന് തീയും കനലും പുറത്തേക്കു തെറിക്കാൻ പോവുകയാണ്. അയാളും കുട്ടികളും വെന്തു മരിക്കും. അവൾ സുദർശനെ ഉപയോഗിച്ചുകൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്. ജഗ്ദീപ് മുർമു തന്റെ മക്കളെയും വാരിവലിച്ച് പുറത്തേക്കോടി.' സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ അണക്കെട്ടിനെതിരെ സമരം ചെയ്ത വിശ്വനാഥ് ഹസ്തയുടെ തിൽക്കാമാജിയുടെയും ജീവിത

> ▶ സാന്താൾ വംശജരുടെ വീരപുരുഷൻ

ചരിത്രവും നോവലിലുണ്ട്. ബാബാ തിൽക്കാമാജി സാന്താൾ വംശജരുടെ വീരപുരുഷനായാണ് നിലനിൽക്കുന്നത്. സ്വാതന്ത്ര്യസമരചരിത്രം പോലും അദ്ദേഹത്തിൽ നിന്നാണ് തുടങ്ങേണ്ടതെന്ന് സാന്താൾ വംശജർ പറയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.

## 3.4.2 കഥാപാത്രവിശകലനം

## രൂപി മുർമു

ബുധിനിയെ അന്വേഷിച്ച് ഇറങ്ങിത്തിരിക്കുന്ന കഥാപാത്രമാണ് രൂപി മുർമു. അതുവരെ ബുധിനി മെജാൻ ആത്മഹത്യ ചെയ്തു എന്ന് വിശ്വസിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി, അവർ ജീവിച്ചിരിപ്പുണ്ട് എന്ന് രൂപിയ്ക്ക് സന്ദേശമാണ് അവളെ മുന്നോട്ടു നയിക്കുന്നത്. രൂപി മുർമുവിന്റെ കസിൻ മുകുൾ മുർമുവാണ് സന്ദേശമയച്ചത്. 2012 ജൂൺ മാസത്തിൽ ഒരു മുഖ്യ ദേശീയദിനപത്രത്തിൽ, വലിയ പ്രാധാന്യത്തോടെ വന്ന ഒരു ലേഖനത്തിൽ ബുധിനി മെജാൻ മരിച്ചുവെന്ന ഒരു വാർത്ത അവർ കണ്ടിരുന്നു. അവളുടെ അവസാന നാളുകൾ ദുരിതപൂർണമായിരുന്നു വെന്നും ദാരിദ്ര്യവും രോഗവും ബുധിനിയെ അവശയാക്കിയിരുന്നുവെന്നും നീതി കിട്ടാതെയാണ് അവൾ മരിച്ചുപോയതെന്നും ആ വാർത്തയിൽ സൂചിപ്പിച്ചിരുന്നു. വെറെയും ചില മാധ്യമങ്ങൾ അവളുടെ മരണത്തെപ്പറ്റി എഴുതിയത് രൂപി മുർമു കണ്ടിട്ടുണ്ട്. രൂപിയുടെ ഒരകന്ന ബന്ധുവാണ് ബുധിനി മെജാൻ. എന്നാൽ ബന്ധുവെന്ന നിലയിൽ ബുധിനിയുടെ മരണം വൈകാരികമായി ബാധിക്കത്തക്ക അടുപ്പമൊന്നും രൂപിക്ക് അവളോടുണ്ടായിരുന്നില്ല. രൂപി അവളെ നേരിൽ കണ്ടിട്ടുപോലുമില്ല. എന്നാൽ ബുധിനി ജീവിച്ചിരിക്കുന്നുവെന്ന അറിവ് അവളെ ശക്തമായി സ്വാധീനിച്ചു. അപ്പോഴേക്കും ബുധിനിയും അവളുടെ ഗ്രാമവും മറ്റനേകം ഗ്രാമങ്ങളും രൂപി മുർമുവിന്റെ പഠനവിഷയമായി മാറിക്കഴിഞ്ഞിരുന്നു.

> ▶ ബുധിനി ജീവിച്ചിരിക്കുന്നു എന്ന അറിവ്

'പുതിയകാലത്തിന് ആരാണ് ബുധിനി? എന്തറിവാണ് അവളെപ്പറ്റി ഇവർക്കുള്ളത്? ആരുടെയും വേവലാതിയല്ല, അവളുടെ ജീവിതം. ചരിത്രത്തിന്റെ കല്ലും മണ്ണുമടിഞ്ഞ റിസർവ്വോയറിൽ നിന്ന് ബുധിനി മെജാൻ പൊന്തി വരണം'. അതായിരുന്നു രൂപിയുടെ അന്വേഷണ ലക്ഷ്യം. ബുധിനിയെക്കുറിച്ച് അവൾ എഡിറ്റർമാരോട് സംസാരിക്കുമ്പോൾ അവർ അവളെ പരിഹസിക്കുന്നുണ്ട്. 'പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഭാര്യ' എന്ന് അവൾ ബുധിനിയ്ക്ക് നൽകിയ വിശേഷണമാണ് അതിന് കാരണമായത്. അതിനുള്ള മറുപടിയായി അവൾ ഇന്ത്യാ ചരിത്രത്തിന്റെ അറിയപ്പെടാത്ത ഏടുകളെക്കുറിച്ച് അവരോട് തർക്കിക്കാൻ തുനിയുന്ന രംഗം നോവലിലുണ്ട്. ബുധിനിയുടെ ജീവിതത്തെ ചരിത്രത്തിൽ സ്ഥാപിക്കേണ്ടത് അവളുടെ ആവശ്യമാണ്.

> ▶ ബുധിനിയെ അന്വേഷിക്കുന്ന രൂപി മർമു

ഗവേഷകയായ രൂപി മർമു അണക്കെട്ടുകളെക്കുറിച്ച് മുൻപും പഠനം നടത്തിയിട്ടുണ്ട്. അതിൽ അവൾക്ക് പ്രശംസയും വിമർശനവും ഒരുപോലെ ലഭിക്കുകയുണ്ടായി. 'ജഗ്ദീപ് മുർമുവിന്റെ ജീവിതദുരന്തം എത്രഭയങ്കരമാണെന്ന് രൂപിക്കറിയാം. കുട്ടിക്കാലം തൊട്ടേ ദാദു അവൾക്കു പറഞ്ഞു കൊടുത്തിട്ടുള്ള കഥകളിൽ അത് കനത്തു നില്ക്കുന്നുണ്ട്'. അവൾ വികസനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ആ നിലയിൽ സർവ്വതും നഷ്ടപ്പെട്ട ജനതയ്ക്കു

> ▶ ബുധിനിയ്ക്കു വേണ്ടി വാദിക്കുന്നു.

വേണ്ടി സംസാരിക്കുകയും ചെയ്യുന്നുണ്ട്. ദാദുവിന്റെ അനുഭവങ്ങളുടെ സത്യാവസ്ഥ തേടിയാണ് രൂപി മുർമു ഗവേഷണമാരംഭിച്ചത്. ആ അന്വേഷണത്തിന്റെ ഒരു ഘട്ടത്തിൽ അവൾ ബുധിനിയിൽ എത്തിച്ചേർന്നു.

നിഷ്പക്ഷവും സത്യസന്ധവുമായ ഒരു അന്വേഷണത്തിനാണ് അവൾ തുനിയുന്നത്. ഗവേഷണത്തെ മുൻനിർത്തിയുള്ള അവളുടെ നിലപാടു കൂടിയായിരുന്നു അത്. ദാദുവിന്റെ സ്വാധീനത്തിൽ നിന്നുണ്ടായ അതിവൈകാരികതയെ അവൾ തുടക്കത്തിൽ തന്നെ കുടഞ്ഞെറിയുന്നുണ്ട്. 'പക്ഷേ, അയാളെപ്പോലുള്ള നൂറുകണക്കിനാളുകൾക്ക് മുൻപിൽ അവൾ പലതവണ മുഖാമുഖം നിൽക്കേണ്ടിവന്നു. അലറി ഇരമ്പിമറിയുന്ന നഗരങ്ങളിലെ ചേരികളിലും പുറമ്പോക്കുകളിലും ക്രുദ്ധരും ക്ഷുഭിതരും ദുഃഖിതരുമായി അന്യജീവിതം ജീവിക്കുന്നവരായിരുന്നു, അവർ. അവരുടെ മക്കൾ അതൃപ്തരും അസന്തുഷ്ടരുമായിരുന്നു. ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കുമിടയിൽ തൊട്ടുമുന്നിലെ മതിലിലോ മരത്തിലോ അവർ വലിയ അതൃപ്തിചിഹ്നങ്ങൾ വരച്ചുകൊണ്ടിരുന്നു. രാത്രികളിൽ, മഹുവയുടെ ലഹരിമണമുള്ള കാറ്റിൽ, ദാമോദർ നദിയിലൂടെ നീങ്ങിപ്പോകുന്ന ഏകാന്തമായ തോണിയും അതിലെ ഒറ്റവിളക്കും ദൂര നക്ഷത്രവും വിശുദ്ധമൗനവും മക്കൾക്ക് നഷ്ടപ്പെട്ടതിൽ അവർ വേദനിച്ചു. മക്കൾ വിശുദ്ധ ബോംഗകളാൽ നയിക്കപ്പെടുന്നില്ല. അവർക്ക് പോകാൻ ഒരു ജാഹേർ ഇല്ല. അതുകൊണ്ട് അവർ ക്രുദ്ധരായിത്തീരുന്നു. അക്രമവാസനയുള്ളവരായിത്തീരുന്നു. അവരുടെ മനസ്സ് ശാന്തമല്ല. ശരീരം എപ്പോഴും ചൂടുപിടിച്ചിരിക്കുന്നു".

> ▶ അണക്കെട്ടുകളെക്കുറിച്ചുള്ള അന്വേഷണം

രൂപി മുർമു എഴുതി. "അവർ അഭയാർത്ഥികളായിരുന്നില്ല. ഹിന്ദുക്കളോ മുസ്ലിങ്ങളോ ആയിരുന്നില്ല. എന്നിട്ടും വിഭജനത്തിന്റെ ഇരകളുടെ കണക്കിലേക്കാണ് അവർ എഴുതിച്ചേർക്കപ്പെട്ടത്. അണക്കെട്ടുകളെപ്പറ്റി സൂചിപ്പിച്ചതുപോലുമില്ല. മുങ്ങിപ്പോയ ഗ്രാമങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിനാളുകൾ എന്ന് വിശേഷിപ്പിക്കപ്പെട്ടില്ല. പിന്നീട് അവർ എങ്ങനെ എവിടെ ജീവിച്ചു, മരിച്ചു എന്നതൊന്നും ആരുടെയും ഉത്തരവാദിത്വമായില്ല '.

> ▶ രൂപിമർമുവിലെ ഗവേഷക

## ദാദു - ജഗ്ദീപ് മുർമു

രൂപിയുടെ ദാദുവിൽ നിന്നാണ് അവൾ വികസനത്തിന്റെ മറ്റൊരു തലം മനസ്സിലാക്കുന്നത്. അവളുടെ ദാദു ജഗ്ദീപ് മുർമുവാണ് അതിനവളെ പ്രേരിപ്പിച്ചത്. ദാമോദർ നദിക്കരയിൽ മുങ്ങിപ്പോയ നൂറിലധികം ഗ്രാമങ്ങളിലൊന്നായിരുന്നു അയാളുടേത്. ഭരത്പൂർ. ഗ്രാമങ്ങളെ മുക്കിക്കളഞ്ഞത് ദാമോദർ നദിയല്ല, അണക്കെട്ടുകളാണെന്ന് ജഗ്ദീപ് മുർമു ഉറപ്പിച്ചു പറഞ്ഞു.

> ▶ ദാമോദർ നദിക്കരയിലെ ജീവിതം

"പ്രളയം ഞങ്ങൾക്കു പരിചിതമാണ്. എല്ലാക്കൊല്ലവും അതുണ്ടാവാറുണ്ട്. ഗ്രാമങ്ങളിലേക്കും വീടുകളിലേക്കും ദാമോദർ നദി ഇരച്ച് കേറിവരും. വന്നപോലെ ഇറങ്ങിപ്പോകുകയും ചെയ്യും. എന്നാൽ അവൾ കൊണ്ടുവന്നതൊക്കെ അവിടെ ഇട്ടിട്ടുപോകും. ഒരു പ്രളയത്തിനും അടുത്ത പ്രളയത്തിനുമിടയിൽ ഞങ്ങൾ ഒന്നാന്തരമായി കൃ

ഷിചെയ്യും. നെല്ലുണ്ടാക്കും. അടുത്ത പ്രളയത്തിനുവേണ്ടി ഒരുങ്ങും. അണക്കെട്ടുകൾ വന്നതോടെ അവസ്ഥ മറ്റൊന്നായി. വെള്ളം ഞങ്ങളെ എന്നെന്നേക്കുമായി പടിയിറക്കി". അയാൾ അണക്കെട്ടുകളെയും അശാസ്ത്രീയവും ഉപരിപ്ലവവുമായ വികസന ശ്രമങ്ങളെയും ശക്തമായി എതിർത്തിരുന്നു. ഒരു ജനതയുടെ ജീവിത രീതികളെ മുഴുവൻ അപഹരിക്കാൻ ശേഷിയുള്ളവയാണ് അണക്കെട്ടുകളെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. അണക്കെട്ടുകളെക്കാൾ വിനാശകരമായ ഇടം വേറെ ഇല്ലെന്നാണ് അദ്ദേഹം പറയുന്നത്. 'അണക്കെട്ടുകൾ പൊളിച്ചു കളയുന്ന നാളെകളെ ഞാൻ സ്വപ്നം കാണുന്നു'. എന്ന് ജഗ്ദീപ് മർമു പറയുന്നുണ്ട്.

> ▶ അണക്കെട്ടുകൾ പൊളിച്ചുകളയുന്ന നാളെകൾ

അണക്കെട്ടുകൾ രൂപിയ്ക്ക് വിശുദ്ധസ്ഥലികളോ മഹാക്ഷേത്രങ്ങളോ ആയി അനുഭവപ്പെടാത്തതിന് കാരണം ദാദുവായിരുന്നു. രൂപിയുടെ വ്യക്തിത്വരൂപീകരണത്തിൽ ദാദു വഹിച്ച പങ്ക് വളരെ വലുതായിരുന്നു. 'ജഗ്ദീപ് മുർമുവിന്റെ ജീവിതദുരന്തം എത്രഭയങ്കരമാണെന്ന് രൂപിക്കറിയാം. കുട്ടിക്കാലം തൊട്ടേ ദാദു അവൾക്കു പറഞ്ഞു കൊടുത്തിട്ടുള്ള കഥകളിൽ അത് കനത്തു നില്ക്കുന്നുണ്ട്. ആ കഥകളിലെ നൃത്തം ചെയ്യുന്ന ജനതയെ രൂപി സ്നേഹിച്ചിരുന്നു. കാടും മലയും നദിയും വയലും ഇടതിങ്ങിയ പ്രദേശത്തെ ഭാവനയിൽ കണ്ടിരുന്നു. മനുഷ്യരും ബോംഗകളുമടങ്ങിയ ആവാസലോകത്തെപ്പറ്റി അത്ഭുതപ്പെട്ടിരുന്നു. ജീവിച്ചിരിക്കുന്നവരോടൊപ്പം മരിച്ചവരും ജീവിക്കുന്നുണ്ടെന്ന സങ്കല്പശക്തിയെ അവൾ അത്ഭുതത്തോടെ മനസ്സിലാക്കിയിട്ടുണ്ട്. പാട്ടും നൃത്തവും താളവും ചിത്രവും ശില്പവുമടങ്ങിയ ഗ്രാമത്തിന്റെ തെരുവിലൂടെ അവൾ നടക്കാനിറങ്ങിയിട്ടുണ്ട്. ദൂരെ നിന്ന് കേൾക്കുന്ന പുല്ലാങ്കുഴൽവിളികൾക്ക് കാതുകൊടുത്തിട്ടുണ്ട്. എല്ലാം കൊണ്ടുപോയത് അണക്കെട്ടുകളാണെന്ന ദാദുവിന്റെ വാക്കുകൾ അവളെ ചിന്തിപ്പിച്ചു'.

> ▶ വികസനത്തിന്റെ മറ്റൊരു മുഖം

> ▶ അണക്കെട്ടുകൾ പൊളിച്ചു കളയുന്ന നാളെകളെ ഞാൻ സ്വപ്നം കാണുന്നു

"ഭരത്പൂർ മാത്രമല്ല രൂപീ, നിന്റെ ദീദയുടെ ഗ്രാമം ബലിയാദും മുങ്ങിപ്പോയി. അതിനു ചുറ്റുവട്ടത്തെ ഗ്രാമങ്ങളൊക്കെയും വെള്ളത്തിനടിയിലായി. തെകുപ്പിയിലെ ക്ഷേത്രങ്ങളും ചുടുനീരുറവകളും മുങ്ങി. എല്ലാം നശിച്ചു. എല്ലാവരും വഴിയാധാരമായി." ദാദു പറഞ്ഞു. വികസനത്തിന്റെ മറ്റൊരു മുഖം രൂപിയ്ക്ക് കാട്ടിക്കൊടുക്കുന്നത് ദാദുവാണ്. അദ്ദേഹം ഗോത്രജനതയുടെ ജീവിതത്തിന് വേണ്ടി വാദിച്ചു.

## ജോസഫ് ജോബോൻ മുർമു

രൂപിയുടെ അച്ഛനാണ് ജോസഫ് ജോബോൻ മുർമു. അയാൾ രൂപിയുടെ പഠനങ്ങളിൽ നിന്ന് ഭിന്നമായ നിലപാടുള്ള ആളാണ്. "ഇന്ന് ഇങ്ങനെയൊക്കെ ചിന്തിക്കാം. എഴുതാം. നാല്പത്തിയെട്ടിലോ നാല്പത്തിഒമ്പതിലോ ഒക്കെ ആയിരുന്നെങ്കിൽ രൂപി രാഷ്ട്രനിർമ്മാണത്തിന് എതിരുനിൽക്കുന്ന രാജ്യദ്രോഹിയായേനെ" എന്ന് അയാൾ അവളോട് പറയുന്നുണ്ട്.

> ▶ രൂപിയുടെ അച്ഛൻ

ജഗ്ദീപ് മുർമു അനുഭവിച്ച ദുരിതങ്ങൾ ഒപ്പം നിന്ന് അനുഭവിച്ചിട്ടുള്ളയാളാണ് ജോബോൻ മുർമു. പക്ഷേ, ജോസഫിന് മുമ്പും ജോസഫിന് ശേഷവും എന്നിങ്ങനെ ജോബോന്റെ ചിന്തകൾ വിഭജിക്കപ്പെ

ട്ടുകിടക്കുന്നു. ഭക്ഡാനംഗലിനെപ്പറ്റി അഭിമാനിക്കാനാണ് ജോസഫ് മുർമു പരിശീലിക്കപ്പെട്ടത്. അതാണയാൾ കുട്ടികൾക്ക് പറഞ്ഞുകൊടുത്തതും. ജഗ്ദീപ് മുർമു അനുഭവിച്ച ദുരിതങ്ങൾക്കൊപ്പം നിന്ന് അനുഭവിച്ചിട്ടുള്ളയാളാണ് ജോബോൻ മുർമു. പക്ഷേ, അയാളുടെ ചിന്തകൾ തികച്ചും വ്യത്യസ്തമാണ്. ഭക്ഡാനംഗലിനെപ്പറ്റി അഭിമാനിക്കാനാണ് ജോസഫ് മുർമു പരിശീലിക്കപ്പെട്ടത്. അതാണയാൾ കുട്ടികൾക്ക് പറഞ്ഞുകൊടുത്തതും.

- ഭക്ഡാനംഗലിനെപ്പറ്റി അഭിമാനിക്കുന്നു

## സുചിത്ര

രൂപി മർമുവിന്റെ സുഹൃത്താണ് സുചിത്ര. ബുധിനിയെക്കുറിച്ചുള്ള രൂപിയുടെ അന്വേഷണങ്ങൾക്ക് എല്ലാ പിന്തുണയും നൽകുന്നത് അവളാണ്. കുട്ടനെല്ലൂരുകാരിയായ സുചിത്ര പത്തു ദിവസത്തെ അവധിയ്ക്ക് നാട്ടിൽ പോയ സന്ദർഭത്തിലാണ് രൂപി അവളെ ഫോൺ വിളിക്കുകയും ബുധിനിയുടെ കഥ പറഞ്ഞു കൊടുക്കുകയും ചെയ്തത്. രൂപി നടത്തിയ ഗവേഷണ പഠനങ്ങൾക്ക് ആവശ്യമായ ചിത്രങ്ങൾ പകർത്തി നൽകി സുചിത്ര പല സന്ദർഭത്തിലും അവളെ സഹായിച്ചിട്ടുണ്ട്. ബുധിനിയെ മുൻനിർത്തിയുള്ള അന്വേഷണങ്ങളിലും സുചിത്രയുടെ ഇടപെടലുകളുണ്ട്.

- രൂപിയുടെ സുഹൃത്ത് സുചിത്ര

ജൂലായ് മാസത്തിലെ ഒരു വെള്ളപ്പൊക്ക ദിനത്തിലാണ് സുചിത്ര, രൂപി മുർമുവിനെ ആദ്യമായി കാണുന്നത്. മൂർഷിദാബാദിൽ വെച്ചായിരുന്നു അത്. മൂർഷിദാബാദ് മുങ്ങിപ്പോയിരുന്നു. ഛോട്ടാ നാഗ്പൂർ പീഠഭൂമിയിൽ ഓരോ ദിവസവും പെയ്യുന്ന മഴയുടെ അളവ് ഞെട്ടിക്കുന്നതായിരുന്നു. മൂർഷിദാബാദിലെ വെള്ളപ്പൊക്കം ക്യാമറയിൽ പകർത്താനെത്തിയതാണ് സുചിത്ര. ജനങ്ങൾ അവർക്കു നേരേ പൊട്ടിത്തെറിക്കാൻ തുടങ്ങി. ''ഡിവിസിയാണ് ഈ വെള്ളപ്പൊക്കമുണ്ടാക്കിയത്. അറിയാമോ? അവർ ഡാമുകൾ തുറന്നു വിട്ടു. സർക്കാർ അവർക്കെതിരേ ചെറുവിരലനക്കില്ലെന്ന് അവർക്കറിയാം. പാവപ്പെട്ട മനുഷ്യർ ചത്താൽ അവർക്കെന്ത്? സർക്കാരിനെന്ത്?'' ജനങ്ങളുടെ രോഷം കത്തിക്കയറി. പത്രക്കാരോട് അവർ സൗഹൃദഭാവം കാട്ടിയില്ല. സുചിത്ര കണ്ട ആളുകൾ സുരക്ഷിതമായ ഒരു ദുരിതാശ്വാസ ക്യാമ്പിനകത്തുപോലുമായിരുന്നില്ല. ഇടിഞ്ഞുവീഴാറായ ഒരു സ്കൂൾ കെട്ടിടമായിരുന്നു അത്. ആളുകൾ അസ്വസ്ഥരും രോഷാകുലരുമായിരുന്നു. കൊച്ചുകുട്ടികൾ നിർത്താതെ നിലവിളിച്ചുകൊണ്ടേയിരുന്നു. അവിടെവെച്ചാണ് അവൾ അവരനുഭവിക്കുന്ന ദുരിത ജീവിതം മനസ്സിലാക്കുന്നത്. ആ സന്ദർഭത്തിലാണ് രൂപി 'മഹാക്ഷേത്രങ്ങളുടെ മറുവശം' എന്ന ലേഖനം എഴുതിപ്പൂർത്തിയാക്കുന്നതും. രൂപിയ്ക്ക് ലേഖനത്തിൽച്ചേർക്കാനുള്ള ചിത്രങ്ങൾ നൽകുന്നത് സുചിത്രയാണ്. അതോടെ അവരുടെ സൗഹൃദം ആരംഭിച്ചു.

- സുചിത്ര, രൂപി മുർമുവിനെ കണ്ടുമുട്ടുന്നു

## മുകൾ മുർമു

രൂപി മുർമുവിന്റെ കസിനാണ് മുകുൾ മുർമു. അയാൾ ധൻബാദിലെ ഒരു ക്രോക്കറി യൂണിറ്റിൽ ജോലി ചെയ്യുന്നു. ബുധിനിയെ കുറിച്ചുള്ള അന്വേഷണത്തിൽ രൂപയെ സഹായിക്കുന്നവരിൽ ഒരാളാണ് മുകൾ മുർമു.

- രൂപിയുടെ കസിൻ

## രഘുനാഥ്ഹാരം

▶ ഗ്രാമത്തിലെ ഏറ്റവും പ്രായം കൂടിയ ആൾ

ഗ്രാമത്തിലെ ഏറ്റവും പ്രായം കൂടിയ ആളാണ് രഘുനാഥ് ഹാരം. അദ്ദേഹത്തിനു നൂറ്റിപ്പത്ത് വയസ്സുണ്ട്. കാടിനുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും കണ്ടെത്തുന്നത് രഘുനാഥ് ഹാരമാണ്.

"സൂക്ഷിച്ചു നോക്കൂ. കാട് നടന്നു നീങ്ങുകയാണ്. എല്ലാവരും അതുതന്നെയാണു കണ്ടത്. ഓരോ ദിവസവും ഇരുട്ടിവെളുത്തു വരുമ്പോഴേക്കും കാട് ഏറെ ദൂരം നടന്നകന്നിട്ടുണ്ടാവും. ആദ്യം വയൽ കടന്നാൽ കാടായിരുന്നു. പിന്നെ കുന്നിൻചെരുവിലെത്തണം കാട് കാണാനെന്നായി. അതും കഴിഞ്ഞ് കാട് കുന്നു കേറിപ്പോകുന്നത് കണ്ടു. കുന്നിന്റെ നെറുകയിൽ അല്പം നിലയുറപ്പിച്ചെന്നു തോന്നി. ഇപ്പോഴിതാ കാട് കുന്നിറങ്ങിപ്പോകുന്നു. ഗ്രാമത്തെ ആവരണം ചെയ്തിരുന്ന നീലത്തിരശ്ശീല ചുരുട്ടിവെക്കപ്പെട്ടു. കർബാന നഗ്നയായി. ഓരോ മരവും മരച്ചില്ലയും ബോംഗകളുടെ താവളമായിരുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമടങ്ങിയ ഒരു ഇരട്ട ലോകമാണ് കർബോനയുടേത്. രണ്ടും തുല്യ പ്രാധാന്യമുള്ളത്. രണ്ടിനും തണലും നിഴലും അനിവാര്യം. എന്നാലിപ്പോൾ അസഹ്യമായ വെളിച്ചത്തിൽ, തുറസ്സിൽ, ബോംഗകൾ അസ്വസ്ഥരായിരിക്കുന്നു. അവർ കുപിതരാണ്. അവരുടെ കോപം കർബാനയുടെ നാശത്തിനായിരിക്കും". ആചാരങ്ങൾ സംരക്ഷിക്കപ്പെടുന്നതിലും ഗോത്രത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലും രഘുനാഥ് ഹാരത്തിന്റെ വാക്കുകൾക്ക് പ്രാധാന്യമുണ്ടെന്ന് കാണാം. കാടിന്റെ സംരക്ഷണം ഗോത്ര ജനതയുടെ ധർമ്മമായി അവർ കണക്കാക്കിയിരുന്നു. അതുകൊണ്ടാണ് ഗ്രാമത്തിലുള്ളവർ പുതിയ മരങ്ങൾ നട്ടുപിടിപ്പിച്ചത്. 'കുഞ്ഞു ചെടികളിൽ വന്നു കുടികൊണ്ട് ശാന്തചിത്തരാകണേ എന്നു പ്രാർത്ഥിച്ചു'. ഗവൺമെന്റ് അവരെ ആട്ടിയിറക്കുന്നതുവരെ അവർ മരങ്ങൾ നട്ടിരുന്നു.

▶ കാടിന്റെ സംരക്ഷണം

'ഇത് സർക്കാർ ഭൂമിയാണ്. ഇവിടെ നിങ്ങൾ മരം വെക്കുന്നത് കയ്യേറ്റമാണ്. ബോംഗാലോകത്തിന് തണലും തണുപ്പും വേണമെന്നും മരങ്ങളിലും വെള്ളത്തിലും പാറയിടുക്കിലെ ഇരുട്ടിലുമാണവർ കൂടിപാർക്കുന്നതെന്നും പറഞ്ഞാൽ ഗോർമനു മനസ്സിലാവില്ല. അവർക്കാകെ അറിയുന്നത് ഭൂമി സർക്കാരിന്റെതാണെന്നുമാത്രം'.

▶ സർക്കാർ ഭൂമി

രഘുനാഥ്ഹാരത്തിന്റെ ഭാര്യ നൂറ്റിരണ്ടു വയസ്സുള്ള ദുർഗി ബുധിഹാരം പരാതിപ്പെട്ടു. 'മരാംഗ്ബറുവിന്റെ മലകൾ ചുട്ടുപൊള്ളുന്നു. അവർ കണ്ണിനു മീതെ ചുക്കിച്ചുളിഞ്ഞ കൈവെച്ച് അകലെ ആകാശത്തേക്കു സൂക്ഷിച്ചു നോക്കി. "വെയിലുകൊണ്ട് എന്റെ തല പൊളിയുകയാണ്. കർബോനയിൽ ഇതുവരെ ഇങ്ങനെ ഒരു വെയിലുണ്ടായിട്ടില്ല." അവരുടെ മരുമകൾ ഹീര അത് ശരിവെച്ചു, "ശരിയാണ് അമ്മേ. എന്നെ ഈ ഗ്രാമത്തിലേക്കു കൊണ്ടുവരുമ്പോൾ ചുറ്റും കൊടുംകാടായിരുന്നില്ലേ? ഗ്രാമത്തിൽ വല്ലപ്പോഴും ഒരു വിരുന്നുകാരനെപ്പോലെ വെയിൽ എത്തിയെങ്കിലായി. ആകാശം മുട്ടുന്ന മരങ്ങളുണ്ടായിരുന്നില്ലേ?". കാടിനുണ്ടാക്കുന്ന മാറ്റങ്ങളിൽ അസ്വസ്ഥരാകുന്ന ജനതയെയാണ് രഘുനാഥ് ഹാരത്തിന്റെ കുടുംബത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. പ്രകൃതിയോട് ഇണങ്ങിച്ചേർന്ന അവരുടെ ജീവി

> ▶ രഘുനാഥ്ഹാരത്തിന്റെ കുടുംബം

തവും സംസ്കാരവും ഏറെ പ്രാധാന്യത്തോടെ നോവലിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## സുവീർ ദത്ത

ഡിവിഡിയുടെ പ്രതിനിധിയായി വികസനത്തിന്റെ പക്ഷം ചേർന്ന് സംസാരിക്കുന്ന സുവീർ ദത്തയെയാണ് നോവലിൽ കാണാൻ കഴിയുന്നത്. സ്വന്തം വയലിൽ പണി എടുത്തിരുന്ന മനുഷ്യരെ അയാൾ അടിമപ്പണിക്കു കൊണ്ടുപോകുന്നു. അതുകൊണ്ടു തന്നെ അയാളെ കാണുമ്പോൾ ഗ്രാമീണർ പേടിച്ചോടാൻ തുടങ്ങി. ഗ്രാമസഭ കൂടിയപ്പോൾ സുവീർ ദത്ത എല്ലാവരെയും പഞ്ചേത് ഡാമിന്റെ പണിക്കായി ക്ഷണിച്ചു. എന്നാൽ താൻ ഡിവിസിയുടെ ആളാണെന് സമ്മതിക്കാൻ അയാൾ തയ്യാറായില്ല. ജോഗ് ജി അക്കാര്യം പരസ്യമായി പറയുന്നുമുണ്ട്. ഗ്രാമീണരോടുള്ള സഹതാപം നിമിത്തമാണ് ഡാമിന്റെ പണിയ്ക്കുവേണ്ടി എല്ലാവരെയും ക്ഷണിക്കുന്നതെന്ന ന്യായീകരണമാണ് അയാൾ അതിന് മറുപടിയായി നൽകുന്നത്. അതുകൊണ്ടു തന്നെ "അയാളുടെ തലമണ്ടയിൽ താമസിക്കുന്നത് ദാമോദർവാലി കോർപ്പറേഷനാണെന്ന്" ജോഗ് മാഞ്ജി പറഞ്ഞു. നദിയിൽ അണക്കെട്ട് പാടില്ലെന്ന് ഗ്രാമമുഖ്യർ പറയുന്ന വാക്കുകളൊന്നും സുവീർ ദത്ത പരിഗണിക്കുന്നതേയില്ല. അയാൾക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളായിരുന്നു ആവശ്യം. എന്നാൽ തന്ത്രപരമായി കാര്യങ്ങളിൽ ഇടപെടാനുള്ള കഴിവു കൊണ്ട് അയാൾ ജനങ്ങളെ ബോധവത്ക്കരിക്കാൻ ശ്രമിക്കുന്നുണ്ട്.

> ▶ ഡിവിസിക്കു വേണ്ടി സംസാരിക്കുന്ന സുവീർ ദത്ത

"ജലം ദേവതതന്നെയാണ്. അതെനിക്കും അറിയാം. എന്നാൽ ആ ദേവത, കടന്നുചെല്ലാത്ത ദേശങ്ങളുമുണ്ട് രാജ്യത്ത്. അറിയാമോ? ഒരു തുള്ളി വെള്ളമില്ലാതെ അവിടെ കൃഷിയുണങ്ങുന്നു. ഇവിടെയോ? ദാമോദർനദി കരകവിഞ്ഞ് നാശം വിതയ്ക്കുന്നു. ആ ദേശങ്ങളിലും നിങ്ങളെപ്പോലെത്തന്നെ കർഷകരുണ്ട്, ജോമാജി. വിണ്ടു പൊട്ടിക്കിടക്കുന്ന വയലുകൾക്കു നടുവിൽ തലയ്ക്കു കൈയും കൊടുത്തിരുന്ന് കരയുകയല്ലാതെ അവരെന്തു ചെയ്യും? അണക്കെട്ട് അത്ര ചീത്ത കാര്യമൊന്നുമല്ല, സഹോദരങ്ങളേ. നിങ്ങൾക്കതിനെപ്പറ്റി വിവരമില്ലാഞ്ഞിട്ടാണ്. അണക്കെട്ടു വന്നാൽ ചാലുകീറി കുറെ വെള്ളം, നിങ്ങളെ മുക്കിക്കളയുന്ന അധികവെള്ളം, അങ്ങോട്ടൊഴുക്കി വിടരുതേ? അതാണ് സർക്കാർ ചിന്തിക്കുന്നത്. വെള്ളപ്പൊക്കം വരാൻ കാത്തു നില്ക്കാതെ ദാമോദർ നദിയിലെ വെള്ളം ഒഴുക്കിവിട്ടാൽ നിങ്ങളും അവരും രക്ഷപ്പെടില്ലേ? അത് മാത്രമോ? വെളിച്ചത്തിന്റെ കാര്യം ഒന്നോർത്തു നോക്കൂ. ഇരുട്ടിലല്ലേ നിങ്ങൾ ജീവിക്കുന്നത്? ഗ്രാമത്തിൽ വൈദ്യുതി വന്നാൽ നിങ്ങൾക്കിഷ്ടപ്പെടില്ലെന്നുണ്ടോ? വീടിനുള്ളിൽ പാൽ പോലെ വെളിച്ചം വന്നാൽ നിങ്ങൾക്ക് വിഷമം തോന്നുമോ? ആലോചിച്ചു നോക്കൂ നല്ലപോലെ. കറംപൂജയ്ക്ക് വൈദ്യുതാലങ്കാരങ്ങൾ, ഉച്ചഭാഷിണി ഇതൊക്കെ ഉണ്ടായാൽ എങ്ങനെയുണ്ടാവും? തെരുവുവിളക്കുകൾ കത്തിയാൽ ഗ്രാമത്തിലെ രാത്രികാലങ്ങളുടെ മുഖച്ഛായ മാറില്ലേ? എന്നെത്തൊടാനാരും ധൈര്യപ്പെടില്ലെന്നും പറഞ്ഞ് അലറിക്കുതിച്ചു വരുന്ന ദാമോദർ നദിയെ ഒന്ന് തടഞ്ഞു നിർത്തി, മെരുക്കി വിട്ടാൽ, കേട്ടോ ജോജി, വെള്ളത്തിൽ

നിന്ന് വെളിച്ചം കറന്നെടുക്കാൻ പറ്റും. നല്ല കാര്യങ്ങൾ ചെയ്യുന്നത് നിങ്ങളുടെ ബോംഗകൾ തടയുമോ? അവരും ആഗ്രഹിക്കുന്നത് ഗ്രാമത്തിന്റെ നന്മയല്ലേ? ഡിവിസിയും അതാഗ്രഹിക്കുന്നു. അണക്കെട്ട് വന്നാൽ പത്തു പൈസ ചെലവില്ലാതെ ഡിവിസി നിങ്ങൾക്ക് വെളിച്ചം തരും. ഇതൊക്കെ കേട്ടിട്ടും തല കുമ്പിട്ടിരിക്കുന്ന മനുഷ്യരെ നോക്കി സുവീർദത്ത പറഞ്ഞു: ഇനിയെനിക്കൊന്നും പറയാനില്ല". അയാൾ എഴുന്നേറ്റു പോയി. വികസനത്തെ മുൻനിർത്തിയുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ മനുഷ്യരെ ചേരിതിരിക്കുന്നു. അതിനുദാഹരണമാണ് സുവീർ ദത്തയുടെ ജീവിതം .

▶ ദാമോദർ നദിയിലെ അണക്കെട്ടുകൊണ്ട് ജനങ്ങളുടെ ജീവിതം മെച്ചപ്പെടുമെന്ന് അയാൾ പറയുന്നു

## ഛോരാത്രോയ്

രൂപിക്ക് ബുധിനിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത് ഛോരാത്രോയുടെ പക്കൽ നിന്നാണ്. പദ്മയുടെ ബാബാ അവരെ ഛോരാത്രോയ് സോറന്റെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. കർബോനയിൽ ബുധിനിയെ പറ്റി ഏറ്റവുമധികം ഓർമ്മകൾ സൂക്ഷിക്കുന്നത് ഛോരാത്രോയ് ആണ്. അവൾക്കുവേണ്ടി പരസ്യമായി വാദിച്ചിട്ടുള്ളതിന് പലപ്പോഴും അയാൾക്കു പിഴയിടേണ്ടിവന്നിട്ടുണ്ട്. അയാൾ ഇപ്പോഴും ബുധിനിയുമായി ബന്ധപ്പെടുന്നുണ്ടെന്നാണ് ഗ്രാമത്തിലുള്ള പലരും വിശ്വസിക്കുന്നത്. എന്നാൽ അവർക്കതിന് പ്രത്യക്ഷമായ തെളിവുകളൊന്നും കിട്ടിയിട്ടില്ല. ഒരുപക്ഷേ, ബുധിനി ഇപ്പോൾ എവിടെയാണുള്ളതെന്ന് അയാൾക്കറിയാമായിരിക്കും എന്ന് രൂപി ചിന്തിക്കുന്നുണ്ട്. ബുധിനിയുടെ പുല്ലാങ്കുഴൽ അവർക്ക് കാട്ടിക്കൊടുക്കുന്നതും ഛോരാത്രോയ് ആണ്.

▶ ബുധിനിയുടെ പുല്ലാങ്കുഴൽ അവർക്ക് കാട്ടിക്കൊടുത്തു

## ബുധിനി

ബുധിനിയുടെ ജീവിതമാണ് നോവലിലെ കേന്ദ്ര പ്രമേയം. കൗമാരപ്രായക്കാരിയായ ബുധിനിയിൽ നിന്നാണ് അവളുടെ ജീവിതചരിത്രത്തിലേയ്ക്ക് നോവൽ കടന്നുചെല്ലുന്നത്. പാൽക്കച്ചവടക്കാരന്റെ എരുമകളെ അഴിച്ചുവിടുന്ന ബുധിനിയിൽ നിന്നാണ് പൂർവ്വ കഥ ആരംഭിക്കുന്നത്. അവളുടെ വീട്ടുകങ്ങളും നാടനുഭവങ്ങളും നോവലിൽ പകർത്തുന്നുണ്ട്. സാന്താൾ വംശജരുടെ ജീവിത രീതിയും സംഗീതവും ബുധിനിയുടെ കഥയിൽ നിന്നാണ് നാം മനസ്സിലാക്കുന്നത്. പലതരം ഗോത്ര ആചാരങ്ങളുൾ അവർക്കിടയിൽ നിലനിന്നിരുന്നു. ബലി, ഭക്ഷണം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട നിരവധി വിവരങ്ങൾ നോവലിൽ പങ്കുവെയ്ക്കുന്നുണ്ട്. ബലി നൽകൽ പോലുള്ള ആചാരങ്ങളെ ബുധിനി ഇഷ്ടപ്പെട്ടിരുന്നില്ല എന്നും നോവലിൽ നിന്ന് വ്യക്തമാകുന്നു. ഡിവിസിയിൽ ജോലിയ്ക്കു പോകുന്നതിന് മുൻപും ശേഷവുമുള്ള ജീവിതത്തെക്കുറിച്ച് നോവലിൽ വിവരിക്കുന്നു. ഡിവിസിയിൽ ജോലിക്കു പോകുന്നതിനു മുമ്പ് ബുധിനി പതിവായി കാട്ടിൽ പോയിരുന്നു. മുന്നോട്ടു നടക്കുമ്പോഴൊക്കെ കാട് ബുധിനിയെ വിന്നോട്ടു വലിച്ചിരുന്നു. പുതിയമണങ്ങളും മുരൾച്ചകളും കേൾക്കാൻ അവൾ കൊതിച്ചിരുന്നു.

▶ ബുധിനിയുടെ കൗമാര കാലം

'അതൊക്കെ ഡിവിസിയിൽ ജോലിക്കു പോകുന്നതിന് മുമ്പായിരുന്നു. അതിനുമുമ്പ് ബുധിനി സ്വന്തം വീട്ടിൽ ഒരുപാട് ജോലികൾ ചെയ്തിരുന്നു. അവൾ പൊടിയന്ത്രത്തിലിട്ട് അരിയും റാഗിയും

പൊടിച്ചു. അടുപ്പ് കത്തിച്ച് കഞ്ഞിയുണ്ടാക്കി. ചീരക്കറിയുണ്ടാക്കി. മീൻ മുറിച്ച് വൃത്തിയാക്കി. സാൽമരത്തിന്റെ ഇലകൾ കുത്തിക്കൂട്ടി ഇലക്കിണ്ണങ്ങളും കുമ്പിളുകളുമുണ്ടാക്കി. മുളയലകുകൾ കീറി കുട്ട യും മുറവും കൊമ്പോറവും നെയ്തു. മണ്ണരച്ചുതേച്ച് ചുവരുകൾ മി നുസപ്പെടുത്തി. ചാണക വറളികളുണ്ടാക്കി. വീടിന്റെ പിൻമുറ്റത്തെ പച്ചക്കറിത്തോട്ടത്തിൽ സ്വന്തം കായ്കറികൾ വിളയിച്ചു. അരി വാറ്റി ഹാഡിയ ഉണ്ടാക്കാൻ അമ്മയെ സഹായിച്ചു. അവൾ വയലിൽ പണി യെടുത്തു. വിതകഴിഞ്ഞ് നീർതുളുമ്പിക്കിടക്കുന്ന കണ്ടങ്ങളുടെ മണം അവളെ മത്തുപിടിപ്പിച്ചു.'

▶ സാന്താൾ ജീവിതവും സംസ്കാരവും

സംഗീതത്തിന് അവർക്കിടയിൽ സവിശേഷമായ സ്ഥാനമുണ്ടായി രുന്നതായി കാണാം. ബുധിനി പാടുന്നതും കേൾക്കുന്നതുമായ ഗാ നങ്ങൾ അതിനുദാഹരണമാണ്. 'ഏഴു തുളകളുള്ള ടിരിയോയാണ് ഗ്രാമത്തിന്റെ പുല്ലാങ്കുഴൽ. വർണ്ണനൂലുകൾകൊണ്ട് ബുധിനി അവളു ടെ പുല്ലാങ്കുഴലിനെ നിറം പിടിപ്പിച്ചിട്ടുണ്ട്. അതിന്റെ തൊങ്ങലുകൾ മഴവില്ലിന്റെ അരികുകൾ പോലെ തൂങ്ങിക്കിടന്നു. ബുധിനി ടിരിയോ വായിക്കുന്നതു കേട്ടാണ് അവളുടെ ആടുകൾ മേയുന്നത്, പാൽചു രത്തുന്നത്. സാൽമരക്കൊമ്പിലിരുന്ന് അവൾ നിർദ്ദേശങ്ങൾ കൊടു ത്തു. ഇവിടെ വാ, തള്ളയാടേ. നിന്റെ കുട്ടിയുടെ കാര്യം ശ്രദ്ധിക്ക്. പച്ചപ്പുല്ല് പറന്നുപോവില്ല. അതവിടെത്തന്നെ ഉണ്ടാവും. നിന്റെ കാ ര്യം മാത്രം നോക്കി നടക്കാതെ കുട്ടിയെ നോക്ക്. കുട്ടിയാടേ, നദിയി ലേക്ക് പോകരുത്. കാട്ടരുവിയൊന്നുമല്ലത്, ദാമോദർ നദിയാണ്, ദാ മോദർ നദി. നിന്റെ അമ്മയുടെ അകിട്ടിൽനിന്ന് മാറാതെ നടക്ക്. മതി, മതി. ഇനിയെല്ലാവരും ഇവിടെ വാ. ഈ തണലത്ത് വന്നു കിടന്ന് അയവിറക്ക്. നദിയിൽനിന്ന് വീശുന്ന തണുത്ത കാറ്റ് ഇഷ്ടംപോലെ തിന്ന്. ആകാശം കണ്ടോ? എത്ര ശാന്തമായിരിക്കുന്നു! ഉറങ്ങ്, ഉറങ്ങ്. നിർദ്ദേശങ്ങളെല്ലാം ടിരിയോയിലൂടെയാണ്. ബുധിനിയുടെ പുല്ലാങ്കു ഴൽ ഭാഷ പഠിച്ചവരാണ് അവളുടെ ആടുകൾ. യാതൊന്നും പേടി ക്കാനില്ലെന്നവയ്ക്കറിയാം. മുകളിൽ ബുധിനിയുണ്ട്. എല്ലാം അവൾ നോക്കിക്കൊള്ളും. പായസം വില്പനക്കാരന്റെ എരുമകൾ പക്ഷേ, അങ്ങനെയല്ല. എപ്പോഴും പേടിച്ചരണ്ട മട്ടാണ്. കണ്ണീരിന്റെ നനവു പുരണ്ട കണ്ണുകളാണ് അവയ്ക്കുള്ളത്. ബുധിനിയുടെ കൈയിലേൽ പ്പിച്ചു നോക്കൂ. അവൾ, അവറ്റയെ ആനന്ദമൃഗങ്ങളാക്കി മാറ്റും'.

▶ ബുധിനിയുടെ ആടുകളും പുല്ലാങ്കുഴലും

മണിയ്ക്ക് പാട്ട് പഠിപ്പിച്ചു കൊടുക്കുന്ന ബുധിനിയെ നോവലിൽ കാണാം. 'ബാബ വിതച്ച വിത്ത് ഉറുമ്പു തിന്നോ, കിളി തിന്നോ?'' മണിക്കു നാലു വയസ്സേ ഉള്ളൂ. അതിന്റെ അറിവേ അവനുള്ളൂ. നെന്മ ണി കരയുന്നു എന്ന പാട്ട് അവനെ പഠിപ്പിച്ചത് ബുധിനിയാണ്'.

''നെന്മണി കരയുന്നു.

നെന്മണി ചോദിക്കുന്നു.

എന്നാണെന്റെ കല്യാണം?

മാനത്തുനിന്ന് മഴവെള്ളം വീണ്

മണ്ണ് കുതിരുന്നതെന്നാണോ

അന്നാണ് നിന്റെ കല്യാണം''.

നഷ്ടങ്ങളുടെ പാട്ടുകൾ പാടുന്ന ഗ്രാമീണരുടെ ജീവിതവും ബുധിനിയുടെ ജീവിത കഥയിൽ നിന്നാണ് നോവൽ കണ്ടെടുക്കുന്നത്. നഷ്ടങ്ങളുടെ പാട്ടുകാരൻ തീരത്തിരുന്ന് പാടി :

'ഞാൻ പാട്ടുകാരൻ, കൃഷിക്കാരൻ, മീൻപിടുത്തക്കാരൻ ,

കടത്തുകാരൻ, വേട്ടക്കാരൻ, കൊട്ടുവാദ്യക്കാരൻ

ശേഫാലി ഹാരംബുധി',

എന്റെ പാട്ടും കലപ്പയും തോണിയും ചൂണ്ടയും

ധക്കും തമക്കും അമ്പും വില്ലും

അവരെടുത്തു.

മാഞ്ജിത്താനിൽ പോകൂ

ഹാരംബോംഗയുടെ വില്ലെടുക്കൂ'' തുടങ്ങിയ ഗാനങ്ങൾ ഉദാഹരണം.

▶ സംഗീതവും ജീവിതവും

'ഡിവിസിയിൽ ജോലിക്കു പോയ ആദ്യത്തെ ദിവസം ബുധിനിയുടെ കൈകൾ ചുവന്നു തിണർത്തു. രാത്രിയാവുമ്പോഴേക്കും ഉള്ളംകൈയിൽ ചുട്ടുനീറ്റലോടെ വലിയ പോളകൾ പൊന്തി. പോളകൾക്കുള്ളിൽ നീർ നിറഞ്ഞ് വിങ്ങി. നേരം വെളുക്കുന്നതുവരെ ചുളുചുളാ കുത്തി വേദനിച്ചു. പിന്നെ പോളകൾ പൊട്ടി ചോരയും പഴുപ്പുവെള്ളവും പുറത്തു ചാടി. ചുറ്റികത്തണ്ട് രക്തക്കറകൊണ്ട് കറുത്തു. ഉള്ളംകൈയ്ക്കും ചുറ്റികത്തണ്ടിനു മിടയിൽ കയറിയ പാറമണൽത്തരികൾ മാംസത്തിൽ തറച്ച് അസഹ്യമായ വേദനയനുഭവിച്ചു. പിന്നെ മുറിവുണങ്ങി. തഴമ്പുകളുണ്ടായി. കല്ലുടയ്ക്കുന്ന ജോലി ബുധിനി വെറുത്തു. രാവിലെ പണിക്കു കയറിയാൽ പണിയിറങ്ങുന്നതുവരെ കല്ലും കൈയും ചുറ്റികയും മാത്രം. ചിലപ്പോൾ കല്ലിൽനിന്ന് തീ, ചിലപ്പോൾ രക്തം; ദൈവമോ, കവിതയോ ശില്പമോ തീരെ വന്നില്ല. ബുധിനിയെപ്പോലെ നൂറുകണക്കിനാളുകളാണ്, പ്രത്യേകിച്ച് കുട്ടികൾ, കല്ലുടച്ച് കൂട്ടിക്കൊണ്ടിരിക്കുന്നത്. നിരന്ന്, തലകുമ്പിട്ടിരുന്ന്. ചുറ്റി നടക്കുന്ന മേസ്തിരിമാർ തല പൊക്കാൻ സമ്മതിക്കില്ല. തല പൊക്കി നോക്കിയാലും കാണുക, ആകാശത്തിന്റെ അങ്ങേയറ്റം വരെ ഉടച്ചുകൂട്ടിയ പാറക്കല്ലുകളുടെ വലിയ മലകൾ മാത്രം. കരിങ്കൽപ്പൊടി അവരുടെ തലമുടിയിലും മുഖത്തും വസ്ത്രങ്ങളിലും കൺപീലികളിലും വരെ അടിഞ്ഞുകൂടിയിരിക്കുന്നു. കാറ്റിനുചാരനിറമാണ്. ആകാശത്തിനും ഭൂമിക്കും മരങ്ങൾക്കും പൂക്കൾക്കും പുല്ലിനും ചാരനിറമാണ്. ചാരനിറമുള്ള പക്ഷികൾ, ചാരനിറമുള്ള പൂമ്പാറ്റകൾ. ഒരു ഭസ്മലോകം'. കാതടച്ചു പോകുന്ന വലിയ ഒച്ചകൾ ഇതിനു മുൻപ് അവൾ കേട്ടിട്ടില്ല എന്ന് നോവലിൽ പറയുന്പറയുന്നുണ്ട്. ഡി വി സിയിലെ ജീവിതത്തിൽ നിന്ന് എത്രയോ ഭിന്നവും സ്വസ്ഥവുമായിരുന്നു തന്റെ ഗ്രാമത്തിലെ ജീവിതം എന്ന് അവൾ ഓർക്കുന്നുണ്ട്.

▶ ഡിവിസിയിലെ ജോലി

അണക്കെട്ടിന്റെ ഉത്ഘാടനത്തിനു ശേഷം നടന്ന സംഭവ വികാസ ങ്ങൾ ബുധിനിയുടെ ജീവിതത്തെ മാറ്റിമറിച്ചു. അതിനു ശേഷമുള്ള അവളുടെ ജീവിതത്തെക്കുറിച്ച് അധികം ആർക്കും അറിയുമായിരു ന്നില്ല. ബുധിനി പറഞ്ഞു: "കാണാൻ അവസരം കിട്ടുകയാണെങ്കിൽ ഞാൻ പ്രധാനമന്ത്രിയോടു പറയും. നിങ്ങളുടെ മുത്തച്ഛൻ കാരണം ജീവിതം തകർന്നുപോയ ഒരു സ്ത്രീയാണ് ഞാൻ. കഴിഞ്ഞ ഇരുപ ത്തിയേഴ് കൊല്ലമായി ഒരിടമില്ലാതെ അലയുന്നു. എനിക്കൊരു വീ ടും വീട്ടുകാരും സ്വന്തം ഗ്രാമവും ഉണ്ടായിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ എനിക്കതെല്ലാം നഷ്ടപ്പെട്ടു. എനിക്കൊരു തൊഴിലും ചെ റിയ വരുമാനവുമുണ്ടായിരുന്നു. അതും നിങ്ങളുടെ മുത്തച്ഛന്റെ പേ രിൽ നഷ്ടപ്പെട്ടു. ഡിവിസിക്കാർ എന്നെ ജോലിയിൽനിന്നും പിരിച്ചു വിട്ടത് വേറൊരു കാരണവും ഇല്ലാതെയാണ്. എന്റെ ഗ്രാമം എന്നെ ശിക്ഷിച്ചതും കുടുംബം എന്നെ ഉപേക്ഷിച്ചതും നിങ്ങളുടെ മുത്തച്ഛ ന്റെ പേര് പറഞ്ഞിട്ടാണ്. ഗ്രാമസഭ ബിത്ലാഹ നടത്തിയാണ് എന്നെ പുറത്താക്കിയത്. അത് എത്ര ക്രൂരമാണെന്നു നിങ്ങൾക്കറിയാമോ? ഞാൻ എങ്ങോട്ട് പോകും? എങ്ങനെ ജീവിക്കും? എവിടെ അന്തിയു റങ്ങും? ഞാൻ എന്തുകൊണ്ടു മരിച്ചുപോയില്ലെന്ന് ഇപ്പോൾ അത്ഭു തം തോന്നുന്നു. ഡിവിസിയിലെ ആളുകളാണ് നിങ്ങളുടെ മുത്തച്ഛ ന്റെ കഴുത്തിൽ മാലയിടാൻ എന്നോടു പറഞ്ഞത്. അവർ പറഞ്ഞത് ഞാൻ ചെയ്തു. ഗ്രാമം എന്നെ ശിക്ഷിച്ചപ്പോൾ അവർക്ക് ഗ്രാമസ ഭയെ സത്യാവസ്ഥ ബോധ്യപ്പെടുത്താമായിരുന്നു. ഗ്രാമസഭ വിധി ക്കുന്ന പിഴയൊടുക്കി എന്നെ തിരിച്ചെടുപ്പിക്കാമായിരുന്നു. എന്റെ കുടുംബത്തിനും അത് ചെയ്യാമായിരുന്നു. അവരും അതുചെയ്തില്ല. ഒരു പെൺകുട്ടിയെക്കാൾ പ്രധാനം ഗ്രാമത്തിലെ അവരുടെ സ്വസ്ഥ ജീവിതമണെന്ന് അവർ കരുതിക്കാണും. താങ്കളുടെ മുത്തച്ഛൻ ഇതൊന്നും അറിഞ്ഞിട്ടില്ലെന്ന് ഞാൻ വിശ്വസിക്കില്ല. അതോ അതൊ രു തമാശയായിട്ട് എടുത്തുവോ? എന്റെ ജീവിതംകൊണ്ട് സർക്കാ രും ഡിവിസിയും തമാശ കളിക്കുകയായിരുന്നോ? എനിക്കോ എന്റെ ഗ്രാമത്തിനോ അതൊരു തമാശയായിരുന്നില്ല. അതൊരു വിവാഹമാ യിരുന്നില്ലെന്ന് എന്തുകൊണ്ട് താങ്കളുടെ മുത്തച്ഛനും ഡിവിസിയും ഗ്രാമസഭയെ ബോധിപ്പിച്ചില്ല? പകരം അവർ എന്താണു ചെയ്തത്? എന്നെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. ജോലിക്കെടുക്കുന്ന സമ യത്ത് അവർ പറഞ്ഞിരുന്നത് സ്ഥിരജോലി എന്നാണ്. ഗ്രാമവും വീ ടും പുറത്താക്കിയ ഒരു പെൺകുട്ടിയെ ജോലിയിൽ നിന്നുകൂടി പുറ ത്താക്കുമ്പോൾ അവൾ എങ്ങനെ ജീവിക്കുമെന്ന് ഒരാളും ചിന്തിച്ചില്ല. എത്രതവണ ഡിവിസിയുടെ പടി കയറിയിറങ്ങി ഞാൻ. എത്രപേ ർക്ക് അപേക്ഷകൾ കൊടുത്തു. ജോലിയുണ്ടായിരുന്നെങ്കിൽ ഒരു നേ രത്തെ ആഹാരത്തിനുള്ള വകയെങ്കിലും ഉണ്ടാവുമായിരുന്നില്ലേ? വർ ഷമെത്ര കഴിഞ്ഞു. ഇപ്പോഴും ഗ്രാമത്തിനോ ഡിവിസിക്കോ ഒരു മാ റ്റവുമില്ല. പഴയപോലെ കല്ലെറിയുന്നില്ലന്നേയുള്ളൂ. ഇപ്പോൾ ഞാൻ താങ്കളുടെ മുന്നിൽ വന്നിരിക്കുന്നു. പട്ടിണികിടന്ന് എനിക്ക് മടുത്തു. ഞങ്ങൾക്കൊരു വീടില്ല. അടുത്ത ദിവസം എങ്ങോട്ടുപോകണം എന്ന റിയില്ല. എന്നെ ജോലിയിൽ തിരിച്ചെടുക്കാൻ പറയൂ. ഞാൻ ഒരു തെ റ്റും ചെയ്തിട്ടില്ല. നിങ്ങളുടെ മുത്തച്ഛൻ കാരണമാണ് എന്റെ ജീവിതം തുലഞ്ഞത്.''ബുധിനി സാരിത്തലപ്പുകൊണ്ട് മുഖം തുടച്ച് കുനിഞ്ഞി

രുന്നു. മറ്റുള്ളവരുടെ മുന്നിൽ വെച്ച് കരയാൻ അവർ ഇഷ്ടപ്പെട്ടില്ല. ബുധിനിയുടെ വാക്കുകളിൽ നിന്നുതന്നെ അവരുടെ ജീവിതകഥ വ്യക്തമാകുന്നുണ്ട്. രാജീവ് ഗാന്ധി കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നും ബുധിനിയ്ക്ക് നീതി ലഭിക്കുമെന്നും മറ്റുള്ളവർ ബുധിനിയെ സമാധാനിപ്പിച്ചു. പക്ഷേ അവൾക്ക് നഷ്ടമായ കാലത്തിനും ജീവിതത്തിനും പകരമാകുമായിരുന്നില്ല ഒന്നും.

▶ ബുധിനിയുടെ ജീവിതവുംഅവൾക്ക് നഷ്ടമായ കാലവും

### ദത്ത

ബുധിനിയുടെ ജീവിതപങ്കാളിയായിരുന്നു ദത്ത. സാന്താൾ ഗോത്രം അവളെ പുറത്താക്കിയപ്പോൾ ബുധിനിയ്ക്ക് ആശ്രയമായിരുന്നത് ദത്തയാണ്. അയാൾക്ക് നെഹ്റുവിനോട് യാതൊരു ദേഷ്യവുമുണ്ടായിരുന്നില്ല. മറിച്ച് നെഹ്റുവിന്റെ തീരുമാനങ്ങളെ അയാൾ വിമർശന ബുദ്ധിയാൽ സമീപിച്ചു. 'നെഹ്റുവിന് ജനങ്ങളിലാണു വിശ്വാസവും പ്രതീക്ഷയുമുണ്ടായിരുന്നത്. രാജ്യത്തെ ക്ഷേമകരമാക്കുന്ന പ്രവൃത്തിയിൽ വ്യാപൃതരാണ് ഇന്ത്യയിലെ ജനങ്ങളെന്ന് നെഹ്റു ലോകത്തോടു പറഞ്ഞത്, രോമാഞ്ചത്തോടെയാണ് താൻ കേട്ടതെന്ന് ദത്ത ഓർത്തു. നെഹ്റുവിനെ തോല്പിച്ചത് ബ്രിട്ടീഷുകാരുടെ ചുവടുപിടിച്ചു നടത്തിയ പ്ലാനിങ്ങാണ്. സ്വതന്ത്ര രാജ്യത്തിലെ ജനങ്ങൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുമ്പോൾ അതെങ്ങനെ ബ്രിട്ടീഷുകാരിൽനിന്ന് വ്യത്യസ്തമാകണമെന്ന് പ്ലാനിങ് കമ്മീഷനും ഉദ്യോഗസ്ഥന്മാരും ചിന്തിച്ചില്ല. നെഹ്റുവിന്റെ സ്വപ്നങ്ങളിൽ ഇന്ത്യയിലെ മുഴുവൻ ജനങ്ങളുടെയും ക്ഷേമമുണ്ടായിരുന്നുവെന്നാണു താൻ വിശ്വസിക്കുന്നതെന്ന് ദത്ത പറഞ്ഞു. എന്നാൽ ഇന്ത്യയുടെ സ്വാതന്ത്ര്യം അതേപടി നിലനിൽക്കുമോ എന്ന ആശങ്കയും നെഹ്റുവിനുണ്ടായിരുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

▶ ബുധിനിയുടെ ജീവിതപങ്കാളി

## 3.4.3 ഇതിവൃത്തവിശകലനം

പുരുഷമേധാവിത്വത്തോട് കലഹിക്കുന്ന എഴുത്തുകാരിയെയാണ് 'ആലാഹയുടെ പെൺമക്കൾ, 'മാറ്റാത്തി' 'ആതി', 'ഊര്കാവൽ', 'ഒതപ്പ്', 'ആളോഹരി ആനന്ദം' എന്നീ നോവലുകളിലൂടെ കാണാനാകുന്നത്. ഇതിൽ നിന്നം വ്യത്യസ്തമായ ഒരു വീക്ഷണതലം 'ബുധിനി' യിൽ സാറാജോസഫ് കൊണ്ടുവരുന്നു. വംശീയതയും ലിംഗസ്വത്വവും സമന്വയിക്കുന്ന ഉദാത്താവിഷ്കാരമാണ് സാറാജോസഫിന്റെ 'ബുധിനി' എന്ന നോവൽ.

▶ സാന്താൾ പെൺകുട്ടി അനുഭവക്കുന്ന ദുരന്തങ്ങൾ

ആധുനികാനന്തര നോവലുകളിലെ മുഖ്യ സവിശേഷതകളിലൊന്നായ ചരിത്രകഥാകഥനത്തിന് ഈ നോവലിൽ ഏറെ പ്രാധാന്യമുണ്ട്. യാഥാർത്ഥചരിത്ര സംഭവത്തിന്റെ പശ്ചാത്തലമാണ് നോവലിൽ മുഖ്യം. എന്നാൽ ഭാവനയെ തന്മയത്തോടെ, ചരിത്രത്തോട് കൂട്ടയിണക്കുന്ന നോവൽ ഗ്രാമീണ സംസ്കാരത്തിലെ വിശ്വാസാചാരങ്ങൾ പൊതു ജീവിതത്തിൽ കടന്നുവരുമ്പോൾ ഉണ്ടാകുന്ന സങ്കീർണതകളും സംഘർഷങ്ങളുമാണ് വിഷയമാക്കുന്നത്. ഒപ്പം പ്രകൃതിയെ ധ്വംസിച്ചുകൊണ്ടുള്ള വികസനവും അതുമായി ബന്ധപ്പെട്ടു നില്ക്കുന്ന ജനതയെ ദുരന്തത്തിലാഴ്ത്തുന്ന അനുഭവവും നോവലിൽ കാണാം. മരങ്ങളിലും നദികളിലും മലകളിലും കൂടികൊള്ളുന്ന ആരാധ്യരായ ആത്മാക്കളെ (ബോംഗകൾ) നിത്യജീവിതത്തോട് ചേർത്ത്

> ▶ പ്രകൃതിയെ ധ്വംസി ച്ചുകൊണ്ടുള്ള വിക സനം

നിർത്തുന്ന ഗോത്രവിഭാഗക്കാരാണ് സാന്താൾ ജനത. അണക്കെട്ട് നിർമ്മാണത്തിൽ വഴിമുട്ടുന്ന ജീവിതങ്ങൾ കൽക്കരിപ്പാടത്തിലേയ്ക്ക് പലായനം ചെയ്യുന്നു. അവിടെ അതിജീവനത്തിന് കെൽപ്പില്ലാതെ വെന്തെരിയുന്ന ജീവിതചിത്രീകരണവും നോവലിലുണ്ട്.

രാഷ്ട്രനിർമ്മാണവും ഡാമുകൾപോലെയുള്ള വൻപദ്ധതികളും കുടിയൊഴിപ്പിച്ച കോടാനുകോടി മനുഷ്യരുടെ പ്രതീകമാണ് ബുധിനി എന്ന് സാറാജോസഫ് തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഇന്ത്യയിലെ പിഴുതെറിയപ്പെട്ട മനുഷ്യരുടെ കഥയാണ് ബുധിനിയുടേത്. ദാമോദർവാലി അണക്കെട്ടിന്റെ നിർമ്മാണത്തിൽ മുങ്ങിപ്പോയ നൂറിലധികം ഗ്രാമങ്ങളോടും അവയിലെ സംസ്കാര വിശേഷത്തോടും കൂടെ ഉയർന്നു വരുന്ന കഥാപാത്രമാണ് ബുധിനി. ഒരു പത്രവാർത്തയെ ആധാരമാക്കിയാണ് 'ബുധിനി' യുടെ രചന നിർവഹിച്ചിട്ടുള്ളത്. ശ്രീമതി. ചിത്രാ പത്മരാജൻ എഴുതിയ 'Mejhan from the slited Landscapes of Modern India' എന്ന ലേഖനത്തിൽ നിന്നാണ് ബുധിനിയുടെ കഥ സാറാജോസഫ് കണ്ടെത്തിയത്. നോവലെഴുതുമ്പോൾ ബുധിനി മരിച്ചു പോയി എന്നായിരുന്നു നോവലിസ്റ്റിന്റെ ധാരണ. ചരിത്രസത്യങ്ങളെ അതേപടി അവതരിപ്പിക്കാൻ ബുധിനിയെന്ന കഥാപാത്രത്തെ ഭാവനയുടെ സാധ്യതകളിലേയ്ക്ക് നോവലിസ്റ്റ് വിട്ടുകൊടുത്തു.

> ▶ വൻപദ്ധതികൾ കുടിയൊഴിപ്പിച്ച കോടാനുകോടി മനുഷ്യരുടെ പ്രതീകം

യാദൃച്ഛികമായാണ് ബുധിനി ജീവിച്ചിരിപ്പുണ്ടെന്ന സത്യം സാറാജോസഫ് മനസ്സിലാക്കുന്നത്. ചരിത്ര വിജയങ്ങൾ ദുരന്തങ്ങളായി മാറുന്ന യാഥാർഥ്യത്തിന്റെ നേർക്കാഴ്ച ബുധിനിയിൽ വെളിപ്പെടുന്നു. ദുരന്തങ്ങളുടെ വ്യക്തമായ ചരിത്രം ചികഞ്ഞ് പലപ്പോഴും പോകാറില്ല. ദാമോദർവാലി അണക്കെട്ടിന്റെ പ്രവർത്തനോദ്ഘാടനവുമായി ബന്ധപ്പെട്ട് നടന്ന ഒരു സംഭവം, ഗോത്രാചാരപ്രകാരം അതിന് ഇരയായി മാറേണ്ടി വന്ന ഒരു പെൺകുട്ടിയുടെ ജീവിതത്തിന്റെ തുടർമാനങ്ങൾ അന്വേഷിച്ച് ആരും ചെന്നെത്തിയില്ല. സാറാ ജോസഫ് ബുധിനിയിലൂടെ സാന്താൾ ഗോത്രത്തിന്റെ ജീവിത ചരിത്രത്തിലേയ്ക്ക് കടന്നു ചെല്ലുന്നു. അണക്കെട്ട് ബുധിനിയുടെ ജീവിതം മാത്രമല്ല മാറ്റിമറിച്ചത്. അവിടെ നിലനിന്നിരുന്ന ഒരു ജനതയുടെ ചരിത്രവും മറയുകയാണ്. സാന്താൾ ജനതയുടെ പ്രകൃതി, ജീവിതം, പാരമ്പര്യം. പൈതൃകം, ഓർമ്മകൾ ഇവയെല്ലാം ഇല്ലാതാവുന്നത് ഇന്ത്യൻ വികസനമെന്ന അഭിമാന നേട്ടത്തിന് മുന്നിലാണെന്നോർക്കണം. ഈ യാഥാർഥ്യത്തെ 'ബുധിനി' എന്ന നോവൽ തുറന്നു കാട്ടുന്നു. വംശപഠനവും സ്ത്രീയാവിഷ്ക്കാരവും പ്രകൃതിചിന്തയും സമന്വയിക്കുന്നതാണ് 'ബുധിനി' യിലെ ഇതിവൃത്തം.

> ▶ വംശപഠനവും സ്ത്രീയാവിഷ്ക്കാരവും പ്രകൃതി ചിന്തയും സമന്വയിക്കുന്നു

വ്യക്തിയിലൂടെ ഒരു സമൂഹത്തെയും ആ സമൂഹത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളെയും ആചാരവിശേഷങ്ങളെയും അടയാളപ്പെടുത്തുകയാണ് സാറാജോസഫ്. ആധുനിക രാഷ്ട്രനിർമ്മാണവും വികസനപ്രവർത്തങ്ങളും ഇരുട്ടിലാഴ്ത്തുന്ന സാധാരണ ജനതയുടെ ജീവിത ചിത്രീകരണവും ഇതിലുണ്ട്. 'ബുധിനി' ഒരാളുടെ ചരിത്രമല്ല; ഒരു ജനസമൂഹത്തിന്റെ ചരിത്രമാണ്. വ്യക്തി ജീവിതത്തിലെ വേദനകൾ ബുധിനിയിലൂടെ അവതരിപ്പിക്കുമ്പോഴും സാ

മൂഹികാവസ്ഥകൾ സൃഷ്ടിക്കുന്ന പ്രതിസന്ധികളെയും നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. ഒരു ഭാഗത്ത് രാഷ്ട്രവികസന നിർമ്മാതാക്കളെ രാഷ്ട്രത്തിന്റെ ഭാഗമായി അംഗീകരിക്കുന്ന പരിഗണനയുടെ രാഷ്ട്രീയമാണ് ബുധിനിയെക്കൊണ്ട് നെഹ്റു അണക്കെട്ട് ഉദ്ഘാടനം ചെയ്തതിൽ ഉയർന്നു നിൽക്കുന്നത്. എന്നാൽ മറുഭാഗത്ത് അവഗണനയുടെ രാഷ്ട്രീയം ഗോത്രാചാരവുമായി ബന്ധപ്പെട്ട് ശക്തമാകുന്നു. ഗോത്ര വിശ്വാസവും ആധുനിക ലോക സങ്കൽപ്പവും തമ്മിലുള്ള സംഘർഷം 'ബുധിനി'യിൽ കാണാം.

- ഗോത്ര വിശ്വാസവും ആധുനിക ലോക സങ്കൽപ്പവും തമ്മിലുള്ള സംഘർഷം

സ്വന്തം മണ്ണിൽ നിന്നും പുറത്താക്കപ്പെടുന്നവരുടെ ചരിത്രമാണ് 'ബുധിനി'യിലുള്ളത്. പാഞ്ചേത് എന്ന ആദിവാസമേഖലയിലാണ് പശ്ചാത്തലം. വികസനത്തിന്റെ പേരിൽ തൊഴിൽരഹിതരാകുന്നവരുടെയും പാർപ്പിടം നഷ്ടപ്പെടുന്നവരുടെയും പ്രതീക്ഷയാണ് ബുധിനി മെജാൻ രൂപപ്പെടുന്നത്. 'ബുധിനി'യിലെ കഥ നടക്കുന്നത് സ്വാതന്ത്ര്യത്തിന് തൊട്ടു പിന്നാലെയുള്ള കാലത്താണ്. ഈ ഘട്ടത്തിൽ വികസനക്ഷേത്രഭൂമികയായി അണക്കെട്ടുകൾ നിർമ്മിക്കപ്പെടേണ്ടതിനെക്കുറിച്ച് നെഹ്റു വികാരഭരിതനായി സംസാരിച്ചതും ശ്രദ്ധേയമാണ്. എന്നാൽ വികസനവും വികസന തത്ത്വവുമൊക്കെ ആർക്കുവേണ്ടിയാകണം എന്ന സത്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നു. ഒരു രാജ്യത്ത് പല തരത്തിലുള്ള മനുഷ്യരെ സൃഷ്ടിക്കുന്ന വികസനനയമാണ് നിലനിൽക്കുന്നതെന്നു നോവലിസ്റ്റ് പറഞ്ഞു വെയ്ക്കുന്നു. പാരിസ്ഥിതികാഘാതം മറന്നുള്ള വികസന സങ്കൽപ്പങ്ങൾ ദോഷത്തിനേ ഹേതുവാകൂ എന്ന മുന്നറിയിപ്പും ഇതിലുണ്ട്. നോവൽ അവസാനിക്കുന്നത് ഇപ്രകാരമാണ്.

- സ്വന്തം മണ്ണിൽ നിന്ന് പുറന്തള്ളപ്പെടുന്ന മനുഷ്യരുടെ കഥ

'ബുധിനി മാ, നമ്മുടെ രാജ്യം നിങ്ങളോടു തെറ്റാണ് ചെയ്തത്.
അത് തിരുത്താൻ
രാജ്യമോ? ഏതാണ് എന്റെ രാജ്യം?'

## Summarised Overview

വികസനത്തെ പുൽകുന്നവരും എതിർക്കുന്നവരും ഇരുചേരികളിൽ നിന്ന് പോരടിക്കുന്ന സാമൂഹ്യാന്തരീക്ഷം ഇന്ന് നാട്ടിലെങ്ങും ഉണ്ട്. വികസനത്തിന്റെ പേരിൽ ഒഴിവാക്കപ്പെടുന്നവരുടെ പരിദേവനങ്ങൾക്ക് എന്നും ലഭിക്കുന്നത് അവഗണന മാത്രമാണ്. ആധുനികവൽക്കരണത്തിന്റെ വകതിരിവില്ലായ്മയിൽ വലയുന്നവർ മുഖ്യധാരയിൽ നിന്ന് എന്നത്തേക്കുമായി ഒഴിവാക്കപ്പെടുന്ന വർത്തമാനകാലത്ത് ബുധിനി ഉന്നയിക്കുന്ന കേന്ദ്ര പ്രമേയം ശ്രദ്ധേയമാകുന്നു. മലയാളിക്ക് ഒട്ടും പരിചിതമല്ലാത്ത ഒരു ദേശത്തെയും ജനതയെയും അവരുടെ ഗോത്ര സംസ്കാരത്തെയും കുറിച്ചുള്ള ചിത്രീകരണത്തിലൂടെ സാറാ ജോസഫ് വായനക്കാരെ വിസ്മയിപ്പിക്കുക മാത്രമല്ല അവരിൽ അപരബോധം ഉണർത്തുകയും ചെയ്യുന്നു.

അണക്കെട്ടുകൾ ഇന്ത്യയുടെ ആധുനിക ക്ഷേത്രങ്ങളാണ് എന്ന സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഭരണകർത്താക്കളുടെ വിലയിരുത്തലുകൾ നോവലിൽ ചോദ്യം ചെയ്യപ്പെടുന്നു. പുഴകൾ ശാന്തമായി ഒഴുകാൻ ഉള്ളതാണോ മനുഷ്യനുവേണ്ടി മെരുക്കപ്പെടേണ്ടതാണോ എന്ന മൗലികപ്രശ്നമാണ് ബുധിനി മുന്നോട്ടു വെക്കുന്ന പാരിസ്ഥിതിക പ്രശ്നം. ഒരിക്കൽ ബുധിനി തുറന്നുവിട്ട വെള്ളം മൂലം തന്നെ പിന്നീട് അവരുടെ ഗ്രാമം ഒന്നടങ്കം മുങ്ങിപ്പോകു

ന്നു എന്നത് വികസനത്തിന്റെ പൊള്ളത്തരത്തെയാണ് വെളിവാക്കുന്നത്. റിസർവോയറിൽ വെള്ളം നിറയുമ്പോൾ നിൽക്കാൻ സ്ഥലം ഇല്ലാത്തതുകൊണ്ട് ഒഴിവാക്കപ്പെടുന്ന ജനങ്ങൾ എവിടെപ്പോകുന്നു എന്ന കാതലായ പ്രശ്നത്തെ മുന്നിൽ കാണാതെയാണ് ഒരുകാലത്ത് അണക്കെട്ടുകൾ നിർമ്മിച്ചു കൂട്ടിയത്. രാഷ്ട്രനിർമ്മാണം എന്ന് പറയുന്ന പ്രക്രിയയുടെ ഇടയിൽ പൊട്ടിപ്പോയ ഒരു മൺകട്ടയല്ല ബുധിനി. ബുധിനി ഇന്ത്യ തന്നെയാണ്. ബുധിനി ഇന്ത്യയുടെ വികസന ചരിത്രത്തെ നിശിത പരിശോധനയ്ക്ക് വിധേയമാക്കാൻ പ്രേരണ നൽകുന്നു. രാജ്യത്തിൻറെ കുറ്റകരമായ മറവിയിൽ നിന്ന് വീണ്ടെടുക്കപ്പെടേണ്ടവളാണ് അവൾ. പാഞ്ചേത്ത് ഡാമിൻറെ റിസർവോയറിൽ മുങ്ങിപ്പോയ നൂറിലധികം ഗ്രാമങ്ങളോടും അതിവിസ്തൃമായ വയലുകളോടും കാടുകളോടും ക്ഷേത്ര സമുച്ചയങ്ങളോടും ഒപ്പം പിഴുതെറിയപ്പെട്ട ഒരു മഹാജനസഞ്ചയത്തോടൊപ്പം രാജ്യത്തിൻറെ ഓർമ്മകളിലേക്ക് അവൾ പൊന്തിവരണമെന്ന് സാറാ ജോസഫിന് തോന്നിയതിന്റെ ഫലമാണ് ബുധിനി എന്ന് നോവലിസ്റ്റ് തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഉത്തരാധുനിക സാമൂഹിക വ്യവസ്ഥയിൽ മനുഷ്യ വ്യവഹാരങ്ങളുടെ എല്ലാ മണ്ഡലങ്ങളെയും അടയാളപ്പെടുത്താൻ എഴുത്തുകാർ പ്രയോഗിക്കുന്ന പദമാണ് ദേശം. ചരിത്രത്തെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കേണ്ടിവരുമ്പോഴാണ് ദേശപരികൽപ്പനകൾക്ക് സാംഗത്യമേറുന്നത്. അവരവരുടെ ഇടത്തെ സംബന്ധിച്ചുണ്ടാകുന്ന അടിസ്ഥാന വ്യാകുലതകൾ എഴുത്തിൽ പ്രതിപാദിതമാകുന്ന രീതിയും ഇതിൻറെ ഭാഗമാണ്. ദേശവും ചരിത്രാഖ്യാനവും പറഞ്ഞു പോകുന്നതിലുപരി നിലനിൽപ്പിനെ കുറിച്ചുള്ള യാഥാർത്ഥ്യം തിരിച്ചറിയാൻ ഒരു സമൂഹത്തെ പര്യാപ്തമാക്കുക എന്നതും ദേശസംസ്കാരത്തിന്റെ പുതിയ അർത്ഥതലത്തിൽ ഉൾപ്പെടും. പ്രാദേശിക സ്വത്വ പ്രതിഫലനം എഴുത്തുകാരുടെ സർഗാത്മകതയുടെ പശ്ചാത്തലമായും രചനയുടെ സ്വാധീനമായും മാറാറുണ്ട്.

സ്ത്രീസ്വത്വനിർമ്മിതിയിലെ സാംസ്കാരിക പരിണാമവും വ്യത്യസ്തതയും പരിശോധിക്കുന്നവയാണ് സാറാ ജോസഫിന്റെ നോവലുകൾ. സ്ത്രീ വീക്ഷണത്തിലൂടെ അവളുടെ ജീവിതത്തിന്റെ ഭിന്നതലങ്ങളും ഭാവങ്ങളും വെളിപ്പെടുത്തുന്ന എഴുത്തുകാരി, തന്റെ രചനകളിൽ സ്വതന്ത്രമായ വ്യക്തിത്വം പ്രകടമാക്കുന്നു. സ്ത്രീ സ്വത്വത്തിലെ സൂക്ഷ്മഭാവങ്ങളും അതിൽ ദർശിക്കാം. സ്ത്രീ ഉൾപ്പെടുന്ന ബാഹ്യലോകത്തിലല്ല, അവളുടെ ആന്തരിക വ്യക്തിമനസ്സിലേക്കാണ് സാറാ ജോസഫ് ആഴ്ന്നിറങ്ങുന്നത്. സാഹചര്യങ്ങളുടെ വിപരീത അവസ്ഥകളെ വെല്ലുന്ന അതിജീവന ശക്തിയുള്ള സ്ത്രീ കഥാപാത്രനിർമ്മിതി സാറാജോസഫിന്റെ നോവലുകളെ വ്യത്യസ്തമാക്കുന്നു. പ്രതിരോധത്തോടൊപ്പം അതിജീവനവും കൈമുതലായുള്ള സവിശേഷ വ്യക്തിത്വങ്ങളാണ് സാറാ ജോസഫിന്റെ കഥാപാത്രങ്ങൾ.

സ്ത്രീ ആവിഷ്കാരത്തോടൊപ്പം ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും പരിസ്ഥിതിയുടെയും പശ്ചാത്തലം നോവലുകൾക്ക് മികവേകുന്നു. പുരുഷ മേധാവിത്വം കയ്യടക്കിയിരുന്ന ഭാഷയിലെ പദങ്ങളെയും ചിഹ്നങ്ങളെയും പ്രതീകങ്ങളെയും വ്യത്യസ്തമായ തലത്തിൽ സ്വീകരിച്ച് ആഖ്യാനത്തിൽ വേറിട്ട വഴി തുറക്കുകയാണ് സാറാ ജോസഫ്. ദേശസംസ്കാരത്തിന്റെ വെളിപ്പെടുത്തലിലും തന്റേതായ വീക്ഷണഗതികളും നോവലിലൂടെ ആവിഷ്കരിക്കാൻ അവർ ശ്രമിക്കുന്നുണ്ട്. കീഴാള നിലപാടിന്റെ വ്യക്തമായ രേഖപ്പെടുത്തലും മതകേന്ദ്രീകൃത സമൂഹത്തിന്റെ അന്ത:സംഘർഷങ്ങളും സാറാ ജോസഫിന്റെ നോവലുകളിൽ ഇടംനേടുന്നു. കുടുംബത്തിലും പൊതുജീവിതത്തിലും ആത്മീയജീവിതത്തിലും സ്ത്രീയുടെ ഇടങ്ങൾ പരിമിതമാകുന്നതിന്റെ അന്വേഷണങ്ങളാണ് സാറാ ജോസഫിന്റെ രചനകൾ. എഴുത്തുകാരിയുടെ സാമൂഹിക വീക്ഷണങ്ങളുടെ വികാസ പരിണാമങ്ങൾ ആ രചനകളിൽ വ്യക്തമാണ്. പ്രവാസവും പലായനവും നാടുകടത്തലുമൊക്കയായി വ്യക്തിയനുഭവിക്കുന്ന സംഘർഷങ്ങളും നേരനുഭവങ്ങളും ഇതിലെ പ്രമേയങ്ങളാണ്.

## Assignments

1. സ്ത്രീയുടെ സ്വത്വബോധവും സംസ്കാരവും തിരിച്ചറിയാനുള്ള സാഹചര്യം നഷ്ടപ്പെടുന്ന അവസ്ഥയും ബുധിനി എന്ന കേന്ദ്ര കഥാപാത്രവും - ഉപന്യാസം തയ്യാറാക്കുക.
2. വികസനത്തിന്റെ പേരിൽ കുടിയൊഴിക്കപ്പെടുന്നവരുടെ ജീവിത ദുരന്തങ്ങൾ - ബുധിനിയെ മുൻനിർത്തി വിശദമാക്കുക.
3. സാന്താൾ വംശത്തിന്റെ വിശ്വാസാചാരങ്ങളും സംസ്കാരവും - 'ബുധിനി'യിൽ നിന്ന് കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക.
4. സാറാ ജോസഫിന്റെ നോവലിലെ സ്ത്രീ പക്ഷ രാഷ്ട്രീയം - ഉപന്യാസം തയ്യാറാക്കുക.
5. രാഷ്ട്രീയ വികസനവും ഗോത്ര സംസ്കൃതിയും തമ്മിലുള്ള സംഘർഷം - 'ബുധിനി'യിൽ നിന്ന് കണ്ടെത്തി ഉപന്യസിക്കുക.
6. കഥാപാത്ര നിരൂപണം - ബുധിനി.
7. സാറാ ജോസഫിന്റെ നോവലുകളിലെ സ്ത്രീപക്ഷരാഷ്ട്രീയം
8. 'ബുധിനി' യുടെ അതിജീവന ചരിത്രമാണിതിൽ പ്രധാനം - വിശദമാക്കുക
9. ചരിത്ര കഥാകഥനത്തിന്റെ സാംഗത്യവും 'ബുധിനി'യും
10. ഗോത്രവും സ്ത്രീയും അധികാരവും 'ബുധിനി'യിൽ - വിമർശനാത്മകമായി സമീപിക്കുക.

## Suggested Reading


1. ഇ. വി. രാമകൃഷ്ണൻ, വാക്കിലെ സമൂഹം, ഡി. സി. ബുക്സ്, കോട്ടയം.
2. രവീന്ദ്രൻ പി. പി, ഇടപെടലുകൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ശ്രീകുമാർ ഏ.ജി. (എ. ഡി.), ജനപ്രിയസാഹിത്യം മലയാളത്തിൽ, എസ്. പി. സി. എസ്., കോട്ടയം.
4. വി. സി. ശ്രീജൻ, നോവൽ വായനകൾ, ഡി. സി. ബുക്സ്, കോട്ടയം.
5. സുനിൽ പി. ഇളയിടം, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, എസ്. പി. സി. എസ്., കോട്ടയം.
6. Grossman, Edith, Why Translation Matters, Orient Blackswan.
7. Habermas, Jurgen, The Structural Transformation of the Bourgeois Public Sphere, MIT press.
8. Hans, Bertens, The Idea of the Post Modern, Routledge.
9. Howe, Irving, 'History and the Novel' in Norton anthology of theory and criticism, ed. by Vincent B. Lietch, W.W. Norton.

10. Hayden, White, 'The Historical text as literary artifact' in Norton an thology of theory and criticism, ed. by Vincent B. Lietch, W.W. Norton.

## References


1. ഇ. വി. രാമകൃഷ്ണൻ, വാക്കിലെ സമൂഹം, ഡി. സി. ബുക്സ്, കോട്ടയം.
2. രവീന്ദ്രൻ പി. പി., ഇടപെടലുകൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ശ്രീകുമാർ ഏ. ജി. (എ. ഡി.), ജനപ്രിയസാഹിത്യം മലയാളത്തിൽ, എസ്. പി. സി. എസ്., കോട്ടയം.
4. വി. സി. ശ്രീജൻ, നോവൽ വായനകൾ, ഡി. സി. ബുക്സ്, കോട്ടയം.
5. സുനിൽ പി. ഇളയിടം, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, എസ്. പി. സി. എസ്., കോട്ടയം.
6. എൻ. ജയകൃഷ്ണൻ (എ. ഡി.), പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. എൻ. ജയകൃഷ്ണൻ (എ. ഡി.), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. ജാൻസി ജെയിംസ്, ഉൾക്കാഴ്ചകൾ, കറന്റ് ബുക്സ്, കോട്ടയം.
9. എം. ലീലാവതി, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം., പ്രഭാത് ബുക്സ്, തിരുവനന്തപുരം.
10. വി. സുകുമാരൻ, സ്ത്രീ എഴുത്തും വിമോചനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മലയാള ചെറുകഥ കലയും ചരിത്രവും

## BLOCK-04

### Block Content


**യൂണിറ്റ് - 1**

1. ദ്വാരക - വേങ്ങയിൽ കുഞ്ഞിരാമൻനായനാർ
2. പൂവമ്പഴം -കാരൂർ നീലകണ്ഠപ്പിള്ള

**യൂണിറ്റ് - 2**

1. ചന്ദനമരങ്ങൾ - മാധവിക്കുട്ടി
2. പള്ളിവാളും കാൽച്ചിലമ്പും - എം. ടി. വാസുദേവൻ നായർ

**യൂണിറ്റ് - 3**

1. അഞ്ചരവയസുള്ള കുട്ടി  എം. മുകുന്ദൻ
2. മലമുകളിലെ അബ്ദുള്ള - പുനത്തിൽ കുഞ്ഞബ്ദുള്ള

**യൂണിറ്റ് - 4**

1. പ്രേതഭാഷണം - സി. അയ്യപ്പൻ
2. മാവോയിസ്റ്റ് - എസ്. ഹരീഷ്

# Unit 1

# ദ്വാരക

## വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

## Learning Outcomes

- മലയാളകഥയുടെ തുടക്കക്കാലത്തെക്കുറിച്ച് ധാരണ നേടുന്നു
- ആദ്യകാല മലയാളകഥകളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു
- വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ രചനാസവിശേഷതകൾ തിരിച്ചറിയുന്നു
- കഥാസന്ദർഭങ്ങളിൽ നിന്ന് കാൽപ്പനികാംശങ്ങളെ വേർതിരിച്ചെടുക്കാനുള്ള ശേഷി നേടുന്നു

## Background

മലയാളത്തിൽ കഥാസാഹിത്യത്തിന്റെ ആരംഭകാലത്തുണ്ടായ കഥകളിൽ ഒന്നാണ് ദ്വാരക. മലയാളത്തിലെ ആദ്യകഥയായി പൊതുവേ അംഗീകരിക്കപ്പെടുന്ന വാസനാവികൃതിയുടെ കർത്താവ് 'കേസരി' എന്നറിയപ്പെട്ട വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ മറ്റൊരു ശ്രദ്ധേയരചനയാണിത്. അക്കാലത്ത് എഴുതപ്പെട്ട മറ്റു കഥകളിൽ നിന്ന് ധാരാളം വ്യത്യാസങ്ങൾ ദ്വാരകയിൽ ഉണ്ടായിരുന്നു.

ചെറുകഥയുടെ രൂപമാതൃകയ്ക്ക് താങ്ങാനാവാത്ത വിവരണങ്ങളും സംഭവങ്ങളുടെ കുത്തിനിറക്കലും ദീർഘകാല പറച്ചിലുമായിട്ടാണ് കേസരിയുടെ പല സമകാലികരും കഥ രചിച്ചിരുന്നത്. എന്നാൽ കേസരിയിലത് ശില്പഭദ്രതതയോടെ കൈകാര്യം ചെയ്യപ്പെട്ടു. അസ്വാഭാവികമെന്ന് തോന്നാത്തമട്ടിൽ സ്വാഭാവികമായാണ് പ്രമേയത്തെ അദ്ദേഹം ചിട്ടപ്പെടുത്തുന്നത്. അതിശയോക്തി കഥകളുടെ പ്രധാനസ്വഭാവമായിരുന്ന കാലത്താണ് ഇതെന്നോർക്കണം.

എഴുതപ്പെട്ട കാലമാണ് ദ്വാരക എന്ന കഥയെ നിർമ്മിച്ചത് എന്ന് കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ കടന്നുവന്ന ആധുനികത സാധ്യമാക്കിയ മുന്നേറ്റങ്ങളാണ് ഇതിന് സാഹചര്യമൊരുക്കിയത്. ശാസ്ത്രത്തിന്റെ സാങ്കേതികവിദ്യയുടെയും മുന്നേറ്റത്തിന്റെ ഫലമായി കിട്ടിയ ധാരണകൾ പുതിയ കാഴ്ചകളിലേക്കും അനുഭവങ്ങളിലേക്കും നയിച്ചു. വൈദ്യുതി, കമ്പിത്തപാൽ തുടങ്ങി ദ്വാരകയിൽ കടന്നുവരുന്ന ഭൗതിക മാറ്റങ്ങൾ ഇങ്ങനെ ഉണ്ടായതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം പാരമ്പര്യത്തെ വിമർശനാത്മകമായും പുതിയ കാഴ്ചപ്പാടിലും സമീപിച്ചു. ഇവയെല്ലാം കൂടിയാണ് ദ്വാരക എന്ന കഥ രചിക്കപ്പെട്ടിരുന്നത്.

താൻ ജീവിച്ച മലബാറിന്റെ പ്രാദേശിക ചുവയുള്ള ഭാഷയിൽ പഴഞ്ചൊല്ലുകളെയും നാടോടിക്കഥകളെയും കേസരി സമർത്ഥമായി കഥകളിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. നാടൻ ശൈലികൾ നിറഞ്ഞതും നർമ്മത്തിന്റെ മേമ്പൊടിയുള്ളതുമായ കഥാരീതി ജീവിതത്തെ അടുപ്പിച്ച് നിർത്തുന്നതുമായിരുന്നു. നർമ്മബോധം അദ്ദേഹത്തിന്റെ കഥകളുടെ അടിസ്ഥാന ധാരയായി വർത്തിക്കുന്നതാണ്.

യഥാർത്ഥ ജീവിതാനുഭവം പോലെ വായിച്ചു പോകാവുന്ന ഒന്നാണ് ദ്വാരകയുടെ കഥാതന്തു. ആധുനികത സാധ്യമാക്കിയ എൻജിനീയറിങ് ബിരുദവും സാങ്കേതികരംഗത്തെ മുന്നേറ്റങ്ങളും കഥയിലാകെ നിറഞ്ഞുനിൽക്കുന്നു. ഇതുപയോഗിച്ച് കഥയെ ആഖ്യാതാവിന്റെ ജീവചരിത്രംപോലെ അനുഭവപ്പെടുത്താൻ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർക്കായി.

## Keythemes

- ആധുനികത കൂട്ടിക്കൊണ്ടുവന്ന ശാസ്ത്രത്തിന്റെ മുന്നേറ്റസൂചനകൾ
- മാറുന്ന അറിവടയാളങ്ങളുടെ സാന്നിധ്യം
- ആദ്യകാല കഥകളിൽ കാണുന്ന അതിശയോക്തി, നർമ്മം
- ഉത്തമപുരുഷ കഥാഖ്യാനം
- ഫാന്റസി കഥ

## Discussion

### 4.1.1.1 കഥാസംഗ്രഹം

- കമ്പിത്തപാൽ ജോലി

മദിരാശിയിൽ പഠിച്ചുകൊണ്ടിരുന്ന കാലം. ഡങ്കൻ സായിപ്പിൻറെ ഉപദേശപ്രകാരം ബിലാത്തിക്ക് പോയി. ബി സി ഇ പരീക്ഷ ജയിച്ചതിൽ പിന്നെ സാമാന്യം യോഗ്യനായ ഒരാളുടെ കീഴിൽ ഉദ്യോഗം ഭരിക്കണം എന്നുള്ള അത്യാഗ്രഹം ഉണ്ടായി. മാർട്ടിൻ ജെയിംസിന്റെ കീഴിൽ ഹിമവാൻ എന്ന കപ്പലിന്റെ ശില്പിശാസ്ത്രിയായി ഞാൻ നിയമിതനായി. ഏഡനിൽ നിന്ന് ബോമ്പായിലേക്കുള്ള കമ്പിത്തപാൽ നടത്തുന്നതിന് എളുപ്പമാർഗം പരിശോധിക്കുന്നതിനാണ് കപ്പൽ. കമ്പി ഇട്ടുകൊണ്ടിരിക്കെ ഒരു ദിവസം അങ്ങട്ടും ഇങ്ങട്ടും വർത്തമാനം ഒന്നും അറിയാതെകണ്ടായി. കമ്പിക്ക് എവിടെയോ ഒരു തടസ്സമുണ്ടെന്ന് നിശ്ചയിച്ചു.

- കടലിൽ മുങ്ങാൻ തീരുമാനം

കേടുപാടു തീർക്കേണ്ടതിന് കമ്പി പൊന്തിച്ചു കൊണ്ടിരിക്കെ അത് രണ്ടു കഷ്ണമായി. അധികം ആഴമില്ലാത്ത സ്ഥലത്താണ് കമ്പി താഴ്ന്നിരിക്കുന്നതെന്ന് തീർച്ചപ്പെടുത്തി ജലമജ്ജന കവചം ധരിച്ച് കടലിന്റെ അടിക്ക് പോകുകയേ നിവൃത്തിയുള്ളൂ എന്ന് മാർട്ടിൻ പറഞ്ഞു. അമേരിക്കയിലെ വിദ്യുച്ഛക്തിശാസ്ത്രജ്ഞൻ ഉണ്ടാക്കിയ ജലമജ്ജന കവചത്തിന്റെ ഉപകാരത്തെപ്പറ്റി മാർട്ടിൻ ഓരോന്ന് പ്രസംഗിക്കാൻ തുടങ്ങി. ശ്രീ. ജെയിംസിന്റെ കൈവശം ഒന്നുരണ്ട് യന്ത്രം ഉണ്ടെന്ന് കേട്ടപ്പോൾ എനിക്ക് അതിയായ സന്തോഷമായി. നാളെ കാലത്ത് മുങ്ങേണ്ടിവരും എന്ന് തീർച്ചപ്പെടുത്തി. പുരാണത്തിൽ ഉദ്ധരിച്ചിട്ടുള്ള ദ്വാരക ഈ ഭാഗത്തായിരിക്കും എന്നതിനാൽ വിശേഷവിധി കാണാനിടയുണ്ട്.

ദ്വാരകയെക്കുറിച്ച് ഓർത്തപ്പോൾ കടലിൽ മുങ്ങാനുള്ള ഭ്രമം കലശലായി. അതോർത്താണ് ഉറങ്ങാൻ കിടന്നത്. കുറച്ചൊന്നു കണ്ണുചിമ്മിയപ്പോൾ ശ്രീ. മാർട്ടിൻ ഏതോ ഒരു വലിയ കെട്ട് അഴിക്കുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ രണ്ട് ജലമജ്ജന കവചമാണ്. വയസ്സൻ മാലൂമി ഉണരുന്നതിനുമുമ്പ് മുങ്ങാൻ നിശ്ചയിച്ചു. ആദ്യം ശ്രീ. ജെയിംസ് ഇറങ്ങി. പിറകെ ഞാനും. പലവിധ കാഴ്ചകൾ കണ്ടു. നാഗരാക്ഷരത്തിൽ എന്തോ കൊത്തിയ ഒരു കല്ല് കണ്ടപ്പോൾ വലിയ സന്തോഷം തോന്നി. മുന്നോട്ടുനടന്നപ്പോൾ ഒരു കിണറിൽ എന്നപോലെ താഴോട്ട് വീണു. അവിടുത്തെ ഭിത്തികൾ ഒക്കെ പല വർണ്ണങ്ങളോട്

കൂടിയ അതിവിശേഷമായ കണ്ണോടുകൂടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇതിഹാസ പുരാണങ്ങളിൽ വർണ്ണിച്ച ദ്വാരകയിൽ ചെന്നുനിൽക്കാനുള്ള സംഗതി ഓർത്ത് പരിഭ്രമവും സന്തോഷവും ഉണ്ടായി.

- കടലിനടിയിലെ മനോഹര കാഴ്ചകൾ

സവിശേഷമായ ഒരു കോണിയിൽ താഴെ ഇറങ്ങിയപ്പോൾ അതിവിശേഷമായ മണിപീഠം കണ്ടു. ഒരു സ്വർണ്ണ കുംഭവും. അടുത്തുചെന്ന് പൊന്തിക്കാൻ ആഞ്ഞപ്പോൾ ക്ഷണനേരം കൊണ്ട് അത് പൊടി പൊടിയായി. ഞങ്ങൾ രണ്ടുപേരും വല്ലാതെ ഭയപ്പെട്ടു. ആ സമയം ആരോ ഒരാൾ വിളിച്ചുണർത്തി. ഉച്ചയായിട്ടും എന്തൊരുറക്കമാ ഇത് എന്നൊക്കെ ഉച്ചത്തിൽ പറയുന്നത് കേട്ടു. ഉണർന്നു നോക്കിയപ്പോൾ എന്ത് ദ്വാരക? ബാരിസ്റ്റർ മേനോനുണ്ട് ചിരിച്ചുകൊണ്ട് അടുത്തു നിൽക്കുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഓർത്ത് കുറെയധികം കിടന്നുറങ്ങിപ്പോയി. അത്രമാത്രം.

- എല്ലാം സ്വപ്നമായിരുന്നെന്ന് തിരിച്ചറിയുന്ന കഥാന്ത്യം

### 4.1.1.2 ഇതിവൃത്തവിശകലനം

ആഖ്യാതാവും ജെയിംസുമാണ് കഥയിൽ മുഖ്യകഥാപാത്രങ്ങൾ. കഥാകാലത്തെ ആധുനിക വിദ്യാഭ്യാസം നേടിയവരാണ് ഇരുവരും. പുതിയ വിജ്ഞാനങ്ങളിലേക്ക് എടുത്തുചാടാൻ എപ്പോഴും തയ്യാറുള്ള വ്യക്തിയാണ് ജെയിംസ്. ആഖ്യാതാവട്ടെ ഇത്തിരി സന്ദേഹത്തോടെ അയാളെ പിന്തുടരുന്ന ആളും. ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടിത്തങ്ങളെ ഇരുവരുടെയും സംഭാഷണങ്ങളിലൂടെ കഥ വായനക്കാർക്ക് പരിചയപ്പെടുത്തുന്നു.

- ആഖ്യാതാവും ജെയിംസും

കഥാപ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ കെട്ടിലും മട്ടിലും കഥ എഴുതുന്നതിൽ മികവുപുലർത്തിയ എഴുത്തുകാരനാണ് കേസരി. കഥകളിലെ പ്രമേയത്തിന്റെ വൈവിധ്യവും ശ്രദ്ധേയമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാരാർദ്ധത്തോടെ കേരളീയജീവിതത്തിലുണ്ടായ മാറ്റമാണ് അദ്ദേഹം ദ്വാരകയിലൂടെ രേഖപ്പെടുത്തുന്നത്.

- കെട്ടിലും മട്ടിലും നിറയുന്ന എഴുത്ത്

സരളവും ലളിതവുമാണ് ദ്വാരകയുടെ രൂപഘടന. സുഹൃത്തായ മേനോന്റെ ബിലാത്തി വിശേഷമാണ് സ്വപ്നത്തിലൂടെയുള്ള യാത്രയ്ക്ക് കാരണമായത്. ആഖ്യാതാവ് സ്വപ്നത്തിൽ നിന്നുണരുന്ന ഉറക്കറ മാത്രമാണ് യഥാർത്ഥ സ്ഥലം. മറ്റു സ്ഥലങ്ങളെല്ലാം സ്വപ്നത്തിൽ തെളിയുന്നവയാണ്. കഥയുടെ അവസാനം വരെ ഇത് യഥാർത്ഥം ആണെന്ന തോന്നലുണ്ടാക്കാൻ കഥാകാരന് കഴിഞ്ഞു. ഭാഷയുടെ കരുത്താണത്. അതിശയോക്തി കലർന്ന അവതരണം, നർമ്മസ്വഭാവത്തിലുള്ള ഭാഷ, നാടൻ ശൈലികളുടെ പ്രയോഗം എന്നിവ ദ്വാരകയിലുണ്ട്.

- യാഥാർത്ഥ്യമെന്ന അനുഭവമുണ്ടാക്കൽ

ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമായി കിട്ടിയ പുതിയ അറിവുകളുടെ പ്രയോഗഫലമാണ് ആഖ്യാതാവിന്റെ ജോലി. വിദേശത്തുനിന്നടക്കം വിജ്ഞാനം സമ്പാദിക്കുന്ന രീതിയുടെ തുടക്കം കൂടിയാണത്. വിദ്യുച്ഛക്തിയും കമ്പിത്തപാലും മനുഷ്യജീവിതത്തെ ആയാസരഹിതമാക്കാനായി അവതരിക്കപ്പെട്ട കാലം. പരമ്പരാഗത കൃഷിയിൽനിന്ന് ഉപജീവനം വ്യവസായവൽക്കരണം സാധ്യമാക്കിയ പുതിയ മേഖലകളിലേക്ക് കടന്ന ചരിത്ര ഘട്ടമാണത്.

- പുതിയ വിദ്യാഭ്യാസം പുതിയ ജോലി

▶ പുതിയ വാക്കുകൾ

പല ഇംഗ്ലീഷ് വാക്കുകളും പ്രയോഗങ്ങളും മലയാള സംസ്കൃത തർജ്ജിമകൾ വഴി രൂപാന്തരപ്പെടുത്തി അദ്ദേഹം കഥയിലുടനീളം ഉപയോഗിക്കുന്നു. ജലമജ്ജന കവചം, ശില്പിശാസ്ത്രം, തീക്കപ്പൽ, കമ്പിത്തപാൽ, ഉദ്ധരണയന്ത്രം എന്നീ പദങ്ങൾ ഇടവിട്ട് അദ്ദേഹം ഉപയോഗിക്കുന്നുണ്ട്.

## Summarised Overview

ഭാരതീയ പുരാണേതിഹാസങ്ങളിൽ പരാമർശിക്കപ്പെട്ട നഗരമാണ് ദ്വാരക. ശ്രീകൃഷ്ണനുമായി ബന്ധപ്പെട്ട ഈ നഗരത്തിന്റെ സങ്കല്പരൂപം കഥ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു. ഒരു പൗരാണിക നഗരത്തിന്റെ രൂപഭാവങ്ങളെല്ലാം കടലിനടിയിൽ അനാവൃതമാകുന്നുണ്ട്. പാരമ്പര്യത്തെ വ്യത്യസ്തമായി നോക്കിക്കാണാനാണ് കേസരി ശ്രമിക്കുന്നത്. ഭാരതീയരുടെ മനസ്സിൽ ദ്വാരക എന്ന ആദിപ്രരൂപം സജീവസാന്നിധ്യമാണ്.

ആദ്യകാല ചെറുകഥകളിൽ കാല്പനിക അംശം ഏറ്റവും പ്രകടമായിരുന്നത് കഥകളിലെ അത്ഭുതാത്മകതയുടെ ചിത്രീകരണത്തിലാണ്. വിശാലമായ കടലിലൂടെയുള്ള യാത്ര, ആഴമേറിയ കടലിലേക്കുള്ള മുങ്ങൽ തുടങ്ങിയ സാഹസിക വൃത്തികളെല്ലാം ഈ അത്ഭുതത്തെ ലക്ഷ്യമിട്ടുള്ളതാണ്. സ്വപ്നത്തിൽ തെളിയുന്ന കഥാസ്ഥലവും അത്ഭുതത്തെ വളർത്തുന്നതാണ്. സ്വപ്നത്തെ യാഥാർത്ഥ്യമെന്നോണം ആവിഷ്കരിച്ചു കഥാരചന നടത്തുന്നതിന്റെ ആദ്യമാതൃകയായാണ് ദ്വാരക വിലയിരുത്തപ്പെടുന്നത്.

ആധുനിക ശാസ്ത്രത്തിന്റെ അടയാളങ്ങളെ ഒരു പൗരാണിക സങ്കൽപ്പത്തിന്റെ അത്ഭുതവുമായി ഏറെ പുതുമയോടെ അദ്ദേഹം സന്നിവേശിപ്പിച്ചിരിക്കുന്നു. പാശ്ചാത്യ പരിഷ്കാരങ്ങളും നൂതന സാങ്കേതിക വിദ്യയും പശ്ചാത്തലമാക്കി രൂപപ്പെടുന്ന പുതുലോകക്രമത്തെ ഒരു സ്വപ്നത്തിലൂടെ പഴയ ഫ്യൂഡൽ വ്യവസ്ഥിതിയുടെ സമ്പന്നതയിലേക്ക് അദ്ദേഹം താരതമ്യപ്പെടുത്തി.

## Assignment

1. ആദ്യകാല മലയാളകഥകളുടെ പ്രത്യേകതകൾ - ഉപന്യാസം തയ്യാറാക്കുക.
2. ദ്വാരക എന്ന പുരാണനഗരത്തിലെ സൂചനകൾ കഥയിൽ വെളിപ്പെടുന്നതെങ്ങനെ?
3. ജെയിംസ് എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
4. കേസരിയുടെ രചനാതന്ത്രങ്ങൾ എന്തെല്ലാം?
5. ആദ്യകാല കഥകളുടെ പ്രത്യേകതകൾ വിശദമാക്കുക.
6. കേസരിയുടെ രചനാലോകം - വിശദമാക്കുക.

## Suggested Readings


1. കെ. പി. അപ്പൻ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, ഡി. സി. ബുക്സ്, കോട്ടയം.
2. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം.
3. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാംകാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വേങ്ങയിൽ കുഞ്ഞിരാമൻ നയനാർ, സമ്പൂർണ്ണ കൃതികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ. എസ്. രവികുമാർ, കഥകൾ ഉപന്യസങ്ങൾ വേങ്ങയിൽ കുഞ്ഞിരാമൻ നയനാർ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## References


1. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, എൻ. ബി. എസ്., കോട്ടയം.
3. കെ. പി. അപ്പൻ, കഥ ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം.


### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# പൂവമ്പഴം

## കാരൂർ നീലകണ്ഠപ്പിള്ള

## Learning Outcomes

- നവോത്ഥാനകഥയുടെ കാലത്ത് വ്യത്യസ്തമായ വഴിയിൽ സഞ്ചരിച്ച കഥാകാരൻ എന്ന നിലയിൽ കാരൂരിനെ പരിചയപ്പെടുന്നു
- ലളിതമായ ഭാഷയിലൂടെയും നേർആഖ്യാനത്തിലൂടെയും മുന്നേറുന്ന കാരൂരിന്റെ രചനാശൈലി മനസ്സിലാക്കുന്നു
- കഥയിലെ സാമൂഹ്യസ്ഥിതിയുടെ വിശകലനത്തിലൂടെ കേരളത്തിലെ ജന്മി - കുടിയാൻ ബന്ധത്തിൻറെ സൂചനകൾ ലഭിക്കുന്നു
- കഥയിലെ വ്യംഗാർത്ഥ സൂചനകൾ കഥാവായനയെ പലരീതിയിൽ നയിക്കാം എന്ന ധാരണ ലഭിക്കുന്നു

## Background

സ്വജീവിതത്തിൽ കണ്ടറിഞ്ഞ മനുഷ്യരുടെ പ്രയാസങ്ങളെ തീവ്രമായി കഥയിൽ അവതരിപ്പിച്ച എഴുത്തുകാരനാണ് കാരൂർ നീലകണ്ഠപ്പിള്ള. പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞു നിൽക്കുന്ന സാധാരണക്കാരന്റെ ജീവിതചുറ്റുപാടുകളാണ് കാരൂരിൽ കഥകളായി മാറിയത്.

ഫ്യൂഡലിസം നിർമ്മിച്ച നിയമങ്ങളുടെയും ചട്ടങ്ങളുടെയും പൊള്ളത്തരത്തെ മനസ്സിലാക്കിയാണ് കാരൂർ 'പൂവമ്പഴം' എന്ന കഥ എഴുതുന്നത്. ഈ വ്യവസ്ഥിതി സമൂഹത്തിനുണ്ടാക്കിയ ആഘാതങ്ങളെ ചിത്രീകരിച്ച് അതിലെ മനുഷ്യത്വവിരുദ്ധത തുറന്നുകാട്ടാനാണ് അദ്ദേഹം ശ്രമിക്കുന്നത്. സ്ത്രീകളുടെ സ്വാതന്ത്ര്യനഷ്ടവും പുതുതലമുറയുടെ പ്രതിരോധചിന്തകളും ആവിഷ്കരിക്കുക വഴി കാരൂർ ലക്ഷ്യമിട്ടത് ഫ്യൂഡലിസത്തിനെതിരെയുള്ള മനോഭാവത്തെ സൃഷ്ടിക്കൽ തന്നെയാണ്. വ്യവസ്ഥിതിയുടെ തകർച്ചയ്ക്കായി ആഗ്രഹിക്കുന്ന എഴുത്തുകാരനാണ് ഇവിടെ കാരൂർ.

കേരളചരിത്രത്തിലെ ഒരു നിർണായക ഘട്ടമായി ജാതിവ്യവസ്ഥയെയും അതിന്റെ ഉപോൽപ്പന്നം എന്ന നിലയിൽ ജന്മിത്തവ്യവസ്ഥയെയും കാണാവുന്നതാണ്. ഭൂമി സ്വന്തമായുള്ള, ജാതിശ്രേണിയിൽ ഉന്നതനിലയിൽ ഇരുന്നവർ ജന്മിമാരും ആ ഭൂമിയിൽ കൃഷി ചെയ്ത് ആശ്രിതരായി കഴിഞ്ഞവർ കുടിയാന്മാരുമായി സമൂഹത്തിൽ വളരെ ശക്തമായി നിലനിന്നിരുന്ന വ്യവസ്ഥയായിരുന്നു അത്. ജന്മി-കുടിയാൻ ബന്ധത്തെ വ്യത്യസ്തമായി നോക്കിക്കാണാനാണ് കഥയിൽ കാരൂർ ശ്രമിക്കുന്നത്.

ഫ്യൂഡലിസം കാലങ്ങളായി ഉണ്ടാക്കിവെച്ച നിയമനിയന്ത്രണങ്ങളിൽ നിന്ന് കുതറിച്ചാടാൻ വെമ്പുന്ന പൂവമ്പഴത്തിലെ കഥാപാത്രങ്ങൾ വെളിപ്പെടുത്തുന്നത് ആ വ്യവസ്ഥയുടെ തകർച്ച തന്നെയാണ്. സമകാലികരിൽ പൊതുവെ ജന്മിത്ത ചൂഷണങ്ങൾക്കെതിരെ നേരിട്ടുള്ള പോരാട്ടമാണ് നയിക്കപ്പെട്ടിരുന്നതെങ്കിൽ ചൂഷണത്തിന് അറുതി വരുത്തേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ് എന്ന് തിരിച്ചറിഞ്ഞവരും അതിനായി പ്രവർത്തിച്ചവരെയുമാണ് കാരൂർ കഥകളിൽ നാം കണ്ടുമുട്ടുക.

കഥയിലെ സന്ദർഭമോ സംഭാഷണമോ അധികമായി തോന്നാത്ത രീതിയിൽ സംക്ഷിപ്തമായാണ് കാരൂർ കഥകളെഴുതിയത്. കഥകളിലെല്ലാം പുലർത്തിയ ഈ മിതത്വം കൂടുതൽ വാചാലമാകുന്നതിനേക്കാൾ കഥാസന്ദർഭങ്ങൾക്ക് മിഴിവ് നൽകുന്നതിൽ ഉപകരിക്കപ്പെട്ടിട്ടുണ്ട്. നാട്ടുസ്വഭാവമുള്ളതും സരളവുമായ ഭാഷ അതിനദ്ദേഹത്തെ സഹായിച്ചു. സ്വാഭാവിക സംഭാഷണങ്ങളിലേതുപോലെ ചെറിയ വാക്യങ്ങളാണ് കഥകളിലുണ്ടായിരുന്നത്. കൃത്രിമത്വം തോന്നത്തക്കവിധത്തിലുള്ള കൂടുതൽ സാഹിതീകരിക്കപ്പെട്ട ഭാഷയുടെ അഭാവം സാധാരണ ജീവിതത്തെ കൂടുതൽ അടുപ്പിച്ചുനിർത്തുന്നു എന്ന തോന്നലുണ്ടാക്കുന്നതുമാണ്.

ഒരു കാലത്ത് തീർത്തും പ്രയാസത്തിൽ കഴിഞ്ഞിരുന്ന അധ്യാപകരുടെ നീറുന്ന ജീവിതാനുഭവങ്ങൾ തുറന്നുകാണിച്ച 'വാദ്ധ്യാർ കഥകൾ' കഥയെഴുത്തിന്റെ ശക്തിയും സൗന്ദര്യവും പ്രകടമാക്കുന്നവയാണ്. സമാനമായ ജീവിതം നയിച്ചിരുന്ന ചെറുകിട ഉദ്യോഗസ്ഥരുടെ ദൈന്യത്തെയും ആ കഥകൾ പുറത്തെത്തിച്ചു. കൗമാരക്കാരുടെ വിവിധ മനോചിന്തകൾ മനോഹരമായി ചിത്രീകരിച്ച് കാരൂർ കഥകളെഴുതിയിട്ടുണ്ട്. ഇതിന് അധ്യാപകജീവിതത്തിലെ അനുഭവങ്ങൾ അദ്ദേഹത്തിന് തുണയായിട്ടുണ്ടാകാം. ഇതോടൊപ്പം ജാതിചിന്തയെയും രാഷ്ട്രീയത്തിലെ കള്ളക്കളികളെയും തുറന്നെതിർത്ത കഥകളുമെഴുതിയ കാരൂരിലെ അനുഭവവൈവിധ്യം കഥയിലെ സമകാലികരിൽ വേറൊരാൾക്കും അവകാശപ്പെടാനാവില്ല.

ജീവിതത്തിലെയും ചരിത്രത്തിലെയും സന്ദർഭങ്ങളെ യഥാർത്ഥമായി പ്രതിനിധാനം ചെയ്യുകവഴി സാഹിത്യത്തിന്റെ അടിസ്ഥാനസ്വഭാവം സാമൂഹിക പ്രതിബദ്ധതയായിരിക്കണമെന്ന ഭാവുകത്വപരിസരത്തെ കാരൂർ പൂർണ്ണമായും പിൻപറ്റിയിരുന്നില്ല. സമകാലികരായിരുന്ന തകഴിയും കേശവദേവും പൊൻകുന്നം വർക്കിയുമെല്ലാം കഥ സാമൂഹികമായ ഒരു ഉത്തരവാദിത്വമാണ് എന്ന ബോധ്യത്തിലാണ് പ്രമേയത്തെ ചിട്ടപ്പെടുത്തിയത്. കാരൂർ കഥകളിലെ സാമൂഹിക അംശം സൂക്ഷ്മവും ഒളിച്ചുവെക്കപ്പെട്ടതുമായിരുന്നു.

ജീവിതത്തിന്റെ ദുരിത യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുന്ന ഒരെഴുത്തുകാരൻ മിക്ക കഥകളിലും നർമ്മത്തെക്കൂടി കൂടെ കൂട്ടുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. വാദ്ധ്യാർ കഥകളിലെ വേദനിപ്പിക്കുന്ന നർമ്മവും ഓർക്കുന്തോറും കൂടുതൽ ചിരിക്ക് വക നൽകുന്ന 'മരപ്പാവകൾ' പോലുള്ളവയിലെ കഥാസന്ദർഭങ്ങളും തുടങ്ങി വിവിധ രീതിയിൽ ഇത് പ്രത്യക്ഷപ്പെടുന്നു. കഥയിലെ സംഭാഷണങ്ങളിലാകെ നർമ്മം കാത്തുവെക്കുന്ന രീതി കാരൂരിലും ബഷീറിലും ഉറൂബിലുമാണ് പൊതുവെ കാണാനാവുക.

## Keythemes

- പൂവമ്പഴം എന്നറിയപ്പെടുന്ന സ്ത്രീയും അവരുടെ കുടിയാനായ അപ്പുവും തമ്മിലുള്ള ബന്ധം
- ജന്മി-കുടിയാൻ ബന്ധത്തിന്റെ ചരിത്രപരത
- ജാതി നിർമ്മിച്ച നിയന്ത്രണങ്ങൾ സ്ത്രീ ജീവിതത്തിലിടപെട്ട രീതി
- പ്രതീകാത്മക കഥ

# Discussion

## 4.1.2.1 കഥാസംഗ്രഹം

▸ അപ്പുവിന്റെ വീടും മനയും

അപ്പുവിന്റെ വീടിന്റെ കിഴക്ക് ഒരു വലിയ ജന്മിയുടെ മനയാണ്. മനയിൽ എന്ത് ആഘോഷം ഉണ്ടെങ്കിലും ഭൃത്യരായ അപ്പുവിന്റെ വീട്ടുകാർക്ക് അടുപ്പ് കത്തിക്കേണ്ടതില്ല. അപ്പുവിന്റെ സുഹൃത്തും സമപ്രായക്കാരനുമായ മനയിലെ വാസുക്കുട്ടൻ മൂന്നുകൊല്ലം മുമ്പ് മരിച്ചുപോയി. ഭർത്താവ് മരിച്ചതിൽ പിന്നെ മകനുവേണ്ടി ജീവിച്ച അവന്റെ അമ്മ എങ്ങനെ സഹിച്ചോ എന്തോ!

▸ പൂവമ്പഴമെന്ന വിളിപ്പേര്

ആ അന്തർജ്ജനത്തിന് അങ്ങനെയൊന്നും വരേണ്ടതല്ല. കണ്ടവരും കേട്ടവരും അവർക്ക് നന്മ വരണം എന്ന് മാത്രമാണ് ആഗ്രഹിച്ചിട്ടുണ്ടാവുക. ഉണ്ണിമാ എന്നോ നങ്ങയ്യ എന്നോ ആണ് അവരുടെ പേരെങ്കിലും അയൽപക്കത്തെ പെണ്ണുങ്ങൾ അവരെ വിളിക്കുന്നത് പൂവമ്പഴം എന്നാണ്. ഒരു ദിവസം പൂവമ്പഴം അപ്പുവിനെ തിരഞ്ഞുവന്നു. അപ്പുവിന് അതൊട്ടും രസിച്ചില്ല. തന്റെ വീട്ടുകാരൊക്കെ മനക്കല് വേലക്കാരാണ്. കുടുംബത്തോടെയുള്ള ഈ നിത്യദാസ്യത്തിന് അറുതി വരണമെന്നാണ് തന്റെ ആഗ്രഹം. എങ്കിലും ചെന്നു. എന്തിനാ വിളിച്ചത് എന്ന് അന്വേഷിച്ചു. ദൈവം നേരത്തെ വിളിച്ച മകന്റെ കാര്യമെല്ലാം പറഞ്ഞു അവർ ആവശ്യം അറിയിച്ചു. ഒരു ഉണ്ടനൂലും തൂശീം മേടിച്ചു തരണം. അപ്പു അവർ പറഞ്ഞത് വാങ്ങി അനുജന്റെ കയ്യിൽ കൊടുത്തയച്ചു.

▸ അപ്പുവുമായുള്ള കൂടിക്കാഴ്ചകൾ

ഒരാഴ്ച കഴിഞ്ഞപ്പോൾ ഒന്നരമുഴം തലയിണച്ചീട്ടിക്കായി അവർ പിന്നെയും വന്നു. പത്തുപതിനഞ്ച് ദിവസം കഴിഞ്ഞ് ഒരു ദിവസം അവർ അപ്പുവിന് ഒരു ഇലപ്പൊതി സമ്മാനിച്ചു. രണ്ടു നെയ്യപ്പം ആയിരുന്നു അത്. പിന്നീട് കൊടിയേന്ന് അഞ്ചാറു വെറ്റ എടുത്തു തരാനും ഒരിക്കൽ അവർ വിളിക്കുകയുണ്ടായി. അന്ന് മനക്കൽ കുറേനേരം അവർ സംസാരിച്ചിരുന്നു.

▸ രോഗിയുടെ ചടച്ച രൂപം

കുറെനാൾ കഴിഞ്ഞപ്പോൾ പൂവമ്പഴത്തിനെന്തോ സൂക്കേട് ആണെന്ന് വീട്ടിൽ ആരോ പറയുന്നത് അപ്പു കേട്ടു. ആയിടെ മനയിലെ നമ്പൂതിരി മൂന്നാമതൊരു വേളി കൂടി കഴിച്ചതിന്റെ കുടിവയ്പ് ദിവസം അപ്പുവും അന്തർജനവും വീണ്ടും കണ്ടു. അന്തർജനത്തിന്റെ നീണ്ട മുടി മുറിച്ചു കളഞ്ഞു. കവിളെല്ലുകൾ തള്ളിനിന്നിരുന്നു. കണ്ണിന്റെ പ്രകാശം നശിച്ചു. ക്ഷീണിച്ച സ്വരത്തിലാണ് അവർ സംസാരിച്ചത്. ഇവിടെയിനി ആദ്യമുണ്ടാകുന്ന സദ്യ ഒരു പിണ്ഡമായിരിക്കും. അവർ ഒന്ന് ചിരിക്കാൻ പണിപ്പെട്ടു. അപ്പു പൊയ്ക്കൊള്ളൂ. അവർ കതകടച്ചു.

## 4.1.2.2 ഇതിവൃത്തവിശകലനം

കഥ തുടങ്ങി അവസാനിക്കുന്നതുവരെ നേർരേഖയിൽ സംഭവങ്ങളെ കോർത്തിണക്കാൻ കാരൂരിലെ കഥാകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. ക്രമികമായ കാലത്തിലൂടെയാണ് കഥയുടെ സഞ്ചാരം. കഥ ആകെത്തന്നെ ധ്വനിപ്രധാനമാണ്. പൂവമ്പഴം എന്ന തലക്കെട്ട് പോലും അത്തരത്തിലാണെന്ന് കാണാം. പൂവമ്പുഴ എന്ന

▶ ധ്വനിപ്രധാന ഭാഷ

സ്ഥലത്താണ് അന്തർജനത്തിന്റെ മാതൃഗൃഹം എന്ന് പേരിനെ ബന്ധപ്പെടുത്താനായി ഒരിക്കൽ പറയുന്നുണ്ടെങ്കിലും വെളുത്തു ചുമന്നു മെഴുത്ത അവരുടെ രൂപത്തിനു തന്നെയാണ് ആ പേര് അനുയോജ്യമാകുന്നത്.

അന്തർജനത്തിന് അപ്പുവിനോടുള്ള സമീപനം വാത്സല്യത്തിൽ നിന്ന് പ്രണയമോഹത്തിലേക്ക് മാറുന്നത് ധ്വന്യാത്മകഭാഷയുടെ പിന്തുണയോടെയാണ് ആവിഷ്കരിക്കപ്പെടുന്നത്. അപ്പുവിനോട് ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം മറുപടി കിട്ടുമ്പോൾ അപ്പുവിന് അറിയാത്തത് ഒന്നുമില്ലല്ലോ എന്ന ആരാധനാഭാവമാണ് അവർക്ക്. രണ്ടു നെയ്യപ്പം കയ്യിലിട്ടു കൊടുക്കുന്നതിൽ നിന്ന് വ്യത്യസ്തമായി വെച്ചുകൊടുത്തതിലും വീട്ടിൽ കൊണ്ടുപോകാതെ അപ്പു തന്നെ തിന്നോളൂ എന്നു പറഞ്ഞതിലും അവരുടെ രഹസ്യമായ ഒരു ആഗ്രഹത്തിന്റെ ധ്വനിപ്പിക്കൽ കാണാം.

▶ ആരാധനാഭാവം

മനയിൽ കേറാനായി അപ്പു മര്യാദയൊന്നും നോക്കേണ്ട; ഇഷ്ടമുള്ളതിലേ കേറാം എന്ന് ഒരിക്കൽ അവർ നൽകുന്ന ക്ഷണം യഥാർത്ഥത്തിൽ രതിപരമായ ക്ഷണം കൂടിയാണ്. പിന്നൊരിക്കൽ അപ്പുവിന് സമീപത്തുള്ള വെറ്റിലച്ചെടിയിൽ നോക്കി നല്ല തളിര് വെറ്റില, ഇതുകണ്ടിട്ട് ഒന്നു മുറുക്കാൻ തോന്നുന്നു എന്ന് അവർ പറയുന്നുണ്ട്. കൗമാരക്കാരനായ അപ്പുവിനോടുള്ള അവരുടെ ലൈംഗികമായ ആസക്തിയാണ് ഇവിടെയും വെളിവാകുന്നത്. തന്നെ കല്യാണം കഴിക്കുമ്പോൾ ഭർത്താവിന് പതിനെട്ട് വയസ്സായിരുന്നു എന്നവർ അപ്പുവിനെ ഓർമിപ്പിക്കുമ്പോൾ അപ്പുവിനും സമാന പ്രായമാണ് എന്നതും ശ്രദ്ധേയം.

▶ അപ്പുവിനോടുള്ള ആസക്തി

ജന്മി-കുടിയാൻ ബന്ധത്തെ സൂചിപ്പിക്കാനായി രൂപകങ്ങളെയും സൂചനകളെയും കഥാകാരൻ കൂട്ടുപിടിക്കുന്നത് കാണാം. അപ്പുവിന്റെ വീടിനെയും മനയെയും വേർതിരിക്കുന്ന മതിൽ ഫ്യൂഡലിസം യജമാന-ഭൃത്യ ബന്ധത്തിനിടയിൽ ബോധപൂർവ്വം നിർമ്മിച്ചെടുത്ത മതിൽ തന്നെയാണ്. അന്തർജനം വിളിക്കുമ്പോൾ പതിനഞ്ച് അടി അകലത്തിൽ പോയുള്ള അപ്പുവിന്റെ നിൽപ്പ് തീണ്ടലും തൊടീലും നിലവിലിരുന്ന സാമൂഹ്യ സാഹചര്യത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. അപ്പുവിന് അന്തർജ്ജനം നൽകിയതിൽ നെയ്യപ്പം ഒഴിച്ചെല്ലാം കയ്യിൽ ഇട്ടുകൊടുത്തതാണ് എന്ന കഥാസൂചനകളും സമാന സാഹചര്യത്തെ തന്നെയാണ് മുൻനിർത്തുന്നത്.

▶ ജാതിനിബന്ധനകൾ

വ്യവസ്ഥിതി നിർമ്മിച്ച കെട്ടുപാടുകളിൽ ചുറ്റി ജീവിതം ഹോമിക്കപ്പെട്ട സ്ത്രീകളുടെ പ്രതിനിധിയാണ് കഥയിലെ പൂവമ്പഴം എന്ന് വിളിക്കപ്പെടുന്ന അന്തർജനം. ചെറിയ പ്രായത്തിൽ വിധവയാകേണ്ടിവന്ന ആ സുന്ദരിക്ക് ഒരു പ്രണയജീവിതം പിന്നീടൊരിക്കലും സാധ്യമാകുന്നില്ല. മകന്റെ പ്രായമുള്ള ഒരാളോടുള്ള അഭിനിവേശം പോലും സഫലീകരിക്കാൻ അവർക്കാകുന്നില്ല. സ്നേഹം കൊതിച്ചിരുന്ന, അതിന് അർഹതയുണ്ടായിരുന്ന അവരുടെ മുമ്പിൽ തടസ്സമായത് ജാത്യാചാരമാണ്. വളരെക്കാലം കഴിയുന്നതിനു മുമ്പേ രോഗിയായി മരണത്തെ കാത്തുനിൽക്കാനാണ് അവരുടെ വിധി. ഏകാന്തത എത്ര വലിയ ഭാരമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ടുള്ള

▶ മനസ്സിലാക്കപ്പെടാതിരുന്ന സ്ത്രീ

ഒറ്റയ്ക്കുള്ള കാത്തിരിപ്പാണത്.

പൂവമ്പഴത്തിന് അപ്പുവിനോട് പലനിലയിൽ മോഹങ്ങളുണ്ട്. ചെറിയ സൂചനകൾക്കപ്പുറത്ത് അതിനെ പൂർണ്ണമായി വെളിവാക്കാൻ കഥ ശ്രമിക്കുന്നില്ല. പ്രണയം കാരൂരിന്റെ മിക്ക കഥകളിലും പ്രതിപാദ്യ വിഷയമല്ല. അഥവാ വരുന്ന ഇടങ്ങളിൽ സദാചാരത്തിന്റെ അതിര് കാരൂർ കഥകൾ എപ്പോഴും സൂക്ഷിച്ചു. സദാചാരത്തിന്റെ കെട്ടുവരകൾക്കപ്പുറത്തേക്ക് കടക്കും എന്ന് വ്യംഗാർത്ഥ സൂചനകളിലൂടെ തോന്നിപ്പിച്ച 'പൂവമ്പഴം' പോലും പൊതുബോധത്തെ മറികടക്കുന്ന ധീരത പ്രകടിപ്പിക്കുന്നില്ല.

- ധീരത പ്രകടിപ്പിക്കുന്നില്ല

അന്തർജനമല്ലാതെ മനയിലെ വേറൊരു കഥാപാത്രത്തെയും കഥയിൽ കാരൂർ പ്രത്യക്ഷപ്പെടുത്തുന്നില്ല. സൗന്ദര്യസമൃദ്ധിയാൽ പൂവമ്പഴം എന്ന പേര് ഇണങ്ങുമെങ്കിലും അവരുടെ യഥാർത്ഥ പേര് ഒരിടത്തും പരാമർശിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പൂവമ്പഴത്തിന്റെ സൗന്ദര്യവർണ്ണന കഥയിലെ ആദ്യഭാഗത്ത് കാണാം. കഥാവസാനത്തിൽ രോഗിയുടെ ചടച്ച രൂപത്തിൽ ഒറ്റയ്ക്ക് മരണത്തെ കാത്തിരിക്കുന്ന പൂവമ്പഴമാണുള്ളത്. നർമ്മത്തിന്റെ അകമ്പടിയിൽ സൗന്ദര്യ സൂചകങ്ങളോടെ സ്വച്ഛന്ദമായി തുടങ്ങുന്ന കഥ വൈരൂപ്യത്തിന്റെ ദൃശ്യങ്ങളവതരിപ്പിച്ച് മരണം കാത്തിരിക്കുന്ന വ്യക്തിയുടെ വിഷാദത്തോടെ അവസാനിക്കുന്നു.

- വിഷാദം നിറഞ്ഞ അന്ത്യം

## Summarised Overview

അനുഭവനിഷ്ഠമായ കഥകൾക്ക് ധാരാളം ഉദാഹരണങ്ങൾ നവോത്ഥാന കഥാകാലത്ത് കണ്ടെടുക്കാനാകും. അതിൽ ധാർമ്മികതയ്ക്കു കൂടി പ്രാധാന്യം നൽകി പ്രമേയപരിചരണം നടത്തുന്നത് കാരൂരാണ്. തീരാദുരിതങ്ങൾക്കിടയിലും ധർമ്മബോധം കൈവിടാതിരിക്കാൻ ശ്രദ്ധിക്കുന്ന കഥാപാത്രങ്ങൾ കാരൂർ കഥകളിലെ പ്രത്യേകതയാണ്. സാമുദായികമോ സാമ്പത്തികമോ ആയ പ്രാധാന്യമൊന്നുമില്ലാത്തതിനാൽ രണ്ടു വ്യക്തികളുടെ ആത്മാനുഭവം മാത്രമായി പ്രണയത്തെ നോക്കിക്കാണുന്ന രീതിക്കൊപ്പമാണ് കാരൂർ നിലകൊണ്ടത്. അതിനാൽ തന്നെ പ്രണയം കാരൂർ കഥകളെ വശീകരിച്ചിട്ടില്ല. സമൂഹത്തിൽ താഴേത്തട്ടിൽ ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതപോരാട്ടങ്ങളെയാണ് അദ്ദേഹം വിലമതിച്ചത്.

ചെറുകഥയുടെ ശില്പസവിശേഷതകളിൽ പ്രധാനപ്പെട്ടതെല്ലാം കാരൂരിന്റെ മറ്റു കഥകളിലെന്നപോലെ 'പൂവമ്പഴ'ത്തിലും കാണാനാകും. വളരെ കുറച്ച് കഥാപാത്രങ്ങളും സംഭവങ്ങളുമാണ് കഥയിലുള്ളതെങ്കിലും ഒതുക്കമുള്ള ആഖ്യാനവും ധ്വനിപ്രധാനമായ ഭാഷയും ശ്രദ്ധേയമാണ്. 'പൂവമ്പഴ'ത്തിൽ രണ്ടു കഥാപാത്രങ്ങൾ മാത്രമാണുള്ളത്. പക്ഷെ അവരിലൂടെ അക്കാലത്തെ സാധാരണ മനുഷ്യരുടെ ജീവിതത്തെ ആവിഷ്കരിക്കാൻ കാരൂരിനായി. എണ്ണത്തിൽ വളരെ കുറച്ചുമാത്രം സംഭവിച്ച അപ്പു - അന്തർജ്ജനം കൂടിക്കാഴ്ചകളിലൂടെയാണ് കഥ മുന്നേറുന്നത് എന്നും കാണാം.

കുടിയാൻമാരിലെ പുതിയ തലമുറയുടെ പ്രതിനിധിയാണ് അപ്പു. മനയിലെ വേല അഭിമാനമല്ലെന്നും അപമാനമാണെന്നും തിരിച്ചറിഞ്ഞ കാലത്തിന്റെ പ്രതിനിധി. ജന്മി കൊടിയ ചൂഷണമാണ് തന്റെ കുടുംബത്തിന് നേരെ നടത്തുന്നത് എന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ട്. പഠിച്ച് ഉദ്യോഗം നേടി കുടുംബത്തിന് അത്താണിയാകണം

എന്നാണ് അപ്പുവിന്റെ സ്വപ്നം. ഫ്യൂഡലിസ്റ്റ് കാലത്ത് കേരളസമൂഹത്തിൽ നിലനിന്ന സവിശേഷമായ സാമൂഹ്യ പെരുമാറ്റരീതികൾ കഥയിൽ കാണാവുന്നതാണ്. ചൂഷണത്തിൽ അധിഷ്ഠിതമായ വ്യവസ്ഥിതിയെ തച്ചുതകർത്ത് പുതിയൊരു കാലത്തിലേക്ക് പുലരണമെന്ന് ആഗ്രഹിക്കുന്ന അപ്പുവും വ്യവസ്ഥിതിയുടെ നിബന്ധനകളിൽ നിന്ന് പുറത്തുകടക്കണമെന്ന് അതിയായി മോഹിക്കുമ്പോഴും അതിനു മാർഗമില്ലാതെ ജീവിതം ഹോമിക്കപ്പെട്ട നങ്ങയ്യയും കേരളചരിത്രത്തിലെ സവിശേഷമായ ഒരു കാലഘട്ടത്തിന്റെ പ്രതിനിധികളാണ്.

## Assignments

1. മലയാളകഥയിലെ റിയലിസ്റ്റ് പാരമ്പര്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
2. സ്ത്രീ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് പൂവമ്പഴം മുന്നോട്ടുവെക്കുന്ന കാഴ്ചപ്പാട് എന്താണ്?
3. സാധാരണ ജീവിതങ്ങളെയാണ് കാരൂർ കഥയിൽ കണ്ടെടുത്തത്. വിശദമാക്കുക.
4. വ്യംഗ്യമായി പറഞ്ഞുപോകുന്ന സൂചനകൾ പൂവമ്പഴത്തെ കൂടുതൽ ആസ്വാദ്യക രമാക്കുന്നതെങ്ങനെ?
5. കാരൂർ കഥയിലൂടെ പുറത്തെത്തിച്ച വിഷയങ്ങളുടെ സാമൂഹ്യപ്രാധാന്യം വിദമാക്കുക.
6. കാരൂരിന്റെ ഭാഷാശൈലി- 'പൂവമ്പഴം' മുൻനിർത്തിയുള്ള ആലോചനകൾ
7. 'പൂവമ്പഴം'- ഒരു നവോത്ഥാന ചെറുകഥ - വിലയിരുത്തുക.

## Suggested Readings


1. കെ. പി. അപ്പൻ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, ഡി. സി. ബുക്സ്, കോട്ടയം.
2. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം.
3. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാംകാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, എൻ. ബി. എസ്., കോട്ടയം.
3. കെ. പി. അപ്പൻ, കഥ ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

**Unit 2**

# ചന്ദനമരങ്ങൾ

**മാധവിക്കുട്ടി**

## Learning Outcomes

- മലയാള സ്ത്രീകഥയിലെ സവിശേഷ സാന്നിധ്യമായ മാധവിക്കുട്ടിയുടെ രചനാസവിശേഷത മനസ്സിലാക്കുന്നു
- കഥയിൽ ആവിഷ്കരിക്കുന്ന സ്ത്രീ മനോവ്യാപാരങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നു
- കഥയിലെ സൂക്ഷ്മരാഷ്ട്രീയത്തെക്കുറിച്ച് അറിവ് ഉണ്ടാക്കുന്നു
- സാമാന്യം ദൈർഘ്യമുള്ള കഥാരൂപത്തെക്കുറിച്ച് ധാരണ നേടുന്നു

## Background

യാഥാർത്ഥ്യവും ഭാവനയും ഒരുപോലെ ഇഴചേർന്ന ലോകത്താണ് മാധവിക്കുട്ടിയുടെ രചനകൾ ഉണ്ടാകുന്നത്. രണ്ടുലോകങ്ങളിലും ജീവിച്ച് വായനക്കാരനെ ഇത്രമേൽ വലിച്ചടുപ്പിച്ച എഴുത്തുകാർ മലയാളത്തിലില്ല. ഒരു കഥയിലെ പ്രമേയത്തിനകത്തുതന്നെ യഥാർത്ഥസംഭവങ്ങളും കല്പിതകഥകളും ഒരുമിച്ചു ചേർക്കുന്നതിൽ വലിയ വൈഭവം അവർ പ്രകടിപ്പിച്ചിരുന്നു.

എഴുത്തുകാരിയുടെ സവിശേഷമായ വ്യക്തിമുദ്ര പതിപ്പിക്കപ്പെട്ട കഥകളാണ് പലതും. അല്ലെങ്കിൽ ആത്മാംശമെന്ന് ധരിക്കാവുന്ന ഘടകങ്ങളിലൂടെ അത്തരമൊരു തോന്നലുണ്ടാക്കാൻ മാധവിക്കുട്ടിക്കായി. ബോധത്തിന്റെയും അബോധത്തിന്റെയും അതിരുകൾ കഥകൾ മായ്ച്ചുകളഞ്ഞു. എല്ലാവരെയും ആകർഷിക്കുന്ന വശ്യമനോഹാരിത ആ കഥകൾ പ്രകടിപ്പിച്ചു. വലിയ ഒച്ചപ്പാടുകളേക്കാൾ നിശബ്ദതയോട് അടുത്തുനിൽക്കുന്ന മർമ്മരമാണ് കഥകളിൽ നിറഞ്ഞത്.

ഗ്രാമത്തിൽ നാടൻ സൗകര്യങ്ങളോടെ ജീവിച്ചവർക്ക് നഗരത്തിൽ വിശാലമായ കുടിയേറ്റത്തിന് സാഹചര്യമൊരുക്കിയത് ആധുനികത സൃഷ്ടിച്ച മാറ്റങ്ങളാണ്. നഗരത്തിലെ പരിഷ്കരണത്തിൽ അവരോടൊപ്പം നിൽക്കാൻ വെമ്പുന്ന നിരവധി ഗ്രാമീണസ്ത്രീകളെ മാധവിക്കുട്ടിയുടെ കഥകളിൽ നിന്ന് കണ്ടെടുക്കാനാകും. സമ്പന്നരും പരിഷ്കൃതരും സ്വതന്ത്രരുമായ ഈ നഗരവാസികളുടെ സവിശേഷബന്ധവും മനോവ്യാപാരങ്ങളുമാണ് കഥകളിൽ പ്രമേയമായത്. ദാമ്പത്യത്തിലെ അസംതൃപ്തിയും പ്രണയത്തിനായി കൊതിക്കുന്ന മനസ്സും ചിത്രീകരിക്കുന്നതിൽ അവർ ശ്രദ്ധവെച്ചു.

## Keythemes

- ബാല്യകാല സുഹൃത്തുക്കളായ രണ്ടുപേരുടെ അസാധാരണമായ ബന്ധം
- ദാമ്പത്യത്തിലെ വിരസത, സമരസപ്പെടൽ, ആഗ്രഹങ്ങളിലേക്കുള്ള കുതറൽ
- സ്നേഹം കൊതിക്കുന്ന മനസ്സ്
- സ്വവർഗ്ഗ ലൈംഗികത

## Discussion

### 4.2.2.1 കഥാസംഗ്രഹം

വിമാനത്താവളത്തിലേക്ക് കാർ ഓടിച്ചു പോകുമ്പോൾ യാത്രയാക്കാൻ പോകുന്നത് എൻറെ ഔദാര്യത്തിന്റെ അമിതാഭിനയം ആണെന്ന് ഞാൻ എന്നോട് തന്നെ ഓർമിപ്പിച്ചു. കണ്ണുനീർ കലക്കിയ കണ്ണുകൾ അവ്യക്തങ്ങളായി. ഞാൻ കല്യാണിക്കുട്ടിയെ ഓർത്തുനോക്കി. പണ്ടത്തെ കല്യാണിക്കുട്ടി എന്റെ ആത്മസ്നേഹിതയായിരുന്നു. ചന്ദനനിറമുള്ള പെൺകുട്ടി. അവളെയും പഠിപ്പിച്ചിരുന്നത് എന്റെ അച്ഛനായിരുന്നു. അച്ഛൻ മരിച്ചു കിടന്നപ്പോഴും അവൾ വികാരരഹിതയായിരുന്നു. കുളത്തിൽ നീന്തി കുളിക്കുകയായിരുന്ന ഒരു ദിവസം അവളെന്റെ ശരീരത്തെ കോരിത്തരിപ്പിച്ച് എല്ലായിടവും നോവുന്ന ചുംബനങ്ങളാൽ പൊതിഞ്ഞു. എന്റെ വിവാഹത്തിന്റെ തലേന്നാളും നമുക്ക് ഒളിച്ചോടാം എന്ന് അവൾ പറഞ്ഞു. ഞാൻ അതിനോട് യോജിച്ചില്ല.

▶ ഷീലയും കല്യാണിക്കുട്ടിയും തമ്മിലുള്ള ശക്തമായ ബന്ധം

വിവാഹശേഷം ഞാൻ മെഡിസിനു ചേർന്നു. മറ്റൊരു നഗരത്തിൽ കല്യാണിക്കുട്ടിയും. അവൾ സുധാകരനെ വിവാഹം ചെയ്ത് ഞങ്ങളുടെ നഗരത്തിൽ താമസമാക്കിയപ്പോൾ വീണ്ടും അവൾ എന്റെ സൗഹൃദവലയത്തിൽ പ്രവേശിച്ചു. സുധാകരനോടുള്ള ചില എതിർപ്പുകളാണ് അവൾക്ക് പറയാനുണ്ടായിരുന്നത്. പിന്നീട് താൻ ഗർഭിണിയാണെന്നും അത് അലസിപ്പിച്ചു തരണം എന്നും പറഞ്ഞു അവൾ വന്നു. സുധാകരന്റെ സമ്മതമില്ലാതെ കുഞ്ഞിനെ നശിപ്പിക്കാൻ ഞാൻ തയ്യാറായില്ല. രണ്ടുദിവസം കഴിഞ്ഞ് നഗരത്തിലെ ജീർണിച്ച തെരുവിലെ ഒരു വീട്ടിൽനിന്ന് രക്തസ്രാവവുമായി അവൾ കിടക്കുന്നതറിഞ്ഞ് ഞാനവളെ വീട്ടിലേക്ക് കൂട്ടി. പിന്നീടവൾ വിവാഹമോചിതയായി ആസ്ട്രേലിയയിലേക്ക് പോകുമ്പോഴും എന്നെ ക്ഷണിച്ചിരുന്നു. എന്റെ ഭർത്താവിനെ വിട്ട് ഞാൻ എങ്ങും പോവില്ല എന്ന് പറഞ്ഞു. കുഞ്ഞുങ്ങൾ ഇല്ലാത്തതിന്റെ സങ്കടം എനിക്കുണ്ടായിരുന്നു. ക്ലബ്ബിൽ വച്ച് തങ്ങളുടെ മക്കൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സ്ത്രീകൾ ചർച്ചചെയ്യുന്നത് കേട്ട് താൻ ഭാഗ്യവതി ആണെന്ന് തന്നത്താൻ പറഞ്ഞു.

▶ ഒത്തുതീർപ്പുകളിൽ വിശ്വസിക്കാതെ മുന്നോട്ടുപോകുന്ന ഷീല

ക്ലിനിക്കിൽ നല്ല തിരക്കുള്ള ഒരു ദിവസമാണ് ആരോഗ്യവതിയും പരിഷ്കൃത വേഷധാരിയുമായ ഒരു സ്ത്രീയെ ശ്രദ്ധിക്കുന്നത്. ഇരുപത്തിയാറ് വർഷങ്ങൾക്കുശേഷം കല്യാണിക്കുട്ടിയെ വീണ്ടും കാണുകയാണ്. ആസ്ട്രേലിയയിലെ ജോലി രാജിവെച്ച് ഡൽഹിക്ക് വന്നിട്ട് രണ്ടുവർഷമായെന്നും താൻ ഒരു ആസ്ട്രേലിയക്കാരന്റെ വിധവയാണെന്നും അവൾ എന്നെ അറിയിച്ചു. സുധാകരനെ വീണ്ടും കാണാനും അയാളുടെ കൂടെ ചില ദിനരാത്രങ്ങൾ ചെലവഴിക്കാനുമാണ് അവൾ വന്നിട്ടുള്ളത്. തന്റെ വരവ് അയാളുടെ ദാമ്പത്യം തകർക്കും എന്നതൊന്നും അവളുടെ വിഷയമല്ല. മൂത്ത് നരച്ച് വർഷങ്ങളോളം നീണ്ടുനിൽക്കുന്ന ഒരു ദാമ്പത്യം പരിഷ്കൃതർക്ക് നിശ്ചയമായും ദുസ്സഹമാണ്.

▶ കാൽനൂറ്റാണ്ടിന് ശേഷമുള്ള കണ്ടുമുട്ടൽ

എന്റെയും ഭർത്താവിന്റെയും ഇടയിലും ചില അസ്വസ്ഥതകളുണ്ട്. പക്ഷേ അതിരില്ലാത്ത സ്നേഹപ്രകടനമല്ലാതെ കുപിതനായി പോലും അദ്ദേഹം എന്നോട് പെരുമാറിയിട്ടില്ല. അങ്ങനെ ഒരിക്കലെങ്കിലും സംഭവിച്ചിരുന്നെങ്കിൽ ഞാൻ നിശ്ചയമായും വിവാഹമോചനം നേടുമായിരുന്നു. പല രീതിയിൽ പ്രകോപിപ്പിച്ചിട്ടും അദ്ദേഹം രൂക്ഷമായി പ്രതികരിച്ചില്ല. അദ്ദേഹത്തെ വഞ്ചിക്കുവാനായി പാതിവ്രത്യം ഉപക്ഷിക്കാൻ ഞാൻ ശ്രമങ്ങൾ നടത്തിയെങ്കിലും ഒന്നും ലക്ഷ്യത്തിലെത്തിയില്ല. ഒരിക്കൽ കല്യാണിക്കുട്ടി എന്നോടൊപ്പമുള്ള ദിവസം ഞാൻ ആവശ്യപ്പെട്ടത് പ്രകാരം സുധാകരൻ വന്നു. അന്ന് രാത്രി ഒരു ടാക്സിയിൽ അവർ ഒന്നിച്ചാണ് പോയത്. പിന്നീട് സുധാകരന്റെ മകൾ അമ്മിണി കല്യാണിക്കുട്ടിക്കൊപ്പം ആസ്ട്രേലിയയിൽ പോകാൻ തീരുമാനിച്ച വിവരം അയാളുടെ ഭാര്യയിൽ നിന്ന് ഞാൻ അറിഞ്ഞു. സുധാകരനെ തനിക്ക് നഷ്ടപ്പെടുമെന്ന് അവർ വല്ലാതെ ഭയപ്പെട്ടിരുന്നു. അവരെ ഞാൻ സമാധാനിപ്പിച്ചു പറഞ്ഞയച്ചു.

- സുധാകരൻറെയും കല്യാണിക്കുട്ടിയുടെയും പുനഃസമാഗമം

വിമാനത്താവളത്തിൽ എത്തിയപ്പോൾ കല്യാണിക്കുട്ടിയെ കണ്ടു. തങ്ങൾ സഹോദരിമാരാണെന്ന് പറയുന്ന കത്ത് അച്ഛന്റെ മരണശേഷം കാര്യസ്ഥൻ വഴി എത്തിച്ചതിനെക്കുറിച്ച് അവൾ പറഞ്ഞു. അമ്മിണിയെ കൂടെ കൊണ്ടുപോകുന്നതിൽ നിന്ന് അവളുടെ അമ്മ ആത്മഹത്യയ്ക്ക് ശ്രമിച്ചതിനാൽ പിന്മാറിയതായി അറിയിച്ചു. വീണ്ടും എന്നെങ്കിലും കാണാം. അവൾ നടന്നു പോയി. ഞാൻ ഭർത്താവുമൊന്നിച്ച് സുധാകരന്റെ വീട്ടിലെത്തിയപ്പോൾ അവിടെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മയെപ്പറ്റിയുള്ള പരാതികൾ മാത്രമാണ് അവൾക്ക് പറയാനുണ്ടായിരുന്നത്. തിരിച്ചുപോരുമ്പോൾ പണ്ടുമുതലേയുള്ള തങ്ങളുടെ ബന്ധത്തെക്കുറിച്ച് ഭർത്താവെന്നോട് കളിയാക്കി പറഞ്ഞു. ഒരു പെൺകിടാവ് മാത്രമായി ഞാൻ രൂപാന്തരപ്പെട്ടു. ഇരുണ്ടവെളിച്ചത്തിൽ നിന്ന് കല്യാണിക്കുട്ടിയുടെ ബാലിശമായ പൊട്ടിച്ചിരി ഉയർന്നു.

കല്യാണിക്കുട്ടിയുടെ ഓർമ്മയിൽ ഷീല വീണ്ടും പെൺകിടാവാകുന്നു

### 4.2.2.2 ഇതിവൃത്തവിശകലനം

ആഖ്യാനത്തിന്റെ പുരോഗതിയിൽ മുതിർന്നുവന്ന രണ്ട് പെൺകുട്ടികളാണ് കഥയിലുള്ളത്. ഷീലയോടുള്ള അടങ്ങാത്ത അഭിനിവേശമാണ് കല്യാണിക്കുട്ടിയെ ജീവിപ്പിക്കുന്നത്. അവൾക്കെന്നും ഷീല ഒരുമിച്ചുണ്ടാകണമെന്നായിരുന്നു ആഗ്രഹം. വിവാഹത്തിന്റെ തലേന്നും താൻ എന്ത് ജോലി ചെയ്തും സംരക്ഷിക്കാമെന്നവൾ പറഞ്ഞിരുന്നു. വ്യക്തിജീവിതത്തിലെ പൊരുത്തക്കേടുകൾക്കെല്ലാം കല്യാണിക്കുട്ടിയുടെ പരിഹാരം ഷീലയാണ്.

- ഷീലയുമായുള്ള ഒരു ജീവിതമായിരുന്നു കല്യാണിക്കുട്ടിയുടെ ആഗ്രഹം

തന്റെ ആഗ്രഹങ്ങൾക്കൊത്ത് ജീവിക്കാൻ മടിയേതുമില്ലാത്ത ശക്തമായ കഥാപാത്രമാണ് കഥയിൽ കല്യാണിക്കുട്ടി. അനിഷ്ടങ്ങളെ മറച്ചുവെച്ച് സമരസപ്പെട്ടു മുന്നോട്ടുപോകാൻ അവൾ തയ്യാറല്ല. തന്റെ മോഹങ്ങൾ ഏതറ്റംവരെ പോയിട്ടും സഫലമാക്കുമെന്ന നിശ്ചയദാർഢ്യം കല്യാണിക്കുട്ടി പുലർത്തുന്നു. മാതൃത്വമെന്ന കെട്ടുപാടിൽ കുടുങ്ങാൻ പോലും അവൾ തയ്യാറാകുന്നില്ല. എന്നാൽ ഷീലയാകട്ടെ സമൂഹത്തിനു മുൻപിൽ സ്വസ്ഥമായ ജീവിതം അഭിനയിച്ച് കാണിക്കുന്നവരുടെ പ്രതിനിധിയാണ്.

- ഷീലയും കല്യാണിക്കുട്ടിയും വിരുദ്ധ സ്വഭാവം പുലർത്തുന്നവർ

ഷീലയുടെ ഭർത്താവ് ഏതുവിധേനയും ബന്ധം മുന്നോട്ടുകൊണ്ടു പോകാൻ താൽപര്യപ്പെടുന്ന വ്യക്തിയാണ്. ഡോക്ടറുടെ ഭർത്താവ് എന്ന സാമൂഹ്യനിലയിലെ ഉന്നതസ്ഥാനം നഷ്ടപ്പെടുത്താൻ അയാൾ ഒരുക്കമല്ല. ഷീല പലതരത്തിൽ പ്രകോപിപ്പിക്കുമ്പോഴും അയാൾ ക്ഷുഭിതനാകുന്നില്ല. സുധാകരനാണെങ്കിൽ കല്യാണിക്കുട്ടിയെ എല്ലാ സമയത്തും പരിഗണിക്കുന്ന ഭർത്താവും പുരുഷനുമാണ്.

- പുരുഷ സ്വഭാവം വ്യത്യസ്തം

നിരുപാധികമായ സ്നേഹത്തിനായി അലഞ്ഞ എഴുത്തുകാരി യാണ് മാധവിക്കുട്ടി. തന്റെ ഇഷ്ടങ്ങൾക്കായി ഭ്രാന്തമായി അലയുന്ന കഥാപാത്രങ്ങളെ അവരിൽ നിന്ന് എപ്പോഴും കണ്ടെടുക്കാം. ഷീല യെ പോലെ ദാമ്പത്യത്തിന്റെ എല്ലാ വിരസതയും അനുഭവിക്കുമ്പോ ഴും ഒരനുഷ്ഠാനം പോലെ വിവാഹജീവിതത്തിൽ തുടരുന്നവരെയും മാധവിക്കുട്ടി സൃഷ്ടിച്ചു. ഈ കഥാപാത്രങ്ങളെല്ലാം സമൂഹത്തിന്റെ പരിച്ഛേദം തന്നെയാണ്.

- സ്നേഹത്തിനാ യുള്ള അലച്ചിൽ

ഭൂതവർത്തമാന കാലങ്ങൾ കൂടിക്കുഴഞ്ഞാണ് കഥ മുന്നോട്ടു പോകുന്നത്. കഥയുടെ പശ്ചാത്തലവിവരണം ഓർമ്മകളിലൂടെയാ ണ് നിർവ്വഹിക്കപ്പെടുന്നത്. ഹ്രസ്വമായ സംഭാഷണശകലങ്ങളിലൂടെ കഥാപാത്രങ്ങളുടെ മാനസികാപഗ്രഥനം കൂടി വിശദമാക്കപ്പെടുന്നു. അധ്യായങ്ങളായി തിരിച്ചുള്ള രൂപം നോവലൈറ്റ് പോലെ സാമാന്യം ദീർഘമായ ഒന്നാണ്.

- കൂടിക്കുഴഞ്ഞ കാലം

ദാമ്പത്യത്തിലെ വിരസതയെപ്പറ്റി ദീർഘമായ വിചാരങ്ങൾ കഥ യിലുണ്ട്. നല്ല അഭിനയമായാണ് പല ബന്ധങ്ങളും മുന്നോട്ടുപോ കുന്നത്. അകമേ പലതരത്തിൽ മടുപ്പും വെറുപ്പും അത് ഉണ്ടാ ക്കിയിട്ടുണ്ടാകുമെങ്കിലും പുറമേ അവർ മാതൃകാ ദമ്പതികളായി അഭിനയിക്കുകയായിരിക്കും. കഥാന്ത്യത്തിൽ ഷീലയ്ക്കും കല്യാ ണിക്കുട്ടിയോട് അതുവരെ തോന്നാത്ത ഒരു അടുപ്പം ഉണ്ടാകുന്നത് തന്റെ ഭർത്താവിനോടുള്ള വെറുപ്പിന്റെ കൂടി ഫലമാണ്.

- ദാമ്പത്യമെന്ന കാപട്യം

## Summarised Overview

സ്വവർഗ്ഗ ലൈംഗികത മലയാള സാഹിത്യത്തിലെന്നതുപോയിട്ട് സമൂഹത്തിന്റെ മുഖ്യധാ രയിൽ തന്നെ ചർച്ചചെയ്യാൻ തുടങ്ങിയിട്ടില്ലാത്ത കാലത്താണ് മാധവിക്കുട്ടി 'ചന്ദനമരങ്ങൾ' എഴുതുന്നത്. ചെറിയ രീതിയിലെങ്കിലും സംരക്ഷണ സംവിധാനങ്ങൾ ഇടപെടുന്ന പുതിയ കാലത്തിൽ നിന്നും വ്യത്യസ്തമായി ലൈംഗിക ന്യൂനപക്ഷങ്ങൾ വലിയ എതിർപ്പ് ഏറ്റുവാ ങ്ങിയിരുന്ന സമയം. പക്ഷേ മാനസിക ചേർച്ചയുമായി ബന്ധപ്പെട്ട വലിയ കാഴ്ചപ്പാടുകൾ അത് വെച്ചുപുലർത്തി.

വിവാഹാനന്തരമുള്ള സമരസപ്പെടൽ എല്ലാകാലത്തും സമൂഹത്തിൽ ശക്തമായ ഒന്നാണ്. സമൂഹത്തിൻറെ തോന്നലുകളെ പേടിച്ച് തങ്ങളായി ജീവിക്കാൻ ഉള്ള ധൈര്യം പലരും പ്ര കടിപ്പിക്കാറില്ല. വിവാഹമോചനമെന്നത് കൊടുംപാപമായി കരുതപ്പെടുന്ന ധാരണകളെ മറികടക്കുക ഇന്നും എളുപ്പമല്ല. സമരസപ്പെടൽ ജീവിതമല്ല എന്ന് മാധവിക്കുട്ടി അടക്കമുള്ള എഴുത്തുകാർ പ്രഖ്യാപിച്ച് പതിറ്റാണ്ടുകളായെങ്കിലും ഇന്നും സ്ഥിതി സമാനമാണ്.

ദാമ്പത്യം മുന്നോട്ടുപോകുന്തോറും വിരസത പലരീതിയിൽ കടന്നുവരുന്ന സ്വഭാവം കഥയിലെ മാനസികതലത്തിൽ പ്രധാനമാണ്. വിവാഹജീവിതവുമായി ബന്ധപ്പെട്ട് പരമ്പരാഗതമായി സമൂഹം ഉണ്ടാക്കിവെച്ച ശുദ്ധി, പാപം മുതലായ ചിന്തകളെ അവ റദ്ദ് ചെയ്യുകയും അതിനെ മറികടന്ന് ആഗ്രഹങ്ങൾ മുന്നോട്ടുപോവുകയും ചെയ്തു. ചിലരിൽ മാനസികാവശ്യമായിട്ടാണ് അവ പ്രത്യക്ഷപ്പെടുന്നതെങ്കിൽ മറ്റുചിലരിൽ ശാരീരികാവശ്യത്തിന്റെ രൂപത്തിൽ അത് പ്രകടമാകുന്നു.

## Assignments

1. മാധവിക്കുട്ടിയുടെ കഥാരചനയുടെ സവിശേഷതകൾ എന്തെല്ലാം?
2. ചന്ദനമരങ്ങൾ കാലത്തെ കവച്ചുവെക്കുന്ന കഥാനുഭവമാകുന്നതെങ്ങനെ?
3. ദാമ്പത്യത്തെക്കുറിച്ച് കഥ മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാട് എന്താണ്?
4. കല്യാണിക്കുട്ടിയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.
5. അമ്മിണി മുന്നോട്ടുവയ്ക്കുന്ന പുതിയ കാലത്തിൻറെ കാഴ്ചപ്പാടുകൾ എന്താണ്?
6. മാധവിക്കുട്ടിയിലെ തുറന്നെഴുത്ത് - കുറിപ്പെഴുതുക.
7. പാരമ്പര്യത്തിന്റെ പൊളിച്ചെഴുത്ത് മാധവിക്കുട്ടിയിൽ - ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. കെ. പി. അപ്പൻ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, ഡി. സി. ബുക്സ്, കോട്ടയം.
2. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം.
3. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാംകാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. മാധവിക്കുട്ടി, ചന്ദനമരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
5. മാധവിക്കുട്ടി, മാധവിക്കുട്ടി ജീവിതം എഴുതുന്നു, ഡി. സി. ബുക്സ്, കോട്ടയം.
6. മാധവിക്കുട്ടി, എന്റെ കഥ, ഡി. സി. ബുക്സ്, കോട്ടയം.


## References


1. രാജീവ് കുമാർ എം., മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. ഇ. വി. രാമകൃഷ്ണൻ, മാധവിക്കുട്ടി പഠനങ്ങളും രചനകളും, ഡി. സി. ബുക്സ്, കോട്ടയം.
3. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# പള്ളിവാളും കാൽച്ചിലമ്പും

## എം. ടി. വാസുദേവൻ നായർ

## Learning Outcomes

- 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥ മുൻനിർത്തി എം. ടി. കഥകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- നവോത്ഥാനന്തര കഥ മനുഷ്യദുരിതങ്ങൾ ആവിഷ്കരിച്ചതെങ്ങനെയെന്ന ധാരണ നേടുന്നു
- കഥ വിശദമാക്കുന്ന സാമൂഹ്യപ്രശ്നങ്ങളെ തിരിച്ചറിയുന്നു
- ആധുനികതയുടെ ജ്ഞാനവെളിച്ചം പാരമ്പര്യത്തെ സമീപിക്കുന്ന രീതി മനസ്സിലാക്കുന്നു

## Background

ലോകത്താകെ മലയാള സാഹിത്യത്തിന്റെ കൊടിയടയാളമായി കരുതപ്പെടുന്ന പേരുകളിലൊന്നാണ് എം. ടി. വാസുദേവൻ നായരുടേത്. കഥ, നോവൽ, തിരക്കഥ, സ്മരണ തുടങ്ങി വിവിധ വിഭാഗങ്ങളിലായി സുദീർഘമായ സാഹിത്യജീവിതമാണ് അദ്ദേഹത്തിനുള്ളത്. രചന നടത്തുന്ന കാലത്തെ പ്രധാന പ്രസ്ഥാനങ്ങളുടെ ഭാഗമാകുക എന്നതിലുപരി എഴുത്തിന്റെ എം. ടി. വഴി സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പഴയ നായർതറവാട്ടിലെ ബാല്യകാലാനുഭവങ്ങളായാണ് എം.ടി. യുടെ ആദ്യകാല രചനകൾ രൂപമെടുക്കുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിതിയിലെ ആചാരങ്ങളും കീഴ്വഴക്കങ്ങളും അവയിൽ വിഷയമായി. വ്യവസ്ഥയ്ക്കുള്ളിൽപ്പെട്ട് നിശബ്ദരായിപ്പോയ സ്ത്രീജീവിതങ്ങളുടെ വേദനകളും കഥ തുറന്നുകാട്ടി.

തറവാട്ടിൽ നിന്ന് പുതിയ ലോകത്തിലേക്ക് ആ കഥകൾ വളർന്നു. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കായിരുന്നു ഈ വളർച്ച. ആഗ്രഹിച്ചതൊന്നുമാകാൻ പറ്റാതെ നഷ്ടപ്പെട്ടതോർത്ത് ദുഃഖിക്കുന്ന യുവത്വത്തിനാണ് അവയിൽ പ്രാമുഖ്യമുണ്ടായിരുന്നത്. പല നിലയിൽ ഒറ്റപ്പെട്ടവന്റെ വൈകാരികവിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

ആത്മോപാഖ്യാന രീതിയിലാണ് എം. ടി. യുടെ പല രചനകളും എഴുതപ്പെട്ടിട്ടുള്ളത്. അവയിലെല്ലാം കഥാപാത്രങ്ങളുടെ മനോനില വരികൾക്കിടയിൽ നിന്ന് തെളിഞ്ഞുവരുന്നത് കാണാം. ഇങ്ങനെ സാമൂഹികതലത്തിൽ നിന്ന് വ്യക്തിമനസ്സിലേക്കുള്ള യാത്ര എം. ടി.യിൽ പ്രധാനമാവുന്നു.

ജീവിത പ്രതിസന്ധികളെ ആഴത്തിൽ അഭിമുഖീകരിക്കുന്ന കഥകൾ എം.ടി. എഴുതിയിട്ടുണ്ട്. ആ ഗണത്തിൽ പ്രധാനമാണ് 'പള്ളിവാളും കാൽച്ചിലമ്പും'. ദേവിക്കായി സമർപ്പിച്ച ഒരു ജന്മത്തിൻറെ ദുരിതമാണ് വെളിച്ചപ്പാടിന്റെ ജീവിതത്തിലൂടെ അദ്ദേഹം തുറന്നുകാട്ടുന്നത്. തന്റെ പൈതൃകവും വിശുദ്ധിയും അതിജീവനത്തിനായുള്ള പോരാട്ടത്തിൽ രക്ഷയ്ക്കായി എത്തില്ല എന്ന തിരിച്ചറിവ് കൂടിയാണ് ഈ കഥ.

## Keythemes

- ആധുനികതയിലേക്ക് പ്രവേശിക്കുന്ന സമൂഹത്തിന്റെ ആന്തരിക സംഘർഷങ്ങൾ
- പാരമ്പര്യ ധാരണകളിലുള്ള അവിശ്വാസം
- പട്ടിണിയും കഷ്ടപ്പാടും വിധിയാണെന്ന ധാരണയുടെ പൊളിച്ചെഴുത്ത്

## Discussion

### 4.2.3.1 കഥാസംഗ്രഹം

ആളുകൾ പിരിഞ്ഞുതുടങ്ങി. രാത്രിയുടെ ഇരുണ്ട നിശബ്ദതയിലേക്ക് അമ്പലവും പരിസരവും താണുപോകുന്നു. ഒന്ന് നീണ്ടുനിവർന്ന് നിന്നപ്പോൾ വെളിച്ചപ്പാടിന് ഒരാശ്വാസം തോന്നി. എമ്പ്രാന്തിരി മടിയിൽ നിന്ന് ഒരു കാലുറുപ്പികയും നാലു കാലണയും വെളിച്ചപ്പാടിൻെറ കയ്യിൽ ഇട്ടുകൊടുത്തു. ഒന്നര നാഴിക ദൂരം ഇടവഴികളിലെ ഇരുട്ടു നീന്തിക്കൊണ്ടുവേണം അയാൾക്ക് വീട്ടിലെത്താൻ. എന്തൊരു ക്ഷീണമാണ്.

- ദുരിതം പ്രകടം

നാട്ടിലെ ബഹുജനങ്ങൾക്ക് വേണ്ടപ്പെട്ട വ്യക്തികളിലൊരാളാണ് അയാൾ. ഭഗവതിയുടെ വെളിച്ചപ്പാടാണ്. അച്ഛനും അച്ഛന്റെ അച്ഛനും വെളിച്ചപ്പാടായിരുന്നു. അമാനുഷികമായ ശക്തികൾ പലതും കാണിച്ചവർ. മരണസമയത്ത് അച്ഛന്റെ നേരുംനെറിയും തെറ്റാതെ നടക്കാനുള്ള ഉപദേശത്തെ പിൻപറ്റി ഇരുപത്തിമൂന്നാം വയസ്സിൽ അയാൾ കോമരം തുള്ളി. വർഷങ്ങൾ കഴിഞ്ഞു. അമ്പലം കുലുക്കി നൃത്തം വെക്കാനോ അട്ടഹസിക്കാനോ അയാൾക്കിന്ന് വയ്യ. ഏഴ് കൊല്ലത്തിനിപ്പുറം അയാൾ ഒരു തുള്ളി ചോര വീഴ്ത്തിയിട്ടില്ല. ആദ്യകാലത്ത് തല വെട്ടിപ്പൊളിച്ചതിന്റെ ഫലമായി വിട്ടുമാറാത്ത തലവേദന ഇപ്പോഴുണ്ട്.

- നിർബന്ധിത തീരുമാനം

ഇരുപതിലധികം കൊല്ലമായി ദേവിയുടെ കോമരം ആയിട്ട്. ശക്തിക്ഷയിച്ച ഒരു ശരീരം, അഞ്ചു മക്കൾ ... പിന്നെ ഒന്നുമില്ല. അമ്പലത്തിലെ ശാന്തിക്കാരൻ എമ്പ്രാന്തിരിയോ? എല്ലും തോലുമായി ഇന്നാട്ടിൽ വന്ന അയാൾക്കിപ്പോൾ മാളിക പോലത്തെ ഒരു ഇല്ലം, ഒരു തെങ്ങിൻ പറമ്പ്. നേരും നെറിയും ഇല്ലാത്ത ഒരു കാര്യവും വെളിച്ചപ്പാട് ഇതുവരെ ചെയ്തിട്ടില്ല. വഴിപാടൊക്കെ ഇപ്പോൾ വല്ലപ്പോഴുമേ ഉള്ളൂ. കിട്ടുന്നത് ഒരു പണമാണ്. തലമുറകളായുള്ള പ്രതിഫലമാണത്. വൈക്കോൽ മേഞ്ഞ മൺചുമരുകളുള്ള വീടാണുള്ളത്. മക്കളിൽ മൂത്തവൻ അച്ഛൻ അടിച്ചതിൽ പ്രതിഷേധിച്ച് നാടുവിട്ടു. വീട്ടിലെത്തിയപ്പോൾ ഭാര്യ ലക്ഷ്മി മകൾ അമ്മിണിക്ക് പനിക്ക്ണ്ണ്ട് എന്നറിയിച്ചു. പുറത്തു കൈ വച്ചു നോക്കി. ചൂടുണ്ട്.

- വെളിച്ചപ്പാടിന്റെ പാരമ്പര്യം

രണ്ടുദിവസമായി അമ്മിണിയുടെ പനി തുടങ്ങിയിട്ട്. അടുപ്പിൽ തീപ്പെക്കുവാൻ യാതൊരു വഴിയുമില്ല. അഭിമാനം വയറു നിറക്കുകയില്ലെന്ന് അയാളോർത്തു. ചാക്കുമടക്കി ചുമലിലിട്ട് പള്ളിവാളും കയ്യിലെടുത്ത് അയാൾ ഇറങ്ങി. വൈകുന്നേരം തിരിച്ചെത്തിയപ്പോൾ

ചാക്കിൽ കഷ്ടിച്ച് ആറിടങ്ങഴി നെല്ലുണ്ട്. രണ്ടുദിവസം ചെലവ് കഴിച്ചു കൂട്ടാം. ദേവിയുടെ കടാക്ഷമുണ്ടെങ്കിൽ ഒക്കെ നേരെയാവും എന്നയാൾ ആശ്വസിച്ചിരുന്നു. ദേവി കടാക്ഷിക്കാത്തതെന്താണ്? വൈഷമ്യങ്ങൾ വർധിക്കുകയാണ്. അമ്മിണിക്ക് വസൂരിയാണ്. ദേവിയുടെ വിളയാട്ടത്തിൽപ്പെട്ടതാണ്.

▶ ദാരിദ്ര്യംമാത്രം ബാക്കി

ഭാര്യയും മറ്റു കുട്ടികളും മാറി താമസിക്കണം. രോഗം നോക്കാൻ ഒരാൾ വേണം. എല്ലാറ്റിനും വേണം പണം. കടം ചോദിച്ചപ്പോൾ എമ്പ്രാന്തിരി കൈമലർത്തി. ഒരു ദുസ്വപ്നം പോലെ അയാൾ നീങ്ങി. അകത്ത് പായിൽ കിടന്ന് അമ്മിണി ഞരങ്ങുകയാണ്. കുട്ടികൾ ബഹളം കൂട്ടുന്നു. ലക്ഷ്മി നനഞ്ഞ കണ്ണുകളോടെ ഇരിക്കുന്നു. മൂലയിൽ ചാരിവെച്ചിരുന്ന പള്ളിവാളും ചുമരിൽ തൂങ്ങിക്കിടക്കുന്ന ചിലമ്പും കൈയ്യിൽ എടുത്തു അയാൾ നടന്നു. മൂശാരി നാണുവിന്റെ പുരയിലേക്ക്. ഇതൊക്കെ തൂക്കി ഒന്ന് കാശ് കണക്കാക്ക്. മൂശാരി അമ്പരന്നുപോയി. ഭഗവതിയുടെ പള്ളിവാളും ചിലമ്പുമാണ്.

▶ അതിജീവനത്തിനായി ദുർബല ശ്രമങ്ങൾ

## 4.2.3.2 ഇതിവൃത്തവിശകലനം

രണ്ടു പതിറ്റാണ്ടിലേറെയായി മുറതെറ്റാതെ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചുപോന്ന വെളിച്ചപ്പാടാണ് കഥയുടെ കേന്ദ്രം. അഭിമാനിയായ അയാൾ സത്യസന്ധതയോടെയാണ് ഇന്നേവരെ ജീവിച്ചുപോന്നത്. പക്ഷേ ദുരന്തങ്ങൾ ഒന്നിനുപുറകെ ഒന്നായി അയാളെയും കുടുംബത്തെയും വിടാതെ പിന്തുടരുകയാണ്. ദേവി കടാക്ഷിക്കും എന്ന വിശ്വാസം അവസാനം അയാൾ കൈവിടുന്നു. ബഹുമാനപുരസ്സരം മാത്രം ദേവിയെ കണ്ടിരുന്ന വെളിച്ചപ്പാട് അവസാനമാകുമ്പോഴേക്കും ഓൾ എന്നാണ് അഭിസംബോധന ചെയ്യുന്നത്.

▶ വെളിച്ചപ്പാടിന്റെ മാറ്റം

ഇരുപതാം നൂറ്റാണ്ടിൻറെ പകുതിയിൽ ഇത്തരത്തിലൊരു കഥ സ്വാഭാവികമായാണ് എം.ടി. എഴുതുന്നത്. സത്യസന്ധനായും അഭിമാനിയായും ജീവിച്ച വെളിച്ചപ്പാടിന് വന്നുപെട്ട ദുരന്തങ്ങളോർമ്മിപ്പിച്ച് നമ്മുടെ പാരമ്പര്യ ധാരണകളെ തന്നെ പ്രശ്നവൽക്കരിക്കുകയാണ് അദ്ദേഹം. എം.ടി. കഥകളിൽ പ്രമേയത്തിലും പരിചരണത്തിലും ഏറെ വ്യത്യസ്തത പുലർത്തുന്ന കഥ കൂടിയാണിത്.

▶ കഥകളിൽ വ്യത്യസ്തം

കഥയുടെ ആഖ്യാനത്തിൽ എം.ടി. പുലർത്തുന്ന കയ്യടക്കം കഥ ഇന്നും വായിപ്പിക്കുന്നതിൽ പ്രധാനമാണ്. വെളിച്ചപ്പാടാണ് പ്രധാന കഥാപാത്രമെങ്കിലും അദ്ദേഹത്തിന്റെ ജീവിതദൈന്യത്തിന്റെ രൂക്ഷത നമുക്ക് മനസ്സിലാക്കിത്തരുന്നത് ചുറ്റുമുള്ള കഥാപാത്രങ്ങളാണ്. വെളിച്ചപ്പാടിനെ മുൻനിർത്തി ക്രമികമായി മുന്നോട്ടുപോകുന്ന കാലത്തിലൂടെ പാരമ്പര്യധാരണകളെ ചോദ്യംചെയ്യുന്ന നിരവധി സന്ദർഭങ്ങൾ കഥ സൃഷ്ടിക്കുന്നുണ്ട്. കഥയിലെ മിക്ക സംഭാഷണങ്ങളും ചെറുതെങ്കിലും അതിലടങ്ങിയ അർത്ഥവിവക്ഷകളാൽ ദൈർഘ്യമുള്ളതാണ്.

▶ എം. ടി. യിലെ പ്രതിഭ

വെളിച്ചപ്പാടിന്റെ ശാരീരിക മാനസിക പ്രയാസങ്ങൾ കഥയുടെ തുടക്കത്തിലേ വ്യക്തമാണ്. പോത്തു പോലും വെള്ളം കുടിക്കാത്ത പാതിരാത്രിയിൽ ക്ഷീണം കൊണ്ട് വെള്ളം കുടിക്കുന്നുണ്ട്

▶ വെളിച്ചപ്പാടിന്റെ തീരാദുരിതങ്ങൾ

അദ്ദേഹം. എമ്പ്രാന്തിരി കൊടുക്കുന്ന കാലണയ്ക്കായി ഉറക്കം പോലുമില്ലാതെയാണ് അയാൾ കോമരം തുള്ളുന്നത്. പണ്ട് തലയ്ക്ക് വെട്ടിയതിന്റെ അനന്തരഫലമായി വിട്ടുമാറാത്ത തലവേദന അലട്ടുന്നുണ്ട്. വീട്ടിലെ അവസ്ഥയും പരിതാപകരം. അപ്പോഴെല്ലാം ഭഗവതി രക്ഷിക്കുമെന്ന് അയാൾ പുലർത്തിയ വിശ്വാസമാണ് കഥാവസാനം തച്ചുടക്കപ്പെടുന്നത്.

▶ പുതിയ തലമുറ യുടെ മാറ്റം

തന്റെ അച്ഛനും അച്ഛന്റെ അച്ഛനും കണിശമായി പാലിച്ച ചിട്ടകൾ പുതിയ തലമുറ അനുസരിക്കുന്നില്ല എന്നത് വെളിച്ചപ്പാടിനെ ആദ്യം അസ്വസ്ഥനാക്കിയിരുന്നു. അതുകൊണ്ടാണ് പള്ളിവാളുകൊണ്ട് മാങ്ങ ചെത്തിയ മകനെ അയാൾ ഒരുപാട് തല്ലിയത്. അച്ഛന്റെ ഭഗവതി ചോറ് കൊണ്ടുവരട്ടെ, കുറേക്കാലമായല്ലോ പുറകെ നടക്കാൻ തുടങ്ങിയിട്ട് എന്ന അഭിപ്രായമാണ് മകനുള്ളത്. അവൻ നാടുവിട്ടു പോകുകയും ചെയ്യുന്നു.

▶ അമ്പരക്കുന്ന വായനക്കാർ

കഥാവസാനത്തിൽ മൂശാരി നാണുവിന്റെ പുരയിലേക്ക് കയറിച്ചെല്ലുന്ന വെളിച്ചപ്പാട് പള്ളിവാളും ചിലമ്പും നോക്കി വില കണക്കാക്കാൻ പറയുന്നു. ഇതുകേട്ട് അമ്പരന്നു പോകുന്നത് മൂശാരി മാത്രമല്ല, മുഴുവൻ വായനക്കാരുമാണ്. പരമ്പരകളായി ആദരവോടെ കൊണ്ടുനടന്നിരുന്നത് മുഴുവനുമാണ് അയാളവിടെ ഉപേക്ഷിക്കുന്നത്. വെളിച്ചപ്പാട് നേടുന്ന തിരിച്ചറിവ് ആധുനിക വിദ്യാഭ്യാസം നൽകിയ കരുത്തിന്റെ ഫലമാണ്.

## Summarised Overview

പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഈ കഥയും കഥയിൽ നിന്ന് രൂപപ്പെട്ട നിർമ്മാല്യം എന്ന സിനിമയും പാരമ്പര്യബോധത്തെയും മാമൂൽവിശ്വാസങ്ങളെയും യാഥാസ്ഥിതികചിന്തകളെയും വെല്ലുവിളിച്ച് നിലനിൽക്കുന്നു. ആധുനിക കാലത്തെ ഭൗതിക മാറ്റങ്ങളെ നിരാകരിച്ച് വിശ്വാസങ്ങളെയും ആചാരങ്ങളെയും മുറുകെപ്പിടിച്ച് കഴിഞ്ഞിരുന്ന വെളിച്ചപ്പാട് ഒടുവിൽ അയാളുടെ ജീവിതാപചയത്തിന്റെ കാരണങ്ങൾ തെളിവോടെ മനസ്സിലാക്കുന്നു. ദൈവവുമായുള്ള ബന്ധത്തിന്റെ ഇടനിലക്കാരനെപ്പോലെ വർത്തിക്കുന്ന ഒരു വ്യക്തി ആചാരങ്ങളും വിശ്വാസവും നിരാകരിക്കാൻ തയ്യാറാകാതെ തകർച്ചയിലേക്ക് പോകുന്നു എന്നത് മാറ്റത്തോടുള്ള പാരമ്പര്യചിന്തകളുടെ നിരാകരണമാണ്.

വെളിച്ചപ്പാടിന്റെ നിഷേധിയായ മകൻ യാഥാസ്ഥിതികത്വത്തിനോട് പൊരുതാൻ തയ്യാറായ പുതിയ തലമുറയുടെ പ്രതിനിധിയാണ്. ദൈവീക പ്രതീകങ്ങളുടെ നിരന്തര തകർച്ചയുടെ ശ്ലഥചിത്രങ്ങൾ വലിയൊരു മാറ്റത്തിന് വേണ്ടിയുള്ള കഥാകാരന്റെ കാഹളമാണ്. ക്ഷേത്ര കേന്ദ്രീകൃതമായ വിശ്വാസക്രമങ്ങളുടെ അനുബന്ധമായിത്തന്നെ ഭക്തിയുടേതായ ഒരു സാമ്പത്തിക ധാർമ്മികത, മതാധിഷ്ഠിത വിശ്വാസരീതിയുടെ ഭാഗമാണ്. സാമൂഹിക മാറ്റത്തിന്റെ ഭാഗമായി ഇത്തരം കടുംബോധങ്ങളിൽ നിന്ന് വിശ്വാസി സമൂഹം മാറുന്നതിന്റെ അതിമർദ്ദമാണ് 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥയുടെ വർത്തമാനകാല മൂല്യം.

# Assignments

1. 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥ മുന്നോട്ടുവെക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ വിശദമാക്കുക.
2. നവോത്ഥാനാനന്തര കഥ മനുഷ്യദുരിതങ്ങളെ ചിത്രീകരിക്കുന്നത് എങ്ങനെയാണ്?
3. പഴയ തലമുറയിൽ നിന്ന് ഭിന്നമായ സ്വഭാവമാണ് കഥയിലെ പുതിയ തലമുറയുടെ പ്രതിനിധിക്കുള്ളത്. വിശദമാക്കുക.
4. എം. ടി.യുടെ ആദ്യ കഥകളുടെ പൊതുവായ സവിശേഷതകൾ എന്തെല്ലാം?
5. വെളിച്ചപ്പാടിനുണ്ടായ മാറ്റം കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?
6. എം.ടി. കഥകളിലെ മാനവികത - വിശദമാക്കുക.
7. പാരമ്പര്യത്തിന്റെ വിച്ഛേദം 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക.

# Suggested Readings


1. എം. എം. ബഷീർ, (എ. ഡി.), എം. ടി. കഥയും പൊരുളും, കറൻറ് ബുക്ക്സ്, തൃശൂർ.
2. ടി. എൻ. പ്രകാശ് (എ. ഡി.), ടി. പത്മനാഭൻ ആത്മബലിയുടെ അരനൂറ്റാണ്ട്, ഒലിവ്, കോഴിക്കോട്.
3. എ. എസ്. പ്രതീഷ്, എം. ടി. കല ദേശം സ്വത്വം, ഹരിതം ബുക്ക്സ്, കോഴിക്കോട്.
4. എം. രാജീവ് കുമാർ, മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


# References


1. ജി. ഉഷാകുമാരി, കഥയും കാമനയും, ലോഗോസ് ബുക്ക്സ്, പട്ടാമ്പി.
2. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി.സി. ബുക്ക്സ്, കോട്ടയം.
3. എ. അരവിന്ദാക്ഷൻ, കഥയുടെ രാഗവിസ്താരം, കറന്റ് ബുക്ക്സ്, തൃശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 3

# അഞ്ചരവയസ്സുള്ള കുട്ടി

**എം. മുകുന്ദൻ**

## Learning Outcomes

- കഥയിൽ വിഷയമായ ആധുനികതയുടെ ചില പ്രവണതകളെ മനസ്സിലാക്കുന്നു
- കഥാവിശകലനത്തിലൂടെ മലയാള ആധുനികത യാഥാർത്ഥ്യത്തിൽ നിന്നും അകലെയായിരുന്നെന്ന വസ്തുത തിരിച്ചറിയുന്നു
- എം. മുകുന്ദൻറെ ആധുനികതയുടെ കാലത്തെ ഇടപെടൽ മനസ്സിലാക്കുന്നു
- കഥയിലെ പ്രമേയം രൂപപ്പെടാനിടയായ ഭൗതിക സാഹചര്യത്തെക്കുറിച്ച് ധാരണ നേടുന്നു

## Background

എഴുപതുകൾ മലയാളത്തിൽ ആധുനികത ഏറ്റവും സജീവമായി ഇടപെട്ട കാലമാണ്. അന്ന് ആധുനികത ഉയർത്തിവിട്ട പുതിയ ചിന്തകളെയും ദർശനങ്ങളെയും തന്റെ കൃതികളിൽ ഉൾക്കൊള്ളിക്കുകയും ഭാവുകത്വത്തിലെ മാറ്റത്തെ സംബന്ധിച്ച് സൈദ്ധാന്തിക വ്യക്തത ന ൽകാൻ ശ്രമിക്കുകയും ചെയ്ത എഴുത്തുകാരനാണ് എം മുകുന്ദൻ. അക്കാലത്തെഴുതിയ നോവലുകളിലും കഥകളിലും ഒരേപോലെ ആധുനിക പ്രവണതകളെ അദ്ദേഹം കൂടെ കൂട്ടിയിരുന്നു.

ജീവിതത്തെക്കുറിച്ചുള്ള ആശങ്കകളും അതുണ്ടാക്കുന്ന ഏകാന്തതയും ശൂന്യതാബോധവും ആധുനികതയുടെ സ്വഭാവമായിരുന്നു. മരണം, അസ്ഥിത്വം, സ്വത്വം എന്നിവയെക്കുറിച്ചെല്ലാം ആധുനികർ നിരന്തരം ശബ്ദിച്ചു. രൂക്ഷമായ അസ്തിത്വപ്രതിസന്ധിക്കൊപ്പം അന്യവൽക്കരണവും നിഷേധചിന്തയും കൃതികളിൽ നിറഞ്ഞു. പാശ്ചാത്യലോകത്ത് രണ്ടാം ലോകമഹായുദ്ധവും വ്യവസായവൽക്കരണവുമാണ് ഇവയ്ക്ക് കളമൊരുക്കിയത്. ഇന്ത്യയിൽ അത് സ്വാതന്ത്ര്യാനന്തരം നടപ്പാകുമെന്ന് പ്രതീക്ഷിച്ച ഭാവിസ്വപ്നങ്ങൾ തകർന്നു തരിപ്പണമായതിന്റെ നിരാശയായിരുന്നു.

കാഫ്ക, കാമു, സാർത്ര് തുടങ്ങിയവർ തങ്ങളുടെ കൃതികളിൽ ഉപയോഗിച്ച അസ്തിത്വവാദത്തെ മലയാളകഥയിൽ ഏറ്റവും കൂടുതൽ ഉപയോഗിച്ചതിൽ ഒരാൾ മുകുന്ദനാണ്. അക്കാലത്തെ ഭൗതികജീവിതം വ്യക്തിയുടെമേൽ അടിച്ചേൽപ്പിച്ച അന്യതാബോധവും അരക്ഷിതാവസ്ഥയും ആ കഥകളിൽ ഇടംനേടി. പലപ്പോഴും യാന്ത്രികമായി പോകുന്ന മനുഷ്യബന്ധങ്ങളുടെ നിരർത്ഥകതയെക്കുറിച്ച് അവ ശബ്ദിച്ചു. ഇവിടെ ജീവിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ഒന്നും തന്നെ നേടാനില്ല എന്ന പ്ര തീക്ഷാരാഹിത്യമാണ് കഥകൾ മുന്നോട്ടുവെച്ചത്.

ഒറ്റനോട്ടത്തിൽ വികലമെന്നു തോന്നിക്കുന്ന അവതരണരീതി മുകുന്ദന്റേതടക്കമുള്ള ആധുനികകഥകൾദുർഗ്രഹവുംസങ്കീർണവുമാണെന്നവിലയിരുത്തലിൽഎത്തിച്ചു.പലപ്പോഴും ബിംബങ്ങളെ സമൃദ്ധമായി ഉപയോഗിക്കുന്ന രീതി ഈ ധാരണയെ കൂടുതൽ ശക്തമാക്കുകയും ചെയ്തു. മനുഷ്യ ജീവിതത്തിന്റെ ദുരന്തങ്ങളാണ് ആവിഷ്കരിക്കേണ്ടിയിരുന്നത് എന്നതിനാൽ അങ്ങനെയേ എഴുതാൻ സാധിക്കുമായിരുന്നുള്ളൂ.

ഏകാകികളും അന്യരും അനാഥരുമാണ് മുകുന്ദൻറെ പല കഥാപാത്രങ്ങളും. വ്യവസ്ഥിതി അടിച്ചേൽപ്പിച്ച നിയമങ്ങൾക്കുമേൽ ഇങ്ങനെ മാറുന്ന കഥാപാത്രങ്ങൾ ആധുനികതയ്ക്ക് യോജിച്ച മാതൃകകളായിരുന്നു. വളരെ ചെറിയകുട്ടികൾ പോലും ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽനിന്നും ദുഃഖങ്ങളിൽ നിന്നും മുക്തരായിരുന്നില്ല. താൻ ആരാണെന്നും എന്താണെന്നും കൃത്യമായി തിരിച്ചറിയാനാകാതെ മൃത്യുബോധത്തിലേക്ക് നടന്നുകയറിയ നിരവധി വ്യക്തികളെ കഥകളിൽ നിന്ന് കണ്ടെടുക്കാം.

# Keythemes

- സന്ദേഹങ്ങൾ വഴി ആധുനികതയുടെ അഭയസ്ഥാനത്തെത്തുന്ന ഒരു കുട്ടി
- ശൂന്യചിന്തയും മൃത്യുബോധവും
- അസ്തിത്വപ്രതിസന്ധി

# Discussion

## 4.3.1.1 കഥാസംഗ്രഹം

- എട്ട് മണിയ്ക്കും എണീക്കാത്ത ജയൻ

ശേഖരൻറെയും നളിനിയുടെയും ഏക പുത്രനാണ് ഒന്നാംക്ലാസിൽ പഠിക്കുന്ന ജയൻ. മണിയെട്ടായിട്ടും ജയൻ ഉണർന്നില്ലേ എന്ന് നളിനി അടുക്കളയിൽ നിന്ന് വിളിച്ചുചോദിച്ചു. ശേഖരൻ പത്രത്തിൽ തലപൂഴ്ത്തി ഇരിക്കുകയാണ്. ജയൻ എണീക്കാത്തത് നിങ്ങൾ കാരണമാണെന്ന് നളിനി. കഥകൾ പറഞ്ഞു കൊടുത്തത് കേട്ട് അവൻ ഉറങ്ങിയത് പാതിരാത്രി കഴിഞ്ഞാണ്. ഒരുത്തി അടുത്തു കിടക്കുന്നുണ്ടെന്ന വിചാരം ഉണ്ടായതുമില്ല. നളിനി പരിഭവിച്ചു.

- ക്ഷീണിച്ച മുഖം

നളിനി അകത്തേക്ക് ചെന്നപ്പോൾ ജയൻ എന്തോ ആലോചിച്ചു മച്ചിൽ കണ്ണുനട്ട് കിടക്കുകയായിരുന്നു. ഉണർന്നാൽ ഉടനെ ചാടിയിറങ്ങുന്നതല്ലാതെ ഒരിടത്തും അടങ്ങിക്കിടക്കുന്ന പതിവ് അവനില്ല. മോന്റെ മുടി വെട്ടാറായി. ഞായറാഴ്ച ആകട്ടെ, എന്റെ തലമുടിയും വെട്ടാം എന്ന് ശേഖരൻ. നളിനി ജയനെ പിടിച്ചെഴുന്നേൽപ്പിച്ചു. അവൻ ഒന്നിനും വയ്യാത്തതുപോലെ തലയും തൂക്കിയിട്ടിരുന്നു. അച്ഛനുമമ്മയും ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഉമിക്കരിയുമെടുത്ത് കിണറ്റിൻകരയിലേക്ക് പോയി.

- ഭിന്നമായി പെരുമാറുന്ന ജയൻ

നളിനി അവനെ കുളിപ്പിച്ച് തോർത്തിച്ച് അരയിൽ ടവൽ ചുറ്റിക്കൊടുത്ത് കുപ്പായമിടാൻ പറഞ്ഞയച്ചു. ജയൻ പ്രാതൽ കഴിക്കുമ്പോഴേക്ക് പുസ്തകവും സ്ലേറ്റുമെല്ലാം രജനി എടുത്തുവെച്ചിരുന്നു. അയൽവക്കത്തെ പത്തുപന്ത്രണ്ട് വയസ്സുള്ള വത്സലയുടെ കൂടെ സ്കൂളിലേക്കിറങ്ങി. അവളുടെ ചോദ്യങ്ങൾക്ക് ഒന്നും പറയാതെ തലയും കുനിച്ചുപോകുന്ന അവൻ വത്സലയ്ക്ക് അത്ഭുതമായി.

സ്കൂളിൽ ഉണ്ണിമാഷ് ഹാജരിനായി പേര് വിളിച്ചത് ജയൻ കേട്ടില്ല. ഗൃഹപാഠം പരിശോധിക്കാനായി പേര് വിളിച്ചതും അവൻ കേട്ടില്ല.

മാസ്റ്റർ ഒരു നിമിഷം സംശയിച്ച് എഴുന്നേറ്റ് ജയന്റെ അരികിലേക്ക് ചെന്നു. ജയന്റെ കണ്ണുകൾ കലങ്ങി വന്നിരുന്നു. മാസ്റ്റർ അവന്റെ കോപ്പി നോക്കിയപ്പോൾ മൂന്ന് കണക്കുകളും ശരിയായി ചെയ്തിരുന്നു. വീണ്ടും അവൻറെ കലങ്ങിയ കണ്ണിൽ ജലം നിറയുന്നത് മാഷ് കണ്ടു. പ്യൂൺ കണാരനെ വിളിച്ച് ജയനെ വീട്ടിൽ കൊണ്ടുചെന്ന് ആക്കാൻ പറഞ്ഞു. കണാരനും ജയനും നിരത്തിലിറങ്ങി നടന്നു. പ്രധാന നിരത്തിൽ എത്തിയപ്പോൾ ഞാൻ ഒറ്റയ്ക്ക് പൊയ്ക്കോളാം എന്നുപറഞ്ഞ് ജയൻ പതുക്കെ നടന്നു. വീട്ടിലേക്കുള്ള വഴിയും പിന്നിട്ട് പാടം താണ്ടി അവൻ റെയിൽപാളത്തിന്റെ അടുത്തെത്തി. അവിടെ തറയിൽ കമിഴ്ന്നു കിടന്നു. വണ്ടി അവന്റെ തലയ്ക്കുമുകളിലൂടെ കടന്നുപോയി.

▶ ജയന്റെ ദുരന്തം

### 4.3.1.2 ഇതിവൃത്തവിശകലനം

ജയൻ എന്ന അഞ്ചര വയസ്സുള്ള കുട്ടിയെ മുൻനിർത്തിയാണ് ആധുനികതയുടെ സിദ്ധാന്തങ്ങളെ കഥയിൽ മുകുന്ദൻ കണ്ണിചേർക്കുന്നത്. വീട്ടിലും ചുറ്റുപാടിലും സ്കൂളിലും അന്യനായി പോകുന്ന ജയന്റെ അസ്തിത്വപ്രതിസന്ധിയുടെ ആഴം മനസ്സിലാകുന്നത് കഥാന്ത്യത്തിലാണ്. അതുവരെ അശ്രദ്ധയോടെ ക്ഷീണിതനായിരിക്കുന്ന കുട്ടി മാത്രമാണ് ജയൻ. റെയിൽപ്പാളത്തിലെ തലവെച്ചു കിടക്കലിലാണ് അവന്റെയുള്ളിലെ മൃത്യുബോധം തെളിഞ്ഞുവരുന്നത്.

▶ ആധുനികതാവാദ മനുഷ്യൻ

മലയാളാധുനികതയുടെ പ്രധാന വക്താക്കളിലൊരാളായി മുകുന്ദൻ പ്രത്യക്ഷപ്പെടുന്നത് ഇത്തരത്തിലെ ചില കഥകളിലൂടെയാണ്. അസ്തിത്വവാദം, ശൂന്യതാബോധം, നിഷേധചിന്ത, മൃത്യുബോധം തുടങ്ങി പ്രധാന കാഴ്ചപ്പാടുകളെല്ലാം ആ കൃതികളിൽ പ്രത്യക്ഷപ്പെട്ടു. യുക്തിരാഹിത്യവും പ്രമേയത്തിൽ നിറഞ്ഞുനിന്നു. അഞ്ചര വയസ്സുള്ള ഒരു കുട്ടിയിലൂടെപോലും ആധുനികതാസ്വഭാവത്തെ കൂടെക്കൂട്ടുന്ന എഴുത്തുകാരനാണ് മുകുന്ദനെന്ന വിമർശനത്തിനും ഈ കഥ കാരണമായിട്ടുണ്ട്.

▶ ആധുനികതാസിദ്ധാന്തങ്ങൾ

ജയന്റെ ഒരു ദിവസം രാവിലെ തുടങ്ങി വൈകുന്നേരത്തോടെ അവസാനിക്കുന്ന രീതിയിലാണ് കഥയുടെ രൂപം. അതിനിടയിൽ ആധുനികതയുടെ പ്രധാന സിദ്ധാന്തങ്ങളിൽ ചിലത് ഉൾപ്പെടുത്തുന്നതോടൊപ്പംതന്നെ ആധുനികതയിൽ പ്രാമുഖ്യമില്ലാതിരുന്ന ചില കാഴ്ചപ്പാടുകൾ കൂടി കഥയിൽ സൂചിതമാകുന്നുണ്ട്. വീട്ടുജോലി മുഴുവൻ സ്ത്രീയിൽ കേന്ദ്രീകരിക്കപ്പെടുന്ന സ്ഥിതിവിശേഷത്തെ പറയുന്നിടത്താണത്. കുട്ടിയുടെ ഉള്ളിലെ ശൂന്യതാബോധം കഥാന്ത്യത്തോടടുക്കുമ്പോൾ കൂടുതൽ വ്യക്തമായിവരുന്ന രീതിയിലാണ് കഥ എഴുതപ്പെട്ടത്.

▶ രാവിലെ തുടങ്ങി വൈകിട്ട് അവസാനിക്കുന്ന ഘടന

സാധാരണരീതിയിൽ സ്വാഭാവിക ചുറ്റുപാടിലാണ് കഥ ആരംഭിക്കുന്നത്. തങ്ങളുടെ ഏക പുത്രൻ മണിയെട്ടായിട്ടും എണീക്കാതിരുന്നപ്പോൾ വിളിച്ചുണർത്താൻ നളിനി ശേഖരനോട് പറയുന്നുണ്ട്. അതിവേഗത്തിൽ പ്രവർത്തിക്കുന്ന ഒരു യന്ത്രം പോലെ അടുക്കളയിലെ മുഴുവൻ പണികളും എടുത്തുകൊണ്ടിരിക്കുന്നതിനിടയിലാണ് മകനെ എണീപ്പിക്കാൻ അവർ പറയുന്നത്. ശേഖരൻ നേരത്തെ ഉണർ

ന്ന് പത്രത്തിൽ തലപൂഴ്ത്തിയിരിക്കുകയാണ്. അടുക്കളയിൽ കയറി ഭാര്യയെ സഹായിക്കാനോ മകനെ വിളിച്ചുണർത്താനോ അയാൾക്ക് മനസ്സുവരുന്നില്ല. അവസാനം നളിനി വന്നാണ് മകനെ ഉണർത്തി പല്ലുതേക്കാൻ വിട്ടതും കുളിപ്പിച്ച് കൊടുത്തതും.

▶ ഉത്തരവാദിത്വം നളിനിയിൽ

ജയൻ എണീക്കുമ്പോൾ തൊട്ടു ചിന്താമഗ്നനാണെങ്കിലും അവന്റെ ഉള്ളിലെ ആത്മസംഘർഷങ്ങൾ പുറത്തുവരുന്നത് സ്കൂളിലേക്കുള്ള യാത്രയിലാണ്. സാധാരണ ബഹളംകൂട്ടി ഓടിച്ചാടി പോയിരുന്നവർ അന്ന് കാര്യമായി ഒന്നും സംസാരിക്കുന്നില്ല. കൂടെയുള്ള വത്സല അവൻറെ മാറ്റമോർത്ത് അത്ഭുതപ്പെടുകയും കാര്യം തിരക്കുകയും ചെയ്യുന്നുണ്ട്. അപ്പോഴും നിശബ്ദതയാണ് അവൻറെ മറുപടി.

▶ മനസ്സ് എവിടെയോ ചുറ്റിത്തിരിയുന്നു

സ്കൂളിൽ ക്ലാസ് അധ്യാപകനും ജയനെ മനസ്സിലാകുന്നില്ല. ഹാജർ രേഖപ്പെടുത്താനായി പേരു വിളിക്കുമ്പോഴും ഗൃഹപാഠം ചെയ്തത് പരിശോധിക്കാൻ വിളിക്കുമ്പോഴും അവൻ വിളി കേൾക്കാത്തതും കണ്ണ് നിറയുന്നതും എന്തുകൊണ്ടാണെന്ന് അധ്യാപകന് വായിച്ചെടുക്കാനാകുന്നില്ല. പ്യൂണിൻറെ കൂടെ വീട്ടിലേക്ക് പറഞ്ഞയക്കുന്ന പരിഹാരമാണ് അയാൾ കണ്ടത്. പ്രധാന വഴിയിൽ എത്തുമ്പോൾ താനിനി ഒറ്റയ്ക്ക് പൊയ്ക്കോളാം എന്ന ജയൻ പറയുന്നതും റെയിൽപ്പാളത്തിൽ കിടക്കുന്നതും അന്യവൽക്കരിക്കപ്പെട്ട മനുഷ്യനെ ചിത്രീകരിക്കാനായാണ് കഥാകാരൻ ഉപയോഗിച്ചത്. അഞ്ചര വയസ്സുള്ള ഒരു കുട്ടിയെ ഇത്തരത്തിൽ ചിത്രീകരിക്കുക വഴി യാഥാർഥ്യത്തിൽനിന്ന് വളരെ അകന്നും ആധുനികതയുടെ സൈദ്ധാന്തിക പരിസരത്തെ സൃഷ്ടിക്കാനുള്ള വ്യഗ്രത പ്രകടമാണ്.

▶ ജീവിതത്തിൽ നിന്നുള്ള ഇറങ്ങിപ്പോക്ക്

## Summarised Overview

മൃത്യുബോധം, യുക്തിരാഹിത്യം, ശൂന്യതാബോധം, അന്യവൽക്കരണം തുടങ്ങി ആധുനികതയുടെ വിചാരപദ്ധതിയെ പ്രതിനിധീകരിക്കുന്ന ഈ കഥ മാറിയ കാലത്തും ഏറെ പ്രസക്തമാണ്. ആധുനികത സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ട അണുകുടുംബവ്യവസ്ഥ വ്യക്തികളെ കൂടുതൽ ഒറ്റപ്പെടലുകളിലേക്ക് നയിക്കുന്നതാണ്. വ്യക്തികളെ മനസ്സിലാക്കാതെ തങ്ങളുടെ കാര്യത്തിലേക്ക് മാത്രമായി ചുരുങ്ങന്ന മനുഷ്യർ അപ്പുറത്തുള്ള ആളെ മരണത്തിലേക്ക് തള്ളിയിടുക തന്നെയാണ് ചെയ്യുന്നത്. ഒന്നിലും ഇടപെടാതെ അലസ്സമായി ജീവിതത്തിൽ പെരുമാറുന്ന ജയന്റെ അച്ഛനെപ്പോലുള്ള ധാരാളം വ്യക്തികളെ പുതിയകാലത്ത് കാണാം. ഈ അർത്ഥത്തിലെല്ലാം പുതിയകാലത്തും പ്രസക്തമായ പ്രമേയമാണ് കഥ ചർച്ച ചെയ്യുന്നത്.

കുട്ടികളെ മനസ്സിലാക്കാത്ത യാന്ത്രികമായ വിദ്യാഭ്യാസരീതിയോടും മാറിയ സാഹചര്യത്തിൽ ഈ കഥ സംവദിക്കുന്നുണ്ട്. കുട്ടിയുടെ മനസ്സിനെ സ്പർശിക്കാനാകാത്ത അദ്ധ്യാപകൻ. ജയന്റെ പ്രശ്നത്തിന് കാണുന്ന പരിഹാരം തീർത്തും യാന്ത്രികമാണ്. അത് അവന് കൂടുതൽ അപകടത്തിലേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. വീട്ടുകാർക്കും അദ്ധ്യാപകർക്കും മനസ്സിലാക്കാനാകാത്ത ജയന്റെ ആത്മസംഘർഷങ്ങൾ തിരിച്ചറിഞ്ഞ് കാര്യമന്വേഷിക്കുന്നത് ഒരുമിച്ച് സ്കൂളിൽ പോകുന്ന സുഹൃത്തിനാണ് എന്നും കാണാം.

## Assignments

1. കഥയിൽ പ്രകടമാവുന്ന ആധുനികതയുടെ രചനാസവിശേഷതകൾ വിശദമാക്കുക.
2. കുടുംബത്തെക്കുറിച്ച് കഥ മുന്നോട്ടുവെക്കുന്ന കാഴ്ച്ചപ്പാട് എന്താണ് ?
3. അന്യവൽക്കരണം കഥയിൽ ശക്തമായ സാന്നിദ്ധ്യമാകുന്നതെങ്ങനെ?
4. ആധുനികത ജീവിതയാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്ന പ്രസ്ഥാനമായിരുന്നില്ല എന്ന വിമർശനത്തിന് പാത്രമാക്കിയ കഥകളിൽ ഒന്നാണ് 'അഞ്ചരവയസ്സുള്ള കുട്ടി'. വിശദമാക്കുക.
5. ആധുനികതയുടെ വിഹ്വലതകൾ മുകുന്ദന്റെ രചനകളിൽ -വിശദമാക്കുക.

## Suggested Readings


1. എം. മുകുന്ദൻ, അഞ്ചരവയസ്സുള്ള കുട്ടി, ഹരിതം ബുക്സ്, തിരുവനന്തപുരം.
2. എം. മുകുന്ദൻ, നദിയും തോണിയും, പൂർണ്ണ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
3. എം. മുകുന്ദൻ, ഒരു ദളിത് യുവതിയുടെ കഥനകഥ, ഡി. സി. ബുക്സ്, കോട്ടയം.
4. എം. മുകുന്ദൻ, കഥയും ജീവിതവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.


## References


1. ജി. ഉഷാകുമാരി, കഥയും കാമനയും, ലോഗോസ് ബുക്സ്, പട്ടാമ്പി.
2. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
3. എ. അരവിന്ദാക്ഷൻ, കഥയുടെ രാഗവിസ്താരം, കറന്റ് ബുക്സ്, തൃശ്ശൂർ.


### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മലമുകളിലെ അബ്ദുള്ള

## പുനത്തിൽ കുഞ്ഞബ്ദുള്ള

## Learning Outcomes

- പുനത്തിലിന്റെ കഥയിൽ ആവിഷ്കരിക്കുന്ന മുഖ്യധാരയ്ക്ക് പുറത്തായിരുന്നവരുടെ ജീവിതം മനസ്സിലാക്കുന്നു
- ആധുനികതയിലെ വഴിമാറിനടക്കലായി പുനത്തിൽ കഥകളെ സമീപിക്കുന്നു
- കഥയിലെ സാമൂഹികവിമർശനതലങ്ങളെ കണ്ടെത്തുന്നു
- അനുഭവങ്ങളെ തുറന്നെഴുതുന്ന പുനത്തിലിന്റെ രചനാരീതി പരിചയപ്പെടുന്നു

## Background

ആധുനികതയുടെ പ്രഭവകാലത്ത് മലയാളസാഹിത്യത്തിലേക്ക് പ്രവേശിച്ച എഴുത്തുകാരനാണ് പുനത്തിൽ കുഞ്ഞബ്ദുള്ള. എഴുപതുകളിൽ തന്നെ കഥകളും നോവലുകളുമായി എഴുത്തിൽ അദ്ദേഹം സജീവമായി. എന്നാൽ ആധുനികതയുടെ ബഹുശബ്ദങ്ങൾക്ക് മുഴുവൻ കുഞ്ഞബ്ദുള്ള വിധേയനായിരുന്നില്ല. ജീവിതത്തിലെന്നപോലെ എഴുത്തിലും തന്റേതായ വഴിയിലൂടെയാണ് അദ്ദേഹം സഞ്ചരിച്ചത്.

ജീവിതത്തിന്റെ നിരർത്ഥകതയും നിഷേധാത്മകതയും ചിത്രീകരിക്കുന്നതിൽ ആധുനികതയുടെ പൊതുസ്വഭാവത്തോടൊത്ത് കുഞ്ഞബ്ദുള്ള ചേർന്നുനിൽക്കുന്നുണ്ട്. ലൈംഗികതയുടെ തുറന്ന ആവിഷ്കരണത്തിലും ഈ സ്വഭാവം പ്രകടമാണ്. നോവലുകളിലും കഥകളിലും ആത്മാംശത്തിന്റെ തീവ്രഅടരുകളുള്ള സ്മരണാഖ്യാനങ്ങളിലും ഈ തുറന്നെഴുത്ത് പ്രകടമാണ്.

വ്യത്യസ്തമായ പ്രമേയങ്ങളെ ആവിഷ്കരിക്കുമ്പോഴും പുനത്തിലിന്റെ എഴുത്ത് സങ്കീർണ്ണമായ ഇതിവൃത്തത്തെ കൂടെക്കൂട്ടിയിട്ടില്ല. തീവ്രാനുഭവങ്ങൾ അദ്ദേഹം സരളമായ ഭാഷയിൽ അവതരിപ്പിക്കുന്നു. അതേസമയം മറ്റാർക്കും പിൻപറ്റാൻ കഴിയാതിരുന്ന സവിശേഷമായ ഭാഷയുടെ പ്രയോഗങ്ങൾ പ്രതിപാദ്യവിഷയത്തെ തീവ്രതമായി അനുഭവിപ്പിക്കുന്ന തരത്തിലായിരുന്നു. ഇങ്ങനെ എഴുതി തന്റെ മാത്രമെന്ന് അഹങ്കരിക്കാവുന്ന വലിയൊരു കൂട്ടം വായനക്കാരെ സൃഷ്ടിച്ചെടുക്കാൻ പുനത്തിലിനായി.

മലയാള സാഹിത്യത്തിൽ ബഷീറിൽ ആരംഭിച്ച മുസ്ലീം ജീവിതപരിസരചിത്രീകരണത്തെ വ്യത്യസ്തമായാണ് പുനത്തിൽ സമീപിച്ചത്. സമൂഹത്തെ ബോധവൽക്കരിക്കാനും ജീർണതകളിൽ നിന്ന് മുന്നോട്ടുപോകേണ്ട രീതിയിൽ പരിഷ്കരിക്കാനും അദ്ദേഹം ശ്രമിച്ചു. അതോടൊപ്പം ആധുനികത സാധ്യമാക്കിയ നഗരജീവിതത്തിന്റെ ബാഹ്യവും ആന്തരികവുമായ സംഘർഷങ്ങളെ വരെ ആവിഷ്കരിച്ച് വളരെ വിപുലമായി ആ രചനാലോകം സഞ്ചരിച്ചു. മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട വ്യക്തികളും അവരുടെ ഭാഷയും ജീവിതവും പുനത്തിലിൽ വിഷയമായി.

# Keythemes

- സഫലമാകാതെ പോയ രതിമോഹങ്ങൾ
- വിവാഹത്തിലെ ജനാധിപത്യമില്ലായ്മ
- കഥാപാത്രത്തിൻറെ മനോവ്യാപാരങ്ങൾ

# Discussion

## 4.3.2.1 സംഗ്രഹം

- പ്രതീക്ഷകൾ തകിടം മറിഞ്ഞ, അസംതൃപ്തിയുള്ള ബീബി

മീൻകാരൻ മൊയ്തീന്റെ മകൾ ബീബിയുടെ കല്യാണരാത്രി. ബീബി മണിയറയിലേക്ക് കടന്നതല്ല, വളയിട്ട ധാരാളം കൈകൾ തള്ളിക്കടത്തിയതാണ്. ബീബിയുടെ സൗന്ദര്യം ചുവന്നു മിന്നി. മുല്ലപ്പൂവിന്റെ ഗന്ധം ഉയർന്നു. സിഗരറ്റിന്റെ ഗന്ധം മുല്ലപ്പൂവിന്റെ ഗന്ധത്തെ അകറ്റി. അയാൾ ചിരിച്ചപ്പോൾ പുഴുതിന്ന വെളുത്ത പല്ലുകൾ കണ്ടു. ഒട്ടിയ കവിളുകൾ വികൃതമായി. അയാളുടെ കൈകൾക്കോ മാംസപേശികൾക്കോ ബലമില്ലായിരുന്നു. അവൾ ഉണരാൻ തുടങ്ങുമ്പോഴേക്കും അയാൾ ഉറങ്ങി. ബലഹീനമായ കൈകളിൽ അവൾക്ക് സുരക്ഷിതത്വം തോന്നിയില്ല.

കെട്ടിപ്പിടിച്ച സുരക്ഷിതമല്ലാത്ത എത്രയോ രാത്രികൾ കടന്നു പോയി. അങ്ങനെയുള്ള ഒരു രാത്രിയിൽ മലയിറങ്ങി വന്ന കാറ്റ് പറങ്കിമാങ്ങയുടെ ഗന്ധം ജനാലയിലൂടെ അകത്തേക്ക് കൊണ്ടുവന്നു. ആ ഗന്ധം അഞ്ചുകൊല്ലം മുമ്പത്തെ ഒരു സംഭവത്തിലേക്ക് അവളെക്കൊണ്ടുപോയി. പണ്ടൊക്കെ അത് ഓർക്കുമ്പോൾ അവൾ ഞെട്ടി വിറയ്ക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അതോർക്കുന്നത് രോമാഞ്ചത്തോടെയാണ്. വീടിനടുത്ത മലയിൽ പറങ്കിമാവ് പൂത്തകാലം. പ്രഭാതത്തിൽ പറങ്കിയണ്ടി മോഷ്ടിച്ചെടുക്കാനായി അവൾ മലയിൽ കയറി. മാവിൻ ചുവട്ടിൽ വീണു കിടക്കുന്ന മാങ്ങയിൽ നിന്ന് അവൾ അണ്ടി പിരിച്ചെടുക്കാൻ തുടങ്ങി. പിന്നിൽ കരിയിലകൾ അനങ്ങുന്നത് കേട്ട് തിരിഞ്ഞുനോക്കുന്നതിന് മുമ്പുതന്നെ അവൾ കനത്ത കരവലയത്തിനുള്ളിൽ പെട്ടുപോയി. ഹാജിയാരുടെ മകൻ അബ്ദുള്ള. ഒരു നിമിഷം പിടിവിട്ടപ്പോൾ കുട്ട താഴെയിട്ടു അവൾ കുതിച്ചു.

- ഉറക്കമില്ലാത്ത രാത്രിയിലെ ഓർമ്മ

കരിയിലയുടെ കിടക്കയിൽ അവൾ മലർന്നു വീണു. അരികെ ഒരു രാക്ഷസനെപ്പോലെ അബ്ദുള്ള നിന്ന് കിതയ്ക്കുന്നു. കിടക്കുന്ന മല തൻറെ ദേഹത്ത് ഇടിഞ്ഞു വീഴുന്നപോലെ അവൾക്ക് തോന്നി. മുളങ്കാട്ടിനുള്ളിൽ പച്ചമുള കീറുന്ന പ്രതീതിയുണ്ടായി. "ഹെന്നെ കൊല്ലല്ലേ" എന്നവൾ നൊന്തുകൊണ്ട് അപേക്ഷിച്ചു. ആ അബ്ദുള്ളയുടെ മുഖം എത്രയോ വർഷങ്ങൾക്ക് ശേഷം അവളുടെ മനസ്സിൽ തെളിഞ്ഞുവരുന്നു. ഭർത്താവ് ഉറക്കത്തിൽ അവ്യക്തമായി എന്തോ സംസാരിച്ചു. വാരിയെല്ലുകൾ എഴുന്നുനിൽക്കുന്ന

▶ ഭർത്താവിനോടുള്ള അവജ്ഞയും അബ്ദുള്ളയോടുള്ള മോഹവും

രോമമില്ലാത്ത അയാളുടെ മാറിലേക്ക് അവൾ അവജ്ഞയോടെ നോക്കി. മലമുകളിലെ അബ്ദുള്ളയെ അഭിമാനപൂർവ്വം ഓർത്തു. എഴുന്നേറ്റ് മുറിയിൽ നിന്നു പുറത്തുവന്ന അവൾ തൊടിയിലൂടെ നടന്ന് മല കയറി മുകളിലെത്തി. വസ്ത്രം അഴിച്ചിട്ട അവളുടെ ചുണ്ടിൽ ഒരു കുറത്തിപ്പാട്ടിന്റെ ഈരടികൾ തങ്ങിനിന്നു. ചോണനുറുമ്പുകൾ പൊതിഞ്ഞ മാവിൻതടിയെ മാറോട് ചേർത്ത് കെട്ടിപ്പിടിച്ച് അവൾ കരഞ്ഞു. 'മലമുകളിലെ അബ്ദുള്ളേ, എൻറെ അബ്ദുള്ളേ'.

## 4.3.2.2 വിശകലനം

▶ നിറമുള്ള സ്വപ്നങ്ങളിൽ ഇരുൾ പടരുന്നു

പുതിയ പ്രതീക്ഷകളോടെ വിവാഹജീവിതത്തിലേക്ക് കടക്കുന്ന ബീബിയുടെ മോഹങ്ങൾ തുടക്കത്തിലേ തച്ചുടക്കപ്പെടുകയാണ്. അതിസുന്ദരിയായ അവളുടെ ജീവിതപങ്കാളി വൃദ്ധനും വിരൂപനുമാണ്. കൈകൾക്കോ മാംസപേശികൾക്കോ കരുത്തില്ലാത്ത, പുഴു തിന്ന പല്ലും ഒട്ടിയ കവിളുമുള്ളയാൾ. അയാളുടെ കെട്ടിപ്പിടുത്തം ഒരു സുരക്ഷിതത്വവും അവൾക്ക് നൽകിയില്ല.

▶ ഓർമ്മകളുടെ മാധുര്യത്തിലേക്കുള്ള യാത്ര

ഭർത്താവിനോട് മാനസികമായ ആഭിമുഖ്യമില്ലാതെ ഉറക്കമില്ലാതെ കിടന്ന ഒരു രാത്രിയിലാണ് പറങ്കിമാങ്ങയുടെ ഗന്ധം അവളെ ഓർമ്മകളിലേക്ക് കൊണ്ടുപോയത്. വീടിനടുത്തെ മലയിൽ പറങ്കിയണ്ടി മോഷ്ടിക്കാനായി പോയ അവളെ മുതലാളിയുടെ മകൻ അബ്ദുള്ള ബലാൽക്കാരമായി പ്രാപിച്ചതാണ് ആ ഓർമ്മ. മുമ്പ് അത് ഞെട്ടലുളവാക്കിയിരുന്നതാണെങ്കിൽ ഇന്നത് രോമാഞ്ചം കൊള്ളിക്കുന്ന ഒന്നാക്കി കാലവും അനുഭവും മാറ്റി.

▶ സ്ത്രീയുടെ വീക്ഷണകോൺ

ലൈംഗികതയുടെ തുറന്നെഴുത്ത് പുനത്തിൽ കൃതികളിൽ സുലഭമായ ഘടകമാണ്. പുരുഷന്റെ അനുഭൂതികളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയുടെ വീക്ഷണകോണിലാണ് ഈ കഥ പുനത്തിൽ അവതരിപ്പിക്കുന്നത്. സ്ത്രീയുടെ ആശയാഭിലാഷങ്ങളുടെ തകർച്ചയാണ് പ്രമേയം. സ്ത്രീ മനോവ്യാപാരങ്ങളെ കൃത്യമായി കഥയ്ക്കകത്ത് വരച്ചുവെക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

▶ സംഭാഷണങ്ങൾ കുറവുള്ള രീതി

കഥയിൽ സംഭാഷണങ്ങൾ തീരെ കുറവാണ്. ജീവിതത്തിന്റെ നൈരാശ്യം ബീബി ഓർക്കുന്ന രീതിയിലാണ് കഥയുടെ പോക്കെന്നതിനാൽ അത് സ്വാഭാവികവുമാണ്. ആകെയുള്ള സംഭാഷണം മുമ്പ് അബ്ദുള്ളയുമായി നടത്തിയതാണ്. അത് ഓർത്തെടുക്കുമ്പോഴാണ് കഥയിലെ വില്ലൻ ബീബിയിൽ നായകനായി മാറുന്നത്.

▶ അഭിലാഷങ്ങൾക്കുമേലുള്ള കരിനിഴൽ

അബ്ദുള്ള ബലാൽക്കാരമായി പ്രാപിച്ചത് അന്ന് ബീബിക്ക് ഞെട്ടലുളവാക്കുന്ന കാര്യമായെങ്കിലും ഇപ്പോളത് അവർ ആഗ്രഹിക്കുന്ന ഒന്നായി മാറി. ഭർത്താവിനെക്കുറിച്ചുള്ള പ്രതീക്ഷകൾ തകർന്നുതരിപ്പണമായപ്പോഴാണത് സംഭവിക്കുന്നത്. ബലാൽക്കാരത്തിന് വിധേയയായ സ്ത്രീയിൽ പിന്നീടത് ആസ്വാദ്യകരമായ ഓർമ്മയായി മാറിയത് വലിയ വിമർശനത്തിന് പാത്രമായ കഥാപ്രമേയം കൂടിയാണ്. എങ്കിലും സ്ത്രീയുടെ ആശയാഭിലാഷങ്ങൾക്കുമേൽ പുരുഷാധികാരം വീഴ്ത്തിയ കരിനിഴൽ കഥയിൽ നിന്ന് കണ്ടെടുക്കാനാകും.

## Summarised Overview

രൂപപരമായി ഹ്രസ്വമായ കഥയാണ് മലമുകളിലെ അബ്ദുള്ള. പ്രതീക്ഷയ്ക്ക് വിരുദ്ധമായുള്ള ജീവിതത്തിലെത്തപ്പെട്ട ഒരു സ്ത്രീയിലൂടെയാണ് കഥയുടെ ആഖ്യാനത്തെ പുനത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നത്. ലളിതമായ ഭാഷയിൽ കാലത്തെ മുന്നോട്ടും പിന്നോട്ടും സഞ്ചരിപ്പിക്കുന്ന ആഖ്യാനവും കഥയിൽ പ്രധാനമാണ്. നിറമാർന്ന പ്രതീക്ഷയോടെ തുടങ്ങിയ വിവാഹ രാത്രിയിൽ നിന്ന് ഉറക്കമില്ലാത്ത കുറേ രാത്രികളിലേക്കാണ് കഥയുടെ സഞ്ചാരം. കുട്ടിക്കാലത്തെ പേടിപ്പെടുത്തുന്നതും പുതിയ കാലത്ത് മനസ്സിൽ ആഗ്രഹിക്കുന്നതുമായ ഒരു സംഭവത്തിന്റെ ഓർമ്മയിലാണ് പിന്നീട് കഥ കേന്ദ്രീകരിക്കുന്നത്. ഹ്രസ്വമായ കഥ ബീബിയുടെ നഷ്ടബോധങ്ങളുടെ നെടുവീർപ്പിനാൽ നിറയുന്നതാണ്. ഭർത്താവുമായുള്ള നിരവധി രാത്രികൾ ബീബി പങ്കിടുന്നുണ്ടെങ്കിലും ഒരു സംഭാഷണം പോലുമില്ലാത്തവണ്ണം വരണ്ട ജീവിതമാണവർ നയിക്കുന്നതെന്ന സാക്ഷ്യം വഹിക്കുന്നതുകൂടിയാണ് കഥയുടെ ഘടന.

വിവാഹമെന്ന സാമൂഹിക സംവിധാനത്തിൽപ്പെട്ട് പ്രതീക്ഷകളുടെ മേൽ കരിനിഴൽ വീഴുന്ന സ്ത്രീ ഇന്നും മാറ്റമില്ലാതെ തുടരുന്ന ഒന്നാണ്. സ്ത്രീകൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ പറയാമെന്ന നിലയിൽ കാലം മാറിയെങ്കിലും അസ്വാരസ്യങ്ങളുണ്ടാകുമ്പോൾ ഒത്തുതീർപ്പുകളെന്ന എളുപ്പമുള്ള ഫോർമുലയിലേക്ക് ബന്ധങ്ങളെ കൊണ്ടുച്ചെന്നെത്തിക്കാനുള്ള സമ്മർദ്ദം ഇപ്പോഴും അവർ നേരിടുന്നുണ്ട്. സ്വപ്നങ്ങൾ തച്ചുടയ്ക്കപ്പെട്ട, ജീവിതം ഇരുട്ടിലായിപ്പോയ അനേകം സ്ത്രീകളുടെ പ്രതിനിധിയായി ബീബി മാറുന്നതിന്റെ പ്രസക്തിയും ഇതുതന്നെയാണ്.

## Assignments

1. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ രചനാസവിശേഷതകൾ വിശദമാക്കുക.
2. കഥയിൽ പ്രത്യക്ഷപ്പെടുന്ന സാമൂഹിക പരിഷ്കരണ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?
3. ബീബിക്ക് ഭർത്താവിൽ അസംതൃപ്തി വരുന്നതിന്റെ കാരണങ്ങൾ?
4. മലമുകളിലെ അബ്ദുള്ള എന്ന കഥയ്ക്ക് വ്യാപകമായ വിമർശനം നേരിടേണ്ടിവന്നത് എന്തുകൊണ്ടാണ്?
5. കഥാനിർമ്മാണത്തിലെ പുനത്തിൽ ശൈലി - വിശദമാക്കുക.
6. 'മലമുകളിലെ അബ്ദുള്ള' - യോജിപ്പും വിയോജിപ്പും

## Suggested Readings


1. പുനത്തിൽ കുഞ്ഞബ്ദുള്ള, മലമുകളിലെ അബ്ദുള്ള, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. പുനത്തിൽ കുഞ്ഞബ്ദുള്ള, മരുന്ന്, ഡി. സി. ബുക്സ്, കോട്ടയം.
3. പുനത്തിൽ കുഞ്ഞബ്ദുള്ള, കന്യാവനങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.

## References


1. ഇ. എം. അഷ്റഫ്, പി. കെ. അഥവാ പുനത്തിൽ കുഞ്ഞബ്ദുള്ള, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
3. ജി. ഉഷാകുമാരി, കഥയും കാമനയും, ലോഗോസ് ബുക്സ്, പട്ടാമ്പി.
4. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
5. എ. അരവിന്ദാക്ഷൻ, കഥയുടെ രാഗവിസ്താരം, കറന്റ് ബുക്സ്, തൃശ്ശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 4

# പ്രേതഭാഷണം

**സി. അയ്യപ്പൻ**

## Learning Outcomes

- മലയാള ദളിത്കഥകളുടെ ആദ്യകാല പ്രത്യേകതകൾ മനസ്സിലാക്കുന്നു
- ഭാഷ തന്നെ സവിശേഷ ആഖ്യാനമാകുന്ന സി. അയ്യപ്പൻറെ രചനാരീതി പരിചയപ്പെടുന്നു
- കഥയിലെ സാമൂഹ്യസ്ഥിതിയുടെ വിശകലനത്തിലൂടെ ജാതി എങ്ങനെ പ്രവർത്തിച്ചു എന്നതിൻറെ സൂചനകൾ കണ്ടെടുക്കുന്നു
- കഥാപ്രമേയത്തെ സമകാലികസംഭവങ്ങളോട്ബന്ധപ്പെടുത്തിനോക്കിക്കാണാനുള്ള കഴിവ് നേടുന്നു

## Background

മലയാളത്തിൽ ഇന്ന് ഏറെ സജീവമായ സാഹിത്യശാഖകളിൽ ഒന്നാണ് ദളിത് സാഹിത്യം. സാഹിത്യത്തിന്റെ വിഭിന്ന രൂപങ്ങളിലും ഇന്നത് പ്രാമുഖ്യം നേടിക്കഴിഞ്ഞിട്ടുണ്ട്. മലയാളകഥയിൽ നവോത്ഥാന കാലത്ത് തന്നെ ദളിത് വിഷയങ്ങൾ ഇടംപിടിച്ചിരുന്നെങ്കിലും ഒരു ഘട്ടംവരെ നേരനുഭവങ്ങളുടെ തീക്ഷ്ണത അത് പ്രകടിപ്പിച്ചിരുന്നില്ല.

ദളിത് അനുഭവങ്ങൾ തീവ്രമായി ആദ്യമെത്തിയത് ടി. കെ. സി. വടുതലയിലാണ്. മതപരിവർത്താനന്തര ദളിതർ നേരിട്ട പ്രശ്നങ്ങളും ദുരിതങ്ങളുമാണ് അദ്ദേഹത്തിന് വിഷയമായത്. തുടർന്ന് ജാതി ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളെ കഥയിൽ ആവിഷ്കരിച്ചത് സി. അയ്യപ്പനാണ്. ഉയർന്ന ജാതിക്കാരിൽ നിന്ന് താനുൾപ്പെടെയുള്ള കീഴാളജനത നേരിട്ട ചൂഷണങ്ങളും പീഡനങ്ങളും അയ്യപ്പൻ തുറന്നെഴുതി.

നേർരീതിയിൽ കഥാഖ്യാനം നടത്തുന്ന രീതി സി. അയ്യപ്പനിൽ അധികം കാണാനാകില്ല. തനിക്ക് സമൂഹവുമായി സംവദിക്കാനുള്ള വിഷയങ്ങളെ വ്യത്യസ്തമായ ആഖ്യാന മാതൃകകളിലൂടെയാണ് അദ്ദേഹം അവതരിപ്പിച്ചത്. പ്രേതം ബാധിച്ച വ്യക്തിയും ഭ്രാന്തുള്ള വ്യക്തിയും ആഖ്യാതാവായി കുറേ കഥകൾ രചിക്കപ്പെട്ടത് ഈ രീതിയിലാണ്. സ്വപ്നം കണ്ടും പിറുപിറുത്തുമാണ് പല കഥാപാത്രങ്ങളും നമ്മളോട് സംസാരിക്കുന്നതും.

ജാതി അടിസ്ഥാനമായി സാമൂഹ്യനില തീരുമാനിക്കപ്പെട്ടപ്പോൾ പുറത്തായ കുറേ മനുഷ്യർ മലയാളകഥയിൽ തിരികെയെത്തുന്നത് അയ്യപ്പനിലൂടെയാണ്. കയറിക്കിടക്കാൻ ഇടമില്ലാതെ വഴിയോരത്തായിപ്പോയ പേരില്ലാത്ത ആ മനുഷ്യരുടെ ഇടയിലും തീക്ഷ്ണമായ ജീവിതമുണ്ട്. അവരുടെ ഭാഷയിൽ അവരുടെ വിഷമങ്ങൾ പറഞ്ഞു എന്നതാണ് സി. അയ്യപ്പനെ വ്യത്യസ്തനാക്കുന്നത്.

## Keythemes

- ശക്തമായ ഒരു സാമൂഹ്യവിഭജന ഉപാധിയായി നിലനിൽക്കുന്ന ജാതി
- ദളിതർ നേരിടുന്ന വിവേചനം
- ശരീര കേന്ദ്രിതമായ പ്രണയത്തോടുള്ള എതിർപ്പ്

## Discussion

### 4.4.1.1 കഥാസംഗ്രഹം

- പശ്ചാത്തലം വിശദീകരിച്ചുള്ള തുടക്കം

എൻറെ വാക്കുകൾക്ക് ചെവി തരിക. സത്യമേ ഞാൻ പറയൂ. കാരണം ഞാനിന്നൊരു പ്രേതം മാത്രമാണ്. ഒരു ആത്മഹത്യയുടെയും കൊലപാതകത്തിന്റെയും പൊരുളിനെക്കുറിച്ചുള്ള അജ്ഞതയാണ് നിൻറെ പ്രശ്നം എന്ന് എനിക്കറിയാം. എൻറെ ആത്മഹത്യയുടെ കാരണം നിങ്ങൾക്ക് അറിയാം എന്നായിരുന്നു എന്റെ ധാരണ. അതില്ലാത്തതിനാൽ അസുഖകരമെങ്കിലും ഞാനിതിപ്പോൾ വിശദീകരിക്കുകയാണ്.

- കല്യാണത്തിന് ബാധകമായ ജാതി

ഞാൻ നിൻറെ പുന്നാര ആങ്ങളയുടെ രഹസ്യക്കാരി ആയിരുന്നെന്ന് പറയേണ്ടതില്ലല്ലോ. നീ ഇതാരോടും പറഞ്ഞേക്കല്ലേ എന്ന് കുഞ്ഞാക്കോ ഓർമ്മിപ്പിച്ചിരുന്നു. കുഞ്ഞെന്നെ കെട്ട്വോ എന്ന ചോദ്യത്തിന് ഞാൻ എങ്ങനെയാ നിന്നെ കല്യാണം കഴിക്കണത് എന്ന മറുചോദ്യമായിരുന്നു ഉത്തരം. പ്രൈമറി സ്കൂൾ ടീച്ചറാണെങ്കിലും വീട്ടിൽ പണിക്ക് വന്നിരുന്ന പുലക്കള്ളിയുടെ മകളെ കല്യാണം കഴിക്കാൻ ഒരു ക്രിസ്ത്യാനിക്ക് പറ്റില്ല, തീർച്ച. കുഞ്ഞിനെ കണ്ടിട്ട് വീട്ടിലെത്തിയ ഒരു സന്ധ്യയിൽ അമ്മ അച്ഛനോട് അമ്മാവൻെറ മകൾ പിഴച്ചുപോയെന്ന് മന്ത്രിച്ചുപറയുന്നത് കേട്ടപ്പോൾ ഞാനും പിഴച്ചുപോകുമോ എന്നോർത്ത് എനിക്ക് ശ്വാസം മുട്ടിയിരുന്നു.

- സ്നേഹമില്ല എന്നറിഞ്ഞപ്പോൾ ആത്മഹത്യ

ഒരു പെണ്ണിന് കുട്ടിയെ നൽകാനുള്ള കഴിവ് കുഞ്ഞാക്കോവിന് ഇല്ല എന്ന് ഞാൻ മനസ്സിലാക്കി. അവൻറെ ഒരു കുട്ടിയെ പ്രസവിച്ചു അതിനെ നോക്കി വളർത്തണം. എൻറെ മോഹം അറിഞ്ഞപ്പോൾ അവൻ കാർക്കിച്ചു തുപ്പി. ചെകിട്ടത്തടിച്ചു. അവൻ ആത്മഹത്യ ചെയ്യും എന്നു പറഞ്ഞപ്പോഴാണ് ഞാനും ആത്മഹത്യയെപ്പറ്റി ചിന്തിക്കാൻ തുടങ്ങിയത്. അവനുമായുള്ള ബന്ധം അറിഞ്ഞു അച്ഛൻ ഇഞ്ചചതക്കുംപോലെ എന്നെ ചതച്ചു. നിൻറെ ചേട്ടനും എൻറെ ചങ്കിടിച്ചു കലക്കിയിരുന്നു. ഇതിനെക്കാളൊക്കെ അസഹ്യം അയലത്തെ ഗോപിസാറിന്റെ കോപ്രായങ്ങളായിരുന്നു. കുഞ്ഞാക്കോവുമായുള്ള ബന്ധം അറിഞ്ഞിട്ടും അയാൾക്ക് എന്നോട് പ്രേമമായിരുന്നു. അവന് നിന്നോടൊരു ചുക്കുമില്ലല്ലോ എന്നായിരുന്നു അയാളുടെ ന്യായം. കുഞ്ഞാക്കോവിനോട് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ തെറി ആയിരുന്നു മറുപടി. ആ വേദനയിലാണ് എൻറെ കഴുത്ത് കയറിൻ കുരുക്കിലായത്.

ഇനി നിന്റെ ചേട്ടനെ അപ്പച്ചൻ കൊന്നതിനെ പറ്റി. എന്റെ ശവമടക്കിന്റെ പതിനാറാം ദിവസം കുഴിയിൽ നിന്ന് ഞാൻ നിന്റെ വീട്ടിൽ എത്തി. ഞാൻ നിൻറെ ദേഹത്ത് കയറി. എന്റെ പ്രേതം കൂടിയതാണെന്ന് എല്ലാവർക്കും മനസ്സിലായി. നിന്റെ ചേട്ടന് മാത്രം ഭ്രാന്താണെന്നായിരുന്നു ധാരണ. ചങ്ങലയ്ക്കിട്ടിരുന്ന നിന്നെ പുണർന്നു കിടന്നുറങ്ങിപ്പോയ അവനെ ഒറ്റവെട്ടിന് നിൻറെ അപ്പൻ കൊന്നു. എന്തിനാണ് അങ്ങേരത് ചെയ്തത് എന്നറിയില്ല. എൻറെ അഭിപ്രായം മാത്രം പറയാം. എന്നെ പ്രേമിച്ചതുകൊണ്ടാണ് അങ്ങേരത് ചെയ്തത്. നിന്റെ അപ്പച്ചനാണ് എൻറെ അച്ഛൻ. നിന്റെ വീട്ടിൽ പണിക്ക് നിന്നിരുന്ന എന്റെ അമ്മയുടെ അടുത്ത് നിന്റെ കൊച്ചച്ചനും വരാറുണ്ടായിരുന്നു എന്നതിനാൽ അമ്മയ്ക്കും അത് ഉറപ്പിക്കാൻ പറ്റിയില്ല. സ്വന്തം സഹോദരനാൽ നഗ്നത അനാവൃതമാക്കപ്പെട്ട പാപി എന്നു ദൈവം എന്നെ വിളിച്ചപ്പോൾ ക്രിസ്ത്യാനിക്ക് എങ്ങനെയാ മൂപ്പീന്നേ പൊലക്കള്ളി പെങ്ങളാകുന്നത് എന്ന് തന്റേടത്തോടെ ഞാൻ ചോദിച്ചു. ദൈവത്തിൻറെ വായിൽ അപ്പോൾ പഴമായിരുന്നു. നീ ആ പെലക്കള്ളിപ്പെണ്ണുമായിട്ടുള്ള എടപാടങ്ങു നിർത്തണം എന്ന് അപ്പൻ ഒരിക്കൽ കുഞ്ഞാക്കോവിനോട് പറഞ്ഞിരുന്നു. അതിന് ഞാനവളെ കല്യാണം കഴിക്കാനൊന്നും പോണില്ല എന്ന് മറുപടി പറഞ്ഞപ്പോൾ ഒരു പഴം അപ്പന്റെ വായിലും കേറി.

> ▶ വ്യക്തിത്വം അപ്രസക്തമായ ജനത

അവൻ എന്നോട് ചെയ്ത തെറ്റാണ് അപ്പച്ചൻ തിരുത്തിയത്. അതുകൊണ്ടാണ് അങ്ങേരിപ്പോൾ ജീവപര്യന്തം കിടക്കുന്നത്. ഞാൻ നിന്നിൽ നിന്നും മാറുകയാണ്. ഒരു ദുരാത്മാവായി മാറിയ ചേട്ടനോടൊത്ത് വിഹരിക്കാൻ ഞാൻ എന്തുകൊണ്ട് കൊതിക്കുന്നില്ല എന്ന സംശയം നിനക്കുണ്ടാകാം. കുഞ്ഞാക്കോവിന് ആത്മാവില്ല. വെറും ശരീരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ എനിക്ക് എന്റെ ശവക്കുഴിയിലേക്ക് മടങ്ങാതെ നിവൃത്തിയില്ല. ഞാൻ വിട്ടു മാറി എന്നതിന് നിൻറെ കാലിൽ തെളിവുണ്ട്. എവിടെ, എവിടെ ആ ചങ്ങല?

> ▶ ശരീരം മാത്രമായ കുഞ്ഞാക്കോ

### 4.4.1.2 ഇതിവൃത്തവിശകലനം

ആത്മഹത്യ ചെയ്ത കാരണത്തെക്കുറിച്ച് പറയാനായി തിരിച്ചു വരുന്ന പ്രേതമാണ് കഥയിലെ ആഖ്യാതാവ്. മരിച്ചുകഴിഞ്ഞാൽ സത്യം മാത്രമേ പറയൂ എന്ന് ആമുഖമായി പറഞ്ഞാണ് പ്രേതം സംസാരിക്കാൻ തുടങ്ങുന്നത്. തന്റെ ആത്മഹത്യയ്ക്കും കുഞ്ഞാക്കോവിന്റെ കൊലപാതകത്തിനും പിന്നിലുള്ള രഹസ്യമാണ് പറയാനുള്ളത്. പതിനഞ്ചാം വയസ്സിൽ മച്ചിൽ വെച്ച് കുഞ്ഞാക്കോവിന് വഴങ്ങിത്തുടങ്ങിയതാണ്. ബന്ധം വിവാഹത്തിലേക്ക് എത്തില്ല എന്നും അവന് തന്നോട് പ്രണയമില്ല എന്നും അറിഞ്ഞിട്ടും അവൾക്ക് ആ ബന്ധത്തിൽ നിന്ന് പുറത്തുകടക്കാനായില്ല. പുരുഷന്റെ ഭോഗതൃഷ്ണയ്ക്ക് ബാധകമല്ലാത്ത ജാതി വിവാഹാലോചനയുടെ കാര്യത്തിൽ ഇടപെടും എന്ന് അവൾക്കും അറിയാം. വിദ്യാഭ്യാസവും ഉദ്യോഗവും ഒന്നും ജാതിനിലയെ ഉയർത്തുന്ന ഘടകങ്ങളല്ല.

> ▶ മരിച്ചുകഴിഞ്ഞുള്ള സത്യം

വീട്ടിൽ നിന്ന് വിളിച്ചിറക്കി ആവശ്യം കഴിയുമ്പോൾ തന്നെ മർദ്ദിക്കാൻ കുഞ്ഞാക്കോവിന് ഒരു മടിയുമില്ലായിരുന്നു. അവനോടുള്ള ബന്ധം പറഞ്ഞു അച്ഛനും ക്രൂരമായി മർദ്ദിച്ചു. സ്വജാതിയും സുന്ദരനുമായ ഗോപിസാറിൻറെ പ്രണയാഭ്യർത്ഥന പോലും കുഞ്ഞാ

ക്കോവിനായി നിരസിച്ച അവൾ ആത്മഹത്യ ചെയ്യുന്നത് തന്നോട് പ്രണയമില്ല എന്നയാൾ പ്രഖ്യാപിക്കുമ്പോഴാണ്. ക്രൂരമായ മർദ്ദനങ്ങളെ നേരിടുമ്പോഴും അതിജീവിച്ച അവൾക്ക് പ്രണയനിരാസത്തിനു മുന്നിൽ പിടിച്ചുനിൽക്കാനായില്ല.

▶ ക്രൂരമായ അവഗണന

അനിയത്തിയെ പുണർന്നുറങ്ങിയ കുഞ്ഞാക്കോവിനെ ഒറ്റവെട്ടിന് കൊന്ന അച്ഛന്റെ പ്രവൃത്തിയുടെ കാരണം അന്വേഷിക്കുമ്പോൾ വേറെയും ചൂഷണ കഥകൾ പുറത്തുവരുന്നു. കുഞ്ഞാക്കോവിന്റെ വീട്ടിൽ പണിക്കുപോയിരുന്ന അവളുടെ അമ്മ അയാളുടെ അച്ഛനും കൊച്ചച്ഛനും ഇരയായിരുന്നു എന്ന് മരണാനന്തരമാണ് അവൾ അറിയുന്നത്. എതിർക്കാനുള്ള ത്രാണി വ്യവസ്ഥിതി അവർക്കും നൽകിയിട്ടില്ല. കുഞ്ഞാക്കോ മരിച്ചു ചെല്ലാൻ കാത്തിരുന്ന അവൾ മറ്റൊരു സത്യം കൂടി തിരിച്ചറിയുന്നു. ആത്മാവില്ലാത്ത വെറും ജീവൻ മാത്രമുള്ള ഒരാളായിരുന്നു അവൻ. അവളോട് കുഞ്ഞാക്കോവിനുണ്ടായിരുന്ന കേവലം ഭ്രമതാൽപ്പര്യത്തെ ഇതിലും തീക്ഷ്ണമായി കഥാകാരന് അവതരിപ്പിക്കാനാവില്ല. മരണാനന്തരം കിട്ടിയ വലിയ തിരിച്ചറിവുകളോടെയാണ് കുഴിയിലേക്ക് അവൾ തിരിച്ചുപോകുന്നത്.

▶ ശരീരം മാത്രം പ്രധാനം

ദളിത് ജീവിതത്തിന്റെ ദൈന്യതയാർന്ന ചരിത്രമാണ് സി. അയപ്പൻ ഈ കഥയിലും വെളിവാക്കുന്നത്. വിദ്യാസമ്പന്നയാണെങ്കിലും തനിക്ക് കുഞ്ഞാക്കോവിനെ കല്ല്യാണം കഴിക്കാനുള്ള അർഹതയില്ലെന്ന് മനസ്സിൽ കേട്ടുപഴകിച്ച സാമൂഹ്യാചരങ്ങൾ അവളെയും പഠിപ്പിച്ചിട്ടുണ്ടെന്ന് കഥാകാരൻ വ്യക്തമാക്കുന്നു. തന്റെ സമൂഹത്തിന് നേർക്ക് ഒരവകാശമെന്ന മട്ടിൽ പരമ്പരാഗതമായി തുടരുന്ന ചൂഷണവും അനീതിയും കഥയിൽ അദ്ദേഹം തുറന്നുകാണിക്കുന്നു.

▶ ചൂഷണത്തിന്റെ തുറന്നുകാട്ടൽ

## Summarised Overview

പരിചരിച്ച പ്രമേയം കൊണ്ട് ഇക്കാലത്തും ഏറെ വായനാസാധ്യത നിലനിൽക്കുന്ന ഒരു കഥയാണ് പ്രേതഭാഷണം. അദൃശ്യമെങ്കിലും ഇന്നും ശക്തമായ അതിർവരമ്പുകൾ സൃഷ്ടിക്കുന്ന ജാതി വ്യവസ്ഥ എത്രത്തോളം കീഴാളവിരുദ്ധമായാണ് പെരുമാറിയിരുന്നതെന്ന് കഥയിൽ നിന്ന് കണ്ടെടുക്കാനാവും. പ്രണയമെന്ന മേലങ്കിയണിഞ്ഞ് കാര്യലാഭത്തിനുള്ള വഴി കണ്ടെത്തുന്ന രീതിയും കഥയിൽ വിമർശിക്കപ്പെടുന്നു.

പ്രേതത്തിലൂടെ പ്രമേയത്തിന്റെ ചരിത്രം വിശദീകരിക്കപ്പെടുന്ന രീതിയിലാണ് കഥ. തലക്കെട്ട് തന്നെ ആ കഥാസ്വഭാവത്തിന്റെ സൂചനയാണ്. ഓരോ സംഭവങ്ങളുടെയും പിറകിലുള്ള രഹസ്യങ്ങൾ പതിയെ ചുരുളഴിയുന്ന രീതിയിലാണ് കഥ പിന്നീട് മുന്നോട്ടുപോകുന്നത്. അവിടെയെല്ലാം കഥയിലെ പ്രധാന സംവേദനവിഷയമെന്ന നിലയിൽ ദളിതർക്കു നേരെയുള്ള അനിയന്ത്രിതമായ ചൂഷണങ്ങൾ തെളിഞ്ഞുവരുന്ന എഴുത്തുരീതിയാണ് കഥാകാരൻ പിന്തുടരുന്നത്.

# Assignments

1. മലയാളകഥയിലെ ദലിത് പാരമ്പര്യത്തിന്റെ രൂപപ്പെടൽ സാഹചര്യം എന്തെല്ലാം?
2. ജാതി ചൂഷണത്തിനായി നിലമൊരുക്കുന്ന കഥാസൂചനകൾ എന്തെല്ലാം?
3. കുഞ്ഞാക്കോവിന്റെ സ്വഭാവ സവിശേഷതകൾ വിശദമാക്കുക.
4. ഒരു തലമുറ പിന്നിടുമ്പോഴും ദളിത് അവസ്ഥകൾക്ക് മാറ്റമില്ല എന്ന് കഥ പ്രഖ്യാപിക്കുന്നതെങ്ങനെ?
5. പ്രണയബന്ധങ്ങളിൽ സൂക്ഷിക്കുന്ന പൊള്ളത്തരത്തെ കഥ വിചാരണ ചെയ്യുന്നതെങ്ങനെ?
6. ജീവനവും അതിജീവനവും സി. അയ്യപ്പനിൽ - ഉപന്യാസം തയ്യാറാക്കുക.

# Suggested Readings


1. സി. അയ്യപ്പൻ, സി. അയ്യപ്പന്റെ കഥകൾ, ആമി ബുക്സ്, കോഴിക്കോട്.
2. സി. അയ്യപ്പൻ, ഞണ്ടുകൾ, ഡി. സി. ബുക്സ്, കോട്ടയം.
3. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
4. പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ടി. കെ. അനിൽകുമാർ, ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും, കേരള സാഹിത്യ അക്കാദമി, തൃശൂർ.
6. പി. എസ്. ശ്രീകല, ഫെമിനിസത്തിന്റെ കേരള ചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
7. ഷീബാ ദിവാകരൻ, പുതിയ കഥ പുതിയ വായന, ആത്മ ബുക്സ്, കോഴിക്കോട്.


# References


1. കവിയൂർ മുരളി, ദലിത് സാഹിത്യം, കറൻറ് ബുക്സ്, തൃശൂർ.
2. ജിസ ജോസ്, സ്ത്രീവാദ സൗന്ദര്യശാസ്ത്രം പ്രയോഗവും പ്രതിനിധാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഇ. പി. രാജഗോപാലൻ, ഉൾക്കഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. എം. ലീലാവതി, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, ഹരിതം ബുക്സ്, കോഴിക്കോട്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മാവോയിസ്റ്റ്

**എസ്.ഹരീഷ്**

## Learning Outcomes

- സമകാലിക കഥയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു
- എസ്. ഹരീഷിന്റെ രചനാതന്ത്രങ്ങളെ സംബന്ധിച്ച് ധാരണ നേടുന്നു
- പുതിയ കഥയുടെ രാഷ്ട്രീയ വിവക്ഷകളെക്കുറിച്ച് അറിവ് നേടുന്നു
- ഉത്തരാധുനികതയിൽ നിന്ന് മലയാളകഥ മുന്നേറിയതെങ്ങനെയെന്ന് മനസ്സിലാക്കുന്നു

## Background

ആഴവും പരപ്പുമുള്ള ജീവിതാനുഭവങ്ങൾ വ്യത്യസ്ത ആഖ്യാന പ്രദേശങ്ങളിൽനിന്ന് കണ്ടെടുക്കുന്ന എഴുത്തുകാരനാണ് എസ്. ഹരീഷ്. ഉത്തരാധുനികതയുടെ സങ്കല്പങ്ങളായ നിഷേധാത്മകത, നിസ്സാരവൽക്കരണം, മൂല്യനിരാസം തുടങ്ങിയവയിൽ നിന്നും തന്റേതായ വഴികളിലൂടെ ഹരീഷ് മുന്നോട്ടുപ്പോയിട്ടുണ്ട്. സവിശേഷമായ ശില്പവൈദഗ്ദ്യത്തിൽ കഥ ഒരു അനുഭവമാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിയുന്നു. വാക്കുകൾ നർമ്മവും സൗന്ദര്യവും വിതറി കഥകളിൽ സജീവമാകുന്നു.

കഥാനിർമ്മാണത്തിലെ സൂക്ഷ്മാംശങ്ങളിൽ പോലും ഹരീഷ് സദാജാഗരൂകനാണ്. നിസ്സാരമെന്നു തോന്നുന്ന പ്രമേയംപോലും അദ്ദേഹത്തിൽ അസാധാരണ തലത്തി ലേക്കുയരുന്നു. ജീവിതത്തിൽ നാം സാധാരണയായി കണ്ടുമുട്ടുന്ന കഥാപാത്രങ്ങളെന്ന് കരുതുന്നവർപോലും അസ്വാഭാവിക തലത്തിലേക്കുയരുന്നു. സമർത്ഥമായ സൂചകങ്ങളെ ഉപയോഗിച്ച് ആസ്വാദനത്തെ മിഴിവുറ്റതാക്കാനും ഹരീഷ് ശ്രദ്ധിക്കുന്നു.

തലക്കെട്ടിലെ വൈവിധ്യങ്ങൾ പുതുമയായി അവതരിപ്പിക്കുന്ന രീതി സമകാല കഥാലോകത്ത് കാണാം. എസ്. ഹരീഷിന്റെ മിക്ക കഥകളും വളരെ സാധാരണ പേരുകളിലാണ് പുറത്തുവന്നത്. 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' തുടങ്ങിയ ചുരുക്കം അപ വാദങ്ങളുണ്ടെങ്കിലും. സാധാരണ തലക്കെട്ടിൽ നിന്ന് നേരെ പ്രവേശിക്കുന്നത് അസാധാരണ ഉള്ളടക്കത്തിലേക്കാണ്.

## Keythemes

- കയറുപൊട്ടിച്ചോടിയ രണ്ട് മൃഗങ്ങളുടെ പിന്നാലെ പായുന്ന മനുഷ്യർ
- ആൾക്കൂട്ട ഹിംസയുടെ ഭീതിദമായ ചിത്രീകരണം
- അപ്രായോഗിക ദർശനങ്ങളോടുള്ള പരിഹാസം

## Discussion

### 4.4.3.1 കഥാസംഗ്രഹം

ചില സംശയങ്ങൾ തീർക്കാനായി പോലീസുകാർ കതകിനു മുട്ടിയതിനു പിറ്റേന്ന് പുലർച്ചെയും പ്രഭാകരന്റെ വാതിൽ ശബ്ദിച്ചു. ഞാൻ നക്സലൈറ്റ് അല്ലായിരുന്നു. വിറച്ചുകൊണ്ട് അയാൾ പറഞ്ഞു. 1980-85 കാലത്ത് റബർ കർഷകൻ കുര്യാച്ചന് ഒരു ഊമക്കത്തെഴുതുകയും പോലീസ് പിടിച്ചുകൊണ്ടുപോവുകയും ചെയ്തിരുന്നു. പിറ്റേന്ന് ആരോ ചേർന്ന് അയാളെ പുറത്തിറക്കി. അളന്നുമുറിച്ച് സംസാരിക്കാൻ അയാൾ തുടങ്ങിയത് അന്നുതൊട്ടാണ്. പ്രഭാകരൻ വാതിൽ തുറന്നപ്പോൾ മുമ്പിലുള്ളത് ഇറച്ചിവെട്ടുകാരൻ കാലൻ വർക്കി. അയാൾ ആകെ പരിഭ്രമിച്ചിരുന്നു. ഒന്നിറങ്ങി ആളെ കൂട്ടണം. നാളെ വെട്ടാൻ കൊണ്ടുവന്ന പോത്തും എരുമയും കയറുപൊട്ടിച്ചു പോയി. വർക്കി അണച്ചുകൊണ്ട് പറഞ്ഞു.

- സഹായ അഭ്യർത്ഥനയുമായി കാലൻ വർക്കി

ഇപ്പോ ഓടിപ്പോയെ ഉള്ളൂ. ഒന്നു കിഴക്കോട്ടും ഒന്നു തെക്കോട്ടും. സംഭവസ്ഥലത്തേക്ക് പായുന്നതിനിടെ വർക്കി പറഞ്ഞു. കുറെ പുലഭ്യം വിളിച്ചു. വലിയ രണ്ടു മുടിക്കയറും കൈത്തണ്ടയിൽ ചുരുട്ടി ആൻറണി അവരുടെ മുന്നിലെത്തി. ആൻറണി പോത്ത് ഓടിയ വഴി നോക്കി കിഴക്കോട്ടു പാഞ്ഞു. വർക്കിയും സംഘവും തെക്കോട്ടോടി. വർക്കി കവലയിൽ എത്തുമ്പോഴേക്കും അത്യാഹിതം സംഭവിച്ചിരുന്നു. പത്രവും പാലും വഴിയിൽ ഒഴുകി. രണ്ടു കിലോമീറ്റർ കൂടി കിഴക്കോട്ട് ഓടിയാൽ അവ കാട്ടിൽ കയറുമെന്ന് ആരോ പറഞ്ഞപ്പോൾ അയാൾ കൂടുതൽ പരിഭ്രാന്തനായി. അയാളുടെ അപ്പനും അപ്പൻറപ്പനും ഒരു അറവുമൃഗം രക്ഷപ്പെട്ടതിനെത്തുടർന്നാണ് മരിച്ചതെന്ന് കേട്ടിട്ടുണ്ട്.

- അറവുമൃഗങ്ങൾക്കായുള്ള അന്വേഷണം

പോത്തോ എരുമയോ ഓടുന്നതിനിടെ തീയിൽ ചാടി തീ തെറിച്ച് ഒരു കച്ചിപ്പുരയും തൊഴുത്തും കത്തിയതോടെ കാര്യം ഗുരുതരമായി. പല കഥകളും പ്രചരിക്കപ്പെട്ടു. പ്രദേശത്തെ ആദ്യ റബ്ബർ കൃഷിക്കാരൻ കുര്യാച്ചന്റെ മകളുടെ കല്യാണം ഉറപ്പീരാണ് പിറ്റേന്ന്. രാവിലെ തന്നെ ഏറ്റവും നല്ല പോത്തിറച്ചി വർക്കി വീട്ടിൽ എത്തിക്കാമെന്ന് ഏറ്റിട്ടുണ്ട്. കുര്യാച്ചന് ആശങ്ക തോന്നി. ഉച്ചയോടടുത്തിട്ടും പ്രയത്നം എങ്ങുമെത്തിയില്ല. മൃഗങ്ങൾ തകർത്ത ജംഗമങ്ങളുടെ എണ്ണം നിമിഷം തോറും ഏറിവന്നു. പൈശകന്റെയും ആൻറണിയുടെയും ശ്രമഫലമായി കാട്ടിലേക്കുള്ള വഴികളടച്ചപ്പോൾ കിഴക്കോട്ട് ഓടിയ മൃഗങ്ങളിൽ ഒരെണ്ണം തിരിച്ചിറങ്ങി. കവലയിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കി. പോലീസിലും ഫോറസ്റ്റ് ഓഫീസിലും എത്തിയെങ്കിലും ആളുകൾക്ക് നിരാശയായി ഫലം. ഇളവെയിൽ കൊള്ളാനായി ടെറസിൽ കയറിയ സുധീർ സവിശേഷമായ ഒരു കാഴ്ച കണ്ടു. ബാംഗ്ലൂരിൽ നിന്ന് ഈയിടെ പഠനം കഴിഞ്ഞെത്തിയ, ഏതു സമയത്തും ഓൺലൈനിലുള്ള ആ യുവാവ് പൊടിപറത്തി വരുന്ന രണ്ടു മൃഗങ്ങളെയും ആൾക്കൂട്ടത്തെയും മൊബൈലിൽ പകർത്തി ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു.

- നാട്ടിൽ പ്രചരിക്കപ്പെട്ട പലതരം കഥകൾ

നേരമിരുട്ടിയതോടെ കവലയും പരിസരവും ഉത്സവസ്ഥലം പോലെയായി. ഒരു വർഷത്തിലധികമായി മരണക്കിടക്കയിൽ ആയിരുന്ന വൈദ്യർ പോത്തിനെ കണ്ടയുടനെ പരലോകം പ്രാപിച്ചു. ഉന്നം തെറ്റാത്ത വെടിക്കാരനും പഴയ ഉഗ്രൻ നാട്ടുകാരനുമായ കുട്ടച്ചൻ രംഗത്തെത്തി. അവൻറെ കൂടെ കൂടുതൽ പേർ പോയി. ആൻറണി അപകടം മണത്തു. കുട്ടച്ചൻ മൃഗങ്ങളെ കൊന്നാൽ അനായാസം ഇറച്ചിക്കടയിലേക്കും കാലന്റെ മനസ്സിലേക്കും കയറും. ഏറെ നേരത്തെ തിരച്ചിലിനുശേഷം പാറക്കെട്ടിനിടയിൽ കണ്ടെത്തിയ പോത്തിനെ കുട്ടച്ചൻ വെടിവെച്ചു. വാലറ്റം തകർന്ന പോത്ത് മുന്നോട്ടു കുതിച്ചു ഇരുട്ടിൽ ലയിച്ചു. ആൻറണി തന്ത്രപൂർവ്വം മൃഗത്തെ തൊട്ടടുത്തപറമ്പിലെ പൊട്ടകിണറ്റിലേക്ക് ആനയിച്ചു. നിമിഷംകൊണ്ട് പറമ്പ് ചവിട്ടിമെതിച്ച് ആൾക്കൂട്ടം എത്തി. ആളുകൾ കിണറ്റിലേക്ക് വലിയ കല്ലുകളെറിഞ്ഞു. രണ്ടുപേർ താഴേക്കിറങ്ങി വടം കെട്ടിയ എരുമയെ ആളുകൾ വലിച്ചുകയറ്റി. ദൂരെ കാപ്പിത്തോട്ടത്തിൽ നിന്ന് ഇരച്ചുവന്ന പോത്ത് എരുമയെയും കൊണ്ട് പാഞ്ഞു.

▶ കുട്ടച്ചന്റെ കടന്നുവരവ്

നേരം പുലരുന്നതിനു തൊട്ടുമുമ്പ് പോത്തും എരുമയും തുറസ്സായ ഒരു പുൽമേട്ടിൽ എത്തിപ്പെട്ടു. കിഴക്കുവശം തൂക്കായ പാറക്കെട്ടുകൾ ഒഴിച്ച് ബാക്കി മൂന്നു വശവും ആളുകൾ വളഞ്ഞു. പെട്ടെന്ന് പോത്ത് ഒന്നു കറങ്ങി ജനക്കൂട്ടത്തിന് നേർക്കു മുഖം തിരിച്ചു. മനുഷ്യരും പോത്തും തമ്മിലുള്ള നേർക്കുനേർ യുദ്ധം. കൊമ്പിൽ കോർത്ത് കുട്ടനെ കറക്കിയെറിഞ്ഞു. കുട്ടച്ചൻ വീണതോടെ ജനം തോറ്റുതുടങ്ങിയിരുന്നു. പോത്ത് കാട്ടിലേക്ക് പോകുന്ന വഴിയിൽ അതിന്റെ കാലുകൾ ചതുപ്പിൽ താണു. ആൻറണി ചാടി അവനു സമീപത്തെത്തി. വലിയ കത്തി പോത്തിന്റെ നെഞ്ചിലേക്ക് കയറ്റി. ഉൾക്കാട്ടിലേക്ക് പ്രാണനും കൊണ്ടോടിയ എരുമ ഒരു സംഘത്തിൻറെ മുന്നിൽ പെട്ടെങ്കിലും കാട്ടിലേക്ക് കുതിപ്പു തുടങ്ങി. തുടർന്നുവന്ന ഞായറാഴ്ച ഇറച്ചിക്കടയിൽ ആൻറണി കാലൻ ആന്റണിയായി. അവൻ കൊടുക്കുന്ന ഇറച്ചിത്തുണ്ടങ്ങൾ വർക്കി ഭവ്യതയോടെ നുറുക്കി. പോത്തുകൾ ഭയങ്കരന്മാരാണെന്ന് പ്രഭാകരൻ പറഞ്ഞു. പണ്ട് മാവോയിസ്റ്റുകളുടെ ഒരു പോലീസ് സ്റ്റേഷൻ ആക്രമണം, ടപ്പ് ടപ്പ് എന്ന് പട്ടാളം മാർച്ച് ചെയ്തുവരുന്ന ശബ്ദം കേട്ടവർ തിരിഞ്ഞോടി പരാജയപ്പെട്ടത് അയാളോർത്തെടുത്തു. രാത്രിചന്തയിലേക്കുള്ള പോത്തുകളുടെ ടാറിട്ട റോഡിലൂടെയുള്ള നടത്തമായിരുന്നു അത്. നല്ലൊരു തെറി പറഞ്ഞുകൊണ്ട് ആന്റണി കരളിൻറെ ഒരു കഷണം അയാൾക്ക് കൂടുതലായി നൽകി.

▶ ആൻറണി കാലൻ ആന്റണിയായി.

### 4.4.3.2 ഇതിവൃത്തവിശകലനം

നക്സലൈറ്റ് പ്രഭാകരനാണ് കഥയുടെ തുടക്കത്തിലും ഒടുക്കത്തിലും ഉള്ളത്. പരിഹാസത്തിൽ പൊതിഞ്ഞ വിവരണത്തോടെയാണ് അയാളെ കഥാകാരൻ അവതരിപ്പിക്കുന്നത്. ചെയ്തുപോയ ഒരു ഭീമൻ അബദ്ധത്തിന്റെ തുടർഫലമായാണ് അയാൾക്കാ പേരുവീണത്. കഥാന്ത്യത്തിലുള്ള അയാളുടെ പ്രസ്താവനയും ഇതേരീതിയിലാണ്. വിപ്ലവത്തിൻറെ പ്രായോഗിക വഴിയിലൂന്നാതെ ഉപരിപ്ലവമായി കാര്യങ്ങളെ സമീപിച്ച തീവ്ര ഇടതുസമീപനത്തോടുള്ള വിമർശനമാണ് പ്രഭാകരൻ.

▶ ആക്ഷേപഹാസ്യം നിറഞ്ഞ പേര്

> ▶ വർക്കിയും ആന്റണിയും

കാലൻ വർക്കി അറവുകാരന്റെ എല്ലാ മാനറിസങ്ങളുമുള്ള വ്യക്തിയാണ്. പാരമ്പര്യമായിത്തന്നെ ആ തൊഴിൽ ചെയ്തുപോരുന്ന ആൾ. അയാളുടെ ശാരീരികലക്ഷണങ്ങളും അതിന് യോജിച്ചതാണ്. ആന്റണി അറവുശാലയിലേക്ക് എത്തപ്പെട്ട ആളാണ്. കഠിനാധ്വാനത്താൽ എല്ലായിടത്തുമെത്തുന്ന ആന്റണിക്ക് കഥാന്ത്യത്തിൽ വീരപരിവേഷം ലഭിക്കുന്നുണ്ട്.

> ▶ സ്വന്തം കാര്യം മാത്രം പ്രധാനവും പ്രസക്തവുമാകുന്നവർ

പോത്തിനെ കാട്ടിൽവിടാൻ തത്ത്വം പറയുകയും തന്റെ കൃഷി അത് നശിപ്പിച്ചെന്ന് കാണുമ്പോൾ അസഭ്യ പദപ്രയോഗത്തോടെ പിറകിൽ ഓടുകയും ചെയ്യുന്ന പോളിനെ പുതിയ കാലത്ത് പലയിടത്തും കാണാം. പോത്തിന് പിറകെ നാടോടുമ്പോഴും പിറ്റേന്ന് നടക്കാനുള്ള തൻറെ മകളുടെ നിശ്ചയമോർത്ത് മാത്രം ആധി കയറുന്ന കുര്യച്ചനും സമാന സ്വഭാവമാണ്.

> ▶ ജനജീവിതം സ്തംഭിപ്പിക്കുന്ന മൃഗങ്ങൾ

പോത്തും എരുമയും ചില്ലറക്കാരല്ല. ഹർത്താലിന് വരെ മുടക്കമില്ലാതെ ലഭിക്കുന്ന പാലും പത്രവും ആ നാട്ടിൽ ഒരു ദിവസം കിട്ടാതെയാകുന്നത് ഈ മൃഗങ്ങൾ മൂലമാണ്. ആരും കൈവെക്കാൻ ധൈര്യപ്പെടാത്ത രാഷ്ട്രീയപാർട്ടിയുടെ സ്തൂപത്തെയും അവർ തകർത്തെറിയുന്നു. വിരണ്ടോടുന്നതിനിടയിലെ സംഭവങ്ങൾ വലിയ അഭ്യൂഹങ്ങളായി നാട്ടിൽ പ്രചരിക്കപ്പെടുമ്പോൾ വില്ലന്മാരാകുന്നതും അവർ തന്നെ. ഹർത്താലിനും മുടങ്ങാതെ കിട്ടുന്ന പാലും പത്രവും പോത്ത് മുടക്കി എന്നത് കഥയിലെ ആക്ഷേപഹാസ്യത്തിന്റെ പ്രയോഗത്തിനുദാഹരണമാണ്.

> ▶ ആൾക്കൂട്ടം പ്രധാന കഥാപാത്രം

ആൾക്കൂട്ടം കഥയിലെ പ്രധാന കഥാപാത്രമാണ്. കിണറ്റിൽവീണ മൃഗത്തെ കല്ലെറിഞ്ഞും വലിയ പാറക്കല്ലിട്ടും ഉണ്ടാക്കുന്ന കരച്ചിലിൽ ആഘോഷിക്കുന്നവർ. തിരച്ചിലിനെന്നപേരിൽ മദ്യപാനത്തിന് കോപ്പു കൂട്ടുന്നവർ. കിട്ടിയ തക്കത്തിൽ കാമുകിയെ കാണാനിരിക്കുന്നവർ. ഉത്സവം പോലെ ആഘോഷിക്കുന്നവർ. പോത്ത് ഒന്ന് തിരിയുമ്പോഴേക്കും പിന്തിരിഞ്ഞോടുന്നവർ. വേട്ടയിൽ നേതാവ് വീഴുമ്പോഴേക്ക് മനസ്സു പതറുന്നവർ. പലതാണ് ആൾക്കൂട്ടത്തിന്റെ സ്വഭാവം.

> ▶ വെർച്വൽ റിയാലിറ്റിയിലെ ജീവിതങ്ങൾ

ആൾക്കൂട്ടത്തിനു വിരുദ്ധമായി ഒറ്റയായി ജീവിക്കുന്ന ഒരു കഥാപാത്രത്തെയും കഥയിൽ കാണാം. ഫേസ്ബുക്കിൽ അയ്യായിരം ഫ്രണ്ട്സും ആയിരക്കണക്കിന് ഫോളോവേഴ്സും ഉള്ള സുധീർ. ഏതുസമയവും ഓൺലൈനിൽ ഉണ്ടാകുന്ന അയാൾക്ക് പക്ഷേ അയൽക്കാരെ ആരെയും അറിയില്ല. അധ്വാനശീലനായ പിതാവിൻറെ പറമ്പിൽ കാലുകുത്താൻ പോലും അയാൾ ഒരുക്കമല്ല. അയാൾ പോസ്റ്റ് ചെയ്യുന്ന മൃഗങ്ങളുടെയും ആൾക്കൂട്ടത്തിന്റെയും ഫോട്ടോ പിന്തുടർന്ന് നാട്ടിലേക്ക് നിരന്തരം വിളിക്കുന്നതിൽ കൂടുതലും രക്ഷിതാക്കളെ ഒറ്റയ്ക്കാക്കി വിദേശത്ത് ജോലി ചെയ്യുന്നവരാണ്. ഇങ്ങനെ വിവിധ സ്വഭാവം പുലർത്തുന്ന കഥാപാത്രങ്ങളെ കഥയിൽ നാം കണ്ടുമുട്ടുന്നു.

## Summarised Overview

അറുക്കാനായി എത്തിച്ചിടത്ത് നിന്ന് കുറ്റി പിഴുത് ഓടുന്ന ഒരു പോത്തിന്റേയും എരുമയുടേയും പരാക്രമങ്ങളാണ് മാവോയിസ്റ്റ് എന്ന കഥയിലുള്ളത്. തലക്കെട്ട് ഉള്ളടക്കത്തെ പ്രതിഫലിപ്പിക്കുന്ന സൂചകമല്ല. 'മാവോയിസ്റ്റ്' അനുഭാവമുണ്ടെന്ന് തെറ്റിദ്ധരിക്കപ്പെട്ട ഒരു കഥാപാത്രത്തിന്റെ ചില പ്രസ്താവനകൾ കഥയുടെ തുടക്കത്തിലും ഒടുക്കത്തിലുമുണ്ടെങ്കിലും അവ പ്രമേയത്തെ മുഴുവനായി പ്രതിനിധീകരിക്കുന്ന ഒന്നല്ല. കഥയിൽ പ്രത്യക്ഷപ്പെടുന്ന ആൾക്കൂട്ടത്തിലെ ഒരു വ്യക്തി മാത്രമാണയാൾ.

പുതിയ കാലത്തിന്റെ സാധാരണ ചിത്രമാണ് എവിടെയുമുള്ള ആൾക്കൂട്ടം. പ്രത്യേക ലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലാത്ത ഈ ആൾക്കൂട്ടം എവിടെയും വേഗത്തിൽ ഒത്തുകൂടുന്നവരാണ്. കൂട്ടത്തിന്റെ ആനുകൂല്യത്തിൽ ഏറ്റവും ഹിംസാത്മകമായി ഇടപെടുന്ന സ്വഭാവം ഈ ആൾക്കൂട്ടം പലപ്പോഴും പ്രകടിപ്പിക്കാറുണ്ട്. സമൂഹത്തിന്റെ അതിവൈകാരികത പലപ്പോഴും ഇവർ ചൂഷണം ചെയ്യാറുമുണ്ട്. ഈ രീതിയിൽ പുതിയ കാലത്തോട് സംവദിക്കുന്ന പ്രമേയമാണ് കഥ പരിചയിക്കുന്നത്.

## Assignment

1. തീവ്ര ഇടതുദർശനത്തോട് കഥാകാരൻ സമീപിക്കുന്നത് എങ്ങനെ?
2. ആൾക്കൂട്ടത്തിന്റെ എന്തെന്തു സ്വഭാവങ്ങളാണ് കഥ പുറത്തെത്തിക്കുന്നത്?
3. കഥയിലെ ആക്ഷേപഹാസ്യസൂചനകൾ എന്തെല്ലാം ?
4. പുതിയ കഥകളുടെ പ്രത്യേകതകൾ മാവോയിസ്റ്റിൽ ഉൾച്ചേരുന്നതെങ്ങനെ?
5. എസ് ഹരീഷിന്റെ കഥാസവിശേഷതകൾ വിശദമാക്കുക
6. സമകാലിക കഥയുടെ ആഖ്യാനസ്ഥലങ്ങൾ - കുറിപ്പെഴുതുക.
7. മാവോയിസ്റ്റി'ന്റെ രാഷ്ട്രീയ വിവക്ഷകൾ - ഉപന്യാസം തയ്യാറാക്കുക.

## Suggested Reading


1. പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. കെ. അനിൽകുമാർ, ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. പി. എസ്. ശ്രീകല, ഫെമിനിസത്തിന്റെ കേരള ചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. ഷീബാ ദിവാകരൻ, പുതിയ കഥ പുതിയ വായന, ആത്മ ബുക്സ്, കോഴിക്കോട്.

# References


1. കവിയൂർ മുരളി, ദലിത് സാഹിത്യം, കറൻറ് ബുക്സ്, തൃശൂർ.
2. ജിസ ജോസ്, സ്ത്രീവാദ സൗന്ദര്യശാസ്ത്രം പ്രയോഗവും പ്രതിനിധാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഇ. പി. രാജഗോപാലൻ, ഉൾക്കഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. എം. ലീലാവതി, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, ഹരിതം ബുക്സ്, കോഴിക്കോട്.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres

### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# ഗദ്യം-കഥാസാഹിത്യം

Course Code: M21ML03DC

SREENARAYANAGURU
OPEN UNIVERSITY

ISBN 978-81-961194-6-1

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841